# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**2018 ഫെബ്രുവരി 5, തിങ്കൾ**

# ഔദ്യോഗിക റിപ്പോർട്ട്

**വാല്യം 170—നമ്പർ 9**

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

2018 ഫെബ്രുവരി 5, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

424/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 83

**II അടിയന്തരപ്രമേയം**

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന .. 452
(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധ ക്ഷണിക്കൽ**

1. പങ്കാളിത്ത പെൻഷൻ പദ്ധതി– .. 475
ശ്രീ. മുല്ലക്കര രത്നാകരൻ

2. ഫാക്ടിന്റെ പുനരുദ്ധാരണം– .. 478
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

**IV സബ്മിഷൻ**

1. എണ്ണ സംഭരണശാല– .. 482
ശ്രീ. സി. കൃഷ്ണൻ

2. നിയമനിർമ്മാണം– .. 484
പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

3. വില്ലേജ് വിഭജനം– .. 487
ശ്രീ. അബ്ദുൽ ഹമീദ്. പി.

4. ശുദ്ധജല വിതരണ പദ്ധതി– .. 489
ശ്രീ. മുരളി പെരുനെല്ലി

*പേജ്*

5. കോന്നി ഡിസ്ട്രിബ്യൂഷൻ കനാൽ— .. 490
ശ്രീ. അടൂർ പ്രകാശ്

6. കടൽഭിത്തി നിർമ്മാണം— .. 491
ശ്രീമതി ഗീതാ ഗോപി

7. കുടിവെള്ള പദ്ധതി— .. 492
ഡോ. എൻ. ജയരാജ്

8. സി.എച്ച്.സി.യുടെ പ്രവർത്തനം— .. 494
ശ്രീ. കെ. കുഞ്ഞിരാമൻ

9. ഭിക്ഷാടന നിരോധനം— .. 495
ശ്രീമതി പി. അയിഷാ പോറ്റി

10. സ്ഥലം ഏറ്റെടുക്കൽ— .. 498
ശ്രീ. എം. വിൻസെന്റ്

**V ധനകാര്യം**

2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച .. 500

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

*2018 ഫെബ്രുവരി 5, തിങ്കൾ*

വാല്യം 170] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2018 ഫെബ്രുവരി മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......ചോദ്യം നമ്പർ *181.

### കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി

1 (*181) ശ്രീ. എം. സ്വരാജ്:
ശ്രീ. ബി. സത്യൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിൽ കുതിപ്പുണ്ടാക്കാനായി പ്രഖ്യാപിച്ച കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പ്രാവർത്തികമാക്കാനായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) വിവിധ സ്ഥലങ്ങളിലായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വിവിധോദ്ദേശ്യ ബൃഹത് വ്യവസായ സോണുകൾക്കുവേണ്ട സ്ഥലം ഏറ്റെടുത്ത് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) കുറഞ്ഞ ചെലവിൽ പ്രകൃതി വാതകം ലഭ്യമായ സാഹചര്യത്തിൽ, കൊച്ചിയിലും പരിസരത്തും ഇത് ഇന്ധനമായി ഉപയോഗിക്കുന്ന പെട്രോകെമിക്കൽ വ്യവസായങ്ങളും മറ്റ് വാതകാധിഷ്ഠിത വ്യവസായങ്ങളും ആരംഭിക്കാനായി പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, (എ) വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യമൊരുക്കി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങളും നിക്ഷേപവും നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴി. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ആന്റ് പോളിസി (ഡി.ഐ.പി.പി.) -യുടെ കീഴിലുള്ള National Industrial Corridor Development and Implementation Trust (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ/ പഠന റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതിൻപ്രകാരം കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി സർക്കാർ നിയമിച്ചു. തുടർന്ന് M/s. Pricewater Housecoopers Pvt. Ltd. എന്ന സ്ഥാപനത്തെ 'perspective plan & concept master plan' തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തുകയുണ്ടായി. അവരുടെ പഠനം പൂർത്തിയായിവരുന്നു.

(ബി) ഉണ്ട്.

(സി) ബി.പി.സി.എൽ., കൊച്ചി റിഫൈനറിയിൽ നിന്നുള്ള പെട്രോകെമിക്കൽ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് മറ്റ് ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ഫാക്ടിന്റെ കൈവശമുള്ള ഭൂമി ഏറ്റെടുത്ത് കിൻഫ്ര വഴി 'പെട്രൊകെമിക്കൽ പാർക്ക് ' സ്ഥാപിക്കുന്നതാണ്. ഇതിനായി ഫാക്ടുമായി ഒരു Memorandum of Understanding സർക്കാർ ഒപ്പുവച്ചിട്ടുണ്ട്. KIIFB വഴിയാണ് ഈ പദ്ധതിക്കുള്ള ധനസമാഹരണം നടത്തുന്നത്.

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിൽ വ്യവസായ സാദ്ധ്യതകളുമുണ്ട്, പരിമിതികളുമുണ്ട്. വൻതോതിൽ സ്ഥലമാവശ്യമുള്ള വൻകിട പരമ്പരാഗത വ്യവസായങ്ങൾ നമുക്കനുയോജ്യമല്ല. ഉയർന്ന ജനസാന്ദ്രതയും ഭൂമിയുടെ ദൗർലഭ്യവും കണക്കിലെടുത്ത് പ്രത്യേകതരം വ്യവസായങ്ങൾ, നമുക്ക് അനുയോജ്യമായവയും ചിലത് പൂർണ്ണമായും ഒഴിവാക്കി നിർത്തേണ്ടവയുമാണെന്ന് കണ്ടെത്തേണ്ടി വരും. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് സമഗ്രമായൊരു പഠനം നടത്താനും നമുക്ക് സ്വീകാര്യമാകുന്ന വ്യവസായ സംരംഭങ്ങൾ സംബന്ധിച്ച ഒരു മാർഗ്ഗരേഖ പുറപ്പെടുവിക്കാനും സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഭൂമിയുടെ ലഭ്യതക്കുറവും ജനസാന്ദ്രതയും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന വ്യവസായങ്ങളും കാരണം വൻകിട വ്യവസായങ്ങൾ നടത്തുന്നത് സംസ്ഥാനത്തിന് അനുയോജ്യമല്ലെന്നുള്ള പ്രശ്നം നിലനിൽക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. നിലവിലുള്ള പൊതുമേഖലാ വ്യവസായങ്ങളെ കൂടുതൽ വികസിപ്പിക്കേണ്ടതാവശ്യമാണ്. പ്രത്യേകിച്ച്, KMML പോലുള്ള സ്ഥാപനങ്ങളിലെ വ്യവസായങ്ങൾ, കരിമണൽ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വ്യവസായ സംരംഭങ്ങൾ, സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കാനും പുതിയ തൊഴിലവസരങ്ങളുണ്ടാക്കാനും സമ്പദ്ഘടനയെ ശക്തിപ്പെടുത്താനും ആവശ്യമായി വരും. പൊതുഅഭിപ്രായമുണ്ടാക്കി അക്കാര്യത്തിൽ യോജിപ്പോടുകൂടി മുന്നോട്ടുപോകാൻ കഴിയുന്നതോടൊപ്പം പാരിസ്ഥിതിക പ്രത്യാഘാതങ്ങളുണ്ടാക്കാത്ത വ്യവസായ സംരംഭങ്ങളെ ആകർഷിക്കാനുള്ള നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. കരട് വ്യവസായനയത്തിൽ ഇതു സംബന്ധിച്ച് വ്യക്തമാക്കിയിട്ടുമുണ്ട്. അത് സഭയിൽ അവതരിപ്പിക്കുന്നതാണ്.

ശ്രീ. എം. സ്വരാജ്: സർ, നിർദ്ദിഷ്ട കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴിയുടെ ആവശ്യത്തിനുവേണ്ടി പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ 500 ഏക്കർ ഭൂമി ഏറ്റെടുക്കാൻ മുമ്പ് തീരുമാനിച്ചിരുന്നു. പ്രസ്തുത നടപടിയുടെ പുരോഗതി വിശദീകരിക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഈ വ്യവസായ ഇടനാഴിയിൽ സ്ഥലം കണ്ടെത്തുന്നതിന്റെ ഭാഗമായി പാലക്കാട് കണ്ണമ്പ്രയിൽ 500 ഏക്കർ സ്ഥലമാണ് അന്വേഷിച്ചത്. പക്ഷെ 400 ഏക്കറോളം സ്ഥലം ലഭ്യമാകുമെന്ന് ഉറപ്പായിട്ടുണ്ട്. സർവ്വേ കഴിഞ്ഞു. വാല്യുഷനുവേണ്ടി ജില്ലാ ലെവൽ പർച്ചേസ് കമ്മിറ്റി ഉടമകളുമായി വില പറഞ്ഞ് ഉറപ്പിക്കുന്ന നടപടികളിലേയ്ക്ക് കടക്കുകയാണ്. എത്രയുംവേഗം ആ നടപടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ബി. സത്യൻ: സർ, കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴിയെയും വ്യവസായരംഗത്ത് അങ്ങ് സ്വീകരിക്കുന്ന നടപടികളെയും സ്വാഗതം ചെയ്യുന്നു. ആറ്റിങ്ങലിൽ 16 വർഷമായി അടഞ്ഞുകിടക്കുന്ന എം.എസ്.എം.ഇ.(സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾ)യുടെ നിയന്ത്രണത്തിലുള്ള പഴയ സ്റ്റീൽ ഫാക്ടറി പുനരുദ്ധരിക്കണമെന്ന ആവശ്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയും നിവേദനം നൽകുകയും ചെയ്തിരുന്നു. അതിന് അങ്ങ് മുൻകയ്യെടുത്ത് വ്യവസായ വകുപ്പുസെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു യോഗവും ചേർന്നിരുന്നു. വലിയ വികസനസാദ്ധ്യതയുള്ള ദേശീയപാതയോടു ചേർന്നുകിടക്കുന്ന അതിവിശാലമായ സ്ഥലമാണത്. എം.എസ്.എം.ഇ.-യുമായി ചേർന്ന് അവിടെയൊരു വ്യവസായ പാർക്ക് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, എം.എസ്.എം.ഇ. സംരംഭങ്ങൾ ധാരാളമായി ഉണ്ടാകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇതുസംബന്ധിച്ച് അദ്ദേഹം സർക്കാരിന് നിവേദനം നൽകിയിരുന്നു. ഇക്കാര്യം പരിശോധിക്കാൻ വ്യവസായ വകുപ്പുഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അക്കാര്യം സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. പി. ഉണ്ണി: സർ, കൊച്ചി-പാലക്കാട് ദേശീയപാതയുടെ പ്രാന്തപ്രദേശങ്ങളിൽ ചെറുതും വലുതുമായ വ്യവസായ പാർക്കുകളുടെയും വ്യവസായ ശാലകളുടെയും ക്ലസ്റ്റർ സ്ഥാപിച്ചുകൊണ്ട് വ്യവസായ ഇടനാഴി വികസിപ്പിക്കുന്ന നടപടിയുടെ പുരോഗതി വിശദീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇത്തരം ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങളായിട്ടുണ്ട്. ഹൈടെക് ഇടനാഴി വരുന്നതോടുകൂടി കൂടുതൽ സ്ഥലം ഏറ്റെടുത്ത് നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളെ ഉൾപ്പെടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കേരളത്തിലെ വ്യവസായ സംരംഭകർക്ക് കൂടുതൽ സൗകര്യപ്രദമായ പശ്ചാത്തല സൗകര്യമൊരുക്കാൻ വേണ്ടിയുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണത്തിന് തുടക്കംകുറിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. യുവാക്കൾ തങ്ങളുടെ കർമ്മശേഷി വിദേശരാജ്യങ്ങളിൽ പ്രകടിപ്പിക്കുന്നതിനുപകരം സ്വന്തം നാട്ടിൽ ഉപയോഗിക്കണമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോക കേരളസഭയിൽ ഉയർന്നുവന്ന ചർച്ചകൾ പുത്തൻ ഉണർവ് നൽകുന്നതാണ്. എന്റെ ചോദ്യം, ബാലുശ്ശേരിയിലെ കിനാലൂർ വ്യവസായ എസ്റ്റേറ്റിനോട് ചേർന്ന് കൂടുതൽ ഭൂമി ലഭ്യമാക്കി എസ്റ്റേറ്റ് വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കിനാലൂരിലെ വ്യവസായ എസ്റ്റേറ്റ് ഏറ്റെടുക്കുന്ന കാലത്തും തുടർന്ന് അതിന്റെ വികസനവുമായി ബന്ധപ്പെട്ടും നിരവധി പ്രശ്നങ്ങളുണ്ടായിരുന്നു. റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യത്തിൽ പരിസരവാസികളുടെ എതിർപ്പ് ആദ്യഘട്ടത്തിൽ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ടെങ്കിലും ഇപ്പോൾ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ അതിന്റെ വികസനത്തിന് വേണ്ടിയുള്ള പരിശ്രമങ്ങൾ നടന്നുവരികയാണ്. പുതിയ സംരംഭങ്ങൾ ആ വ്യവസായ പാർക്കിൽ ആരംഭിച്ചിട്ടുണ്ട്. പുതിയ വ്യവസായ സംരംഭങ്ങൾ വരാൻവേണ്ടിയുള്ള നിരവധി നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്. തീർച്ചയായിട്ടും അവിടെ കൂടുതൽ ഭൂമി ലഭ്യമാകുമെങ്കിൽ അക്കാര്യം പരിശോധിക്കാൻ സർക്കാർ തയ്യാറാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, രാജ്യത്തൊട്ടാകെ ധാരാളം ഇൻഡസ്ട്രിയൽ കോറിഡോറുകൾ നിലവിലുണ്ട്. അവയെല്ലാം നല്ല നിലയിലാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അങ്ങ് പറഞ്ഞ perspective plan എന്ന് പൂർത്തിയാക്കാൻ കഴിയും? ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ സമയബന്ധിതമായ നടപടികൾ സ്വീകരിക്കാനുള്ള നീക്കങ്ങളുണ്ടായിട്ടുണ്ടോ; കൊച്ചി-പാലക്കാട് ഇൻഡസ്ട്രിയൽ കോറിഡോർ എന്ന് നിലവിൽവരാനാണ് സർക്കാർ ഇപ്പോൾ ലക്ഷ്യംവയ്ക്കുന്നത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, അതിന്റെ പഠനത്തിനുവേണ്ടി കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയാക്കിയിട്ടുണ്ട്. M/s Pricewater Housecoopers Pvt. Ltd.-ന്റെ പഠനം നടന്നുകൊണ്ടിരിക്കുകയാണ്. അഞ്ചുമാസത്തിനുള്ളിൽ അവർ റിപ്പോർട്ട് സമർപ്പിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. 2017-ലാണ് പഠനം തുടങ്ങാനുള്ള അനുമതി കൊടുത്തത്. ജൂൺ മാസമാകുമ്പോഴേക്കും പഠനറിപ്പോർട്ട് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഇക്കാര്യം നിരന്തരമായി വിശകലനം നടത്തുന്നുണ്ട്. കാലതാമസം കൂടാതെ നമുക്ക് ഇക്കാര്യം നിർവ്വഹിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, വ്യവസായ ഇടനാഴി നല്ല വ്യവസായ മുന്നേറ്റമുണ്ടാക്കുമെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. കൊച്ചിയിൽനിന്നും പാലക്കാട് പോകുന്ന പ്രദേശങ്ങളിലെ നിരവധി വ്യവസായശാലകൾ പൂട്ടിയിട്ടുണ്ട്. സർക്കാരിന്റെ സഹായത്തോടുകൂടി വ്യാവസായിക ആവശ്യത്തിനുവേണ്ടി വികസിപ്പിച്ച ഇത്തരം മേഖലകൾ അടച്ചുപൂട്ടിയതിനെത്തുടർന്ന് റിയൽ എസ്റ്റേറ്റ് മേഖല ഇവ കയ്യേറിയതായി കാണാം. വ്യവസായ മുന്നേറ്റത്തിന് സഹായകരമായ വിവിധങ്ങളായ നിരവധി സ്ഥലങ്ങൾ ദേശീയപാതയിൽത്തന്നെയുണ്ട്. ഇടയാർ പോലുള്ള സ്ഥലങ്ങളിലും ഇത്തരത്തിൽ പൂട്ടിയ നിരവധി വ്യവസായശാലകളുണ്ട്. ഇതെല്ലാം ഹൈടെക് വ്യവസായങ്ങൾ അടക്കമുള്ള വ്യവസായ ആവശ്യത്തിന് ഏറ്റെടുക്കുന്നതിനുപകരം റിയൽ എസ്റ്റേറ്റ് ലോബി കയ്യടക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനൊരു മാറ്റമുണ്ടാക്കാൻ സർക്കാർ അടിയന്തര ശ്രദ്ധ നൽകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വിവിധ കാരണങ്ങൾകൊണ്ട് പ്രവർത്തനം നിലച്ചുപോയ വ്യവസായ സംരംഭങ്ങളിൽ പുനരുദ്ധരിക്കാൻ കഴിയുന്നവയെ സഹായിക്കാൻ വേണ്ടി ഒരു പ്രത്യേക പദ്ധതി സർക്കാർ തയ്യാറാക്കുന്നുണ്ട്. അതിന്റെ ഭാഗമായി അത്തരം സ്ഥാപനങ്ങൾ വീണ്ടും തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയുമോ എന്നുള്ള കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ലഭ്യമായ ഇത്തരം സ്ഥാപനങ്ങളുടെ സ്ഥലം പുതിയ സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന കാര്യം ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഏറെ പ്രതീക്ഷയോടെയാണ് കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴിയെ നമ്മൾ കാണുന്നത്. ഓരോ സംസ്ഥാനത്തിന്റെയും വ്യവസായത്തിന്റെ അംബാസഡർ എന്നുപറയുന്നത് നിലവിൽ വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളാണ്. പാലക്കാട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട വ്യാവസായികമേഖലയാണ് കഞ്ചിക്കോട് വ്യവസായ മേഖല. ഒരുകാലത്ത് വളരെ പ്രതാപത്തിൽ നിന്നിരുന്ന ആ സ്ഥലത്ത് ഇപ്പോൾ പല സ്ഥാപനങ്ങളും അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്നതിന്റെ റിപ്പോർട്ടുകൾ പത്ര മാധ്യമങ്ങൾ വഴി നമ്മെല്ലാവരും അറിയുന്നുണ്ട്. ഇവിടെ നിലനിൽക്കാൻ കഴിയില്ലെന്നുള്ള ധാരണ വരാൻ അതെല്ലാം കാരണമാകുകയാണ്. പല സ്ഥാപനങ്ങളും കോയമ്പത്തൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേയ്ക്ക് പോകുകയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യാവസായിക മേഖലകളിലൊന്നായിരുന്ന കഞ്ചിക്കോടിനുവേണ്ടി ഒരു പ്രത്യേക പുനരുദ്ധാരണ പാക്കേജ് കൊണ്ടുവരാനും അവിടെയുള്ള സ്ഥാപനങ്ങൾ അടച്ചുപൂട്ടാതിരിക്കാനും ജോലി നഷ്ടപ്പെടാതിരിക്കാനുംവേണ്ടിയുള്ള ഇടപെടൽ നടത്താൻ മുൻകയ്യെടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിലെ പ്രധാനപ്പെട്ട വ്യവസായമേഖലകളിലൊന്നാണ് കഞ്ചിക്കോട് വ്യവസായ മേഖല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെയുള്ള ചില വസ്തുതകൾ അതിലുണ്ട്. കേരളത്തിലെ പ്രത്യേക സാഹചര്യങ്ങളല്ല ഈ വ്യവസായങ്ങൾ നഷ്ടത്തിലാകുന്നതിന് കാരണമെന്ന് നമുക്കറിയാം. ചില നയങ്ങളുടെ ഭാഗമായുള്ള പ്രശ്നങ്ങളാണ്; ജി.എസ്.ടി, നോട്ടുനിരോധനം എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ സമീപകാലത്തുണ്ടായിട്ടുണ്ട്. വ്യവസായികളുടെ അസോസിയേഷനുമായി സമീപദിവസം തന്നെ ചർച്ച നടത്തി അവിടെയുണ്ടാകേണ്ട പ്രത്യേക വിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്താനും ആവശ്യമായ പുനരുദ്ധാരണ പാക്കേജിനും രൂപം നൽകുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾ നിർണ്ണായകമായ ലാഭം നേടിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. കേന്ദ്ര നയത്തിന് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമായി കൊണ്ടുപോകേണ്ടതുണ്ട്. ഇപ്പോൾ പലതും ലാഭത്തിലാണ്. കേരളത്തിലെ വ്യാവസായിക അന്തരീക്ഷം സമാധാനപരമാണ്. തൊഴിലാളികളുടെ അനാവശ്യമായ പണിമുടക്കോ ഇടപെടലുകളോ ഇന്നില്ല. ഈ സാഹചര്യത്തിലും ലാഭമുണ്ടാക്കാൻ കഴിയാത്ത വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന വലിയ പ്രതിസന്ധി പ്രൊഫഷണൽ മാനേജ്മെന്റിന്റെ അഭാവമാണ്. റിയാബിന് എഫിഷ്യന്റായിട്ടുള്ള പ്രൊഫഷണലുകളെ സെലക്റ്റ് ചെയ്യാൻ സാധിക്കില്ല. റിയാബ് തന്നെ ഒരു സിക്ക് യൂണിറ്റാണ്. ഇതിൻമേൽ സർക്കാർ എന്തെങ്കിലും നടപടിയെടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ തലപ്പത്ത് കാര്യശേഷിയുള്ള ഒരു മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രമിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള പുരോഗതിയാണ് വ്യവസായ മേഖലയിൽ കണ്ടുവരുന്നത്. ഇത്തരം പരിശ്രമങ്ങളുടെ ഭാഗമായി ഈ വർഷത്തെ അർദ്ധവാർഷിക കണക്കെടുത്തപ്പോൾ, ഏകദേശം 34 കോടി രൂപയുടെ നഷ്ടമുണ്ടായിരുന്നത് നികത്തി ലാഭത്തിലെത്താൻ കഴിഞ്ഞു. ചില വ്യവസായ സ്ഥാപനങ്ങളുടെ തലപ്പത്ത് ഇനിയും നമുക്ക് ഇത്തരം ആളുകളെ കൊണ്ടുവരേണ്ടതുണ്ട്. റിയാബ് തന്നെയാണ് ഈ പ്രൊഫഷണൽസിനെ കണ്ടെത്തി, നിലവിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള പരിശ്രമം നടത്തിയത്. ഓരോ മൂന്ന് മാസം കൂടുമ്പോഴും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് റിവ്യൂ നടത്തുകയാണ്. വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ റിവ്യൂ നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന, പുനരുദ്ധരിക്കാൻ കഴിയാത്ത ചില സ്ഥാപനങ്ങളുണ്ട്. അത്തരം സ്ഥാപനങ്ങളുടെ കാര്യം പ്രത്യേകമായി പരിഗണിച്ച്, പ്രൊഫഷണൽ മാനേജ്മെന്റിലൂടെ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, കേരളം വ്യവസായത്തിന്റെ ഒരു ശവപ്പറമ്പാണ്. അത് നിഷേധിച്ചിട്ട് കാര്യമില്ല. പക്ഷെ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശക്തമായ ചില ഇടപെടലുകൾ നടത്തുന്നതിൽ സന്തോഷമുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കോട്ടയം ജില്ലയിൽ ഒരു വ്യവസായ പാർക്ക് പ്രഖ്യാപിച്ചിരുന്നു. പാറത്തോട് പഞ്ചായത്തുമായി ബന്ധപ്പെട്ട് ചില നിവേദനങ്ങളും ഞാൻ നൽകിയിരുന്നു. ടി വ്യവസായ പാർക്ക് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കോട്ടയത്ത് റബ്ബർ വ്യവസായത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു പാർക്കാണ് വിഭാവന ചെയ്തിരുന്നത്. സിയാൽ മോഡലിൽ കമ്പനിയുണ്ടാക്കാനാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അതിനുവേണ്ടിയുള്ള ഒരു യോഗം ചേർന്നിരുന്നു. ടി പാർക്ക് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനായി കിൻഫ്ര ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സിയാൽ മോഡൽ കമ്പനിയുടെ രൂപീകരണത്തിനായി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പുരോഗതി സർക്കാർ പരിശോധിക്കുന്നതാണ്. അടിയന്തരമായി ഈ സംരംഭം ആരംഭിക്കുന്നതിന് വേണ്ടിയുള്ള പശ്ചാത്തല സൗകര്യം സർക്കാർ ഒരുക്കുന്നതാണ്.

ശ്രീ. പി. കെ. ശശി: സർ, വ്യവസായ ഇടനാഴി പോകുന്ന പ്രദേശം വലിയ വ്യവസായ വികസന സാദ്ധ്യതയുള്ള പ്രദേശമാണ്. അത് പുതുശ്ശേരി-വാളയാർ മേഖലയിലൂടെയാണ് കടന്നുപോകുന്നത്. ഗെയിൽ പൈപ്പ് ലൈനുൾപ്പെടെ പോകുന്ന പ്രദേശമാണ്. മാത്രമല്ല, ഭൂമിക്ക് താരതമ്യേന വില കുറഞ്ഞ സ്ഥലവും വൈദ്യുതി ലഭ്യതയുള്ളതും നാലുവരി പാതയുടെ സമീപമുള്ള പ്രദേശവുമാണ്; ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഐ.ടി. പാർക്ക് ഉൾപ്പെടെയുള്ള വിവിധ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള പരിശ്രമം നടത്തുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വ്യവസായ ഇടനാഴിയുടെ പൂർത്തീകരണവും അതുമായി ബന്ധപ്പെട്ട അനുമതിയും ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. പക്ഷെ, പാലക്കാട് ജില്ലയിൽ ഭൂമിയുടെ വിലക്കുറവും റോഡിന്റെ സാമീപ്യവുമൊക്കെയുണ്ടെങ്കിലും വ്യവസായാവശ്യത്തിനുവേണ്ടി ജലം കൊടുക്കാൻ സാധിക്കുന്നില്ലെന്നുള്ളതാണ് ഇപ്പോഴുള്ള പ്രശ്നം. അതിന് പരിഹാരം കാണേണ്ടതുണ്ട്. കാരണം, കുടിവെള്ളത്തിന്റെയും കൃഷിയുടെയും ആവശ്യം കഴിഞ്ഞുമാത്രമേ വ്യവസായത്തിനുവേണ്ടി ജലം നീക്കിവയ്ക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ പാലക്കാട് മേഖലയിലെ വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങളിലൊന്നാണ് ജലദൗർലഭ്യം. വ്യവസായികൾക്കാവശ്യമായ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനോടൊപ്പം ജലദൗർലഭ്യംകൂടി പരിഹരിക്കാൻ കഴിയേണ്ടതുണ്ട്. അക്കാര്യം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, വ്യാവസായിക രംഗത്ത് ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന നിശബ്ദ വിപ്ലവം പ്രധാനപ്പെട്ട കാര്യമാണ്. വേളി പോലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ധാരാളം പ്ലോട്ടുകൾ ഒഴിഞ്ഞുകിടക്കുകയാണ്. നിരവധി സംരംഭകർ മൂന്നുവർഷത്തോളമായി ആവശ്യപ്പെട്ടിട്ടും ആ പ്ലോട്ടുകൾ കൊടുക്കുന്ന കാര്യത്തിൽ വലിയ ശ്രദ്ധ ചെലുത്തുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ശ്രദ്ധിക്കാൻ തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വേളിയിൽ മാത്രമല്ല, ചില വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭങ്ങൾ പരാജയപ്പെട്ടതുകൊണ്ട് അവരുമായി പുതിയ പാർട്ട്ണർഷിപ്പ്, ആധുനികവത്കരണം എന്നിവ സംബന്ധിച്ചും വേളിയിലുൾപ്പെടെയുള്ള പ്രശ്നങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുപോലെ, വേളിയിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടി പുതിയ വ്യവസായ സമുച്ചയത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. കൂടുതൽ സംരംഭങ്ങൾ വേളിയിലെ പാർക്കിലുണ്ടാകും. പ്ലോട്ടുകളുമായി ബന്ധപ്പെട്ട പ്രശ്നം പ്രത്യേകം പരിശോധിക്കാം.

## കിഫ്ബിയുടെ പ്രവർത്തന പുരോഗതി

2(*182) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമെടുക്കുന്ന തുക മൂലധന ചെലവിനായി വിനിയോഗിച്ച് ആസ്തി വർദ്ധിപ്പിച്ച് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താൻ ഉദ്ദേശിച്ച് നടപ്പിലാക്കിയ കിഫ്ബിയുടെ പ്രവർത്തനപുരോഗതി അറിയിക്കാമോ;

(ബി) അഞ്ചുവർഷംകൊണ്ട് ലക്ഷ്യമാക്കുന്ന മൂലധന നിക്ഷേപ പ്രവൃത്തികൾ എത്രയെന്നും എത്ര തുകയ്ക്കുള്ള പദ്ധതികൾ പ്രവൃത്തിപഥത്തിലായിട്ടുണ്ടെന്നും അറിയിക്കുമോ; പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രവൃത്തി നിർവ്വഹണം നടക്കുന്ന പദ്ധതികൾക്ക് ഉടനടി പണം നൽകേണ്ടതുള്ളതിനാൽ അതിനുവേണ്ട ഫണ്ട് സമാഹരണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി ഏതെല്ലാം സ്രോതസ്സുകളാണ് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിന് പുറമെ നിന്നും സമാഹരിക്കുന്നതിനായി 1999-ൽ സ്ഥാപിതമായ ഒരു കേന്ദ്രീകൃത ഏജൻസിയാണ് കിഫ്ബി. സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ച നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തി കിഫ്ബിയുടെ ലക്ഷ്യസാക്ഷാത്കരണത്തിനായി 1999-ലെ കിഫ് ആക്ട് ഭേദഗതി ചെയ്യുകയും 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് നിലവിൽവരികയും ചെയ്തു. വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതോ സർക്കാർ നിർദ്ദേശിക്കുന്നതോ ആയ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കിവരുന്നത്. കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന വൻകിട പദ്ധതികളുടെ മൂല്യവും അവയുടെ കാലതാമസം കൂടാതെയുള്ള നടപ്പാക്കലിന്റെ ആവശ്യകതയും പരിഗണിച്ച് 14-2-2017-ലെ സ.ഉ. (കൈ.) നമ്പർ 77/17/ധന. ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതികൾക്കുള്ള ധനവിനിയോഗം കാര്യക്ഷമമായി

അനുവദിക്കുന്നതിനായി ധനകാര്യവും ഭരണവും വിഭാഗവും പദ്ധതി വിശദാംശങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്കായി പദ്ധതി അവലോകന വിഭാഗവും പദ്ധതി നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങൾ പരിശോധിക്കുന്നതിനായി ഇൻസ്പെക്ഷൻ അതോറിറ്റി വിഭാഗവും രൂപീകരിക്കുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ കിഫ്ബോർഡും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കിഫ്ബി സമാഹരിക്കുന്ന പണം ആക്ടിലെ വ്യവസ്ഥ പ്രകാരം ശരിയായി വിനിയോഗിക്കുന്നത് ഉറപ്പുവരുത്താനും നിക്ഷേപക താൽപ്പര്യം സംരക്ഷിക്കുന്നതിനും മുൻകംപ്ട്രോളർ & ഓഡിറ്റർ ജനറൽ ശ്രീ. വിനോദ് റായ് അദ്ധ്യക്ഷനായ ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷൻ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. കിഫ്ബി മുഖേന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 8-8-2016-ലെ സ.ഉ. (കൈ.) നമ്പർ 315/16/ധന. ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിക്കുകയും ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ബന്ധപ്പെട്ട ഭരണവകുപ്പ് കിഫ്ബിയിൽ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി തുടർന്നുള്ള ബോർഡ് യോഗങ്ങളിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. നാളിതുവരെ കൂടിയ കിഫ് ബോർഡ് യോഗങ്ങൾ 18938.3 കോടി രൂപ അടങ്കലുള്ള 278 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ 44 പദ്ധതികളുടെ നടപ്പാക്കലിനായി 331,95,17,163 രൂപ അനുവദിച്ചിട്ടുണ്ട്. അംഗീകരിക്കപ്പെട്ട കിഫ്ബി പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലാണ്.

(ബി) 2016-17 മുതൽ 2020-21 സാമ്പത്തികവർഷം വരെയുള്ള അഞ്ച് വർഷ കാലയളവിനുള്ളിൽ 50,000 കോടിയിൽപ്പരം രൂപയുടെ പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം, 2017-18-ലെ ബഡ്ജറ്റ് പ്രസംഗം മുതലായവയിലൂടെ 54,074 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കാൻ പ്രഖ്യാപിച്ചുകഴിഞ്ഞു. ഇവയിൽ 21,786.54 കോടി രൂപയുടെ പദ്ധതി വിശദാംശങ്ങൾ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച 18938.3 കോടി രൂപയുടെ പദ്ധതികൾക്ക് ബോർഡിന്റെ അംഗീകാരം നൽകിക്കഴിഞ്ഞു. അംഗീകരിക്കപ്പെട്ട പദ്ധതികൾ ഇപ്പോൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. (നിജസ്ഥിതി പട്ടിക

അനുബന്ധമായി ചേർക്കുന്നു.*) കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ വിവിധ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഓരോ പദ്ധതിയുടെയും നടപ്പാക്കലിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനെ (SPV) ചുമതലപ്പെടുത്തി യിട്ടുണ്ട്. എസ്.പി.വി. വിശദമായ പദ്ധതി നിർദ്ദേശം (DPR) സമർപ്പിക്കുന്ന തോടൊപ്പം അതിന്റെ സമയബന്ധിത നിർവ്വഹണ ക്രമപ്രകാരമുള്ള വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ച്ചർ (WBS) ഓൺലൈനായി സമർപ്പിക്കപ്പെടുന്നുണ്ട്. ഈ ക്രമപ്രകാരം പദ്ധതികൾക്കുള്ള നിർവ്വഹണ ചെലവിന്റെ തുകകൾ ഘട്ടം ഘട്ടമായി അനുവദിക്കുന്നതും നിശ്ചയിക്കപ്പെടുന്നു. ഈ ഘട്ടങ്ങൾ പ്രകാരം ബില്ലുകൾക്കുള്ള ഓൺലൈൻ ഇൻവോയിസ് സമർപ്പണത്തിനും തുക നേരിട്ട് കോൺട്രാക്ടറുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുമുള്ള ബൃഹത്തായ ഓൺലൈൻ സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ കിഫ്ബി ഇൻസ്പെക്ഷൻ അതോറിറ്റിയും പദ്ധതി അവലോകന വിഭാഗവും പരിശോധിക്കുകയും നിരന്തരം വിലയിരുത്തുകയും ചെയ്തുവരുന്നു. ഈ സംവിധാനങ്ങളിലൂടെ പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണവും സമയബന്ധിതമായ പൂർത്തീകരണവും ഉറപ്പുവരുത്താനാവുന്നതാണ്.

(സി) 2016-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് 2016-17 വർഷ കാലയളവിൽ മോട്ടോർ വാഹന നികുതി, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സ് എന്നീ ഇനങ്ങളിൽനിന്നും ആകെ 729.53 കോടി രൂപയും 2017-18 വർഷക്കാലയളവിൽ ആകെ 1042.64 കോടി രൂപയും വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി അനുവദിച്ച ശീർഷകത്തിൽനിന്നും 2015-16 വർഷക്കാലയളവിൽ 873.85 കോടി രൂപയും 2016-17 വർഷക്കാലയളവിൽ 1624.56 കോടി രൂപയും കിഫ്ബിയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, നബാർഡിൽ നിന്നും വായ്പയിനത്തിൽ അനുവദിച്ചിട്ടുള്ള 565 കോടി രൂപയിൽ 100.80 കോടി രൂപയും കിഫ്ബിയിൽ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ദീർഘകാല വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ജനറൽ ഒബ്ലിഗേഷൻ ബോണ്ട് വഴി 3500 കോടി രൂപ സമാഹരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനായി ഏർപ്പെടുത്തിയ റേറ്റിംഗ് ഏജൻസികളായ CRISIL, ICRA എന്നിവ പ്രാഥമിക റേറ്റിംഗായ A+ റേറ്റിംഗ് നൽകിയിട്ടുണ്ട്. കൂടാതെ, കിഫ്ബി മുഖേന നടപ്പിലാക്കുന്ന മലയോര-തീരദേശ ഹൈവേകൾ ഉൾപ്പെടെയുള്ള കിഫ്ബി പദ്ധതികളുടെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പാക്കലിനായി കെ.എസ്.എഫ്.ഇ. ഉടൻ ആരംഭിക്കുന്ന പ്രവാസി ചിട്ടി പ്രയോജനപ്പെടുത്തുന്നതിനും വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമായി സിംഗപ്പൂർ, യു.കെ. തുടങ്ങിയ രാജ്യങ്ങളിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ഇതിനെല്ലാം പുറമേ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ ഒരു അസറ്റ് മാനേജ്മെന്റ് കമ്പനിയും രൂപീകരിക്കാൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഈ കമ്പനിയിലൂടെ സെബി/റിസർവ് ബാങ്ക് അംഗീകൃത നൂതന ധനസമാഹരണ മാർഗ്ഗങ്ങളായ AIF, InVIT, IDF എന്നിവ പ്രയോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു.

പ്രൊഫ. കെ. യു. അരുണനുവേണ്ടി ശ്രീ. കെ. ദാസൻ : സർ, പലിശ വേണ്ടെന്ന് പറയുന്ന നിക്ഷേപം വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുമെന്നാണ് പറയുന്നത്. അത്തരം നിക്ഷേപം സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ; അതിനെന്തെങ്കിലും പദ്ധതിയുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇന്നത്തെ സാഹചര്യത്തിൽ അതിനെക്കുറിച്ച് കിഫ്ബി ആലോചിച്ചിട്ടില്ല.

ശ്രീ. കെ. ദാസൻ : സർ, കിഫ്ബി പദ്ധതികളുടെ സൂക്ഷ്മപരിശോധനാ വേളയിൽ ചെറിയ തെറ്റുകളാണ് പലപ്പോഴും കണ്ടുപിടിക്കുന്നത്. വീണ്ടും തെറ്റ് തിരുത്തി തിരിച്ചുവരുമ്പോൾ കാലതാമസം ഉണ്ടാകുന്നുണ്ട്. ആ കാലതാമസം ഒഴിവാക്കാൻ എന്തെങ്കിലും പരിഹാരമാർഗ്ഗം നിർദ്ദേശിക്കാൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, വിവിധ എസ്.പി.വി.-കൾവഴി കഴിഞ്ഞയാഴ്ച അവസാനം വരെ 21000 കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്. അതിൽ 18000 കോടി രൂപയുടെ പദ്ധതികൾക്ക് അനുവാദം കൊടുത്തിട്ടുണ്ട്. കഴിഞ്ഞ ഒരാഴ്ചയ്ക്കിടയിൽ 3000-ത്തിൽപ്പരം കോടി രൂപയുടെ പദ്ധതികൾ വീണ്ടും സമർപ്പിച്ചിട്ടുണ്ട്. ആ പദ്ധതികളുടെ പരിശോധനയിൽ ഈ കാലതാമസമുണ്ടാകില്ല. ഇനിയും കാലതാമസം കുറയ്ക്കുന്നതിനുവേണ്ടി എല്ലാ ആഴ്ചയിലും ബന്ധപ്പെട്ട എസ്.പി.വി.-കളുടെ സി.ഇ.ഒ.-യും ഉദ്യോഗസ്ഥരും യോഗം ചേർന്ന് (ഫയലിലല്ലാതെ) ഓരോ പ്രോജക്ടുകൾ അവലോകനം ചെയ്യുന്ന രീതിയുണ്ട്. അതുകൊണ്ട് കാലതാമസം പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. എ. എം. ആരിഫ് : സർ, പെട്രോൾ സെസ്സ്, മോട്ടോർ വാഹന നികുതികൾ, ജനറൽ ഒബ്ലിഗേഷൻ ബോണ്ട് തുടങ്ങി വിവിധ നിക്ഷേപസമാഹരണങ്ങൾ വഴിയാണ് കിഫ്ബിയിലേയ്ക്കാവശ്യമായ ഫണ്ട്

കണ്ടെത്താൻ ശ്രമിക്കുന്നത്. ഫണ്ട് കണ്ടെത്തുന്നതിനുള്ള വേഗത പോരെന്നുള്ള വിമർശനം ഒരു ഭാഗത്തുണ്ട്. ഓരോ പദ്ധതിയും നടപ്പാക്കാൻ എത്ര ദിവസം വേണം; അതിനെത്ര തുക അടയ്ക്കേണ്ടി വരും; ഇങ്ങനെ സമാഹരിക്കുന്ന വായ്പാത്തുക എന്നത്തേയ്ക്ക് തിരിച്ചടയ്ക്കേണ്ടി വരും; അങ്ങനെ വന്നാൽ കേരളം കടക്കെണിയിൽ ആകപ്പെടുമെന്നൊക്കെയുള്ള വിമർശനങ്ങൾ കഴിഞ്ഞ കുറേ ദിവസങ്ങളായി കേൾക്കുന്നുണ്ട്. മുതലും പലിശയുംകൂടി ഒരു ലക്ഷം കോടി രൂപ അടയ്ക്കേണ്ടി വരുമെന്ന് അങ്ങുതന്നെ പറഞ്ഞു. ഇത്തരത്തിൽ വരുന്ന വിമർശനങ്ങളെ അങ്ങ് എങ്ങനെയാണ് കാണുന്നത്?

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഡ്ജറ്റ് രേഖകളോടൊപ്പം Fidelity Certificate and Annual Report വിതരണം ചെയ്തിട്ടുണ്ട്. അതിന്റെ പിറകിൽ 2030 വരെ കിഫ്ബിക്ക് കിട്ടാൻ പോകുന്ന, ഈ നിയമസഭ പാസ്സാക്കിയ നിയമപ്രകാരമുള്ള തുക കൃത്യമായി എഴുതിയിട്ടുണ്ട്. മറുവശത്ത് ഈ പദ്ധതികളെല്ലാം അഞ്ച് വർഷംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കുന്ന രീതിയിൽ പോയാൽ 2030-നുള്ളിൽ ഇതിനുള്ള പലിശസഹിതം കടം വാങ്ങിയവർക്ക് തിരിച്ചുകൊടുക്കണം. വളരെ കൃത്യമായി അതിന്റെ തുക എത്രയായിരിക്കുമെന്ന് കണക്കാക്കി തിരിച്ചടവുൾപ്പെടെ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം 98,355 കോടി രൂപ 2030-31 ആകുമ്പോൾ കിഫ്ബിക്ക് ലഭിച്ചിരിക്കും. അതേസമയം തിരിച്ചടവിനുവേണ്ടി വരുന്നത് 89,783 കോടി രൂപ മാത്രമാണ്. ഇതാണ് ശരിയായ കണക്ക്. ഈ കണക്ക് തെറ്റാണെങ്കിൽ എനിക്കെതിരെ പ്രിവിലേജ് മോഷൻ കൊണ്ടുവരട്ടെ;

ശ്രീ. ജെയിംസ് മാത്യു: സർ, കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കാനായി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച നടപടികളെക്കുറിച്ച് സൂചിപ്പിച്ചു. ഒരു പ്രധാനപ്പെട്ട പ്രശ്നം, ദീർഘകാലാടിസ്ഥാനത്തിലുള്ള ഗ്യാരന്റി/വാറന്റിയുള്ള പ്രവൃത്തികളായി നടക്കണമെന്ന് ഉറപ്പുവരുത്തുന്നതിനായി മാനദണ്ഡങ്ങൾ സ്വീകരിക്കുന്നത് പലപ്പോഴും വളരെ വൈകിയാണ് എസ്.പി.വി./ഡിപ്പാർട്ട്മെന്റുകൾ അറിയുന്നത്. റോഡ്, പാലം തുടങ്ങിയ പ്രവൃത്തികളുടെ കാര്യത്തിൽ സാധാരണ നിലയിലുള്ള കീഴ്വഴക്കമുണ്ട്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായ ചില പ്രവൃത്തികളും കിഫ്ബിയിൽ എടുക്കുന്നുണ്ട്. അത്തരം പ്രവൃത്തികളെടുക്കുമ്പോൾ, നല്ല പ്രവൃത്തികളാണെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ മുൻകൂട്ടി നിശ്ചയിക്കപ്പെടുന്നില്ല. ഡിപ്പാർട്ട്മെന്റ് വഴി ഇൻവെസ്റ്റിഗേഷൻ നടത്തി, ഡി.പി.ആർ. തയ്യാറാക്കി, എസ്.പി.വി. വഴി കിഫ്ബിയിൽ എത്തിക്കഴിയുമ്പോഴാണ് സ്റ്റേറ്റ് അപ്രൈസലിന്റെ ഭാഗമായി ഈ കുറവുകൾ കണ്ടെത്തപ്പെടുന്നത്. അപ്പോഴേയ്ക്കും ഈ പ്രഖ്യാപനം കഴിഞ്ഞ് ഒന്നര

വർഷമെങ്കിലും വേണ്ടിവരും. കിഫ്ബിയിൽ അനുവദിച്ച പ്രവൃത്തികൾക്കാവശ്യമായ മാനദണ്ഡം മുൻകൂട്ടി നിശ്ചയിച്ച് അതിനനുസരിച്ചുള്ള ഇൻവെസ്റ്റിഗേഷനും ഡി.പി.ആർ.-ഉം തയ്യാറാക്കി സ്റ്റേറ്റ് അപ്രൈസലിന്റെ ഭാഗമായി ഒരിക്കലും തിരിച്ചയയ്ക്കാതിരിക്കാനുള്ള വഴി സ്വീകരിക്കാൻ കഴിയുമോ ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഈ പ്രശ്നം പ്രായോഗികമായി പരിഹരിക്കപ്പെട്ടിരിക്കുകയാണ്. കിഫ്ബിയിൽ വളരെ ചിട്ടയായ മാനദണ്ഡങ്ങളുണ്ട്. ഒരു പ്രോജക്ട് സർക്കാർ സാംഗ്ഷൻ ചെയ്യുന്നതിന് എൺവയോൺമെന്റൽ അപ്രൈസൽ, ഫിനാൻഷ്യൽ അനാലിസിസ്, സോഷ്യൽ ഇംപാക്ട് പഠനം തുടങ്ങിയ നിബന്ധനകളൊന്നും ആവശ്യമില്ല. എന്നാൽ ആ നിബന്ധനകളെല്ലാം കിഫ്ബിയിലെ പ്രോജക്ട് സാംഗ്ഷനാക്കുന്നതിന് ആവശ്യമാണ്. അതിന് കാരണം, കിഫ്ബിയുടെ ക്രെഡിറ്റ് റേറ്റിംഗ് ഇതൊക്കെ എത്രമാത്രം ഗൗരവമായി ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നതാണ്. സർക്കാരിൽനിന്ന് വ്യത്യസ്തമായി മാനദണ്ഡങ്ങൾ കർശനമായപ്പോൾ, ആദ്യഘട്ടങ്ങളിൽ സർക്കാർ വകുപ്പുകൾ/ എസ്.പി.വി.-കൾ ഇതെന്താണെന്നറിയാതെ പഴയ രീതിയിൽ കാര്യങ്ങൾ ചെയ്തുകൊണ്ടുവരികയും തിരിച്ചയയ്ക്കേണ്ട ഘട്ടങ്ങൾ വരികയും ചെയ്തിട്ടുണ്ട്. ഇന്ന് എല്ലാ എസ്.പി.വി.-കൾക്കും അതറിയാം; മാനദണ്ഡങ്ങൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഇറക്കിയിട്ടുമുണ്ട്. എല്ലാ ആഴ്ചയിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അല്ലെങ്കിൽ എന്റെ നേതൃത്വത്തിൽത്തന്നെ എസ്.പി.വി.-കളുമായി ചർച്ച ചെയ്യുകയും പ്രശ്നങ്ങൾ പ്രായോഗികമായി പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങേയ്ക്കെതിരായ പ്രിവിലേജ് മോഷൻ രണ്ടാം ഘട്ടത്തിൽ മതി. ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന 1700 കോടി രൂപ വർദ്ധിച്ച് പത്ത് കൊല്ലത്തിനകം ഒരുലക്ഷം കോടി രൂപയായി മാറുമെന്നാണ് അങ്ങ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. എല്ലാവർഷവും സ്വാഭാവിക വർദ്ധനവായ 20 ശതമാനം കണക്കാക്കിയാൽപ്പോലും ഒരുലക്ഷം കോടി രൂപയിലെത്തില്ല. 1700 രൂപ ഇപ്പോൾ ബാങ്കിലിട്ടാൽ എല്ലാ വർഷവും 20 ശതമാനം വർദ്ധിച്ച് പത്ത് കൊല്ലം പൂർത്തിയാകുമ്പോൾ ഒരുലക്ഷം ആകുമെന്ന മായാജാലമാണ് ഈ കണക്കിൽ പറയുന്നത്. അങ്ങേയ്ക്ക് ഈ ഗണിതശാസ്ത്രം നിയമസഭയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇത് മായാജാലമായിട്ടുള്ള ഗണിതശാസ്ത്രമാണ്. ബഡ്ജറ്റിൽ പറയുന്നത്, മൂന്ന് കൊല്ലത്തെ മൊറട്ടോറിയം കഴിഞ്ഞാൽ ഏഴ് കൊല്ലത്തെ തിരിച്ചടവ് കാലാവധി എന്നാണ്. തുക ഇനി എടുക്കാൻ പോകുന്നതേയുള്ളൂ. മൊറട്ടോറിയം മൂന്ന് വർഷത്തേയ്ക്ക് കിട്ടും. തിരിച്ചടവിന്റെ ഉത്തരവാദിത്വം മുഴുവനായി അടുത്ത സർക്കാരിന്റെ തലയിലേയ്ക്ക് കൊണ്ടുവരുന്ന തന്ത്രമല്ലേ അങ്ങ് ചെയ്തിരിക്കുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, എങ്ങനെയാണ് കണക്ക് കൂട്ടുന്നത് എന്നതുസംബന്ധിച്ച് വിശദമായി നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്; അതുസംബന്ധിച്ച് ലേഖനങ്ങളിൽ വന്നിട്ടുള്ളതുമാണ്. സംശയം അവിടെനിന്നും ഇവിടെ നിന്നുമുണ്ടാകും. നിങ്ങൾക്ക് മാത്രം സംശയം എന്നല്ല പറഞ്ഞത്. പക്ഷെ, അങ്ങ് പറഞ്ഞതുപോലെ 20 ശതമാനമല്ല; ഇവിടെ കണക്കിന്റെ അസംപ്ഷൻസ് കൊടുത്തിട്ടുണ്ട്. അതുപ്രകാരം മോട്ടോർ വെഹിക്കിൾ ടാക്സ് 16 ശതമാനവും പെട്രോൾ സെസ് 10 ശതമാനവും വീതം ഓരോ വർഷവും കൂട്ടും. ഞാൻ രേഖാമൂലം നിയമസഭയിൽ കണക്ക് തന്നിരിക്കുകയല്ലേ? ആർക്ക് വേണമെങ്കിലും പരിശോധിക്കാം. ഇത് കള്ളക്കണക്കാണെങ്കിൽ പ്രിവിലേജ് മോഷൻ കൊണ്ടുവന്നോ? ഇത് നമുക്കെല്ലാവർക്കും ഭാവിയിൽ ആവശ്യമുള്ളതാണ്. അടിസ്ഥാനരഹിതമായ പ്രചാരണരീതിയിലേയ്ക്ക് ആരും പോകരുത്. ചിലപ്പോൾ തെറ്റിദ്ധാരണ കൊണ്ടാകാം. അതെല്ലാം പരിശോധിക്കാം. ഭാവിയിലായിരിക്കും ഇതിന്റെ ഭാരം താങ്ങേണ്ടിവരുന്നതെന്ന് പറഞ്ഞത് ശരിയാണ്. ഇതിന്റെ റീ-പേയ്മെന്റ് അഞ്ചുവർഷം കൊണ്ടല്ല, ഇരുപത്-മുപ്പത് വർഷംവരെ വേണ്ടിവരും. ആവശ്യമുള്ള കാര്യങ്ങളാണ് ചെയ്യാൻ പോകുന്നത്? ഈ നിയമസഭയിലെ അംഗങ്ങളാണ് ഇതൊക്കെ ചെയ്യണമെന്ന് തീരുമാനിച്ചിട്ടുള്ളത്. ഇത് ഇരുപത് വർഷംകൊണ്ട് ചെയ്താൽ പോരാ, ഇന്ന് ചെയ്യണം. ഇരുപത് വർഷംകൊണ്ട് അതിന്റെ പണം തിരിച്ചടയ്ക്കാം. ഇതാണ് രീതി. ഏത് വായ്പ സർക്കാർ എടുത്താലും 30 വർഷം കഴിഞ്ഞല്ലേ തിരിച്ചടയ്ക്കുന്നത്; നിരുത്തരവാദപരമായി എന്തൊക്കെയോ വായ്പ എടുത്തിട്ട് എപ്പോഴെങ്കിലും കൊടുത്ത് തീർക്കട്ടെയെന്നല്ല. കൃത്യമായ ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയോടൊപ്പം വികസന മോഹവുംകൂടി കൂട്ടിയിണക്കാനുള്ള പുതിയൊരു വഴി തുറക്കലായിരുന്നു കിഫ്ബി. അക്കാര്യത്തിൽ അങ്ങയെ അഭിനന്ദിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ മുടക്കുന്ന തുകകൊണ്ട് ഒരു യൗവ്വനം കരുത്താർജ്ജിക്കുകയാണ്. തീർച്ചയായും അതാവശ്യമാണ്; പശ്ചാത്തല സൗകര്യം വർദ്ധിക്കേണ്ടതും ആവശ്യമാണ്. ഈ വികസനത്തിന്റെ ഭാഗമായി കിഫ്ബി മുഖാന്തരം മാത്രമല്ല പൊതുസമൂഹത്തിന്റെ അവബോധത്തിലും ബഡ്ജറ്റിന്റെ ഏകീകരണത്തിലും സാംസ്കാരികമായും രാഷ്ട്രീയമായും ചില ക്രമീകരണങ്ങൾകൂടി വരേണ്ടതാണ്. അവിടെ വേഗതയാണ് ഒരു പ്രശ്നമായി വരുന്നത്. ഒരുവർഷംകൊണ്ട് നടപ്പിലാക്കേണ്ട കിഫ്ബിയിലെ ഒരു പ്രോജക്ട് മൂന്ന് വർഷം കൊണ്ട് പൂർത്തീകരിച്ചാൽ അതിന്റെ ഫലത്തിൽ ഒരു ലാഗുണ്ടാകും. അതില്ലാതാക്കാനായി ബന്ധപ്പെട്ട വകുപ്പുകളെയും സംവിധാനങ്ങളെയും ഏകോപിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗം ആദ്യം പറഞ്ഞ വാചകങ്ങൾ വളരെ മനോഹരമാണ്. അതിൽ സന്തോഷമുണ്ട്. പിന്നീട് പറഞ്ഞ വാചകങ്ങളെക്കുറിച്ചും പ്രതിഷേധമൊന്നുമില്ല. 21000 കോടി രൂപയ്ക്ക്, (കഴിഞ്ഞ ഒരാഴ്ചകൊണ്ട് ഇരുപത്തി നാലായിരം കോടി രൂപ ആയിട്ടുണ്ടാകും) സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ അപ്‌ലോഡ് ചെയ്തിട്ടേയുള്ളൂ. അതിൽ 18000 കോടി രൂപയുടെ പ്രോജക്ടിന് അനുവാദം കൊടുത്തു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അക്കാര്യങ്ങളിൽ ഇനിയും വേഗത കൂട്ടേണ്ടതുണ്ട്. അനുവാദം കൊടുത്തതിൽ 44 പ്രോജക്ടുകൾക്ക് മാത്രമേ ടെണ്ടർ നടപടികളായിട്ടുള്ളൂ. ടെണ്ടർ ചെയ്യാൻ എന്താണ് തടസ്സമെന്ന് പരിശോധിച്ച് പരിഹരിക്കാവുന്നതേയുള്ളൂ. മറ്റൊരു കാര്യം അങ്ങ് പറഞ്ഞത് വളരെ പ്രധാനമാണ്. ഒരു സ്കൂളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചാൽ അതുപയോഗിക്കണമെങ്കിൽ രക്ഷകർത്തൃ സംഘടനകളും അദ്ധ്യാപകരും നാട്ടുകാരുംകൂടി ചെയ്യേണ്ട ധാരാളം കാര്യങ്ങളുണ്ട്. അതുപോലെയാണ് ഇവിടെയും സംഭവിക്കുന്നത്. ഇക്കാര്യം അങ്ങ് സൂചിപ്പിച്ചതിൽ സന്തോഷം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ കിഫ്ബിക്ക് സമാനമായ മാതൃകയിൽ പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ ഇത്തരമൊരു പദ്ധതി നടപ്പിലാക്കിയതിന്റെ അനുഭവസമ്പത്ത് ആർജ്ജിച്ചിട്ടാണോ, അതോ പരീക്ഷണാടിസ്ഥാനത്തിലാണോ ഈ ആശയം മുന്നോട്ടുവച്ചത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, കേരളം ഉൾപ്പെടെയുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും എസ്.പി.വി.-കൾവഴി വായ്പയെടുക്കുക സാധാരണമാണ്. കൊച്ചി മെട്രോ ആയാലും കണ്ണൂർ വിമാനത്താവളമായാലും സർക്കാരിന്റെ ബഡ്ജറ്റിൽ നിന്നല്ല, എസ്.പി.വി.-കൾ മുഖേനയാണ് പണം വാങ്ങുന്നത്. ഈ പ്രോജക്ടുകൾക്ക് വായ്പയെടുക്കുന്നതിന് മാത്രം ഒരു എസ്.പി.വി. രൂപീകരിച്ചിട്ടുണ്ട്. ഇതിന് സമാനമായി തമിഴ്നാട് ഒരു സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. പക്ഷെ അത് നമ്മുടെ സ്കെയിലിനൊപ്പം വന്നിട്ടില്ല. കേരളത്തിന്റെ അനുഭവം എല്ലാവരും നോക്കിക്കാണുകയാണ്. ഞാൻ മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ പോകുമ്പോൾ അവിടത്തെ ധനകാര്യ വകുപ്പുമന്ത്രിമാരൊക്കെ ഇതിനെക്കുറിച്ചുള്ള വിവരങ്ങൾ വളരെ ആകാംക്ഷയോടെ ചോദിക്കാറുണ്ട്. കഴിഞ്ഞ ദിവസം ബോംബെയിൽ ഒരു റോഡ് ഷോ ഉണ്ടായിരുന്നു. എല്ലാ ബാങ്കുകളിലെയും പ്രതിനിധികൾ ആ ഷോയിൽ പങ്കെടുത്തു. കേരളം ഇങ്ങനെയൊരു സാദ്ധ്യതയെ പ്രയോജനപ്പെടുത്തുന്നത് വളരെ നല്ലതാണെന്നാണ് അവിടെ പങ്കെടുത്തവരുടെ അഭിപ്രായം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കിഫ്ബി വഴി റെയിൽവേ മേൽപ്പാലങ്ങളും പാലങ്ങളുമൊക്കെ നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ വേണ്ടത്ര വേഗതയിൽ നടക്കുന്നില്ലെന്ന ഒരു പ്രശ്നമുണ്ട്. ഭൂമി എറ്റെടുക്കൽ പ്രക്രിയ വേഗതയിലാക്കുന്നതിന് കിഫ്ബിയിൽ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, സാധാരണഗതിയിൽ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം കൊടുക്കാൻ കഴിയാത്തതാണ് ഏറ്റവും വലിയ തടസ്സം. ഇവിടെ ആ തടസ്സമില്ല. ഭൂമി ഏറ്റെടുത്താൽ ആ പണം കളക്ടർമാർക്കുതന്നെ ട്രാൻസ്ഫർ ചെയ്ത് കൊടുക്കുകയാണ് ചെയ്യുന്നത്. വൻകിട ഭൂമി ഏറ്റെടുക്കലിന് താമസം വരുന്നതെന്താണെന്ന് പരിശോധിക്കാം. എഫ്.എ.സി.റ്റി.-യുടെ ഭൂമി ഏറ്റെടുക്കുന്നതിന് പണം കൊടുത്തിട്ട് രണ്ടുമൂന്ന് വർഷത്തോളമായി. എന്താണ് തടസ്സമെന്ന് പരിശോധിച്ച് അതിനുള്ള പരിഹാരങ്ങൾ കണ്ടെത്താം. ഭൂമി ഏറ്റെടുക്കുന്നതിനുള്ള ലാൻഡ് ബോണ്ട് സ്കീം തയ്യാറാക്കുന്നത് അവസാനഘട്ടത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് ഞങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൂടി വരുമ്പോൾ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആകർഷകമായിത്തീരും. ഭൂമി ഏറ്റെടുത്തുകഴിഞ്ഞാൽ പണം ആവശ്യമുള്ളവർക്ക് പണം കൊടുക്കും; ഭൂമിയുടെ ഭാവിവിലയുമായി ഇൻഡക്സ് ചെയ്ത ബോണ്ട് മതിയെങ്കിൽ അത് കൊടുക്കും. അത്തരത്തിലുള്ള സംവിധാനങ്ങൾ വരുമ്പോൾ കാര്യങ്ങൾ കൂടുതൽ വേഗത്തിലാകും.

ശ്രീ. ഹൈബി ഈഡൻ: സർ, കിഫ്ബി എന്ന പുതിയ ആശയം യാഥാർത്ഥ്യമാകുമ്പോൾ സ്വാഭാവികമായും ധാരാളം ബാലാരിഷ്ടതകളുണ്ടാകും. ഈ പദ്ധതിപ്രകാരം 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല പദ്ധതികളും ടേക്ക് ഓഫ് ചെയ്യാത്ത സ്ഥിതിയുണ്ട്. ഇതിലുള്ള stringent നോംസാണ് അതിന്റെ പ്രധാന കാരണം. ഏത് പദ്ധതികൾ നടപ്പിലാക്കുമ്പോഴും ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുമായി ബന്ധപ്പെട്ട് നേരിടുന്ന കാലതാമസം ഒഴിവാക്കേണ്ടതുണ്ട്. അതുപോലെ പലപ്പോഴും ഭൂമി വിട്ടുകൊടുക്കാൻ ആളുകൾ തയ്യാറാകില്ല. പിന്നീട് അവർ തയ്യാറാകുമ്പോൾ ഭൂമി കൂട്ടിച്ചേർക്കാനും ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് കിഫ്ബിയുടെ നോംസ് കുറച്ചുകൂടി ലളിതമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഭൂമി ഏറ്റെടുക്കാൻ കിഫ്ബിക്ക് പ്രത്യേകമായി നോംസില്ല. എല്ലാ ഭൂമിയും ഏറ്റെടുക്കുന്ന രീതിയിലുള്ള നോംസ് മാത്രമേയുള്ളൂ. മറ്റ് പ്രോജക്ടുകൾക്കുള്ള എൺവയോൺമെന്റൽ അപ്രൈസലുണ്ട്. വിശദമായ ഫിനാൻഷ്യൽ എൻഹാൻസ്മെന്റും സോഷ്യൽ ഇംപാക്ട് സ്റ്റഡിയും ആവശ്യമാണ്.

മി. സ്പീക്കർ : സർക്കാർ പദ്ധതികൾക്കുവേണ്ട നോംസ് തന്നെയല്ലേ ഇതിനും വേണ്ടത്?

ഡോ. ടി. എം. തോമസ് ഐസക് : സർ, അല്ല. ഒരു പദ്ധതിക്ക് എ.എസ്. കൊടുക്കാൻ ഈ പറയുന്ന കാര്യങ്ങളെല്ലാം വേണം. ഇത് വൻകിട പ്രോജക്ടുകളാണ്. സർക്കാരിന്റെ കൈവശമുള്ള പണം കൊടുത്തിട്ടല്ല, പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലും പരിശോധിക്കുന്നതിലുമുള്ള കാര്യക്ഷമത മറ്റുള്ളവരെ ബോധ്യപ്പെടുത്തിയിട്ടാണ് വായ്പയെടുക്കേണ്ടത്. അങ്ങനെയാണ് ക്രെഡിറ്റ് റേറ്റിംഗിന് 'എ പ്ലസ്' കിട്ടുന്നത്. അതില്ലാതെ ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയില്ല. അതുകൊണ്ട് ഒരു കാരണവശാലും നോംസിൽ വിട്ടുവീഴ്ച ചെയ്യാൻ കഴിയില്ല. പക്ഷേ ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബിക്ക് പ്രത്യേക നോംസില്ല.

ശ്രീ. എ. എൻ. ഷംസീർ : സർ, പല പ്രധാനപ്പെട്ട പദ്ധതികളും കിഫ്ബിയിൽ ഉൾപ്പെടുത്തുമ്പോഴുള്ള പ്രധാന പ്രശ്നം കാലതാമസമാണ്. മാത്രമല്ല ലാൻഡ് അക്വിസിഷനിൽ ചിലത് സോഷ്യൽ ഇംപാക്ട് സ്റ്റഡിയെന്ന് പറഞ്ഞ് ലാഗ് ചെയ്ത് പോകുകയാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തുന്ന ഒരു പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ തീർക്കണമെന്ന നിർദ്ദേശമുണ്ടോ ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ലയബിലിറ്റി അനാലിസിസ് പരിശോധിച്ചാൽ 5 വർഷംകൊണ്ട് 54000 കോടി രൂപ ഗ്രൗണ്ട് ചെയ്യുന്ന രീതിയിലാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് പരിശോധിക്കാം. കിഫ്ബിയെക്കുറിച്ച് അറിയില്ലെങ്കിൽ അതെന്താണെന്ന് ബോധ്യപ്പെടുത്താനും അവരെ സഹായിക്കാനുമുള്ള പോസിറ്റീവായ സമീപനമാണ് കൈക്കൊള്ളുന്നത്.

ശ്രീ. പി. ടി. തോമസ് : സർ, തമ്മനം-പുല്ലേപ്പടി റോഡിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ 100 കോടി രൂപ മാറ്റിവച്ചിരുന്നുവെങ്കിലും സ്ഥലമെടുപ്പ് സംബന്ധിച്ച വിഷയമുണ്ടായിരുന്നതുകൊണ്ട് അത് നടപ്പാക്കാൻ കഴിഞ്ഞില്ല. ടി റോഡിന്റെ സ്ഥലമെടുപ്പിനുവേണ്ടി തുക വകയിരുത്തുന്നുവെന്ന് ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. അത് നല്ല കാര്യമാണ്; സ്വാഗതം ചെയ്യുന്നു. എം.ജി. റോഡ് മുതൽ ബൈപ്പാസ് വരെ സ്ഥലമെടുക്കുന്നതിന് ഏകദേശം 350-400 കോടി രൂപ ആവശ്യമുണ്ട്. ഈ തുക അനുവദിക്കുന്ന കാര്യം ഉറപ്പാക്കാൻ സാധിക്കുമോ ?

ഡോ. ടി. എം. തോമസ് ഐസക് : സർ, എറണാകുളത്തെ എറ്റവും പ്രധാനപ്പെട്ട റോഡാണിത്. കോർപ്പറേഷൻ റോഡായതുകൊണ്ട് ഭൂമി ഏറ്റെടുത്ത് നൽകുന്നത് കോർപ്പറേഷന്റെ ചുമതലയാണ്. 350 കോടി രൂപ ചെലവ് വരുമ്പോൾ അത് കോർപ്പറേഷന് ചെയ്യാൻ കഴിയില്ല. അതുകൊണ്ടാണ് ഈ റോഡിന്റെ ഭൂമി

ഏറ്റെടുക്കൽ പ്രക്രിയയ്ക്കുള്ള തുക കിഫ്ബിയിൽനിന്നും കൊടുക്കുമെന്ന് ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പക്ഷേ കോർപ്പറേഷൻ നെഗോഷ്യേറ്റ് ചെയ്ത് കാര്യങ്ങളെല്ലാം ധാരണയിലെത്തിയെന്ന് തോന്നുന്നു. ഇത് നടപ്പാക്കാനായി പണം തടസ്സമല്ല. എം.എൽ.എ.-മാരും കോർപ്പറേഷനും താല്പര്യമെടുത്താൽ എത്രയും പെട്ടെന്ന് ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, കിഫ്ബി മുഖാന്തരം ഏറ്റെടുക്കുന്ന മേജർ പദ്ധതികളുടെ തുടക്കവും അതിന്റെ പൂർത്തീകരണവും സംബന്ധിച്ച് പ്രവർത്തന കലണ്ടർ എന്ന രൂപത്തിൽ പ്രസിദ്ധീകരിക്കാൻ കഴിയുമോ; പല തടസ്സങ്ങളും വരുന്നതുകൊണ്ട് പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ ഓരോ പദ്ധതിയും അംഗീകരിക്കുമ്പോൾത്തന്നെ എല്ലാ കാര്യങ്ങളും സംബന്ധിച്ച കൃത്യമായ റോഡ് മാപ്പ് തയ്യാറാക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി മോണിറ്റർ ചെയ്യുന്നത്. ഇനി പദ്ധതി തയ്യാറാക്കുന്നതിനുകൂടി അങ്ങനെയൊരു ടൈം ഫ്രെയിം ഉണ്ടാക്കണമെങ്കിൽ അതിനെക്കുറിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്.

ശ്രീ. എം. ഉമ്മർ : സർ, അങ്ങ് ആവശ്യപ്പെട്ട പ്രകാരം എന്റെ നിയോജകമണ്ഡലത്തിലെ ഒരു റോഡിന്റെ വർക്കാണ് ഞാൻ കിഫ്ബിയിൽ കൊടുത്തിട്ടുള്ളത്. ഇത് വേഗത്തിലാക്കുന്നതിന് പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാരെ വിളിച്ചുകൂട്ടി പെട്ടെന്ന് പ്രോജക്ട് തയ്യാറാക്കാൻ ആവശ്യപ്പെടാൻ മാത്രമേ ജനപ്രതിനിധികളായ ഞങ്ങൾക്ക് സാധിക്കുകയുള്ളൂ. എല്ലാ പ്രോജക്ടും കൃത്യമായി സബ്മിറ്റ് ചെയ്തിട്ടുണ്ടെന്നാണ് അവർ പറയുന്നത്. ഈയടുത്ത ദിവസം കുറച്ച് വിശദാംശങ്ങൾകൂടി ചോദിച്ചിട്ടുണ്ട്; അവ തിങ്കളാഴ്ചയ്ക്കകം കൊടുത്തില്ലെങ്കിൽ ഈ സാമ്പത്തികവർഷം എ.എസ്. തരാൻ പറ്റില്ലെന്നാണ് പറയുന്നത്. അങ്ങനെ എ.എസ്. തരാതിരിക്കാനായി ബോധപൂർവ്വമായ എന്തെങ്കിലും ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിലിടപെടണം എന്നാണെനിക്ക് പറയാനുള്ളത്. പി.ഡബ്ല്യു.ഡി. വർക്കും അവിടെ ചെയ്യാൻ കഴിയുന്നില്ല, കിഫ്ബിയിൽ ഉൾപ്പെടുത്തിയതുകൊണ്ട് മറ്റ് വർക്കും ചെയ്യാൻ പറ്റില്ലെന്ന് പറയുന്നു. വളരെ പ്രധാനപ്പെട്ട റോഡായതുകൊണ്ട് എ.എസ്. തരണമെന്നാവശ്യപ്പെട്ട് ഞാൻ അങ്ങേയ്ക്ക് പ്രത്യേകം കത്ത് തന്നിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഓരോ പ്രോജക്ടിന്റെയും പ്രശ്നമെന്താണെന്ന് എനിക്കിപ്പോൾ പറയാൻ കഴിയില്ല. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ മണ്ഡലത്തിലെ പ്രോജക്ടുകൾ ചെയ്യാനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന്

അറിയണമെങ്കിൽ എന്റെ സാന്നിദ്ധ്യത്തിൽത്തന്നെ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിക്കുകയും പരിശോധിക്കുകയും ചെയ്യാം; എന്നിട്ട് എന്താണ് തടസ്സമെന്നുള്ളത് നിങ്ങളെ ബോദ്ധ്യപ്പെടുത്താം. വർക്ക് താമസിപ്പിക്കുകയല്ല, എത്രയുംവേഗം ചെയ്യാനാണ് തീരുമാനം. എ.എസ്. നൽകുന്നതിന് യാതൊരു താമസവുമില്ല. ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ടെങ്കിൽ വേറെ നടപടിയൊന്നുമില്ല, ബന്ധപ്പെട്ട വകുപ്പിന് എ.എസ്. കൊടുക്കാവുന്നതാണ്. എസ്.പി.വി. അതിന്റെ സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കണം. നമ്മൾ റോഡ് പണിയുമ്പോൾത്തന്നെ അതിനുള്ള ഡിസൈൻ തയ്യാറാക്കുകയോ ഇൻവെസ്റ്റിഗേഷൻ നടത്തുകയോ ചെയ്യാറില്ല. റോഡ് പണി പകുതിയാകുമ്പോഴാണ് അവിടെ മണ്ണല്ല, പാറയാണ്, അതുകൊണ്ട് ഇരട്ടി തുക വേണം അല്ലെങ്കിൽ അവിടെ കുറച്ച് ഭൂമി എടുത്താൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ എന്നൊക്കെ മനസ്സിലാക്കുന്നത്. അങ്ങനെ കിഫ്ബി വഴി വർക്ക് ചെയ്യാൻ പറ്റില്ല; പ്രോജക്ട് കൊടുത്ത് അതിന്റെ അടിസ്ഥാനത്തിലാണ് വായ്പയെടുക്കുന്നത്. അതുകൊണ്ടാണ് സാധാരണഗതിയിൽ ഫിനാൻഷ്യൽ സാംഗ്ഷൻ കൊടുക്കുന്നതു പോലെ കിഫ്ബിയിൽ നിന്ന് അനുമതി നൽകുന്നതിനുമുമ്പ് വിശദമായിട്ടുള്ള ഇൻവെസ്റ്റിഗേഷനും റിപ്പോർട്ടും നിർബന്ധമാക്കിയിരിക്കുന്നത്. ഏതെങ്കിലും പ്രോജക്ടിനെക്കുറിച്ചുള്ള പ്രശ്നമെന്താണെന്ന് അറിയണമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർമാർ വന്നാൽ നിശ്ചയമായിട്ടും നമുക്കൊരുമിച്ചിരുന്ന് പരിശോധിക്കാനുള്ള സന്ദർഭമുണ്ടാക്കാം.

ശ്രീ. റ്റി. വി. രാജേഷ്: സർ, കിഫ്ബിയുടെ കാര്യത്തിലുള്ള എല്ലാ ആശങ്കകളും ഇപ്പോൾ മാറിയിട്ടുണ്ട്. 18,000 കോടി രൂപയുടെ എ.എസ്. കൊടുത്തുകഴിഞ്ഞു; 54,000 കോടി രൂപയാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് പറഞ്ഞു. നേരത്തെതന്നെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയ പല പദ്ധതികളും നിർമ്മാണ സാമഗ്രികളുടെ അഭാവംമൂലം പൂർത്തീകരിക്കാനാകാത്ത സ്ഥിതിയാണ്. മണ്ണ്, മണൽ, ചല്ലി, കരിങ്കല്ല് എന്നിവയൊന്നും കിട്ടുന്നില്ല. 54,000 കോടി രൂപയുടെ പദ്ധതിയിൽ നല്ലൊരു ഭാഗം കേരളത്തിലെ പശ്ചാത്തല മേഖലയുടെ വികസനത്തിനുവേണ്ടിയാണ്. നിർമ്മാണസാമഗ്രികൾ ലഭ്യമാകാത്ത സാഹചര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത്; അന്യസംസ്ഥാനങ്ങളിൽ നിന്ന് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇതൊരു പൊതുവായ ചോദ്യമാണ്. എനിക്ക് മാത്രമായി മറുപടി പറയാൻ സാധിക്കുന്നതല്ല. ബഡ്ജറ്റിൽ പറയുന്നതുപോലെ, ഡാമിലെ മണ്ണിന്റെ ലഭ്യത സംബന്ധിച്ച് വളരെ ഊർജ്ജിതമായിട്ടുള്ള പരിശോധന നടത്തുന്നുണ്ട്. ക്വാറികളുടെ പ്രവർത്തനം

പുനരാരംഭിച്ചേ മതിയാകൂ. അല്ലെങ്കിൽ ഈ നിർമ്മാണ പ്രവൃത്തികളൊന്നും നടക്കില്ല. എല്ലാവരുംകൂടി അതിനൊരു സമവായമുണ്ടാക്കാനും എൻവയോൺമെന്റ് അപ്രൈസൽ വേണമെങ്കിൽ എത്രയുംപെട്ടെന്ന് തീർപ്പുണ്ടാക്കി കാര്യങ്ങൾ നടത്തുന്നതിനുമുള്ള ഒരു സംവിധാനം ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കുന്നതാണ്.

**കൈത്തൊഴിലുകാരുടെ ഉല്പന്നങ്ങൾക്ക് വിപണന ശൃംഖല**

3 (* 183) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തൊഴിലുകാരുടെ ഗ്രാമങ്ങൾ സ്ഥാപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കൈത്തൊഴിലുകാരുടെ ഉല്പന്നങ്ങൾക്ക് വിപണന ശൃംഖല സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്തെ കൈത്തൊഴിലുകാരുടെ സൃഷ്ടികൾ, കലാരൂപങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് മാമാങ്കം എന്ന പേരിൽ മേളകൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) പരമ്പരാഗത കൈത്തൊഴിലുല്പന്നങ്ങൾ വെബ്സൈറ്റ്, സമൂഹ മാധ്യമങ്ങൾ എന്നിവയിലൂടെ പ്രദർശിപ്പിക്കുന്നതിനായി സർക്കാർ തലത്തിൽ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, (എ) സംസ്ഥാനത്ത് കരകൗശലത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനത്തിനും ക്രാഫ്റ്റ് ടൂറിസം എന്ന പദ്ധതിയെ അടിസ്ഥാനപ്പെടുത്തി ടൂറിസം വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളാറിൽ ഒരു ക്രാഫ്റ്റ് വില്ലേജ് സ്ഥാപിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽ കുടിലുകൾ നിർമ്മിച്ച് കേരളത്തിന്റെ തനതായ കരകൗശല വിദ്യകളും കൈത്തൊഴിലുകളും ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വിദഗ്ദ്ധർ തന്നെ നേരിട്ട് പ്രദർശിപ്പിക്കുകയും ഇത്തരം ഉല്പന്നങ്ങൾ ആഭ്യന്തര-വിദേശ ടൂറിസ്റ്റുകൾക്ക് വിപണനം ചെയ്യുവാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. കൈത്തൊഴിലുകാരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വസ്ത്രഗ്രാമം പദ്ധതി കാഡ്കോ മുഖേന നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാനത്തെ കൈത്തൊഴിലുകാരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സർക്കാർ ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയിലെ തൊഴിലാളികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി കരകൗശല വികസന കോർപ്പറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ, ഗാന്ധിശില്പ ബസാറുകൾ എന്നിവ സംഘടിപ്പിക്കുകയും ഇവയിലൂടെ ആർട്ടിസാൻമാരുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു. കൂടാതെ കരകൗശല കലാകാരന്മാരുടെ ഉന്നമനത്തിനുവേണ്ടി രാജ്യത്തുടനീളം അവരെ പങ്കെടുപ്പിച്ചുകൊണ്ട് കോർപ്പറേഷന്റെ വിപണന ശാഖയായ കൈരളി വഴി എക്സിബിഷനുകൾ നടത്തിവരുന്നു. കോർപ്പറേഷൻ സംഘടിപ്പിക്കുന്ന കരകൗശല എക്സിബിഷനുകളിലൂടെ ഇടത്തട്ടുകാരെ കൂടാതെ തങ്ങളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും വിപണിയിലെ പുതിയ ആവശ്യങ്ങൾക്കനുസൃതമായി തങ്ങളുടെ കരവിരുത് പ്രദർശിപ്പിക്കുന്നതിനും ആർട്ടിസാൻമാർക്ക് സഹായകരമാകുന്നു. കരകൗശല കലാകാരൻമാർക്ക് നവീന ആശയങ്ങൾ പഠിപ്പിക്കുന്നതിനും കൂടുതൽ അവബോധം ഉളവാക്കുന്നതിനുമായി ഡിസൈൻ വർക്ക്ഷോപ്പുകൾ കോർപ്പറേഷൻ സംഘടിപ്പിച്ചിട്ടുണ്ട്.

വാണിജ്യ വികസനത്തിന്റെ ഭാഗമായി കേരളത്തിന്റെ തനതായ കരകൗശല വസ്തുക്കൾ, കൈത്തറി വസ്ത്രങ്ങൾ, കലാരൂപങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചു കൊണ്ട് പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു. 2007 മുതൽ 2011 വരെ തുടർച്ചയായി മലബാർ ക്രാഫ്റ്റ്സ് മേള മലപ്പുറം കോട്ടക്കുന്നിൽ വിജയകരമായി സംഘടിപ്പിച്ചുവന്നിരുന്നത് പിന്നീട് വന്ന സർക്കാർ നിർത്തലാക്കുകയും ഈ സർക്കാർ വീണ്ടും പാലക്കാട് നടത്തുകയുമുണ്ടായി. പരമ്പരാഗത രീതിയിൽ നിർമ്മിച്ച 134 കുടിലുകളിലായി കേരളത്തിനകത്ത് നിന്ന് 112 പരമ്പരാഗത കരകൗശല വിദഗ്ദ്ധരും 18 സംസ്ഥാനങ്ങളിൽ നിന്നായി 125 കരകൗശല വിദഗ്ദ്ധരും രാജ്യത്തിന് പുറത്ത് ശ്രീലങ്കയിൽ നിന്ന് 10 കരകൗശല വിദഗ്ദ്ധരും പങ്കെടുത്തു. ഏകദേശം 12 ലക്ഷത്തിലധികം പേർ മേള സന്ദർശിച്ചു. 4.25 കോടി രൂപയുടെ വില്പനയും നടന്നിട്ടുണ്ട്. ഈ മേഖലയിലെ കരകൗശല വിദഗ്ദ്ധരെ ഒരുമിച്ച് കൊണ്ടുവരുവാനും അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമുള്ള അവസരം ഈ മേള ഒരുക്കുന്നു. കോഴിക്കോട് ജില്ലയിലെ ഇരിങ്ങലിൽ കരകൗശല ഉല്പന്നങ്ങളുടെ പ്രദർശന വിപണനത്തിനായി ടൂറിസം വകുപ്പിന്റെ സഹായത്തോടെ ഇരിങ്ങൽ ക്രാഫ്റ്റ് മേളയും സംഘടിപ്പിക്കുന്നു. വിശേഷാവസരങ്ങളിൽ ജില്ലാ വ്യവസായ

കേന്ദ്രങ്ങൾവഴി നടത്തിവരുന്ന പ്രദർശന വില്പന മേളകളിൽ കരകൗശല ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അവസരം ഒരുക്കുന്നുണ്ട്. കരകൗശല ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനായി കേരളത്തനിമയുള്ള സുവനീറുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നൂതനമായ ഡിസൈനുകൾ വികസിപ്പിച്ച് വിവിധതരം കരകൗശല കൈത്തൊഴിൽ ഉല്പന്നങ്ങൾ, ഷോപ്പിംഗ് മാളുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിപണനം നടത്തുന്നതിനുള്ള പദ്ധതി കാഡ്കോ ആവിഷ്കരിച്ചിട്ടുണ്ട്.

പരമ്പരാഗത ബാംബൂ മേഖലയിലെ കരകൗശല കലാകാരന്മാർക്ക് വിപണി ലഭ്യത ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാന ബാംബൂ മിഷൻ 'കേരള ബാംബൂ ഫെസ്റ്റ്' സംഘടിപ്പിച്ചുവരുന്നു. ദേശീയ-അന്തർദേശീയ മേളകളിൽ കേരളത്തിലെ ബാംബൂ മേഖലയിലെ കരകൗശല കലാകാരന്മാരെ കേരള സംസ്ഥാന ബാംബൂ മിഷൻ പങ്കെടുപ്പിക്കുന്നു.

(സി) സംസ്ഥാനത്തെ കൈത്തൊഴിൽ ഉല്പന്നങ്ങൾ, കലാസൃഷ്ടികൾ എന്നിവയുടെ പ്രദർശനത്തിനും വിപണനത്തിനുമായി നടത്തുന്ന മാമാങ്കം ഫെയറിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി നടപ്പ് സാമ്പത്തികവർഷം സർക്കാർ നൽകിയിരുന്നു. എന്നാൽ പ്രസ്തുത മാമാങ്കം പരിപാടി അടുത്ത സാമ്പത്തിക വർഷം വിപുലമായ രീതിയിൽ നടത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭരണാനുമതി റദ്ദാക്കി മേൽത്തുക ഭക്ഷ്യ-കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ സംസ്ഥാനതല പ്രദർശന മേളയായ 'കേരള അഗ്രോ ഫുഡ് 2018'-ന്റെ നടത്തിപ്പിനായി ഉപയോഗിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) പരമ്പരാഗത കരകൗശല കൈത്തൊഴിൽ ഉൽപ്പന്നങ്ങൾ ഇ-കൊമേഴ്സ് വഴി വിപണനം നടത്തുന്നതിന്റെ ഭാഗമായി ഒരു എം.എസ്.എം.ഇ. വികസിപ്പിച്ചുവരുന്നുണ്ട്. കൂടാതെ കരകൗശല വികസന കോർപ്പറേഷൻ, സുരഭി, കാഡ്കോ എന്നീ സ്ഥാപനങ്ങൾ അവരുടേതായ വെബ്സൈറ്റുകൾ വഴിയും സാമൂഹ്യമാധ്യമങ്ങൾ വഴിയും കരകൗശല ഉൽപ്പന്നങ്ങൾക്ക് പ്രചാരം നൽകിവരുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, കൈത്തൊഴിലുകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് മുള ഉല്പന്നങ്ങളുടെ നിർമ്മാണമാണ്. മുള കൊണ്ടുള്ള ഉല്പന്നങ്ങൾ കൂടുതലും ഉല്പാദിപ്പിക്കുന്നത് ആദിവാസി മേഖലകളിലാണ്. അവർക്ക് അതിനുവേണ്ടി പ്രത്യേകമായിട്ടുള്ള ധനസഹായം നൽകുന്നതിനും അതോടൊപ്പം അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും സർക്കാർ പ്രത്യേകമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, ബാംബൂ കോർപ്പറേഷനിൽ മിക്കവാറും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളാണ് കൂടുതലായും പണിയെടുക്കുന്നത്. അവർക്ക് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാനും അസംസ്കൃത വസ്തുക്കളുപയോഗിച്ച് തൊഴിൽ ചെയ്യാനും ലളിതമായ രീതിയിലുള്ള യന്ത്രസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; അവരുടെ ഉല്പന്നങ്ങൾ മുഴുവൻ വാങ്ങാൻ ബാംബൂ കോർപ്പറേഷൻ തയ്യാറുമാണ്. ഈ മേഖലയിലുള്ള ഒരു പ്രശ്നം കൂലിയുമായി ബന്ധപ്പെട്ടുള്ളതാണ്. വളരെ ചുരുങ്ങിയ വരുമാനമായതുകൊണ്ട് ഈ മേഖലയിൽ തൊഴിലാളികളെ കിട്ടുന്നില്ലെന്നുള്ള പ്രശ്നം നിലനില്ക്കുന്നുണ്ട്. അവർക്കാവശ്യമായ അസംസ്കൃതവസ്തു വനംവകുപ്പുമായി സഹകരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിനുകൂടി പരിഹാരം കാണാവുന്ന രീതിയിൽ തൊഴിലാളികളുടെ വരുമാനം ഉറപ്പുവരുത്തുന്ന പദ്ധതിയിൽ ഈ മേഖലയിലെ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താൻ, പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗമാണ് എന്നുള്ളതുകൊണ്ട് ലേബർ വകുപ്പിനോട് ആവശ്യപ്പെടുന്നതിനുള്ള നടപടി കളിലേയ്ക്കാണ് നീങ്ങുന്നത്.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ഇന്നത്തെ കാലഘട്ടത്തിൽ അസംസ്കൃത സാധനങ്ങളുടെ അപര്യാപ്തതയാണ് കൈത്തൊഴിലുകാർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പം കൈകൊണ്ട് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇന്ന് നേരിടുന്ന മറ്റൊരു ഭീഷണി വിപണനത്തിലുള്ള മത്സരമാണ്. സ്വകാര്യ കമ്പനിക്കാർ അവരുടെ ഉല്പന്നങ്ങൾക്ക് വൻതോതിലുള്ള പബ്ലിസിറ്റിയാണ് ചാനലുകളിൽ കൊടുക്കുന്നത്. ഇതിനോട് കിടപിടിച്ചു നിൽക്കാൻ പരമ്പരാഗത തൊഴിലാളികൾക്ക് കഴിയുന്നില്ല. ഈ കുറവ് പരിഹരിക്കുന്നതിന് എന്തെങ്കിലും സഹായം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, പരമ്പരാഗതമായ ഇത്തരം വ്യവസായങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ നൈപുണ്യ വികസനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. അടുത്തമാസംതന്നെ പതിനായിരത്തോളം തൊഴിലാളികൾക്ക് പ്രത്യേക ടൂൾ കിറ്റ് കൊടുക്കുന്ന പദ്ധതി നടപ്പാക്കുകയാണ്. അസംസ്കൃത വസ്തുക്കൾ പല മേഖലയിൽ നിന്നുള്ളതാകയാൽ അവയുടെ സംഭരണത്തിനുവേണ്ടി ഈ മേഖലയിലെ സ്ഥാപനങ്ങൾ പരിശ്രമിക്കുന്നുണ്ട്. അതുപോലെ ക്ലസ്റ്റർ രൂപത്തിൽ ഇവയെ സംഘടിപ്പിക്കാനും കോമൺ ഫെസിലിറ്റി സെന്ററുകളുണ്ടാക്കി വലിയ ചെലവുവരുന്ന മറ്റ് യന്ത്രസാമഗ്രികൾ തയ്യാറാക്കി അവർക്കാവശ്യമായ പൊതുസേവനം ഉറപ്പുവരുത്താനുമുള്ള നടപടികൾ ഇതിനകം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞതുപോലെ കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ ക്രാഫ്റ്റ് മേള, വെള്ളാറിലെ ക്രാഫ്റ്റ് സെന്റർ എന്നിങ്ങനെയുള്ള ധാരാളം കേന്ദ്രങ്ങൾ ഹാൻഡിക്രാഫ്റ്റ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. എന്നാൽ ഇവ വിപണനം നടത്തുന്നതിന് അവർ പ്രയാസം നേരിടുകയാണ്. എല്ലാവർഷവും കരകൗശല എക്സിബിഷനും ക്രാഫ്റ്റ് ബസാറും നടക്കുന്നുണ്ട്. അതിലുപരിയായി എല്ലാ ജില്ലകളിലെയും പ്രധാനപ്പെട്ട കേന്ദ്രങ്ങളിലെങ്കിലും ഹാൻഡിക്രാഫ്റ്റ് ഉൽപ്പന്നങ്ങളുടെയും കുടുംബശ്രീ ഉൽപ്പന്നങ്ങളുടെയും സ്ഥിരമായ വിൽപ്പന കൗണ്ടർ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇപ്പോൾ നടത്തുന്ന മേളകളൊക്കെ ഗുണം ചെയ്യുന്നുണ്ട്. പാലക്കാട് 15 ദിവസം നടത്തിയ ക്രാഫ്റ്റ് മേളയിൽ 10 ലക്ഷത്തിലധികം ആളുകൾ പങ്കെടുത്തു. 18 സംസ്ഥാനങ്ങളിൽ നിന്നുള്ള ആളുകളും ശ്രീലങ്കയിൽ നിന്നുള്ള ആളുകളുമുണ്ടായിരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള വ്യത്യസ്ത ഉല്പന്നങ്ങൾ അവിടെ വിപണനത്തിനുണ്ടായിരുന്നു. ഏകദേശം 5 കോടിയോളം രൂപയുടെ വില്പന അവിടെ നടന്നു. ഷോറൂമുകൾ ഇല്ലാത്തതല്ല പ്രശ്നം; കരകൗശല വികസന കോർപ്പറേഷനും സുരഭിക്കും കാഡ്കോയ്ക്കുമൊക്കെ ഷോറൂമുകളുണ്ട്. ആകർഷകമായ ഒരു ബ്രാൻഡിംഗിന്റെ അടിസ്ഥാനത്തിൽ എല്ലാ ഉല്പന്നങ്ങളും ഒരുമിച്ച് പ്രദർശിപ്പിക്കാൻ കഴിയുന്ന രീതിയിൽ ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ ജില്ലാ കേന്ദ്രങ്ങളിൽ മാത്രമല്ല, പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിലും ഇത് തുടങ്ങണമെന്നു തന്നെയാണ് സർക്കാർ ആലോചിക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കൈത്തറി ഉൽപ്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്ന് വിപണനം നടത്തി സംസ്ഥാന സർക്കാർ നൽകുന്ന റിബേറ്റ് തട്ടിയെടുക്കുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, അത്തരം ചില കാര്യങ്ങൾ നടന്നിരുന്നു. അതിനെല്ലാം കർശനമായ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വിവര സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ഓൺലൈനായി കൈത്തറി ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള സംവിധാനം നടപ്പാക്കിയിട്ടുണ്ട്. പ്രധാനമായും ഹാന്റക്സുമായി ബന്ധപ്പെട്ട മേഖലയിലാണ് അത്തരം ചില പ്രവർത്തനങ്ങൾ നടന്നത്. കൈത്തറി ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന്റെയും വിൽപ്പന നടത്തുന്നതിന്റെയും കൃത്യമായ കണക്ക് സൂക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അക്കാര്യത്തിലുണ്ടായിട്ടുള്ള പ്രശ്നങ്ങളെല്ലാം പരിഹരിച്ച് സുതാര്യമായി നടത്തിക്കൊണ്ടുപോകാൻ കഴിയുമെന്നുതന്നെയാണ് സർക്കാർ കരുതുന്നത്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, മൺപാത്ര നിർമ്മാണത്തൊഴിലാളികൾ വലിയ ബുദ്ധിമുട്ട് നേരിടുകയാണെന്ന കാര്യം നമുക്കെല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. അസംസ്കൃത വസ്തുവായ കളിമണ്ണ് കിട്ടാത്തതുമൂലമാണ് ഈ പ്രശ്നങ്ങളുണ്ടാകുന്നത്. കളിമണ്ണ് ലഭ്യമാകുന്നതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കാനും അവർക്കാവശ്യമുള്ള അസംസ്കൃതവസ്തു സുലഭമായി ലഭിക്കാനുമുള്ള സൗകര്യം ചെയ്യുമോ; അവർക്കാവശ്യമായ മണ്ണെടുക്കുന്നതിന് കൃഷിയിടങ്ങൾ നൽകുകയാണെങ്കിൽ പരിസ്ഥിതിക്ക് നാശമുണ്ടാകാത്ത തരത്തിൽ ഈ തൊഴിലാളികൾക്ക് അവിടെനിന്നും മണ്ണെടുക്കാനും കൃഷി ചെയ്യാനും സാധിക്കും. പക്ഷെ പലപ്പോഴും റവന്യൂ അധികാരികളുടെ ഇടപെടൽമൂലം ഇത് നടക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ഈ പ്രശ്നത്തിൽ വ്യവസായ വകുപ്പിന് പ്രത്യേകമായി ഇടപെടാൻ സാധിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, പരമ്പരാഗത മേഖലയിൽ, അവരുടെ ജീവിതമാർഗ്ഗമായി കാണുന്ന കുലത്തൊഴിൽ എന്നൊക്കെ വിശേഷിപ്പിക്കുന്ന തരത്തിലുള്ള തൊഴിലുകളുണ്ട്. അത്തരം തൊഴിൽ ചെയ്യുന്ന ആളുകൾക്ക് മണ്ണെടുക്കുന്നതിന് (അസംസ്കൃത വസ്തു) മൈനിംഗ് ആന്റ് ജിയോളജി വകുപ്പുതന്നെ പ്രത്യേക പെർമിറ്റ് നൽകുന്നുണ്ട്. ഇതിനുപുറമെ വയലുകളിൽ നിന്നും കളിമണ്ണെടുക്കുന്നതിന് പാരിസ്ഥിതികാനുമതി ആവശ്യമാണ്. അക്കാര്യത്തിൽ 2008-നുമുമ്പ് നികത്തിയ കരഭൂമിയായി കിടക്കുന്ന സ്ഥലങ്ങളിൽ നിന്നും മണ്ണെടുക്കുന്നതിനെക്കുറിച്ചുള്ള പഠനം തൃശ്ശൂർ ജില്ലയിൽ നടത്തിയിട്ടുണ്ട്. കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ നിന്നുമുള്ള പഠന റിപ്പോർട്ട് വൈകാതെ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരം സ്ഥലങ്ങളിൽ നിന്നും മണ്ണ് ലഭ്യമാക്കാൻ കഴിഞ്ഞാൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നത്തിന് പരിഹാരം കാണാനും വയലുകൾ മറ്റു കൃഷിക്ക് ഉപയോഗിക്കാനും സാധിക്കും. അതുപോലെ ഇത്തരം സ്ഥലങ്ങളിൽ നിന്നും മണ്ണെടുത്തുകഴിഞ്ഞാൽ കുറച്ചുകാലത്തേയ്ക്കുകൂടി അസംസ്കൃത വസ്തു ഉണ്ടാകുമെന്നാണ് കാണുന്നത്. അവരെ സഹായിക്കാനുള്ള പദ്ധതി തയ്യാറായി വരികയാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, പരമ്പരാഗതമായി പുഴയോരങ്ങളിൽ താമസിക്കുന്നവരാണ് കളിമൺപാത്ര നിർമ്മാണ മേഖലയിലേയ്ക്ക് കടന്നുവന്നത്. പുഴയോരത്തും അതിനോടനുബന്ധിച്ചു കിടക്കുന്ന വയലേലകളിൽ നിന്നും ഇതിനാവശ്യമായ കളിമണ്ണ് ലഭ്യമാകുന്നു എന്നതാണ് കാരണം. നിലവിലുള്ള നിയമ വ്യവസ്ഥയനുസരിച്ച് പറമ്പുകളിൽ നിന്നുമാത്രമേ കളിമണ്ണ് എടുക്കാൻ

സാധിക്കുകയുള്ളൂ. പുഴയോരത്തുനിന്നും അതിനോടനുബന്ധിച്ചുള്ള പുറമ്പോക്ക് ഭൂമിയിൽ നിന്നും കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്കും വ്യക്തികൾക്കും മണ്ണ് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. വ്യക്തികൾക്ക് നിശ്ചിത അളവ് മണ്ണ് കൊടുക്കാമെന്ന് ജിയോളജി വകുപ്പിന്റെ നിബന്ധനയുണ്ട്. അതനുസരിച്ച് ഇപ്പോൾ ചില മാഫിയ സംഘങ്ങൾ നൂറുകണക്കിന് വ്യക്തികളുടെ പേരിൽ അപേക്ഷകൾ സമർപ്പിക്കുകയും പറമ്പെന്ന പേരിൽ വ്യാജ പ്രമാണങ്ങളുണ്ടാക്കി വലിയതോതിൽ ഖനനം നടത്തി കളിമണ്ണ് തട്ടിക്കൊണ്ടു പോകുകയും ചെയ്യുന്നുണ്ട്. യഥാർത്ഥ പരമ്പരാഗത തൊഴിലാളികൾക്ക്, അവരുടെ വാസസ്ഥലത്തിന് സമീപമുള്ള പുഴയോരത്തുനിന്നും അസംസ്കൃത വസ്തുവായ മണ്ണെടുക്കുവാനുള്ള അനുമതി ലഭ്യമാക്കുന്നതിന് പുതിയ നിയമനിർമ്മാണം കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇത് നിയമനിർമ്മാണത്തിന്റെ പ്രശ്നം മാത്രമല്ല; പുഴയോരത്തുനിന്നും എത്രമാത്രം കളിമണ്ണ് ലഭ്യമാകുമെന്നുള്ള ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കാര്യങ്ങൾ ചെയ്യാൻ കഴിയൂ. പരമ്പരാഗത മേഖലയിൽ നിന്നുള്ള യഥാർത്ഥ തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ, ഇവരുടെ പേരിൽ ഇടത്തട്ടുകാരായ ചിലയാളുകൾ കളിമണ്ണ് വൻതോതിൽ കടത്തിക്കൊണ്ടുപോകുകയും യഥാർത്ഥ പരമ്പരാഗത തൊഴിലാളികൾക്ക് ആവശ്യത്തിന് മണ്ണ് ലഭ്യമാകുന്നില്ലെന്നതുമാണ് പ്രശ്നം. അക്കാര്യം പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം. പരമ്പരാഗത തൊഴിലാളികൾക്കാവശ്യമായ മണ്ണിന്റെ ലഭ്യത ഉറപ്പുവരുത്തണമെന്നു തന്നെയാണ് സർക്കാർ കരുതുന്നത്. അതിനാവശ്യമായ രീതിയിലാണ് 2008-നുമുമ്പ് നികത്തപ്പെട്ട കൃഷി ഭൂമിയിൽ കളിമണ്ണുള്ള പ്രദേശങ്ങളുണ്ടെങ്കിൽ അതുൾപ്പെടെ പ്രയോജനപ്പെടുത്തണമെന്നുള്ള നയം സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എം. വിൻസെന്റ്: സർ, സ്കൂൾ യൂണിഫോം നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളയാൺ ബാങ്കുകൾ മുഖേനയാണ് കൈത്തറി തൊഴിലാളികൾക്ക് നൂലുകൾ വിതരണം ചെയ്യുന്നത്. കഴിഞ്ഞ മൂന്നു മാസമായി നൂൽ വിതരണം സ്തംഭിച്ചിരിക്കുകയാണ്. അതുപോലെതന്നെ രണ്ടാഴ്ചയിലൊരിക്കൽ ഇവരുടെ അക്കൗണ്ടിൽ ശമ്പളം കൊടുക്കുമെന്ന് സർക്കാർ ഉറപ്പു നൽകിയിരുന്നതാണ്. അതിപ്പോൾ രണ്ടുമാസത്തോളമായി മുടങ്ങിയിരിക്കുകയാണ്. കൃത്യമായി നൂൽ ലഭ്യമാക്കുന്നതിനും രണ്ടാഴ്ചയിലൊരിക്കൽ നെയ്ത്ത് തൊഴിലാളികൾക്ക് കൂലി ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അടുത്ത വിദ്യാഭ്യാസ വർഷത്തേയ്ക്ക് 24 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിക്കണമെന്നാണ് സർക്കാർ ലക്ഷ്യമിട്ടിരുന്നത്. ആ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. നൂൽ നൽകുന്നതിന് മറ്റു തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ പരിശോധിക്കാം. രണ്ടു മാസമായി കൂലി നൽകുന്നില്ലെന്നുപറയുന്നത് വസ്തുതയല്ല. ട്രഷറി നിയന്ത്രണമുണ്ടായിരുന്നതിനാൽ കഴിഞ്ഞ മാസം ചില പ്രശ്നങ്ങളുണ്ടായിരുന്നു. അത് ഇപ്പോൾ തീർന്നിട്ടുണ്ട്. കൈത്തറി തൊഴിലാളികൾക്ക് ആഴ്ചയിലൊരിക്കൽ കൂലി നൽകാനുള്ള നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നത്. എന്തെങ്കിലും പ്രത്യേക പ്രയാസങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കും.

ശ്രീമതി വീണാ ജോർജ്ജ്: സർ, ആറന്മുളയിലും മല്ലപ്പുഴശ്ശേരിയിലുമുള്ള പ്രത്യേക മണ്ണിൽനിന്നാണ് ആറന്മുള കണ്ണാടി ഉൽപ്പാദിപ്പിക്കുന്നത്. രാജ്യാന്തര തലത്തിൽതന്നെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ള ആറന്മുള കണ്ണാടിയുടെ ശിൽപ്പികൾ ഇപ്പോൾ നേരിടുന്ന പ്രധാന പ്രശ്നം ഇതിന്റെ വ്യാജന്മാർ ഉണ്ടെന്നുള്ളതാണ്. യഥാർത്ഥ ആറന്മുള കണ്ണാടി ഒരിക്കലും മങ്ങില്ല, അതിന്റെ ശോഭ കെടില്ല. എന്നാൽ വ്യാജ കണ്ണാടി ആറുമാസം കഴിയുമ്പോൾ നിറം മങ്ങുന്നതായി കാണാം. ഇത് സംസ്ഥാനത്തിനും ആ പ്രദേശത്തിനും മാത്രമല്ല, ആറന്മുള കണ്ണാടിയുടെ പേരിനുതന്നെ ദോഷകരമായി തീരുന്നൊരു സാഹചര്യമുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് ഏത് രീതിയിൽ ഇടപെടാൻ സാധിക്കും?

ശ്രീ. എ. സി. മൊയ്തീൻ: സർ, ആറന്മുള കണ്ണാടിക്ക് ആവശ്യക്കാർ കൂടുതലുണ്ട് എന്നുള്ളതുകൊണ്ടുതന്നെയാണ് അതിന്റെ വ്യാജ പതിപ്പുകൾ ഇറങ്ങുന്നത്. നമ്മളാഗ്രഹിക്കുന്നതനുസരിച്ച്, ആവശ്യത്തിനനുസരിച്ച് കണ്ണാടിയുടെ ഉൽപ്പാദനം ആറന്മുളയിൽ നടക്കുന്നില്ല. പരമ്പരാഗത രീതിയിൽ അതിന്റെ വിദ്യ വശമുള്ള ആളുകൾ മാത്രമാണ് ആറന്മുള കണ്ണാടി നിർമ്മിക്കുന്നത്. അവിടം ഒരു പ്രത്യേക ഗ്രാമമാക്കി പ്രയോജനപ്പെടുത്തണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അവിടെയുള്ള അത്തരം കൈത്തൊഴിലുകാർ ഈ വിദ്യ അടുത്ത തലമുറയിലേയ്ക്ക് പകർന്നു കൊടുക്കുന്ന രീതിയിൽ അതിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അത് കേരളത്തിലും വിദേശികൾക്കുമുൾപ്പെടെ ആവശ്യമുള്ള കാര്യമാണ്. ആറന്മുള ഗ്രാമം ഒരു പൈതൃക ഗ്രാമമായി വികസിപ്പിക്കാനാവശ്യമായ പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## ദേവസ്വം ബോർഡ് അഴിമതി

4 (*184) ശ്രീ. എം. മുകേഷ് :

ശ്രീ. ആർ. രാജേഷ് :

ശ്രീ. ഐ. ബി. സതീഷ് :

ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ മുൻ ദേവസ്വം ബോർഡിന്റെ കാലത്ത് വലിയ തോതിലുള്ള അഴിമതി നടന്നെന്ന ആക്ഷേപത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മരാമത്ത് പണികളിലും ദിവസവേതനക്കാരുടെ നിയമനത്തിലും ഉൾപ്പെടെ കോടികളുടെ വെട്ടിപ്പ് നടന്നതായുള്ള ആക്ഷേപങ്ങൾ അന്വേഷിച്ചിരുന്നോ; അഴിമതി അന്വേഷണം അട്ടിമറിക്കാൻ ഗൂഢാലോചന നടത്തിയെന്ന ബോർഡിനെ തിരെയുള്ള പരാതിയെക്കുറിച്ച് പരിശോധിച്ചിരുന്നോ;

(സി) ദേവസ്വം ബോർഡ് മുൻ സെക്രട്ടറിയുൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരും ജീവനക്കാരും അഴിമതിയാരോപണം നേരിടുന്ന പശ്ചാത്തലത്തിൽ ബോർഡിൽ അഴിമതി തടയുന്നതിനും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനും ഏർപ്പെടുത്തിയ സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, (എ&ബി) തിരുവിതാംകൂർ മുൻ ദേവസ്വം ബോർഡിനെതിരായ അഴിമതി ആരോപണങ്ങളെപ്പറ്റിയും മറ്റ് ആക്ഷേപങ്ങളെ സംബന്ധിച്ചും തിരുവനന്തപുരം പൂജപ്പുര സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -14, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് സൂപ്രണ്ടിന്റെ കാര്യാലയത്തിലും അന്വേഷണം നടന്നുവരുന്നുണ്ട്.

(സി) സാമ്പത്തിക കാര്യങ്ങളിൽ കർക്കശമായ പരിശോധനകളും സമയബന്ധിതമായ നടപടികളും സ്വീകരിക്കുന്നതിനായി ബോർഡിൽ ഒരു പരിശോധന വിഭാഗം (ഫിനാൻസ്) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ബോർഡിൽ

ഒരു സ്പെഷ്യൽ സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. ബോർഡിന്റെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണം, വെള്ളി തുടങ്ങി വിലപിടിപ്പുള്ള ഉരുപ്പടികളുടെ കണക്കെടുത്ത് ഡിജിറ്റലൈസ് ചെയ്ത് മൂല്യനിർണ്ണയം നടത്താൻ സർക്കാർ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബോർഡിന്റെ ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കാലോചിതമായ പരിഷ്കരണങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

ശ്രീ. എം. മുകേഷ്: സർ, ശബരിമലയിലേയ്ക്ക് പാത്രങ്ങൾ വാങ്ങിയതായി വ്യാജ ബിൽ ചമച്ച് കോടികൾ തട്ടിയെടുത്തുവെന്ന ആരോപണം സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നുണ്ടോ; അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്?

ശ്രീ. എ. കെ. ബാലൻ: സർ, അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെ സംബന്ധിച്ച് പ്രത്യേകിച്ച് പറയാൻ സാധിക്കില്ല. അതിന് പ്രത്യേകം നോട്ടീസ് നൽകണം.

ശ്രീ. എം. മുകേഷ്: സർ, ശബരിമലയിൽ ഇക്കഴിഞ്ഞ തീർത്ഥാടന കാലയളവിൽ വരുമാനം വർദ്ധിച്ചിട്ടുണ്ടോ; ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കൂടുതൽ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, 2016-17-ലെ ശബരിമല തീർത്ഥാടന കാലത്ത് 237 കോടിരൂപയായിരുന്നു വരുമാനം. എന്നാൽ 2017-18-ൽ 279 കോടി രൂപയുടെ വരുമാനമുണ്ടായിട്ടുണ്ട്. 42 കോടി രൂപയുടെ വർദ്ധനവാണുണ്ടായത്. ശബരിമല മണ്ഡല മകരവിളക്ക് മഹോൽസവം ആരംഭിക്കുന്നതിന് തൊട്ടുമുമ്പാണ് പുതിയ ഭരണസമിതിയെ നിയോഗിച്ചത്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ശബരിമലയിൽ നിരവധി യോഗങ്ങൾ ചേരുകയും ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് മഹോൽസവം അതിഗംഭീരമായിട്ടാണ് നടന്നത്. പൊതുവെ നല്ല സ്വീകാര്യതയാണ് പൊതുസമൂഹത്തിൽ നിന്നും ലഭിച്ചത്.

ശ്രീ. ആർ. രാജേഷ്: സർ, ദേവസ്വം ബോർഡിൽ മുൻ ഭരണസമിതിയുടെ കാലത്ത് നടത്തിയ അഴിമതികളെക്കുറിച്ച് അന്വേഷിക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നത് സ്വാഗതാർഹമാണ്. അതിനൊരു സ്പെഷ്യൽ സ്ക്വാഡിനെ രൂപീകരിച്ചതായി അറിയുന്നു. ഈ സ്പെഷ്യൽ സ്ക്വാഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; അതിന്റെ ഘടന എന്താണ്; സ്ക്വാഡിലെ അംഗങ്ങൾ ആരൊക്കെയാണ് ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇതുസംബന്ധിച്ച് രണ്ടുരൂപത്തിലാണ് ഇപ്പോൾ പരിശോധന നടത്തുന്നത്. ബോർഡിൽ ഫിനാൻസ് വിഭാഗം ഒരു പരിശോധന നടത്തുന്നുണ്ട്. അതിനുപുറമേ ഒരു സ്പെഷ്യൽ സ്ക്വാഡ് ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ബോർഡിന്റെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണം, വെള്ളി തുടങ്ങിയ വിലപിടിപ്പുള്ള ഉരുപ്പടികളുടെ കണക്കെടുത്ത് ഡിജിറ്റലൈസ് ചെയ്ത് മൂല്യനിർണ്ണയം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്പെഷ്യൽ സ്ക്വാഡിന്റെ പ്രവർത്തനവും ഫലപ്രദമായി നടക്കുകയാണ്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, പൂജാദ്രവ്യങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ടാണ് ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ അഴിമതിയുണ്ടാകുന്നത്. കൺസ്യൂമർ ഫെഡ് പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് ക്ഷേത്രങ്ങൾക്കാവശ്യമായ പൂജാദ്രവ്യങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങുന്നതിനുള്ള തീരുമാനമെടുക്കാൻ സാധിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ബോർഡിന്റെ ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കാലോചിതമായ പരിഷ്ക്കാരങ്ങൾ ആവശ്യമാണ്. അതിന്റെ ഭാഗമായി ഇ-ടെണ്ടർ നടപ്പാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇ-ടെണ്ടർ നടപ്പാകുന്നതോടെ ഇവിടെ പറഞ്ഞ ആക്ഷേപങ്ങളൊക്കെ പൊതുവിൽ ഇല്ലാതാകുമെന്നാണ് കരുതുന്നത്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, നിലയ്ക്കൽ ഗോശാലയിൽ പശു ചത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് സംബന്ധിച്ച് വിശദീകരിക്കാമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, നിലയ്ക്കൽ ഗോശാലയിൽ പശുക്കളും കിടാങ്ങളും കാളകളും ആടുകളും ഉൾപ്പെടെ 46 കന്നുകാലികളാണുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പല ക്ഷേത്രങ്ങളിലും അസുഖം ബാധിച്ച് വരുന്ന കന്നുകാലികളെ ഈ ഗോശാലയിലാണ് സാധാരണ നിലയിൽ സംരക്ഷിക്കുന്നത്. എന്നാൽ ഉൽസവകാലത്ത് ഇവയെ പുറത്തുവിടാൻ സാധിക്കാറില്ല. അതിന്റെ ഭാഗമായി ചില പ്രശ്നങ്ങളുണ്ട്. കന്നുകാലികളിൽ ചിലതിന് പ്രായാധിക്യം കൊണ്ടും അസുഖം ബാധിച്ചും പരിക്കുകൾ കൊണ്ടും ചികിത്സ നൽകിയിട്ടും രക്ഷപ്പെടാത്ത സ്ഥിതിയുണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ചില കന്നുകാലികൾ ചാകാൻ ഇടയായത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കയർ ഭൂവസ്ത്ര ഉപയോഗം

5 (*185) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. അബ്ദുൽ ഹമീദ്. പി. :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുനിർമ്മാണത്തിന് കയർ ഭൂവസ്ത്ര ഉപയോഗം വ്യാപകമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) മറ്റേതെങ്കിലും സംസ്ഥാനത്തിലെ ഗ്രാമീണറോഡുകളുടെ നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിച്ചിട്ടുണ്ടോ;

(സി) റോഡ് നിർമ്മാണത്തോടൊപ്പം മണ്ണൊലിപ്പ് തടയൽ, നദീതീരസംരക്ഷണം, റെയിൽവേ, ജലസേചന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നുണ്ടോ;

(ഡി) ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കയർ ഭൂവസ്ത്രം കയറ്റുമതി ചെയ്യുന്നത്; വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) റോഡ് നിർമ്മാണത്തിന് കയർ ഭൂവസ്ത്ര ഉപയോഗം വ്യാപകമാക്കുന്നതിന് പരിശ്രമിച്ചുവരികയാണ്.

(ബി) കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഉപയോഗിച്ചിട്ടില്ല.

(സി) ഉപയോഗിക്കുന്നുണ്ട്.

(ഡി) കാനഡ, യു.എ.ഇ., ഫ്രാൻസ് എന്നീ രാജ്യങ്ങളിലേയ്ക്ക് കയർഫെഡും യൂറോപ്പ്, യു.എസ്.എ., ജപ്പാൻ, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിലേയ്ക്ക് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും കയർ ഭൂവസ്ത്രം കയറ്റുമതി ചെയ്തിട്ടുണ്ട്.

## ആധുനിക വൈദ്യുതി സേവന കേന്ദ്രങ്ങൾ

6 (*186) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ എല്ലാ സേവനങ്ങളും ഒരിടത്ത് ലഭ്യമാകുന്ന തരത്തിൽ ആധുനിക വൈദ്യുതി സേവന കേന്ദ്രങ്ങൾ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സേവനകേന്ദ്രങ്ങൾ മുഖേന നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സേവന കേന്ദ്രം മുഖേന സോളാർ പാനലുകൾ വിതരണം ചെയ്യുന്നതിനും വൈദ്യുതിയുമായി ബന്ധപ്പെട്ട മറ്റ് സേവന കേന്ദ്രങ്ങളെ ഇതുമായി ബന്ധിപ്പിക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കുമോ എന്നറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ-സി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ബോർഡ് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിൽ വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുവാനാണ് തുടക്കത്തിൽ ഉദ്ദേശിക്കുന്നത്. വൈദ്യുതി ബോർഡിൽനിന്നും ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട എല്ലാ സേവനങ്ങളും ഒരിടത്ത് നിന്നുതന്നെ ലഭ്യമാകുന്നതിനു വേണ്ടിയാണ് ടി സേവന കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഉപഭോക്താക്കൾക്ക് പ്രദേശ വ്യത്യാസമില്ലാതെ ഏതു വൈദ്യുതി സേവന കേന്ദ്രങ്ങളേയും സമീപിക്കാവുന്നതാണ്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന സേവന കേന്ദ്രങ്ങൾ വിജയകരമാണെങ്കിൽ ആവശ്യമായ മറ്റിടങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ സൗകര്യപ്രദമായ ഇടങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സേവന കേന്ദ്രങ്ങൾ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്. പുതിയ കണക്ഷനുകൾക്ക് വേണ്ടിയും മീറ്റർ മാറ്റിവയ്ക്കൽ, ഉടമസ്ഥാവകാശമാറ്റം, താരിഫ് മാറ്റം, ഫേസ് കൺവെർഷൻ, വൈദ്യുതി വിച്ഛേദിക്കൽ, വൈദ്യുതി ലൈൻ അഴിച്ചു മാറ്റൽ തുടങ്ങിയ മറ്റ് സേവനങ്ങൾക്കായുമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ബില്ലിംഗിനെ സംബന്ധിച്ചും

സർവ്വീസ് ക്വാളിറ്റിയെ സംബന്ധിച്ചുമുള്ള അന്വേഷണങ്ങൾക്കായും പരാതികൾ സമർപ്പിക്കുന്നതിനായും പ്രസ്തുത സേവനകേന്ദ്രങ്ങളെ സമീപിക്കാനാവും. വൈദ്യുതി സേവന കേന്ദ്രങ്ങളെ വൈദ്യുതിയുമായി ബന്ധപ്പെട്ട മറ്റ് സേവന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുവാനുള്ള സൗകര്യവും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യവും ടി കേന്ദ്രങ്ങളിൽ നൽകാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമെ ഗ്രിഡ് കണക്റ്റഡ് സോളാർ കണക്ഷൻ സംബന്ധമായ സേവനങ്ങളും ഈ കേന്ദ്രങ്ങൾ വഴി നൽകുവാൻ ആലോചിക്കുന്നു.

വൈദ്യുതി മേഖലയിലെ മറ്റ് സ്ഥാപനങ്ങളായ ഇ.എം.സി., അനെർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ സൗരോർജ്ജ പ്ലാന്റുകളുടെ സ്ഥാപിക്കലിനുവേണ്ട സേവനങ്ങൾ തുടങ്ങിയവയും ഇത്തരം സേവന കേന്ദ്രങ്ങളിലൂടെ സാധ്യമാകുന്ന കാര്യം പരിശോധിക്കുന്നുണ്ട്.

വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് ബോർഡിലെ അംഗീകൃത യൂണിയനുകളുമായി ചർച്ചകൾ നടന്നുവരികയാണ്.

## കായികമേഖലയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

7 (*187) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്ക് കായിക വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടെന്നും കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയുടെ വികസനമാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ 7 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും 6 പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. 3 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർനടപടികൾ കിറ്റ്കോ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവയുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച "പഞ്ചായത്തിൽ ഒരു സ്റ്റേഡിയം" എന്ന പദ്ധതിപ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 11 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയ്യൂർ, ഫറോഖ് ഗണപതി സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരാണയണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗരസഭാ സ്റ്റേഡിയങ്ങൾ എന്നിവയേയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 35-ാമത് ദേശീയ ഗെയിംസിനു വേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റ പണികൾക്കും സംരക്ഷണത്തിനുമായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി സ്റ്റേഡിയങ്ങളുടെ വികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു.

സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഫിഫ അണ്ടർ 17 ലോകകപ്പ് വേദിയായ കൊച്ചിയിലെ റോഡുകളുടെ സൗന്ദര്യവൽക്കരണം/നവീകരണം എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് 17.77 കോടി രൂപയുടെയും ഫിഫ അണ്ടർ 17 വേൾഡ് കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ പരിശീലന വേദികളിൽ ഒന്നായ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായുള്ള (Natural Turf Football field of International Standards with Sprinkler facilities, a two storied football, training centre, change room) ഭരണാനുമതിയും പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സംവിധാനം ഒരുക്കുന്നതിലേയ്ക്കായി 1,05,00,000 രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 19.66 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ, മിനി സ്റ്റേഡിയങ്ങൾ എന്നീ പ്രോജക്ടുകളുടെ നിർമ്മാണത്തിനായി 632.94 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17-ലെ ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് 734.94 കോടി രൂപയുടെ വികസനമാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി വിഭാവന ചെയ്യുന്നത്.

(സി) മൂന്ന് ജില്ലാ സ്റ്റേഡിയങ്ങൾക്കും 11 മിനി സ്റ്റേഡിയങ്ങൾക്കും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കി പണി ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. മറ്റ് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനും കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മണൽ ക്ഷാമംമൂലം നിർമ്മാണ മേഖലയിലെ പ്രതിസന്ധി

8 (*188) ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണൽക്ഷാമംമൂലം സംസ്ഥാനത്തെ നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) വിദേശമണൽ ഇറക്കുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നിർമ്മാണ മേഖലയിൽ മണലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പകരം എം.സാന്റ് ഉപയോഗിക്കുന്നുണ്ട്. 5 ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ക്വാറികൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ പാരിസ്ഥിതികാനുമതി നൽകുന്ന ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടെ പ്രവർത്തനം ത്വരിതപ്പെടുത്തി കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ അടിയന്തരമായി തീർപ്പുകൽപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം നിർദ്ദേശം നൽകുകയും ഇതിനെത്തുടർന്ന് പാരിസ്ഥിതികാനുമതിക്കായുള്ള 400-ഓളം അപേക്ഷകളിൽ എത്രയുംപെട്ടെന്ന് തീർപ്പുകൽപ്പിക്കാൻ ജില്ലാ കളക്ടർമാർക്ക് ചീഫ് സെക്രട്ടറി നിരന്തരമായി നിർദ്ദേശം നൽകിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രവർത്തന രഹിതമായ പാറമടകൾ തുറന്ന് പ്രവർത്തിച്ചു തുടങ്ങുമ്പോൾ എം.സാന്റ് കൂടുതൽ ലഭ്യമാകും. ഇതോടൊപ്പം തെരഞ്ഞെടുത്ത ഡാമുകളിൽ അതിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി മണൽ/ചെളി എന്നിവ നീക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം നീക്കം ചെയ്യുന്ന മണലും ചെളിയും ഗ്രേഡ് ചെയ്തെടുത്താൽ ആയതും നിർമ്മാണ മേഖലയ്ക്ക് ഉപയുക്തമാക്കാൻ സാധിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തെ മണൽക്ഷാമം പരിഹരിക്കുന്നതിനായി അന്യസംസ്ഥനങ്ങളിൽനിന്നും വിദേശത്തു

നിന്നും മണൽ ഇറക്കുമതി ചെയ്യുന്നുണ്ട്. ഇതിനായി 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 107 പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഉൾപ്പെടെയുള്ള ചെറുകിട ധാതുക്കൾ ആർക്കും കേരളത്തിലേയ്ക്ക് അന്യ സംസ്ഥാനങ്ങളിൽനിന്നും അന്യരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യാവുന്നതാ ണ്. ഇപ്രകാരം മലേഷ്യയിൽനിന്നും കേരളത്തിലേയ്ക്ക് 88,807 ടൺ മണൽ 2017-18-ൽ ഇറക്കുമതി ചെയ്തിട്ടുള്ളതും ആയതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുള്ളതുമാണ്.

## വൈദ്യുതി പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ നടപടി

9(*189) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖല നേരിടുന്ന മുഖ്യ പ്രശ്നങ്ങളിലൊന്നായ, ദേശീയ ശരാശരിയിലും ഉയർന്ന, പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസരണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പതിനായിരം കോടി രൂപ ചെലവിൽ നടപ്പാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ദീർഘ ദൂര വൈദ്യുതി പ്രസരണത്തിന് നവീന സാങ്കേതിക വിദ്യയായ ഹൈവോൾട്ടേജ് ഡയറക്ട് കറന്റ് (എച്ച്.വി.ഡി.സി.) സംവിധാനം ഉപയോഗിച്ച് വൈദ്യുതി എത്തിക്കാനുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ഡി) പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് കൊണ്ട് ചെലവിലും പ്രസരണ നഷ്ടത്തിലും സ്ഥലവിനിയോഗത്തിലും നേട്ടം ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ&ബി) സംസ്ഥാന വൈദ്യുതി ഗ്രിഡിലെ പ്രസരണ വിതരണ നഷ്ടത്തിന്റെ തോത് ദേശീയ ശരാശരിയിലും ഉയർന്നു നിർക്കുന്ന അവസ്ഥ ഉണ്ടായിട്ടില്ല. സംസ്ഥാന

ഗവൺമെന്റിന്റെയും കെ.എസ്.ഇ.ബി.എൽ.ന്റെയും ഇടപെടൽകൊണ്ട് പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിൽ വലിയ മുന്നേറ്റമുണ്ടാക്കാനായിട്ടുണ്ട്. 2015-16 വർഷത്തിൽ 14.37 ശതമാനമായിരുന്ന പ്രസരണ വിതരണ നഷ്ടം 2016-17 ആയപ്പോഴേയ്ക്കും 13.93 ശതമാനമാക്കി കുറയ്ക്കാനായി.

വൈദ്യുതി വിതരണ ശൃംഖലയിലെ നഷ്ടം കുറയ്ക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക.
3. നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring).
4. Single phase to Three phase line conversion
5. മരച്ചില്ലകൾക്കിടയിലൂടെ കടന്ന് പോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക.
6. മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ 2876 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുകയും 3734 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3030 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ, ത്രീ ഫേസ് ലൈൻ ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ശേഷിയുള്ള കമ്പികൾ ഉപയോഗിച്ച് വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി 1295 കിലോമീറ്റർ എച്ച്.റ്റി. ലൈൻ റീകണ്ടക്ടറിംഗ്, 19768 കിലോമീറ്റർ എൽ.റ്റി. ലൈൻ റീകണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. കൂടാതെ 1491897 എണ്ണം കേടായ മീറ്ററുകളും മാറ്റി സ്ഥാപിച്ചു. വിതരണ നഷ്ടം കുറയ്ക്കുന്നതിന് മുന്നോടിയായുള്ള ഊർജ്ജ ഓഡിറ്റിനു വേണ്ടി എല്ലാ 11 കെ.വി. ഫീഡറുകളിലും Division - Division ബോർഡർ മീറ്ററുകളും എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും "ഡി.റ്റി.ആർ." മീറ്ററുകളും സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനുമായി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ട്രാൻസ്ഗ്രിഡ്-2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്.

10000 കോടി രൂപ ചെലവ് വരുന്നതാണ് ഈ പദ്ധതി. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി, നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി. ആയി ഉയർത്തുകയും പുതിയ 400, 200 കെ.വി. സബ്സ്റ്റേഷനുകളും, 400, 220, 110 കെ.വി. ലൈനുകളും നിർമ്മിക്കുകയും ചെയ്യുന്നതിനുള്ള വർക്കുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷ്യുകളുടെയും ഇവയുടെ അനുബന്ധ ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. 14 പാക്കേജുകളിലായി വിന്യസിച്ചിട്ടുള്ള ഒന്നാം ഘട്ടത്തിലെ വർക്കുകളിൽ ഒരെണ്ണം പണി പൂർത്തിയായിട്ടുണ്ട്. രണ്ട് പാക്കേജുകൾ വർക്ക് അവാർഡ് ചെയ്ത് പണി പുരോഗമിക്കുന്ന ഘട്ടത്തിലും മറ്റ് രണ്ട് പാക്കേജുകൾ വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലുമാണ്. ബാക്കിയുള്ളവയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ദീർഘദൂര വൈദ്യുതി പ്രസരണത്തിന് നവീന സാങ്കേതിക വിദ്യയായ ഹൈവോൾട്ടേജ് ഡയറക്ട് കറണ്ട് സംവിധാനം ഉപയോഗിച്ച് വൈദ്യുതി എത്തിക്കാനുള്ള പദ്ധതി കേന്ദ്ര സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (പി.ജി.സി.ഐ.എൽ.) ആണ് നിർവ്വഹിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ മാടക്കത്തറയിൽ കാർഷിക സർവ്വകലാശാലയുടെ 32 ഏക്കർ ഭൂമി ഇതിനായി ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിലെ പുഗലൂരിൽനിന്നും മാടക്കത്തറയിലേയ്ക്കുള്ള എച്ച്.വി.ഡി.സി. ലൈനിന്റെ ദർഘാസ് പ്രവൃത്തികൾ, പി.ജി.സി.ഐ.എൽ. പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ, വടക്കാഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള ഭാഗം ഭൂഗർഭ കേബിൾ ആണ്. ഈ ജോലി ഇപ്പോൾ ആഗോള കമ്പനിയായ സീമൻസ് സുമോതോ സഖ്യത്തിനാണ് നൽകിയിരിക്കുന്നത്.

(ഡി) പ്രസ്തുത എച്ച്.വി.ഡി.സി. സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതുമൂലം ദീർഘദൂര പ്രസരണ നഷ്ടം, നിലവിലുള്ള എ.സി. ട്രാൻസ്മിഷനേക്കാൾ താരതമ്യേന കുറവാണ്. മാടക്കത്തറയിൽ പി.ജി.സി.ഐ.എൽ. നിർമ്മിക്കുന്നത് ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ ആയതുകൊണ്ട് സ്ഥലവിനിയോഗത്തിലും താരതമ്യേന നേട്ടം ഉണ്ട്.

## ദ്രവീകൃത പ്രകൃതി വാതക പൈപ്പ്‌ലൈൻ പദ്ധതി

10(*190) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. ആർ. സുനിൽ കുമാർ :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്രവീകൃത പ്രകൃതി വാതക പൈപ്പ് ലൈൻ (എൽ.എൻ.ജി. പൈപ്പ് ലൈൻ) പദ്ധതി എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വാതക പൈപ്പ് ലൈൻ പദ്ധതി സംസ്ഥാനത്തിന് ഏതൊക്കെ തരത്തിൽ ഗുണകരമാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലൂടെയാണ് കടന്നുപോകുന്നതെന്ന് വെളിപ്പെടുത്താമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ-സി) ഏതുരാജ്യത്തിന്റെ വികസനത്തിനും ഊർജ്ജം അനിവാര്യമായ ഘടകമാണ്. ആഗോള ഊർജ്ജ മേഖലയിൽ 25 ശതമാനവും പ്രകൃതി വാതകത്തിൽ നിന്നാണ് ലഭിക്കുന്നത്. ഇപ്പോൾ ലഭിക്കുന്ന പെട്രോൾ, ഡീസൽ എന്നീ ഇന്ധനത്തേക്കാൾ വിലക്കുറവും സുരക്ഷിതവുമായ ഇന്ധനമാണ് പ്രകൃതി വാതകം. ദക്ഷിണേന്ത്യയിൽ പ്രതിദിനം വർദ്ധിച്ചുവരുന്ന ഇന്ധന ലഭ്യതയുടെ സ്രോതസ്സ് ഉറപ്പുവരുത്തുന്നതിനായി, കേരളത്തിലെ എറണാകുളം ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള 'പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനലി'ൽനിന്നും തൃശ്ശൂർ-കോഴിക്കോട് വഴി മംഗലാപുരത്തേയ്ക്കും പാലക്കാട്-കോയമ്പത്തൂർ വഴി ബാംഗ്ലൂർക്കും പ്രകൃതി വാതകമെത്തിക്കുന്ന പദ്ധതിയാണ് "ദ്രവീകൃത പ്രകൃതി വാതക പദ്ധതി". സംസ്ഥാനത്ത് ഗാർഹികാവശ്യങ്ങൾക്കും വാഹനങ്ങൾക്ക് ഇന്ധനവുമായിട്ടും വ്യാവസായിക പുരോഗതിക്കും പ്രകൃതിവാതകം ഉപയോഗിക്കാവുന്നതാണ്. ഈ പൈപ്പ് ലൈൻ കടന്നുപോകുന്നത് എറണാകുളം ജില്ലയിൽനിന്നും ഏഴ് വടക്കൻ ജില്ലകളിലേയ്ക്കാണ് (എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്). ഹരിതവാതകം എന്നറിയപ്പെടുന്ന എൽ.എൻ.ജി. മറ്റ് ഇതര ഇന്ധനത്തേക്കാൾ ഗുണമേന്മയേറിയതും ചെലവ് കുറഞ്ഞതും പരിസ്ഥിത സൗഹൃദവുമാണ്. ഈ ഹരിത വാതക പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാകുന്ന

തോട്ടുകുടി വാതക വിതരണ മേഖലയിൽ ഒരു വൻ വ്യാവസായിക വിപ്ലവവും കൂടാതെ സംസ്ഥാനത്തിന് ആദായവും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ചെറുകിട-വൻകിട നിക്ഷേപകരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനോടൊപ്പം അനുബന്ധ മേഖലകളിൽ ജോലി സാധ്യത ഉറപ്പ് വരുത്തുന്നതുമാണ്.

വീടുകളിൽ എൽ.പി.ജി. സിലിണ്ടറുകൾക്ക് പകരം പൈപ്പ് ലൈൻവഴി പ്രകൃതി വാതകം എത്തിക്കുന്ന പദ്ധതിയാണ് എറണാകുളം ജില്ലയിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന "സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി" (CGD). മറ്റ് ജില്ലകളിൽക്കൂടി ഈ പദ്ധതി പൂർത്തിയാക്കുന്നമുറയ്ക്ക് സി.ജി.ഡി. പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കും.

## പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി കുറയ്ക്കുവാൻ നടപടി

11(*191) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർദ്ധനവ് മൂലം സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടാകാറുണ്ടോ; എങ്കിൽ എപ്രകാരം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിലവർദ്ധനവ് മൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തിക ക്ലേശം കുറയ്ക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതി കുറച്ച് സാധാരണക്കാർക്ക് ആശ്വാസമേകാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പെട്രോൾ, ഡീസൽ എന്നിവയുടെ വിൽപ്പനയിന്മേലാണ് സംസ്ഥാന സർക്കാർ നികുതി ഈടാക്കി വരുന്നത്. പെട്രോൾ, ഡീസൽ എന്നിവയുടെ വില്പനവിലയിൽ ഉണ്ടാകുന്ന വ്യതിയാനത്തിന് ആനുപാതികമായി സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വരുമാനത്തിലും വ്യതിയാനം ഉണ്ടാകും. അപ്രകാരം പെട്രോൾ, ഡീസൽ എന്നിവയുടെ വിൽപ്പനവിലയിൽ ഉണ്ടാകുന്ന വർദ്ധനവുമൂലം സർക്കാരിന് നികുതിയിനത്തിൽ നേട്ടം ഉണ്ടാകാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുഷേഷം 1-6-2016 മുതൽ 1-1-2018 വരെ 37 തവണ പെട്രോളിന്റെയും

ഡീസലിന്റെയും വിലകൾ കൂട്ടുകയും കുറയുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാറ്റങ്ങൾമൂലം പെട്രോളിൽനിന്ന് 24.59 കോടി രൂപയും ഡീസലിൽനിന്ന് 32.75 കോടി രൂപയും ചേർത്ത് ആകെ 57.34 കോടി രൂപ സർക്കാരിന് അധിക വരുമാനം ഉണ്ടായിട്ടുണ്ട്.

(ബി) & (സി) പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർദ്ധനവുമൂലം സാധാരണക്കാർക്ക് സാമ്പത്തിക ക്ലേശം ഉണ്ടാകുമെങ്കിലും ജി.എസ്.ടി. വരുമാനം സംബന്ധിച്ച സങ്കീർണ്ണത/അനിശ്ചിതത്വം നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ, സംസ്ഥാന സർക്കാരിന് ലഭിക്കുന്ന നികുതിയിൽ കുറവ് വരുത്തുന്നത്, സർക്കാരിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നികുതി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

**വിനോദസഞ്ചാര വികസനം**

12(*192) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രദേശവാസികൾക്ക് വരുമാനദായകമായ തൊഴിലും വികസനവും ഉറപ്പുവരുത്തുന്ന തരത്തിൽ വിനോദസഞ്ചാര വികസനം സാധ്യമാക്കുമെന്ന വിനോദ സഞ്ചാരനയത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാമപ്രദേശങ്ങളിൽ കൂടി വിനോദസഞ്ചാര വികസനത്തിന്റെ പ്രയോജനം പ്രാപ്യമാക്കാനായി തയ്യാറാക്കിയിട്ടുള്ള പാക്കേജുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) ഉത്തരവാദിത്ത വിനോദസഞ്ചാരം വഴിയുള്ള സാമ്പത്തിക ശാക്തീകരണത്തിന് വേണ്ടിയുള്ള ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തം ലക്ഷ്യമിടുന്ന പെപ്പർ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) പ്രദേശവാസികൾക്ക് വരുമാനദായക തൊഴിലും വികസനവും ഉറപ്പുവരുത്തുന്ന തരത്തിൽ വിനോദസഞ്ചാര വികസനം

സാധ്യമാക്കുമെന്ന വിനോദസഞ്ചാര നയത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്ന പ്രധാന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. പ്രസ്തുത പദ്ധതിയുടെ സ്ഥിരവും സ്ഥായിയും ഫലപ്രദവുമായ നിർവ്വഹണത്തിനായി സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ചുരുക്കം ചില കേന്ദ്രങ്ങളിൽ മാത്രമായി നടന്നുവന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ജനകീയവും ഉത്തരവാദിത്ത പൂർണ്ണവും സുസ്ഥിരവുമായ ടൂറിസം വികസനമെന്ന കാഴ്ചപ്പാടിലേയ്ക്ക് നാടിനെ നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 100000 പേർക്ക് കൃഷി, ഉൽപ്പാദനം, വിപണനം, പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉൽപ്പാദന വിപണനം, സുവനീർ ഉൽപ്പാദന വിപണനം, അക്സസിബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണ വിപണം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും, ഉൽപ്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്ത ടൂറിസം നെറ്റ്‌വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിലെ തൊഴിൽ ലഭ്യമാക്കുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി, ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കും. വ്യാപകമായ അവബോധശിൽപ്പശാലകളും ജനകീയ പങ്കാളിത്തത്തോടെയുള്ള ടൂറിസം ആസൂത്രണത്തിനായുള്ള പ്രവർത്തനങ്ങളും രൂപപ്പെടുത്തുക എന്നത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങളാണ്. മാനവവിഭവശേഷി വികസിപ്പിക്കുന്നതിനായി കുറഞ്ഞത് 50000 പേർക്ക് തൊഴിൽ പരിശീലനം നൽകാനും മിഷന് ചുമതലയുണ്ട്. പാർശ്വവൽകൃത ജനവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വനിതകൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുക, പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്നിവയെല്ലാം ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യങ്ങളാണ്.

(ബി) ഗ്രാമപ്രദേശങ്ങളിൽ കൂടി വിനോദസഞ്ചാര വികസനത്തിന്റെ പ്രയോജനം പ്രാപ്യമാക്കാനായി തയ്യാറാക്കിയിട്ടുള്ള പാക്കേജുകളാണ് സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്ന വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ. ഗ്രാമപ്രദേശങ്ങളിൽ വിനോദസഞ്ചാരത്തിന്റെ പ്രയോജനം പ്രാപ്യമാക്കുന്നതിനായി മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതി

ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പ്രാദേശിക ടൂറിസം സാധ്യതകൾ ജനപങ്കാളിത്തത്തോടെ കണ്ടെത്തുന്ന ടൂറിസം റിസോഴ്സ് മാപ്പിംഗും ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കലും ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. “തീർച്ചയായും കണ്ടിരിക്കേണ്ട കേരളീയ ഗ്രാമങ്ങൾ” എന്ന നിലയിൽ ഒരു ക്യാമ്പയിൻ പരിപാടി ഗ്രാമീണ ടൂറിസം വികസിപ്പിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കി തുടങ്ങുന്നുണ്ട്.

(സി) ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന പദ്ധതിയാണ് 'പെപ്പർ' (പീപ്പിൾസ് പാർട്ടിസിപ്പേറ്ററി ടൂറിസം പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം). ടൂറിസം മേഖലയിൽ കേരളം സൃഷ്ടിച്ച ജനകീയ മാതൃകകളിൽ ഏറ്റവും പുരോഗമനപരമായ ചുവടുവയ്പാണ് പെപ്പർ ടൂറിസം പദ്ധതി. ടൂറിസം വികസനം മുകളിൽനിന്നുള്ള പ്രഖ്യാപനങ്ങൾ അല്ല, മറിച്ച് പ്രാദേശിക ജനകീയ ചർച്ചകളിലൂടെ ഗ്രാമസഭകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾ തദ്ദേശസ്ഥാപനങ്ങൾ സ്വാംശീകരിച്ച് ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ സമർപ്പിക്കുകയും അവ അംഗീകരിച്ച് നിർവ്വഹണം നടത്തുകയും ചെയ്യുകയാണ് പെപ്പർ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. തങ്ങളുടെ പ്രദേശത്ത് ടൂറിസം മേഖലയിൽ നടത്തേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കാൻ ജനങ്ങൾക്കും പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പങ്കാളിത്തം നൽകുന്ന ആസൂത്രണ പ്രക്രിയയാണിത്.

**സംസ്ഥാന വിനോദസഞ്ചാരനയം**

13(*193) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിനോദ സഞ്ചാര നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ;

(ബി) മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പ്രസ്തുത നയത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്;

(സി) ടൂറിസം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുമോ;

(ഡി) ആഭ്യന്തര ടൂറിസം പ്രോത്സാഹനത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാന വിനോദ സഞ്ചായനയത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു;

(1) ടൂറിസ്റ്റുകളുടെ പ്രത്യേകത എന്തെന്ന് മനസ്സിലാക്കി നമ്മുടെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു കാഴ്ചപ്പാട് ആവിഷ്കരിക്കുക.

(2) കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉൽപ്പന്നങ്ങളായി അവതരിപ്പിക്കുക.

(3) ആരോഗ്യരംഗം ഇക്കോ ടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസം വികസിപ്പിക്കുക

(4) ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക

(5) ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുക

(6) സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം ചെയ്യുക

(7) പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുക

(8) കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാനസൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുക

(9) കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുക

(10) തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക

(11) കേരള ടൂറിസത്തിന് ബ്രാൻഡ് അംബാസിഡറെ നിയമിക്കുക

(12) മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യപദ്ധതിയുടെ ഭാഗമാക്കുക

(13) സുരക്ഷയും കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയവും നടപ്പാക്കുക

(14) ഓരോ ടൂറിസം കേന്ദ്രങ്ങളിലും പ്രത്യേക കർമ്മസേന രൂപീകരിക്കുക

(15) ഹരിത പെരുമാറ്റച്ചട്ടം മുഖാന്തിരം മാലിന്യ നിർമ്മാർജ്ജനം നിയന്ത്രിക്കുക

(16) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ടൂറിസം മേഖലയിൽ 2017-2022 കാലയളവിൽ 4 ലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കുക.

(ബി) ടൂറിസം വകുപ്പും പൊതുമേഖലാ സ്ഥാപനങ്ങളും ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഹരിതപെരുമാറ്റചട്ടത്തിന് വിധേയമാക്കി നടപ്പാക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഘട്ടംഘട്ടമായി ഉന്മൂലനം ചെയ്ത് മൂന്ന് വർഷത്തിനകം കേരളത്തിലെ ടൂറിസം കേന്ദ്രങ്ങൾ പ്ലാസ്റ്റിക് വിമുക്തമാക്കുക, കേരളത്തിലെ ടൂറിസം വകുപ്പിനും അനുബന്ധ സ്ഥാപനങ്ങളിലും ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ വിനിയോഗം, ശാസ്ത്രീയ മാലിന്യ സംസ്കരണം, മഴവെള്ള സംഭരണം, മരങ്ങൾ വച്ച് പിടിപ്പിക്കൽ എന്നിവ പ്രോത്സാഹിപ്പിക്കുക, മാലിന്യ നിർമ്മാർജ്ജനത്തിന് ഓരോ ടൂറിസം പദ്ധതിക്കും മാർഗ്ഗനിർദ്ദേശം നൽകുക എന്നിവയാണ് മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ വിനോദസഞ്ചാര നയത്തിൽ വിഭാവന ചെയ്തിട്ടുള്ള നടപടികൾ.

(സി) ടൂറിസം വകുപ്പിൽ നിലവിൽ ടൂറിസം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഇല്ല. എന്നാൽ ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ടൂറിസം റഗുലേറ്ററി അതോറിറ്റി എന്ന ആശയം നടപ്പാക്കുമ്പോൾ ടൂറിസം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ പരിഗണിക്കുന്നതാണ്.

(ഡി) ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി രാജ്യത്ത് വകുപ്പ് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ടൂറിസം വകുപ്പ് രാജ്യത്ത് നടക്കുന്ന വിവിധ ട്രേഡ് ഫെയറുകളിൽ പങ്കെടുത്ത് വരുന്നു. വിവിധ നാഷണൽ കാമ്പയിനുകൾ ഇതിന്റെ ഭാഗമായാണ് വകുപ്പ് സംഘടിപ്പിക്കുന്നത്. ഓഫ് സീസൺ പ്രൊമോഷൻ കാമ്പയിൻ, നാഷണൽ മീഡിയ കാമ്പയിൻ, റേഡിയോ കാമ്പയിൻ, പ്രിന്റ് കാമ്പയിൻ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. വിവിധ റോഡ് ഷോകളും വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്.

## പരമ്പരാഗത കയർ തൊഴിലാളികൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

14(*194) ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. എസ്. ശർമ്മ :

ശ്രീ. വി. ജോയി :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും പ്രധാന പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ യന്ത്രവത്കരണത്തോടൊപ്പം പരമ്പരാഗത തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എങ്ങനെയെന്ന് അറിയിക്കുമോ;

(ബി) ഈ വ്യവസായത്തിന്റെ പൈതൃക വിളംബരവും നവീകരണവും ലക്ഷ്യമിട്ട് സംഘടിപ്പിച്ച കയർ കേരള 2017 വഴി ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ യന്ത്രവത്കരണം നടപ്പിലാക്കുന്നതോടൊപ്പം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുള്ള ക്ഷേമപ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു രണ്ടാം പുനസംഘടനാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പരിപാടിയുടെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ കയർമേഖലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

കയർ മേഖലയുടെ സമഗ്ര വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കി, പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം കയർ പുന:സംഘടനാ പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത മേഖലയെ സംരക്ഷിച്ച് തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുന:സംഘടന നടപ്പിലാക്കുന്നത്.

(ബി) കയർ കേരള 2017-ന്റെ ഭാഗമായി പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുന്നതിലേയ്ക്ക് 120 കോടി രൂപയുടെ ധാരണാപത്രം പഞ്ചായത്ത് സെക്രട്ടറിമാരും തൊഴിലുറപ്പ് പദ്ധതിയുടെ ജെ.പി.സി.-മാരും കയർ പ്രോജക്ട് ഓഫീസർമാരും ചേർന്ന് ഒപ്പ് വയ്ക്കുകയും ടി പദ്ധതി സംസ്ഥാനത്തെ 14 ജില്ല കളിലും നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതുവഴി പരമ്പരാഗത കയർ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിന് കഴിയുന്നു. കൂടാതെ കയർ കേരളയിൽ സംഘടിപ്പിച്ച സഹകരണ സെമിനാർ വഴി കയർ മേഖലയുടെ പുന:സംഘടനയ്ക്ക് രൂപം നൽകുകയും ഇതിലൂടെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് കയർ മേഖലയിൽ സമ്പൂർണ്ണ ആധുനികവൽക്കരണം, യന്ത്രവൽക്കരണം, നവീകരണം എന്നിവയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു.

**ചകിരിയുടെ വിലവർദ്ധന**

15(*195) ശ്രീ. കെ. ആൻസലൻ :

ശ്രീ. ഇ. പി. ജയരാജൻ :

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്ത് ചകിരിയുടെ വില ക്രമാതീതമായി വർദ്ധിച്ചത് സംസ്ഥാനത്തെ കയർപിരി, ചെറുകിട ഉത്പാദന മേഖലകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ;

(ബി) ചകിരിയുടെ വിലവർദ്ധന നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ ചകിരിക്ഷാമത്തിന് പരിഹാരം കാണുന്നതിനായി ചകിരി ഇറക്കുമതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സമീപകാലത്ത് ചകിരി വില ക്രമാതീതമായി വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചകിരിയുടെ ക്ഷാമമാണ് കയർപിരിമേഖല നേരിടുന്ന പ്രധാന വെല്ലുവിളി. കയർപിരി മേഖലയും ചെറുകിട കയർ ഫാക്ടറി മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിച്ചുവരുന്നുണ്ട്. ചകിരിക്ഷാമം പരിഹരിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരിക്ഷാമം പരിഹരിക്കുന്നതിന്

നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിലവിലെ പ്രതിസന്ധി തരണം ചെയ്യുന്നതിന് കയർഫെഡിന്റെ നേതൃത്വത്തിൽ ആഗോള ടെൻഡർ ക്ഷണിച്ച് കുറഞ്ഞ വിലയ്ക്ക് സംഘങ്ങൾക്ക് ചകിരി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. കയർഫെഡ് യഥാസമയം ചകിരി സംഭരിച്ച് വിതരണം ചെയ്തത് വിലക്കയറ്റ പ്രവണതയെ പിടിച്ചുനിർത്താൻ സഹായിച്ചു.

(ബി) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരി ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ച് സ്വയംപര്യാപ്തത നേരിടുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി വൻകിട ഉൽപ്പാദനശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും, ചെറുകിട ഇടത്തരം ശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും സംസ്ഥാനത്ത് സ്ഥാപിക്കുകയാണ്. കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ പൊന്നാനി പ്രോജക്ടിന്റെ പരിധിയിലുള്ള വടവന്നൂരിൽ പ്രതിദിനം 30000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്. ഈ യൂണിറ്റിന്റെ മൊത്തം ശേഷി തൊണ്ടിന്റെ ലഭ്യതയനുസരിച്ച് 60000 തൊണ്ട് എന്ന നിലയ്ക്ക് ഉയർത്തുന്നതിന് കഴിയുന്നതാണ്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ബേപ്പൂർ ഡിവിഷനിൽ 30000 തൊണ്ടുകൾ ഒരു ഷിഫ്റ്റിൽ സംസ്കരിക്കുവാൻ കഴിയുന്ന ഡി.എഫ്. യൂണിറ്റ് സ്ഥാപിക്കുന്നു. കുടുംബശ്രീ, സ്വയം സഹായ സംഘങ്ങളുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് ചെറുകിട ചകിരി ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി ആയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഇപ്രകാരമുള്ള ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വരുന്ന മൂന്നുവർഷം കൊണ്ട് 1000 ചകിരി ഉൽപ്പാദക യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) ചകിരി വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ആഗോള ടെൻഡർ വിളിച്ച് കയർഫെഡ് വഴി സംഘങ്ങൾക്ക് ചകിരി ന്യായവിലയ്ക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ കയർഫെഡ് ചകിരി വിതരണം ചെയ്തുവരുന്നുണ്ട്.

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ശാന്തി നിയമനം**

16(*196) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ ശാന്തി നിയമനത്തിൽ ഉണ്ടാക്കിയ നയപരമായ പരിഷ്കാരം എന്താണെന്ന് അറിയിക്കാമോ;

(ബി) പട്ടികജാതിയിൽപ്പെട്ടവരെ ശാന്തിക്കാരായി നിയമിച്ച കാര്യം ദേശീയ തലത്തിൽ ചർച്ചയായ സ്ഥിതിക്ക്, ഈ മാതൃക സംസ്ഥാനത്തെ മറ്റ് ദേവസ്വം ബോർഡുകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിയമനം കാര്യക്ഷമവും സുതാര്യവുമായി നടത്തുന്നതിന് പുതുതായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ദേവസ്വം ബോർഡുകളും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡും അഴിമതി മുക്തമാക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്ന്അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. കടകംപള്ളി സുരേന്ദ്രൻ):</u> (എ)&(ബി) ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ ശാന്തി നിയമനം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ നിയമനങ്ങൾ സർക്കാർ നിയമനങ്ങളിൽ ഹിന്ദുമതത്തിലെ വിവിധ വിഭാഗങ്ങൾക്കനുവദിക്കുന്ന സംവരണതത്വം പാലിച്ചാണ് നടത്തുന്നത്. ഇപ്രകാരം നിയമനം നടത്തുന്നതിനായി ബന്ധപ്പെട്ട ബോർഡുകൾ നിയമനത്തിനുള്ള ഒഴിവുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി ശാന്തി നിയമനം നടത്തുകയും ഇതുവഴി ദളിത് പിന്നോക്കക്കാർ ഉൾപ്പെടെയുള്ളവർക്ക് ശാന്തിക്കാരായി നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. മറ്റ് ദേവസ്വം ബോർഡുകളിലെയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് സംവരണതത്വം പാലിച്ച തന്നെയാണ് നിയമനം നടത്തുന്നത്.

(സി) സംസ്ഥാനത്തെ എല്ലാ ദേവസ്വം ബോർഡുകളിലേയും പരമ്പരാഗത തസ്തികകളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ ദേവസ്വം ബോർഡുകൾ നേരിട്ട് നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേയ്ക്കുമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(ഡി) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ അഴിമതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ദേവസ്വം ബോർഡുകളുടെ കാര്യങ്ങളിൽ ശ്രദ്ധയിൽ പ്പെടുന്ന അഴിമതി ആരോപണങ്ങളിൽ നിയമാനുസൃത നടപടി സ്വീകരിച്ചു വരുന്നുണ്ട്.

## കിഫ്ബിയിലേയ്ക്കുള്ള ധനസമാഹരണം

17(*197) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നൂതന സംരംഭമായ കിഫ്ബിയുടെ പ്രധാന സ്രോതസ്സായ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പ്രതീക്ഷിച്ചതുപോലെ പ്രാവർത്തികമായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കെ.എസ്.എഫ്.ഇ.യുടെ ഇടപാട് ഒരു ലക്ഷം കോടി രൂപയായി ഉയർത്തുമെന്ന ലക്ഷ്യം നേടാനായി ഏർപ്പെടുത്തിയ വിപുലീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) കിഫ്ബിയിലേക്കുള്ള ധനസമാഹരണത്തിന് മസാല ബോണ്ട്, വിദേശ നിക്ഷേപം തുടങ്ങിയവ എങ്ങനെ പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 2017-18 ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി സർക്കാർ കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. രണ്ടു ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ സലയുള്ള ചിട്ടികളാണ് നിലവിൽ കിഫ്ബിക്കുവേണ്ടി സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യ വർഷം തന്നെ ഒരു ലക്ഷം പ്രവാസികളെയെങ്കിലും ചിട്ടിയിൽ ചേർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പ്രവാസി ബന്ധു സംഗമങ്ങൾ നടത്തുന്നതിലൂടെ പ്രവാസി ചിട്ടിയുടെ സന്ദേശം അവരുടെ ഗൃഹങ്ങളിൽ എത്തിക്കാൻ കഴിഞ്ഞിരിക്കുന്നു. പ്രവാസികൾക്ക് തുടങ്ങാൻ പോകുന്ന വിവിധങ്ങളായ ചിട്ടികളെ പരിചയപ്പെടുത്തുന്നതിനും അവരുടെ താൽപ്പര്യം രേഖപ്പെടുത്തിന്നതിനുമായുള്ള

വെബ്സൈറ്റ് ഇപ്പോൾ ലഭ്യമാണ്. മറ്റ് അനുബന്ധ പ്രവർത്തനങ്ങളായ സോഫ്റ്റ്‌വെയർ നിർമ്മാണം അന്തിമ ഘട്ടത്തിലും പ്രത്യേക ഓഫീസ് തുടങ്ങിയവ സജ്ജമായിക്കൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തിക വർഷാവസാനത്തോടെ ചിട്ടി ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രവാസി ചിട്ടിയുടെ അവതരണത്തിനൊപ്പം തന്നെ നിവാസിച്ചിട്ടികളിലും വലിയ ബിസിനസ്സ് കുതിപ്പ് ഉണ്ടാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. പുതുതായി ആരംഭിച്ച നറുക്ക് ലേലച്ചിട്ടികളുടെ അവതരണങ്ങളും പൊന്നോണ ചിട്ടി പോലുള്ള ബ്രാൻഡ് ചിട്ടികളുടെ അവതരണവും അതിനെ വൻതോതിൽ സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു. ഭവന വായ്പയിലും മറ്റും ഇപ്പോൾ തന്നെ വലിയ പുരോഗതി ദർശിക്കാൻ കഴിയുന്നുണ്ട്. സ്വർണ്ണ വായ്പ കൂടുതൽ ആകർഷകമാക്കി അവതരിപ്പിക്കുന്നതോടെ അതും അതുപോലെ മറ്റ് വായ്പാ പദ്ധതികളും വലിയ നിലയിൽ വികസിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രവാസി ചിട്ടിയുടെ അവതരണം, പരിഷ്കരിച്ച നിവാസി ചിട്ടി, ആകർഷകരമായ വായ്പാ നിക്ഷേപ പദ്ധതികൾ എന്നിവയിലൂടെ അടുത്ത മൂന്ന് വർഷക്കാലം കൊണ്ട് ഈ ലക്ഷ്യം നേടാൻ കഴിയുമെന്ന് പ്രതീക്ഷയിലാണ് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്.

(സി) വിദേശ നിക്ഷേപത്തിലൂടെയുള്ള ധനസമാഹരണത്തിന്റെ ഭാഗമായി സിംഗപ്പൂർ, യു.കെ. എന്നീ വിദേശ രാജ്യങ്ങളിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനാണ് കിഫ്ബി ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി ബന്ധപ്പെട്ട അന്തർദേശീയ റേറ്റിംഗ് ഏജൻസികളുടേയും മർച്ചന്റ് ബാങ്കുകളുടേയും പ്രതിനിധികളുമായുള്ള ചർച്ചകൾ നടന്നുവരുന്നു. സാധ്യമായ മറ്റ് മാർഗ്ഗങ്ങളിലൂടെ ആദായകരമായ വിദേശനിക്ഷേപം സമാഹരിക്കുന്ന കാര്യങ്ങളും ആലോചനയിലുണ്ട്.

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്

18(*198) ശ്രീ. അൻവർ സാദത്ത് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗിൽ സംസ്ഥാനത്തിന്റെ നിലവിലെ റാങ്ക് എത്രയാണ്; അത് മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) വ്യവസായ ക്ലിയറൻസിനുള്ള പരമാവധി സമയപരിധി മുപ്പത് പ്രവൃത്തി ദിവസമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഓൺലൈൻ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) സംസ്ഥാനം ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ, ലോക കേരള സഭയിലെ വ്യവസായ പ്രമുഖരെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) എങ്കിൽ സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണ നടപടികൾക്ക് ഇതിലൂടെ എത്ര മാത്രം ഉത്തേജനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) രാജ്യത്തെ വ്യവസായ സൗഹൃദാന്തരീക്ഷത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന സൂചികയാണ് "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്". വ്യവസായ അനുകൂല സാഹചര്യങ്ങൾ നൽകുകവഴി നിക്ഷേപത്തിന് ആക്കം കൂട്ടുന്നതിനും അതുവഴി ലോക റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് കേന്ദ്ര സർക്കാർ ഇത് ആവിഷ്കരിക്കുന്നത്. വ്യവസായ സംരംഭങ്ങൾക്കുള്ള സൗകര്യങ്ങളുടെയും സമയബന്ധിതമായി അനുമതി നൽകുന്നതിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പട്ടികപ്പെടുത്തിയിട്ടുണ്ട്.

2016-ൽ ഡി.ഐ.പി.പി. തയ്യാറാക്കിയ 340 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 20 ആയിരുന്നു. 2016-ൽ കേരളം 26.97 ശതമാനം മാർക്കാണ് നേടിയത്. 2017-ൽ ഡി.ഐ.പി.പി. നൽകിയ 372 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ റാങ്കിംഗ് ഇപ്പോൾ നടന്നു വരികയാണ്. 2017-ലെ വിലയിരുത്തലിൽ കേരളം ഇതുവരെ 47 ശതമാനം മാർക്ക് നേടിയിട്ടുണ്ട്. ഡി.ഐ.പി.പി.-യുടെ റാങ്കിംഗ് നിർണ്ണയം പൂർത്തിയായാൽ മാത്രമേ 2017-ലെ കേരളത്തിന്റെ റാങ്കും നേടിയ മാർക്കിന്റെ ശതമാനവും കണക്കാക്കപ്പെടുകയുള്ളൂ. വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് സംസ്ഥാനത്തെ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി വിവിധ വകുപ്പുകളിലെ നിലവിലുള്ള നിയമങ്ങൾ/ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയിൽ മാറ്റങ്ങൾ വരുത്തുന്നതിനായി പഠനം നടത്തിയിരുന്നു. അതനുസരിച്ച് ലഭിച്ച നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും അടങ്ങിയ പഠന റിപ്പോർട്ട് ഉന്നതതലങ്ങളിൽ വിവിധ വകുപ്പദ്ധ്യക്ഷൻമാരുടേയും സെക്രട്ടറി തലങ്ങളിലും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെട്ട പരിഷ്കാര നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയുണ്ടായി.

നടപടിക്രമങ്ങൾ ലളിതവും വേഗത്തിലുമാക്കുന്നതിനായി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് 2017 വിജ്ഞാപനം ചെയ്തു. ഇത് ഈ നിയമസഭാ സമ്മേളന കാലയളവിൽ ബിൽ ആയി അവതരിപ്പിക്കുകയുണ്ടായി.

(ബി&സി) ഉണ്ട്. ഏകജാലക സംവിധാനം വഴിയും ക്ലിയറൻസുകൾ 30 ദിവസത്തിനുള്ളിൽ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിനുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിനായി ഓൺലൈൻ സംവിധാനവും അപേക്ഷളിന്മേൽ ഫലപ്രദമായും സമയബന്ധിതമായും പരിശോധന നടത്തുന്നതിനായി "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (IPFC)" രൂപീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ജില്ലാ സമിതിയും ഉണ്ടായിരിക്കും. ഇതുവഴി അനുമതികൾ വേഗത്തിലും അവയുടെ പുരോഗതി സംരംഭകർക്ക് വേഗം മനസ്സിലാക്കുവാനും കഴിയും.

ഓൺലൈൻ സംവിധാനവും പൊതുവായുള്ള ഒരു അപേക്ഷാഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാ ഫോറം) നടപ്പിലാക്കുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനെ നിയോഗിച്ചിട്ടുണ്ട്.

(ഡി & ഇ) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പ്രകാരം സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ലോക കേരള സഭയിൽ അവതരിപ്പിച്ചിരുന്നു. ഇത് മുഖേന സംസ്ഥാനത്ത് വ്യാവസായിക സംരംഭങ്ങൾക്ക് മുതൽമുടക്കാൻ താൽപ്പര്യമുള്ള നിക്ഷേപകരെ ആകർഷിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

**കളിയിലൂടെ ആരോഗ്യം പദ്ധതി**

19(*199) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിയിലൂടെ ആരോഗ്യം പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കുട്ടികളെ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സ്കൂൾ കായികരംഗം സമൂലമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) എല്ലാ ജില്ലകളിലും വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) ഉണ്ട്. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായിക അഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു. നടപ്പ് സാമ്പത്തികവർഷം സംസ്ഥാനത്തെ 25 സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 1.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സിഡ്കോയെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്കൂൾ കുട്ടികളെ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പരിശീലനം നൽകുന്നതിന് സർക്കാർ സ്കൂളുകളിലെ മുഴുവൻ തസ്തികകളിലും അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. കൂടാതെ കായിക അദ്ധ്യാപക തസ്തികകളില്ലാത്ത സ്കൂളുകളിൽ എസ്.എസ്.എ.വഴി പാർട്ട്-ടൈം കായിക അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ മത്സര ഇനങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി കേരള സ്കൂൾ സ്പോർട്സ് മാന്വൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്കൂൾ കുട്ടികളെ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി ആവിഷ്കരിച്ച് 'ഖേലോ ഇന്ത്യ' മത്സരങ്ങളിൽ ദേശീയ തലത്തിൽ മികവ് തെളിയിച്ച 121 കുട്ടികളെ ഈ വർഷം പങ്കെടുപ്പിക്കുകയുണ്ടായി.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ജി. വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ. ജി.വി.എച്ച്.എസ്.എസ്. (സ്പോർട്സ്), കണ്ണൂർ എന്നിവയുടെ ഭരണ നിയന്ത്രണ ചുമതല പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും കായിക വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുംവിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്നതിന്റെ ഭാഗമായി മികച്ച കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടുതൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. രണ്ട് സ്കൂളുകളിലും ഹോസ്റ്റലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ടി സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് ക്ലാസ് റൂം, അറ്റൻഡൻസ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരുന്നു.

കായിക അദ്ധ്യാപകരുടെ കുറവ് നികത്തുന്നതിനായി ഓരോ കായിക ഇനത്തിലും ആവശ്യമായ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജി.വി. രാജാ സ്പോർട്സ് സ്കൂളിലെ 2 ബാസ്കറ്റ് ബോൾ കോർട്ട്, ഇൻഡോർ ഹാൾ, ഹോക്കി കോർട്ട്, വോളിബോൾ കോർട്ട് എന്നിവയുടെ നവീകരണം നടന്നുവരുന്നു.

(ഡി) അടിസ്ഥാന കായിക സൗകര്യങ്ങളുടെ വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം നിർമ്മിക്കുന്നതാണെന്ന് 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു.

തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലാ സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരവും ലഭിച്ചിട്ടുണ്ട്. കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സ്റ്റേഡിയം നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടില്ലാത്ത പാലക്കാട്, എറണാകുളം ജില്ലകളൊഴികെയുള്ള മറ്റ് ജില്ലകളിലെ സ്റ്റേഡിയങ്ങളുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ടൂറിസം മേഖലയിലെ തൊഴിൽ-നിക്ഷേപ സാദ്ധ്യതകൾ

20(*200) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. വി. ജോയി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് അനുയോജ്യമായ തൊഴിൽ വിനോദസഞ്ചാര മേഖലയിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം മേഖലയിലെ തൊഴിൽ-നിക്ഷേപ സാധ്യതകളെക്കുറിച്ച് ശരിയായ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ കിറ്റ്സ് പോലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സംരഭകത്വം, ടൂറിസം, അനുബന്ധ ഉൽപ്പന്നങ്ങളുടെ ഉല്പാദനം, സംഭരണം, വിപണനം, ടൂറിസം വ്യവസായ സ്ഥാപനങ്ങളിലെ നേരിട്ടുള്ള വിവിധ തൊഴിലുകൾ എന്നിവയെല്ലാം ടൂറിസത്തിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ തൊഴിൽ സാധ്യതയായി കണ്ടെത്തിയിട്ടുണ്ട്. ഇതിലേയ്ക്കായി ഉത്തരവാദിത്ത ടൂറിസം മിഷൻ വിവിധ പരിശീലന പരിപാടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമെ ഒരു ഓൺലൈൻ ഹ്യൂമൻ റിസോഴ്സസ് ഡയറക്ടറിയും തയ്യാറാക്കുന്നുണ്ട്. ഇതൊരു ഓൺലൈൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോലെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കും. താമസസൗകര്യം ഒരുക്കൽ, ടൂർ പാക്കേജിംഗ്, അനുബന്ധ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം, മാലിന്യ സംസ്കരണം, കുടിവെള്ള സൗകര്യം ഒരുക്കൽ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവാസകളുടെയും താൽപ്പര്യമുള്ള സംരംഭകരുടേയും സഹായത്തോടെ മുന്നേറ്റം കൊണ്ടുവരുന്നതിന് കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ്‌വർക്ക് നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടൂർ ഗൈഡിംഗ്, സ്റ്റോറി ടെല്ലിംഗ്,

നാച്ചുറലിസ്റ്റ്, ബേർഡ് വാച്ചിംഗ് എസ്കോർട്ട് തുടങ്ങിയവയുള്ള പരിശീലനങ്ങളും ആരംഭിക്കുന്നതാണ്. സ്റ്റാർട്ട് അപ് മിഷനുമായി ചേർന്ന് യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും മിഷൻ നടപ്പാക്കും. എക്സ്പീരിയൻഷ്യൽ ടൂറുകൾക്ക് പ്രാധാന്യം നൽകുന്ന സംരംഭങ്ങൾ ഇതിന്റെ ഭാഗമായി ആരംഭിക്കും.

ടൂറിസവുമായി ബന്ധപ്പെട്ട് തൊഴിൽ അധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾ ശക്തമാക്കാനും പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ജോബ് ഫെയർ, കരിയർ റിക്രൂട്ട്മെന്റ് ഡ്രൈവ്, ടൂറിസം സംരംഭകരുമായി സംവദിക്കുന്നതിനുള്ള അവസരം എന്നിവയും കിറ്റ്സ് ഒരുക്കിയിട്ടുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് വിനോദ സഞ്ചാര മേഖലയിൽ അനുയോജ്യമായ തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി കിറ്റ്സ് ഒരു ഹ്യൂമൻ റിസോഴ്സ് പോർട്ടൽ ആരംഭിക്കുന്നതാണ്. ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് ഈ മേഖലയിൽ അനുയോജ്യമായ തൊഴിൽ കണ്ടെത്താവുന്നതാണ്.

(ബി) ടൂറിസം മേഖലയിൽ തൊഴിൽ-നിക്ഷേപ സാധ്യതകളെക്കുറിച്ച് ശരിയായ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി വകുപ്പുതലത്തിൽ ജില്ലാ-പ്രാദേശിക അവബോധന ശില്പശാലകൾ, ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന പ്രാദേശിക ശില്പശാലകൾ, സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ എന്നിവ നടത്തിവരുന്നു.

(സി) നിലവിലുള്ള എം.ബി.എ./ബി.ബി.എ. കോഴ്സുകൾക്ക് പുറമേ കേരള സർവ്വകലാശാലയുടെ കീഴിൽ പുതുതായി ബി.കോം (ട്രാവൽ ആന്റ് ടൂറിസം) കോഴ്സ് ആരംഭിക്കുന്നതിനുള്ള അപേക്ഷ കിറ്റ്സ് സമർപ്പിച്ചിട്ടുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട് തൊഴിൽ അധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾ ശക്തമാക്കാനും പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് തൊഴിൽ ഉറപ്പാക്കുന്ന തിനുമുള്ള നടപടികളുടെ ഭാഗമായി ജോബ് ഫെയർ, കരിയർ റിക്രൂട്ട്മെന്റ് ഡ്രൈവ്, ടൂറിസം സംരംഭകരുമായി സംവദിക്കുന്നതിനുള്ള അവസരം എന്നിവ കിറ്റ്സ് ഒരുക്കിയിട്ടുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് വിനോദസഞ്ചാര മേഖലയിൽ അനുയോജ്യമായ തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി കിറ്റ്സ് ഒരു ഹ്യൂമൻ റിസോഴ്സ് പോർട്ടൽ ഉടൻ ആരംഭിക്കുന്നതാണ്. ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അനുയോജ്യമായ തൊഴിൽ കണ്ടെത്താവുന്നതാണ്.

അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി അന്തർദേശീയ നിലവാരം പുലർത്തുന്ന പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. പുതിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം നടന്നുവരുന്നു. അത്യാധുനിക രീതിയിലുള്ള ആംഫി തിയേറ്റർ പ്രവർത്തന സജ്ജമാക്കി.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങളിൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തിവരുന്നു.

## മലബാർ മേഖലയിൽ രാജ്യാന്തര നിലവാരമുള്ള സ്റ്റേഡിയം

21(*201) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ കായികരംഗത്തെ വികസനത്തിനായി രാജ്യാന്തര നിലവാരമുള്ള സ്റ്റേഡിയം വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ&ബി) ഉണ്ട്. മലബാർ മേഖല ഉൾപ്പെടുന്ന എല്ലാ ജില്ലകളിലും കായിക രംഗത്തെ വികസനത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

(1) മലപ്പുറം പി. മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം

(2) കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം

(3) വയനാട് സി. കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം

(4) കണ്ണൂർ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം

(5) പാലക്കാട് കെ. കെ. പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം

(6) കാസർഗോഡ് എം. ആർ. സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം

ഇവയിൽ മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയത്തിന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. കിറ്റ്കോ തയ്യാറാക്കിവരുന്നു.

## കൈത്തറി നെയ്ത്തുകാർക്ക് പ്രോത്സാഹനം

22(*202) ശ്രീ. വി. ടി. ബൽറാം :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. എം. വിൻസെന്റ് :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്ത്തുകാർ അധികമായി വസിക്കുന്ന മേഖലകളിൽ ഇന്റഗ്രേറ്റഡ് ഹാൻഡ് ലൂം വില്ലേജ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് അത് സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ദേശീയ-അന്തർ ദേശീയ വിപണിയോട് മത്സരിക്കുവാൻ കൈത്തറി ഉൽപ്പന്നങ്ങളെ പ്രാപ്തമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ആഗോളനിലവാരത്തിലുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് കൈത്തറി നെയ്ത്തുകാർക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) കേരളത്തിൽ നെയ്ത്തുകാർ അധികമായി വസിക്കുന്ന മേഖലയിൽ ഒരു ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം വില്ലേജ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഹാന്റ്ലൂം വീവേഴ്സ് യാൺ സംഘത്തിന്റെ സ്ഥലത്ത് പദ്ധതി ആരംഭിക്കുന്നതിനായി സ്ഥലം വാങ്ങി നിർമ്മാണ പ്രവർത്ത നങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുത്ത് കൈത്തറി ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു. 2017-18 വർഷത്തിൽ 'ഹാന്റ്ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ' ഗുജറാത്തിൽ സംഘടിപ്പിച്ച 'ടെക്സ്റ്റൈൽ ഇന്ത്യാ ട്രേഡ് ഫെയർ', ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയർ എന്നീ മേളകളിൽ വിവിധ കൈത്തറി സഹകരണസംഘങ്ങൾ പങ്കെടുക്കുകയും ആയതിന് വിവിധ കൈത്തറി സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുമുണ്ട്. കൂടാതെ കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹനം ലക്ഷ്യമാക്കി സംഘങ്ങൾ കയറ്റുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ മൂല്യത്തിന്റെ 20 ശതമാനം എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്ന പദ്ധതിയും

നടപ്പിലാക്കുന്നു. ഈ ഇനത്തിൽ 2 കൈത്തറി സഹകരണസംഘങ്ങൾക്കായി 10 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കേരളത്തിലെ തനതായ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി) (എൻ.ഐ.എഫ്.റ്റി.) യുമായി ചേർന്ന് 75 ഇനം കൈത്തറി ഉൽപ്പന്നങ്ങൾ ബ്രാൻഡിംഗ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ആഗോള നിലവാരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കൈത്തറി നെയ്ത്തുകാർക്ക് പ്രോത്സാഹനം നൽകുന്നതിനായി "മൂല്യവർദ്ധിതവും അധിക മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രചോദനവും" എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

## ചെറുകിട വ്യവസായങ്ങളുടെ അതിജീവനത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ

23(*203) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. വി. അൻവർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങളുടെ അതിജീവനത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) വ്യവസായ പുരോഗതിക്ക് കെ.എസ്.ഐ.ഡി.സി. നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(സി) കേരള വ്യവസായ പ്രോത്സാഹന സഹായ നിയമം (KIPFA), ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നിന്നും ഉല്പാദക സംസ്ഥാനമായി പരിണമിപ്പിക്കാൻ എത്രമാത്രം സഹായകരമാകാനിടയുണ്ടെന്ന് അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി, മറ്റ് ഭൗതിക സാഹചര്യങ്ങൾ, പ്രകൃതി വിഭവങ്ങൾ, ജനസംഖ്യാപരമായ പ്രത്യേകതകൾ, സ്ഥിതിവിവരക്കണക്കുകൾ തുടങ്ങിയവ കണക്കിലെടുത്താൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയ്ക്ക് അനുകൂല സാഹചര്യമാണ് നിലവിലുള്ളത്. ഭക്ഷ്യസംസ്കരണരംഗത്ത് ഇന്ത്യയിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിനിൽക്കുന്നു. സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ കാര്യത്തിലും

കേരളം രാജ്യത്ത് ഇതരസംസ്ഥാനങ്ങളേക്കാൾ വളരെ മുന്നിലാണ്. ഇങ്ങനെ ചെറുകിട വ്യവസായരംഗത്തെ വളർച്ചയ്ക്ക് വേണ്ടി വകുപ്പ് പ്രവർത്തിക്കുന്നതിനോടൊപ്പം തന്നെ ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിനായി അവയെ സഹായിക്കുക എന്ന ഉദ്ദേശത്തോടുകൂടി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ പൊതുമേഖലയിലുള്ള ബാങ്കുകളുമായി സഹകരിച്ച് റിസർവ് ബാങ്ക് മാനദണ്ഡ പ്രകാരം സ്ട്രെസ്ഡ് അസറ്റ് മാനേജ്മെന്റ് കമ്മിറ്റികൾ (Stressed Asset Management Committee) പ്രവർത്തിക്കുന്നുണ്ട്. ഇത്തരം കമ്മിറ്റികളിൽ വൈദഗ്ധ്യമുള്ള അംഗങ്ങൾ എന്ന നിലയിൽ ജില്ലാ വ്യവസായ കേന്ദ്രം ഉദ്യോഗസ്ഥർ സേവനം അനുഷ്ഠിക്കുന്നു. ഇതോടൊപ്പം തന്നെ സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്കുവേണ്ടി വകുപ്പ് താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

- സംരംഭകത്വ സഹായ പദ്ധതി
- ഇ.ഡി. ക്ലബ്
- ഇൻകുബേഷൻ സെന്ററുകൾ
- ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം
- വ്യവസായ ജാലകം പദ്ധതി
- പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ട്
- പശ്ചാത്തല വികസന പദ്ധതികൾ
- വ്യവസായ പ്രദർശന മേളകൾ
- ആഷ പദ്ധതി

(ബി) സംസ്ഥാനത്തെ വ്യവസായ പുരോഗതിക്കായി വിവിധങ്ങളായ പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും ക്ലിയറൻസുകൾ നൽകുന്നത് സുഗമമാക്കിയും ആകർഷകമായ പാക്കേജുകളിലൂടെ നിക്ഷേപകർക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കിയും വിവിധ വ്യവസായ വിഭാഗങ്ങളുമായി നിരന്തര സമ്പർക്കം പുലർത്തിയും സംസ്ഥാനത്ത് ചലനാത്മകമായ വ്യാവസായിക

അന്തരീക്ഷം സൃഷ്ടിച്ചുവരുന്നു. 1961-ൽ സ്ഥാപിതമായ കെ.എസ്.ഐ.ഡി.സി. വിവിധ സർക്കാർ വകുപ്പുകളിൽനിന്ന് ലഭ്യമാക്കേണ്ട അനുമതികളും ആനുകൂല്യങ്ങളും ലഭ്യമാക്കി ഇടത്തരവും വലുതുമായ വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്ക് വലിയ തോതിലുള്ള സഹായമാണ് ചെയ്തുവരുന്നത്. കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളായി കെ.എസ്.ഐ.ഡി.സി. 75-ഓളം വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വ്യവസായ വളർച്ചയുടെ ഗതിവേഗത്തിന് വിഘാതമായി നിൽക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നാണ് ലൈസൻസുകളും ക്ലിയറൻസുകളും ലഭിക്കുന്നതിനുള്ള കാലതാമസം. ഈ തടസ്സങ്ങളെ മറികടക്കാൻ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് പുറപ്പെടുവിക്കുകയും ഇത് നിയമസഭയുടെ മുമ്പാകെ ചർച്ചയ്ക്ക് ബില്ലായി അവതരിപ്പിക്കുകയുമുണ്ടായി. ഇത് നിയമമാകുന്നതുവഴി വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ഉണ്ടാകുകയും കേരളത്തെ ഒരു ഉൽപ്പാദക സംസ്ഥാനമാക്കുകയും ചെയ്യും.

സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിനുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിനായി ഓൺലൈൻ സംവിധാനവും അപേക്ഷകളിന്മേൽ ഫലപ്രദമായും സമയബന്ധിതമായും പരിശോധന നടത്തുന്നതിനായി "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ-ഉം (IPFC)" രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ജില്ലാ സമിതിയും ഉണ്ടായിരിക്കും. ഇതുവഴി അനുമതികൾ വേഗത്തിലും അവയുടെ പുരോഗതി സംരംഭകർക്ക് വേഗം മനസ്സിലാക്കുവാനും കഴിയും.

ഓൺലൈൻ സംവിധാനവും പൊതുവായുള്ള ഒരു അപേക്ഷാ ഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാ ഫോറം) നടപ്പിലാക്കുന്നതുവഴി സംസ്ഥാനം നിക്ഷേപസൗഹൃദമാകുമെന്നും തൊഴിലവസരങ്ങളും വരുമാനവും ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളെ വികസിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും നടപടികൾ

24(*204) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ വികസിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത നടപടികൾ മൂലം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്;

(സി) മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉയർന്ന മാനേജ്മെന്റ് കേഡറിലേക്കുള്ള ഉദ്യോഗസ്ഥരുടെ തെരഞ്ഞെടുപ്പ് സുതാര്യമാക്കുന്നതിന് സ്ഥിരം പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;

(ഇ) ബന്ധു നിയമനം തുടങ്ങിയ ആരോപണങ്ങൾ ഒഴിവാക്കുന്നതിന് ഈ സംവിധാനം എത്രമാത്രം സഹായകമായിട്ടുണ്ട്; വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അവയുടെ വിപുലീകരണത്തിനും പുനരുദ്ധാരണത്തിനും പ്രഥമ പരിഗണനയാണ് നൽകിവരുന്നത്. ഇതിനുവേണ്ടി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം റിയാബ് മുഖേന നടത്തി അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നീ നടപടികൾ നടപ്പിലാക്കി വരുന്നു. ഇതിനായി മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ പദ്ധതി വിഹിതം നൽകിവരികയും ചെയ്യുന്നു.

ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം റിയാബ് മുഖേന എല്ലാ മാസവും അവലോകനം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ സഹായകരമായിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിൽ, പ്രത്യേക അവലോകനങ്ങൾ നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നുനൽകുവാൻ സഹായകമായിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. മുൻ സാമ്പത്തിക വർഷം പദ്ധതി വിഹിതം 100 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

ടെക്സ്റ്റൈൽ മേഖലയിലെ പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾക്ക് 15 കോടി രൂപയുടെ അധിക ധനസഹായം 2016-17-ൽ നൽകുക വഴി അവ തുറന്ന് പ്രവർത്തിച്ചു. ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ച ശ്രീ. പി. നന്ദകുമാർ ചെയർമാനായ വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് 2017 മേയ് മാസം സർക്കാരിനു സമർപ്പിക്കുകയും അതിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീ. പി. നന്ദകുമാർ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തിന്നതിന്റെയും അഴിമതി തടയുന്നതിന്റെയും ഭാഗമായി സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി അറിയുന്നതിനുവേണ്ടി കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി ആഡിറ്റ് നടത്തുന്നതിനായി കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. വാണിജ്യ ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും മാനേജ്മെന്റിന്റെ കാര്യക്ഷമത കൂട്ടുന്നതിനുമായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള സംവിധാനങ്ങളും ഉപയോഗിച്ചു വരുന്നു.

(ബി) സർക്കാർ സ്വീകരിച്ച നടപടികൾമൂലം കമ്പനികളുടെ വിറ്റുവരവും ലാഭവും വർദ്ധിപ്പിക്കാനും നഷ്ടം കുറയ്ക്കാനും സാധിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ടെൽക്ക്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷം ലാഭത്തിലാണ് പ്രവർത്തിച്ചത്. 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടി രൂപയിൽനിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടി രൂപയായി കുറയ്ക്കുവാൻ സാധിച്ചു. 2017-18 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിലെ ആഡിറ്റിനുമുൻപുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം ലാഭം 34.19 കോടി രൂപയാണ്.

(സി) മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളിലും അവയുടെ നിലവിലെ വിറ്റുവരവ് വർദ്ധിപ്പിച്ച് കൂടുതൽ ലാഭകരമായ പ്രവർത്തനത്തിനാവശ്യമായ വിപുലീകരണ-നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നു.

<u>കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്</u> : നിലവിലുള്ള പ്ലാന്റിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് പുറമേ കമ്പനിയുടെ നിലവിലുള്ള പിഗ്മെന്റ് ഉൽപ്പാദനശേഷി ഉയർത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു "കോംപ്ലക്സ് " സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായി

ഉന്നതതല കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി കൊല്ലം ജില്ലയിൽ പന്മന വില്ലേജിലെ 180 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി കിൻഫ്രയെ ചുമതലപ്പെടുത്തി. പദ്ധതിയുടെ മാർക്കറ്റ് സ്റ്റഡി നടത്തുന്നതിനുവേണ്ടി 'ക്രിസിൽ' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. 'ക്രിസിൽ' സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് തത്വത്തിൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

മലബാർ സിമെന്റ്സ് ലിമിറ്റഡിൽ വാളയാർ യൂണിറ്റിൽ നിലവിലുള്ള ശേഷി ഇരട്ടിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ നിലവിലുള്ള പ്ലാന്റിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോപ്പറസ് റിക്കവറി പ്ലാന്റ് നടപ്പിൽ വരുത്തുന്നതിനും ടൈറ്റാനിയം ഡയോക്സൈഡ് പ്ലാന്റിന്റെ നവീകരണത്തിനുമുള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ HCL Synthesis Unit ആരംഭിക്കുന്നതിനുള്ള പദ്ധതി പരവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ നിലവിലുള്ള ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറായിവരുന്നു.

കൂടാതെ മറ്റ് പ്രധാന സ്ഥാപനങ്ങളായ ടെൽക്ക്, കെ.എസ്.ഡി.പി., കെൽട്രോൺ മുതലായ സ്ഥാപനങ്ങളിലും അതാത് മേഖലകൾക്ക് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി&ഇ) ഇല്ല. 15-10-2016-ലെ സ. ഉ. (പി.) നമ്പർ 45/2016/ആ.സാ.വ. ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ നിയമനങ്ങളിലേയ്ക്ക് ദേശീയ തലത്തിൽ അംഗീകാരമുള്ള സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി. ടി സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണെന്നും അത്തരത്തിൽ നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്തി പ്രൊഫഷണലുകളെ നിയമിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്.

## ഇ-വേ ബിൽ സംവിധാനത്തിനുള്ള മേന്മകൾ

25(*205) ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സംവിധാനത്തിൽ നിന്ന് വ്യത്യസ്തമായി എന്തൊക്കെ മേന്മകളാണ് ഇ-വേ ബിൽ സംവിധാനത്തിന് ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) ചരക്ക് വിൽക്കുന്നയാൾ ഇ-വേ ബിൽ എടുക്കുന്നില്ലെങ്കിൽ, വാങ്ങുന്ന യാളിനോ, ചരക്ക് നീക്കം നടത്തുന്നയാളിനോ ഇ-വേ ബിൽ എടുക്കുന്നതിന് സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ചരക്ക് സ്വീകരിക്കുന്ന ആളുടെ പേരിൽ തെറ്റായ വിവരങ്ങൾ അടങ്ങിയ ഇ-വേ ബിൽ നൽകിയാൽ അത് തിരസ്കരിക്കുന്നതിന് സംവിധാനമുണ്ടോ എന്നറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ജി.എസ്.ടി. നിയമം വന്നതിനുമുമ്പ് തന്നെ കേരളത്തിൽ സംസ്ഥാനത്തിന് പുറത്തേയ്ക്കും അകത്തേയ്ക്കും വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി നൽകുന്ന ഡിക്ലറേഷൻ സംവിധാനം നിലവിലുണ്ടായിരുന്നു. ഇതുപ്രകാരം റോഡിൽക്കൂടി കൊണ്ടുവരുന്ന ചരക്കുകൾക്ക് ഡിക്ലറേഷൻ 8F-ഉം റെയിൽവേ, വിമാനത്താവളം, കപ്പൽ വഴി കൊണ്ടുവരുന്നവയ്ക്ക് 8FA-യും നിലവിലുണ്ടായിരുന്നു. ഇതിൽ 8F ഡിക്ലറേഷനുകൾ ചെക്ക് പോസ്റ്റുകളിൽ സമർപ്പിച്ച് അപ്രൂവ് ചെയ്യേണ്ടിയിരുന്നു. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് KER I, KER II, KER III എന്നീ ഓൺലൈൻ ഡിക്ലറേഷനുകൾ കേരള ജി.എസ്.ടി. ചട്ടപ്രകാരം നടപ്പിൽവരുത്തി. അന്തർ സംസ്ഥാന ചരക്കുനീക്കങ്ങൾക്ക് കേന്ദ്ര വിജ്ഞാപനം ഇല്ലാത്തതിനാൽ കേരള ചട്ടപ്രകാരം നടപ്പിലാക്കിയ ഓൺലൈൻ ഡിക്ലറേഷനുകൾ കോടതി റദ്ദ് ചെയ്യുന്ന സാഹചര്യമുണ്ടായി. എന്നാൽ അന്തർസംസ്ഥാന ചരക്കുനീക്കത്തിന് 2018 ഫെബ്രുവരി 1 മുതൽ ഇ-വേ ബിൽ നിർബന്ധമാക്കി ക്കൊണ്ടുള്ള കേന്ദ്ര വിജ്ഞാപനം 74/2017 ഇതിനകം തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പ്രധാന മേന്മ ചരക്കുനീക്കം തുടങ്ങുമ്പോൾത്തന്നെ ഇ-വേ ബിൽ എടുക്കേണ്ടതുണ്ട് എന്നതാണ്. ഇതിനാൽ ചരക്കുനീക്കം ആരംഭിക്കുമ്പോൾത്തന്നെ അതിനെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്

ലഭ്യമാകും. ചരക്കുനീക്കത്തിന് ഇന്ത്യയൊട്ടാകെ ഒരു ഇ-വേ ബിൽ മാത്രം മതിയാകും. ഇത് ചരക്കുനീക്കം സുഗമമാക്കുകയും നികുതിവെട്ടിപ്പ് കുറയ്ക്കുകയും ചെയ്യും. സംസ്ഥാനങ്ങളിലൂടെയുള്ള ചരക്കുനീക്കത്തിന് 'വാറ്റി'-ലുപയോഗിച്ചിരുന്ന ട്രാൻസിറ്റ് പാസും ഇ-വേ ബിൽ നടപ്പിലാവുന്നതിനെത്തുടർന്ന് ആവശ്യമില്ലാതാവും.

ചരക്കുവാഹനങ്ങൾ ചെക്ക്പോസ്റ്റുകളിൽ പരിശോധയ്ക്കായി നിർത്തിയിടുന്ന തുമൂലമുള്ള കാലതാമസം ഒഴിവാക്കാനാകും. ചെക്ക്പോസ്റ്റുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇല്ലാതാകും. കൂടാതെ, ഇ-വേ ബിൽ പരിശോധിക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് ചരക്കുനീക്കത്തെ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ലഭ്യമാവുകയും പരിശോധന വളരെ എളുപ്പമാവുകയും ചെയ്യും.

(ബി) സാധിക്കും. ഇ-വേ ബിൽ സമ്പ്രദായത്തിൽ ചരക്ക് വിൽക്കുന്നയാളിനോ വാങ്ങുന്നയാളിനോ ചരക്കുനീക്കം നടത്തുന്നയാളിനോ ഇ-വേ ബിൽ എടുക്കാവുന്നതാണ്.

(സി) സംവിധാനമുണ്ട്. ചരക്ക് സ്വീകരിക്കുന്നയാളിന്, തെറ്റായ വിവരങ്ങൾ അടങ്ങിയതോ തന്റേതല്ലാത്തതോ ആയ ഇ-വേ ബില്ലുകൾ, അവ എടുത്ത് 72 മണിക്കൂറിനകം തിരസ്കരിക്കാവുന്നതാണ്.

## ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്

26(*206) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് കേന്ദ്രമായുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിരുന്നുവോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്;

(ഡി) ബോർഡിൽ ആശ്രിത നിയമനം നിർത്തലാക്കാൻ നിർദ്ദേശമുണ്ടോ;

(ഇ) ഏതെല്ലാം ജോലികളാണ് പുറം കരാറിന് നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് കേന്ദ്രമായുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തി യിരുന്നു.

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ സേവന നിലവാരം മെച്ചപ്പെടുത്തി കാര്യക്ഷമത വർദ്ധിപ്പിച്ച് കാര്യപ്രാപ്തിയിൽ എത്തിക്കുന്നതിനായി ഒരു പഠനം നടത്തുവാൻ 13-3-2014-ൽ 57,57,326 രൂപ മൊത്തം ചെലവിൽ ഐ.ഐ.എം. കോഴിക്കോടുമായി കെ.എസ്.ഇ.ബി.എൽ. കരാറിൽ ഏർപ്പെട്ടു.

കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രകടനം ലോകോത്തരമായ മറ്റ് പവർ യൂട്ടിലിറ്റീസുമായി തുലനം ചെയ്യുക, കെ.എസ്.ഇ.ബി.എൽ.-ന്റെ സേവന നിലവാരം വിലയിരുത്തുക, ഘടനാപരമായ മാറ്റത്തിന്റെ ആവശ്യകത പഠിക്കുക, ഓരോ വിഭാഗത്തിലും ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുക. ജീവനക്കാരുടെ പരിശീലന ആവശ്യകതകൾ കണ്ടെത്തുക, ജീവനക്കാരുടെ പുനർവിന്യാസത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക തുടങ്ങിയവയായിരുന്നു പ്രധാന പഠന വിഷയങ്ങൾ.

തുടർന്ന് ഐ.ഐ.എം. കോഴിക്കോട് ഉപഭോക്താക്കൾക്കിടയിലും ജീവനക്കാരുടെ ഇടയിലും വിവിധ പഠനങ്ങളും സർവ്വേകളും നടത്തുകയും 3-5-2016-ൽ കെ.എസ്.ഇ.ബി.എൽ. (ബോർഡിന്) മുമ്പാകെ കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അന്നേദിവസം കൂടിയ ബോർഡ് യോഗം ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.

ഈ റിപ്പോർട്ടിന്മേൽ ചില വിശദീകരണങ്ങൾ പ്രസ്തുത കമ്മിറ്റിക്ക് ഐ.ഐ.എം. കോഴിക്കോടിനോട് ആരായുകയും ആയവ സംബന്ധിച്ച തുടർപഠനങ്ങൾ ഐ.ഐ.എം. കോഴിക്കോട് നടത്തുകയും 7-6-2017-ന് അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും, ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ. (ബോർഡ്) ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശിപാർശകൾ ഫുൾടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾടൈം ഡയറക്ടേഴ്സിന്റെ പരിഗണനയിലാണ്.

(സി) റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ ചുവടെ ചേർക്കുന്നു:

1. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ
2. ഉപഭോക്താക്കൾക്ക് കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ
3. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഓഫീസുകളിലെ ആശയവിനിമയം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ
4. വിവിധ ഓഫീസുകളിലെ പുന:സംഘടന നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ
5. ജീവനക്കാരെ പുനർവിന്യാസം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ
6. റവന്യൂ ചെലവ് കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ
7. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ
8. ചില തസ്തികകളിൽ യോഗ്യത പുനർനിർണ്ണയം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ
9. ഉദ്യോഗക്കയറ്റം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ
10. ആശ്രിത നിയമനത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ
11. സ്പോർട്സ് ക്വാട്ട നിയമനം സംബന്ധിച്ച നിർദ്ദേശങ്ങൾ
12. ചില തസ്തികകളുടെ ഏകീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ
13. ചില തസ്തികകൾ നിർത്തലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ
14. ചില തസ്തികകളുടെ എണ്ണം കുറയ്ക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ
15. ചില ഓഫീസുകൾ സംയോജിച്ച് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ
16. ജീവനക്കാരുടെ ഉദ്യോഗക്കയറ്റവും പുരോഗമനവും സംബന്ധിച്ച നിർദ്ദേശങ്ങൾ

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ വിശദീകരണം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ടിൽ ആശ്രിത നിയമനത്തെ സംബന്ധിച്ച താഴെപ്പറയുന്ന മൂന്ന് ശിപാർശകൾ കെ.എസ്.ഇ.ബി.എൽ.-ന് പരിഗണിക്കാവുന്നതാണെന്ന് സൂചിപ്പിച്ചിരിക്കുന്നു.

1. നിയമനത്തിന് മുമ്പായി ആശ്രിതരെ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിൽ പരിശീലിപ്പിക്കുകയും വിജയകരമായി പരിശീലനം പൂർത്തിയാകുന്നമുറയ്ക്ക് നിയമനം നൽകുകയും ചെയ്യുക.

2. ആശ്രിതർക്ക് ആദ്യം താൽക്കാലിക നിയമനം നൽകി ആവശ്യമായ യോഗ്യത കൈവരിച്ചശേഷം സ്ഥിരനിയമനം നൽകുക.

3. ജീവനക്കാരുടെ ആശ്രിതർക്ക് തുടർന്ന് ജീവിക്കുവാൻ ആവശ്യമായ തരത്തിൽ വളരെ ഉയർന്ന തുക ലഭിക്കുന്ന "ഗ്രൂപ്പ് ടേം ഇൻഷ്വറൻസ് പോളിസി "കെ.എസ്.ഇ.ബി.എൽ.-ന് പരിഗണിക്കാവുന്നതും കാലക്രമേണ ആശ്രിതനിയമനം നിർത്താവുന്നതുമാണ്.

ഇത്തരത്തിൽ ഐ.ഐ.എം. കോഴിക്കോട് അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ആശ്രിത നിയമനം നിർത്തലാക്കുന്ന തരത്തിലുള്ള യാതൊരു നീക്കവും കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിൽ ഇല്ല.

(ഇ) ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ൽ യാതൊരു തസ്തികയുടെ ജോലിയും പുറംകരാറിന് നൽകുവാൻ തീരുമാനിച്ചിട്ടില്ല.

## കേരള കായികക്ഷമത മിഷൻ

27(*207) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പ്രായത്തിലുള്ളവരുടെയും കായികക്ഷമത ഉയർത്തുന്നതിനായി സർക്കാർ പ്രഖ്യാപിച്ച കേരള കായികക്ഷമത മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; മിഷൻ പ്രാവർത്തികമാക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) സാങ്കേതികത്വത്തിന്റെ പേരിൽ കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ട മലയാളി താരത്തെയടക്കം സംരക്ഷിക്കാനും വിവിധ കായിക മത്സര യിനങ്ങളിൽ മികവ് തെളിയിക്കുന്നവരെ പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാ നുമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) കായികരംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും കായിക സംഘടനകളുടെ പ്രവർത്തനം മാതൃകാപരമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി ആവിഷ്കരിക്കുന്ന പദ്ധതിയാണ് "കായികക്ഷമത മിഷൻ"

ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരംതിരിക്കുന്നതാണ്.

- നഴ്സറി മുതൽ 4-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ
- 8-ാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ
- യൂണിവേഴ്സിറ്റി തലം
- യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെ

ഇതിൽ യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ വിഭാവന ചെയ്യുന്നതിനുള്ള അവസാന ഘട്ട ചർച്ചകൾ നടന്നുവരുന്നു. ബാക്കി വിഭാഗങ്ങൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ അതാത് തലങ്ങളിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് തീരുമാനിച്ചുകഴിഞ്ഞു.

വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായ സഹകരണത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

(ബി) കേന്ദ്ര സർക്കാർ സർവ്വീസിൽനിന്നും പിരിച്ചുവിട്ട ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

35-ാം ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച കുമാരി എലിസബത്ത് സൂസൻ കോശി, ശ്രീ. സജൻ പ്രകാശ് എന്നിവർക്ക് പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലും കുമാരി അനിൽഡാ തോമസിനും കുമാരി അനു രാഘവനും വനം വകുപ്പിൽ ഗസറ്റഡ് തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.

35-ാം ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയതും ടീം ഇനത്തിൽ സ്വർണ്ണ മെഡൽ നേടിയതുമായ 68 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്.

ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗം 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി. യു. ചിത്രയ്ക്ക് തുടർപരിശീലനച്ചെലവിലേയ്ക്കായി സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500 രൂപയും മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000 രൂപയുടെ സ്കോളർഷിപ്പും അനുവദിച്ചിട്ടുണ്ട്.

2017 ജൂലൈ 6 മുതൽ 9 വരെ ഒഡീഷയിലെ ഭുവനേശ്വറിൽവച്ച് നടന്ന ഇരുപത്തിരണ്ടാമത് ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്ക് വ്യക്തിഗത ഇനത്തിൽ സ്വർണ്ണമെഡൽ നേടിയവർക്ക് 10 ലക്ഷം രൂപ വീതവും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയ ഓരോ കായിക താരത്തിനും 5 ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെള്ളി മെഡൽ നേടിയവർക്ക് 7 ലക്ഷം രൂപ വീതവും ടീമിനത്തിൽ വെള്ളി മെഡൽ നേടിയ ഓരോ കായിക താരത്തിനും മൂന്നര ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെങ്കല മെഡൽ നേടിയവർക്ക് 5 ലക്ഷം രൂപ വീതവും ടീം ഇനത്തിൽ വെങ്കല മെഡൽ നേടയി ഓരോ കായിക താരത്തിനും രണ്ടര ലക്ഷം രൂപ വീതവും അനുവദിച്ച ഉത്തരവായിട്ടുണ്ട്.

ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരമോന്നത ബഹുമതിയായ ജി. വി. രാജ അവാർഡും മറ്റ് അവാർഡുകളും നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്

സ്കീമും നിലവിലുണ്ട്. പ്രതിവർഷം ദേശീയ അന്തർദേശീയ മത്സര വിജയികളായ 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന സ്പോർട്സ് ക്വാട്ട നിയമന പദ്ധതി നിലവിലുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 3 ജില്ലാ സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 14 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 9 പദ്ധതികൾക്ക് സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയ്യൂർ, ഫറോഖ് ഗണപതി എന്നീ സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗരസഭാ സ്റ്റേഡിയങ്ങൾ എന്നിവയേയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽസൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസെപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്പോർട്സ് സംഘടനകളുടെ പ്രവർത്തനം മാതൃകാപരമാക്കുന്നതിന് 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ടിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതുപ്രകാരം ഒരു അംഗീകൃത സ്പോർട്സ് സംഘടനയുടെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം, ആ സ്പോർട്സ് സംഘടനയുടെ അംഗീകാരം, പൂർണ്ണവും സമഗ്രവുമായ ഒരു അന്വേഷണം നടത്തുന്നതുവരെ, ഇടക്കാല നടപടിയായി സസ്പെന്റ് ചെയ്യാവുന്നതിന് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് അധികാരമുണ്ട്.

## സഹകരണ സംഘങ്ങളും കൺസ്യൂമർഫെഡും നടത്തുന്ന പ്രവർത്തനങ്ങൾ

28(*208) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾക്ക് ദിനംപ്രതി വില വർദ്ധിക്കുകയും സാധാരണ ജനങ്ങളുടെ ജീവിതം ദുസ്സഹമാകുകയും ചെയ്യുന്ന സ്ഥിതി വിശേഷത്തിൽ, നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകുന്നതിലും കമ്പോള ഇടപെടൽ നടത്തുന്നതിലും സഹകരണ മേഖല വഹിക്കുന്ന പങ്ക് വിശദീകരിക്കുമോ;

(ബി) ഇതിനായി സഹകരണ സംഘങ്ങളും കൺസ്യൂമർഫെഡും നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത പ്രവർത്തനങ്ങൾ കമ്പോളത്തിൽ പ്രതിഫലിക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന വ്യാപകമായി മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച നന്മ സ്റ്റോറുകൾ പൂട്ടിയതും സാമ്പത്തിക പ്രതിസന്ധിമൂലം സഹകരണ മേഖലയ്ക്ക് യഥാസമയം ഫണ്ട് അനുവദിക്കാതിരുന്നതും ശക്തമായ കമ്പോള ഇടപെടലിന് വിഘാതമായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) രാജ്യത്ത് ഉപഭോക്തൃ സാധനങ്ങളുടെ വിലക്കയറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് അവശ്യസാധന ങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സഹകരണ സ്ഥാപനമായ കൺസ്യൂമർ ഫെഡിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത് രണ്ട് തരത്തിലുള്ള ഇടപെടലാണ്. ഒന്നാമതായി സ്വന്തം ഔട്ട്ലെറ്റുകളായ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണികൾ എന്നിവ വഴി നടത്തുന്ന വിപണി ഇടപെടലും മറ്റൊന്ന് അപ്പക്സ് സ്ഥാപനം എന്ന നിലയിൽ സഹകരണ സംഘങ്ങൾ വഴി നടത്തുന്ന ഇടപെടലും.

കൺസ്യൂമർ ഫെഡിന്റെ ത്രിവേണി ഔട്ട്ലെറ്റുകൾ മുഖേന വിപണി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ നൽകിവരുന്നുണ്ട്. ഇതുകൂടാതെ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നീതി

സ്റ്റോറുകൾ എല്ലാ മാസവും കൺസ്യൂമർഫെഡ് സാധനങ്ങൾ വാങ്ങി കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. ആയത് ഒരു പരിധിവരെ വിപണിയെ സഹായിക്കുന്നുണ്ട്.

കഴിഞ്ഞ ഓണക്കാലത്ത് വിപണിയിലെ ഇടപെടലുകൾക്കായി കൺസ്യൂമർ ഫെഡറേഷന് 40 കോടി രൂപ സബ്സിഡി ഇനത്തിൽ അഡ്വാൻസായി അനുവദിച്ച് നൽകിയിരുന്നു. ഓണം വിപണിയിലൂടെ സബ്സിഡി നിരക്കിൽ 13 ഇനം സാധനങ്ങളും വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ 25 ഇനങ്ങളും വിലകുറച്ച് നൽകിയിരുന്നു. ഏകദേശം 3500-ഓളം ഓണച്ചന്തകൾ നടത്തിയും ഗുണമേന്മ ഉറപ്പുവരുത്തിയുമാണ് വിപണി ഇടപെടൽ നടത്തിയത്.

ക്രിസ്തുമസ്-പുതുവത്സര വിപണിയും ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും കൺസ്യൂമർ ഫെഡ് നേരിട്ടും നടത്തിയിരുന്നു.

സംസ്ഥാനത്ത് അരി വില നിയന്ത്രണാതീതമായി കുതിച്ചുയർന്ന സമയത്ത് അരിവില നിയന്ത്രിക്കുന്നതിനായി പശ്ചിമ ബംഗാളിൽനിന്നും അരി കൊണ്ടുവന്ന് ഒരു കിലോയ്ക്ക് 25 രൂപ പ്രകാരം കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്തു.

വിപണിയിൽ കൂടുതൽ ഇടപെടുന്നതിനായി കൺസ്യൂമർ ഫെഡിന്റെ ഔട്ട്ലെറ്റുകളും നീതി സ്റ്റോറുകളുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. കമ്പോളത്തിൽ ശക്തമായി ഇടപെടുന്നതിനായി സംസ്ഥാനത്ത് 2000 നീതിസ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മുഴുവൻസമയ സബ്സിഡിയോടുകൂടി കൺസ്യൂമർ ഫെഡിലൂടെ സാധനങ്ങൾ വിൽക്കുന്നതിനുള്ള നിർദ്ദേശം തയ്യാറാക്കിവരുന്നു.

(ബി) കൺസ്യൂമർ ഫെഡ് ത്രിവേണി സ്റ്റോറുകൾ വഴിയും നീതി സ്റ്റോറുകൾ മുഖേനയും എല്ലാ നിത്യോപയോഗ സാധനങ്ങളും കുറഞ്ഞ വിലയിൽ വിപണിയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സാധാരണക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും ആദിവാസി, തീരദേശ മേഖലകളിലും കൺസ്യൂമർ ഫെഡിന്റെ മൊബൈൽ ത്രിവേണിയുടെ സേവനം എത്തിക്കുന്നതിന് പദ്ധതിയുണ്ട്.

ഉത്സവകാലങ്ങളിൽ സർക്കാർ സബ്സിഡിയോടെ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയിരുന്നു.

പ്രാഥമിക സഹകരണ സംഘങ്ങളുടെകീഴിൽ സംസ്ഥാനത്ത് 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് വിപണിയിൽ ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡിൽ ഇ-ടെൻഡർ നടപ്പിലാക്കുകയും പ്രാഥമിക സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിക്കുകയും ചെയ്തു. പൊതുവിപണിയിൽ ഇടപെട്ട് പ്രവർത്തിക്കുന്ന സപ്ലൈകോ, ഹോർട്ടികോർപ്പ്, ഫ്രൂട്ട് ആന്റ് വെജിറ്റബിൾ പ്രൊമോഷൻ കൗൺസിൽ എന്നിവയുമായി ഒത്തുചേർന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾ സൂക്ഷിക്കുന്നതിനായി ഗോഡൗൺ ശൃംഖല രൂപവൽക്കരിക്കുന്നതിനും ത്രിവേണി സ്റ്റോറുകൾ കേന്ദ്രീകരിച്ച് ഇ-കൊമേഴ്സ് പദ്ധതി രൂപവൽക്കരിക്കുന്നതിനും പദ്ധതിയുണ്ട്. നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വിപണിയിൽ എത്തിക്കുന്നതിനായി കമ്പനിയിൽനിന്നും നേരിട്ട് മരുന്ന് വാങ്ങുന്നതിനും ത്രിവേണി നോട്ട് ബുക്കുകളും പഠന സാമഗ്രികളും ലഭ്യമാക്കുന്ന തരത്തിൽ സ്കൂൾ മാർക്കറ്റുകൾ സംഘടിപ്പി ക്കുന്നതിനും കൺസ്യൂമർ ഫെഡ് പദ്ധതിയിട്ടിട്ടുണ്ട്. ഇത്തരം ഇടപെടലിൽക്കൂടി കമ്പോള വിലനിലവാരം പിടിച്ചുനിർത്താനും പാവപ്പെട്ട ജനങ്ങൾക്ക് ആയതിന്റെ ഗുണം ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. കമ്പോളത്തിൽ ഇതിന്റെ ഗുണഫലങ്ങൾ പ്രതിഫലിക്കുന്നുമുണ്ട്.

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന എല്ലാ നന്മാസ്റ്റോറുകളും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത് കാരണമാണ് നന്മ സ്റ്റോറുകളുടെ പ്രവർത്തനം നിർത്തലാക്കിയത്. എന്നാൽ നന്മ സ്റ്റോറുകൾക്ക് ബദൽ സംവിധാനം എന്ന നിലയിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇവ പൂർണ്ണ തോതിൽ ആരംഭിക്കുന്നതിലൂടെ ശക്തമായ മാർക്കറ്റ് ഇടപെടൽ നടത്തുന്നതിനും അതിലൂടെ വില നിലവാരം പിടിച്ചുനിർത്തുന്നതിനും കഴിയുന്നതാണ്. വിപണി ഇടപെടലിന്റെ ഭാഗമായി കൺസ്യൂമർഫെഡിന് ഓണം വിപണിക്കായി സബ്സിഡിയായി 40 കോടി രൂപ അഡ്വാൻസായി അനുവദിച്ചിരുന്നു. ക്രിസ്തുമസ്-പുതുവത്സര വിപണി ഫെഡറേഷൻ വിജയകരമായി സംഘടിപ്പിച്ചിരുന്നു. ഇത്തരത്തിൽ കമ്പോളത്തിൽ ശക്തമായി ഇടപെടുന്നതിന് കൺസ്യൂമർ ഫെഡിന് സാധിച്ചിട്ടുണ്ട്.

## കയർ ഭൂവസ്ത്രം വ്യാപകമാക്കുന്നതിന് പദ്ധതി

29(*209) ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ.എസ്.ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദി, ജലം, തീരപ്രദേശം എന്നിവയുടെ സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം വ്യാപകമാക്കുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പ്രദേശങ്ങളിലാണ് കയർ ഭൂവസ്ത്രം ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നത്;

(സി വേറെ ഏതൊക്കെ മേഖലകളിലാണ് കയർ ഭൂവസ്ത്രം ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) നദി, ജലം, തീരപ്രദേശം എന്നിവയുടെ സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം വ്യാപകമാക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികളിൽ കൃഷി, മണ്ണ്, ജല സംരക്ഷണം, റോഡ് നിർമ്മാണം എന്നിവയ്ക്കായി ജിയോ ടെക്സ്റ്റൈൽസ് ഉപയോഗപ്പെടുത്തി വരുന്നു. കയർ പിരി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ പൂർണ്ണമായും ആഭ്യന്തരമായി വിനിയോഗിക്കുന്നതിന് ഈ നടപടി വഴി സാധിക്കുന്നതാണ്. കയർ കേരള 2017-ൽ 120 കോടിയോളം രൂപയുടെ കയർ ഭൂവസ്ത്രം ഇത്തരത്തിൽ വിനിയോഗിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നദീതടങ്ങൾ, കുളങ്ങൾ, തോടുകൾ, ജലപാതകൾ, റോഡുകൾ എന്നിവയുടെ ചരിവ് തലങ്ങളിലാണ് കയർ ഭൂവസ്ത്രങ്ങൾ വിരിക്കുന്നത്. തീരപ്രദേശങ്ങളിൽ കയർ സീ ബാഗുകൾ തീരസംരക്ഷണത്തിനായി ഉപയോഗിക്കുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് അവരുടെ അധികാരപരിധിയിൽ വരുന്ന പ്രദേശങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) റോഡുകൾ, ചരിഞ്ഞ കൃഷിയിടങ്ങൾ, വെള്ളപ്പൊക്കഭീഷണിയുള്ള പ്രദേശങ്ങൾ, മണ്ണൊലിപ്പുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലും ഭൂവസ്ത്രം ഉപയോഗിക്കുന്നത് ഫലപ്രദമാണ്.

## വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ

30(*210) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) വിദേശ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി കേരളത്തിന്റെ പാരമ്പര്യകലാരൂപങ്ങൾ, കളരിപ്പയറ്റ്, ആയുർവേദം, മുതലായവയെ ബ്രാൻഡ് ചെയ്ത് ലോകവ്യാപകമായി പരിചയപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വൈവിധ്യമാർന്ന ടൂറിസം ഉൽപന്നങ്ങൾ അവതരിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനും സഞ്ചാരികൾക്ക് പുതിയ അനുഭവങ്ങൾ നൽകുന്ന രീതിയിലുള്ള പദ്ധതികൾക്കുമാണ് പ്രാധാന്യം നൽകിവരുന്നത്. വകുപ്പ് നേരിട്ടും പൊതുസ്വകാര്യ പങ്കാളിത്തത്തോടെയും സ്വകാര്യ സംരംഭകരിലൂടെയുമാണ് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നത്. ഈ സർക്കാർ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ചിട്ടുള്ള പ്രധാന പദ്ധതികളിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

- മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)

- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ആലപ്പുഴ ഹൗസ് ബോട്ട് ട്രാക്കിംഗ്
- പൈതൃക ഗ്രാമ പദ്ധതികൾ
- ജഡായുപാറ ടൂറിസം പദ്ധതി

പ്രതിവർഷം 50 ലക്ഷത്തോളം സന്ദർശകരും 21 ഭാഷകളിലും ഉള്ള കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് മുഖേന കേരളത്തിന്റെ പാരമ്പര്യ കലാരൂപങ്ങളായ കളരിപ്പയറ്റ്, ആയുർവ്വേദം, ടൂറിസം ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ബ്രാന്റിംഗ് ലോകവ്യാപകമായി നടത്തുന്നുണ്ട്.

(ബി & സി) കേരള ടൂറിസത്തിന്റെ യൂട്യൂബ് ചാനലുകളിലും കേരളത്തിന്റെ പാരമ്പര്യ കലകളെക്കുറിച്ചും ആയുർവ്വേദത്തെക്കുറിച്ചും ടൂറിസം ഉൽപ്പന്നങ്ങളെ കുറിച്ചും വീഡിയോ ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം ഒരു കോടി സന്ദർശകരാണ് കേരള ടൂറിസത്തിന്റെ യൂട്യൂബ് ചാനലുകൾ സന്ദർശിക്കുന്നത്.

കേരള ടൂറിസത്തിന്റെ സോഷ്യൽ മീഡയകൾ വഴി (ഫെയ്സ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം തുടങ്ങിയവ) കേരളത്തിന്റെ തനത് കലാരൂപങ്ങളും ആയുർവ്വേദം, കളരിപ്പയറ്റ്, ടൂറിസം ഉൽപ്പന്നങ്ങൾ തുടങ്ങിയവയും ബ്രാന്റ് ചെയ്യപ്പെടുന്നുണ്ട്. പ്രതിവർഷം 15 ലക്ഷം സന്ദർശകരാണ് കേരള ടൂറിസത്തിന്റെ ഫെയ്സ്ബുക്കിലും ട്വിറ്ററിലും ഉള്ളത്.

ഇതുകൂടാതെ ദേശീയ വ്യാപകമായി സംഘടിപ്പിക്കുന്ന എല്ലാ പ്രചരണ പരിപാടികളിലും കേരളത്തിന്റെ തനത് കലകൾ അവതരിപ്പിക്കപ്പെടുകയും ടൂറിസം ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്.

ദേശീയ അന്തർദേശീയ തലത്തിലുള്ള മാധ്യമങ്ങൾ വഴിയുള്ള കേരള ടൂറിസത്തിന്റെ പ്രചരണ പരിപാടികളിൽ ആയുർവ്വേദം, കളരിപ്പയറ്റ്, ടൂറിസം ഉൽപ്പന്നങ്ങൾ, കേരളത്തിന്റെ തനത് കലാരൂപങ്ങൾ എന്നിവ ബ്രാന്റ് ചെയ്യപ്പെടുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കർഷക പെൻഷൻ

1 (2194) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ കർഷകരുടെ പെൻഷൻ ഉയർത്തി ഈ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കി വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പെൻഷൻ ഉത്തരവിന് മുൻകാല പ്രാബല്യം ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ഭരണ വകുപ്പ് പുറപ്പെടുവിച്ച 26-9-2016-ലെ ജി. ഒ. (എംഎസ്.) നമ്പർ 133/16/കൃഷി ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ 600 രൂപയിൽനിന്നും 1-6-2016 പ്രാബല്യത്തിൽ 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 3-3-2017-ലെ ജി. ഒ. (എംഎസ്.) നമ്പർ 28/17/കൃഷി, 7-7-2017-ലെ സ. ഉ. (എംഎസ്.) നമ്പർ 84/17/കൃഷി എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. (മൂന്ന് ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*)

### സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക

2 (2195) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ നൽകുവാനുണ്ടായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തുകയുടെ കുടിശ്ശിക ഈ സർക്കാർ തീർപ്പാക്കി; വിശദമാക്കുമോ;

(സി) നിലവിൽ എത്ര മാസത്തെ കുടിശ്ശികയാണ് ഇത്തരം ഗുണഭോക്താക്കൾക്ക് നൽകാനുള്ളത്; ആയതിന് ആവശ്യമായ തുക എത്ര; വ്യക്തമാക്കുമോ;

(ഡി) ഇത്തരം ഒന്നിൽ കൂടുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന എത്ര പേർ സംസ്ഥാനത്ത് ഉണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക 1473.67 കോടി രൂപയായിരുന്നു.

(ബി) ഇതിൽ 1473.67 കോടി രൂപ കുടിശ്ശികയും പിന്നീട് പെൻഷൻ വിതരണം ചെയ്യുന്നതുവരെയുള്ള കുടിശ്ശികയുടെയും വിതരണത്തിനായി ഈ സർക്കാർ 1477.92 കോടി രൂപ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(സി) പൊതുവിൽ 2017 നവംബർ വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കർഷകത്തൊഴിലാളി പെൻഷൻ ഗുണഭോക്താക്കളിൽ 4794 പേരും ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കളിൽ 6191 പേരും ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ ഗുണഭോക്താക്കളിൽ 1469 പേരും 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളിൽ 177 പേരും ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ ഗുണഭോക്താക്കളിൽ 1929 പേരുമാണ് അതാത് പെൻഷനുകൾക്ക് പുറമെ രണ്ടാമതായി മറ്റൊരു പെൻഷൻകൂടി കൈപ്പറ്റുന്ന ഗുണഭോക്താക്കൾ.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

3 (2196) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പുതിയതായി ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) നാളിതുവരെയായി എത്ര ജീവനക്കാർ ഈ സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ട്; ഇവർക്ക് സർക്കാർ വിഹിതമായി എത്ര തുക അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഈ ജീവനക്കാരെ തിരികെ ഉൾപ്പെടുത്തുന്ന കാര്യം ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സർക്കാർ വിഹിതം അടയ്ക്കാത്ത വകുപ്പുകളുടെ വിവരം ലഭ്യമാക്കുമോ; വിഹിതം അടയ്ക്കാത്ത വകുപ്പുകൾക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പി.എഫ്.ആർ.ഡി.എ. ആക്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും നടപ്പാക്കുന്നതിന്റെ ഭാഗമായാണ് കേരളത്തിലും സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം 7-1-2013-ലെ സ. ഉ. (പി.) നമ്പർ 20/2013/ധന. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1-4-2013 മുതൽ സംസ്ഥാനത്തെ സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

(ബി) 2018 ജനുവരി 9-ന് എൻ.എസ്.ഡി.എൽ.-ൽ നിന്നും സംസ്ഥാന സർക്കാരിന് ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ഡിസംബർ 2017 വരെ സംസ്ഥാനത്തെ വിവിധ വകുപ്പുകളിലായി 65,692 പേരാണ് ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഇവർക്ക് സർക്കാർ വിഹിതമായി 370.915 കോടി രൂപയാണ് നാളിതുവരെ അടവാക്കിയിട്ടുള്ളത്.

(സി) പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

(ഡി) സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളും കൃത്യമായി വിഹിതം അടവാക്കി വരുന്നുണ്ട്.

**ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ**

4 (2197) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷൻ അനുവദിക്കുന്നതിൽ പുതിയ എന്തെങ്കിലും മാനദണ്ഡങ്ങൾ കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ക്ഷേമ പെൻഷന് അർഹരാകുന്നതിന് വാർഷിക വരുമാനം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) 1500 ചതുരശ്ര അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവർ, ആദായ നികുതി നൽകുന്നവരോടൊപ്പം താമസിക്കുന്നവർ, 1200 സി.സി.യിൽ കൂടുതൽ യന്ത്രശേഷിയുള്ള കാറുകൾ ഉള്ളവർ എന്നിവരെ ക്ഷേമ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാൻ ആലോചനയുണ്ടോ;

(ഡി) അനർഹർ പെൻഷൻ വാങ്ങുന്നത് കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സർവ്വെ നടത്തുന്നതിന് ഗിഫ്റ്റിനെ (ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ) ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 42.4 ലക്ഷം പേരുണ്ട്. സമൂഹത്തിലെ താഴെത്തട്ടിലുള്ള നിർദ്ധനരായ വ്യക്തികളെ ഉദ്ദേശിച്ചുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹർക്ക് ലഭിക്കുന്നുവെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് ഒരു പരിശോധന നടത്താൻ സർക്കാർ ആലോചിക്കുന്നു.

(ബി) സാമൂഹ്യനീതി വകുപ്പിന്റെ 20-6-2014 തീയതിയിലെ സ. ഉ. (എംഎസ്.) 52/2014/സാ.ക്ഷേ.വ. പ്രകാരം നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കൂടാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ സാമ്പത്തികസ്ഥിതി മനസ്സിലാക്കുന്നതിലേയ്ക്ക് സർവ്വേ നടത്തുന്നതിന് ഗിഫ്റ്റ് (ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ) മുഖാന്തരം ഒരു സർവ്വേ നടത്തുന്നതിന് സർക്കാർ ആലോചിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

5 (2198) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സർവ്വീസിൽ എന്നുമുതൽ ജോലിയിൽ പ്രവേശിച്ചവരാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന:സ്ഥാപിക്കുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം എന്നുമുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും ചർച്ചകളോ ഫയൽ നീക്കങ്ങളോ നടക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) പി.എഫ്.ആർ.ഡി.എ. ആക്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും പങ്കാളിത്ത പെൻഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് കേരളത്തിലും സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം

7-1-2013-ലെ സ. ഉ. (പി.) നമ്പർ 20/2013/ധന. ഉത്തരവിന്റെയടിസ്ഥാനത്തിൽ 1-4-2013 മുതൽ സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

(ബി) പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതിനായി ഒരു Expert Committee-യെ നിയോഗിക്കുന്നതാണ്.

(സി) നിലവിലില്ല.

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

6 (2199) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതിയിൽ പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്ന് വിദ്യാഭ്യാസ വായ്പ എടുത്തവരെ കൂടി ഉൾപ്പെടുത്തി യിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയിൽ അവരെക്കൂടി ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം സർക്കാർ പ്രഖ്യാപിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (KSCARD), ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്ന് എടുത്ത വിദ്യാഭ്യാസ വായ്പകൾക്കാണ് തിരിച്ചടവ് സഹായം ലഭിക്കുന്നത്. സംസ്ഥാനതല ബാങ്കിംഗ് സമിതിയിൽ ഉൾപ്പെട്ട ബാങ്കുകളെയാണ് ഇപ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നത്.

## വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കുന്നതിനായി പദ്ധതി

7 (2201) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതി പ്രകാരം ഏതൊക്കെ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭിക്കുന്നതെന്ന് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തിന് പുറത്ത് ഏതൊക്കെ വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികളെയാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എസ്.സി/എസ്.ടി വിദ്യാർത്ഥികൾ രാജ്യത്തിന് പുറത്തും സംസ്ഥാനത്തിന് പുറത്തും പഠിക്കുന്നതിനായി എടുത്തിട്ടുള്ള ഇത്തരം വായ്പകളെ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) വിദ്യാഭ്യാസ വായ്പാ സഹായ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി സംസ്ഥാനത്ത് ഇതുവരെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി എന്നുവരെയായിരുന്നു; ഈ കാലഘട്ടത്തിൽ അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്ക് പുതുതായി അപേക്ഷ നൽകാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഈ പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ നേരിട്ട് ഫണ്ട് ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) ഇന്ത്യയ്ക്കകത്തുള്ള IIT, IIM, IIST, IISC മുതലായ ദേശീയ സ്ഥാപനങ്ങളിലേതുൾപ്പെടെ അംഗീകൃത പ്രൊഫഷണൽ /ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. കൂടാതെ ഇന്റഗ്രേറ്റഡ് കോഴ്സുകൾക്കും (ഗ്രാജ്വേറ്റും പോസ്റ്റ് ഗ്രാജ്വേറ്റും ഉൾപ്പെടെ) പ്രസ്തുത സഹായം ലഭിക്കുന്നതാണ്. എന്നാൽ നഴ്സിംഗ് കോഴ്സുകളിലൊഴികെ മറ്റു കോഴ്സുകളിൽ മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വാട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങൾ എന്നിവയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല.

(ഡി) 30-1-2018 തീയതി വരെ 72067 പേർ ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് (elrs.kerala.gov.in പോർട്ടലിലെ കണക്കുകൾ പ്രകാരം). വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസാന തീയതിയായി നിശ്ചയിച്ചിരുന്നത് 31-10-2017 ആണ്. വിദ്യാർത്ഥികൾക്ക് പാൻ കാർഡ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-12-2017 വരെയും തുടർന്ന് 31-1-2018 വരെയും നീട്ടിയിട്ടുണ്ട്.

(ഇ) ലഭ്യമാക്കുന്നുണ്ട്. നിബന്ധനകൾക്ക് വിധേയമായി സ്റ്റാൻഡേർഡ് അക്കൗണ്ട് വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു നിശ്ചിത അനുപാതത്തിൽ തിരിച്ചടവ് സഹായവും നിഷ്ക്രിയ ആസ്തി വിഭാഗത്തിൽപ്പെട്ടവർക്ക് ലോൺ ക്ലോസ് ചെയ്യുന്നതിന് കുടിശ്ശിക തുകയുടെ ഒരു നിശ്ചിത ഭാഗവും സർക്കാർ നൽകുന്നുണ്ട്.

## വിദ്യാഭ്യാസ വായ്പയെടുത്തവർക്ക് ഉണ്ടായിട്ടുള്ള വിഷമതകൾ

8("T"* 2202) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്തവർക്ക് ഇപ്പോൾ ഉണ്ടായിട്ടുള്ള വിഷമതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) വിദ്യാഭ്യാസ വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കാൻ സർക്കാർ സഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) രജിസ്റ്റർ ചെയ്തവർക്ക് പാൻ (PAN) തുടങ്ങിയ രേഖകൾ ലഭ്യമല്ലാത്തതിനാൽ അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) അപേക്ഷ സമർപ്പിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം SLBC-യിൽ ഉന്നയിച്ച് പരാതി പരിഹാരമുണ്ടാക്കാൻ ആവശ്യപ്പെട്ടു.

(സി) 30-1-2018 വരെയുള്ള കണക്കനുസരിച്ച് 72067 പേർ പ്രസ്തുത പദ്ധതി പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് (elrs.kerala.gov.in പോർട്ടലിലെ കണക്കുകൾ പ്രകാരം).

(ഡി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസാന തീയതിയായി നിശ്ചയിച്ചിരുന്നത് 31-10-2017 ആണ്. വിദ്യാർത്ഥികൾക്ക് പാൻ കാർഡ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത്

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കു ന്നതിനുള്ള അവസാന തീയതി 31-12-2017 വരെയും തുടർന്ന് 31-1-2018 വരെയും നീട്ടിനൽകിയിട്ടുണ്ട്.

(ഇ) സാങ്കേതിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

9 (2203) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ വാമനപുരം നിയോജകമണ്ഡലത്തിൽ ആസ്തി വികസനഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനായി നൽകിയ പ്രവൃത്തികൾ ഏതൊക്കെ; ലിസ്റ്റ് നൽകാമോ;

(ബി) ടി പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തീകരിച്ചു;

(സി) പൂർത്തീകരിക്കാത്തവയുടെ ലിസ്റ്റ് നൽകാമോ;

(ഡി) പൂർത്തീകരിക്കാത്തവ ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-16 വർഷത്തിൽ വാമനപുരം നിയോജക മണ്ഡലത്തിൽ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനായി നൽകിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി - ഡി) വിവരം ശേഖരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

10 (2204) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ആലത്തൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളത് ഏതെല്ലാമാണെന്നും മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ആലത്തൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

**ആസ്തി വികസന ഫണ്ട്**

11 (2205) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് പ്രൊപ്പോസലുകൾ, ജില്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)ക്ക് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു എങ്കിലും ഫണ്ടുപയോഗിച്ചുള്ള ധനവിനിയോഗത്തിന് എ.ഡി.സി.യ്ക്ക് അനുവാദമോ, ആയതിനായി ഹെഡ് ഓഫ് അക്കൗണ്ടോ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും കൂടുതൽ സൗകര്യത്തിനുമായി, ആസ്തി വികസന ഫണ്ടുകളുടെ വിനിയോഗത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് ഇതിനായി ഹെഡ് ഓഫ് അക്കൗണ്ടും ധനവിനിയോഗത്തിന് അനുമതിയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 25-9-2017-ലെ സ. ഉ. (സാധാ.) നമ്പർ 126/2017/ധന. പ്രകാരം ആസ്തി വികസന പദ്ധതിയിൻകീഴിൽ ഭരണാനുമതി പുറപ്പെടുവിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ (ഭാഗികമോ/അന്തിമമോ ആയ ബില്ലുകൾ) മാറി നൽകുന്നതിന് നിലവിലുള്ള രീതി തന്നെ തുടരുന്നതായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത്, പ്രവൃത്തികളുടെ ഗുണഭോക്തൃ വകുപ്പുകൾ പ്രവൃത്തി വിജയകരമായി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളുടെ നിയന്ത്രണാധികാരി ബില്ലുകൾ മാറി നൽകുന്നതായിരിക്കും. (എഞ്ചിനീയറിംഗ് വിംഗുകൾ ഇല്ലാത്ത വകുപ്പുകൾ ആണെങ്കിൽ പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനായിരിക്കും നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടത്). അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പുതന്നെ നടത്തേണ്ടതും അവർ സമർപ്പിക്കുന്ന ബില്ലുകൾ ആ വകുപ്പിൽ പരിശോധിച്ച് അനുബന്ധ രേഖകളോടെ ശിപാർശയോടു കൂടി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയയ്ക്കേണ്ടതും ധനവകുപ്പ് തുക അനുവദിച്ച് ഉത്തരവാകുന്നതുമാണ്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പുതന്നെ മാറി നൽകുന്ന രീതി തുടരുന്നതുമാണ്.

(ബി) നിലവിലുള്ള രീതി കാലതാമസത്തിന് ഇടയാക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് ഇതിനായി ഹെഡ് ഓഫ് അക്കൗണ്ടും ധനവിനിയോഗത്തിന് അനുമതിയും നൽകുന്നത് പരിഗണനയിലില്ല.

## കോതമംഗലം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

12 (2206) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ മണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കോതമംഗലം മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ളതും, പൂർത്തീകരിച്ചിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച് നാളിതുവരെയായും ചില പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

13 (2207) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ആലത്തൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി നൽകിയ പ്രൊപ്പോസലുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രൊപ്പോസലുകളിൽ എത്ര എണ്ണത്തിൽ ബന്ധപ്പെട്ട ഏജൻസികൾ ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഡി.പി.ആർ. ലഭിച്ച പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദീകരണം നൽകുമോ?

ഉത്തരം

(എ) 2017-18 വർഷത്തിൽ ആകെ 20 പ്രൊപ്പോസൽ ബഹു. എം.എൽ.എ. ലഭ്യമാക്കുകയും ആയതിൽ ഒരു പ്രവൃത്തി റദ്ദ് ചെയ്യുകയും ബാക്കിയുള്ള 19 പ്രവൃത്തികൾക്ക് ഏജൻസികളോട് ഡി.പി.ആർ. സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതിൽ 5 പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുകയും 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ബാക്കി 3 പ്രവൃത്തികൾ ഭരണാനുമതിക്കായി എ.ഡി.എസ്. പോർട്ടൽ വഴി (ഓൺലൈൻ മുഖേന) പാലക്കാട് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരികയുമാണ്.

(ബി) 19 പ്രവൃത്തികൾക്കുള്ള പ്രൊപ്പോസലുകളിൽ 5 പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്.

(സി) 19 പ്രവൃത്തികൾക്കുള്ള പ്രൊപ്പോസലുകളിൽ ഡി.പി.ആർ. ലഭ്യമായ 5 പ്രവൃത്തികളിൽ 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി നടപടി സ്വീകരിച്ചുവരികയുമാണ്.

## ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ആസ്തി വികസന പദ്ധതിയിൽനിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

14 (2208) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ അംഗീകാരം ലഭിച്ചിട്ടുള്ള നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും സിൽക്ക് പോലുള്ള നിർവ്വഹണ ഏജൻസികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് നൽകിയിട്ടില്ല എന്ന കാരണത്താൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതുപോലുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഫയലിൽ ക്ലാരിഫിക്കേഷൻ നൽകുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 25-7-2017-ലെ സ. ഉ. (പി.) നമ്പർ 95/2017/ധന. ഉത്തരവ് പ്രകാരം Kerala Electrical and Allied Engineering Limited (KEL), Steel Industries Kerala Limited (SILK) എന്നീ ഏജൻസികൾക്ക് മാത്രമാണ് 'Electro Mechanical' മേഖലയിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ അനുവാദം നൽകിയിരിക്കുന്നത്. ആയതിനാൽ ഈ ഏജൻസികൾക്കാണ് ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുള്ളത്.

(ബി&സി) 4-7-2017-ലെസ. ഉ. (അ.) നമ്പർ 86/2017/ധന. പ്രകാരം ആസ്തി വികസന പദ്ധതിയിൻകീഴിലെ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് പ്രൈസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് നൽകിയിട്ടില്ല എന്ന കാരണത്താൽ ഭരണാനുമതി ലഭിച്ചിട്ടും ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിൽ പരിശോധിച്ചു. വിവിധ ഏജൻസികൾ പ്രൈസ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാതെ വ്യത്യസ്ത നിരക്കുകളിലാണ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിച്ചിരുന്നത്. പ്രസ്തുത നിരക്കുകളിലെ അന്തരം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയതിന് ഒരു ഏകീകൃത സ്വഭാവം വരുത്തുന്നതിനായി ധനകാര്യ പരിശോധനാ (സാങ്കേതിക) വിഭാഗവുമായി കൂടിയാലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതിനാണ് ശ്രമിച്ചത്. വിവിധ പ്രദേശങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്പെസിഫിക്കേഷനുകളും നിരക്കുകളും ഇതിനോടകം പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സ്പെസിഫിക്കേഷനുകളും നിരക്കുകളും പാലിച്ച് അക്രഡിറ്റഡ് ഏജൻസികൾക്ക് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്. അല്ലാത്ത പക്ഷം പ്രൈസ് സോഫ്റ്റ്‌വെയറിലെ വ്യവസ്ഥകൾ പാലിച്ചായിരിക്കണം ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്.

## ചീഫ് ടെക്നിക്കൽ എക്സാമിനർ

15 (2209) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത തസ്തികയുടെ നിയമന രീതി, യോഗ്യതകൾ എന്നിവ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ മരാമത്ത് പണികളുടെയും മെറ്റീരിയൽസ് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യാറുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥൻ ആയത് കൃത്യമായി പരിശോധിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് പരിശോധിക്കാൻ സാധിക്കുന്നില്ല എന്ന് വ്യക്തമാക്കാമോ;

(സി) 2016 ജനുവരി മുതൽ പ്രസ്തുത ഉദ്യോഗസ്ഥൻ നടത്തിയ നേരിട്ടുള്ള പരിശോധനകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥന്റെ ജോലി ഭാരം കണക്കിലെടുത്ത് ഈ പരിശോധന സംവിധാനം ഡിവിഷൻ തലത്തിലേക്ക് കൈമാറ്റം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നൽകിയിട്ടുള്ള ചുമതലകൾ :

1. ഭരണാനുമതി, പുതുക്കിയ ഭരണാനുമതി, സാങ്കേതികാനുമതി, പുതുക്കിയ സാങ്കേതികാനുമതി, ദർഘാസ് അംഗീകാരം തുടങ്ങിയ കേരള സർക്കാർ തലത്തിൽ വരുന്ന വിഷയങ്ങളിൽ ധനകാര്യ വകുപ്പിന് സാങ്കേതിക ഉപദേശം നൽകുക.
2. മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും അളവുകളും ഉറപ്പു വരുത്തുന്നതിലേയ്ക്കായി മുറപ്രകാരമുള്ള പരിശോധനകൾ നടത്തുക.
3. സംസ്ഥാനത്തെ പ്രധാന മരാമത്ത് പദ്ധതികളുടെ രൂപകല്പന മുതൽ പൂർത്തിയാകുന്നതുവരെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തുക.
4. മരാമത്തു പണികളുടെ/ബന്ധപ്പെട്ട ഓഫീസുകളുടെ മിന്നൽ പരിശോധന നടത്തുക.

5. സർക്കാർ സ്റ്റോഴ്സ്/പൊതുമുതലുകളുടെ പരിശോധന

6. സർക്കാർ തലത്തിലും നേരിട്ടും ലഭിക്കുന്ന മാരാമത്ത് പ്രവൃത്തികളെ കുറിച്ചുള്ള പരാതികളിന്മേൽ അന്വേഷണം നടത്തുക.

സംസ്ഥാനത്ത് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ചുമതലകൾ, പ്രസ്തുത തസ്തികയുടെ നിയമന രീതി, യോഗ്യതകൾ എന്നിവ സംബന്ധിച്ച് 26-11-2015 -ലെ ജി. ഒ. (പി.) നമ്പർ 536/2015/ഫിൻ. എന്ന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്). ഈ ഉത്തരവനുസരിച്ച് നിർദ്ദിഷ്ട യേഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ നിയമന രീതി ഭേദഗതി വരുത്തിയാണ് നിലവിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് (വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.)

(ബി) കേരള സർക്കാരിലേയും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമപ്രകാരം വ്യവസ്ഥാപിതമായ ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഏജൻസികളിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ നിശ്ചിത പരിധിക്ക് മുകളിലുള്ള പ്രവൃത്തികളുടെ മുന്നളവുകൾ (pre measurement) ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ജോലിഭാരംമൂലവും സാങ്കേതിക ഉദ്യോഗസ്ഥരുടെ കുറവ്മൂലവും റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രവൃത്തികളുടെ ബാഹുല്യം കാരണവും സമയബന്ധിതമായ പരിശോധന ഭൂരിഭാഗം പ്രവൃത്തികളിലും നടത്താൻ സാധിക്കാറില്ല. എന്നിരുന്നാലും തെരഞ്ഞെടുത്ത പ്രവൃത്തികളുടെ അളവുകളും ഗുണനിലവാരവും ലഭ്യമായ സാങ്കേതിക ഉദ്യോഗസ്ഥരെക്കൊണ്ട് നടത്താറുണ്ട്.

(സി) ചീഫ് ടെക്നിക്കൽ എക്സാമിനർ/ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ചുമതല വഹിച്ച ഉദ്യോഗസ്ഥൻ നേരിട്ട് 1-1-2016 മുതൽ നടത്തിയ പരിശോധനാ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| | |
|---|---|
| 1-1-2016 - 4-1-2016 | കണ്ണൂർ, എറണാകുളം |
| 22-1-2016 - 25-1-2016 | കണ്ണൂർ, മട്ടന്നൂർ |
| 15-2-2016 - 16-2-2016 | ശബരിമല |
| 26-2-2016 - 29-2-2016 | കണ്ണൂർ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| 1-3-2016 - 4-3-2016 | കുറ്റിപ്പുറം, പൊന്നാനി |
| 15-3-2016 - 17-3-2016 | കോട്ടയം, ഇടുക്കി |
| 7-4-2016 - 9-4-2016 | ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം |
| 10-4-2016 - 13-4-2016 | കണ്ണൂർ, കാസർഗോഡ് |
| 23-4-2016 | കൊല്ലം |
| 5-5-2016 - 7-5-2016 | തൃശ്ശൂർ, കണ്ണൂർ |
| 20-5-2016 | എറണാകുളം |
| 19-7-2016 - 20-7-2016 | കോട്ടയം |
| 9-8-2016 - 15-8-2016 | കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് |
| 17-8-2016 | ആലപ്പുഴ |
| 27-8-2016 | അഴീക്കൽ, കൊല്ലം |
| 31-8-2016 | കൊച്ചി, എറണാകുളം |
| 7-9-2016 | അമ്പലപ്പുഴ, തിരുവല്ല |
| 1-10-2016 | ഏറ്റുമാനൂർ, മൂവാറ്റുപുഴ, കോട്ടയം |
| 21-10-2016 - 26-10-2016 | വാഴക്കുളം, മൂലമറ്റം, എറണാകുളം, കാസർഗോഡ് |
| 5-11-2016 | നെയ്യാറ്റിൻകര, നെയ്യാർഡാം |
| 16-11-2016 | ചെങ്ങന്നൂർ, ഏറ്റുമാനൂർ, തിരുവല്ല |
| 23-11-2016 - 27-11-2016 | പറവൂർ, തൃശ്ശൂർ, കോഴിക്കോട് |
| 27-12-2016 - 28-12-2016 | ചേർത്തല, തൃശ്ശൂർ, മലപ്പുറം കോഴിക്കോട്, തലശ്ശേരി |
| 5-1-2017 | പാലോട്, തെന്മല, കൊല്ലം |
| 10-1-2017 - 11-1-2017 | ആലപ്പുഴ, എറണാകുളം, കോതമംഗലം |
| 17-1-2017 - 22-1-2017 | ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ |
| 25-1-2017 - 26-1-2017 | എറണാകുളം |
| 8-2-2017 | ആലപ്പുഴ, ചേർത്തല |
| 16-2-2017 - 19-2-2017 | പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ |

| | |
|---|---|
| 22-2-2017 - 25-2-2017 | എറണാകുളം, അങ്കമാലി |
| 9-3-2017 - 10-3-2017 | എറണാകുളം, വൈക്കം |
| 22-3-2017 - 26-3-2017 | എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് |
| 4-7-2017 | കൊല്ലം |
| 6-7-2017 - 7-7-2017 | പത്തനംതിട്ട |
| 14-7-2017 - 15-7-2017 | മൂവാറ്റുപുഴ, ആലുവ |
| 25-7-2017 - 27-7-2017 | ചങ്ങനാശ്ശേരി, ആലപ്പുഴ, മലപ്പുറം |
| 22-8-2017 - 24-8-2017 | കോട്ടയം, എറണാകുളം, പത്തനംതിട്ട |
| 22-9-2017 - 23-9-2017 | ഭൂതത്താൻകെട്ട് |
| 14-11-2017 | ഇടുക്കി |
| 4-12-2017 - 7-12-2017 | തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കാസർഗോഡ് |
| 20-12-2017 - 22-12-2017 | എറണാകുളം, ഇടുക്കി |

(ഡി) നിലവിലുള്ള സർക്കാർ ഉത്തരവുപ്രകാരം ഒരു സാമ്പത്തിക വർഷം 50 കോടി രൂപയ്ക്കുമുകളിൽ മരാമത്തുജോലികൾ ഏറ്റെടുത്തു നടപ്പിലാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ സ്വന്തമായി ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. കൂടാതെ, പദ്ധതിയുടെ ചുമതലയുള്ള Overseer മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ളവർ പ്രവൃത്തിയുടെ അളവുകളും ഗുണനിലവാരവും അംഗീകൃത മാനദണ്ഡപ്രകാരമാണെന്ന് ഉറപ്പുവരുത്താൻ ബാധ്യസ്ഥരാണ്. മേൽ കാരണംകൊണ്ട് ഈ സംവിധാനം ഡിവിഷൻ തലത്തിലേയ്ക്ക് കൈമാറ്റം ചെയ്യുന്നത് അഭികാമ്യമല്ല.

**ഹരിപ്പാട് നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി**

16 (2210) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള ഉമ്മർമുക്ക് കണ്ണാട്ട് സംഗമം റോഡ്, പള്ളിപ്പാട് പഞ്ചായത്തിലെ വൈപ്പിൻകാട് പാടശേഖരം ട്രാക്ടർബണ്ട് റോഡ് എന്നീ ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ ത്തിനാവശ്യമായ ഫണ്ട് പി.ഡബ്ല്യൂ.ഡി.ക്ക് കൈമാറുന്നതിനുള്ള വേയ്സ് ആന്റ് മീൻസ് ക്ലീയറൻസ് വൈകുന്നതിനുള്ള കാരണമെന്താണ്;

(ബി) പ്രസ്തുത ഫണ്ട് അടിയന്തരമായി പി.ഡബ്ല്യൂ.ഡി.-ക്ക് നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 9-1-2018-ന് ഡോക്കറ്റ് നമ്പർ 12570/2017, 12-1-2018-ന് ഡോക്കറ്റ് നമ്പർ 12797/2017 എന്നിവ പ്രകാരം ഉമ്മർമുക്ക് - കണ്ണാട്ട് സംഗമം റോഡ്, പള്ളിപ്പാട് പഞ്ചായത്തിലെ വൈപ്പിൻകാട് പാടശേഖരം ട്രാക്ടർ ബണ്ട് റോഡ് എന്നീ ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണത്തിനാവശ്യമായ ഫണ്ട് പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറുന്നതിനുള്ള വേയ്സ് ആന്റ് മീൻസ് ക്ലിയറൻസ് നൽകിയിട്ടുണ്ട്.

(ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

## എൻഡോസൾഫാൻ ദുരിത മേഖലയിൽ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ

17 (2211) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത മേഖലയിൽ നബാഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കേണ്ട തീയതി അറിയിക്കുമോ;

(ബി) മേൽ പാക്കേജിൽ എത്ര പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ആർ.സി. ക്ലെയിം ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും തുക ബന്ധപ്പെട്ട കരാറുകാർക്ക് നൽകുകയും ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പൂർത്തീകരിച്ച എത്ര പ്രവൃത്തികളുടെ തുക കരാറുകാർക്ക് നൽകാനുണ്ടെന്നും ഇതു നൽകാൻ സ്വീകരിച്ച തുടർനടപടികളും വ്യക്തമാക്കുമോ?

ഉത്തരം

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. വായ്പ എൻഡോസൾഫാൻ പാക്കേജിൽ ട്രാഞ്ചെ 17 (2011-12), ട്രാഞ്ചെ 18 (2012-13)-കളിലായിട്ടാണ് അനുവദിച്ചിരിക്കുന്നത്. ട്രാഞ്ചെ 17-ന്റെ കാലാവധി 31-3-2018-ൽ അവസാനിക്കും. ട്രാഞ്ചെ 18-ലുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള തീയതി നബാർഡ് അറിയിച്ചിട്ടില്ല.

(ബി) എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള 23 പദ്ധതികൾ പൂർത്തിയാക്കാനുണ്ട്. പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി&ഡി) നിലവിൽ 28 കോടി രൂപയുടെ ആർ.സി. ക്ലെയിമുകൾ കാസർഗോഡ് ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണന യിലാണ്. നബാർഡിൽ നിന്നും വായ്പ അനുവദിക്കുന്ന മുറയ്ക്ക് ബില്ലുകൾ മാറി നൽകുന്നതാണ്. ക്ലെയിമുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**റബ്ബർ വിലസ്ഥിരതാ പദ്ധതി**

18 (2212) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ വിലയിടിവ് കർഷകർക്ക് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) 'റബ്ബർ വില സ്ഥിരതാ പദ്ധതി' പുനരാരംഭിക്കുന്നതിന് ആലോചി ക്കുന്നുണ്ടോ; എങ്കിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഇത് സഹായകമാകുമെന്ന് കരുതുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇതിൽ റബ്ബർ വിലയിടിവ് തടയുന്നതിന് സഹായകമായ നടപടി ഏതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) റബ്ബറിന്റെ വില തകർച്ച കാരണം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിവരുന്നത്.

(ബി&സി) റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ രണ്ടാംഘട്ടം 2017 ജൂണിൽ അവസാനിച്ചു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ മൂന്നാംഘട്ടം 2017 ജൂലൈയിൽ തുടങ്ങി 2018 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പാക്കിവരികയാണ്. ഇതുപ്രകാരം 16-1-2018 വരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച മുഴുവൻ ബില്ലുകളിന്മേലുള്ള സബ്സിഡി തുകയും കർഷകരുടെ ബാങ്ക്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കർഷകന് റബ്ബറിന് കിലോയ്ക്ക് 150 രൂപ ഉറപ്പുവരുത്താൻ സാധിക്കും. കൂടാതെ റബ്ബർ ബോർഡുമായി സഹകരിച്ച് പുതുകൃഷി/ആവർത്തന കൃഷി ചെയ്ത്, റബ്ബർ തോട്ടങ്ങളിൽ ആദ്യത്തെ മൂന്ന് വർഷക്കാലയളവിൽ ലഭ്യമായ സ്ഥലവും സൂര്യപ്രകാശവും പ്രയോജനപ്പെടുത്തി ഇടവിളയായി വാഴ, പച്ചക്കറി വിളകൾ തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

## കിഫ്ബി

19 (2213) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ഡിസംബർ 31 വരെയുള്ള കാലയളവിൽ കിഫ്ബിയിലേക്ക് എത്ര രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയിലേക്ക് ഫണ്ടുകൾ സമാഹരിച്ചിട്ടുള്ളത് കേന്ദ്ര സർക്കാരിന്റെയും സെബിയുടെയും (SEBI) അനുമതിയോടെയാണോ എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2017 ഡിസംബർ 31 വരെ കിഫ്ബിയിൽ നിന്ന് എത്ര പദ്ധതികൾക്ക് എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയെന്ന് അറിയിക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ ഇക്കാലയളവിൽ കിഫ്ബിയിൽ നിന്ന് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പട്ടിക നൽകാമോ?

<u>ഉത്തരം</u>

(എ) 2017 ഡിസംബർ 31 വരെയുള്ള കാലയളവിൽ കിഫ്ബിക്ക് ലഭ്യമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) കിഫ്ബിയിൽ നിലവിൽ സമാഹരിച്ചിട്ടുള്ള പണം സംസ്ഥാന സർക്കാർ ബഡ്ജറ്റിലൂടെ വകയിരുത്തിയിട്ടുള്ളതാണ്. സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ അവലംബിച്ച് കിഫ്ബി മുഖേന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ആവശ്യം വരുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് കിഫ്ബി മുഖേന നടപ്പാക്കുന്നതിന് ആവശ്യമായ പദ്ധതി വിശദാംശങ്ങളോടെ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള 18938.3 കോടി രൂപ പദ്ധതി അടങ്കലുള്ള 274 പദ്ധതി/ ഉപപദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) കിഫ് ബോർഡ് അംഗീകാരം നൽകിയ മലപ്പുറം ജില്ലയിലെ പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**കിഫ്ബി**

20 (2214) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിലവിൽ നാളിതുവരെ ലഭ്യമായിട്ടുള്ള തുക എത്രയാണ്; ഏതെല്ലാം ഇനത്തിൽ നിന്നെല്ലാമാണ് ഇത് ലഭ്യമായിട്ടുള്ളത്;

(ബി) കിഫ്ബി നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുക എത്രയാണ്; ഏതെല്ലാം ആവശ്യങ്ങൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്; ഓരോ വകുപ്പിനും കിഫ്ബിയിൽ നിന്നും ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാക്കുമോ

(സി) നാളിതുവരെ കിഫ്ബിയിലുള്ള നീക്കിയിരുപ്പ് തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വൻകിട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച ശീർഷകത്തിലെ നീക്കിയിരുപ്പ് തുക, 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് മോട്ടോർ വാഹന നികുതി, പെട്രോളിയം ഉല്പന്നങ്ങളുടെ സെസ്സ് എന്നീ ഇനത്തിൽ നാളിതുവരെ കിഫ്ബി അക്കൗണ്ടിൽ 4270.59 കോടി രൂപ ലഭിച്ചു. തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| സർക്കാർ ഉത്തരവ് നമ്പർ | ശീർഷകം | തുക (കോടിയിൽ) |
|---|---|---|
| 1 | 2 | 3 |
| 22-12-2016 സ. ഉ. (സാധാ.)നമ്പർ 9899/16/ധന. | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 448.10 |
| | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 28.14 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| 11-2-2017-ലെ സ. ഉ. (സാധാ.) നമ്പർ 1132/16/ധന. | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 253.29 |
| 16-6-2017-ലെ സ. ഉ. (സാധാ) നമ്പർ 4967/17/ധന. | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 165.00 |
| | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 210.00 |
| 27-12-2017-ലെ സ. ഉ(സാധാ.) നമ്പർ 9619/17/ധന. | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 256.19 |
| | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 411.45 |
| 30-3-2016-ലെ സ.ഉ. (കൈ.) നമ്പർ 16/16/Plg. | | 873.855 |
| 30-3-2017-ലെ സ. ഉ. (കൈ.) നമ്പർ 18/17/Plg. | | 1624.567 |

(ബി) കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിനായി നാളിതുവരെ ചെലവഴിച്ച തുകയും വകുപ്പുതിരിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) 19-1-2018-ലെ കണക്കുകൾ പ്രകാരം 4062.75 കോടി രൂപ നീക്കിയിരുപ്പുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കിഫ്ബി**

21 (2215) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിക്കാനായി അനുമതി നൽകിയ ഏതെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാലതാമസമെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിക്കാനായി അനുമതി നൽകിയതും ടെണ്ടർ നടപടികൾ പൂർത്തിയായതുമായ പദ്ധതികളുടെ വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി.-യുടെ ചുമതലയാണ്. കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കിഫ്ബി വഴി അംഗീകാരം ലഭിച്ച പദ്ധതികൾ**

22 (2216) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി ഇതു വരെ എത്ര പദ്ധതികൾക്ക് അംഗീകാരം നല്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്; ജില്ലയും വകുപ്പും തിരിച്ച് വ്യക്തമാക്കാമോ;

(ബി) കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി ഇതുവരെ എത്ര തുക ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ സമാഹരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി ഇതുവരെ 274 പദ്ധതികൾക്ക് അംഗീകാരം നൽകുകയും അതിൽ 31 പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അവയുടെ ജില്ലയും വകുപ്പും തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) നിലവിലെ കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ കിഫ്ബിക്ക് ലഭ്യമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി നിക്ഷേപ സമാഹരണ പരിപാടി

23 (2217) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന അടിസ്ഥാന സൗകര്യ വികസനത്തിനായി നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച നയം വ്യക്തമാക്കുമോ;

(ബി) ഇതിനായി ഗൾഫ് രാജ്യങ്ങളിൽ നിക്ഷേപ സമാഹരണ പരിപാടി സംഘടിപ്പിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ രാജ്യങ്ങളിലാണ് ഇത് സംഘടിപ്പിച്ചതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പരിപാടിയിലൂടെ പ്രവാസി മലയാളികളിൽനിന്നും മറ്റ് പ്രവാസി ഭാരതീയരിൽനിന്നും വിദേശ രാജ്യങ്ങളിൽനിന്നും ഇതിനകം എന്തെങ്കിലും നിക്ഷേപം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് മോട്ടോർ വാഹന നികുതി, പെട്രോളിയം ഉല്പന്നങ്ങളിന്മേലുള്ള സെസ് എന്നീ ഇനങ്ങളിലായി ആകെ 1772.17 കോടി രൂപ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ Plan Write Up പ്രകാരം 2015-16, 2016-17 വർഷങ്ങളിലായി ആകെ 2498.41 കോടി രൂപയും കിഫ്ബിയുടെ മൂലധന നിക്ഷേപമായി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമാക്കിയ തുക നിലവിൽ കിഫ്ബോർഡ് അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ ആദ്യഘട്ടം നടപ്പാക്കുന്നതിന് മതിയാകുന്നതാണ്. നബാർഡിൽ നിന്നും 565 കോടി രൂപ വായ്പയെടുക്കുന്നതിന്റെ ആദ്യപടിയായി 100.80 കോടി രൂപ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിവിധ ബാങ്കുകളിൽ നിന്നും ദീർഘകാലാടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കിഫ്ബോർഡിന്റെ തുടർന്നുള്ള യോഗങ്ങളിൽ സമർപ്പിക്കപ്പെടുന്ന പദ്ധതികളുടെ അംഗീകാരത്തിന് അനുസൃതമായി ആവശ്യമായി വരുന്ന തുക 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് അനുശാസിച്ചിട്ടുള്ളതും സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ളതുമായ നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ (InVIT, IDF, ബോണ്ടുകൾ പുറപ്പെടുവിക്കൽ തുടങ്ങിയവ) അവലംബിച്ച് കിഫ്ബി നിധിയിലേയ്ക്കുള്ള നിക്ഷേപം സമാഹരിക്കുന്നതാണ്. ആദ്യപടിയായി യു.കെ.,

സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും ഉദ്ദേശ്യമുണ്ട്. ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി ICRA, CRISIL എന്നീ അന്തർദേശീയ റേറ്റിംഗ് ഏജൻസികൾ പ്രഥമ റേറ്റിംഗായി A+ നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതികൾക്ക് ആവശ്യമായ തുക കെ.എസ്.എഫ്.ഇ. എൻ.ആർ.ഐ. ചിട്ടിയിലൂടെ ലഭിക്കുന്ന ഫ്ലോട്ട് ഫണ്ട് പ്രത്യേക ബോണ്ടുകൾ വഴി സമാഹരിക്കുന്നതിനുള്ള നൂതന സംരംഭവും സർക്കാർ മുന്നോട്ട് വച്ചിട്ടുണ്ട്. മലയാളികളായ പ്രവാസികളുടെ സഹകരണത്തോടെ ഇതുവഴി 12,000 കോടി രൂപ യുടെ വിഭവ സമാഹരണം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങളിൽ സുപ്രധാനമായ പങ്ക് വഹിക്കുമെന്ന് കരുതുന്ന ഒരു പദ്ധതിയാണ് കെ.എസ്.എഫ്.ഇ.-യുമായി സഹകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവാസി ചിട്ടി. ഈ പദ്ധതിയുടെ പ്രചരണത്തിന്റെയും മാർക്കറ്റ് അനാലിസിസിന്റെയും ഭാഗമായി ദുബായിലും അബുദാബിയിലും പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ധാരാളം വിദേശ മലയാളികളും മലയാളി അസോസി യേഷനുകളും മുൻനിര പത്രമാധ്യമങ്ങളും ഈ പരിപാടികളിൽ പങ്കെടുത്ത് പദ്ധതിയോടുള്ള അനുഭാവം അറിയിച്ചിട്ടുണ്ട്.

(സി) പ്രവാസി ചിട്ടി പദ്ധതി ആരംഭിക്കുന്നതിന്റെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്.

## കിഫ്ബി വഴിയുള്ള നിക്ഷേപം

24 (2218) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വഴി ഏതെല്ലാം മേഖലകളിൽ നിക്ഷേപം നടത്തി എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

കിഫ്ബിയിൽനിന്നും തുക അനുവദിച്ചിട്ടുള്ള വിവിധ മേഖലകളിലെ കിഫ്ബി പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ

25 (2219) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്ത് ഇതേവരെ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച എത്ര കോടി രൂപയുടെ പ്രവൃത്തി നിലവിൽ ആരംഭിച്ചിട്ടുണ്ട് ;

(ബി) എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്;

(സി) ആകെ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് കിഫ്ബി മുഖേന ചെയത് തീർക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും കിഫ് ബോർഡ് അംഗീകരിച്ചിട്ടുള്ളതുമായ 2987.8 കോടി രൂപ അടങ്കലുള്ള പദ്ധതികൾ സംസ്ഥാനത്ത് നിലവിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) 2727.24 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്.

(സി) 2016-17, 2017-18 വർഷങ്ങളിലായി 54,074 കോടി രൂപ അടങ്കലുള്ള പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുന്നതിനായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്.

**അരൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

26 (2220) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് കിഫ്ബി മുഖാന്തരം നടപ്പിലാക്കുവാനായി നിർദേശിക്കപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് നിലവിൽ അനുവാദം നൽകിക്കഴിഞ്ഞു; പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ, എസ്.പി.വി. എന്നിവ ഏതെന്ന് വിശദമാക്കാമോ; അനുവാദം ലഭിക്കാത്ത പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) അരൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും അതിൽ അനുവാദം നൽകിക്കഴിഞ്ഞതുമുൾപ്പെടെയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി *ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി മുഖാന്തരമുള്ള പദ്ധതികൾക്ക് ഭരണാനുമതി

27 (2222) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കിഫ്ബി മുഖാന്തരം ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിൽ കിഫ്ബി അംഗീകരിച്ച പദ്ധതികളുടെയും ആരംഭിച്ച പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## ദേവികുളം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

28 (2223) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ പ്രഖ്യാപിച്ച, ദേവികുളം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18-ൽ ദേവികുളം നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) 8-8-2016-ലെ സ. ഉ. (കൈ.) നമ്പർ 315/16/ധന. ഉത്തരവുപ്രകാരം കിഫ്ബോർഡ് അംഗീകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി.-കളാണ്. ടി നടപടികൾക്കനുസൃതമായ ബില്ലുകൾ കിഫ്ബിയിൽ സമർപ്പിക്കുന്ന പക്ഷം കിഫ്ബി തുക അനുവദിച്ചുതുടങ്ങുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബിയിലെ നിക്ഷേപവും ചെലവും

29 (2225) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ആരംഭിച്ചതു മുതൽ 31-12-2017 വരെ കിഫ്ബിയുടെ വിവിധ അക്കൗണ്ടുകളിൽ നിക്ഷേപമായി വന്ന തുകയെത്ര; ഇനംതിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തുകയിൽ നിന്നും എത്ര വീതമാണ് ട്രഷറിയിലും സ്വകാര്യ ബാങ്കുകളിലുമായി നിക്ഷേപിച്ചത്; പലിശയിനത്തിൽ ലഭിച്ച തുക എത്ര; എന്നിവ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിക്ഷേപങ്ങളിൽ നിന്നും 31-12-2017 വരെ പദ്ധതി ചെലവ്, ശമ്പളം (സ്ഥിരം ജീവനക്കാർ, കരാർ ജീവനക്കാർ, ദിവസവേതന തൊഴിലാളികൾ, റീ-എംപ്ലോയ്ഡ് ജീവനക്കാർ എന്നിങ്ങനെ ഇനം തിരിച്ച്), ബോർഡ് മീറ്റിംഗ്, എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ്, സെമിനാറുകൾ, ഐ.ടി. കൺസൾട്ടൻസി, അപ്രൈസൽ കൺസൾട്ടൻസി, വാഹന ചെലവ് എന്നീ ഇനങ്ങളിൽ ചെലവായ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുനഃസംഘടിപ്പിക്കപ്പെട്ട കിഫ് ബോർഡിൽ ലഭിച്ച തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | തുക |
|---|---|
| മൊത്തം സ്ഥിര നിക്ഷേപം | 7,00,00,00,000 |
| സ്ഥിര നിക്ഷേപങ്ങളിന്മേലുള്ള പലിശ | 30,25,44,029.95 |
| സേവിംഗ്സ് ബാങ്ക് അക്കൗണ്ട് | 1772,27,70,810 |
| സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പലിശ | 5,69,20,889 |
| സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് 479 | 2498,42,27,844 |

കിഫ്ബിയുടെ ആരംഭകാലം മുതലുള്ള മുൻകാല വിശദാംശങ്ങൾ നിലവിൽ ലഭ്യമല്ല.

(ബി) പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബിയിലെ പ്രസ്തുത ഇനങ്ങളിന്മേലുള്ള ചെലവ് താഴെപറയും പ്രകാരമാണ്:

| ഇനം | തുക (രൂപയിൽ ) |
|---|---|
| പദ്ധതി ചെലവ് | 327,86,89,737 |
| ശമ്പളം | |
| സ്ഥിരം ജീവനക്കാർ | 78,91,723 |
| കരാർ | 12,09,525 |
| ദിവസ വേതനം | 7,41,855 |
| മീറ്റിംഗ് | |
| കിഫ്ബോർഡ് | 2,178,872 |
| എക്സിക്യൂട്ടീവ് കമ്മിറ്റി | 5,95,462 |
| സെമിനാറുകൾ | 43,73,932 |
| ഐ.റ്റി. കൺസൾട്ടൻസി | 63,68,243 |
| അപ്രൈസൽ കൺസൾട്ടൻസി | 1,87,00,317 |
| വാഹന ചെലവ് | 5,83,100 |

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കിഫ്ബി വഴിയുള്ള പ്രവൃത്തികൾ

30 (2226) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കിഫ്ബി വഴി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചത്;

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബിവഴി ഫണ്ട് അനുവദിക്കപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്ക് തുടക്കംകുറിക്കുവാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ് ബോർഡ് അംഗീകാരം നൽകിയ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പ്രവൃത്തികൾ, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബിയിലെ സ്റ്റാഫ് പാറ്റേൺ

31 (2227) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ; ഇതിൽ എത്ര നിയമനങ്ങൾ നാളിതുവരെ നടന്നിട്ടുണ്ട്; കരാർ/ദിവസവേതനം/റീ-എംപ്ലോയ്ഡ് ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങൾക്കുമായി ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സർക്കാർ ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരെ തെരഞ്ഞെടുത്ത രീതി വ്യക്തമാക്കാമോ; കരാർ ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനായി പ്രസിദ്ധീ കരിച്ച നോട്ടിഫിക്കേഷൻ അഥവാ പത്രപരസ്യത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കിഫ്ബിയിലെ ഉന്നതരുടെ അടുത്ത ബന്ധുക്കളിൽ ആരെയെങ്കിലും (മകൻ/മകൾ/ഭാര്യ/ഭർത്താവ്/സഹോദരൻ/സഹോദരി) കിഫ്ബിയുടെ പ്രോജക്ട് ചെയ്യാൻ നിയുക്തമായ എസ്.പി.വി.യിൽ നിയമിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് അഴിമതിക്ക് വഴിവയ്ക്കുമെന്നതിനാൽ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 14-2-2017-ലെ സ. ഉ. (കൈ.) നമ്പർ 77/2017/ധന. പ്രകാരമുള്ള കിഫ്ബിയിലെ സ്റ്റാഫ് പാറ്റേണിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. ഇതിൽ നാളിതുവരെ 19 നിയമനങ്ങൾ നടന്നിട്ടുണ്ട്. കരാർ ജീവനക്കാർക്കായി 12,09,525 രൂപയും ദിവസവേതന വ്യവസ്ഥയിലുള്ള ജീവനക്കാർക്കായി 7,41,755 രൂപയും ചെലവായിട്ടുണ്ട്. റീ എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടില്ല.

(ബി) സർക്കാർ ജീവനക്കാർ ഒഴികെയുള്ള കരാർ ജീവനക്കാരെ സ. ഉ. (കൈ.) നമ്പർ 77/2017/ധന. ഉത്തരവ് പ്രകാരം മത്സര പരീക്ഷ/ അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനായി പ്രസിദ്ധീകരിച്ച പത്രപരസ്യത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നേരിട്ടാണ് നിയമിച്ചിട്ടുള്ളത്. ഇതിനുപുറമെ ഒരു കമ്പ്യൂട്ടർ അസിസ്റ്റന്റിനെ ദിവസ വേതനാടിസ്ഥാനത്തിലും വിരമിച്ച സബ് ട്രഷറി ഓഫീസറെ പരിചയസമ്പന്നതയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട്സ് ആന്റ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായും ഒരു ഓഡിറ്റ് അസിസ്റ്റന്റിനെ ഓഡിറ്റ് സ്ഥാപനം വഴിയും കിഫ്ബിയിലെ അടിയന്തര ആവശ്യം പരിഗണിച്ച് താൽക്കാലികമായി കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കിഫ്ബിയിൽ പ്രവാസി നിക്ഷേപം

32 (2228) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിഫ്ബി'യിൽ പ്രവാസി നിക്ഷേപം ഉറപ്പുവരുത്തുന്നതിനായി കെ.എസ്.എഫ്.ഇ. വഴി ആരംഭിക്കുമെന്ന് തീരുമാനിച്ചിരുന്ന പ്രവാസിചിട്ടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എത്ര പേർ വരിക്കാരായി ചേർന്നിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവാസിചിട്ടി വഴി ഏകദേശം എത്ര രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എത്രപേർ വരിക്കാരായി ചേരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(സി) നിലവിൽ കെ.എസ്.എഫ്.ഇ. നടത്തിവരുന്ന മറ്റ് ചിട്ടികളിൽ ഏകദേശം എത്ര പ്രവാസികൾ വരിക്കാരായി നിലവിലുണ്ട്; ചിട്ടിതുക സ്ഥിരം നിക്ഷേപമായി നിക്ഷേപിച്ച പ്രവാസികളുടെ എണ്ണം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ & ബി) 2017-18-ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി സർക്കാർ കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. രണ്ട് ലക്ഷം മുതൽ 25 ലക്ഷം രൂപവരെ സലയുള്ള ചിട്ടികളാണ് നിലവിൽ കിഫ്ബിക്കുവേണ്ടി സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യവർഷം തന്നെ ഒരു ലക്ഷം പ്രവാസികളെയെങ്കിലും ചിട്ടിയിൽ ചേർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പ്രവാസി ബന്ധു സംഗമങ്ങൾ നടത്തുന്നതിലൂടെ പ്രവാസി

ചിട്ടിയുടെ സന്ദേശം അവരുടെ ഗൃഹങ്ങളിൽ എത്തിക്കാൻ കഴിഞ്ഞിരിക്കുന്നു. പ്രവാസികൾക്ക് തുടങ്ങാൻ പോകുന്ന വിവിധങ്ങളായ ചിട്ടികളെ പരിചയപ്പെടുത്തുന്നതിനും അവരുടെ താല്പര്യം രേഖപ്പെടുത്തുന്നതിനുമുള്ള വെബ്സൈറ്റ് ഇപ്പോൾ ലഭ്യമാണ്. മറ്റ് അനുബന്ധ പ്രവർത്തനങ്ങളായ സോഫ്റ്റ്‌വെയർ നിർമ്മാണം അന്തിമഘട്ടത്തിലും പ്രത്യേക ഓഫീസ് തുടങ്ങിയവ സജ്ജമായിക്കൊണ്ടിരിക്കുകയുമാണ്.

(സി) പ്രവാസികളിൽ പലരും നാട്ടിലെ വിലാസം ഉപയോഗിച്ച് ചിട്ടിയിൽ ചേരുന്നതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

**കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

33 (2229) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കങ്കക്കടവ്-കുറ്റിപ്പുറം റെഗുലേറ്റർ-കം-ബ്രിഡ്ജ്, കുറ്റിപ്പുറം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം എന്നീ പദ്ധതികൾക്ക് കിഫ്ബി സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഡി.പി.ആർ. ലഭ്യമായിട്ടുണ്ടോ; ഡി.പി.ആർ. ലഭ്യമാക്കേണ്ട ഏജൻസിയെ നിശ്ചയിക്കേണ്ടത് ആരാണ്; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കങ്കക്കടവ്-കുറ്റിപ്പുറം റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്ന പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (KIIDC) നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ട് ബന്ധപ്പെട്ട ഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ ഡി.പി.ആർ. നാളിതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. കുറ്റിപ്പുറം സബ് രജിസ്ട്രാർ ഓഫീസ് എന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ (KSCC) ചുമതലപ്പെടുത്തിക്കൊണ്ട് ബന്ധപ്പെട്ട ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സൂക്ഷ്മപരിശോധനയിലാണ്.

## കിഫ്ബിയിലൂടെ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം

34 (2230) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്തതും, പുതുതായി സ്ഥാപിതമായതുമായ ഗവൺമെന്റ് കോളേജുകൾക്ക് എത്ര കോടി രൂപയാണ് കിഫ്ബിയിലൂടെ അനുവദിക്കാനുദ്ദേശിക്കുന്നത്; ഈ കോളേജുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) കെട്ടിടമില്ലാത്ത കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിറ്റ്കോ ലിമിറ്റഡ് സമർപ്പിച്ച മാസ്റ്റർ പ്ലാനിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാലതാമസം എന്നറിയിക്കാമോ?

### ഉത്തരം

(എ) 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാരിന്റെ 52 കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 350 കോടി രൂപയാണ് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്.

(ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗപ്രകാരവും 2017-18-ലെ ബഡ്ജറ്റ് പ്രസംഗപ്രകാരവും 20,000 കോടി രൂപ വീതമുള്ള രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് ഉൾപ്പെടെ 5 വർഷംകൊണ്ട് 50,000 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇതിനോടകംത്തന്നെ 54,000 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കാൻ പ്രഖ്യാപിച്ചുകഴിഞ്ഞു. ഇതിൽ 18938.3 കോടി രൂപയുള്ള പ്രോജക്ടുകൾക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. 2016-17, 2017-18 ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രതിപാദിച്ച ബാക്കിയുള്ള പ്രവൃത്തികൾക്ക് വിശദമായ പദ്ധതിരേഖ ലഭിക്കുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരം നൽകുന്നതാണ്. ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചതും അംഗീകരിച്ചിട്ടുള്ളതുമായ പദ്ധതികൾ ഏറിയ പങ്കും നടപ്പിലാക്കിയതിനുശേഷം കിഫ്ബിയുടെ പ്രവർത്തനം വിലയിരുത്തി മാത്രമേ ഇവയ്ക്ക് പുറമേയുള്ള പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുള്ളൂ എന്ന സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

(സി) കെട്ടിടമില്ലാത്ത കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർപ്ലാൻ കിറ്റ്കോ ലിമിറ്റഡ് നാളിതുവരെ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഇതിന് ഭരണാനുമതി നൽകേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പാണ്.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിൽ വരുത്തുന്ന പദ്ധതികൾ

35 (2231) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതിൽ കിഫ്ബിവഴി നടപ്പിൽവരുത്തുന്ന പദ്ധതികൾ ഏതൊക്കെയാണ്;അതിന്റെ ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച നെയ്യാറ്റിൻകര മണ്ഡലത്തിലെ പദ്ധതികൾക്ക് തുക അനുവദിച്ചത് ഏതിനൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക സമയം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാലാവധി എത്ര വർഷം എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്*.

(ബി) വിവിധ മേഖലകളിൽ നാളിതുവരെ തുക അനുവദിച്ച കിഫ്ബി പദ്ധതികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്.

(സി) വിവിധ പദ്ധതികൾക്ക് അതിന്റെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ കാലാവധി വ്യത്യസ്തമായിരിക്കും. മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ പൂർത്തിയാക്കുന്നതിന് പ്രത്യേക സമയം അനുവദിച്ചിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബിയിലൂടെയുള്ള പദ്ധതികൾക്ക് ഭരണാനുമതി

36 (2233) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലൂടെ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ പദ്ധതികൾക്കും സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ കിഫ്ബിയിലേക്ക് ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) കിഫ്ബി മുഖേന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 8-8-2016-ലെ സ. ഉ. (കൈ.) നമ്പർ 315/16/ധന ഉത്തരവുപ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതും സർക്കാർ നിർദ്ദേശിക്കുന്നതുമായ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പാണ് ഭരണാനുമതി പുറപ്പെടുവിച്ച് പദ്ധതി വിശദാംശങ്ങൾ കിഫ്ബിയിൽ ഓൺലൈനായി സമർപ്പിക്കേണ്ടത്.

(ബി) ഭരണ വകുപ്പ് അനുമതി നൽകിയശേഷമാണ് കിഫ്ബി പദ്ധതികളുടെ ഡി.പി.ആർ., എസ്.പി.വി. തയ്യാറാക്കുന്നത്. കിഫ്ബിയിൽ ലഭ്യമാക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടുകൾ ഡി.പി.ആർ. കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന്റെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ന്യൂനതകളില്ലാത്തപക്ഷം തുടർന്നുള്ള കിഫ് ബോർഡ് യോഗങ്ങളിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതുമാണ്. ന്യൂനതകൾ കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി/ഭരണവകുപ്പ് അവ പരിഹരിച്ച് കിഫ്ബോർഡിന്റെ അംഗീകാരത്തിനായി വീണ്ടും കിഫ്ബിയിൽ സമർപ്പിക്കേണ്ടതാണ്. ഈ പ്രക്രിയകൾ നിലവിൽ കാലതാമസം കൂടാതെ കിഫ്ബിയിൽ നടന്നുവരുന്നു.

## ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രവൃത്തികൾ

37 (2234) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എയ്ഡഡ് വിദ്യാലയങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേക്കാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ഇതിന് അംഗീകാരം നൽകുന്നതിനുള്ള നടപടി ക്രമങ്ങളും വിശദമാക്കുമോ;

(സി) നിർമ്മാണ പ്രവൃത്തികൾ നടത്തുന്ന എയ്ഡഡ് സ്ഥാപനങ്ങളും സർക്കാരുമായി ഏതെങ്കിലും തരത്തിലുള്ള കരാറുകൾ വയ്ക്കേണ്ടതായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 12-5-2017-ലെ സ. ഉ. (അ.) നമ്പർ 63/2017/ധന. 28-5-2017-ലെ സ.ഉ. (അ.) നമ്പർ 75/2017/ധന. എന്നിവ പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 18-8-2017-ലെ സ. ഉ. (അ.) നമ്പർ 109/2017/ധന. പ്രകാരം ചലഞ്ച് ഫണ്ട് പദ്ധതിക്കായി നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, മറ്റ് സർക്കാർ സഹായം എന്നിവ ചേർത്ത് പരമാവധി ഒരു കോടി രൂപ ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാം. പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് തുല്യമായ തുക, പരമാവധി ഒരു കോടി രൂപയായിരിക്കും ഇപ്രകാരം വിനിയോഗിക്കാൻ കഴിയുക. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, സർക്കാർ സഹായം 50:50 എന്ന അനുപാതത്തിലായിരിക്കും. ചലഞ്ച് ഫണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) ആസ്തി വികസന പദ്ധതിയിലെ മറ്റ് പ്രവൃത്തികൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ തന്നെയാണ് എയ്ഡഡ് സ്കൂളുകളിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമാക്കി യിട്ടുള്ളത്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയ സർക്കാർ എഞ്ചിനീയറിംഗ് വിഭാഗങ്ങളെയോ സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രെഡിറ്റഡ് ഏജൻസികളെയോ സമീപിക്കാവുന്നതാണ്.

(സി) ചലഞ്ച് ഫണ്ട് പദ്ധതിയിൽ സർക്കാർ സഹായത്തിന് ആനുപാതികമായ തുക സ്കൂൾ മാനേജ്മെന്റ്/സ്കൂൾ സംരക്ഷണ സമിതി വഹിക്കേണ്ട താണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മറ്റുതരത്തിലുള്ള കരാറുകളൊന്നും വ്യവസ്ഥ ചെയ്തിട്ടില്ല.

## നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്

38 (2235) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങാൻ നിലവിൽ വ്യവസ്ഥയുണ്ട് എന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർവ്വകലാശാലകളുടെ കാമ്പസുകളിൽ സ്ഥിതി ചെയ്യുന്ന കോളേജുകൾക്ക് ബസ് വാങ്ങാൻ ആസ്തി വികസന ഫണ്ട് ഉപയോഗിക്കാൻ കഴിയുമോ;

(സി) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചെക്ക് ഡാമുകൾ നിർമ്മിക്കാൻ അനുമതിയുണ്ടോ; സംസ്ഥാന മണ്ണ് സംരക്ഷണ വകുപ്പിനെ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തു ന്നതിന് തടസ്സമുണ്ടോ?

ഉത്തരം

(എ) 9-12-2016-ലെ സ. ഉ. (പി.) നമ്പർ 178/2016/ധന. 8-8-2017-ലെ സ. ഉ. (പി.) നമ്പർ 60/2017/ധന. എന്നിവ പ്രകാരം സർക്കാർ സ്കൂളുകളിലെയും സർക്കാർ കോളേജുകളിലെയും വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ അനുമതിയില്ല.

(സി) നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചെക്ക് ഡാമുകൾ നിർമ്മിക്കാൻ അനുമതിയുണ്ട്. എന്നാൽ സംസ്ഥാന മണ്ണ് സംരക്ഷണ വകുപ്പിനെ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല.

## കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

39 (2236) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലം മുൻ എം.എൽ.എ. ശ്രീ. അബ്ദുസമദ് സമദാനി തന്റെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരുന്ന കോട്ടയ്ക്കൽ നഗരസഭയിലെ മഠത്തിൽ കോളനി റോഡ്,

കുറ്റിപ്പുറം പഞ്ചായത്തിലെ വെള്ളാപറമ്പ് റോഡ് എന്നിവയ്ക്ക് ധനകാര്യവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് മുൻ എം.എൽ.എ. നൽകിയിരുന്ന കത്തുകൾ ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഭരണവകുപ്പ് എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ 28-10-2017 ന് ധനകാര്യ വകുപ്പിന് നൽകിയിരുന്ന കത്തിൽ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) മുൻഎം.എൽ.എ. യഥാസമയം ഭരണ വകുപ്പിന് കത്ത് നൽകിയിരുന്നതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അംഗീകാരം നൽകിയിട്ടില്ല. പരിശോധിച്ചിട്ടുണ്ട്. എന്നാൽ ഭരണ വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല.

(ബി) 28-10-2017-ലെ കത്ത് ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും 7-9-2017-ലെ 69/2017/ധന. നമ്പർ ഉത്തരവുപ്രകാരം പഴയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കേണ്ട 31-10-2017 എന്ന സമയപരിധി കഴിഞ്ഞ സാഹചര്യത്തിൽ, ടി ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന വിവരം ബഹു. എം.എൽ.എ.-യെ. അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സമയബന്ധിതമായി പ്രൊപ്പോസലുകൾ എസ്റ്റിമേറ്റ് സഹിതം ലഭ്യമാക്കിയെങ്കിൽ മാത്രമേ ആയത് പരിശോധിച്ച് അനുമതി നൽകാൻ കഴിയൂ. ടി പ്രൊപ്പോസലുകളിൽ ശിപാർശകൾ പരിശോധിച്ച് അർഹമാണെങ്കിൽ മാത്രമേ പ്രത്യേക അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## റവന്യൂ വരവും ട്രഷറി നിയന്ത്രണവും

40 (2237) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരവ് വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിലൂടെ റവന്യൂ വരുമാനത്തിൽ 2016-17, 2017-18 (ഡിസംബർ 31 വരെ) കാലഘട്ടങ്ങളിൽ ഉണ്ടായ വർദ്ധനവ് വ്യക്തമാക്കുമോ;

(സി) 2018 ജനുവരി 15 വരെ സാമ്പത്തിക പ്രതിസന്ധിമൂലം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ അവശ്യ ചെലവുകളെ കാര്യമായി വെട്ടിക്കുറയ്ക്കുന്നതിനും നീട്ടിവയ്ക്കുന്നതിനും ഇത് ഇടയാക്കിയിട്ടുണ്ട്;

(ഡി) കാർഷികമേഖലയിലും പരമ്പരാഗത മേഖലയിലുമുള്ള തൊഴിലാളികളെ ട്രഷറി നിയന്ത്രണം സാരമായി ബാധിച്ചു എന്ന് കരുതുന്നുണ്ടോ;

(ഇ) ട്രഷറി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്ന സാഹചര്യമെന്താണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ പിരിവ് ഊർജ്ജിതവും കാര്യക്ഷമവുമാക്കുന്നതിന് നികുതി സമാഹരിക്കുന്ന സുപ്രധാന വകുപ്പുകൾ മുഖേന കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

<u>രജിസ്ട്രേഷൻ വകുപ്പ്</u>

(i) അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽവരുത്തി.

(ii) ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂനഷ്ടം തടയുന്നതിനായി Central PWD മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപ്പത്ര നിയമത്തിൽ 28 ബി എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു.

<u>എക്സൈസ് വകുപ്പ്</u>

അബ്കാരി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനെസ്റ്റി സ്കീം) നടപ്പിലാക്കി.

<u>വാണിജ്യ നികുതി വകുപ്പ്</u>

(i) മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ii) ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനെസ്റ്റി പദ്ധതി നടപ്പിൽവരുത്തി.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 8.16 ശതമാനത്തിന്റെയും നികുതിയേതര വരുമാനത്തിൽ 15.13 ശതമാനത്തിന്റെയും വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ നവംബർ 30 വരെ ഈ ഇനങ്ങളിൽ യഥാക്രമം 5.26 ശതമാനത്തിന്റെയും 16.86 ശതമാനത്തിന്റെയും വർദ്ധനവ് മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് നേടുവാൻ സാധിച്ചിട്ടുണ്ട്.

(സി -ഇ) സംസ്ഥാനത്തിന്റെ പ്രതിമാസ വരുമാനം നിശ്ചിതവും എന്നാൽ ചെലവുകൾക്ക് ബഡ്ജറ്റിലൂടെയുള്ളതല്ലാതെ മറ്റ് നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ വരവിനനുസരിച്ച് ട്രഷറി മുഖേനയുള്ള ചെലവുകൾ ക്രമപ്പെടുത്തേണ്ടത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതവും കാലാകാലങ്ങളായി തുടർന്നുപോരുന്ന ഒരു നടപടി ലിക്വിഡിറ്റി പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ട്രഷറി വിനിമയങ്ങളിൽ 2017 നവംബർ-ഡിസംബർ മാസങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. മാസാദ്യം ലഭിച്ചിരുന്ന നികുതി വിഹിതം മധ്യത്തിലേയ്ക്ക് മാറ്റിയതും പബ്ലിക് അക്കൗണ്ട് വായ്പാ വരുമാനമായി കണക്കാക്കി അനുവദനീയ വായ്പാപരിധി ചുരുക്കുമെന്ന ചരിത്രത്തിലാദ്യമായിട്ടുള്ള കേന്ദ്രസർക്കാർ നിലപാടുകളുമാണ് ലിക്വിഡിറ്റി പ്രതിസന്ധിയുടെ അടിയന്തര കാരണങ്ങൾ. എന്നാൽ നിലവിൽ പദ്ധതി-പദ്ധതിയേതര ചെലവിനങ്ങളുടെ 5 കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽനിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല. ട്രഷറി നിയന്ത്രണം സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയിലെ ഏതെങ്കിലും മേഖലകളെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നികുതി വളർച്ചാ നിരക്ക്**

41 (2238) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ പ്രതീക്ഷിത നികുതി വളർച്ചാ നിരക്ക് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാരിൽ നിന്നുള്ള നഷ്ടപരിഹാരം ഉൾപ്പെടെ എത്ര ശതമാനം വളർച്ച കൈവരിക്കാൻ ഇതുവരെ സംസ്ഥാനത്തിന് കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ;

(സി) നികുതി വളർച്ചാ നിരക്കിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പുസാമ്പത്തിക വർഷത്തിൽ 25 ശതമാനം നികുതി വളർച്ചാ നിരക്ക് പ്രതീക്ഷിച്ചിരുന്നു.

(ബി&സി) 2017 നവംബർ 30 വരെ നികുതി വർദ്ധനവ് 3.65 ശതമാനമാണ്. കേന്ദ്ര കോമ്പൻസേഷനുംകൂടി കണക്കിലെടുത്താൽ വർദ്ധനവ് 14 ശതമാനം വരും. ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷ ത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14 ശതമാനം വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി. കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസ കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യരണ്ടു ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ- ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം ലഭിച്ചതിനാൽ നികുതി നഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവന ചെയ്ത രീതിയിൽ 25 ശതമാനം നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

**പെട്രോൾ, ഡീസൽ നികുതി**

42 (2239) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ എന്നിവയുടെ നികുതിയിൽ ഗുജറാത്ത്, മഹാരാഷ്ട്ര, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങൾ കുറവുവരുത്തിയ കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പെട്രോൾ, ഡീസൽ വിലയിൽ എക്സൈസ് തീരുവ ഇനത്തിൽ കേന്ദ്ര സർക്കാർ രണ്ട് രൂപ കുറവ് വരുത്തിയിട്ടുണ്ടോ;

(സി) ഒരു ലിറ്റർ പെട്രോളും, ഡീസലും വിൽക്കുമ്പോൾ സംസ്ഥാന സർക്കാർ എന്ത് തുകയാണ് നികുതിയിനത്തിൽ ഈടാക്കുന്നത്;

(ഡി) സംസ്ഥാനങ്ങളും നികുതി കുറച്ച് ജനങ്ങൾക്ക് ആശ്വാസം നൽകണമെന്ന് കേന്ദ്രധനമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാടെന്താണെന്ന് പറയുമോ ;

(ഇ) മുൻസർക്കാരിന്റെ കാലത്ത് പെട്രോളിനും, ഡീസലിനും ഉണ്ടായിരുന്ന അധിക നികുതി കുറവ് ചെയ്തിരുന്നോ; ഇപ്രകാരം കുറവ് ചെയ്തതുമൂലം പ്രസ്തുത സർക്കാരിന്റെ കാലത്ത് നികുതിയിനത്തിൽ എന്ത് തുക നഷ്ടം സംഭവിച്ചിരുന്നുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്രം എക്സൈസ് തീരുവ പല തവണ വർദ്ധിപ്പിക്കുകയും 4-10-2017-ൽ മാത്രം പെട്രോൾ-ഡീസൽ വിലയിൽ കേന്ദ്ര എക്സൈസ് തീരുവ ഇനത്തിൽ 2 രൂപയുടെ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) 1-2-2018-ലെ വില്പന പ്രകാരം ഒരു ലിറ്റർ പെട്രോളിന് 18.38 രൂപയും ഒരു ലിറ്റർ ഡീസലിന് 13.95 രൂപയുമാണ് നികുതിയിനത്തിൽ സംസ്ഥാന സർക്കാർ ഈടാക്കുന്നത്.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മൂന്നര വർഷത്തിനുള്ളിൽ, അന്താരാഷ്ട്ര വിപണിയിൽ എണ്ണവിലയിൽ ഉണ്ടായ കുറവിന്റെ ആനുകൂല്യം കേന്ദ്രസർക്കാർ ജനങ്ങൾക്ക് കൈമാറിയിട്ടില്ലെന്ന് മാത്രമല്ല എക്സൈസ് തീരുവ ഏതാണ്ട് പത്ത് മടങ്ങായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി. വരുമാനം സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ ഡീസലിന്റെയും പെട്രോളിന്റെയും സെയിൽസ് ടാക്സ് നിരക്ക് 5 ശതമാനമായി കുറയ്ക്കുകയാണെങ്കിൽ സംസ്ഥാനത്തിന് വാർഷിക വരുമാനത്തിൽ ഏകദേശം 1136 കോടി രൂപയുടെ കുറവുണ്ടാകുന്നത് താങ്ങാൻ പറ്റാത്തതാണ്.

(ഇ) മുൻസർക്കാരിന്റെ കാലത്ത് പെട്രോളിനും ഡീസലിനും ഉണ്ടായിരുന്ന അധിക നികുതി കുറവ് ചെയ്തിരുന്നു. ഇപ്രകാരം കുറവ് ചെയ്തതുമൂലം പ്രസ്തുത സർക്കാരിന്റെ കാലത്ത് നികുതി ഇനത്തിൽ 619.17 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

43 (2240) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും അനുവദിച്ച ചികിത്സാ ധനസഹായത്തിന്റെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം തരത്തിലുള്ള രോഗചികിത്സകൾക്കാണ് പ്രസ്തുത ഫണ്ടിൽനിന്നും തുക അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുമുള്ള ചികിത്സാ ധനസഹായത്തിനുള്ള രോഗങ്ങളുടെ പട്ടികയിൽ ഈ സർക്കാർ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അപ്രകാരം രോഗങ്ങളുടെ പട്ടികയിലുള്ള മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വിശദമാക്കാമോ;

<u>ഉത്തരം</u>

(എ) 2017-ൽ കൂടിയ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ 27 മുതൽ 32 വരെയുള്ള സംസ്ഥാനതല സമിതികളിലായി അനുമതി നൽകിയ ചികിത്സാ ധനസഹായത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) കാരുണ്യ പദ്ധതി മുഖേന ഹൃദയം, കരൾ, വൃക്ക തുടങ്ങിയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കും തലച്ചോർ-കരൾ ശസ്ത്രക്രിയ, ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗങ്ങൾ, ഹീമോഫീലിയ, ഗുരുതര ശ്വാസകോശ രോഗങ്ങൾക്കും നട്ടെല്ല്, സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കും ചികിത്സാ സഹായം അനുവദിക്കുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

**കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള ചികിത്സാ സഹായം**

44 (2241) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഇപ്പോൾ ഏതൊക്കെ അസുഖങ്ങൾക്കാണ് ചികിത്സ സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കരൾ, വൃക്ക, ഹൃദയം എന്നിവ മാറ്റിവയ്ക്കുന്നതിനുള്ള വലിയ ചികിത്സാച്ചെലവ് കണക്കിലെടുത്ത് ഇതിനുള്ള സഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പരിയാരം മെഡിക്കൽ കോളേജിന് കാരുണ്യ ചികിത്സ പദ്ധതി പ്രകാരം എത്ര രൂപ നൽകാൻ കുടിശ്ശികയുണ്ട്; ആയത് കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കാരുണ്യ പദ്ധതി മുഖേന ഹൃദയം, കരൾ, വൃക്ക തുടങ്ങിയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കും തലച്ചോർ, കരൾ ശസ്ത്രക്രിയ, ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗങ്ങൾ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല് സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾ, പാലിയേറ്റിവ് കെയർ എന്നിവയ്ക്കും ചികിത്സാ സഹായം നൽകിവരുന്നു.

(ബി) വൃക്ക രോഗികൾക്ക് പരമാവധി ധനസഹായം 2 ലക്ഷം രൂപ യായിരുന്നത് 14-3-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സർക്കാർ ആശുപത്രികളിലെ കാരുണ്യ അക്കൗണ്ടിൽ നിലവിലെ നീക്കിയിരുപ്പ് അനുസരിച്ച് ആവശ്യമായ തുക ആശുപത്രികൾക്ക് നൽകുന്നതും ചെലവിന്റെ വ്യക്തിഗത വിവരങ്ങൾ ലഭിക്കുന്നമുറയ്ക്ക് മാത്രമാണ് തുടർ ഫണ്ട് അനുവദിക്കുന്നതും. പരിയാരം സഹകരണ ആശുപത്രിയിൽനിന്നും ആവശ്യപ്പെട്ട 20 കോടി രൂപയിൽ 10 കോടി രൂപ 8-12-2017-ലെ ഉത്തരവിലൂടെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വ്യക്തിഗത വിനിയോഗ വിവരം ലഭിക്കുന്ന മുറയ്ക്ക് വീണ്ടും തുക അനുവദിക്കുന്നതാണ്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

45 (2242) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) കാരുണ്യാ പദ്ധതി പ്രകാരമുള്ള ചികിത്സാ ചെലവുകൾ സ്വകാര്യ ആശുപത്രിക്ക് ലഭിക്കുന്നതിനുള്ള താമസംമൂലം ചില സ്വകാര്യ ആശുപത്രികൾ കാരുണ്യാപദ്ധതിയിൽനിന്ന് പിൻമാറുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പാവപ്പെട്ട രോഗികൾക്ക് വളരെ ആശ്വാസകരമായ ഈ പദ്ധതി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചികിത്സാ ചെലവുകൾ ലഭിക്കുന്നതിലുള്ള കാലതാമസത്താൽ സ്വകാര്യ ആശുപത്രികൾ കാരുണ്യ പദ്ധതിയിൽനിന്ന് പിൻമാറിയിട്ടില്ല.

(സി) ഈ പദ്ധതി കാര്യക്ഷമമായിട്ടുതന്നെ മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. ഇതിന്റെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമാക്കുന്നതിനായി സോഫ്റ്റ്‌വെയർ നവീകരണം, പാക്കേജ് പുതുക്കുന്നതിനുള്ള നടപടികൾ അടക്കമുള്ള കാര്യങ്ങൾ സ്വീകരിച്ചു വരുന്നു.

## താൽക്കാലിക റേഷൻ കാർഡുള്ള വ്യക്തികൾക്ക് കാരുണ്യ ആനുകൂല്യം

46 (2243) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് ഇല്ലാത്ത വ്യക്തികൾക്ക് സപ്ളൈ ഓഫീസിൽ നിന്നും അനുവദിക്കുന്ന താത്ക്കാലിക റേഷൻ കാർഡ് കാരുണ്യ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാനായി സ്വീകരിക്കുന്നത് നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് ബദൽ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, ഈ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ - സി) സ്ഥിരമായ റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നിലവിൽ കാരുണ്യ ചികിത്സാ ധനസഹായം നൽകിവരുന്നത്. എന്നാൽ പുതിയ റേഷൻ കാർഡ് ലഭിക്കാൻ താമസം നേരിടുന്നവർക്ക് പഴയ റേഷൻ കാർഡിന്റെ അടിസ്ഥാനത്തിലും ചികിത്സാ ധനസഹായം നൽകിവരുന്നു.

## കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നത്

47 (2244) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യബെനവലന്റ് ഫണ്ടിന്റെ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നത് ഏതെല്ലാം വിഭാഗം രോഗങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) നട്ടെല്ലിന് വളവുവരുന്ന (പ്രത്യേകിച്ചും കുട്ടികളിൽ) ഗുരുതരമായ രോഗമായ സ്കോളിയോസിസ്, കാരുണ്യ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ രോഗത്തിന്റെ ചികിത്സാ ചെലവ് വളരെ വലുതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ചികിത്സാ പദ്ധതിയിൽ ഈ രോഗംകൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഹൃദയം, കരൾ, വൃക്ക തുടങ്ങിയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കും തലച്ചോർ, കരൾ ശസ്ത്രക്രിയ, ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗങ്ങൾ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കും ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) നിലവിലുള്ള ചികിത്സാ സഹായ പദ്ധതികൾ കൂട്ടിയോജിപ്പിച്ച് സമഗ്ര ആരോഗ്യ സുരക്ഷാ പരിപാടി നടപ്പിലാക്കുന്ന ഘട്ടത്തിൽ ഇക്കാര്യവും പരിശോധിക്കുന്നതാണ്.

## ഫണ്ട് ട്രസ്റ്റി ഉപദേശക കമ്മീഷൻ

48 (2245) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ നിക്ഷേപങ്ങൾ വകമാറ്റി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുവാനും നിക്ഷേപങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുവാനും പ്രവർത്തനങ്ങൾ നിയമാനുസൃതമാണെന്ന് സാക്ഷ്യപ്പെടുത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഫണ്ട് ട്രസ്റ്റി ഉപദേശക കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മീഷൻ ഇതിനകം എത്ര യോഗം ചേർന്നു;

(സി) ഫണ്ട് ട്രസ്റ്റി ഉപദേശക കമ്മീഷനുവേണ്ടി ഇതിനകം എന്ത് തുക ചെലവായി; വിശദമാക്കുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയുടെ ട്രസ്റ്റി ആയി പ്രവർത്തിക്കുന്നതിനും നിധിയുടെ എല്ലാ നിക്ഷേപങ്ങളും ഭേദഗതി ചെയ്ത കിഫ് ആക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണെന്നും ബോർഡിലെ നിധി വകമാറ്റി

ചെലവഴിക്കപ്പെടുന്നില്ലെന്നും ഉറപ്പുവരുത്തുന്നതിനായി ബാങ്കിംഗ്, ധനകാര്യ റെഗുലേഷൻ, സാമ്പത്തിക വിപണികൾ, ഭരണ നിർവ്വഹണം അല്ലെങ്കിൽ സാമ്പത്തികം എന്നിവയിലേതെങ്കിലും ഒരു മേഖലയിൽ ദേശീയ തലത്തിലോ അന്തർദേശീയ തലത്തിലോ പരിചയ സമ്പന്നത തെളിയിച്ചവരുമായ മൂന്നംഗങ്ങൾ ഉൾപ്പെട്ട ഒരു ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷനെ (FTAC) നിയമിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഉണ്ട്. നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* പ്രസ്തുത കമ്മീഷന്റെ ഒരു യോഗം 29-7-2017-ൽ നടന്നു.

(സി) ഫണ്ട് ട്രസ്റ്റി &അഡ്വൈസറി കമ്മീഷന്റെ യോഗത്തോടനുബന്ധിച്ച ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സിറ്റിംഗ് ഫീ -40,000 രൂപ

യാത്രാ ചെലവ് -77,889 രൂപ

മറ്റ് ചെലവുകൾ- 96,234 രൂപ

നെറ്റ്‌വർക്ക് ചാർജ്ജ് (വീഡിയോ കോൺഫറൻസ്)- 8,260

## കിഫ്ബി

49 (2246) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-2017 വരെ കിഫ്ബിയിലേക്ക് എത്ര തുക സമാഹരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കിഫ്ബി മുഖേന പദ്ധതികൾ നടപ്പിലാക്കുന്നതിന് നോട്ട് നിരോധനവും ജി.എസ്.ടി.യും പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബിയുടെ നിധിയിലേയ്ക്ക് 31-12-2017 വരെ ലഭ്യമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പദ്ധതി അടങ്കൽ

50 (2247) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ ആകെ പദ്ധതി ചെലവ് എത്രയായിരുന്നു;

(ബി) 2017-18 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ ആകെ പദ്ധതി അടങ്കലിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം 2016-17 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ ആകെ പദ്ധതി ചെലവ് 23475.24 കോടി രൂപയായിരുന്നു.

(ബി) 2017-18 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ ആകെ പദ്ധതി അടങ്കലിൽ 30-1-2018 വരെ 14189.14 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## റവന്യൂ വരുമാനത്തിലെ കുറവ് പരിഹരിക്കാൻ നടപടി

51 (2248) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഓരോ വർഷവും പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിൽ എത്ര ശതമാനത്തിന്റെ കുറവുണ്ടായി എന്ന് വ്യക്തമാക്കുമോ;

(സി) ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര ഇനങ്ങളിൽ പ്രതീക്ഷിച്ച വരുമാനം ഇപ്രകാരമായിരുന്നു.

തുക കോടിയിൽ

| ഇനം | 2016-17 | 2017- 18 |
|---|---|---|
| തനത് നികുതി | 47,613.61 | 53,411.49 |
| നികുതിയേതരം | 11,359.52 | 12,037.79 |

(ബി) 2016-17 കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി/ നികുതിയേതര വരവുകളിൽ പ്രതീക്ഷിച്ച വരുമാനത്തേക്കാൾ യഥാക്രമം 11.42 ശതമാനത്തിന്റെയും 14.61 ശതമാനത്തിന്റെയും കുറവുണ്ടായിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താത്ക്കാലിക കണക്കുകൾ പ്രകാരം 2017-18 നവംബർ 30 വരെ പ്രസ്തുത ഇനങ്ങളിൽ യഥാക്രമം പ്രതീക്ഷിച്ച വരുമാനത്തിന്റെ 53.19 %, 48.33 % കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികളിലൂടെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ആധുനികവത്ക്കരണത്തിലൂടെയും അഴിമതി നിർമ്മാർജ്ജന ത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും റവന്യൂ വരുമാനം വർദ്ധിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## പൊതു കടം

52 (2250) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള പൊതുകടം എത്ര കോടി രൂപയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രകോടി രൂപയുടെ പൊതുകടം എടുത്തിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ തീയതി സഹിതം വ്യക്തമാക്കുമോ;

(സി) മുൻസർക്കാർ വരുത്തിവച്ച പൊതുകടം എത്ര കോടി രൂപയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) നിലവിലെ പൊതുകടം പ്രകാരം സംസ്ഥാനത്തെ ഒരു പൗരൻ എത്ര തുകയ്ക്ക് കടക്കാരനാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 30-11-2017 വരെ സംസ്ഥാനത്തിന്റെ ആകെ പൊതുകടം 138189.87 കോടി രൂപയാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 1-4-2016 മുതൽ 30-11-2017 വരെ പൊതുകടമായി (തനി) 28458.89 കോടി രൂപയാണ് എടുത്തിട്ടുള്ളത്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 1-4-2011 മുതൽ 31-3-2016 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം (തനി) 54843.78 കോടി രൂപയാണ്.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ 30-11-2017 വരെയുള്ള താൽക്കാലിക കണക്കുകൾ അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ ആളോഹരി പൊതുകടം 40262.65 രൂപയാണ്.

## സർക്കാർ എടുക്കുന്ന വായ്പകൾ

53 (2251) ശ്രീ. വി. ടി. ബൽറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽനിന്നും കടപ്പത്രം വഴിയും മറ്റും സർക്കാർ എടുക്കുന്ന വായ്പകൾ പദ്ധതി ചെലവിന് ഉപയോഗിക്കാതെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാറുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയാണ് വായ്പയായി എടുത്തത്; കടപ്പത്രം വഴിയും നബാർഡിൽനിന്നും വിദേശ വായ്പയിനത്തിലും ദേശീയ ലഘുസമ്പാദ്യ പദ്ധതിയിൽനിന്നും കടമെടുത്ത തുക സംബന്ധിച്ച വിവരം പ്രത്യേകം പ്രത്യേകം നൽകുമോ;

(സി) ഇപ്രകാരം കടമെടുത്ത തുക, മറ്റ് ആവശ്യങ്ങൾക്കായും കടം തിരിച്ചടയ്ക്കുവാൻവേണ്ടിയും ഉപയോഗിച്ചിട്ടുണ്ടോ;

(ഡി) കടമെടുത്ത തുകയുടെ എത്ര ശതമാനം പദ്ധതി പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷത്തിലും, 2017-18 സാമ്പത്തിക വർഷം ഡിസംബർ 31 വരെയും വിനിയോഗിച്ചു; വ്യക്തമാക്കുമോ?

### ഉത്തരം

(എ) വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനുശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്.

(ബി) 2016-17 സാമ്പത്തിക വർഷം 29,083.54 കോടി രൂപ വായ്പയായി സർക്കാർ സമാഹരിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2017 നവംബർ 30 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 12307.01 കോടി രൂപയും സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട്, മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 8939.30 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഇനങ്ങളിലായി 2016-17-ൽ സമാഹരിച്ച തുക താഴെപ്പറയും പ്രകാരമാണ്. 2017-18-ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളൂ.

| ഇനം | 2016-17 (തുക കോടിയിൽ) (24-5-2016 - 31-3-2017) |
|---|---|
| കടപ്പത്രം | 14,500 |
| നബാർഡ് | 827.88 |
| ദേശീയ ലഘു സമ്പാദ്യ പദ്ധതി | 1861.22 |
| വിദേശ സഹായ പദ്ധതികൾക്കുള്ള അധിക കേന്ദ്ര സഹായം | 770.14 |

(സി & ഡി) വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റുവരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനുശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിലേ ഈ സ്ഥിതി പൂർണ്ണമായും ഒഴിവാകൂ. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ 2016-17-ൽ 22,813.25 കോടി രൂപയും (78.44%) 2017-18 നവംബർ 30 വരെ 10,728.06 കോടി രൂപയും (50.49%) പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

**ഒബ്ലിഗേഷൻ ബോണ്ടുവഴി സമാഹരിച്ച തുക**

54 (2252) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനറൽ ഒബ്ലിഗേഷൻ ബോണ്ട് വഴി എത്ര തുക സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക സമാഹരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ഇതേ കാലയളവിൽ റവന്യൂ ഒബ്ലിഗേഷൻ ബോണ്ട് വഴി എത്ര തുക സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം സ്രോതസ്സുകൾക്ക് വേണ്ടിയാണ് പ്രസ്തുത ധനസമാഹരണം നടത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - ഡി) 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ തുടങ്ങി സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണങ്ങൾ അവലംബിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പണം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ട്. നിലവിൽ 3500 കോടി രൂപയുടെ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് കിഫ്ബി ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ICRA, CRISIL എന്നീ റേറ്റിംഗ് ഏജൻസികളെ നിയമിക്കുകയും കിഫ്ബിക്ക് A+ റേറ്റിംഗ് ലഭിക്കുകയും ചെയ്തു. ബോണ്ടുകൾ പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാട്ടാക്കടയിലെ കുളങ്ങളുടെ പുനരുദ്ധാരണം**

55 (2253) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. 23--ാം ഘട്ടത്തിൽ (നബാർഡ്) മണ്ണ് സംരക്ഷണ പ്രോജക്ടുകളിൽ കാട്ടാക്കട നിയോജകമണ്ഡലത്തിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതിനായി അനുമതി ലഭ്യമാക്കി തുടർനടപടി സ്വീകരിയ്ക്കാമോ?

ഉത്തരം

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXIII (2017-18)-ൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനായി 100 ലക്ഷം രൂപ ചെലവുള്ള 'Jala Samridhi (Phase-1) - Renovation of Water Harvesting Structures in Kattakada Constituency Using Coir Geotextiles' എന്ന പദ്ധതി കൃഷി വകുപ്പ്

സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി 6-10-2017-ലെ 1764948/NC-A1/51/2017-Fin. നമ്പർ കത്ത് പ്രകാരം നബാർഡിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ളതാണ്. എന്നാൽ പദ്ധതിക്ക് ഇതുവരെ നബാർഡിന്റെ അംഗീകാരം ലഭ്യമായിട്ടില്ല.

(ബി) നബാർഡിന്റെ ഓരോ വർഷത്തേയും അലോക്കേഷനനുസരിച്ചുള്ള അനുമതിക്ക് വിധേയമായി മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**സർക്കാർ ട്രഷറിയിൽ എ.ടി.എം. സംവിധാനം**

56 (2254) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെങ്കിലും സർക്കാർ ട്രഷറിയിൽ എ.ടി.എം. സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എവിടെ;

(ബി) ട്രഷറികളിലെ പണമിടപാടുകൾ ബാങ്കുകളുടെ എ.ടി.എം. സംവിധാനവുമായി ബന്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ട്രഷറി ഇടപാടുകാർക്ക് എ.ടി.എം. മുഖേന പണം പിൻവലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ എവിടെയുമില്ല.

(ബി) ഉണ്ട്. ബാങ്കുകൾ മുഖേന ട്രഷറി ഇടപാടുകാർക്ക് എ.ടി.എം. സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് ആർ.ബി.ഐ.-യുമായും ബാങ്കുകളുമായും ചർച്ച നടന്നുകൊണ്ടിരിക്കുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു. ബാങ്കുകളുമായി ഇപ്പോൾ നടത്തിവരുന്ന ചർച്ചകൾ ഫലപ്രാപ്തിയിലെത്തുകയാണെങ്കിൽ ട്രഷറി ഇടപാടുകാർക്ക് താമസമില്ലാതെ എ.ടി.എം. സൗകര്യം ലഭിക്കുന്നതാണ്.

**വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി**

57 (T* 2255) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായപദ്ധതിയുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് കിട്ടുന്നില്ല എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

---

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) മാനേജ്മെന്റ് ക്വാട്ടയിൽ കേരളത്തിലും ഇന്ത്യയിലെ മറ്റ് സംസ്ഥാന ങ്ങളിലും പഠിച്ചിട്ടുള്ള വിദ്യാർത്ഥികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദന ത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) രാജ്യത്തെവിടെയും നഴ്സിംഗ് കോഴ്സുകളിൽ മെറിറ്റ് വിഭാഗത്തിലും മാനേജ്മെന്റ് ക്വാട്ട വിഭാഗത്തിലും പഠിച്ചിട്ടുള്ള വിദ്യാർത്ഥികളെ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റ് കോഴ്സുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ചവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല.

(സി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിക്കുന്ന നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവ പരിശോധിച്ച് ഉചിതമായ മറുപടികൾ നൽകിവരുന്നു.

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി

58 (2256) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരക്കണക്കിന് പേർക്ക് ആശ്വാസം നൽകിയിരുന്ന വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ നടത്തിപ്പിൽ ബാങ്ക് അധികൃതരുടെ ഭാഗത്തുനിന്നും നിസ്സഹകരണമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ അപേക്ഷ നൽകിയിട്ടുള്ളവർക്ക് ആനുകൂല്യം ലഭ്യമാക്കു ന്നതിൽ കാലതാമസമുണ്ടാകുമോ ; ഈ കാര്യത്തിൽ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(സി) കോതമംഗലം മണ്ഡലത്തിലെ അപേക്ഷകളുടെ എണ്ണം, അനുവദിച്ചിട്ടുള്ള തുക സഹിതം വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ ബാങ്കുകൾ ഉന്നയിക്കുന്ന തടസ്സവാദങ്ങൾ പരിഹരിക്കു ന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കു ന്നതിനുള്ള അവസാന തീയതിയായി നിശ്ചയിച്ചിരിക്കുന്നത് 31-1-2018 ആണ്. ഇതിനകം ഓൺലൈനിലൂടെ ലഭിച്ചിട്ടുള്ള അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിന് ലഭ്യമാക്കുന്ന പ്രക്രിയ നടന്നുവരികയാണ്.

(സി) ബാങ്ക് ബ്രാഞ്ചുകൾ അടിസ്ഥാനമാക്കി അപേക്ഷകൾ സമർപ്പിക്കു ന്നതിനുള്ള സൗകര്യമാണ് വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ പോർട്ടലിൽ ഏർപ്പെടുത്തിയിരിക്കുന്നത്. അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിദ്യാഭ്യാസ വായ്പാതിരിച്ചടവ് സഹായ പദ്ധതി

59 (T* 2257) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആവിഷ്കരിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം എത്ര പേർക്ക് നാളിതുവരെ ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു; ജില്ല, നിയോജകമണ്ഡലം എന്നിവ തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി നിശ്ചയിച്ചിരിക്കുന്നത് 31-1-2018 ആണ്. ഇതിനകം ലഭിച്ച അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക കണക്കാക്കിയശേഷം അനുവദിക്കുന്നതാണ്. ബാങ്ക് അടിസ്ഥാനത്തിലാണ് ഇതിലേയ്ക്കായുള്ള അപേക്ഷകൾ സ്വീകരിക്കപ്പെടുന്നത്.

---

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി

60 (T* 2258) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയനുസരിച്ച് ഇളവിനായി എത്ര കുട്ടികൾ അപേക്ഷ നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിൽപ്പെട്ട എത്ര കുട്ടികൾക്ക് ഈ പദ്ധതിയനുസരിച്ച് ആനുകൂല്യം നൽകിയിട്ടുണ്ട്;

(സി) പദ്ധതി പ്രകാരം ആർക്കും ഇതുവരെ ആനുകൂല്യം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിക്കുവേണ്ടിയുള്ള തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എവിടെ നിന്നും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി ഈ സർക്കാർ ആരംഭിച്ചതാണ്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയനുസരിച്ച് elrs.kerala.gov.in എന്ന പോർട്ടൽവഴി 30-1-2018 വരെ 72067 പേർ ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി നിശ്ചയിച്ചിരിക്കുന്നത് 31-1-2018 ആണ്. ഇതിനകം ലഭിച്ച അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചുവരികയാണ്. ഇതിന്റെയടിസ്ഥാനത്തിൽ ആവശ്യമായ തുക കണക്കാക്കിയശേഷം അനുവദിക്കുന്നതാണ്. സർക്കാർ വിഹിതം ബാങ്കുകൾക്കാണ് നൽകുന്നത്.

(ഡി) ന്യൂ സർവ്വീസ് നടപടിക്രമം പാലിക്കുന്നതിനായി 2202-03-001-88(P-V) എന്ന ശീർഷകത്തിനുകീഴിൽ ടോക്കൺ വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലെയിമുകൾ സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് അധിക അനുമതിവഴിയോ ഉപധനാഭ്യർത്ഥന വഴിയോ തുക അനുവദിക്കുന്നതാണ്.

---

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പൊതുമേഖലാ ബാങ്കുകളിലെ വായ്പ നിക്ഷേപ അനുപാതം

61 (2259) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകളിലെ വായ്പ നിക്ഷേപ അനുപാതം ദേശീയ ശരാശരിയെക്കാൾ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമേഖലാ ബാങ്കുകൾ ഗ്രാമീണമേഖലയിൽ നൽകുന്ന വായ്പ മൊത്തം വായ്പയുടെ എത്ര ശതമാനമാണെന്നറിയാമോ;

(സി) ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുന്നതിന് ശക്തമായ ഇടപെടൽ ഉണ്ടാകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകളിലെ വായ്പ നിക്ഷേപ അനുപാതം അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ് (64%).

(ബി) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ പ്രയോറിറ്റി സെക്ടറിൽ നൽകുന്ന വായ്പ മൊത്തം വായ്പയുടെ 56.78%ആണ്.

(സി) ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കാൻ സർക്കാർ എസ്.എൽ.ബി.സി. മുഖേന നിരന്തരമായി ബാങ്കുകളോട് ആവശ്യപ്പെടാറുണ്ട്.

## ജി.എസ്.ടി. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാക്കുന്ന മാറ്റം

62 (2260) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി കൗൺസിലിൽ 29 ഉല്പന്നങ്ങളുടെയും 54 സേവനങ്ങളുടെയും നിരക്ക് കുറയ്ക്കുവാൻ എടുത്ത തീരുമാനം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാക്കുന്ന മാറ്റം എത്രയാണ്;

(ബി) പെട്രോൾ, ഡീസൽ തുടങ്ങിയവയും റിയൽ എസ്റ്റേറ്റ് മേഖലയെയും ജി.എസ്.ടി.യുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം ജി.എസ്.ടി. കൗൺസിൽ ചർച്ചചെയ്തിട്ടുണ്ടോ;

(സി) റിയൽ എസ്റ്റേറ്റ് മേഖലയിൽ ജി.എസ്.ടി ഏർപ്പെടുത്തുന്നത് സംസ്ഥാന താല്പര്യങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ എതിരഭിപ്രായം രേഖാമൂലം ജി.എസ്.ടി. കൗൺസിലിന് നൽകിയിട്ടുണ്ടോ;

(ഇ) ജി.എസ്.ടി. നിലവിൽവന്നിട്ടും കൊള്ളലാഭ നിയന്ത്രണ അതോറിറ്റി നിലവിൽ വരാത്തതിനാൽ അമിതലാഭമെടുക്കുന്നവർക്കെതിരെ യാതൊരു നടപടിയും എടുക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻപ് നിലവിലുണ്ടായിരുന്ന വാറ്റ്, സി.എസ്.ടി., സർവ്വീസ് ടാക്സ്, എക്സൈസ് ഡ്യൂട്ടി എന്നിവ ലയിപ്പിച്ചാണ് ജി.എസ്.ടി. നികുതി നിരക്ക് 28 ശതമാനമായി നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും നികുതി നിരക്ക് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമാക്കി കുറച്ചത് സംസ്ഥാനത്തിന്റെ നികുതി പിരിവിൽ കുറവുണ്ടാക്കും. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് അടുത്ത അഞ്ച് വർഷത്തേയ്ക്ക് ഉണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുള്ള സാഹചര്യത്തിൽ നികുതി നിരക്ക് കുറയ്ക്കാൻ എടുത്ത തീരുമാനം മൂലം സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വരുമാനത്തിൽ മാറ്റമുണ്ടാകുന്നില്ല.

(ബി) പെട്രോൾ/ഡീസൽ തുടങ്ങിയവയും റിയൽ എസ്റ്റേറ്റ് മേഖലയെയും ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം 18-1-2018-ൽ കൂടിയ 25-ാമത് ജി.എസ്.ടി. കൗൺസിലിന്റെ അജണ്ടയിലുണ്ടായിരുന്നു.

(സി&ഡി) ഉണ്ട്. ജി.എസ്.ടി. നിലവിൽവന്നതിനുശേഷം സംസ്ഥാനങ്ങൾക്ക് നികുതിനിരക്ക് തീരുമാനിക്കുന്നതിന് അധികാരമുള്ള ചുരുക്കം ചില മേഖലകളിൽ ഒന്നാണ് സ്റ്റാമ്പ് ഡ്യൂട്ടി. റിയൽ എസ്റ്റേറ്റ് മേഖലയിൽ ജി.എസ്.ടി. ഏർപ്പെടുത്തുന്നതിനെതിരെ സംസ്ഥാനത്തിനുള്ള വിയോജിപ്പ് ജി.എസ്.ടി. കൗൺസിലിൽ ശക്തമായി രേഖപ്പെടുത്തുകയും രേഖാമൂലം നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംഭവിക്കാവുന്ന അമിതലാഭം തടയുന്നതിനുള്ള നടപടികളുടെ ഭാഗമായി കേന്ദ്രത്തിൽ ആന്റി-പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്ക്രീനിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കേരളം ഇതിനകംതന്നെ മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. 15-11-2017 മുതൽ പ്രാബല്യത്തിൽവന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്.

## വിഭവ വിന്യാസം

63 (2261) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള വിഭവ വിന്യാസത്തിനായി 2011-ലെ സെൻസസ് വിവരങ്ങൾ മാനദണ്ഡമാക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-ലെ സെൻസസ് വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള വിഭവ വിന്യാസം എത്രത്തോളം ഗുണകരമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാരിൽനിന്ന് സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ വിഭവ വിന്യാസത്തിൽ 2011-ലെ ജനസംഖ്യയാണ് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. കൂടാതെ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം കണക്കാക്കുന്നതിനും 2011 ജനസംഖ്യ മാനദണ്ഡമായി പരിഗണിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ 1971-ലെ സെൻസസ് പ്രകാരം 25 ശതമാനം മുൻഗണന ജനസംഖ്യയ്ക്ക് നൽകിയപ്പോൾ പതിനാലാം ധനകാര്യ കമ്മീഷൻ 17.5 ശതമാനമാണ് നിശ്ചയിച്ചത്. എന്നാൽ ജനസംഖ്യാ വ്യതിയാനത്തിന് 10 ശതമാനം മുൻഗണന പതിനാലാം ധനകാര്യ കമ്മീഷൻ അധികമായി നൽകിയത് നികുതി വിഹിതം വർദ്ധിക്കാനിടയുണ്ട്.

2001 സെൻസസ് അടിസ്ഥാനമാക്കി പതിമൂന്നാം ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം നിശ്ചയിച്ചപ്പോൾ ദേശീയ ജനസംഖ്യയുടെ 3.106% ലഭിച്ചു. എന്നാൽ 2011-ലെ സെൻസസ് പ്രകാരം പതിനാലാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം നിശ്ചയിച്ചപ്പോൾ ഇത് 2.673% ശതമാനമായി കുറഞ്ഞത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ വിന്യാസത്തേയും ബാധിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ പതിനാലാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽനിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം.

2. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടുവരണം.

3. കേന്ദ്ര റവന്യൂ വരുമാനത്തിന്റെ വിവിധ ഇളവുകൾക്കായി മാറ്റിവയ്ക്കുന്ന തുകയുടെ (Revenue forgone) തോത് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽനിന്നും 3 ശതമാനമായി കുറയ്ക്കണം.

4. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് മുൻതൂക്കം നൽകണം.

5. വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവത്ക്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവകൂടി കണക്കിലെടുത്തുകൊണ്ട് 1971-ലെ ജനസംഖ്യയെ ക്രമപ്പെടുത്തണം.

6. മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിത്തള്ളണം.

7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണം.

8. യഥാർത്ഥ വരുമാന കമ്മി (മൂലധന ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) എന്ന ആശയത്തിന് മതിയായ അംഗീകാരം നൽകണം.

9. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 1.5% ആയി നിജപ്പെടുത്തിക്കൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുനഃക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം ചെയ്യാവുന്നതുമാണ്.

10. വനവിഭവങ്ങളിൽ നിന്നുള്ള വരുമാന നഷ്ടവും ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തുകൊണ്ട് വനസംരക്ഷണം നടത്തുന്നതിന് കേരളത്തിന് അർഹമായ നഷ്ടപരിഹാരം നൽകണം.

11. ചതുപ്പ് നിലങ്ങളുടെ സംരക്ഷണത്തിനും തീരദേശ പരിപാലനത്തിനും വേണ്ടത്ര പരിഗണന നൽകണം.

12. പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിന് ഭരണഘടനയുടെ അനുഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 57,229 കോടി രൂപയുടെ ധനസഹായം അനുഛേദം 275 പ്രകാരം അനുവദിക്കണം.

13. സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് 30 ശതമാനം കണ്ട് വർദ്ധിപ്പിക്കണമെന്നും നിവാരണ ഫണ്ടിലെ കേന്ദ്ര വിഹിതം നിലവിലെ 75 ശതമാനത്തിൽനിന്നും 90 ശതമാനമായി വർദ്ധിപ്പിക്കണമെന്നും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കൂടാതെ, 1996-97 മുതൽ 2014-15 വരെയുള്ള (പത്താം ധനകാര്യ കമ്മീഷൻ മുതൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ വരെ) കാലയളവിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതത്തിൽ 2626.17 കോടി രൂപയുടെ കുറവുണ്ടായതായി സി. ആന്റ്. എ.ജി അറിയിച്ചതിനെത്തുടർന്ന് ടി തുക അടിയന്തരമായി സംസ്ഥാനത്തിന് ലഭ്യമാക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന്റെ വിഹിതം

64 (2262) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനം നൽകേണ്ട വിഹിതം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായിട്ടുള്ള തുകകൾ ട്രഷറിയിലല്ലാതെ മറ്റ് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽനിന്നു ലഭിക്കുന്ന പലിശ ഏതിനെല്ലാമാണ് വിനിയോഗിക്കുന്നത്; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; അതുസംബന്ധിച്ച് ഉത്തരവ് ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66-ൽ നിന്നും 28 എണ്ണമാക്കി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദി കോർ എന്ന വിഭാഗത്തിലും 20 എണ്ണം കോർ എന്ന വിഭാഗത്തിലും 2 എണ്ണം ഓപ്ഷണൽ വിഭാഗത്തിലുമായാണ് നിജപ്പെടുത്തിയത്.

<u>കോർ ഓഫ് ദി കോർ</u> :- ഈ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുമ്പ് ഉണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90 ശതമാനം കേന്ദ്രവും 10 ശതമാനം സംസ്ഥാനവും വഹിക്കേണ്ടതാണ്.

<u>കോർ</u>:- കോർ എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുമ്പ് 75 ശതമാനം, 80 ശതമാനം എന്ന രീതിയിൽ കേന്ദ്ര വിഹിതം ലഭിക്കുമായിരുന്നു.

<u>ഓപ്ഷണൽ</u> : ഈ വിഭാഗത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്.

നടപ്പുസാമ്പത്തികവർഷം കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ സംസ്ഥാന വിഹിതമായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 2783.29 കോടി രൂപയാണ്.

(ബി) 8-12-2014-ലെ കേരള സർക്കാർ ഉത്തരവ് ജി. ഒ. (പി.) നം. 533/2014/ഫിൻ. പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായിട്ടുള്ള തുകകൾ സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി റൂട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ.), രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, പ്രധാനമന്ത്രി ആവാസ് യോജന, പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന, പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന, നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായിട്ടുള്ള തുകകൾ സംസ്ഥാന ട്രഷറിയിൽ എത്തുകയും പിന്നീട് അതാത് പദ്ധതികൾക്കായിട്ടുള്ള തുകകൾ സംസ്ഥാന ട്രഷറിയിൽ എത്തുകയും പിന്നീട് അതത് പദ്ധതികൾക്കായുള്ള ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കൈമാറി നൽകുകയുമാണ് ചെയ്യുന്നത്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ചെയ്യുന്നത്. ഇങ്ങനെ ബാങ്കിൽ നിക്ഷേപിക്കുന്നതിൽനിന്ന് പലിശ അതത് പദ്ധതികളുടെ നടത്തിപ്പിനായി തന്നെയാണ് വിനിയോഗിക്കുന്നത്.

**കേന്ദ്ര നയങ്ങൾ വരുത്തിവച്ച സാമ്പത്തിക പ്രതിസന്ധി**

65 (2263) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി ഉണ്ടാകുന്ന ഇന്ധന വില വർദ്ധനവ് അവസാനിപ്പിക്കാൻ, അതിന്റെ ബുദ്ധിമുട്ട് ഏറ്റവും അധികം നേരിടേണ്ടിവരുന്ന സംസ്ഥാനമെന്ന നിലയിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) കേന്ദ്ര നയങ്ങൾ വരുത്തിവച്ച സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനായി കേന്ദ്ര സർക്കാരിനോട് സാമ്പത്തിക സഹായം ആവശ്യപ്പെട്ടിരുന്നോ; പ്രതികരണം എന്തായിരുന്നെന്ന് അറിയിക്കാമോ;

(സി) ചില്ലറ വില്പന മേഖലയിൽ ഏക ബ്രാൻഡിൽ വില്ക്കുന്ന വിദേശ കമ്പനികൾക്ക് നേരിട്ട് നിക്ഷേപം നടത്തുന്നതിന് പരിധിയില്ലാതെ അനുമതി നൽകിയത് ചെറുകിട വ്യാപാരികളെ ദുരിതത്തിലാക്കുമെന്നതിനാൽ, ഈ നീക്കത്തിൽ നിന്നു പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ - സി) ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്.

**കിഫ്ബിയുടെ പ്രവർത്തന പുരോഗതി**

66 (2264) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി മുഖേന ഭരണാനുമതി നൽകിയ പ്രവൃത്തികൾ, ആരംഭിച്ച പ്രവൃത്തികൾ, ഓരോന്നിനും അനുവദിച്ച ഫണ്ട് ഇവ എത്രയെന്ന് വിശദാംശം നൽകുമോ;

(സി) കിഫ്ബിയിലേക്ക് ലഭ്യമായ ഫണ്ടുകൾ ഏതെല്ലാമാണ്; വിശദമാക്കുമോ ;

(ഡി) 2018-19 സാമ്പത്തികവർഷം പുതിയ പ്രവൃത്തികൾ കിഫ്ബിയിലേക്ക് നൽകേണ്ടതില്ല എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ 50,000 കോടി രൂപയുടെ പ്രവൃത്തികൾ കിഫ്ബി മുഖേന നടപ്പിലാക്കുമെന്ന് ഉറപ്പു നൽകിയിട്ട്, എന്തുകൊണ്ടാണ് കിഫ്ബിയിലേക്ക് പുതിയ പ്രവൃത്തികൾ നൽകേണ്ടതില്ല എന്ന് നിർദ്ദേശിച്ചത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിനുപുറമേ നിന്നും സമാഹരിക്കുന്നതിനായി 1999-ൽ സ്ഥാപിതമായ ഒരു കേന്ദ്രീകൃത ഏജൻസിയാണ് കിഫ്ബി. സെബിയും ആർ.ബി.ഐ.യും അംഗീകരിച്ച നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തി കിഫ്ബിയുടെ ലക്ഷ്യസാക്ഷാത്ക്കാരത്തിനായി 1999-ലെ കിഫ് ആക്ട് ഭേദഗതി ചെയ്യുകയും 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് നിലവിൽ വരികയും ചെയ്തു. വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതോ സർക്കാർ നിർദ്ദേശിക്കുന്നതോ ആയ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കിവരുന്നത്. കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന വൻകിട പദ്ധതികളുടെ മൂല്യവും അവയുടെ കാലതാമസം കൂടാതെയുള്ള നടപ്പാക്കലിന്റെ ആവശ്യകതയും പരിഗണിച്ച് 14-2-2017-ലെ സ. ഉ. (കൈ.) നമ്പർ 77/17/ധന. ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതികൾക്കുള്ള ധനവിനിയോഗം കാര്യക്ഷമമായി അനുവദിക്കുന്നതിനായി ധനകാര്യവും ഭരണവും വിഭാഗവും പദ്ധതി വിശദാംശങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്കായി പദ്ധതി അവലോകന വിഭാഗവും പദ്ധതി നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങൾ പരിശോധിക്കുന്നതിനായി ഇൻസ്പെക്ഷൻ അതോറിറ്റി വിഭാഗവും രൂപീകരിക്കുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ കിഫ്ബോർഡും ബഹു. ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കിഫ്ബി സമാഹരിക്കുന്ന പണം ആക്ടിലെ വ്യവസ്ഥ പ്രകാരം ശരിയായി വിനിയോഗിക്കുന്നത് ഉറപ്പുവരുത്താനും നിക്ഷേപക താല്പര്യം സംരക്ഷിക്കുന്നതിനും മുൻ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ശ്രീ. വിനോദ് റായ് അദ്ധ്യക്ഷനായ ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷനായും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. കിഫ്ബി മുഖേന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 8-8-2016-ലെ സ. ഉ. (കൈ.) നമ്പർ 315/16/ധന. ഉത്തരവുപ്രകാരം സർക്കാർ പുറപ്പെടുവിക്കുകയും ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ബന്ധപ്പെട്ട ഭരണ വകുപ്പ് കിഫ്ബിയിൽ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയുടെ സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കി

തുടർന്നുള്ള ബോർഡ് യോഗങ്ങളിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. നാളിതുവരെ കൂടിയ കിഫ്ബോർഡ് യോഗങ്ങൾ 18938.3 കോടി രൂപ അടങ്കലുള്ള 274 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ 44 പദ്ധതികളുടെ നടപ്പാക്കലിനായി 331,95,17,163 രൂപ അനുവദിച്ചിട്ടുണ്ട്. അംഗീകരിക്കപ്പെട്ട കിഫ്ബി പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലാണ്.

(ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി മുഖേന ഭരണാനുമതി നൽകിയ പ്രവൃത്തികൾ, ആരംഭിച്ച പ്രവൃത്തികൾ, ഓരോന്നിനും അനുവദിച്ച ഫണ്ട് എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബി നിധിയിലേയ്ക്ക് ലഭ്യമായ ഫണ്ടിന്റെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി&ഇ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗ പ്രകാരവും 2017-18-ലെ ബഡ്ജറ്റ് പ്രസംഗ പ്രകാരവും 20,000 കോടി രൂപ വീതമുള്ള രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് ഉൾപ്പെടെ 5 വർഷംകൊണ്ട് 50,000 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇതിനോടകം 54,000 കോടി രൂപയുടെ തുകകളിലുള്ള പദ്ധതികൾ കിഫ്ബിവഴി നടപ്പിലാക്കാൻ പ്രഖ്യാപിച്ചുകഴിഞ്ഞു. ഇതിൽ 18938.3 കോടി രൂപയുള്ള പ്രോജക്ടുകൾക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. 2016-17, 2017-18 ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രതിപാദിച്ച ബാക്കിയുള്ള പ്രവൃത്തികൾക്ക് വിശദമായ പദ്ധതിരേഖ ലഭിക്കുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരം നൽകുന്നതാണ്. കിഫ്ബി വഴി അനുവദിക്കുന്ന പ്രവൃത്തികൾ ഈ പരിധിയിൽ നിർത്താനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

**വിദേശ വായ്പ**

67 (2265) <u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണം സ്വരൂപിക്കുന്നതിന് എന്തെങ്കിലും നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിദേശത്തുനിന്നും വായ്പകൾ സമാഹരിക്കുന്നതിനായി ഏതൊക്കെ ധനകാര്യസ്ഥാപനങ്ങളെയാണ് എൻ.ബി.എഫ്.സി.കളായി റീസ്ട്രക്ച്ചർ ചെയ്തിട്ടുള്ളത്;

(സി) അതിലൂടെ എത്ര വിദേശ വായ്പ സമാഹരിക്കുവാൻ കഴിഞ്ഞുവെന്നും സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണത്തിൽ തന്മൂലം എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണം സ്വരൂപിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ സജ്ജമാക്കുകയും ആയതിന്റെ പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു.

(ബി&സി) വിദേശത്തുനിന്നും വായ്പകൾ സമാഹരിക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ ധനകാര്യ സ്ഥാപനങ്ങളെയൊന്നും എൻ.ബി.എഫ്.സി.കളായി റീസ്ട്രക്ച്ചർ ചെയ്തിട്ടില്ല.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

68 (2266) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രഖ്യാപിച്ച ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി സംബന്ധിച്ച് 24-4-2017-ലെ സർക്കാർ ഉത്തരവ് (പി.) 54/2017/ധനകാര്യം എന്ന ഉത്തരവിന് ശേഷം വിശദമായ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

EOI ക്ഷണിച്ച് അതിന്റെകൂടി അടിസ്ഥാനത്തിൽ ടെണ്ടർ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ടെണ്ടർ പൂർത്തിയാക്കി അതിനനുസരിച്ച് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി ഉത്തരവിറക്കുന്നതാണ്.

**കെട്ടിട നിർമ്മാണം**

69 (2267) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തുക കിറ്റ്കോ-യ്ക്ക് ലഭിക്കുവാൻ ഉണ്ടായ കാലതാമസം വിശദീകരിക്കാമോ;

(സി) അനുവദിച്ച ബിൽ തുക, നിലവിലെ സീനിയോറിറ്റി പ്രകാരം കിറ്റ്കോയ്ക്ക് ലഭ്യമാക്കുവാൻ വേണ്ടി വരുന്ന കാലയളവ് എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഒന്നാമത്തെ പാർട്ട് ബിൽ 20-7-2017-ലെ സ. ഉ. (സാധാ.) നമ്പർ 1381/2017/ധന. ഉത്തരവുപ്രകാരം 89,79,353 രൂപ ലെറ്റർ ഓഫ് ക്രെഡിറ്റായി അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി കിറ്റ്കോ മുഖേനയാണ് നടപ്പിലാക്കിയത്. 21-7-2014-ലെ സ. ഉ. (അ.) നമ്പർ 304/2014/ധന. ഉത്തരവുപ്രകാരം കിറ്റ്കോ ഉൾപ്പെടെയുള്ള മറ്റു ഏജൻസികൾ മറ്റു കോൺട്രാക്ടർമാർ മുഖാന്തരം ചെയ്യുന്ന പ്രവൃത്തികൾക്കുള്ള ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമം വഴിയാണ് നൽകുന്നത്. പ്രസ്തുത പ്രവൃത്തിയുടെ തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാനതല മുൻഗണനാക്രമം പാലിക്കാതെ സമർപ്പിക്കപ്പെട്ടതാണ് കാലതാമസത്തിന് കാരണം.

(സി) ഒന്നാമത്തെ പാർട്ട് ബിൽ തുക കിറ്റ്കോയ്ക്ക് അനുവദിച്ചിട്ടുണ്ട്. 67,34,514 രൂപയുടെയും 51,75,184 രൂപയുടെയും പാർട്ട് ബില്ലുകൾ ആഗസ്റ്റ് 2017-ലെ സ്റ്റേറ്റ് സീനിയോറിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബില്ലുകളുടെ പേയ്മെന്റ് മെയ് 2018 -ഓടുകൂടി ലഭ്യമാകുന്നതാണ്.

**സാമ്പത്തിക പ്രതിസന്ധി**

70 (2268) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിമൂലം ഏതെല്ലാം വികസന പദ്ധതികൾക്കുള്ള തുകയാണ് വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നത്; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) നടപ്പുസാമ്പത്തികവർഷവും തൊട്ടടുത്ത വർഷവും വികസനപദ്ധതികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്ത് ബദൽ നിർദ്ദേശമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ&ബി) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മേൽപ്രതിസന്ധിക്കിടയിലും വികസന ക്ഷേമപ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ തരണം ചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം.

**ഭവന പുനരുദ്ധാരണ പദ്ധതി ഫണ്ട് വിനിയോഗത്തിന് ട്രഷറി നിയന്ത്രണം**

71 (2269) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രഷറി നിയന്ത്രണംമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭവനപുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താകൾക്ക് 2017 നവംബർ, ഡിസംബർ മാസങ്ങളിൽ പണം പിൻവലിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്തിന്റെ പ്രതിമാസ വരുമാനം നിശ്ചിതവും എന്നാൽ ചെലവുകൾക്ക് ബഡ്ജറ്റിലൂടെയുള്ളതല്ലാതെ മറ്റ് നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ വരവിനനുസരിച്ച് ട്രഷറി മുഖേനയുള്ള ചെലവുകൾ ക്രമപ്പെടുത്തേണ്ടത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതവും കാലാകാലങ്ങളായി തുടർന്നുപോരുന്ന ഒരു നടപടിക്രമവുമാണ്. ലിക്വിഡിറ്റി പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ട്രഷറി വിനിമയങ്ങളിൽ 2017 നവംബർ-ഡിസംബർ മാസങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. മാസാദ്യം ലഭിച്ചിരുന്ന നികുതി വിഹിതം മദ്ധ്യത്തിലേയ്ക്ക് മാറ്റിയതും പബ്ലിക് അക്കൗണ്ട് വായ്പാ വരുമാനമായി കണക്കാക്കി അനുവദനീയ വായ്പാ പരിധിയിൽ വെട്ടിക്കുറവ് വരുത്തുമെന്ന ചരിത്രത്തിലാദ്യമായിട്ടെടുത്ത കേന്ദ്ര സർക്കാർ നിലപാടുമാണ് ലിക്വിഡിറ്റി പ്രതിസന്ധിയുടെ അടിയന്തര കാരണങ്ങൾ. എന്നാൽ നിലവിൽ പദ്ധതി-പദ്ധതിയേതര ചെലവിനങ്ങളുടെ 5 കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ, ഭവനപദ്ധതിയുമായി ബന്ധപ്പെട്ട ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമായിട്ടില്ല.

**സംസ്ഥാനത്തിന്റെ വരവും ചെലവും**

72 (2270) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ വാർഷിക വരവും വാർഷിക ചെലവും എത്രയെന്ന് തരംതിരിച്ച് വിശദമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾക്കായി എത്ര തുക കടമെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക തനികണക്കുകൾ പ്രകാരം 2017-18 ഡിസംബർ മാസം 31 വരെയുള്ള വരവ് ചെലവ് സംബന്ധിച്ച ഇനംതിരിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| ഇനം | വരവ് | ചെലവ് |
|---|---|---|
| റവന്യൂ | 54323.22 | 71890.33 |
| മൂലധനം | 14.10 | 4847.66 |
| വായ്പ | 156.82 | 924.26 |

(ബി) 2017-18 സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള ചെലവുകൾക്കായി 11,470.49 കോടി രൂപ (തനി) കടമെടുത്തിട്ടുണ്ട്.

## മുദ്രപ്പത്രങ്ങൾ

73 (2271) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുദ്രപ്പത്രങ്ങൾ ആവശ്യാനുസരണം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂർ ജില്ലയിൽ ചാലക്കുടിയടക്കമുള്ള സ്ഥലങ്ങളിൽ 50, 100 രൂപയുടെ മുദ്രപ്പത്രങ്ങൾ തീരെ ലഭ്യമല്ലാത്തതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി, അവ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ചെറിയ ഡിനോമിനേഷൻ മുദ്രപ്പത്രങ്ങളായ 50, 100 എന്നിവയ്ക്ക് ചില ജില്ലകളിൽ ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ 50-ന്റെയും 100-ന്റെയും മുദ്രപ്പത്രങ്ങൾ ആവശ്യാനുസരണം ലഭ്യമല്ലാത്ത സാഹചര്യത്തിൽ മുദ്രപ്പത്ര സ്റ്റോക്ക് ലഭ്യമായ പാലക്കാട്, വയനാട് ഡിപ്പോകളിൽ നിന്നും അവിടേയ്ക്ക് മുദ്രപ്പത്രങ്ങൾ എത്തിച്ച് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. മുദ്രപ്പത്ര സ്റ്റോക്ക് ആവശ്യാനുസരണം ലഭ്യമായ ഡിപ്പോകളിൽ നിന്നും ദൗർലഭ്യമുള്ള ട്രഷറികളിലേയ്ക്ക് മുദ്രപ്പത്ര വിതരണം നടത്തുന്നതിന് ആവശ്യമായ ക്രമീകരണം ഉറപ്പുവരുത്തിയിട്ടുണ്ട്. സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ മുദ്രപ്പത്ര സ്റ്റോക്ക് ലഭ്യമല്ലാത്ത സാഹചര്യത്തിൽ മുദ്രപ്പത്ര വിതരണം സുഗമമാക്കുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## സർവ്വകലാശാലകളിലെ ഫണ്ട് വിനിയോഗത്തിൽ നിയന്ത്രണം

74 (2272) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾ സ്വന്തംനിലയ്ക്ക് കൈകാര്യം ചെയ്തിരുന്ന പദ്ധതിയേതര വിഹിതത്തിലെ ഇടപാടുകൾ ട്രഷറി വഴി നടത്താൻ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സർവ്വകലാശാലകളിൽ തീരുമാനം നടപ്പിലാക്കിയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തീരുമാനം വഴി സർവ്വകലാശാലകളുടെ ഭരണപരവും സാമ്പത്തികവുമായ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നത് അക്കാദമിക സ്വയംഭരണത്തെ ദോഷകരമായി ബാധിക്കുമോയെന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ - സി) ഇന്റഗ്രേറ്റഡ് ഫിനാഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കിയതിന്റെ ഭാഗമായി ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള കേന്ദ്രീകൃത സംവിധാനവും റിസർവ് ബാങ്കിന്റെ പേയ്മെന്റ് പോർട്ടലായ ഇ-കുബേർ-മായുള്ള സംയോജനവും സംസ്ഥാന ട്രഷറിയിൽ ഏർപ്പെടുത്തി. അതിന്റെ ഫലമായി നിലവിൽ ബാങ്കുകളിൽ നടക്കുന്ന നൂതനമായ ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ട്രഷറികളിൽ ലഭ്യമാണ്. ടി പശ്ചാത്തലത്തിലും സർക്കാർ ഫണ്ടുകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ അനാവശ്യമായി സൂക്ഷിക്കുന്ന പ്രവണതയ്ക്ക് വിരാമമിടുകയെന്ന ലക്ഷ്യത്തിലും സർക്കാർ വകുപ്പ്/ പൊതുമേഖലാ സ്ഥാപനം/സ്വയംഭരണ സ്ഥാപനം/ബോർഡ്/ കോർപ്പറേഷൻ/ തദ്ദേശ സ്വയംഭരണസ്ഥാപനം/യൂണിവേഴ്സിറ്റി എന്നിവയുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് സർക്കാർ ഫണ്ട് മാറ്റുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഗുണഭോക്താവിന് പണം കൈമാറുന്നതിന് ടി നിയന്ത്രണം ബാധകമായിരുന്നില്ല. പൊതുപണം അതത് സാമ്പത്തിക വർഷത്തിൽ തന്നെ കാലതാമസം കൂടാതെ അർഹതപ്പെട്ട ഗുണഭോക്താക്കളിലെത്തിക്കുന്നതിനും നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി വർഷങ്ങളോളം സർക്കാർ ഫണ്ട് ചെലവഴിക്കാതെ സൂക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും വേണ്ടിയാണ് മേൽനടപടി കൈക്കൊണ്ടത്. മുകളിൽ പ്രതിപാദിച്ച നടപടിയല്ലാതെ സർവ്വകലാശാലകളുടെ സാമ്പത്തിക നിയന്ത്രണം ഏറ്റെടുക്കുകയോ സർവ്വകലാശാലകൾക്ക് മാത്രമായി പ്രത്യേക സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ നോൺ പ്ലാൻ ഗ്രാന്റ് സർവ്വകലാശാലകളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിന് യാതൊരു നിയന്ത്രണവും ഇല്ല.

## എച്ച്.ബി.എ.

75 (2273) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ സർക്കാർ ജീവനക്കാരുടെ എച്ച്.ബി.എ.-ക്ക് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്; നാളിതു വരെ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇനി ബാക്കി എത്ര രൂപ അനുവദിക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) എച്ച്.ബി.എ.യ്ക്ക് അപേക്ഷിക്കുന്ന ജീവനക്കാരുടെ അസ്സൽ ആധാരം ഉൾപ്പെടെ 11 ഓളം സാക്ഷ്യപത്രങ്ങളുടെ അസ്സൽ സർക്കാർ കൈവശം ആണെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എച്ച്.ബി.എ. തയ്യാറാക്കിയിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ എത്ര പേർ നിലവിലുണ്ട്; ഇതിൽ എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും ലിസ്റ്റിൽ ശേഷിക്കുന്നത് എത്ര പേരെന്നും വെളിപ്പെടുത്താമോ;

(ഡി) എങ്കിൽ 2017-18 ബജറ്റിൽ സർക്കാർ ജീവനക്കാരുടെ എച്ച്.ബി.എ.ക്ക് വകയിരുത്തിയിരുന്നതിൽ ശേഷിക്കുന്ന തുക മാർച്ച് മാസത്തിന് മുൻപ് അനുവദിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർവ്വീസിലുള്ള സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകുന്ന ഭവന നിർമ്മാണ വായ്പയ്ക്ക് 2017-2018 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 231 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുകയിൽ ഇതുവരെ 50 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്നത് 181 കോടി രൂപയാണ്.

(ബി) ഭവനനിർമ്മാണ വായ്പ അപേക്ഷയോടൊപ്പം ജീവനക്കാർക്ക് വസ്തുവിന്റെ പ്രമാണങ്ങളും അനുബന്ധരേഖകളും സമർപ്പിക്കേണ്ടതുണ്ട്. ആയത് ബന്ധപ്പെട്ട വകുപ്പുമേധാവിയുടെ സൂക്ഷിപ്പിലാണുള്ളത്.

(സി) 2017-18 വർഷത്തെ സംസ്ഥാനതല സംയോജിത ഭവനനിർമ്മാണ വായ്പ മുൻഗണനാ പട്ടികയിൽ ആകെ 2889 പേരാണുള്ളത്. അതിൽ 344 പേർക്ക് ഒന്നാംഘട്ടത്തിൽ വായ്പ അനുവദിച്ചു. ഇനി പട്ടികയിൽ അവശേഷിക്കുന്നത് 2537 പേരാണ് (8 പേർക്ക് വായ്പ വേണ്ടാത്തതിനാൽ അപേക്ഷ റദ്ദുചെയ്തിട്ടുണ്ട്)

(ഡി) 2017-18 ബഡ്ജറ്റിൽ സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പയ്ക്ക് വകയിരുത്തിയിരുന്നതിൽ ശേഷിക്കുന്ന തുക നടപ്പ് സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രത്യേക വികസന നിധിയിൽനിന്നും കെട്ടിട നിർമ്മാണത്തിനായി ഫണ്ട്

76 (2274) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാംഗങ്ങളുടെ പ്രത്യേക വികസന നിധിയിൽ (എസ്.ഡി.എഫ്.) നിന്നും റസിഡൻസ് അസോസിയേഷനുകൾക്ക് കെട്ടിട നിർമ്മാണത്തിനായി ഫണ്ട് നൽകുന്നതിന് മാർഗ്ഗനിർദ്ദേശം ഉണ്ടോ;

(ബി) ഇല്ലെങ്കിൽ റെസിഡൻസ് അസോസിയേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിനായി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

**ഡയാലിസിസ് സെന്ററുകൾ**

77 (2275) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ധനകാര്യ വകുപ്പ് മുൻകൈ എടുത്ത് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഇതുവരെ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എന്തുകൊണ്ടാണ് പ്രസ്തുത ആശുപത്രിയിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കാത്തത്; ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ മാന്ദ്യവിരുദ്ധ (KIIFB) പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ 44 ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം പൂർത്തിയാക്കിവരുന്നുണ്ട്. പ്രസ്തുത ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങളുടെ മരാമത്ത് ജോലികൾ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി മുഖാന്തരം പൂർത്തിയാക്കി. ആവശ്യമായ ഉപകരണങ്ങൾ കോർപ്പറേഷൻ വിതരണം ചെയ്ത് ഡയാലിസിസ് കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുവാനാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) ടി പദ്ധതി പ്രകാരമുള്ള ഡയാലിസിസ് കേന്ദ്രങ്ങൾ ആറ് ആശുപത്രികളിൽ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. 13 ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങൾ ഉദ്ഘാടനത്തിനായി സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ 2018 മാർച്ച് മാസത്തോടെ 10 ആശുപത്രികളിൽക്കൂടി ഡയാലിസിസ് കേന്ദ്രങ്ങൾ ഉദ്ഘാടനത്തിനായി സജ്ജമാക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) റാന്നി താലൂക്കാശുപത്രിയിൽ കിഫ്ബി പദ്ധതി പ്രകാരമുള്ള ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള കെട്ടിടത്തിന്റെ പണി പൊതുമരാമത്ത് വകുപ്പ് വഴി പൂർത്തിയാക്കി ആശുപത്രിക്ക് കൈമാറി കിട്ടിയ ശേഷമാണ് ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള മരാമത്ത് പണിയുടെ എസ്റ്റിമേറ്റ് കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി തയ്യാറാക്കിയത്. പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്ക്ഓർഡർ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിക്ക് (KHRWS) കോർപ്പറേഷൻ 10-10-2017-ൽ നൽകിയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തോടെ ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള പദ്ധതികൾ

78 (2276) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകൾവഴി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബിയുടെ ഭരണാനുമതി ലഭ്യമായ ആലത്തൂർ മണ്ഡലത്തിലുൾപ്പെട്ട പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പുകളിലെ കുടിശ്ശിക

79 (2277) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തികവർഷം പൊതുമരാമത്ത്, ഇറിഗേഷൻ എന്നീ വകുപ്പുകളിലെ വിവിധ ജോലികൾ പൂർത്തിയാക്കിയതിന് വിവിധ കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശിക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത്, ഇറിഗേഷൻ എന്നീ വകുപ്പുകളിലെ കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പ് | 287.84 |
| പൊതുമരാമത്ത് (കെട്ടിടം) വകുപ്പ് | 239.86 |
| ജലവിഭവ വകുപ്പ് | 81.22 |
| ആകെ | 608.92 |

(ബി) ജൂലൈ 2017 വരെ കുടിശ്ശികയായിട്ടുള്ള ബില്ലുകൾ 23-4-2018-ഓടുകൂടി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കാലയളവിലെ ബില്ലുകൾക്ക് ബി.ഡി.എസ്. സൗകര്യം ലഭ്യമാണ്.

## കോന്നി നിയോജകമണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികൾ

80 (2278) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ കോന്നി നിയോജകമണ്ഡലത്തിൽ ഏതെല്ലാം വർക്കുകൾ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ നാളിതുവരെ ഏതെല്ലാം പ്രവൃത്തികൾക്ക് തുടക്കംകുറിച്ചു എന്നും ഇനി ഏതെല്ലാം ആരംഭിക്കാനുണ്ട് എന്നും വെളിപ്പെടുത്താമോ ;

(സി) നിലവിൽ എന്തുകൊണ്ടാണ് വർക്കുകൾ തുടങ്ങാൻ താമസം നേരിടുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ ബഡ്ജറ്റിൽ കോന്നി നിയോജകമണ്ഡലത്തിൽ പ്രഖ്യാപി ച്ചിട്ടുള്ള പ്രവൃത്തികൾ അനുബന്ധമായി* നൽകിയിരിക്കുന്നു.

(ബി) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പ്രവൃത്തികളിൽ തുടക്കം കുറിച്ച പ്രവൃത്തികളുടെയും ഇനി ആരംഭിക്കാനുള്ള പ്രവൃത്തികളുടെയും വിവരങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

(സി & ഡി) വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

## ധനവിനിയോഗ സ്റ്റേറ്റ്മെന്റ്

81 (2279) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-2017-ന് അവസാനിക്കുന്ന പാദത്തിൽ 2017-18 കാലയളവിലെ ബജറ്റ് വിഹിതവും എക്സ്പെൻഡിച്ചറും ഉൾപ്പെടെയുള്ള ധനവിനിയോഗ സ്റ്റേറ്റ്മെന്റ് നൽകുമോ;

(ബി) വകുപ്പുതിരിച്ചുള്ള വിശദമായ സ്റ്റേറ്റ്മെന്റ് നൽകുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 സാമ്പത്തികവർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥന ഉൾപ്പെടെ), ട്രഷറി വകുപ്പിൽ നിന്ന് ലഭ്യമായ കണക്ക് പ്രകാരം 2017-18 ഡിസംബർ 31 വരെയുള്ള ചെലവ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സർക്കാർ ജീവനക്കാർക്ക് നൽകുന്ന ഭവന നിർമ്മാണ വായ്പ

82 (2280) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് നൽകുന്ന ഭവന നിർമ്മാണ വായ്പയക്ക് എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വസ്തുവിന്റെ പ്രമാണം മുതലായവ സർക്കാരിന്റെ കൈവശമിരിക്കുന്നതുമൂലം ഭവന നിർമ്മാണ വായ്പയ്ക്ക് അർഹരായിട്ടുള്ളവർക്ക് മറ്റ് വായ്പയെടുക്കാൻ സാധ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ബജറ്റിൽ അനുവദിച്ച തുക മുഴുവനായും ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള തടസമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർവ്വീസിലുള്ള സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുന്ന ഭവന നിർമ്മാണ വായ്പയ്ക്ക് 2017-2018 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 231 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) 2017-2018-ൽ ഭവന നിർമ്മാണ വായ്പ ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ 50 കോടി രൂപ (അമ്പത് കോടി മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) ഭവന നിർമ്മാണ വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ ജീവനക്കാർ വസ്തുവിന്റെ പ്രമാണം സർക്കാരിൽ സമർപ്പിക്കേണ്ടതുണ്ട്. ജീവനക്കാർക്ക് മറ്റ് സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കണമെങ്കിൽ ഭവന നിർമ്മാണ വായ്പ റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയാൽ സർക്കാരിൽ സമർപ്പിച്ച വസ്തുവിന്റെ പ്രമാണവും അനുബന്ധരേഖകളും തിരികെ ലഭിക്കുന്നതാണ്.

(ഡി) സ്വീകരിച്ചുവരുന്നു.

## കർഷകരുടെ ക്ഷേമത്തിനും അവകാശ ലാഭത്തിനുമായി തുക കണ്ടെത്തുന്നതിന് പദ്ധതി

83 (2281) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം സെസ്സുകളാണ് നിലവിലുള്ളത്; പുതിയ സെസ്സുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കർഷകരുടെ ക്ഷേമത്തിനും അവകാശ ലാഭത്തിനുമായി തുക കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(സി) ഇതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) നിലവിൽ കേരള പൊതുവിൽപ്പന നികുതി നിയമപ്രകാരം നികുതി ഈടാക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്കും മദ്യത്തിനും social security സെസ്സ് നിലവിലുണ്ട്. കൂടാതെ മദ്യത്തിന് റീഹാബിലിറ്റേഷൻ സെസ്സ്, മെഡിക്കൽ സെസ്സ് എന്നിവ നിലവിലുണ്ട്. പുതിയ സെസ്സുകൾ ഏർപ്പെടുത്തുവാൻ ചരക്കുസേവന നികുതി വകുപ്പിനുമുന്നിൽ നിർദ്ദേശങ്ങളൊന്നുമില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) കർഷക സുരക്ഷയുടെയും ക്ഷേമത്തിന്റെയും പരമപ്രധാനമായ കാര്യങ്ങൾ മനസ്സിലാക്കി കാർഷിക മേഖലയിൽ ആയതിന് പരമോന്നത സ്ഥാനം നൽകേണ്ടതുണ്ട്. കർഷകർക്ക് സാമൂഹിക മാന്യതയും, സാമ്പത്തിക ഐശ്വര്യവും ഉറപ്പുവരുത്തുക, അവർക്ക് പെൻഷൻ നൽകുക, വരും തലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുക, കർഷക സമൂഹത്തിന് ഐശ്വര്യപൂർണ്ണമായ ജീവിതം പ്രദാനം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിലേയ്ക്ക് ഒരു കർഷക ക്ഷേമ ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട കരട് ബിൽ നിയമ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്കുശേഷം നിയമസഭയിൽവച്ച് അംഗീകരിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ തുടർന്നുവരികയാണ്.

(സി) കാലാകാലങ്ങളിൽ കാർഷിക മേഖലയുടെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

## എം.ആർ.പി. രേഖപ്പെടുത്തിയ വസ്തുക്കളുടെ ജി.എസ്.ടി.

84 (2282) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം, നേരത്തെ എം.ആർ.പി. രേഖപ്പെടുത്തിയിരുന്ന വസ്തുക്കൾക്ക് ജി.എസ്.ടി. കൂടി ചേർത്ത് വിലയീടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അധികം വാങ്ങിയ നികുതി കച്ചവടക്കാർക്കുതന്നെ റീ-ഇംബേഴ്സ് ചെയ്തു നൽകുകയും ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നൽകിയിട്ടില്ലെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് മുൻകൂട്ടി കണ്ടുകൊണ്ടാണ് Anti Profiteering clause വേണമെന്ന ശക്തമായ നിലപാട് സംസ്ഥാനം കൗൺസിലിൽ സ്വീകരിച്ചത്. ജി.എസ്.ടി.-യുടെ മറവിൽ കൊള്ളലാഭം തടയുന്നതിന്റെ ഭാഗമായി ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിരിക്കുന്ന ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി കേന്ദ്രഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിനു നൽകിയില്ലെങ്കിൽ ആ ആനുപാതികമായ തുക വില്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസം വരെ 18% പലിശ നിരക്കിൽ നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്. ഇതിനുപുറമേ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും പിഴ ചുമത്താനുമുള്ള അധികാരവും അതോറിറ്റിക്കുണ്ട്. സംസ്ഥാനത്ത് സ്ക്രീനിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. അതിൽ സി.ജി.എസ്.ടി.യുടെ മെമ്പറും എസ്.ജി.എസ്.ടി.-യുടെ മെമ്പറും ഉൾപ്പെടുന്നു. പൊതുജനങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന പരാതി സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച ശേഷം കഴമ്പുണ്ടെങ്കിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറും. തുടർ നടപടി സ്വീകരിക്കുന്നത് ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയാണ്. കേന്ദ്ര അതോറിറ്റി രൂപീകരിക്കുന്നതിലും പ്രവർത്തനക്ഷമമാകുന്നതിലും കാലതാമസം നേരിട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പ്രസ്തുത നിയമം ഫലപ്രദമായി നടപ്പിലാക്കിയാൽ ഉപഭേക്താക്കൾ കബളിപ്പിക്കപ്പെടുവാൻ സാധ്യതയില്ല എന്നു കരുതാം.

## ജി.എസ്.ടി. സംസ്ഥാന സാമ്പത്തികസ്ഥിതിയിൽ വരുത്തിയ മാറ്റം

85 (2283) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാന സാമ്പത്തിക സ്ഥിതിയിൽ ഉണ്ടായിട്ടുള്ള മാറ്റം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സാമ്പത്തിക സ്ഥിതിയിൽ ഉണ്ടായിട്ടുള്ള അനുകൂല സാഹചര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കിയതു മുതൽ അടുത്ത മൂന്ന് വർഷം വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയിൽ പ്രതീക്ഷിക്കുന്ന വളർച്ചാനിരക്ക് എത്രയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതു പോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് അടുത്ത 5 വർഷങ്ങളിലുണ്ടായേക്കാവുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റിൽ പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ദ്വൈമാസ ജി.എസ്.ടി. പിരിവ് 3644 കോടി രൂപ ലഭിച്ചില്ലെങ്കിൽ ബാക്കി തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ട പരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേവലമായി നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവന ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

(ബി) 2017 ജൂലൈ 1 മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയത്. ജി.എസ്.ടി. നടപ്പിലാക്കിയതോടെ ചരക്കുകളുടേയും സേവനങ്ങളുടേയും കൈമാറ്റങ്ങളിൽ ഒരേ സമയം നികുതി ചുമത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും അധികാരം ലഭിച്ചു. ജി.എസ്.ടി. ഒരു പ്രാപ്യസ്ഥാന നികുതിയാണ്. കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാകയാൽ പ്രാപ്യസ്ഥാന തത്ത്വം വരുംകാലങ്ങളിൽ കേരളത്തിന്റെ നികുതി പിരിവിന് ഗുണപ്രദമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ telecommunication, finance, insurance എന്നീ

സേവന മേഖലകളിൽ നിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിക്കുന്നു. ജി.എസ്.ടി.-യിലൂടെ നികുതിയ്ക്കുമേൽ നികുതി ഒഴിവാക്കി. അന്തർ സംസ്ഥാന വാങ്ങലിന് ഇൻപുട്ട് ടാക്സ് ലഭ്യമാക്കുന്ന ചരക്ക് സേവന നികുതി പൊതുവേ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ശരിയായ രീതിയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയാൽ ഉല്പന്നങ്ങൾക്ക് പൊതുവേ വിലക്കുറവുണ്ടാകേണ്ടതാണ്.

(സി) ഇക്കാലയളവിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ പ്രതീക്ഷിക്കുന്ന വളർച്ചാനിരക്ക് കണക്കാക്കിയിട്ടില്ല. എന്നാൽ നികുതി വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ജി.എസ്.ടി.മൂലം സാധനങ്ങളുടെ വിലയിൽ വന്ന മാറ്റം

86 (2284) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വന്ന മാറ്റത്തെപ്പറ്റി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) ജി.എസ്.ടി.നടപ്പാക്കിയത് കേരളത്തെ ഏതു രീതിയിൽ ബാധിച്ചു എന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) വിവിധ മേഖലകളിൽ നിന്നുള്ള പ്രശ്നങ്ങളും നികുതിനിരക്കിനെക്കുറിച്ചുള്ള പരാതികളും പരിഗണിച്ച് ഓരോ ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങുകളിലും നികുതിനിരക്ക് വ്യത്യാസപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ ജി.എസ്.ടി. നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ എങ്ങനെ മാറ്റമുണ്ടാക്കിയെന്നത് സംബന്ധിച്ച പരിശോധന നടത്താൻ സമയമായിട്ടില്ല.

(ബി) പഠനം നടത്തിയിട്ടില്ല.

## ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ മുന്നൊരുക്കം

87 (2285) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലായപ്പോൾ അതിന്റെ മുന്നൊരുക്കം നടത്തുന്നതിന് കേന്ദ്ര സർക്കാർ വേണ്ടത്ര സമയം നൽകിയിട്ടും സംസ്ഥാനം ആയത് നടപ്പിലാക്കുന്നതിൽ വീഴ്ചവരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ജി.എസ്.ടി. പ്രായോഗികമാകണമെങ്കിൽ വളരെ വിശാലവും സങ്കീർണവുമായ കമ്പ്യൂട്ടർശൃംഖല സജ്ജമാക്കണമെന്നിരിക്കെ കേരളത്തിൽ ഇതിന്റെ ശ്രമം ജി.എസ്.ടി. പ്രാവർത്തികമായ സമയത്ത് എന്തുകൊണ്ട് നടപ്പിലാക്കാൻ സാധിച്ചില്ല എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും വീഴ്ചയൊന്നുമുണ്ടായിട്ടില്ല. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ സമ്പ്രദായമാണ്. ജി.എസ്.ടി.-യുടെ അടിസ്ഥാനശിലയായ ജി.എസ്.ടി.എൻ. പൂർണ്ണമായും സജ്ജമാക്കുന്നതിനുമുമ്പ് കേന്ദ്ര ഗവൺമെന്റ് ധൃതിയിൽ ജി.എസ്.ടി. നടപ്പിലാക്കിയതാണ് നിലവിലുള്ള പ്രശ്നങ്ങൾക്ക് കാരണം. ജി.എസ്.ടി. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യാനുള്ള സോഫ്റ്റ്‌വെയർ ഇതുവരെയും സജ്ജമായിട്ടില്ല. നിലവിലുള്ള റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി തന്നെ പലതവണ നീട്ടിയത് ഇതിന് ഉദാഹരണമാണ്.

(ബി) കേരളം മോഡൽ 1 സംസ്ഥാനമാണ്. ജി.എസ്.ടി.-യുടെ ബാക്ക് എൻഡ് മൊഡ്യൂൾ മാത്രമാണ് ഇത്തരം സംസ്ഥാനങ്ങൾ തയ്യാറാക്കുന്നത്. ജി.എസ്.ടി. നടപ്പിലാക്കുന്നതിന് ആദ്യഘട്ടത്തിൽ വേണ്ട രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, നികുതി അടവ് എന്നിവ ഫ്രണ്ട് എൻഡിലാണ്. ഇത് ജി.എസ്.ടി.എൻ. ആണ് തയ്യാറാക്കുന്നത്. അത് പൂർണ്ണമായും സജ്ജമാകാത്തതാണ് ഇന്ത്യയിലൊട്ടാകെയുള്ള പ്രശ്നം.

## ജി.എസ്.ടി.യുടെ മറവിൽ ഹോട്ടലുകളിലെ വിലവർദ്ധനവ്

88 (2286) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി.യുടെ മറവിൽ സംസ്ഥാനത്തെ ഹോട്ടലുകളിൽ അമിതവില ഈടാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള അനധികൃത വിലവർദ്ധനവ് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കടകളിൽനിന്നും വ്യാപകമായി ബില്ലുകൾ ശേഖരിക്കുകയും കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നികുതി പിരിക്കാൻ അവകാശമില്ലെന്ന ബോധവത്ക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.

കച്ചവടക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. മാസ് മീഡിയ വഴിയും ഇതിനുവേണ്ട ബോധവത്ക്കരണം നടത്തുന്നുണ്ട്. ഈ പ്രവണത തുടരുന്നവർക്കെതിരെ നിയമം അനുശാസിക്കുന്ന കർശന നടപടി സ്വീകരിക്കുന്നതാണ്.

## പൂരം എക്സിബിഷനുകൾക്ക് ജി.എസ്.ടി ഒഴിവാക്കി നൽകുന്നതിന് നടപടി

89 (2287) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പൂരം, ഉത്രാളിക്കാവ് പൂരം എന്നിവയോടനുബന്ധിച്ചുള്ള പൂരം എക്സിബിഷന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിനോദ നികുതി ഒഴിവാക്കി നൽകിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വർഷത്തെ എക്സിബിഷനുകൾക്ക് ജി.എസ്.ടി. ബാധകമാണോ എന്ന് അറിയിക്കുമോ;

(ബി) ബാധകമാണെങ്കിൽ ജി.എസ്.റ്റി. ഒഴിവാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ജി.എസ്.ടി. വന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചിരുന്ന വിനോദനികുതി ഇല്ലാതായിട്ടുണ്ട്. പൂരം എക്സിബിഷന് ജി.എസ്.ടി. ബാധകമാണ്.

(ബി) ജി.എസ്.ടി.യിൽ നികുതിനിരക്ക് തീരുമാനിക്കുന്നതിനും നികുതി ഒഴിവാക്കുന്നതിനുമുള്ള അധികാരം കേന്ദ്ര ധനകാര്യമന്ത്രി അദ്ധ്യക്ഷനും സംസ്ഥാന കേന്ദ്രപ്രദേശ ധന/നികുതി വകുപ്പ് മന്ത്രിമാർ അംഗങ്ങളുമായ ജി.എസ്.ടി. കൗൺസിലിനാണ്. സംസ്ഥാനത്തിനുമാത്രമായി നികുതി ചുമത്തുന്നതിനോ നികുതി ഒഴിവാക്കികൊടുക്കുന്നതിനോ അധികാരമില്ല.

## ചരക്ക് സേവന നികുതി നിയമം നടപ്പാക്കൽ

90 (2288) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി നികുതി വകുപ്പിന്റെ ശാക്തീകരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനുമായി 2017-18 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തി എന്നറിയിക്കുമോ; ഇതിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ചരക്ക് സേവന നികുതി ഇനത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നികുതി നല്കുന്ന മൂന്ന് ജില്ലകൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലകളിൽ നികുതി വകുപ്പ് ഉദ്യോഗസ്ഥരുടെ ജില്ലാതല തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) നികുതി വകുപ്പിന്റെ ശാക്തീകരണത്തിനും കമ്പ്യൂട്ടർവത്ക്കരണത്തിനുമായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നോൺ പ്ലാൻ പ്രകാരം 2040-00-101-94 കമ്പ്യൂട്ടറൈസേഷൻ (NP-V) - 8,54,85,000 രൂപയും പ്ലാൻ 2040-00-101-88-00 (P-V) പ്രകാരം പബ്ലിക്ക് അവയെർനെസ് & കപ്പാസിറ്റി ബിൽഡിംഗിന് 8 കോടി രൂപയും 2040-00-101-89-00 (P-V) പ്രകാരം IT ഇൻഫ്രാ ഇനത്തിൽ 17 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ 6,74,45,792 രൂപ, 1.6 കോടി രൂപ, 8.70 ലക്ഷം രൂപ എന്നിവ യഥാക്രമം ചെലവഴിച്ചിട്ടുള്ളതാകുന്നു.

(ബി) എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ എന്നിവയാണ് യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിലുള്ള ജില്ലകൾ.

(സി) ഉണ്ട്. പ്രസ്തുത ജില്ലകളിൽ ചുവടെ പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

| ഒഴിവുള്ള ജില്ലാതല തസ്തികകൾ | തിരുവനന്തപുരം | എറണാകുളം | തൃശ്ശൂർ |
|---|---|---|---|
| ഓഫീസ് അറ്റൻഡന്റ് | 3 | 2 | 1 |
| ക്ലാർക്ക് | 1 | 4 | |
| എൽ.ഡി. ടൈപ്പിസ്റ്റ് | | 1 | |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | | 1 |

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് ചെക്ക് പോസ്റ്റ് സംവിധാനം നിർത്തലാക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ചെക്ക് പോസ്റ്റുകളിൽ വിന്യസിപ്പിച്ചിരുന്ന ഉദ്യോഗസ്ഥരെ വകുപ്പിന്റെ വിവിധ ജില്ലകളിലെ ഓഫീസുകൾക്ക് പുന:ക്രമീകരിച്ചു വരികയാണ്.

## ചരക്ക് സേവന നികുതിയുടെ പ്രത്യാഘാതങ്ങൾ

91 (2289) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥയെ ദുർബലപ്പെടുത്തിയതും ചെറുകിട വ്യവസായ മേഖലയിലും വ്യാപാര മേഖലയിലും ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ സംബന്ധിച്ചും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ:

(ബി) ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് മെച്ചമായിരിക്കുമെന്നും നികുതി വരുമാനത്തിൽ കുറഞ്ഞത് 20 ശതമാനമെങ്കിലും നേട്ടമുണ്ടാകുമെന്നും വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നോ; ഇപ്പോൾ 6 മാസം കൊണ്ട് ഉണ്ടായ നേട്ടം എത്ര രൂപയാണ്; നഷ്ടമാണെങ്കിൽ ആയത് എത്ര ശതമാനമാണ്; ചരക്ക് സേവന നികുതി വരുന്നതിനു മുമ്പുള്ള ആറുമാസത്തേയും വന്നതിനുശേഷമുള്ള ആറുമാസത്തെയും നികുതി വരുമാനം ഉൾപ്പെടെ വിശദാംശം നൽകുമോ;

(സി) നികുതി വരുമാനത്തിൽ ഇടിവുണ്ടാകുമ്പോൾത്തന്നെ സാധനങ്ങളുടെയും സേവനങ്ങളുടെയും വിലയിലുണ്ടായിട്ടുള്ള വലിയ വർദ്ധവ് വഴി ജനങ്ങൾക്ക് ദുരിതം സമ്മാനിച്ച ഈ നികുതി സമ്പ്രദായത്തിന്റെ ദോഷവശങ്ങൾ, ദുരുപയോഗം, അമിത നികുതി ഇവ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

### ഉത്തരം

(എ) ഇതുസംബന്ധിച്ച് പ്രത്യേകം പഠനം നടത്തിയിട്ടില്ല.

(ബി) ഇല്ല. ജി.എസ്.ടി. ഒരു പ്രാപ്യസ്ഥാന നികുതിയാണ്. കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാകയാൽ പ്രാപ്യസ്ഥാന തത്ത്വം വരും കാലങ്ങളിൽ കേരളത്തിന്റെ നികുതി പിരിവിന് ഗുണപ്രദമാകും എന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ, ജി.എസ്.ടി. വരുമാനം ലഭിക്കുന്നതിനുമുമ്പുള്ള മാസങ്ങളിലെ (ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ) ശരാശരി വാണിജ്യനികുതി വരുമാനം 1,584.27 കോടി രൂപയാണ്.

എന്നാൽ, ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട്

പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയശേഷം ഓരോ ദ്വൈമാസവും സംസ്ഥാനത്തിന് ലഭിക്കേണ്ട തുകയായി കണക്കാക്കിയിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ ജി.എസ്.ടി. ഇനത്തിൽ ലഭിക്കുന്ന തുക കഴിച്ച് ബാക്കിയുള്ള തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. അപ്രകാരം നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ വരുമാനനഷ്ടമോ നേട്ടമോ ഉണ്ടായതായി കണക്കാക്കാനാവില്ല.

(സി) നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നല്കിയിട്ടില്ലെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി. നടപ്പിലായ ആദ്യ മാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. അടുത്തപടിയായി 15-11-2017 മുതൽ പ്രാബല്യത്തിൽവന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്.

**അനുമാന നികുതി**

92 (2290) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടിയിൽ താഴെ വാർഷിക വിറ്റുവരവുള്ള ഹോട്ടലുകൾക്ക് അനുമാന നികുതി തെരഞ്ഞെടുക്കുന്നതിന് അധികാരം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഹോട്ടലുകൾ ആകെ വിറ്റുവരവിന്റെ എത്ര ശതമാനമാണ് അനുമാന നികുതിയായി അടയ്ക്കേണ്ടത്;

(സി) പ്രസ്തുത ഹോട്ടലുകൾ ഉപഭോക്താക്കളിൽ നിന്നും ജി.എസ്.ടി. ഈടാക്കരുതെന്ന നിബന്ധനയ്ക്ക് വിരുദ്ധമായി നികുതി ഈടാക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ,അനുമാന നികുതി സ്കീം തെരഞ്ഞെടുത്തിട്ടുണ്ടെന്നും ജി.എസ്.ടി. ഇല്ലായെന്നുമുള്ള ബോർഡ് പ്രസ്തുത ഹോട്ടലുകളിൽ പ്രദർശിപ്പിക്കാൻ നിർദ്ദേശിക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നിയമമനുസരിച്ച് ഒന്നരക്കോടിക്ക് താഴെ വിറ്റുവരവുള്ള വ്യാപാരസ്ഥാപനങ്ങൾക്ക് കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കാവുന്നതാണ്.

(ബി) കോമ്പോസിഷൻ സ്കീം തെരഞ്ഞെടുത്തിട്ടുള്ള ഹോട്ടലുകൾ നികുതി ബാധ്യതയുള്ള ആകെ വിറ്റുവരവിന്റെ 5% നികുതിയായി അടയ്ക്കേണ്ടതാണ്.

(സി) കോമ്പോസിഷൻ സ്കീം തെരഞ്ഞെടുത്തിട്ടുള്ള വ്യാപാരികൾക്ക് നികുതി പിരിക്കാൻ അധികാരമില്ല.

(ഡി) ജി.എസ്.ടി. നിയമമനുസരിച്ച് ഇത്തരത്തിലുള്ള ബോർഡുകൾ വ്യാപാരസ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതുണ്ട്.

**നികുതി വരുമാനം**

93 (2291) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷത്തിൽ സംസ്ഥാനം പ്രതീക്ഷിച്ച നികുതി വരുമാനം നേടിയെടുക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ബി) നികുതി വരുമാനത്തിൽ എത്രത്തോളം കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) പ്രതീക്ഷിത വരുമാനത്തിൽ ഉണ്ടാകുന്ന കുറവ് വികസന പ്രവർത്തനങ്ങളുടെ താളം തെറ്റിക്കുമോ; എങ്കിൽ അത് തരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ - സി) 2017 നവംബർ 30 വരെ വർദ്ധനവ് 5.2 ശതമാനമാണ്. കേന്ദ്ര കോമ്പൻസേഷനും കൂടി കണക്കിലെടുത്താൽ ഇതിൽ മാറ്റം വരും. ജി.എസ്.ടി. നടപ്പായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് അടുത്ത അഞ്ച് വർഷത്തേയ്ക്കുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി. കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നഷ്ട പരിഹാരം ലഭിച്ചതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവന ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

**നികുതി വെട്ടിപ്പ് തടയാൻ നടപടികൾ**

94 (2292) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളിൽ നിന്നു ജി.എസ്.ടി. ഈടാക്കിയ ശേഷം ആയത് സർക്കാരിൽ അടക്കാത്തതുമായി ബന്ധപ്പെട്ട് എത്ര പേർക്ക് നോട്ടീസ് നല്കിയിട്ടുണ്ട്;

(ബി) ഇത്തരക്കാരെ പിടികൂടുന്നതിനായി വാണിജ്യ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഉപഭോക്താക്കളിൽനിന്ന് ജി.എസ്.ടി. ഈടാക്കിയശേഷം ആയത് സർക്കാരിൽ അടക്കാത്തത് സംബന്ധിച്ച് നോട്ടീസുകൾ നൽകിയിട്ടില്ല. ഇത്തരക്കാരെ പിടികൂടുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി വ്യാപാരികൾ

ഫയൽ ചെയ്യുന്ന റിട്ടേൺ യഥാസമയം പരിശോധിക്കുകയും നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ കടകളിൽ നേരിട്ട് ചെന്ന് ബില്ലുകൾ ശേഖരിക്കുകയും നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവർ എല്ലാംതന്നെ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരായ വ്യാപാരികളെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നുണ്ട്. കൂടാതെ ബില്ലുകൾ കൊടുക്കാതെ ബിസിനസ്സ് നടത്തുന്നവരെ കണ്ടെത്തി അവരുടെ വിവരങ്ങൾ ഇന്റലിജൻസ് വിഭാഗത്തിന് കൈമാറുകയും അവർ കൂടുതൽ പരിശോധന നടത്തുകയും ചെയ്യുന്നു.

1-2-2018 മുതൽ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കിയതുവഴി സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന എല്ലാ ചരക്കുകളുടെയും വിശദാംശം ഓൺലൈൻ വഴി ലഭ്യമാകുമെന്ന് കരുതുന്നു. ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ എടുത്ത വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ജി.എസ്.ടി. പോർട്ടൽ മുഖേന ക്രോസ് ചെക്ക് ചെയ്ത് നികുതിവെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നു. അതിർത്തിപ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് വിഭാഗം അതീവ ജാഗ്രതാനിരീക്ഷണം നടത്തി നികുതി വെട്ടിപ്പ് തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വാഹന പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയവയിലൂടെയും നികുതി അടവ് ഉറപ്പുവരുത്തുന്നു.

**സുവിധാ കേന്ദ്രങ്ങൾ**

95 (2293) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി.യുടെ സങ്കീർണ്ണതകൾ ലഘൂകരിക്കുന്നതിന് സുവിധാ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് സുവിധാ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; പ്രസ്തുത കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സേവനങ്ങൾക്ക് ഫീസ് ഈടാക്കുമോ ;

(സി) ചെറുകിട വ്യവസായ സ്ഥാപനങ്ങളും മറ്റ് വ്യാപാര സ്ഥാപനങ്ങളുമെല്ലാം ഭാവിയിൽ പ്രസ്തുത കേന്ദ്രങ്ങൾ മുഖേന റിട്ടേണുകൾ സമർപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ജി.എസ്.ടി.-യെ സംബന്ധിച്ച പൊതുജനങ്ങളുടെയും വ്യാപാരി കളുടെയും സംശയ നിവാരണത്തിനായി സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ വകുപ്പിന്റെ സംസ്ഥാനമൊട്ടാകെയുള്ള എല്ലാ ഓഫീസുകളിലും ഹെൽപ്ഡെസ്കുകളും പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർ ത്തിക്കുന്ന ജി.എസ്.ടി. ഹെൽപ്ഡെസ്കുകളുടെ ഫോൺ നമ്പറും ഇ-മെയിൽ അഡ്രസ്സും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ടി കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സേവനങ്ങൾക്ക് ഫീസ് ഈടാക്കുന്നില്ല.

(സി) നിലവിൽ അങ്ങനെയുള്ള നിർദ്ദേശങ്ങളൊന്നുമില്ല.

## ചെക്ക്പോസ്റ്റുകളിൽ കൂടി കൊണ്ടുപോകുന്ന സാധനങ്ങളുടെ ബില്ലുകളുടെ പരിശോധന

96 (2294) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ചെക്ക്പോസ്റ്റുകളിൽ കൂടി കടന്നുപോകുന്ന സാധനങ്ങളുടെ ബില്ലുകൾ പരിശോധിച്ച് ആധികാരികത ഉറപ്പു വരുത്തുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) വ്യാജബില്ലുകൾ ഉപയോഗിച്ച് സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് പ്രാപ്തമായ പരിശോധനാ സംവിധാനം നിലവിലുണ്ടോ; എങ്കിൽ വ്യാജ ജി.എസ്.ടി. നമ്പരുകളും അന്യസംസ്ഥാന ജി.എസ്.ടി. നമ്പരുകളും തിരിച്ചറിയുന്നതിന് പരിശോധനകളിലൂടെ കഴിയുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ പരിശോധനാ സംവിധാനത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് അന്തർ

സംസ്ഥാന ചരക്ക് നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദപരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്കു കഴിയും. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചരക്കു വാഹനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനായി ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഇ-വേ ബിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ഇ-വേ ബിൽ എടുക്കുന്നതിന് ആദ്യം ഇ-വേ ബിൽ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പ്രധാന മേന്മ ചരക്കുനീക്കം തുടങ്ങുമ്പോൾ തന്നെ ഇ-വേ എടുക്കേണ്ടതുണ്ട് എന്നാണ്. ചരക്ക് നീക്കം ആരംഭിക്കുമ്പോൾത്തന്നെ അതിനെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭ്യമാകും. ചരക്കുനീക്കത്തിന് ഇന്ത്യയൊട്ടാകെ ഒരു ഇ-വേ ബിൽ മാത്രം മതിയാകും. ഇത് ചരക്കുനീക്കം സുഗമമാക്കുകയും നികുതിവെട്ടിപ്പ് കുറയ്ക്കുകയും ചെയ്യും. ഇ-വേ ബിൽ പരിശോധി ക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് ചരക്കുനീക്കത്തെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമാവുകയും പരിശോധന വളരെ എളുപ്പമാവുകയും ചെയ്യും. ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാകുന്നതിനുവന്ന കാലതാമസവും ഇപ്പോൾ നടപ്പിലാക്കിയപ്പോൾ വന്നിട്ടുള്ള അപാകതകളും പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇത് അപ്പപ്പോൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. ഇപ്രകാരം വ്യാജബില്ലുകൾ, വ്യാജ ജി.എസ്.ടി. നമ്പരുകൾ എന്നിവ ഒരു പരിധിവരെ തിരിച്ചറിയുവാൻ കഴിയുമെന്ന് കരുതുന്നു.

## നികുതി വെട്ടിച്ചുള്ള ചരക്ക് കടത്ത്

97 (2295) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നതിനെത്തുടർന്ന് സംസ്ഥാന അതിർത്തിയിലെ വാണിജ്യ നികുതി ചെക്പോസ്റ്റുകൾ നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇക്കാരണത്താൽ സംസ്ഥാനത്തേക്ക് നികുതി വെട്ടിച്ച് ചരക്കുകൾ കടത്തിക്കൊണ്ടു വരുന്നത് കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് പരിഹാരമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) ഉണ്ട്. ജി.എസ്.ടി. നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം

ഒരു പരിധിവരെ ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. ഇ-വേ ബിൽ നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായതിലുള്ള കടുത്ത ആശങ്ക കേരളത്തെപ്പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിച്ചതിനെത്തുടർന്ന് 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് അന്തർ സംസ്ഥാന ചരക്കുനീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയും. കൂടാതെ ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചരക്കു വാഹനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിലേയ്ക്ക് ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ചെക്ക്പോസ്റ്റുകൾ നിർത്തലാക്കാനുള്ള സാഹചര്യം

98 (2296) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർശനമായ നിരീക്ഷണ സംവിധാനമില്ലാതെ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കാനുള്ള സാഹചര്യം വ്യക്തമാക്കാമോ; ഇതുമൂലം എത്ര രൂപയുടെ നികുതി വരുമാനമാണ് നടപ്പുസാമ്പത്തികവർഷം നഷ്ടമായത് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര രൂപയ്ക്ക് മുകളിൽ വരുന്ന ചരക്കുകളാണ് ജി.എസ്.ടി.എൻ. പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടത്; ഇവ എത്ര കിലോമീറ്റർവരെ കൊണ്ടുപോകുവാനാണ് കഴിയുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നിയമം നടപ്പിലായതോടുകൂടി ചെക്ക്പോസ്റ്റുകൾക്ക് നിയമപ്രാബല്യമില്ലാതായി. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാകുന്നതുവരെ ചെക്ക്പോസ്റ്റുകൾ തുടരാൻ അനുവദിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിക്കപ്പെട്ടില്ല. ജി.എസ്.ടി. നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും വിജ്ഞാപനം പുറപ്പെടുവിക്കാനുണ്ടായ കാലതാമസം, ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാന

ങ്ങൾക്ക് 5 വർഷത്തേയ്ക്കുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തിന് കേവലമായി നികുതി വരുമാന നഷ്ടമുണ്ടായതായി കണക്കാക്കാനാവില്ല.

(ബി) ഇ-വേ ബിൽ സമ്പ്രദായത്തിൽ 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള പ്രത്യേകമായി ഒഴിവാക്കിയിട്ടില്ലാത്ത ചരക്കുകളുടെ കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാണ്. 10 കിലോമീറ്ററിന് മുകളിലുള്ള ചരക്കുനീക്കത്തിന് വാഹന നമ്പർ കൂടാതെയുള്ള ഇ-വേ ബില്ലിന് സാധുതയില്ല. ഓരോ 100 കിലോമീറ്ററിനും ഒരു ദിവസം എന്നതാണ് ഇ-വേ ബില്ലിന്റെ കാലാവധി.

**കുന്ദമംഗലത്ത് അനുവദിച്ച സബ് ട്രഷറി**

99 (2297) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-8-2014-ലെ സ. ഉ. (എംഎസ്.) നമ്പർ 343/14/ധന ഉത്തരവ് പ്രകാരം കുന്ദമംഗലത്ത് അനുവദിച്ച സബ് ട്രഷറി ആരംഭിക്കുന്നതിന് ചെസ്റ്റ് സൗകര്യത്തോടെ വയറിംഗ് ഉൾപ്പെടെ പൂർത്തീകരിച്ച കെട്ടിടം തയ്യാറാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ് ട്രഷറി ഓഫീസർ തസ്തിക മാത്രം സൃഷ്ടിക്കുന്നതിനും പുനർവിന്യാസംവഴി മറ്റു തസ്തികകൾ നികത്തുന്നതിനുമുള്ള നിർദ്ദേശം പ്രായോഗികമായി പ്രയാസമുണ്ടാക്കുന്നതാണെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കുന്ദമംഗലം സബ്ട്രഷറി എപ്പോൾ പ്രവർത്തനമാരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രഷറി ഡയറക്ടർ 17-1-2018-ലെ എ.1/2062/2011 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് നൽകിയിരുന്നു. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ആധുനികവത്കരണ ഭാഗമായ ട്രഷറി നെറ്റ്‌വർക്കിംഗ് പൂർത്തിയായശേഷം ട്രഷറി പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ട്രഷറിയിൽ നിന്നും മികച്ച സേവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ

100 (2298) ശ്രീ. പി. ടി. തോമസ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികൾ ആധുനീകരിക്കുന്നതിനും ജനങ്ങൾക്ക് മികച്ച സേവനം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ;

(ബി) ട്രഷറികളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) ഇടപാടുകാർക്ക് വീട്ടിലിരുന്നുകൊണ്ട് യൂട്ടിലിറ്റി പേയ്മെന്റുകൾ നടത്തുന്നതിനുള്ള നെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ഡി) പെൻഷൻകാർക്ക് വേണ്ടിയുള്ള പബ്ലിക് പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ; അതിലൂടെ നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്;

(ഇ) സംസ്ഥാന ട്രഷറികളെ യൂസർ ഫ്രണ്ട്ലിയാക്കുന്നതിനും അതിലൂടെ വാണിജ്യബാങ്കുകൾ നല്കുന്നതിന് സമാനമായ രീതിയിൽ ഉള്ള സർവ്വീസുകൾ ട്രഷറികളിൽ നിന്നും നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്) ഇക്കാര്യത്തിനായി അധിക സമയം ജോലിചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേക ഇൻസെന്റീവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ട്രഷറികൾ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്.

(1) ഐ.എഫ്.എം.എസ്. (സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം)

ട്രഷറി ഇടപാടുകൾ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി നവീകരിക്കുന്ന പദ്ധതിയാണിത്. പൂർണ്ണമായും കടലാസ് രഹിത കറൻസി രഹിത ഇടപാടുകളിലേയ്ക്ക് മുഴുവൻ ട്രഷറി ഇടപാടുകളും മാറ്റുക എന്നതാണ് പ്രസ്തുത

പദ്ധതിയുടെ ലക്ഷ്യം. ഈ സംവിധാനം നടപ്പിലായതോടുകൂടി ട്രഷറി ഇടപാടുകൾ കൂടുതൽ സുതാര്യവും വേഗത്തിലുമായി തീർന്നു. ഇടപാടുകാർക്ക് ട്രഷറിയിൽ എത്താതെ തന്നെ സേവനങ്ങൾ ലഭിക്കുന്ന തരത്തിൽ ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളിൽ തുക നേരിട്ട് ഇടപാടുകാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ കറൻസിയുടെ ഉപയോഗവും പരമാവധി കുറയ്ക്കുവാൻ സാധിച്ചു.

(2) ടി.ഐ.ഡി.പി. (ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി)

ഇടപാടുകാർക്ക് കൂടുതൽ ഭൗതിക സൗകര്യം ഏർപ്പെടുത്തുന്നതിനായി ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ ട്രഷറി കെട്ടിടങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ നവീകരിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നു. ഈ പദ്ധതി പൂർത്തിയാകുന്ന തോടുകൂടി ആധുനിക ബാങ്കിംഗ് ഇടപാട് സ്ഥാപനങ്ങളുമായി കിടപിടിക്കുന്ന രീതിയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഇടപാടുകാർക്ക് ലഭ്യമാകുന്നതാണ്.

(ബി) ഉണ്ട്. സംസ്ഥാനത്തെ ട്രഷറി ഇടപാടുകൾ പൂർണ്ണമായും ഐ.എഫ്.എം.എസ്. സംവിധാനത്തിലൂടെയാണ് ഇപ്പോൾ നടത്തുന്നത്. ഇടപാടുകാർക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, കടലാസ് രഹിത ഇടപാടുകൾ തുടങ്ങിയവയുടെ പ്രവർത്തനം പുരോഗമിക്കുന്നു. ഈ സാമ്പത്തിക വർഷാവസാനത്തോടുകൂടി ഇവയും ഏർപ്പെടുത്തുന്നതാണ്.

(സി) ഇടപാടുകാർക്ക് നെറ്റ് ബാങ്കിംഗ് ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. ആയതിന്റെ സെക്യൂരിറ്റി ഓഡിറ്റിങ് നടപടികൾ പുരോഗമിക്കുന്നു. പുതിയ സാമ്പത്തിക വർഷം മുതൽ ഈ സൗകര്യം ഇടപാടുകാർക്ക് ലഭ്യമാകുന്നതാണ്. അപ്പോൾ യൂട്ടിലിറ്റി പേമെന്റുകൾ നടത്തുന്നത് സാധ്യമാകുന്നതാണ്.

(ഡി) ഉണ്ട്. പെൻഷൻകാരുടെ പെൻഷൻ സംബന്ധമായ വിവരങ്ങൾ, പ്രതിമാസ പെൻഷൻ, കുടിശ്ശിക വരവുവച്ചതിന്റെ വിവരങ്ങൾ, ആദായ നികുതി സംബന്ധമായ കാര്യങ്ങൾ തുടങ്ങിയ വിവരങ്ങൾ ഈ പോർട്ടൽ വഴി പെൻഷൻകാർക്ക് ലഭ്യമാണ്.

(ഇ) സ്വീകരിച്ചിട്ടുണ്ട്. ഈ ഉദ്ദേശ്യം സാക്ഷാൽക്കരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഐ.എഫ്.എം.എസ്.-ഉം ടി.ഐ.ഡി.പി.-യും ട്രഷറി വകുപ്പിൽ നടപ്പിലാക്കിവരുന്നത്. ഈ പദ്ധതികൾ പൂർണ്ണമാകുന്നതോടുകൂടി ഏത് ആധുനിക

ബാങ്കുകളോടും കിടപിടിക്കുന്ന രീതിയിലോ അതിലും മെച്ചപ്പെട്ട രീതിയിലോ ട്രഷറികൾ മാറുകയും സേവനങ്ങൾ ഇടപാടുകാർക്ക് അപ്രകാരം ലഭ്യമാകുന്നതുമാണ്.

(എഫ്) നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനത്തുക വിതരണം**

101 (2299) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-2017 വരെയുള്ള കണക്കുകൾ പ്രകാരം മുൻ വർഷത്തെ അപേക്ഷിച്ച് ലോട്ടറി ടിക്കറ്റ് വില്പനവഴി സർക്കാരിന് ലഭിച്ച വരുമാന വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ലോട്ടറി സമ്മാനത്തുക വിതരണത്തിൽ 2017-ൽ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) കേരള സംസ്ഥാന ഭാഗ്യക്കുറികളുടെ എന്നുവരെയുള്ള സമ്മാനത്തുക വിതരണം പൂർത്തിയായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മുൻവർഷത്തെ അപേക്ഷിച്ച് 1136.64 കോടി രൂപയുടെ അധിക വരുമാനമാണ് ലോട്ടറി വിൽപ്പനയിലൂടെ ലഭ്യമായിട്ടുള്ളത്.

(ബി & സി) സമ്മാനത്തുക ലഭ്യമാക്കുന്നതിന് ലോട്ടറി നിയമം അനുശാസിക്കുന്ന ആവശ്യമായ രേഖകൾ സഹിതം നാളിതുവരെ സമർപ്പിച്ചിട്ടുള്ള സമ്മാന ടിക്കറ്റുകൾക്ക് സമ്മാനം വിതരണ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

**ലോട്ടറി വരുമാനത്തിൽ ജി.എസ്.ടി.**

102 (2300) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നശേഷം ലോട്ടറി ടിക്കറ്റുകളുടെ വില എപ്രകാരമാണ് ക്രമീകരിച്ചത്;

(ബി) ടിക്കറ്റുകളുടെ വിറ്റുവരവ് ഏത് ശീർഷകത്തിലാണ് ഒടുക്കുന്നത്;

(സി) പ്രസ്തുത ശീർഷകത്തിലേക്ക് ജി.എസ്.ടി. ഉൾപ്പെടുത്തുമോ;

(ഡി) ജി.എസ്.ടി. ഇനത്തിൽ ഇതുവരെ ഒടുക്കിയ തുക മാസം തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-7-2017 മുതൽ കേരള സംസ്ഥാന ഭാഗ്യക്കുറികൾക്ക് 12% ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 26.8 രൂപയായും, ജി.എസ്.ടി. തുകകൂടി ചേർത്ത് പരമാവധി വിൽപ്പനവില 30 രൂപയാക്കിയും ക്രമീകരിച്ചിട്ടുണ്ട്.

(ബി) ടിക്കറ്റുകളുടെ വിറ്റുവരവ് "0075-00-103-99-sale proceeds of Lottery tickets" എന്ന ശീർഷകത്തിലാണ് ഒടുക്കുന്നത്.

(സി) ഇല്ല.

(ഡി) ജി.എസ്.ടി. ഇനത്തിൽ ഇതുവരെ ഒടുക്കിയ തുക മാസം തിരിച്ച് ചുവടെ ചേർക്കുന്നു:

| മാസം | ഒടുക്കിയ തുക |
|---|---|
| ജൂലൈ 2017 | 89,20,29,186 |
| ആഗസ്റ്റ് 2017 | 92,84,88,066 |
| സെപ്റ്റംബർ 2017 | 94,59,65,086 |
| ഒക്ടോബർ, 2017 | 90,19,63,052 |
| നവംബർ 2017 | 96,66,60,090 |
| ഡിസംബർ 2017 | 95,61,64,120 |
| ആകെ | 5,59,12,69,600 |

## ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പന

103 (2301) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ഏതെല്ലാം ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പനയാണ് നടന്നത്;

(ബി) ഓരോ ബമ്പർ ടിക്കറ്റിന്റെയും മുഖവില എത്രയായിരുന്നു; മുഖവിലയുടെ അടിസ്ഥാനത്തിൽ ലഭിച്ച തുക എത്രയാണ്;

(സി) ഓരോ ബമ്പറിനും ജി.എസ്.ടി.യിനത്തിൽ ലഭിച്ച തുക എത്രയാണ്;

(ഡി) ബമ്പർ ടിക്കറ്റുകളുടെ പരസ്യത്തിനായി ചെലവഴിച്ച തുകയെത്രയാണ്; അത് മുഖവിലയുടെ അടിസ്ഥാനത്തിലുള്ള വിറ്റുവരവിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ വിഷുബമ്പർ 2017, മൺസൂൺ ബമ്പർ 2017, സുവർണജൂബിലി തിരുവോണം ബമ്പർ 2017, പൂജ ബമ്പർ 2017, സുവർണജൂബിലി ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ 2017-18 എന്നീ ഭാഗ്യക്കുറികളുടെ നറുക്കെടുപ്പ് നടത്തിയിട്ടുണ്ട്. സമ്മർ ബമ്പർ 2017-18 ഭാഗ്യക്കുറിയുടെ വിൽപ്പന 24-1-2018-ന് ആരംഭിച്ചിട്ടുണ്ടെങ്കിലും നറുക്കെടുപ്പ് 21-3-2018-ന് മാത്രമേ നടത്തുകയുള്ളൂ.

(ബി)

| ബമ്പർ ഭാഗ്യക്കുറി | മുഖവില | വിൽക്കപ്പെട്ട ടിക്കറ്റുകളുടെ എണ്ണം | മുഖവിലയുടെ അടിസ്ഥാനത്തിൽ ലഭിച്ച തുക |
|---|---|---|---|
| വിഷു ബമ്പർ, 2017 (BR 55) | 100 | 46,50,000 | 46,50,00,000 |
| മൺസൂൺ ബമ്പർ 2017 (BR 56) | 100 | 23,49,980 | 23,49,98,000 |
| സുവർണ്ണജൂബിലി തിരുവോണം ബമ്പർ 2017 (BR 57) | 223.21 | 65,00,000 | 145,08,65,000 |
| പൂജാ ബമ്പർ 2017 (BR 58) | 133.93 | 32,33,799 | 43,31,02,700.07 |
| സുവർണ്ണ ജൂബിലി ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ 2017-18 (BR 59) | 178.58 | 33,99,979 | 60,71,68,249.82 |
| സമ്മർ ബമ്പർ 2018 (BR 60) | 133.93 | ടിക്കറ്റ് വിൽപ്പന നടന്നുവരുന്നു. | |

(സി)

| ബമ്പർ ഭാഗ്യക്കുറി | തുക |
|---|---|
| തിരുവോണം ബമ്പർ (BR 57) | 17,41,03,801 |
| പൂജ ബമ്പർ (BR 58) | 5,19,72,325 |
| ക്രിസ്മസ് ന്യൂ ഇയർ ബമ്പർ (BR 59) | 7,28,60,190 |
| ആകെ | 29,89,36,316 |

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകളുടെ പ്രചാരണത്തിനായി പ്രമുഖ പത്രങ്ങൾ, ടെലിവിഷൻ ചാനലുകൾ, എഫ്.എം. ചാനലുകൾ എന്നീ മാധ്യമങ്ങളിലൂടെ ആകെ 6,57,81,578 രൂപ ചെലവഴിച്ചിട്ടുണ്ട്. ടിക്കറ്റിന്റെ മുഖവിലയുടെ അടിസ്ഥാനത്തിൽ മൊത്തം വിറ്റുവരവിന്റെ 1% തുകയാണ് പരസ്യം നൽകുന്നതിനായി വിനിയോഗിച്ചിട്ടുള്ളത്.

## ലോട്ടറിയിന്മേലുള്ള സർവ്വീസ് ചാർജ്ജിനത്തിൽ ഈടാക്കിയ തുക

104 (2302) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. നടപ്പിലാക്കുന്നതിനുമുമ്പ് ലോട്ടറിയിന്മേലുള്ള സർവ്വീസ് ചാർജ്ജിനത്തിൽ വകുപ്പോ ക്ഷേമനിധി ബോർഡോ ഈടാക്കിയ തുക പൂർണ്ണമായും സർവ്വീസ് ടാക്സ് ആയി അടച്ചിട്ടുണ്ടോ; അടച്ചിട്ടില്ലെങ്കിൽ ഇനി അടക്കുവാനുള്ള തുക എത്രയാണ്;

(ബി) സർവ്വീസ് ടാക്സ് ഇനത്തിൽ ഈടാക്കിയ തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ എന്താവശ്യത്തിന് എന്നും എത്ര തുക വകമാറ്റിയെന്നും വ്യക്തമാക്കാമോ;

(സി) ക്രമവിരുദ്ധമായി തുക ചെലവഴിച്ചതിന് ഉത്തരവാദികളായവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) നവംബർ 2015 മുതൽ ജൂൺ 2017 വരെയുള്ള കാലയളവിൽ കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് മുഖേന സേവന നികുതിയിനത്തിൽ ശേഖരിച്ച തുക 186.27 കോടി രൂപയാണ്. പ്രസ്തുത തുകയിൽ നിന്നും 160.85 കോടി രൂപ സേവന നികുതിയിനത്തിൽ സെൻട്രൽ എക്സൈസ് കസ്റ്റംസ് & സർവ്വീസസ് ടാക്സ് വകുപ്പിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്.

2016 നവംബറിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധന ത്തെത്തുടർന്ന് ഭാഗ്യക്കുറി വിൽപ്പനയിന്മേൽ ഇടിവ് സംഭവിച്ച സാഹചര്യത്തിൽ പല നറുക്കെടുപ്പുകളും റദ്ദാക്കിയതിനാൽ 2016 നവംബർ 9 മുതൽ 2016 ഡിസംബർ വരെയുള്ള കാലയളവിൽ സേവന നികുതി ഒഴിവ് നൽകുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് അഭ്യർത്ഥന നൽകിയ സാഹചര്യത്തിൽ പ്രസ്തുത കാലയളവിലെ സേവന നികുതി തുക ഒടുക്കിയിട്ടില്ല. 12.56 കോടി രൂപ സേവന നികുതിയിനത്തിൽ ഒടുക്കേണ്ടതായ തുക കുടിശ്ശിക നിൽക്കുന്നുണ്ട്.

(ബി) 2017 ജൂലൈയിൽ ജി.എസ്.ടി. നിലവിൽ വന്നപ്പോൾ സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിനെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുകയും ബോർഡിന്റെ പക്കൽ സേവന നികുതിയും അനുബന്ധ ചെലവുകൾക്കുമായി ശേഖരിച്ച ഇനത്തിൽ ശേഷിച്ച 25.42 കോടി രൂപയിൽ നിന്നും 21.03 കോടി രൂപ ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും പെൻഷൻകാർക്കും ഓണം ഉത്സവബത്തയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. സേവന നികുതി അടയ്ക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ടി തുക അനുവദിച്ച് നൽകുന്നതാണ് എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം വകമാറ്റി ചെലവഴിച്ചത്.

(സി) ഇക്കാര്യത്തിൽ ക്രമവിരുദ്ധമായി യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

**കാരുണ്യ ചികിത്സാ പദ്ധതിയുടെ അപേക്ഷകൾ**

105 (2303) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ലോട്ടറി ഓഫീസിൽ കാരുണ്യ ചികിത്സ പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ചികിത്സകൾക്ക് കാരുണ്യ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടോ; തിരഞ്ഞെടുത്ത സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തുന്നതിന് അർഹത ഉണ്ടെങ്കിൽ പ്രസ്തുത ആശുപത്രികൾ ഏതാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടാമ്പി ഉൾപ്പെടെ എല്ലാ ഭാഗ്യക്കുറി സബ് ഓഫീസിലും കാരുണ്യ സഹായ പദ്ധതി പ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

(ബി) കാരുണ്യ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ നിർദ്ദിഷ്ട ചികിത്സകൾക്ക് ധനസഹായം നൽകുന്നുണ്ട്. നിലവിൽ അക്രെഡിറ്റേഷനുള്ള സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

106 (2304) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ആനുകൂല്യം മംഗലാപുരത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ഇപ്പോൾ ലഭ്യമാകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതിയിൽ മംഗലാപുരത്തെ ആശുപത്രികളെ കൂടി ഉൾപ്പെടുത്താൻ എപ്പോൾ തീരുമാനമുണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(സി) മംഗലാപുരത്തെ ആശുപത്രികളിൽ പ്രവേശിക്കപ്പെടുന്ന രോഗികൾക്ക് ഈ സ്കീമിന്റെ ആനുകൂല്യം ലഭ്യമാകുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ കാലത്തോ മുൻസർക്കാരിന്റെ കാലത്തോ ഏതെങ്കിലും പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) കാരുണ്യ ബെനവലന്റ് സ്കീമിൽ മംഗലാപുരത്തെ ആശുപത്രികളെക്കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഈ സർക്കാരിന്റെയോ മുൻസർക്കാരിന്റെയോ കാലത്ത് അപേക്ഷകളോ നിവേദനങ്ങളോ ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ആരെല്ലാമാണ് അപേക്ഷകളും നിവേദനങ്ങളും നൽകിയതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ മംഗലാപുരത്തുള്ള ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും ആവശ്യമെങ്കിൽ മംഗലാപുരത്തുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് പ്രത്യേകാനുമതി പ്രകാരം ധനസഹായ വിതരണത്തിന് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സംസ്ഥാനതല സമിതി അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ മംഗലാപുരത്തുള്ള ആശുപത്രികളെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് ബഹു. എം. എൽ. എ.മാരായ ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്), ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് (മഞ്ചേശ്വരം) എന്നിവരുടേതടക്കം നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

## പുതുതായി ആരംഭിച്ച ലോട്ടറികൾ

107 (2305) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ലോട്ടറികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇപ്രകാരം പുതുതായി ആരംഭിച്ച ലോട്ടറികളുടെ പേര് നിലനിർത്തുന്നതിന് വേണ്ടി മാത്രം നിലവിലുണ്ടായിരുന്ന ലോട്ടറികളിലേതെങ്കിലും നിർത്തലാക്കുകയോ പേര് മാറ്റുകയോ ചെയ്തിട്ടുണ്ടോ;

(സി) പുതുതായി ആരംഭിച്ച ലോട്ടറികളുടെ പേര് മാറ്റിയത് മൂലം പരസ്യങ്ങൾ അധികമായി നൽകേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ചെലവാക്കിയ തുകയെത്രയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശുചിത്വ ബോധവത്കരണ പ്രചരണാർത്ഥം പുതുതായി ആരംഭിച്ച നിർമൽ ദ്വൈവാര ഭാഗ്യക്കുറിയെ പിന്നീട് പേരും സമ്മാനഘടനയും പരിഷ്കരിച്ച് നിർമ്മൽ പ്രതിവാര ഭാഗ്യക്കുറിയാക്കി പരിവർത്തനം ചെയ്തു. ശുചിത്വത്തിന്റെ പരസ്യപ്രചരണാർത്ഥം ആരംഭിച്ച നിർമ്മൽ ഭാഗ്യക്കുറിയെ നിലനിർത്തേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് വെള്ളിയാഴ്ചകളിൽ നറുക്കെടുത്തിരുന്ന ഭാഗ്യനിധി ഭാഗ്യക്കുറി റദ്ദാക്കി പകരം നിർമ്മൽ ബൈവീക്കിലി ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി 21-4-2017-ലെ നിർമ്മൽ 14-ാമത് ഭാഗ്യക്കുറി മുതൽ വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തിവരുന്നു.

(സി) ശുചിത്വ ബോധവൽക്കരണത്തിന്റെ പ്രചരണത്തിനായി ആരംഭിച്ച നിർമ്മൽ ഭാഗ്യക്കുറിയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിനായി പരസ്യങ്ങൾ വിവിധ ടെലിവിഷൻ ചാനലുകൾ, റേഡിയോ ചാനലുകൾ, പ്രമുഖ പത്രങ്ങൾ എന്നിവവഴി നേരിട്ട് നൽകിയിട്ടുണ്ട്. ഈയിനത്തിൽ വകുപ്പിന് 9,85,74,750 രൂപ പരസ്യയിനത്തിൽ ചെലവായിട്ടുണ്ട്. 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലായിട്ടാണ് പരസ്യം നൽകിയിട്ടുള്ളത്. പ്രസ്തുത ഭാഗ്യക്കുറിയുടെ 1 മുതൽ 54 വരെയുള്ള നറുക്കെടുപ്പുകളിലായി 1046.66 കോടി രൂപയുടെ വില്പനയും 164.78 കോടി രൂപ ലാഭവുമുണ്ട്.

## ഭാഗ്യക്കുറിക്ക് സുരക്ഷാഗവേഷണ ലാബ്

108 (2306) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി ടിക്കറ്റിന്റെ സുരക്ഷ ലക്ഷ്യമിട്ട് അതീവസുരക്ഷാഗവേഷണ ലാബ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് ഭാവിയിൽ ഭാഗ്യക്കുറിയിൽ വരുത്തേണ്ട സുരക്ഷാമാനദണ്ഡങ്ങൾക്കായുള്ള ഗവേഷണ കേന്ദ്രമാകുമോ;

(സി) സംസ്ഥാനത്തെവിടെയാണ് ഇത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഏത് ഏജൻസിയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുക; എന്നത്തേക്ക് പദ്ധതി യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ - സി) തിരുവനന്തപുരത്തുള്ള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ 7-8-2017 മുതൽ സുരക്ഷാ ലാബ് പ്രവർത്തിച്ചുവരുന്നു. വ്യാജ ലോട്ടറി ടിക്കറ്റുകൾ തടയുന്നതിനും ലോട്ടറിയുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനുമായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Micro letters pattern, Guilloche pattern, Opaque text pattern, Relief Pattern, Vold pantograph pattern, Invert Microline pattern എന്നീ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) Centre for Development of Imaging Technology (C-DIT)-യുടെ സഹായത്തോടെയാണ് സുരക്ഷാ ലാബ് പ്രവർത്തിച്ചുവരുന്നത്.

## നിയമങ്ങൾക്കുവിരുദ്ധമായി വായ്പ അനുവദിക്കൽ

109 (2307) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നിയമങ്ങൾക്കു വിരുദ്ധമായി 'ആൻസ് ബേക്കറീസ് ആൻഡ് കൺഫെക്ഷനറി പ്രൈവറ്റ് ലിമിറ്റഡ്, പാല, കോട്ടയം' എന്ന സ്ഥാപനത്തിന് 19 കോടി രൂപയുടെ വായ്പ നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വായ്പയ്ക്ക് ഈടായി നൽകിയ വസ്തുക്കളുടെ വിലയും മറ്റ് വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(സി) മതിയായ സെക്യൂരിറ്റി ഇല്ലാതെയാണ് പ്രസ്തുത വായ്പ അനുവദിച്ചത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പടുത്തുമോ;

(ഡി) വായ്പയുടെ അനുമതി സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) 24-3-2015-ൽ ചേർന്ന കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് യോഗം, ആൻസ് ബേക്കറീസ് ആന്റ് കൺഫെക്ഷണറി (പ്രൈവറ്റ്) ലിമിറ്റഡ്, പാല, കോട്ടയം എന്ന സ്ഥാപനത്തിന് നിയമാനുസൃതം 19 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. ടി വായ്പയിൽ 13.50 കോടി രൂപ ടേം ലോണായും 5.50 കോടി രൂപ പ്രവർത്തനമൂലധനമായുമാണ് അനുവദിച്ച് നൽകിയിരിക്കുന്നത്. വായ്പ കൃത്യമായി തിരിച്ചടച്ചുകൊണ്ടിരിക്കുന്നതും വായ്പയിൽ നിലവിൽ ഇന്നേ ദിവസം പതിനാറു കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി മുപ്പതിനായിരം രൂപ (1695.30 ലക്ഷം രൂപ) ബാക്കി നിൽക്കുന്നതുമാണ്.

(ബി) ടി വായ്പയ്ക്ക് വ്യവസായ സ്ഥാപനത്തിന്റെ പ്രാഥമിക ജാമ്യവും കൂടാതെ സമാന്തര ജാമ്യവും ലഭ്യമാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| (A) പ്രാഥമിക ജാമ്യം | | |
| i | കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ, മീനച്ചിൽ വില്ലേജിലും വള്ളിച്ചിറ വില്ലേജിലുമായി ഹെക്ടർ 17 ആർസ് 76 സ്ക്വയർ മീറ്റർ സ്ഥലം | 783.00 ലക്ഷം രൂപ |
| ii | ടി സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന ഫാക്ടറി കെട്ടിടങ്ങൾ | 765.97 ലക്ഷം രൂപ |
| iii | മെഷിനറികളും മറ്റ് ഉപകരണങ്ങളും | 70.36 ലക്ഷം രൂപ |
| ആകെ | | 1619.33 ലക്ഷം രൂപ |
| (B) സമാന്തര ജാമ്യം | | |
| i | കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ, മീനച്ചിൽ, ളാലം, വള്ളിച്ചിറ എന്നീ വില്ലേജുകളിലായി 2 ഹെക്ടർ 51 ആർസ് 99 സ്ക്വയർ മീറ്റർ വസ്തു. | 1077.50 ലക്ഷം രൂപ |

| | | |
|---|---|---|
| ii | കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ വാഴപ്പള്ളി വില്ലേജിൽ 90 സ്ക്വയർ മീറ്റർ സ്ഥലം | 26.40 ലക്ഷം രൂപ |
| iii | മേൽ പറഞ്ഞ i)ാം നമ്പർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടം | 110.89 ലക്ഷം രൂപ |
| iv | മേൽ പറഞ്ഞ ii)ാം നമ്പർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടം | 4.40 ലക്ഷം രൂപ |
| ആകെ | | 1219.19 ലക്ഷം രൂപ |
| ആകെ ജാമ്യവസ്തുക്കളുടെ വില (A+B) | | 2838.52 ലക്ഷം രൂപ |

(സി) വായ്പയ്ക്ക് നിയമാനുസൃതം ആവശ്യമായ മതിയായ ജാമ്യം വാങ്ങിയിട്ടുണ്ട്.

(ഡി) വായ്പ അനുവദിച്ചതിലും തിരിച്ചടവിലും യാതൊരു ക്രമക്കേടും ശ്രദ്ധയിൽപ്പെടാത്തതിനാൽ അന്വേഷണത്തിന്റെ ആവശ്യമില്ല. അത്തരം പരാതി ലഭിക്കുന്ന പക്ഷം പരിശോധന നടത്തുന്നതാണ്.

**കെ.എസ്.എഫ്.ഇ.യിൽ സ്വർണ്ണ പണയം വഴി കാർഷിക വായ്പ**

110 (2308) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.വഴി കാർഷിക വായ്പയായി ഗോൾഡ് ലോൺ നൽകുന്ന കാര്യം പരിഗണിക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ബാങ്കുകൾ നൽകുന്ന രീതിയിൽ കെ.എസ്.എഫ്.ഇ.യിൽ സബ്സിഡി നിരക്കിൽ സ്വർണ്ണ പണയം കാർഷിക വായ്പയായി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ. സ്വരൂപിക്കുന്ന സ്ഥിര നിക്ഷേപമുപയോഗിച്ചാണ് സ്വർണപ്പണയ വായ്പ നല്കിവരുന്നത്.

(ബി) മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളെപ്പോലെ പലിശകുറഞ്ഞ ഫണ്ട് ആർ.ബി.ഐ., നബാർഡ് പോലുള്ള ഏജൻസികളിൽ നിന്നോ കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നോ റീഫിനാൻസായി കെ.എസ്.എഫ്.ഇ.യ്ക്ക് ലഭിക്കുന്നില്ല. ആയതുകൊണ്ട് ബാങ്കുകൾ നൽകുന്ന രീതിയിൽ സബ്സിഡി നിരക്കിൽ സ്വർണപ്പണയം കാർഷിക വായ്പയായി നൽകുന്നതിന് നിർവ്വാഹമില്ല.

## കെ.എസ്.എഫ്.ഇ. ട്രഷറി നിക്ഷേപത്തിന്റെ പലിശ

111 (2309) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ. യിൽ നിന്നും എത്ര കോടി രൂപ കടമെടുത്തിട്ടുണ്ട്; ഇതിൽ എത്ര കോടി രൂപ തിരിച്ചടച്ചുവെന്നും പലിശ ഇനത്തിൽ എത്ര കോടി രൂപ നൽകിയെന്നും ഇനി എത്ര കോടി രൂപ നൽകാനുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) ചിട്ടി സെക്യൂരിറ്റി ആയി കെ.എസ്.എഫ്.ഇ. ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ 2012 മുതലുള്ള പലിശ കെ.എസ്.എഫ്.ഇ.യ്ക്ക് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പലിശ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ 2012 മുതലുള്ള പലിശ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.യിൽ നിന്ന് സർക്കാർ വായ്പ എടുക്കാറില്ല. എന്നാൽ ക്ഷേമനിധി ബോർഡുകളും കെ.എസ്.എഫ്.ഇ. പോലുള്ള സ്ഥാപനങ്ങളും വ്യക്തികളും ട്രഷറിയിൽ സ്ഥിരനിക്ഷേപം നടത്താറുണ്ട്.

(ബി) കെ.എസ്.എഫ്.ഇ. നടത്തുന്ന ചിട്ടികൾക്ക് സെക്യൂരിറ്റിയായി ട്രഷറിയിൽ നിക്ഷേപിക്കുന്ന തുകയ്ക്കുള്ള പലിശ മാസംതോറും കെ.എസ്.എഫ്.ഇ.-യ്ക്ക് നൽകുന്നതിന് 28-8-2017-ലെ സ. ഉ. (പി) നമ്പർ 116/2017/ധന. ഉത്തരവ് മുഖേന അനുമതി നൽകിയിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ.യിലെ പ്രവാസി ചിട്ടി

112 (2310) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രവാസി ചിട്ടിയുടെ നടപടിക്രമങ്ങൾ ഏതു വരെയായി എന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ രാജ്യങ്ങളിലാണ് പ്രവാസി ചിട്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ ഉദ്ഘാടനം എന്ന് നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രവാസി ചിട്ടിയോടൊപ്പം കെ.എസ്.എഫ്.ഇ. നടത്തുന്ന പ്രാദേശിക ചിട്ടികളുടെ പുരോഗമനത്തിനും ആധുനികവൽക്കരണത്തിനും നൂതന സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിനുമായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) കെ.എസ്.എഫ്.ഇ.യുടെ ഗോൾഡ് ലോൺ ബിസിനസ്സ് കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ആയതിനുള്ള പരിഹാര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രവാസി ചിട്ടിയുടെ നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. തുടങ്ങാൻ പോകുന്ന വിവിധങ്ങളായ പ്രവാസി ചിട്ടികളെ പരിചയപ്പെടുത്തുന്നതിനും അവരുടെ താല്പര്യം രേഖപ്പെടുത്തുന്നതിനുമുള്ള വെബ്സൈറ്റ് നിലവിലുണ്ട്.

(ബി) ആദ്യഘട്ടത്തിൽ ജി.സി.സി. രാജ്യങ്ങളിലെ മലയാളികളെയാണ് പ്രവാസി ചിട്ടിയിൽ ഉപഭോക്താക്കളാക്കുക. 2018 മാർച്ചിൽ പ്രവാസി ചിട്ടി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കെ.എസ്.എഫ്.ഇ.യുടെ പ്രാദേശിക ചിട്ടി ഇടപാടുകൾ മുഴുവൻ 'CASBA' എന്ന കോർ അധിഷ്ഠിത സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നിലവിൽ നടത്തുന്നത്. പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിച്ച് കെ.എസ്.എഫ്.ഇ.-യുടെ ഏത് ശാഖയിൽ നിന്നും ഉപഭോക്താവിന് ഇതര ശാഖകളിലെ പണമിടപാടുകൾ നടത്താവുന്നതാണ്. ഓൺലൈനായി പണമടയ്ക്കാനുള്ള അവസരവും നിലവിലുണ്ട്. പണമിടപാടുകൾ നടത്താനുള്ള മൊബൈൽ ആപ്പ് സംവിധാനവും താമസംവിനാ ലഭ്യമാക്കുന്നതാണ്. ഓൺലൈൻ സമ്പ്രദായം വഴി പ്രവർത്തനക്ഷമമാകുന്ന തരത്തിലാണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി നടത്താൻ ഉദ്ദേശിക്കുന്നത്. ഇതിനോടൊപ്പം തന്നെ ചിട്ടി ലേലമടക്കം ഓൺലൈനായി ചെയ്യാവുന്ന തരത്തിലുള്ള പരിഷ്കരണം പ്രാദേശിക ചിട്ടികളിലും ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഉണ്ട്. ആഗോള സ്വർണ്ണ വിലയിടിവിനെ തുടർന്ന് സ്വർണ്ണപ്പണയ വായ്പയിൽ മറ്റുസ്ഥാപനങ്ങളെപ്പോലെ കെ.എസ്.എഫ്.ഇ.യിലും കുറവുവന്നിട്ടുണ്ട്. ഇത് പരിഹരിക്കാൻ വേണ്ടി സ്വർണ്ണ വായ്പ ആകർഷകമാക്കാൻ നൂതന പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.എഫ്.ഇ.യുടെ കാട്ടാക്കട ശാഖയിൽ ഈവനിംഗ് ബ്രാഞ്ച്

113 (2311) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ കാട്ടാക്കട ശാഖയിൽ ഈവനിംഗ് ബ്രാഞ്ച് തുറക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഈവനിംഗ് ബ്രാഞ്ചിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) കാട്ടാക്കട ശാഖയിലെ സാമ്പത്തിക ശേഷിയനുസരിച്ച് ഈവനിംഗ് ബ്രാഞ്ചിന്റെ പ്രവർത്തനം ഇതിനകം ആരംഭിക്കേണ്ടതായിരുന്നു എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

## പാർട്ട്ടൈം ജീവനക്കാരുടെ നിയമനം

114 (2312) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ എല്ലാ ഓഫീസുകളിലുമായി എത്ര പാർട്ട് ടൈം സ്വീപ്പർമാരുടെ തസ്തിക ഉണ്ടെന്നും ഇതിൽ എത്ര പേർ സ്ഥിരം തസ്തികയിൽ ജോലി നോക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) നിലവിൽ കെ.എസ്.എഫ്.ഇ.യിൽ പാർട്ട്ടൈം ജീവനക്കാരുടെ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

(സി) പാർട്ട് ടൈം ജീവനക്കാരുടെ നിയമനത്തിൽ വികലാംഗ സംവരണം നടപ്പിലാക്കുന്നുണ്ടോ; വികലാംഗ ക്വാട്ടയിൽ ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ബധിര-മൂക വിഭാഗത്തിൽപ്പെട്ട എത്ര പേരെ, ഇതു വരെ കെ.എസ്.എഫ്.ഇ.യിൽ പാർട്ട് ടൈം ജീവനക്കാരായി നിയമിച്ചിട്ടുണ്ട്; പ്രസ്തുത വിഭാഗത്തിൽപ്പെട്ടുന്നവരിൽ എത്ര ശതമാനം വരെ വികലാംഗത ഉള്ളവർക്കാണ് പി.ടി.എസ്. ആയി നിയമനം നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.യിൽ 603 പാർട്ട്ടൈം സ്വീപ്പർമാരുടെ തസ്തികകളുണ്ട്. നിലവിൽ 515 സ്ഥിരം പാർട്ട്ടൈം സ്വീപ്പർമാർ ജോലി ചെയ്തു വരുന്നു.

(ബി) നിലവിൽ 88 ഒഴിവുകളുണ്ട്. ഇതിൽ 81 എണ്ണം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ള 7 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംവരണ തത്വങ്ങൾ അനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിക്കുന്ന ലിസ്റ്റിൽ നിന്നും കൂടികാഴ്ച്ച നടത്തിയാണ് പാർട്ട്ടൈം ജീവനക്കാരെ നിയമിക്കുന്നത്. ഇതിൽ വികലാംഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളും ഉൾപ്പെടുന്നു.

(ഡി) ബധിര-മൂക വിഭാഗത്തിൽപ്പെട്ട 4 പേർക്ക് പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇതിൽ 4 പേരും 40 ശതമാനത്തിലധികം വൈകല്യമുള്ളവരാണ്.

## കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ഗ്രൂപ്പ് ഇൻഷ്വറൻസ്

115 (2313) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരിൽ എത്ര പേരെ ഗ്രൂപ്പ് ഇൻഷ്വറൻസിൽ ചേർത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; മുഴുവൻ ജീവനക്കാരെയും ഗ്രൂപ്പ് ഇൻഷ്വറൻസിൽ ചേർക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഓരോ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ഗ്രൂപ്പ് ഇൻഷ്വറൻസിൽ ചേർന്നവരുടെയും ചേരാത്തവരുടെയും കണക്ക് ലഭ്യമാക്കാമോ; ഗ്രൂപ്പ് ഇൻഷ്വറൻസിൽ ചേരാത്ത ജീവനക്കാരെ എത്രയും വേഗം ഓൺലൈൻ സംവിധാനം വഴി ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സ്പാർക്കിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനുള്ള പ്രധാന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ജീവനക്കാരെ അംഗങ്ങളാക്കേണ്ട ചുമതല അതാതു ഡി.ഡി.ഒ.മാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്. വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു. ജീവനക്കാരുടെ അംഗത്വ വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു. നിലവിൽ നഗരസഭ ജീവനക്കാരുടെ ശമ്പളം അനുവദിക്കുന്നത് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നായതുകൊണ്ട്, മുനിസിപ്പൽ ജീവനക്കാരെ സ്പാർക്കിൽ ഉൾപ്പെടുത്താൻ തടസ്സമുണ്ട്.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

116 (T*2314) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഏതെങ്കിലും ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ചർച്ചയിൽ ഏതൊക്കെ കമ്പനികൾ പങ്കെടുത്തു; ഓരോ കമ്പനിയും മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും ആയവ പരിശോധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികൾ പ്രസ്തുത സ്കീമിൽ ഉൾപ്പെടും എന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ ആശുപത്രികളെയും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ചികിത്സയ്ക്ക് മുൻകൂർ പണം അടയ്ക്കേണ്ടതുണ്ടോയെന്നും ചികിത്സാ ചെലവ് മുഴുവൻ ഇൻഷ്വറൻസ് കമ്പനി നൽകുമോയെന്നും വ്യക്തമാക്കാമോ?

(ഇ) പരമാവധി എത്ര രൂപവരെ ചികിത്സാ ചെലവ് അനുവദിക്കുമെന്ന വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ താത്പര്യപത്രം (EOI) ക്ഷണിക്കുന്നതിനു മുന്നോടിയായി പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നതിനായി ഇൻഷ്വറൻസ് കമ്പനികളുടെ യോഗം നടത്തുകയുണ്ടായി.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, ഐ.സി.ഐ.സി.ഐ. ലൊംബാർഡ് ജനറൽ ഇൻഷ്വറൻസ്, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്നീ കമ്പനികളുടെ പ്രതിനിധികൾ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. പ്രസ്തുത യോഗം പദ്ധതിയെ കുറിച്ച് വിശദീകരിക്കുന്നതിനുവേണ്ടിയുള്ളതു മാത്രമായിരുന്നതിനാൽ കമ്പനികൾ നിർദ്ദേശങ്ങളൊന്നും മുന്നോട്ടുവച്ചിരുന്നില്ല.

(സി-ഇ) ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ ചികിത്സാചെലവ് എന്നിവയെക്കുറിച്ചുള്ള പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ.

### കയർ തൊഴിലാളികൾക്ക് പെൻഷൻ

117 (2315) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കയർ തൊഴിലാളികൾക്ക് പുതിയതായി പെൻഷൻ നൽകിയെന്നും ഇതിനായി എത്ര രൂപ അനുവദിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8882 കയർ തൊഴിലാളികൾക്ക് പുതുതായി പെൻഷൻ നൽകിയിട്ടുണ്ട്. ഇതിനായി സർക്കാർ 5.32 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ച് പെൻഷൻകാരുടെ എണ്ണവും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം | തുക |
|---|---|---|
| തിരുവനന്തപുരം | 513 | 26,07,200 |
| കൊല്ലം | 966 | 61,58,900 |
| ആലപ്പുഴ | 5897 | 3,62,51,000 |
| കോട്ടയം | 499 | 29,08,200 |
| എറണാകുളം | 296 | 14,75,000 |
| തൃശ്ശൂർ | 101 | 4,93,300 |
| മലപ്പുറം | 86 | 4,74,400 |
| കോഴിക്കോട് | 510 | 27,57,300 |
| കണ്ണൂർ | 4 | 21,600 |
| കാസർഗോഡ് | 10 | 53,600 |
| ആകെ | 8882 | 5,32,00,500 |

## കയർമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

118 (2316) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ ഇടപെടലിലൂടെ പ്രസ്തുത മേഖലയെ ഊർജ്ജസ്വലമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ യന്ത്രവൽക്കരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കം ചെയ്യുമ്പോൾ, പരമ്പരാഗതമായി ഈ മേഖലയിലുള്ള തൊഴിലാളികളെ അത് എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത വിഭാഗത്തെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) യഥാസമയം യന്ത്രവൽക്കരണം നടത്തുന്നതിനും മത്സരബുദ്ധിയോടു കൂടി വിപണിയിൽ ഇടപെടുന്നതിനും ഉണ്ടായ കാലതാമസമാണ് പ്രസ്തുത മേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് കാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ തൊഴിലാളികളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ഈ മേഖലയ്ക്ക് നവചൈതന്യം നൽകുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ;

(എഫ്) പുതിയ ഉൽപ്പന്നങ്ങളിലൂടെ തൊഴിലാളികളുടെ വേതനവും തൊഴിലവസരങ്ങളും ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കയർപിരിമേഖല നേരിടുന്ന പ്രധാന വെല്ലുവിളിയായ ചകിരി ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിലവിലെ പ്രതിസന്ധി തരണം ചെയ്യുന്നതിന് കയർഫെഡിന്റെ നേതൃത്വത്തിൽ ആഗോള ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ വിലയ്ക്ക് സംഘങ്ങൾക്ക് ചകിരി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കയർപിരി മേഖലയും ചെറുകിട കയർഫാക്ടറി മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിച്ചുവരുന്നുണ്ട്. കയർ

വ്യവസായ സംരക്ഷണത്തിനായി ഒരു ദ്വിമുഖ തന്ത്രമാണ് സർക്കാർ നടപ്പിലാക്കുന്നത്. ഒന്ന്, സമ്പൂർണ്ണ ആധുനീകരണം. രണ്ട്, പരമ്പരാഗത മേഖലയുടെ സംരക്ഷണം.

(ബി) സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുമാത്രമേ അത്തരത്തിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ആ മേഖലയിലെ ഉൽപ്പാദനം മുഴുവൻ പരിധിയില്ലാതെ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി സംഭരിക്കുകയാണ്.

(സി) പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചു കൊണ്ടാണ് സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കുന്നത്. അതുകൊണ്ടുതന്നെ യന്ത്രവത്ക്കരണംമൂലം തൊഴിൽ നഷ്ടമുണ്ടായിട്ടില്ല. പരമ്പരാഗത തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും കയർഫെഡ് വഴി സംഭരിച്ചുവരികയാണ്. ടി തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിയിട്ടുണ്ട്.

(ഡി&ഇ) കയർ മേഖലയ്ക്ക് വിപണിയിൽ മത്സരക്ഷമതയോടെ ഇടപെടുന്നതിന് സമ്പൂർണ യന്ത്രവൽക്കരണം അനിവാര്യമാണ്. എന്നാൽ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് മാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ഇക്കാര്യത്തിൽ കാലവിളംബം സംഭവിച്ചിട്ടില്ല. കയർ മേഖലയിലെ തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടാണ് ഈ മേഖലയ്ക്ക് നവചൈതന്യം നൽകുന്നതിനുള്ള പദ്ധതികൾ രണ്ടാം പുന:സംഘടനയുമായി ബന്ധപ്പെട്ട് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

(എഫ്) ഈ പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. തൊഴിലാളികളുടെ വേതനവും തൊഴിലവസരങ്ങളും ഉറപ്പിക്കാൻ സാധിക്കുന്ന വിധത്തിലാണ് ഇവ ആവിഷ്കരിച്ചിട്ടുള്ളത്.

## മൊഗ്രാലിലെ കയർഫെഡിന്റെ സ്ഥലം

119 (2317) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കുമ്പള ഗ്രാമ പഞ്ചായത്തിലെ മൊഗ്രാലിൽ കയർഫെഡിന്റെ 134 സെന്റ് സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തുന്നതിന് അനുയോജ്യമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ പരിശോധിച്ചുവരുന്നു.

## മൂന്നാറിൽ കയർ വകുപ്പിന്റെ സ്ഥാപനങ്ങൾ

120 (2318) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ വിനോദ സഞ്ചാരമേഖലയായ മൂന്നാറിൽ കയർ വകുപ്പിന്റെ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മൂന്നാറിൽ ഒരു പ്രദർശന വിൽപ്പനശാല നേരിട്ടോ ഫ്രാഞ്ചൈസി വ്യവസ്ഥയിലോ നടത്തുന്നതിന് കയർഫെഡ് ശ്രമിച്ചിരുന്നെങ്കിലും ആയതിന് അനുയോജ്യമായ വ്യക്തികളെയോ സ്ഥലമോ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചുവരികയാണ്.

## കയർഭൂവസ്ത്രത്തിന്റെ ഉപയോഗം

121 (2319) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർഭൂവസ്ത്രത്തിന്റെ ഉപയോഗം വ്യാപകമാക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രദേശത്തെയും ഭൂപ്രകൃതിയ്ക്ക് അനുസരിച്ച് കയർഭൂവസ്ത്രം എങ്ങനെ ഉപയോഗിക്കാം എന്നത് സംബന്ധിച്ച് ചർച്ചകളും ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ടോ;

(ഡി) കൃഷി, മണ്ണ് സംരക്ഷണം, നീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം, റോഡ് നിർമ്മാണം തുടങ്ങിയവയ്ക്കായി കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് കയർ മേഖലയുടെ വികസനത്തിനായുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൻ കീഴിൽ മണ്ണ്/ജല സംരക്ഷണ പ്രവൃത്തികളിലാണ് കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിച്ചുവരുന്നത്. ഇതിനാവശ്യമായ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നത് കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് എന്നിവയാണ്.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. 16-5-2017-ലെ സ. ഉ. (കൈ) നമ്പർ 97/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം, മണ്ണ് സംരക്ഷണം, നീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടപ്പാക്കിവരുന്ന മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിലെ വിവിധ പ്രോജക്ടുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## **കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം - തുടർ നടപടികൾ**

122 (2320) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ. പി. പി. നമ്പ്യാരുടെ സ്മരണയ്ക്കായുള്ള കെ. പി. പി. നമ്പ്യാർ സ്മാരക മ്യൂസിയത്തിനായി 2016-17 വർഷത്തെ ബജറ്റിൽ ഒരുകോടി രൂപ വകയിരുത്തിയിരുന്നു. ഇതു സംബന്ധിച്ച് വ്യയവസായ വകുപ്പ് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

കെ.പി.പി. നമ്പ്യാർ സ്മാരകം സ്ഥാപിക്കുന്നത് സംബന്ധിച്ച് കെൽട്രോൺ സമർപ്പിച്ച പ്രോജക്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## കെ.എസ്.ഐ.ഡി.സി.യുടെ പ്രവർത്തനം

123 (2321) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.യുടെ പ്രവർത്തനം വിശദമാക്കുമോ; സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിൽ പ്രസ്തുത സ്ഥാപനം വഹിച്ച പങ്ക് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിൽ കെ.എസ്.ഐ.ഡി.സി. ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഇന്നവേഷൻ-കം-ഇൻകുബേഷൻ സെന്ററിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(സി) ഫിഷിംഗ് ഹാർബറുകളിൽ കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ പ്രീ പ്രോസസിംഗ് സെന്ററുകൾ തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) സ്ത്രീ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്കും നിക്ഷേപ വർദ്ധനവിനുംവേണ്ടി 1961-ൽ സ്ഥാപിതമായ സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള പ്രമുഖ വികസന ഏജൻസിയാണ് കെ.എസ്.ഐ.ഡി.സി. സാമ്പത്തിക സഹായങ്ങൾ നൽകിയും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട അനുമതികളും ആനുകൂല്യങ്ങളും ലഭ്യമാക്കിയും ഇടത്തരവും വലുതുമായ വ്യവസായ സംരംഭങ്ങളെ സംസ്ഥാനത്ത് സ്ഥാപിച്ച് വ്യവസായ വളർച്ച നേടുന്നതിലുള്ള ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് കെ.എസ്.ഐ.ഡി.സി.യുടെ ദൗത്യം. കഴിഞ്ഞ 5 പതിറ്റാണ്ടുകൊണ്ട് കെ.എസ്.ഐ.ഡി.സി. 75-ഓളം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് ഉൽപ്രേരകമായിട്ടുണ്ട്.

(ബി) തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിൽ കെ.എസ്.ഐ.ഡി.സി. ആരംഭിക്കുന്ന ഇന്നവേഷൻ-കം-ഇൻകുബേഷൻ സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ദർഘാസ് വിളിച്ചിരുന്നു. എന്നാൽ ഈ ദർഘാസിൽ പങ്കെടുത്ത ഒരു ലേലക്കാരൻ ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് ഹൈക്കോടതി ഇടപെട്ട് പ്രസ്തുത ദർഘാസ് നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. നിലവിലിരിക്കുന്ന കേസ് തള്ളിക്കളയുന്നതിനാവശ്യമായ നടപടികൾ കെ.എസ്.ഐ.ഡി.സി. സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം ഉടൻതന്നെ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടി കെ.എസ്.ഐ.ഡി.സി. ചേർത്തലയിലെ പള്ളിപ്പുറത്ത് സമുദ്രോൽപ്പന്നങ്ങളുടെ സംസ്കരണത്തിന് ഊന്നൽ നൽകിക്കൊണ്ട് സമുദ്രോൽപ്പന്ന സംസ്കരണത്തിന് മെഗാഫുഡ് പാർക്ക് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി പ്രീ-പ്രോസസിംഗ് സെന്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്. സമുദ്രോൽപ്പന്നങ്ങളുടെ സംസ്കരണത്തിനുവേണ്ടിയുള്ള മെഗാഫുഡ് പാർക്ക് ആയതിനാൽ പ്രീ-പ്രോസസിംഗ് സെന്ററുകൾ ഫിഷിങ്ങ് ഹാർബറുകളോടനുബന്ധിച്ചാണ് വിഭാവന ചെയ്തത്. തോപ്പുംപടി, വൈപ്പിൻ, മുനമ്പം എന്നീ ഫിഷിങ്ങ് ഹാർബറുകളിലാണ് പ്രീ പ്രോസസിങ്ങ് സെന്ററുകൾ തുടങ്ങുന്നത്.

(ഡി) കേരളത്തിലെ വ്യവസായ മേഖലയുടെ മുഖ്യധാരയിലേയ്ക്ക് വനിതാവ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ "വി മിഷൻ" .

വനിതാസംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും നെറ്റ്‌വർക്കിംഗ് മീറ്റിംഗുകളും വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിന് മുമ്പിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയാണ് വി മിഷൻ വഴി കെ.എസ്.ഐ.ഡി.സി. ചെയ്തുവരുന്നത്.

പ്രസ്തുത വീ മിഷൻ മുഖേന കേരളത്തിലെ വനിതാ വ്യവസായികൾക്കുവേണ്ടി താഴെ പ്രതിപാദിച്ചിരിക്കുന്ന അഞ്ചുതരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്:

1. മെന്റിംഗ് സപ്പോർട്ട് : വനിതാസംരംഭകർക്ക് വ്യവസായത്തിൽ മുന്നേറുവാനുള്ള ഉപദേശ നിർദ്ദേശങ്ങൾ ലഭിക്കുവാനുള്ള അവസരം.

2. മറ്റു വ്യവസായ യൂണിറ്റുകളിലേയ്ക്കുള്ള സന്ദർശനങ്ങൾ

   വിജയപ്രദമായ വനിതാ സംരംഭകരുടെ യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനം മനസ്സിലാക്കുവാനുള്ള അവസരം.

3. വിപണന ശൃംഖല വിപുലീകരിക്കൽ

ഈ മേഖലയിലുള്ളവരുമായി മികച്ച രീതിയിൽ ബന്ധം സ്ഥാപിച്ചെടുക്കാൻ അവസരം.

4. ഹ്രസ്വകാല സാമ്പത്തിക സഹായം

സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിംഗ്) ബിസിനസ്സ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ്സ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിധീകരണത്തിനോ ഉള്ള (ഹ്രസ്വകാല) വായ്പാ പദ്ധതി.

5. അടിസ്ഥാന സൗകര്യ സഹായങ്ങൾ :

വനിതാ സംരംഭകർക്ക് വ്യവസായ വിപുലീകരണത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം കെ.എസ്.ഐ.ഡി.സി.യുടെ വനിതാ സംരഭകത്വ മിഷന്റെ കീഴിൽ കേരളത്തിലെ ആദ്യത്തെ അടിസ്ഥാന സൗകര്യ വികസന സംരംഭമാണ് വനിതകൾക്ക് മാത്രമായി 42.228 ചതുരശ്ര അടിയിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ സജ്ജമാക്കിയിരിക്കുന്ന വി-സ്പേസ് അഥവാ വനിതാ അപ്പാരൽ പാർക്ക്. വസ്ത്ര നിർമ്മാണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകരെ ഒരു കുടക്കീഴിൽ കൊണ്ടുവരുവാനും ഈ മേഖലയിലെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടിയാണ് വി-സ്പേസ് പ്രവർത്തനം സജ്ജമാക്കിയിരിക്കുന്നത്. വളരെ ചുരുങ്ങിയ നിരക്കിലാണ് ഈ സൗകര്യം സംരംഭകർക്ക് നൽകുന്നത്.

## കേരള ആട്ടോമൊബൈൽസിൽ എം.ഡി. ഇല്ലാത്ത അവസ്ഥ

124 (2322) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ കേരള ആട്ടോമൊബൈൽസിൽ സ്ഥിരമായി എം.ഡി. ഇല്ലാത്ത അവസ്ഥയ്ക്ക് കാരണം വിശദമാക്കാമോ; എം.ഡി. ആയി നിയമിക്കുന്നവർ മാസങ്ങൾക്കകം രാജിവയ്ക്കുന്നത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) കേരള ആട്ടോമൊബൈൽസിൽ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; ഇതിൽ സർക്കാർ പ്രഖ്യാപിച്ച പുതിയ ഇലക്ട്രിക് ഓട്ടോകൾ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ കേരള ആട്ടോമൊബൈൽസിന് എത്ര കോടി രൂപയുടെ ബാധ്യത ഉണ്ട്; അവ ഏതൊക്കെ എന്ന് വിശദീകരിക്കാമോ;

(ഡി) പുതിയ ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് വ്യവസായ വകുപ്പ് കെ.എ.എൽ.-ന് നൽകാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ മാനേജിംഗ് ഡയറക്ടറുടെ ഒഴിവിലേയ്ക്ക് 25-7-2017-ലെ സ. ഉ. (സാധാ.) നമ്പർ 1068/2017/വ്യവ. നമ്പർ ഉത്തരവ് പ്രകാരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായ ശ്രീ. ജോർജി നൈനാന് അഡീഷണൽ ചാർജ് നൽകുകയും പിന്നീട് 28-12-2017-ലെ സ. ഉ. (സാധാ.) നമ്പർ 1727/2017/വ്യവ. പ്രകാരം ശ്രീ. കെ. പത്മകുമാറിനെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുള്ളതുമാണ്.

(ബി) ഇലക്ട്രിക് ഓട്ടോ നിർമ്മാണം നിലവിലുള്ള SDRC (Skill Development and Research Centre) വിപുലീകരിച്ച് സംസ്ഥാന സർക്കാരിന് കീഴിലെ ASAP (Additional Skill Acquisition Programme) പദ്ധതിയുമായി സഹകരിച്ച് പുതുതായി 15 കോഴ്സുകൾ നടത്തുന്നതിനുള്ള പദ്ധതി എന്നിവ കൂടാതെ ISRO-യിൽനിന്നും ജോബ് വർക്കുകൾ അധികമായി സമാഹരിക്കുന്നതിനും കേരള സംസ്ഥാന കയർ മെഷീനറി കോർപ്പറേഷന് വേണ്ടി വിവിധതരം യന്ത്ര സാമഗ്രികൾ നിർമ്മിച്ചുനൽകുന്നതിനും കമ്പനി ഉദ്ദേശിക്കുന്നു.

(സി) ആകെ 55 കോടി 32 ലക്ഷം രൂപയുടെ ബാധ്യതയുണ്ട്.

| | | |
|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട്സ് മരവിപ്പിച്ചതിനെ തുടർന്ന് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർക്കാൻ | 6 കോടി 85 ലക്ഷം |
| 2 | ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക (മാനേജ്മെന്റ് വിഹിതം ഉൾപ്പെടെ) | 4 കോടി |
| 3 | സർവ്വീസിൽ നിന്ന് പിരിഞ്ഞുപോയ ജീവനക്കാർക്ക് നൽകാനുള്ള ഗ്രാറ്റുവിറ്റി തുക | 1 കോടി 10 ലക്ഷം |
| 4 | ജീവനക്കാർക്ക് നൽകുവാനുള്ള ശമ്പള കുടിശ്ശിക | 1 കോടി 32 ലക്ഷം |
| 5 | VAT, എക്സൈസ് ഡ്യൂട്ടി, എംപ്ലോയിസ് സൊസൈറ്റി കുടിശ്ശിക തുടങ്ങിയവ | 1 കോടി 33 ലക്ഷം |
| 6 | സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുത്ത് തീർക്കാനുള്ളത് | 3 കോടി 86 ലക്ഷം |
| 7 | വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ, ഐ.ഡി.എഫ് ലോൺ എന്നീ ഇനത്തിൽ (സംസ്ഥാന സർക്കാരിന് തിരിച്ചുനൽകാനുള്ളത്) | 36 കോടി 86 ലക്ഷം |
| | ആകെ | 55 കോടി 32 ലക്ഷം |

(ഡി) വിശദാംശങ്ങൾ വ്യക്തമാകുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

## വിദേശമണൽ ഇറക്കുമതി

125 (2323) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ നിർമ്മാണ മേഖലകളിൽ മണൽക്ഷാമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ പ്രതിസന്ധി മറികടക്കാൻ സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളിൽ വിദേശമണൽ ഇറക്കുമതി ചെയ്യുന്നതിന് സർക്കാർ ഏതെങ്കിലും കമ്പനികൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ സർക്കാർ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ;

(സി) വിദേശമണൽ ഇറക്കുമതി ചെയ്യുമ്പോൾ രോഗാണുക്കൾ ഇല്ലെന്ന് ഉറപ്പുവരുത്തേണ്ട പ്ലാന്റ് ക്വാറന്റൈൻ അതോറിറ്റിയുടെ ഓഫീസ് കേരളത്തിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് വിദേശമണൽ ഇറക്കുമതി ചെയുന്ന എല്ലാ തുറമുഖങ്ങളിലും പ്രസ്തുത അതോറിറ്റിയുടെ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) വിദേശമണൽ ഇറക്കുമതിക്ക് സർക്കാർ ലൈസൻസ് നൽകുന്നതിന്റെ മാനദണ്ഡം എന്തെന്ന് വിശദമാക്കുമോ;

(എഫ്) നിലവിൽ എത്ര കമ്പനികൾക്ക് പ്രസ്തുത ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; കമ്പനി, ലൈസൻസി എന്നിവയുടെ പേര് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. വിവിധ നിർമ്മാണ മേഖലകളിൽ മണൽക്ഷാമം നിലവിലുണ്ട്. എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കി. ബഹു. സുപ്രീംകോടതി ഉത്തരവായിട്ടുള്ളതിനുശേഷം കരമണൽ ഖനനവും പുഴ മണൽ ഖനനവും ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(ബി-എഫ്) സംസ്ഥാനത്തെ മണൽ ക്ഷാമം പരിഹരിക്കുന്നതിനായി അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നുണ്ട്. ആയതിന് സർക്കാരിന്റെ പ്രത്യേക അനുമതിയോ ലൈസൻസോ ആവശ്യമില്ല. 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 107 പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഉൾപ്പെടെയുള്ള ചെറുകിട ധാതുക്കൾ കേരളത്തിലേയ്ക്ക് അന്യ സംസ്ഥാനങ്ങളിൽ നിന്നും അന്യരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇറക്കുമതി ചെയ്ത മണൽ സംസ്ഥാനത്ത് സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് ചട്ടപ്രകാരമുള്ള ഡീലേഴ്സ് ലൈസൻസ് ഫീസ് ബന്ധപ്പെട്ട മൈനിംഗ് & ജിയോളജി ജില്ലാ ആഫീസിൽ ഒടുക്കേണ്ടതും ഡീലേഴ്സ് ലൈസൻസ് സമ്പാദിക്കേണ്ടതുമാണ്. നിലവിൽ മലേഷ്യയിൽ നിന്നും കേരളത്തിലേയ്ക്ക് 88,807 ടൺ മണൽ 2017-18-ൽ ഇറക്കുമതി ചെയ്തിട്ടുള്ളതും ആയതിന് മൈനിംഗ് & ജിയോളജി വകുപ്പ് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുള്ളതുമാണ്. ഇറക്കുമതി ചെയ്യുന്ന മണലിന് റോയൽറ്റി ഒടുക്കൽ വരുത്തേണ്ടതില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മലേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്ത പുഴ മണലിന് 16-1-2018 മുതൽ 25-3-2018 വരെ കാലാവധിയിൽ 45,000 മെട്രിക് ടൺ മണൽ സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നിന് M/s. Oriental Exim Agency, CPOA Building, Indira Gandhi Road, Willington Island, Ernakulam എന്ന സ്ഥാപനത്തിനും 5-12-2017 മുതൽ 27-1-2018 വരെ കാലാവധിയിൽ 43,807 മെട്രിക് ടൺ മണൽ സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് M/s. MRM Ramaiya Enterprises Pvt. Limited, No. 12, Thiruvakkudi, Orumpanadu P.O., Avudayarkovil (TK), Pudukkottai District, Tamilnadu എന്ന സ്ഥാപനത്തിനും മൈനിംഗ് & ജിയോളജി വകുപ്പിന്റെ എറണാകുളം ജില്ലാ ആഫീസിൽ നിന്നും ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

(സി & ഡി) കൊല്ലം തുറമുഖത്ത് പ്ലാന്റ് ക്വാറന്റൈൻ അതോറിറ്റി ഓഫീസ് സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

## വ്യവസായ സൗഹൃദ സംസ്ഥാനം

126 (2324) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുവേണ്ടി ഏതൊക്കെ വകുപ്പുകളിലെ നിയമങ്ങളാണ് പരിഷ്കരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനായി വ്യവസായ വകുപ്പിന്റെ പ്രത്യേക അപേക്ഷാ ഫോറങ്ങൾ ലളിതവൽക്കരിക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനുവേണ്ടി 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' എന്ന പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ ചട്ടങ്ങളുടെയും നിയമങ്ങളുടെയും നവീകരണം നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് 2017 എന്ന പേരിൽ പുതിയ ഓർഡിനൻസ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഓർഡിനൻസ് മുഖേന തദ്ദേശസ്വയംഭരണം, വ്യവസായം, തൊഴിൽ, ഊർജ്ജം, ജലവിഭവം എന്നീ വകുപ്പുകളുടെ താഴെപ്പറയുന്ന നിയമങ്ങളാണ് പരിഷ്ക്കരിച്ചിട്ടുള്ളത്:

1. കേരള പഞ്ചായത്ത് രാജ് ആക്ട് - 1994
2. കേരള മുനിസിപ്പാലിറ്റി ആക്ട് - 1994
3. കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് - 2013
4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002
5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് - 1978
6. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960
7. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്പ്മെന്റ് ആക്ട് - 1999

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനവും, പൊതുവായുള്ള ഒരു അപേക്ഷാ ഫോറവും നടപ്പിലാക്കുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക് സെന്ററിനെ നിയോഗിച്ചിട്ടുണ്ട്.

പ്രസ്തുത ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന എല്ലാ വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ലഭ്യമാക്കാവുന്നതാണ്.

## വ്യവസായ വളർച്ചാനിരക്ക്

127 (2325) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വളർച്ചാനിരക്ക് നിലവിൽ എത്ര ശതമാനമാണ്;

(ബി) ഈ വളർച്ചാനിരക്ക് വ്യവസായരംഗത്തിന്റെ ആരോഗ്യകരമായ വളർച്ചയെയാണോ സൂചിപ്പിക്കുന്നത്;

(സി) അല്ലെങ്കിൽ വളർച്ചാ നിരക്ക് എത്ര ശതമാനമായി വർദ്ധിപ്പിക്കുന്ന തിനാണ് ഉദ്ദേശിക്കുന്നത്; അതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ഡി) സംസ്ഥാനത്തെ നിലവിലുള്ള സാഹചര്യങ്ങൾ, ലക്ഷ്യമിട്ടിട്ടുള്ള വളർച്ചാ നിരക്ക് കൈവരിക്കുന്നതിന് സഹായകമാണോ; വിശദീകരിക്കാമോ?

### ഉത്തരം

(എ) 2015 സെപ്റ്റംബർ വരെയുള്ള കേരളത്തിലെ എം.എസ്.എം.ഇ. മേഖലയുടെ വളർച്ചാനിരക്ക് 10.95% ആകുന്നു. കേരളത്തിലെ വിവിധ വ്യവസായ മേഖലകളെ ഉൾപ്പെടുത്തിയുള്ള വളർച്ചാനിരക്ക് സംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി -ഡി) എം.എസ്.എം.ഇ. മേഖലയുടെ വളർച്ചാനിരക്ക് ആരോഗ്യകരമായ സൂചനയാണ് നല്കുന്നത്. എന്നിരിക്കിലും വളർച്ചാനിരക്ക് വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനായി വ്യവസായ വികസനത്തിന് നിലവിലുണ്ടായിരുന്ന ഏഴ് നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് "The Kerala Investment Promotion and Facilitation Ordinance 2017" ഒക്ടോബർ 27-ന് നിലവിൽ വന്നു. ഇതുവഴി സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷമാണ് നിലവിൽ സംജാതമായിട്ടുള്ളത്. കൂടാതെ സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, സംരംഭകർക്കുള്ള സാമ്പത്തിക സഹായം നൽകുന്നതിനുള്ള സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി, ആഷാ പദ്ധതി, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നീ പദ്ധതികളും വ്യവസായ പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി

നടപ്പിലാക്കുന്ന മൾട്ടി സ്റ്റോറീഡ് ശാലകളുടെ നിർമ്മാണം, നിലവിലുള്ള ഡി.എ./ഡി.പി.കളിൽ ജലലഭ്യത വൈദ്യുതീകരണം, ആഭ്യന്തര റോഡുകളുടെ വികസനം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും കൂടാതെ നിക്ഷേപകരുടെ മേളകൾ എം.എസ്.എം.ഇ. ഉത്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ എന്നീ പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് വ്യവസായ വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയും.

**വ്യവസായ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങൾ**

128 (2326) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ഏതൊക്കെ വ്യവസായ സ്ഥാപനങ്ങൾ ആണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ആണ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 9 വ്യവസായ സ്ഥാപനങ്ങളാണ് ഉള്ളത്. അവ താഴെപ്പറയുന്നു:

1. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കല്ല്യാശ്ശേരി
2. കേരള ക്ലേയ്സ് & സെറാമിക്സ് പ്രൊഡക്ട് ലിമിറ്റഡ്, പാപ്പിനിശ്ശേരി
3. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, അഴീക്കൽ
4. ദി കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ചൊവ്വ
5. കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, തില്ലേരി
6. ട്രാക്കോ കേബിൾസ് ലിമിറ്റഡ്, പിണറായി
7. കേരള കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ, ചോനാടം
8. കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്, കൂത്തുപറമ്പ്
9. ഹൈടെക് വീവിംഗ് മിൽ, പിണറായി.

(ബി) മുകളിൽ സൂചിപ്പിച്ചിട്ടുള്ള 1 മുതൽ 5 വരെയുള്ള സ്ഥാപനങ്ങളിലും കുത്തുപറമ്പ് അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡിലും മറ്റു വികസന പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. ട്രാക്കോ കേബിൾ കമ്പനി നഷ്ടത്തിലായിരുന്നു. മാസം 3000 മുതൽ 3500 വരെ കോയിൽ വിറ്റുവരവുണ്ടായിരുന്ന സ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിൽ 12000 മുതൽ 15000 വരെ കോയിലാണ് പ്രതിമാസ വിറ്റുവരവ്. കഴിഞ്ഞ മൂന്ന് മാസങ്ങളിലായി ഈ യൂണിറ്റ് ലാഭത്തിൽ പ്രവർത്തിക്കുന്നു. ചോനാടം കാഷ്യൂനട്ട് ഫാക്ടറിയിൽ ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നുണ്ട്. പിണറായി ഹൈടെക് വീവിംഗ് മില്ലിന് പുന:പ്രവർത്തനത്തിനായി 8.85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**വ്യവസായ മേഖലയിൽ കൂടുതൽ ദേശീയ, അന്തർദ്ദേശീയ നിക്ഷേപം സ്വരൂപിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

129 (2327) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; ഇതിലൂടെ ഇതിനകം എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു;

(ബി) വ്യവസായ മേഖലയിൽ കൂടുതൽ ദേശീയ, അന്തർദേശീയ നിക്ഷേപം സ്വരൂപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്. അതിലൂടെ എന്ത് നിക്ഷേപം ലഭ്യമായി;

(സി) ലോക കേരള സഭയുടെ രൂപീകരണം ഇപ്രകാരമുള്ള നിക്ഷേപത്തിന് എത്രമാത്രം സഹായകമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി വിവിധങ്ങളായ കർമ്മ പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും ക്ലിയറൻസുകൾ നല്കുന്നത് സുഗമമാക്കിയും ആകർഷകമായ പാക്കേജുകളിലൂടെ നിക്ഷേപകർക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കിയും വിവിധ വ്യവസായ വിഭാഗങ്ങളുമായി നിരന്തര സമ്പർക്കം പുലർത്തിയും സംസ്ഥാനത്ത് ചലനാത്മകമായ വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനാണ് പ്രധാനമായും ഊന്നൽനൽകുന്നത്. ഈ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് ക്രിയാത്മകമായ ഒരു വ്യവസായ വാണിജ്യനയം വ്യവസായ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ട്.

വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. ആകർഷകമായ പലിശ നിരക്കിൽ വ്യവസായങ്ങൾക്കാവശ്യമായ വിവിധയിനം വായ്പകളും മറ്റ് സാമ്പത്തിക സഹായങ്ങളും.
2. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ (കണ്ണൂരും കോഴിക്കോട്ടും ചേർത്തലയിലും വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക്, എറണാകുളത്തെ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, പാലക്കാട് ലൈറ്റ് എൻജിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്)
3. സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിന് ആവശ്യമായ ബിസിനസ്സ് മീറ്റുകൾ, റോഡ് ഷോകൾ, ഈസ് ഒഫ് ഡൂയിംഗ് ബിസിനസ്സ് മുതലായവ.
4. വ്യവസായങ്ങൾക്ക് ആവശ്യമായ ഏകജാലക ക്ലിയറൻസ് സംവിധാനം

നാളിതുവരെ മേൽപ്പറഞ്ഞ പദ്ധതികളിലൂടെ കെ.എസ്.ഐ.ഡി.സി.-ക്ക് ഏകദേശം 2 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് കിൻഫ്ര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 24 വ്യവസായ പാർക്കുകൾ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ അനുമതികൾ ലഭ്യമാക്കുന്നതിന് പാർക്ക് തോറും ഏകജാലക സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 727 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭകർ നല്കിയ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ഏകദേശം 1400 കോടി രൂപയുടെ സ്വകാര്യ നിക്ഷേപവും 19964 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിൽ കൂടുതൽ അന്തർദേശീയ നിക്ഷേപം സ്വരൂപിക്കുന്നതിനായി കിൻഫ്ര ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
2. ഐ.ടി./ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം - രണ്ടാംഘട്ട വികസനം

3. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം
4. പെട്രോക്കെമിക്കൽ പാർക്ക്, എറണാകുളം
5. ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തിരുവനന്തപുരം
6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി
7. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്
8. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴയ്ക്കൽ, തൃശ്ശൂർ
9. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം
10. ഫാർമാ പാർക്ക്, എറണാകുളം
11. കിൻഫ്ര പാർക്ക്, കാക്കഞ്ചേരി - രണ്ടാംഘട്ട വികസനം
12. ജെം & ജ്വല്ലറി പാർക്ക്, പുഴയ്ക്കൽ
13. ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, എറണാകുളം
14. വിവിധോദ്ദേശ്യ സോണുകൾ - കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ്. പ്രസ്തുത പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നതിനാൽ നിക്ഷേപം, തൊഴിൽ അവസരങ്ങൾ എന്നിവ സംബന്ധിച്ച് കിൻഫ്രയിൽനിന്നും വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(സി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പ്രകാരം സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ലോക കേരളസഭയിൽ അവതരിപ്പിച്ചിരുന്നു. ഇതുമൂലം സംസ്ഥാനത്ത് വ്യാവസായിക സംരംഭങ്ങൾക്ക് മുതൽമുടക്കാൻ താൽപ്പര്യമുള്ള നിക്ഷേപകരെ ആകർഷിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

## വ്യവസായ മേഖലയിൽ നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികൾ

130 (2328) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയ്ക്ക് ഉത്തേജനം നൽകുന്ന എന്തൊക്കെ നടപടികളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇലക്ട്രോണിക്സ്, ഐ.റ്റി. മേഖലയിൽ പുത്തൻ ഉണർവ് നൽകുന്നതിന് നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികൾ വിശദീകരിക്കുമോ;

(സി) ഇ-ടെൻഡർ പ്ലാറ്റ്ഫോമിന്റെ ഫലപ്രദമായ ഉപയോഗം ഏതൊക്കെ മേഖലകളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്; ഇക്കാര്യത്തിനായി സംസ്ഥാന സർക്കാരിന് എന്തെങ്കിലും ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ വ്യാവസായിക രംഗത്ത് സമാധാനപരമായ തൊഴിൽ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണത്തിന് പദ്ധതിയുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

<u>സംരംഭകത്വ സഹായ പദ്ധതി</u>

പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ വനിതാ സംരംഭങ്ങൾക്കും പട്ടികജാതി/ പട്ടികവർഗ്ഗ സംരംഭങ്ങൾക്കും യുവ സംരംഭങ്ങൾക്കും സ്ഥിര മൂലധനനിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.

2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപ ത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സഹായമായി നൽകിവരുന്നു.

4. കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപന ങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10%, പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

<u>ഇൻകുബേഷൻ സെന്ററുകൾ</u>

പുതിയ വ്യവസായ ആശയവുമായി മുന്നോട്ടുവരുന്ന സംരംഭകർ അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം

ഒരേ തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായകരമായ വിധത്തിൽ MSE-CDP പദ്ധതി പ്രകാരം കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ചുവരുന്നു.

ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് 2017

സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി നിയമപരമായ അനുമതികൾ എളുപ്പത്തിൽ ലഭിക്കുന്നതിനുമായി ചുവടെ ചേർത്തിരിക്കുന്ന നിയമങ്ങളിൽ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് 2017 വിളംബരം ചെയ്തിട്ടുണ്ട്:

കേരള പഞ്ചായത്ത് രാജ് ആക്ട്, 1994

കേരള മുനിസിപ്പാലിറ്റി ആക്ട്, 1994

കേരള ലിഫ്റ്റ് ആൻഡ് എസ്കലേറ്റേഴ്സ് ആക്ട്, 2013

കേരള ഗ്രൗണ്ട് വാട്ടർ ആക്ട്, 2002

കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട്, 1978

കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960

കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ് ഏരിയ ഡെവലപ്മെന്റ് ആക്ട്, 1999

ഇത് ഈ സഭാ സമ്മേളന കാലയളവിൽ നിയമമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

വ്യവസായ ജാലകം പദ്ധതി

എം.എസ്.എം.ഇ. മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ ജാലകം എന്ന പദ്ധതി വഴി നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെയും വ്യവസായ സഹായ സ്ഥാപനങ്ങളുടെയും ജിയോ റ്റാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകർക്ക് ലഭ്യമാക്കുന്നു.

പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ട്

സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പ്രാദേശിക അടിസ്ഥാനത്തിൽ ലഭ്യമായിട്ടുള്ള പദ്ധതി വിഭവങ്ങൾ ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ടിൽ തയ്യാറാക്കിയിട്ടുണ്ട്.

നാനോ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി

ചെറുകിടവും സൂക്ഷ്മവും കടന്ന് അതിസൂക്ഷ്മ സംരംഭങ്ങളാണ് നാനോ വ്യവസായങ്ങൾ, സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും സാമൂഹ്യ ചുറ്റുപാടും നാനോ (അതിസൂക്ഷ്മ) വ്യവസായങ്ങൾക്ക് അനുയോജ്യമാണ്. ആയതിനാൽ നാനോ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നാനോ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 1-4-2017-നുശേഷം സൃഷ്ടിക്കപ്പെടുന്ന എല്ലാ പുതിയ തൊഴിൽ അവസരങ്ങളുടെയും ഇ.എസ്.ഐ./ ഇ.പി.എഫ്. അടവിലേയ്ക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ 75% സർക്കാർ നൽകുന്നതിനുള്ള പദ്ധതിയും വിഭാവന ചെയ്തുവരുന്നു.

പശ്ചാത്തല വികസന പദ്ധതികൾ

വിവിധ ജില്ലകളിലെ വ്യവസായ ഏരിയ/പ്ലോട്ട് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയിൽ അടിസ്ഥാന വികസനത്തിനുള്ള പദ്ധതിയും സർക്കാർ വിഭാവന ചെയ്തുവരുന്നു. സ്ഥല പരിമിതി നേരിടുന്ന ഒരു സംസ്ഥാനമാണ് കേരളം. ആയതിനാൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

ആഷ പദ്ധതി

കരകൗശല മേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ആഷ പദ്ധതി മുഖേന സ്ഥിര നിക്ഷേപത്തിന്റെ 40% (പരമാവധി 2 ലക്ഷം രൂപ) ഗ്രാന്റായി നൽകുന്നു. വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർ, യുവ സംരംഭകർ എന്നീ പ്രത്യേക വിഭാഗങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന്റെ 50% (പരമാവധി 3 ലക്ഷം രൂപ) ഗ്രാന്റായി നൽകുന്നു.

മറ്റുപദ്ധതികൾ

ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, കൂടാതെ നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായി കൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചിട്ടുണ്ട്.

(ബി) ഇലക്ട്രോണിക്സ് ഐ.ടി. മേഖലയിൽ പുത്തൻ ഉണർവ് നൽകുന്നതിനു വേണ്ടി കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ കൊച്ചിയിലെ ആമ്പല്ലൂരിൽ 100 ഏക്കർ സ്ഥലത്ത് ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിനും കിൻഫ്രയുടെ നേതൃത്വത്തിൽ ഇലക്ട്രോണിക്സ് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ കാക്കനാട് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ജിയോ ടാഗ്ഡ് ഫോട്ടോ (Geotagged Photo) സഹിതം ശേഖരിക്കുന്ന വ്യവസായ ജാലകം എന്ന പദ്ധതി കഴിഞ്ഞ വർഷം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ അടുത്ത ഘട്ടമായി വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങൾ പൊതുജനങ്ങൾക്കുൾപ്പെടെ ലഭ്യമാക്കുന്ന മൊബൈൽ ആപ്പ് ഉടൻ പ്രാബല്യത്തിലാക്കുന്നതാണ്.

(സി) വകുപ്പിൽ 5 ലക്ഷത്തിനുമുകളിൽ വരുന്ന എല്ലാ പർച്ചേസുകൾ/ സർവ്വീസുകളും ഇ-ടെൻഡർ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്, ക്ലസ്റ്റർ സംബന്ധിയായ പർച്ചേസുകൾ, ഡി.എ./ഡി.പി.യിലെ വർക്കുകൾ മുതലായവ ഇതിൽപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിന് ദേശീയ അവാർഡുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

**ചേലക്കര മണ്ഡലത്തിലെ വ്യാവസായിക പിന്നോക്കാവസ്ഥ**

131 (2329) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജക മണ്ഡലത്തിൽ എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ചേലക്കര നിയോജക മണ്ഡലപരിധി പ്രദേശത്തെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജക മണ്ഡലത്തിലെ 83 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ചേലക്കര നിയോജകമണ്ഡലത്തിലെ വരവൂർ വില്ലേജിൽ 8.5 ഏക്കർ ഭൂമി പശ്ചാത്തല സൗകര്യമൊരുക്കി പ്ലോട്ടായിട്ടും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ആയിട്ടും പ്രകൃതി സൗഹൃദ വ്യവസായങ്ങൾക്ക് നൽകുന്നതിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കിൻഫ്രയുടെ നേതൃത്വത്തിൽ ദേശമംഗലം പഞ്ചായത്തിൽ വ്യവസായ പാർക്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുകിട വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് സംസ്ഥാനത്താകമാനം നടപ്പിലാക്കുന്ന സംരംഭകത്വ സഹായ പദ്ധതിയും നടപ്പിലാക്കിവരുന്നു. നാനോ യൂണിറ്റുകൾ തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കുവാൻ സൂക്ഷ്മ ഗാർഹിക വ്യവസായ സംരംഭങ്ങൾക്ക് പലിശ ഇളവ് നൽകുന്ന പുതിയ പദ്ധതി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

**കിനാലൂരിലെ കെ.എസ്.ഐ.ഡി.സി. ഭൂമി**

132 (2330) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനത്തിനായി കിനാലൂരിൽ കെ.എസ്.ഐ.ഡി.സി. ആകെ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്ത് കൈവശംവച്ചിരിക്കുന്നത് എന്നറിയിക്കാമോ; ഇതിൽ അവികസിത ഏരിയയായി എത്ര ഏക്കർ ഭൂമിയാണുള്ളത്;

(ബി) കിനാലൂരിൽ ഏതെല്ലാം വ്യവസായങ്ങൾക്കാണ് ഇപ്പോൾ ഭൂമി അനുവദിച്ചിട്ടുള്ളത്; ഇനി എത്ര ഏക്കർ ഭൂമി അനുവദിക്കാൻ ബാക്കിയുണ്ട് അറിയിക്കാമോ;

(സി) അവികസിതമായി കണക്കാക്കിയിട്ടുള്ള എത്ര ഏക്കർ ഭൂമിയാണ് വ്യവസായേതര ആവശ്യങ്ങൾക്കായി വിട്ടുകൊടുത്തിട്ടുള്ളത്;

(ഡി) ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനായി ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വ്യവസായ വികസനത്തിനായി കിനാലൂരിൽ കെ.എസ്.ഐ.ഡി.സി. 310.71 ഏക്കർ ഭൂമിയാണ് ഏറ്റെടുത്ത് കൈവശം വച്ചിരിക്കുന്നത്. ഇതിൽ അവികസിത ഏരിയയായി 157 ഏക്കർ ഭൂമിയുണ്ട്. ഈ ഭൂമിയുടെ പ്രവർത്തനങ്ങൾക്കായി കിറ്റ്കോയെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി നിയമിച്ചിട്ടുണ്ട്.

(ബി) ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ കിനാലൂരിൽ ജനറൽ വിഭാഗത്തിൽപ്പെട്ട പാദരക്ഷാ വ്യവസായം, ഭക്ഷ്യ വ്യവസായം, പാർക്കിംഗ് വ്യവസായം, മരവ്യവസായം, ലൈറ്റ് എൻജിനീയറിംഗ് മുതലായ എല്ലാത്തരം വ്യവസായങ്ങളും തുടങ്ങുന്നതിനായി ഭൂമി അനുവദിച്ചിട്ടുണ്ട്. പുതുതായി വികസിപ്പിച്ചെടുക്കുന്ന 157 ഏക്കർ ഭൂമിയാണ് വ്യവസായങ്ങൾക്കായി ഇനി അനുവദിക്കാൻ ബാക്കിയുള്ളത്.

(സി) കിനാലൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വ്യവസായേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുത്ത ഭൂമിയുടെ കണക്ക് ചുവടെ കൊടുക്കുന്നു.

1. ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ് - 30 ഏക്കർ
2. ഗവൺമെന്റ് ആർട്സ് കോളേജ് - 5 ഏക്കർ
3. ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് - 2 ഏക്കർ

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## റബ്ബറിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിലെ വ്യവസായ സാദ്ധ്യതകൾ

133 (2331) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബറിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യവസായ സാധ്യതകൾ പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

ഉണ്ട്. റബ്ബറിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും സിയാൽ മാതൃകയിൽ ടയർ ഫാക്ടറി സ്ഥാപിക്കുന്നതിനുമുള്ള വ്യവസായ സാദ്ധ്യതകൾ പഠിക്കുന്നതിനായി, 23-9-2017-ലെ ജി. ഒ. (ആർറ്റി.) 547/2017/P&EA ഉത്തരവ് പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, റബ്ബർ ബോർഡ് ചെയർമാൻ, റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ, കെ.എസ്.ഐ.ഡി.സി. എം.ഡി., കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ മുതലായവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

**യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

134 (2332) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) യുവ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വായ്പാ സഹായങ്ങൾ നൽകുന്നതിനും നിലവിൽ സംവിധാനമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവസംരംഭകരുടേതായി എത്ര നിക്ഷേപം സംസ്ഥാനത്ത് ഉണ്ടായി എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

"സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്.)-യിൽ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള എല്ലാ മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസസുകൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15%, പരമാവധി 20 ലക്ഷം രൂപ വരെ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് നൽകുമ്പോൾ യുവ സംരംഭകർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20%, പരമാവധി 30 ലക്ഷം രൂപ വരെ സപ്പോർട്ട് നൽകിവരുന്നു."

വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു.

യുവസംരംഭകർക്കായി സംസ്ഥാനത്തെ വിവിധ റിസർച്ച് സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കോമൺഫെസിലിറ്റി സർവ്വീസ് സെന്റർ തുടങ്ങിയവയിലൂടെ സംസ്ഥാനത്തെ വ്യാവസായിക മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നൂതനമായ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും "Industry varsity linkage scheme" എന്ന പദ്ധതി വ്യവസായ വകുപ്പ് ആവിഷ്കരിക്കുന്നു.

എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്ന ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ തുടങ്ങിയവ യുവസംരംഭകർക്കും വളരെ പ്രയോജനകരമാണ്.

യുവസംരംഭകർക്ക് മാത്രമായി മാർഗ്ഗനിർദ്ദേശം നൽകുന്ന സംവിധാനങ്ങൾ പ്രത്യേകം നിലവിലില്ലാത്തതിനാൽ സംസ്ഥാനത്തെ എല്ലാ വിഭാഗം സംരംഭകർക്കുമായി നടപ്പിലാക്കിയിട്ടുള്ള സംവിധാനങ്ങൾ യുവസംരംഭകർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

### കാർഷികാധിഷ്ഠിത വ്യവസായങ്ങൾ

135 (2333) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സമൃദ്ധമായി ലഭിക്കുന്ന കാർഷിക വിഭവങ്ങളായ തേങ്ങ, വാഴപ്പഴം, കൈതച്ചക്ക, മാമ്പഴം, പപ്പായ തുടങ്ങിയവയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം സംരംഭകർക്ക് ജില്ലാതലത്തിൽ നൽകുവാൻ വ്യവസായവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രത്യേക പ്രോത്സാഹനപദ്ധതികൾ നിലവിലുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത മേഖലയിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇത്തരം പരിശീലനങ്ങൾ ജില്ലാ തലങ്ങളിൽ നടത്തിവരുന്നു.

(ബി) കാർഷിക അടിസ്ഥാന ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അവയ്ക്ക് സംരംഭകത്വ സഹായ പദ്ധതി പ്രകാരം 10 ശതമാനം അധിക സബ്സിഡി നൽകുന്നുണ്ട്. കേന്ദ്ര സർക്കാർ SAMPADA എന്ന പേരിൽ ഈ മേഖലയിൽ ക്ലസ്റ്റർ രൂപീകരിക്കുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(സി) 2016-17 വർഷത്തിൽ എറണാകുളത്തുവച്ച് 'അഗ്രോ ഫുഡ് പ്രൊ' എന്ന പേരിൽ കാർഷികാധിഷ്ഠിത ഭക്ഷ്യ വ്യവസായ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള എക്സിബിഷൻ നടത്തി. വിവിധ ജില്ലകളിൽ ഈ മേഖലയെ ആധാരമാക്കി സംരംഭക വികസന പദ്ധതി (ഇ.ഡി.പി.)കളും ടെക്നോളജി ക്ലിനിക്കുകളും നടത്തിയിട്ടുണ്ട്.

**ഭെൽ കമ്പനിയിലെ പ്രതിസന്ധി**

136 (2334) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡുള്ള ഭെൽ കമ്പനിയിലെ ഇപ്പോഴത്തെ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രതിസന്ധിക്ക് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രതിസന്ധിക്ക് നിദാനമായ കാരണം മനസ്സിലായിട്ടുണ്ടെങ്കിൽ പ്രതിവിധികൾ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ജീവനക്കാർക്ക് ശമ്പളം കിട്ടാത്ത അവസ്ഥ ഭെല്ലിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ഭെല്ലിലെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും ജീവനക്കാരുടെ തൊഴിൽ സംരക്ഷിച്ച് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന Kerala Electrical & Allied Engg.Co.Ltd.-ന്റെ യൂണിറ്റും Bharat Heavy Electrical Ltd. (BHEL)മായി ചേർന്നുള്ള സംയുക്ത സംരംഭമായിട്ടാണ് ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Ltd. [BHEL-EML]) ആരംഭിച്ചത്. BHEL-EML-ലെ BHEL-ന്റെ 51% ഓഹരി വിൽക്കുവാനുള്ള നീതി ആയോഗിന്റെ തീരുമാനത്തെ

തുടർന്ന് കേരള സർക്കാർ ഈ സ്ഥാപനത്തെ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുവാൻ 12-6-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് BHEL-മായി ഒരു പരസ്പര ധാരണയോടെ കൈമാറ്റ പ്രക്രിയ പൂർത്തീകരിക്കുന്നതിനായി ആസ്തി ബാധ്യതകൾ കണക്കിലെടുത്ത് നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. ജി.ഒ.(ആർടി.) നമ്പർ 1482/2017/ഐ.ഡി. തീയതി 20-10-2017 പ്രകാരം ഇതിനായി ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഒരു ഉന്നതതല അപെക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ ഏറ്റെടുക്കൽ തീരുമാനത്തെത്തുടർന്ന് ഈ സ്ഥാപനത്തിന് BHEL-ൽ നിന്ന് ലഭിച്ചിരുന്ന എല്ലാ സഹായ സഹകരണങ്ങളും പൂർണ്ണമായും നിലച്ച അവസ്ഥയാണ് നിലവിലുള്ളത്. തുടർച്ചയായ നഷ്ടംമൂലം പ്രവർത്തന മൂലധനം പൂർണ്ണമായും ഇല്ലാതായിത്തീർന്നിട്ടുണ്ട്. ലഭ്യമായ ഓർഡറുകൾപോലും ചെയ്തു തീർക്കാൻ പറ്റാത്ത സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്.

(സി) കമ്പനിയുടെ പ്രവർത്തനം നിലനിർത്തുന്നതിനായി പ്രവർത്തന മൂലധനത്തിനായി താത്കാലിക ധനസഹായത്തിനായുള്ള മാർഗ്ഗങ്ങൾ സർക്കാർ തലത്തിൽ ആരാഞ്ഞുവരുന്നു. തുടർച്ചയായ നഷ്ടത്തെത്തുടർന്ന് അറ്റമൂല്യം നെഗറ്റീവ് ആയ ഈ സ്ഥാപനത്തിന്റെ ധനപരമായ സ്ഥിതി ബാങ്കുകളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ ധനസഹായം ലഭ്യമാക്കുവാൻപോലും സാധിക്കാത്ത നിലയിലാണ്.

(ഡി) ജീവനക്കാർക്ക് ശമ്പളം നൽകുവാൻ വളരെയേറെ ബുദ്ധിമുട്ടുന്ന സാഹചര്യമാണ് നിലവിലുള്ളത്.

(ഇ) ജീവനക്കാരുടെ തൊഴിൽ സംരക്ഷിച്ച് ഈ സ്ഥാപനത്തിനെ പൊതുമേഖലയിൽ നിലനിർത്തുന്നതിനുവേണ്ടിയാണ് BHEL-ന്റെ ഓഹരികൂടി ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നത്. മറ്റ് കാര്യങ്ങളിന്മേൽ ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കുന്നതിനനുസൃതമായി മാത്രമേ എന്തെങ്കിലും ഒരു തീരുമാനത്തിലേയ്ക്കെത്താൻ കഴിയുകയുള്ളൂ.

## സഹകരണ സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന അടച്ചുപൂട്ടൽ ഭീഷണി

137 (2335) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃതവസ്തുക്കളുടെ കുറവുമൂലം അടച്ചുപൂട്ടേണ്ടി വരികയും ഭാഗികമായി പ്രവർത്തിക്കുകയും ചെയ്യുന്ന സഹകരണ സ്പിന്നിംഗ് മില്ലുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) മില്ലുകളുടെ നഷ്ടം വർദ്ധിക്കുവാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## ഉത്തരം

(എ) ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽപ്പെട്ട കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ 2016 നവംബർ 15 മുതൽ 2017 ഫെബ്രുവരി 20 വരെയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ 2016 ഒക്ടോബർ 1 മുതൽ 16 വരെയും 2016 നവംബർ 1 മുതൽ 12 വരെയും ഡിസംബർ 1 മുതൽ 6 വരെയും 2017 ജനുവരി 1 മുതൽ 14 വരെയും 2017 ഫെബ്രുവരി 1 മുതൽ 17 വരെയും ആവശ്യമായ പ്രവർത്തന മൂലധന അഭാവത്താലും വൈദ്യുതി കുടിശ്ശികമൂലം വൈദ്യുതി വിച്ഛേദിച്ചതിനാലും മാസങ്ങളായി കോട്ടൺ ലഭ്യമല്ലാത്തതിനാലും പ്രവർത്തിച്ചിരുന്നില്ല. എന്നാൽ ഈ മില്ലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേക്കായി സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റിക്ക് 8-2-2017-ൽ 7.10 കോടി രൂപ അനുവദിക്കുകയും ആയതിന്റെ ഫലമായി ഈ മില്ലുകൾ തുറന്നുപ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ പ്രവർത്തനമൂലധനത്തിന്റെ അഭാവത്താൽ ഇപ്പോൾ ലേ ഓഫിലാണ്.

(ബി) ഉണ്ട്. പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം കോട്ടൺ സീസണിൽ വാങ്ങാൻ സാധിക്കാത്തതും മില്ലുകളിലെ കൂടിയ പ്രൊഡക്ഷൻ കോസ്റ്റും ഇതിനുകാരണമായ കുറഞ്ഞ ലേബർ പ്രൊഡക്റ്റിവിറ്റിയും കുറഞ്ഞ മെഷീൻ പ്രൊഡക്റ്റിവിറ്റിയും ടെക്സ് ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾ പ്രതിസന്ധി യിലാകുന്നതിന്റെ കാരണങ്ങളാണ്. മില്ലുകളിലെ മെഷീനറികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അഭാവവും കാരണം ഉൽപ്പാദനക്ഷമത കുറവും ഗുണമേന്മയുള്ള നൂൽ മാർക്കറ്റിൽ ലഭ്യമാക്കാൻ സാധിക്കാത്തതുംമൂലം മാർക്കറ്റിൽ ഉദ്ദേശിച്ച വില ലഭിക്കാതെ വരുന്നു. മാർക്കറ്റിൽ നിന്ന് കൂടുതൽ ദൂരത്തായതുകൊണ്ട് കോട്ടൺ വാങ്ങുമ്പോഴും യാൺ വിൽക്കുമ്പോഴുമുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് അഡീഷണലായി വരുന്ന ചെലവാണ്.

മില്ലുകൾ ലാഭത്തിലാക്കുന്നതിനായി ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ ആരംഭിച്ചുകഴിഞ്ഞു. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായി ക്കൊണ്ടിരിക്കുന്നു. കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണ ത്തിനായി 57.39 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ

എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി. അനുവദിച്ച 45.19 കോടി രൂപയിൽ 15 കോടി രൂപ മില്ലിന് നൽകിയിട്ടുണ്ട്. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണത്തിനായി 29.97 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 15 കോടി രൂപ മില്ലിന് നൽകിയിട്ടുണ്ട്. നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനശേഷി 12,000 സ്പിന്റിൽ നിന്നും 25,000 സ്പിന്റിലായി ഉയർത്തുന്നതിനായി 33.94 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 22.89 കോടി രൂപ മില്ലിന് നൽകിയിട്ടുണ്ട്. ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 7.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ചെറുകിട വ്യവസായ വളർച്ച**

138 (2336) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ വളർച്ചയ്ക്ക് സഹായകമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏകജാലക സംവിധാനം, സ്വയം സാക്ഷ്യപ്പെടുത്തൽ പദ്ധതി എന്നിവ ആവിഷ്കരിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) വ്യവസായ യൂണിറ്റ്, റിസർച്ച് ആന്റ് ഡെവലപ്മെന്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കിടയിലെ ബന്ധം സുദൃഢമാക്കുന്നതിനും വ്യാവസായിക മേഖലയെ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വ്യവസായ സംരംഭകർക്ക് ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാ വ്യവസായകേന്ദ്രങ്ങളും താലൂക്ക് വ്യവസായ കേന്ദ്രങ്ങളും കെ സ്വാൻ വഴി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായ വളർച്ചയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമപരമായ അനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ലഘൂകരിക്കുന്നതിനായി നിലവിലുള്ള നിയമങ്ങൾ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ്-2017" പുറത്തിറക്കിയിട്ടുണ്ട്.

ദേശീയതലത്തിൽ മാതൃകാപരമായി എം.എസ്.എം.ഇ. മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ വിവരശേഖരണം സംസ്ഥാനത്ത് പൂർത്തീകരിച്ചിരിക്കുകയാണ്. 'വ്യവസായ ജാലകം' എന്ന ഈ പദ്ധതി വഴി ഒരു ലക്ഷത്തി പതിനായിരത്തിൽപ്പരം വ്യവസായ യൂണിറ്റുകളുടെയും ആയിരത്തോളം വ്യവസായ സഹായ സ്ഥാപനങ്ങളുടെയും ജിയോടാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകന്റെ വിരൽത്തുമ്പിൽ ലഭ്യമാകുന്ന തരത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.

സംസ്ഥാനതലത്തിൽ എല്ലാ ജില്ലകളുടെയും ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വ്യവസായ വകുപ്പിന്റെ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി നിലവിലുണ്ട്.

തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ സി.എഫ്.സി. രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തുന്നതിനായി സംരംഭകത്വ ബോധവത്കരണ പരിപാടികൾ, നിക്ഷേപസംഗമങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ, നൈപുണ്യ വികസന പരിശീലനം, സംരംഭകത്വ വികസന ക്ലബ്ബുകൾ, സംരംഭകത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.

സംരംഭകർക്കായി സബ്സിഡിയടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.), പി.എം.ഇ.ജി.പി. എന്നീ പദ്ധതികൾ നിലവിലുണ്ട്.

പരമ്പരാഗത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഈ വർഷം അതിസൂക്ഷ്മ വ്യവസായങ്ങളിൽപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നാനോ, ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉല്പന്ന വികസനത്തിനും ഉല്പാദനപ്രക്രിയ നവീകരണത്തിനും ഉതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി പരിഗണിച്ചുവരുന്നു.

പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 1-4-2017-നുശേഷം സൃഷ്ടിക്കപ്പെടുന്ന എല്ലാ പുതിയ തൊഴിലവസരങ്ങളുടെയും ഇ.എസ്.ഐ./ഇ.പി.എഫ്. അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ 75 ശതമാനം സർക്കാർ നൽകുന്നതിനുള്ള പദ്ധതിയും പരിഗണിച്ചുവരുന്നു.

വ്യവസായ യൂണിറ്റുകൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ടുകളുടെ ആധുനികവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം, പൊതു സൗകര്യ സേവനങ്ങളുടെ (സി.എഫ്.സി.) നവീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് & ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999 പ്രകാരം നിലവിലെ ഏകജാലക സംവിധാനം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതികൾ അതിവേഗം ലഭിക്കുന്നതിനുമായി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ്" പുറപ്പെടുവിച്ച് ചുവടെ ചേർത്തിരിക്കുന്ന വിവിധ വകുപ്പുകളിലെ നിയമങ്ങൾ ഭേദഗതി വരുത്തിയിട്ടുണ്ട്:

- കേരള പഞ്ചായത്ത് രാജ് ആക്ട്, 1994
- കേരള മുനിസിപ്പാലിറ്റി ആക്ട്, 1994

- കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട്, 2013
- കേരള ഗ്രൗണ്ട് വാട്ടർ ആക്ട്, 2002
- കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട്, 1978
- കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960
- കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്, 1999

(സി) വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ തരത്തിൽ സാങ്കേതിക വിദ്യയും മറ്റും പ്രദാനം ചെയ്യുന്നതിന് കലാലയങ്ങളെയും ഗവേഷണ സ്ഥാപനങ്ങളെയും സജ്ജമാക്കുന്നതിനായി 'ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ്' പദ്ധതി സർക്കാർ പരിഗണനയിലാണ്.

(ഡി) എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നേരിട്ട് 'കെ സ്വാൻ' വഴി ബന്ധിപ്പിച്ചിട്ടുണ്ട്. റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം വരുന്ന താലൂക്ക് വ്യവസായ ഓഫീസുകളിലും ബന്ധപ്പെട്ട ഏജൻസികൾ വഴി 'കെ സ്വാൻ' കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

## മാവേലിക്കരയിലെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

139 (2337) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ താലൂക്കിൽ എത്ര ചെറുകിട വ്യവസായസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇവയ്ക്ക് നല്കിവരുന്ന സഹായങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ താലൂക്കിൽ ചെറുകിട വ്യവസായ പദ്ധതികൾ വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആകെ 3647 വ്യവസായ സ്ഥാപനങ്ങൾ മാവേലിക്കര താലൂക്കിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 290 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് മൂലധന സബ്സിഡി, കുറഞ്ഞ നിരക്കിൽ വൈദ്യുതി സഹായം, ഉല്പന്ന വിപണന സഹായം, ബാങ്ക് വായ്പ ലഭ്യമാക്കൽ എന്നിവ നല്കിവരുന്നുണ്ട്.

(ഡി) വ്യവസായ സെമിനാറുകൾ, വ്യവസായ ബോധവത്കരണ പരിപാടികൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം എന്നിവ നടത്തിവരുന്നു.

**പട്ടാമ്പി മണ്ഡലത്തിലെ വികസന പദ്ധതികൾ**

140 (2338) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ള വികസന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികളാണ് പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18 സാമ്പത്തിക വർഷമുൾപ്പെടെ പട്ടാമ്പി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് 3 സംരംഭകത്വ വികസന ബോധവത്കരണ പരിപാടികളും ഒരു താലൂക്ക്തല നിക്ഷേപക സംഗമവും നടത്തിയിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ തുടങ്ങുവാനായി 7 സംരംഭകർക്ക് കൊപ്പം വ്യവസായ വികസന പ്ലോട്ടിൽ 155 സെന്റ് സ്ഥലം അനുവദിച്ചുനൽകിയിട്ടുണ്ട്. സർക്കാരിന്റെ സംരംഭക സഹായ പദ്ധതി പ്രകാരം 2 പേർക്ക് 4,83,185 രൂപ സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രധാനമന്ത്രി എംപ്ലോയ്മെന്റ് ഗ്യാരണ്ടി പ്രോഗ്രാം മുഖേന 7 സംരംഭകർക്ക് 39,60,000 രൂപയുടെ സബ്സിഡി അധിഷ്ഠിത വായ്പ നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ 107 സംരംഭങ്ങൾ പുതുതായി ആരംഭിക്കുകയും 221.75 ലക്ഷം രൂപയുടെ നിക്ഷേപം വരികയും 305 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു.

## ഇൻഡസ്ട്രിയൽ ക്ലസ്റ്റർ

141 (2339) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികമായി പിന്നോക്ക പ്രദേശമായ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വലിയ തോതിൽ സർക്കാർഭൂമി ലഭ്യമായിട്ടും പൊതുമേഖലാ വ്യവസായങ്ങൾ ഒന്നും തന്നെ ആരംഭിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ ലഭ്യമായ ഭൂമിയിൽ ഒരു ഇൻഡസ്ട്രിയൽ ക്ലസ്റ്റർ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള 1000 ഏക്കർ ഭൂമി വ്യവസായ ആവശ്യത്തിന് ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇതിനായി 24-5-2017-ന് വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗ തീരുമാന പ്രകാരം ചീമേനിയിലെ 1000 ഏക്കർ ഭൂമി വ്യാവസായിക ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതാ പഠനം, അനുയോജ്യമായ വ്യവസായ സംരംഭങ്ങൾ, ലഭ്യമായ സൗകര്യങ്ങൾ എന്നിവ കണക്കിലെടുത്ത് ഒരു വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ പരിശോധന പൂർത്തിയായതിനുശേഷം റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം

142 (2340) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നിർമ്മാണസാമഗ്രികളുടെ ദൗർലഭ്യംമൂലം സർക്കാർ പദ്ധതികൾ ഉൾപ്പെടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാറയുടെയും മറ്റ് നിർമ്മാണ സാമഗ്രികളുടെയും ദൗർലഭ്യം പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) നിർമ്മാണ സാമഗ്രികൾ കൂടുതൽ ലഭ്യമാക്കുന്നതിന് വേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നതിനും അവിടെ നിന്ന്അവ എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിൽ നിർമ്മാണ സാമഗ്രികൾക്ക് ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാറയുടെയും മറ്റ് നിർമ്മാണ സാമഗ്രികളുടെയും ദൗർലഭ്യം പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്:

1. 5 ഹെക്ടറിനുതാഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതി കാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യേയും ജില്ലാതല അപഗ്രഥന സമിതി (DEAC)-യേയും പ്രവർത്തനക്ഷമമാക്കി.

2. ഒരുഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേക്ക് 22-6-2017-ലെ സ. ഉ. (പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാംഗ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുണ്ട്.

4. പാരിസ്ഥിതാകാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന ചട്ടം ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

6. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

7. തെരഞ്ഞെടുത്ത ഡാമുകളിൽ നിന്നും മണൽ/ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

8. അന്യസംസ്ഥാനത്തുനിന്നും വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(സി) അയൽ സംസ്ഥാനത്തുനിന്നും/വിദേശത്തുനിന്നും ധാതുക്കൾ കേരളത്തിലേയ്ക്ക് എത്തിക്കുന്നതിന് സർക്കാർ എല്ലാവിധ പ്രോത്സാഹനവും നൽകിവരുന്നു. മലേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്ത മണൽ വിൽപ്പന നടത്തുന്നതിന് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. അന്യസംസ്ഥാനത്ത് നിന്നും നിയമാനുസൃതം ധാതുക്കൾ കൊണ്ടുവരുന്നതിനും വിൽപ്പന നടത്തുന്നതിനും നിലവിൽ തടസ്സങ്ങളില്ല.

**പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ നടപടി**

143 (2341) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയിലാണെന്നതും പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബങ്ങൾ ദുരിതത്തിലാണെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് എന്തെങ്കിലും പഠനം ഈ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി മുൻസർക്കാരിന്റെ കാലത്ത് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിൽ ഇതിനകം ഏതൊക്കെ നടപ്പിലാക്കി എന്നും ശേഷിക്കുന്നവയുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്നും വിശദീകരിക്കാമോ;

(ഡി) ഖാദി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. ഗോപിനാഥൻ നായർ ചെയർമാനായുള്ള സമിതിയുടെ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിനും ഈ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) മുൻകാലങ്ങളിലെ ശിപാർശകളിൽ കാലാനുസൃതമായ പരിഗണനയോടെ നടപടികൾ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിലെ വ്യവസായങ്ങളുടെയും തൊഴിലാളികളുടെയും സംരക്ഷണത്തിന് 2016-17 വർഷം മുതൽ കൈത്തറി സ്കൂൾ യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവഴി നെയ്ത്ത് തൊഴിലാളികൾക്ക് തൊഴിലും സുരക്ഷയും കൂലിയും ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ട്.

കൈത്തറി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി തറി ആധുനികവൽക്കരണത്തിനുള്ള പദ്ധതി, നെയ്ത്തുകാർക്കുള്ള പ്രചോദന പരിപാടി, വിപണന പ്രോത്സാഹനത്തിനായി വില്പന പ്രദർശനങ്ങൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഹാന്റ്‍ലൂം മാർക്കിന്റെ പ്രചരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സ്കൂൾ യൂണിഫോം പദ്ധതി വരുംവർഷങ്ങളിൽ പൂർണ്ണതോതിൽ സജ്ജമാക്കുവാൻ സാധിക്കുന്ന തരത്തിൽ കൂടുതൽ നെയ്ത്തുകാരെ ഈ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഖാദി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. ഗോപിനാഥൻ നായർ ചെയർമാനായുള്ള സമിതിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഖാദി വ്യവസായ രംഗത്ത് ഉപയോഗപ്പെടുത്തുന്ന തൊഴിലുപകരണങ്ങൾ നവീകരിക്കുന്നതിനും മാറ്റിസ്ഥാപിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സർക്കാർ ധനസഹായം അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് കാലപ്പഴക്കം ചെന്ന ചർക്കകളും തറികളും മാറ്റിസ്ഥാപിക്കുകയും ഉല്പാദന സാമഗ്രികളും സെമി ഓട്ടോമാറ്റിക് ലൂമുകളും സ്ഥാപിക്കുകയും റെഡിമെയ്ഡ് വാർപ്പിംഗ് യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദി ഉല്പാദനത്തിനുള്ള പഴയ വർക്ക് ഷെഡുകൾ മാറ്റിസ്ഥാപിക്കുന്നതിനും പുതിയ

വർക്ക് ഷെഡ് സ്ഥാപിക്കുന്നതിനും പുതിയ തൊഴിലാളികൾക്ക് ഖാദി നെയ്ത്തിൽ പരിശീലനം നൽകുന്നതിനും ഖാദി സ്ഥാപനങ്ങൾക്ക് ഗോഡൗണുകൾ സ്ഥാപിക്കുന്നതിനും സിൽക്ക് നെയ്ത്ത് പ്രോത്സാഹനത്തിന് പദ്ധതി നടപ്പിലാക്കുന്നതിനും പ്രവർത്തന മൂലധനം കുറവായ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചു.

## നെടുമങ്ങാട് റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കാൻ നടപടി

144 (T*2342) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട്, അരുവിക്കര, വാമനപുരം, നെയ്യാറ്റിൻകര എന്നീ മലയോര മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് ഒരു റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം നെടുമങ്ങാട് ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് ആവശ്യമായ നടപടികൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കളിമൺപാത്ര നിർമ്മാണ മേഖല

145 (2343) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത തൊഴിലുകളിൽ പ്രമുഖസ്ഥാനം വഹിക്കുന്ന കളിമൺപാത്ര നിർമ്മാണത്തെ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പ്രസ്തുത കോർപ്പറേഷന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; മൂലധനം എത്രയാണെന്നും ഇതിലെ അംഗങ്ങൾ ആരെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) പുതിയ അധ്യയന വർഷം ആരംഭിക്കുമ്പോൾ കളിമൺ പാത്ര നിർമ്മാണ തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യമായി പഠന സാമഗ്രികൾ നൽകുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) കളിമൺപാത്ര നിർമ്മാണം പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് മൺപാത്ര നിർമ്മാണത്തിനാവശ്യമായ വായ്പകൾ ലഭ്യമാക്കുക, ആധുനികവൽക്കരണത്തിന് സഹായം നൽകുക, വിപണനത്തിന് ഔട്ട്ലെറ്റുകൾ ആരംഭിക്കുക, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക, മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്.

(സി&ഡി) കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് അംഗങ്ങളായി ഡോ. വേണു.വി, ഐ.എ.എസ്., ശ്രീ. കെ. എൻ. കുട്ടമണി, ശ്രീ. സുരേഷ് കുമാർ. പി.എൻ., ശ്രീമതി വനജകുമാരി അമ്മ. എസ്. എന്നിവരെ ഉൾപ്പെടുത്തി ഡയറക്ടർ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. മാനേജിംഗ് ഡയറക്ടറായി പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്. കോർപ്പറേഷന്റെ മൂലധനം ഒരു കോടി രൂപയാണ്. പ്രാരംഭഘട്ടത്തിലായ കോർപ്പറേഷന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആയതിനുശേഷം മാത്രമേ കോർപ്പറേഷൻ മുഖാന്തരം ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുകയുള്ളൂ.

## ഹെക്സാഡ് ബ്രൂവറീസ് ആന്റ് ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ്

146 (2344) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വാഴക്കുളം, മൂടിക്കൽ വ്യവസായ എസ്റ്റേറ്റിലെ ഹെക്സാഡ് ബ്രൂവറീസ് ആൻഡ് ഡിസ്റ്റലറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പ്രസ്തുത വ്യവസായ എസ്റ്റേറ്റിൽ ഭൂമി അനുവദിച്ചുനൽകിയത് എപ്പോഴാണ്;

(ബി) സ്ഥാപനത്തിന്റെ നിലവിലെ ഉടമ ആരാണെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥാപനത്തിന്റെയും നിലവിലെ ഉടമയുടെയും കൈവശമുള്ള വ്യവസായ എസ്റ്റേറ്റിലെ ഭൂമിയുടെ തീറാധാരം പ്രസ്തുത വ്യക്തിയുടെ പേരിൽ രജിസ്റ്റർ ചെയ്യണമെന്നാവശ്യപ്പെട്ട് അദ്ദേഹം എപ്പോഴാണ് സർക്കാരിന് അപേക്ഷ സമർപ്പിച്ചത്;

(ഡി) അദ്ദേഹം നൽകിയ അപേക്ഷ പ്രകാരം വ്യവസായ വകുപ്പ് നിർണ്ണയിച്ചു നൽകിയ ഹയർപർച്ചേസ് എഗ്രിമെന്റ് പ്രകാരമുള്ള തുക അദ്ദേഹം ഒടുക്കിയിട്ടുണ്ടോ; എപ്പോഴാണ് ഒടുക്കിയത്;

(ഇ) ആകെ എത്ര തുക ഈ ഇനത്തിൽ ഒടുക്കുകയുണ്ടായി ;

(എഫ്) വ്യവസായ വകുപ്പ് അധികൃതർ നിശ്ചയിച്ചുനൽകിയ തുക ഒടുക്കി എല്ലാവിധ ബാധ്യതകളും പൂർണ്ണമായും തീർത്ത് തീറാധാരം രജിസ്റ്റർ ചെയ്ത് നൽകുവാൻ അപേക്ഷ നൽകി നാലുവർഷമായിട്ടും അദ്ദേഹത്തിന് നീതി ലഭ്യമായിട്ടില്ല എന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ജി) പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലെ വാഴക്കുളം, മൂടിക്കൽ വ്യവസായ എസ്റ്റേറ്റിലെ കേരള ബ്രൂവറീസ് ആന്റ് ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പ്രസ്തുത വ്യവസായ എസ്റ്റേറ്റിൽ കെട്ടിടവും അതുനിൽക്കുന്ന ഭൂമിയും മാത്രം അനുവദിച്ചുനൽകിയത് വ്യവസായ വാണിജ്യ ഡയറക്ടറുടെ 27-2-1974-ലെ കെ. 6/87069/72 നമ്പർ ഉത്തരവ് പ്രകാരമാണ്.

(ബി) സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. പ്രിൻസ് പി. പട്ടാശ്ശേരിയും അദ്ദേഹത്തിന്റെ മക്കളായ ശ്രീ. പുന്നൂസ് കിരൺ, പ്രിൻസ് ശ്രീ. ജോസഫ് തരുൺ പട്ടാശ്ശേരി എന്നിവർ ഡയറക്ടർമാരുമാണ്.

(സി) 26-7-2016-ലാണ് വ്യവസായ വാണിജ്യ ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളത്.

(ഡി) ഹയർ പർച്ചേസ് എഗ്രിമെന്റ് പ്രകാരം സർക്കാരിലേക്ക് കുടിശ്ശിക വരുത്തിയ തുക ഒടുക്കുവാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പ്രിൻസ് പി. പട്ടാശ്ശേരി 20-3-2012-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പ്രകാരം കുടിശ്ശിക അടയ്ക്കുന്നതിന് 28-3-2012-ൽ അനുവാദം നൽകി. 2-3-2015-ലാണ് തുക ഒടുക്കിയത്.

(ഇ) 20,42,030 രൂപ ഒടുക്കിയിട്ടുണ്ട്.

(എഫ് & ജി) ഉണ്ട്. 2-7-1968-ലെ സ. ഉ. (കൈ) നമ്പർ 280/68/വ്യവ. പ്രകാരം വ്യവസായ ആവശ്യത്തിനായി അനുവദിച്ചിരുന്ന സ്ഥലം വിലയീടാക്കി പതിച്ചു നൽകുന്നതിന് പരിഗണിച്ചിരുന്നില്ല. ഷെഡ് നിർമ്മിച്ചു നൽകുന്നതിനുള്ള നിർദ്ദേശം മാത്രമാണ് പരിഗണിച്ചിരുന്നത്. ഈ സാഹചര്യത്തിൽ അപേക്ഷകൻ ആവശ്യപ്പെടുന്ന 1.65 ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നൽകുന്നത് സംബന്ധിച്ച് അപേക്ഷകനെ 13-10-2017-ൽ വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നേരിൽ കേട്ടതിനുശേഷം ഫയൽ റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

**മങ്കട വ്യവസായ സോൺ**

147 (2345) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ പുതുക്കിയ ബജറ്റിൽ മങ്കടയിൽ വ്യവസായ സോൺ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രഖ്യാപനത്തിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബജറ്റിൽ പരാമർശിച്ചിരുന്ന 5 ബൃഹത് വ്യവസായ സോണുകളുടെ രൂപീകരണത്തിന്റെ നിലവിലെ അവസ്ഥയെന്തെന്ന് വിശദമാക്കാമോ;

(സി) ഭൂമി കൈമാറുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമായി സംയോജിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മങ്കട വില്ലേജിൽ കിൻഫ്ര വ്യവസായ സോൺ സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പദ്ധതി ഭൂമി അനുയോജ്യമല്ലാത്തതിനാൽ സർക്കാർ ഉപേക്ഷിച്ചു.

(ബി&സി) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മറ്റ് ബൃഹത് വിവിധോദ്ദേശ്യ സോണുകൾ കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിലാണ്. ഇവയിൽ കണ്ണൂരും തൊടുപുഴയിലും അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ കിൻഫ്ര തുടരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ റവന്യൂ വകുപ്പുമായി ചേർന്ന് നടത്തിവരുന്നു.

## പ്രത്യേക സാമ്പത്തിക മേഖല

148 (2346) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക സാമ്പത്തിക മേഖല പ്രഖ്യാപനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് എന്തെല്ലാം സംഭാവനകളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രത്യേക സാമ്പത്തിക മേഖലയിലൂടെ ലക്ഷ്യമിട്ടിട്ടുള്ള അധിക സാമ്പത്തിക വളർച്ചയും അധിക തൊഴിൽ സൃഷ്ടിക്കലും നേടുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലയിലെ വ്യവസായ യൂണിറ്റുകൾക്ക് എന്തെല്ലാം നികുതി ഇളവുകളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മേഖലയിലെ ചില സ്ഥാപനങ്ങളിൽ നടക്കുന്ന തൊഴിലാളി വിരുദ്ധ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് വിദേശനിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് പ്രത്യേക സാമ്പത്തിക മേഖല (SEZ) പ്രഖ്യാപനത്തിന്റെ ലക്ഷ്യം. ഇതുവഴി 24 പ്രത്യേക സാമ്പത്തിക മേഖലകളിലായി 12303.77 കോടി രൂപയുടെ മൊത്തം നിക്ഷേപം ഉണ്ടാവുകയും 2017-18 സാമ്പത്തികവർഷത്തിൽ 31-12-2017 വരെ 17100 കോടി രൂപയുടെ കയറ്റുമതിയും കൂടാതെ 64559 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ട്.

(സി) 1. ഡോക്യുമെന്റ്സ് രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

2. പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള VAT/CST ഇളവ്.

3. GST Act 2017 പ്രകാരം സാധനങ്ങൾ സംഭരിക്കുന്നതിനുള്ള സീറോ റേറ്റ് ഡ്യൂട്ടി ഇളവ്.

4. ഇൻകം ടാക്സ് ആക്ടിന്റെ 10 എഎ പ്രകാരം SEZ യൂണിറ്റുകൾക്ക് ആദ്യത്തെ 5 വർഷം കയറ്റുമതി വരുമാനത്തിന്റെ 100 ശതമാനം വരുമാന നികുതിയിളവും അതിനടുത്ത 5 വർഷത്തേക്ക് 50 ശതമാനം നികുതിയിളവും ലഭിക്കും.

(ഡി) ഇതുസംബന്ധിച്ച് യാതൊരുവിധ പരാതികളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## റാന്നി റബ്ബർ പാർക്ക്

149 (2347) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി റബ്ബർ പാർക്ക് നിർമ്മാണം എന്നാണ് പ്രഖ്യാപിച്ചത്; ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ്; റാന്നി റബ്ബർ പാർക്കിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതെന്തുകൊണ്ടെന്നും വിശദമാക്കാമോ;

(ബി) റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ റാന്നിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന വ്യവസായ പാർക്ക് സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) കിൻഫ്രയും റബ്ബർ ബോർഡും സംയുക്തമായി റാന്നിയിൽ ഒരു റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് 22-5-2008-ലെ ജി. ഒ. (ആർടി.) 516/2008/ഐ.ഡി. നമ്പർ ഉത്തരവുപ്രകാരം കിൻഫ്രയ്ക്ക് അനുമതി ലഭിക്കുകയുണ്ടായി. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിന് നിയമതടസ്സങ്ങൾ ഉണ്ടെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നതിനാൽ റാന്നിയിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന റബ്ബർ പാർക്ക് വേണ്ടെന്ന് തീരുമാനിക്കുകയുണ്ടായി. എന്നാൽ പത്തനംതിട്ട ജില്ലയില മണിയാറിൽ 1000 ഏക്കർ ഭൂമി വ്യവസായ പാർക്ക് നിർമ്മിക്കുവാൻ ലഭ്യമാണെന്ന് സ്ഥലം എം.എൽ.എ. അറിയിച്ചതിനെത്തുടർന്ന് കിൻഫ്രയുടെ സാങ്കേതിക വിഭാഗം സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. 22-8-2017-ൽ നടന്ന യോഗത്തിൽ സ്ഥലം സർവ്വെ നടത്തുന്നതിനും അതിനായി പ്രത്യേകം സർവ്വെ ഏജൻസിയെ നിയമിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം സർവ്വെ നടത്തുന്നതിനുള്ള നടപടികൾ പത്തനംതിട്ട ജില്ലാ കളക്ടർ റവന്യൂ വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

## പൊതുമേഖലാ സ്ഥാപന മേധാവികളുടെ വിദേശ യാത്രകൾ

150 (2348) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്ക് ബിസിനസ് സംബന്ധമായതും വ്യക്തിപരവുമായ വിദേശയാത്രകൾക്ക് സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധമായി എന്തെങ്കിലും സർക്കുലറുകളോ സർക്കാർ ഉത്തരവുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കെൽട്രോണിന്റെ നിലവിലെ എം.ഡി.യും സംഘവും 17-12-2017 മുതൽ നടത്തിയ ചൈനാ സന്ദർശനത്തിന് സർക്കാർ അനുമതി നൽകിയിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇവരുടെ ചൈനാ സന്ദർശനത്തിന്റെ ഉദ്ദേശ്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾ വിദേശ യാത്രകൾക്ക് സർക്കാരിൽ അനുമതി തേടുമ്പോൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നുണ്ട്.

(ബി) ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.*

(സി) യാത്ര നടത്തിയതിനുശേഷം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(ഡി) ഇന്റൽ (INTEL), യു.എസ്.ടി. (US Technology) തുടങ്ങിയ കമ്പനികളുമായി സംസ്ഥാന സർക്കാർ, സെർവറുകൾ, ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ കേരളത്തിൽ നിർമ്മിക്കുന്നതിനും അതിനുള്ള നിർമ്മാണ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനെപ്പറ്റിയുള്ള പഠനം നടത്തുന്നതിനുമായി കരാർ ഒപ്പിടുകയുണ്ടായി. ചൈനയിലുള്ള ഇന്റലിന്റെ ഒറിജിനൽ ഡിസൈൻ മാനുഫാക്ച്ചറിംഗ് കമ്പനികളുടെ പ്രവർത്തനം, നിർമ്മാണ യൂണിറ്റ്, അസംബ്ലി സംവിധാനങ്ങൾ എന്നിവ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും അവ സംബന്ധിച്ച പഠനം നടത്തുന്നതിനും കെൽട്രോൺ യൂണിറ്റിൽ നിലവിലുള്ള സൗകര്യങ്ങളും സംവിധാനങ്ങളും മെച്ചപ്പെടുത്തുന്നതിനുമാണ് കെൽട്രോൺ എം.ഡി.-യും അസിസ്റ്റന്റ് മാനേജരും ചൈന സന്ദർശിച്ചത്.

**മഞ്ചേശ്വരം -അനന്തപുരം വ്യവസായ പാർക്ക്**

151 (2349) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം - അനന്തപുരം വ്യവസായ വികസന ഏരിയയിലെ വ്യവസായ പാർക്കിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത പാർക്കിന്റെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി നാല് കോടി രൂപയുടെ പ്രൊപ്പോസൽ നൽകിയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി സമർപ്പിച്ചിട്ടുള്ള ശിപാർശ അടുത്ത വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്**

152 (2350) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിലൂടെ എത്ര പേർക്ക് തൊഴിലവസരം ലഭിച്ചിട്ടുണ്ട്;

(സി) ഔഷധ വ്യവസായങ്ങളെയും പ്ലാസ്റ്റിക് വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയതായി പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കിൻഫ്ര പാർക്ക് കാക്കഞ്ചേരിയുടെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിൽ ഒരു അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഇതിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 100000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ബഹുനില കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി കിൻഫ്ര ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതിയുടെ രണ്ടാംഘട്ട വികസനം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ തൊഴിലവസരം സംബന്ധിച്ച വ്യക്തത വരികയുള്ളൂ.

(സി) ആയുർവ്വേദ മേഖലയുടെ വികസനം ലക്ഷ്യമാക്കി തിരുവനന്തപുരം ജില്ലയിൽ ഒരു ഗ്ലോബൽ ആയുർവ്വേദ വില്ലേജ് സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഈ പദ്ധതി 2 ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഇതിന്റെ

ആദ്യഘട്ടമായി തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ 7.48 ഏക്കർ ഭൂമിയിലും രണ്ടാംഘട്ടത്തിൽ വർക്കല 63.25 ഏക്കർ ഭൂമിയിലുമാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. കൂടാതെ എറണാകുളം ജില്ലയിൽ ഒരു ഫാർമാ പാർക്ക് സ്ഥാപിക്കുവാനും കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. പരിസ്ഥിതി സൗഹാർദ്ദമായ, പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങളെ നിലവിലുള്ള വ്യവസായ പാർക്കുകളിൽ പ്രോത്സാഹിപ്പിക്കുന്ന ഒരു നയമാണ് കിൻഫ്ര സ്വീകരിച്ചുവരുന്നത്.

## വെറ്റിലപ്പാറയിൽ അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക്

153 (2351) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ എക്സ് സർവ്വീസ്മെൻ സഹകരണ കോളനിയുടെ 10 ഏക്കർ സ്ഥലത്ത് വ്യവസായ വകുപ്പിനുകീഴിൽ അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് സംയുക്തസംരംഭമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 19-1-2018-ന് ചാലക്കുടി പി.ഡബ്ല്യു.ഡി. ഗസ്റ്റ് ഹൗസിൽ വച്ച് തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ചാലക്കുടി എം.എൽ.എ., ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, അതിരപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ, മുകുന്ദപുരം ഉപജില്ലാ വ്യവസായ വികസന ഓഫീസർ, ചാലക്കുടി വ്യവസായ വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ഈ പ്രോജക്ടിനെ സംബന്ധിച്ച് ചർച്ച നടത്തിയിട്ടുള്ളതും തുടർ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

## ഖനന സംബന്ധമായ പ്രശ്നങ്ങൾമൂലം അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ

154 (2352) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖനന സംബന്ധമായ പ്രശ്നങ്ങൾമൂലം സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ വൈവിധ്യവൽക്കരിച്ച് തുറക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം ഇപ്രകാരം തുറന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ കരിന്തളം ലാറ്ററൈറ്റ് യൂണിറ്റ് 2015 ഫെബ്രുവരി 9 മുതൽ തദ്ദേശവാസികളുടെ എതിർപ്പുമൂലം പ്രവർത്തനരഹിതമാണ്. കമ്പനിയുടെ പഴയങ്ങാടി ചൈനാക്ലേ യൂണിറ്റിന്റെ പ്രവർത്തനവും നിർത്തിവച്ചിരിക്കുകയാണ്.

(ബി) കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനക്കായി സമർപ്പിക്കുവാൻ ടി സ്ഥാപനം നടപടികൾ സ്വീകരിച്ചുവരുന്നു.

**ആസിഡ് ന്യൂട്രലൈസേഷൻ പ്ലാന്റ്**

155 (2353) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടി.ടി.പി.യിൽ സ്ഥാപിതമായ ആസിഡ് ന്യൂട്രലൈസേഷൻ പ്ലാന്റ് ഇപ്പോൾ പൂർണ്ണമായും പ്രവർത്തിപ്പിക്കുന്നുണ്ടോ;

(ബി) പ്ലാന്റിന്റെ പ്രവർത്തനത്തിന് എന്തെങ്കിലും പോരായ്മകൾ ഉണ്ടോ; വിശദാംശം നൽകുമോ;

(സി) ന്യൂട്രലൈസേഷൻ പ്ലാന്റിന്റെ മുടക്കുമുതൽ എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തിരുവനന്തപുരം ടി.ടി.പി.-യിൽ സ്ഥാപിതമായ ആസിഡ് ന്യൂട്രലൈസേഷൻ പ്ലാന്റ് ഇപ്പോൾ പൂർണ്ണമായും പ്രവർത്തിപ്പിക്കുന്നുണ്ട്.

(ബി) കരാർ പ്രകാരമുള്ള നിശ്ചിത പ്രവർത്തനഫലങ്ങൾ ഇതുവരെയും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അതിനുള്ള ശ്രമങ്ങൾ തുടരുകയാണ്. കരാർ ഏറ്റെടുത്ത വി.എ.ടെക് വബാഗ് എന്ന കമ്പനിക്കെതിരെ ഇക്കാര്യത്തിൽ ആർബിട്രേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇതുവരെ 37.42 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങൾ

156 (2354) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണ്. അവ നേരിടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരവും വർദ്ധിച്ചു വരുന്ന ഉല്പാദന ചെലവുകളും അതിജീവിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിലനിൽക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ പ്രവർത്തനമികവിനുള്ള കാരണങ്ങൾ നേരിട്ട് മനസ്സിലാക്കുവാൻ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകൾക്ക് അവസരം നൽകുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശദമായ അവലോകനത്തിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കി വിപണനത്തിനനുയോജ്യമായ ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിലുണ്ടായ കാലതാമസം, മെഷീനറികളുടെ കാലപ്പഴക്കം എന്നിവ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരവും വർദ്ധിച്ച ഉലപ്പാദനച്ചെലവുകളും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികളുടെ പ്രവർത്തനം മത്സരക്ഷമമാകുവാൻ കഴിയാത്തതും മതിയായ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുമാണ് മിക്ക സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണങ്ങൾ. മാറി മാറി വരുന്ന സാങ്കേതികവിദ്യയുടെ ഫലമായി വിപണനത്തിനനുയോജ്യമായ പുതിയ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കാത്തതും വിപണിയുടെ വിപുലീകരണത്തിനായുള്ള ശ്രമങ്ങളുടെ അഭാവവും സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിരുന്നു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരത്തെ അതിജീവിച്ചുകൊണ്ട് സ്ഥാപനങ്ങളെ കൂടുതൽ മത്സരക്ഷമതയുള്ളവയാക്കുന്ന

തിനുവേണ്ടി ഉൽപ്പാദനസംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുന്ന തിനുള്ള നടപടകൾ സർക്കാർ സ്വീകരിച്ചുകഴിഞ്ഞു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. കൂടാതെ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരികയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്ന തിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതി നോടൊപ്പം അതത് മേഖലകളിലുള്ള വിദഗ്ദ്ധരുൾപ്പെട്ട കമ്മിറ്റികളുടെ സേവനവും ലഭ്യമാക്കി വരുന്നു. കൃത്യതയോടെയുള്ള പ്രവർത്തന അവലോകനത്തിന്റെ ഫലമായി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി ലാഭം വർദ്ധിപ്പിച്ച് നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചു. കൂടാതെ സ്ഥാപനങ്ങളിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന നവീകരണ വിപുലീകരണ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ സ്ഥാപനങ്ങൾക്ക് സ്ഥിരതയാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്. സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കും അത്യാവശ്യമുള്ള പ്രവർത്തന മൂലധന സഹായത്തിനും കൂടുതൽ ബഡ്ജറ്റ് വിഹിതം അനുവദിക്കുക വഴി പദ്ധതി പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനമികവിനുള്ള കാരണങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലെ മേധാവികൾക്ക് നേരിട്ട് മനസ്സിലാക്കുന്നതിനുള്ള സാഹചര്യം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

## ലാഭത്തിലായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

157 (2355). ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടത്തിൽനിന്ന് കരകയറിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിലായിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ടെൽക്ക്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷം ലാഭത്തിലായി.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(Rs. crore)

| Sl. No. | Company | Net profit/Loss | |
|---|---|---|---|
| | | 2015-16 | 2016-17 (Prov) |
| 1 | Travancore Titanium Products Ltd. | -4.47 | 8.53 |
| 2 | Travancore - Cochin Chemicals Ltd. | -7.37 | 6.33 |
| 3 | Traco Cable Company Ltd. | -9.70 | 1.52 |
| 4 | Transformers and Electricals Kerala Ltd. | -14.79 | 1.06 |
| 5 | Steel and Industrial Forgings Ltd. | -0.77 | 2.14 |
| Total | | -37.10 | 19.58 |

## നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

158 (2356) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

മുൻസർക്കാരിന്റെ കാലത്ത് 2015-16 സാമ്പത്തിക വർഷത്തെ കണക്കുകൾ അനുസരിച്ച് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 32 പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കെൽട്രോണിന്റെ പ്രവർത്തനം**

159 (2357) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ 2011-2017 കാലയളവിലെ പ്രവർത്തന നേട്ടം എന്തെല്ലാമാണ് വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ കെൽട്രോണിന്റെ ഓരോ വർഷത്തെയും മൊത്തം വിറ്റുവരവ് എത്ര തുകയായിരുന്നുവെന്നും ലാഭം/നഷ്ടം ഓരോ വർഷത്തെയും എത്രയായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിന്റെ മൊത്തം വിറ്റുവരവ് എത്രയായിരുന്നുവെന്നും ഇക്കാലയളവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചിരുന്നത് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) നിലവിലെ കെൽട്രോൺ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത കെൽട്രോണിന്റെ ബിസിനസുകൾ കുറയുന്നതിനും തദ്വാര പ്രവർത്തനം നഷ്ടത്തിലാക്കുന്നതിനും കാരണമായിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ഇ) എങ്കിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് കെൽട്രോണിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും ലാഭത്തിലാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെൽട്രോണിന്റെ 2011-2017 കാലയളവിലെ പ്രവർത്തന നേട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കെൽട്രോണിന്റെ 2011-2017 കാലയളവിലെ വിറ്റുവരവ്, ലാഭം/നഷ്ടം എന്നിവ താഴെപ്പറയുന്ന പ്രകാരമാണ്:

| വർഷം | വിറ്റുവരവ് (രൂപ - കോടിയിൽ ) | ലാഭം/നഷ്ടം (രൂപ - കോടിയിൽ) |
|---|---|---|
| 2011-12 | 296.32 | 9.08 |
| 2012-13 | 306.44 | 14.37 |
| 2013-14 | 311.80 | 5.38 |
| 2014-15 | 295.23 | 12.95 |
| 2015-16 | 410.26 | 13.81 |
| 2016-17 | 380.00 | 7.27 (പ്രൊവിഷണൽ) |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നത് 2016 മേയിലാണ്. 2016-17 സാമ്പത്തിക വർഷത്തിലെ മൊത്തം വിറ്റുവരവ് 380 കോടി രൂപയും പ്രൊവിഷണൽ കണക്കുകൾ പ്രകാരം പ്രസ്തുത സാമ്പത്തിക വർഷത്തിലെ ലാഭം 7.27 കോടി രൂപയുമാണ്. 2017-18 ഡിസംബർ വരെയുള്ള വിറ്റുവരവ് 203 കോടി രൂപയാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

**ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി**

160 (2358) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിക്കായി നാളിതുവരെ എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും എത്ര കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചുവെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം നഷ്ടപ്പെടുന്നവർക്ക് നൽകുവാൻ തീരുമാനിച്ചിട്ടുള്ള സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ഏഴ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കിലോമീറ്ററാണ്. ഇതിൽ 503 കിലോമീറ്ററിലും 6(1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയിൽ (ഇന്ത്യ) ലിമിറ്റഡ് കൈമാറിയിട്ടുള്ളതാണ്.

കേരളത്തിലൊട്ടുക്കും ഇതുവരെയായി 107 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. ഉപയോഗാവകാശം ഏറ്റെടുത്ത ഭൂമിയിലെ ചമയങ്ങൾക്കും വിളകൾക്കും ഭൂമിയുടെ വിലയായും 56,49,17,663 രൂപ നഷ്ടപരിഹാരമായി നൽകിക്കഴിഞ്ഞു.

(ബി) കണ്ണൂർ ജില്ലയിലെ പൈപ്പ് ലൈനിന്റെ മൊത്തം നീളം 83 കിലോമീറ്ററാണ്. മൊത്തം കിലോമീറ്ററിലും 3(1),6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ഭൂമിയുടെ ഉപയോഗാവകാശം ഗെയിൽ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചനാമ തയ്യാറാക്കുന്ന നടപടികൾ ഏകദേശം പൂർത്തിയായി ക്കഴിഞ്ഞു. ഭൂമിയിലെ വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരമായി 15,15,79,493.00 രൂപ കോംപീറ്റന്റ് അതോറിറ്റി പാസ്സാക്കിക്കഴിഞ്ഞു. ഇതിൽ 6,83,67,307 രൂപ ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി നൽകിക്കഴിഞ്ഞു. കൈവശാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് ബാക്കി വരുന്ന നഷ്ട പരിഹാരത്തുകയും പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും.

(സി) കാർഷിക വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിലേക്കായി പി. & എം.പി. ആക്ട് റൂൾ 4 പ്രകാരം കോംപീറ്റന്റ് അതോറിറ്റി വിവിധ സർക്കാർ ഏജൻസികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വിലവിവരപ്പട്ടിക സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ നെൽവയലുകൾക്കുള്ള നഷ്ടപരിഹാരം സെന്റ് ഒന്നിന് 3761 രൂപ നിരക്കിൽ നൽകിവരുന്നു.

ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിക്ക് ഭൂമിയുടെ വിലയായി പി. & എംപി. ആക്ട്, 1962 സെക്ഷൻ 10 (4) പ്രകാരം ഭൂമിയുടെ 3(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയതിക്ക് ഉണ്ടായിരുന്ന മാർക്കറ്റ് വിലയുടെ 10% നൽകേണ്ടതാണ്. എന്നാൽ ഈ നഷ്ടപരിഹാരം വളരെ കുറഞ്ഞുപോയി എന്ന പരാതി ഉയർന്നതിനാൽ കേരള സർക്കാർ നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കി. ആയതിൻപ്രകാരം ഭൂമിയുടെ നഷ്ടപരിഹാരമായി പൈപ്പ് ലൈൻ സ്ഥാപിച്ച 10 മീറ്റർ ഭൂമിയുടെ നിലവിലുള്ള 100 ശതമാനം ന്യായവിലയും നൽകി

വരുന്നു. കൂടാതെ 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ പൈപ്പ് ലൈൻ വിന്യസിച്ചതിനുശേഷം ROU 2 മീറ്ററായി ചുരുക്കുകയും 5 ലക്ഷം രൂപ ആശ്വാസധനമായി നഷ്ടപരിഹാരം നൽകുന്നതാണ്.

## ഗെയിൽ പൈപ്പ് ലൈൻ പദ്ധതി

161 (2359) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ഗെയിൽ പൈപ്പ്‌ലൈൻ പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ ഭൂമി സർവ്വെ നടത്തുന്നതും പൈപ്പ്‌ലൈൻ പ്രവൃത്തി നടത്തുന്നതും ഭൂവുടമകളുടെ മുൻകൂർ അനുവാദത്തോടെയാണോ; ഇതിനുവേണ്ടി ഭൂവുടമകൾക്ക് മുൻകൂർ നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജനവാസ മേഖലയിലൂടെ ഹൈപ്രഷർ ട്രാൻസ്മിഷൻ ലൈനുകൾ സ്ഥാപിക്കുന്നത് Petroleum & Mineral Pipelines (P&MP) Act, 1962 പ്രകാരം അനുവദനീയമല്ലെന്നത് ഗെയിൽ പൈപ്പ്‌ലൈൻ പദ്ധതിക്കും ബാധകമല്ലേയെന്ന കാര്യം വിശദമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം പൈപ്പ്‌ലൈൻ സ്ഥാപിക്കുമ്പോൾ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഭൂമി, കാർഷിക വിളകൾ, മരങ്ങൾ തുടങ്ങിയവയ്ക്ക് പ്രത്യേകം നഷ്ടപരിഹാരമുണ്ടോ; നഷ്ടപരിഹാരത്തിന്റെ നിരക്ക്, ഭൂമിയിൽ പ്രവൃത്തി നടക്കുന്നതിനുമുമ്പായി ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുമോ തുടങ്ങിയ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) നിർദ്ദിഷ്ട ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ ഭാഗമായി 3(1) ഗസറ്റ് പ്രസിദ്ധീകരിച്ചതിനുശേഷം അതത് സർവ്വേ നമ്പരിലുള്ള ഭൂവുടമകൾക്ക് നോട്ടീസ് നൽകുകയും കൂടാതെ പൊതുജനങ്ങളുടെ അറിവിലേക്കായി അതത് താലൂക്ക് വില്ലേജ് ഓഫീസിലെ നോട്ടീസ് ബോർഡിൽ പതിപ്പിക്കുയും ചെയ്തിട്ടുള്ളതാണ്. ഇതിൻപ്രകാരം തർക്കം ഉന്നയിച്ചിട്ടുള്ള ഭൂവുടമകളെ കോംപീറ്റന്റ് അതോറിറ്റി ഹിയറിംഗിനായി വിളിക്കുകയും പരാതിയിന്മേൽ ഉചിതമായ തീരുമാനമെടുക്കുകയും ചെയ്യുന്നു. ഇതിനുശേഷം 6(1) ഗസറ്റ് വിജ്ഞാപനത്തിനായി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുക്കുന്നു. 6(1) ഗസറ്റ് വിജ്ഞാപനമാകുന്നതോടുകൂടി ഭൂമിയുടെ ഉപയോഗാവകാശം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നു.

(ബി) 1962-ലെ ആക്ടിലെ എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പാലിച്ചുകൊണ്ടാണ് ഗെയിൽ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുന്നതും പൈപ്പ് ലൈൻ വിന്യസിക്കുന്നതും, പ്രസ്തുത ആക്ടിലെ സെക്ഷൻ 7 പ്രകാരം പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാവുന്നതാണ്. മാത്രവുമല്ല ജനവാസ മേഖലയിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനോ വീടുകൾക്ക് അടുത്തുകൂടി പൈപ്പിടുന്നതിനോ യാതൊരു നിയമ തടസ്സവുമില്ലെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വകുപ്പ് 7 നിർവ്വചിച്ചുകൊണ്ട് 12-7-2017-ാം തീയതിയിലെ WPC 15412/2017-ാം നമ്പർ കേസ്സിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്.

(സി) ഉപയോഗാവകാശം ഏറ്റെടുത്തിട്ടുള്ള 20 മീറ്റർ ഭൂമിയിലെ കാർഷിക വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിലേക്കായി പി. & എം. പി. ആക്ട് &റൂൾ 4 പ്രകാരം കോംപീറ്റന്റ് അതോറിറ്റി വിവിധ സർക്കാർ ഏജൻസികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വിലവിവരപ്പട്ടിക സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിക്കുകയും ചെയ്യുന്നു.

ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിക്ക് ഭൂമിയുടെ വിലയായി പി. & എം.പി. ആക്ട്, 1962 സെക്ഷൻ 10(4) പ്രകാരം ഭൂമിയുടെ 3(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയതിക്ക് ഉണ്ടായിരുന്ന മാർക്കറ്റ് വിലയുടെ 10% നൽകേണ്ടതാണ്. എന്നാൽ ഈ നഷ്ടപരിഹാരം വളരെ കുറഞ്ഞുപോയി എന്ന പരാതി ഉയർന്നതിനാൽ കേരള സർക്കാർ നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കി. ആയതിൻപ്രകാരം ഭൂമിയുടെ നഷ്ടപരിഹാരമായി പൈപ്പ് ലൈൻ സ്ഥാപിച്ച 10 മീറ്റർ ഭൂമിയുടെ നിലവിലുള്ള 100 ശതമാനം ന്യായവിലയും നൽകിവരുന്നു.

ഭൂമിയുടെയും വിളകളുടേയും നഷ്ടപരിഹാരം പി. &എം.പി. ആക്ട് പ്രകാരം പണി ആരംഭിച്ചതിനുശേഷം കണക്കാക്കി ഭൂവുടമയ്ക്ക് നൽകുന്നതാണ്.

## കെ.ഇ.എൽ.-ൽ തസ്തികമാറ്റ നിയമനം

162 (2360) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഇ.എൽ.-ന്റെ എടരിക്കോട് യൂണിറ്റിൽ അൺസ്കിൽഡ് വർക്കറായി ജോലി ചെയ്തു വരുന്ന അബ്ദുൾഗഫൂറിന്റെ തസ്തിക മാറ്റി നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി ജമീല പുള്ളിച്ചോല, കൊട്ടക്കോടൻ (വീട്), ആമയൂർ സമർപ്പിച്ച നിവേദനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പക്ഷാഘാത ബാധിതനായ പ്രസ്തുത വ്യക്തിക്ക് തസ്തിക മാറ്റി നൽകുന്നതിൽ നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(സി) അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് വർക്ക് അറേഞ്ച്മെന്റിൽ നിയമിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ - സി) ശ്രീ. കെ. അബ്ദുൾ ഗഫൂറിന്റെ ഭാര്യയുടെ അപേക്ഷ പരിഗണിച്ച് എടരിക്കോട് യൂണിറ്റിൽ ജോലി ചെയ്യുന്ന ശ്രീ. കെ. അബ്ദുൾ ഗഫൂറിനെ അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ആരോഗ്യ സ്ഥിതി കണക്കിലെടുത്ത് താൽക്കാലികമായി ആറുമാസത്തിൽ കവിയാതെ ഓഫീസിൽ അവിദഗ്ദ്ധ ജോലികളിൽ ഉപയോഗപ്പെടുത്തുവാൻ എടരിക്കോട് യൂണിറ്റിലെ ജനറൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**റാന്നി ഉതിമൂട്ടിൽ അപ്പാരൽ പാർക്ക്**

163 (2361) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഉതിമൂട്ടിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് എത്ര സ്ഥലമാണ് ലഭിച്ചിട്ടുള്ളത്; എന്നാണ് ഇത് ലഭിച്ചത്; എത്ര തുക വീതമാണ് വാർഷിക പാട്ടമായി സർക്കാരിൽ അടയ്ക്കുന്നത്; ഇതേവരെ എത്ര തുക ഈ ഇനത്തിൽ സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(ബി) ഭൂമി ലഭിച്ച് നാളിതുവരെയായിട്ടും അപ്പാരൽ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാതിരിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) പാട്ടക്കരാർ വ്യവസ്ഥ പ്രകാരം കരാർ ലംഘനമുണ്ടായാൽ പാട്ടഭൂമി സർക്കാരിലേക്ക് തിരിച്ച് നൽകണമെന്നിരിക്കേ മറ്റേതെങ്കിലും വ്യവസായം ഇവിടെ ആരംഭിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിനായി ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. 1-3-2011-ലെ സ. ഉ. (എംഎസ്.) നമ്പർ 135/2011/റവന്യൂ പ്രകാരമാണ് പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് 30 വർഷത്തെ പാട്ടത്തിന് നൽകിക്കൊണ്ട് ഉത്തരവായത്.

ഇതിനായി പാട്ടത്തുക ഇനത്തിൽ 24,856 രൂപയാണ് ത്രിവർഷ പാട്ടത്തുകയായി 2011-12, 2012-13, 2013-14, 2014-15, 2015-16, 2016-17 & 2017– 18 വർഷങ്ങളിൽ സർക്കാരിൽ അടച്ചത്. ഇതിന്റെ തീയതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<table>
<tr><th>വർഷം</th><th>തീയതി</th></tr>
<tr><td>2011-12</td><td>8-8-2011</td></tr>
<tr><td>2012-13</td><td>23-7-2012</td></tr>
<tr><td>2013-14</td><td rowspan="3">6-6-2015</td></tr>
<tr><td>2014-15</td></tr>
<tr><td>2015-16</td></tr>
<tr><td>2016-17</td><td>22-3-2016</td></tr>
<tr><td>2017-18</td><td>15-4-2017</td></tr>
</table>

(ബി) കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ലെന്നും തയ്യൽ തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും പദ്ധതിയാണ് അവിടെ യോജിച്ചതെന്നും 17-7-2014-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിലയിരുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് റൂറൽ അപ്പാരൽ പാർക്ക് എന്ന പദ്ധതി മാറ്റിയത്.

(സി&ഡി) പ്രസ്തുത ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സ്ഥലം എം.എൽ.എ.-യുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് 5000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഫാക്ടറി കെട്ടിട സമുച്ചയം നിർമ്മിക്കാമെന്നും ധാരണയായി. ഇതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ കിൻഫ്ര പൂർത്തീകരിച്ചുവരുന്നു.

## കിൻഫ്രയുടെ പ്രവർത്തനങ്ങൾ

164 (2362) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; സംസ്ഥാനത്തിന്റെ വ്യവസായ മേഖല പുഷ്ടിപ്പെടുത്തുന്നതിനായി കിൻഫ്ര ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) മലപ്പുറം കാക്കംഞ്ചേരിയിലെ കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(സി) തൃശ്ശൂർ പുഴയ്ക്കലിലെ കിൻഫ്ര പാർക്കിൽ വിവരസാങ്കേതിക അധിഷ്ഠിതമായ സേവന മേഖലയിൽ എന്തൊക്കെ പ്രത്യേക സൗകര്യങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ വ്യവസായ മേഖല പുഷ്ടിപ്പെടുത്തുന്നതിനായി കിൻഫ്ര ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

മെഗാഫുഡ് പാർക്ക്, പാലക്കാട്

ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്

ഐ.ടി./ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം- രണ്ടാംഘട്ട വികസനം

ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം

പെട്രോകെമിക്കൽ പാർക്ക്, എറണാകുളം

സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി

അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്

അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴയ്ക്കൽ, തൃശ്ശൂർ

കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം

ഫാർമാ പാർക്ക്, എറണാകുളം

കിൻഫ്ര പാർക്ക്, കാക്കഞ്ചേരി-രണ്ടാംഘട്ട വികസനം

ജെം & ജ്വവലറി പാർക്ക്, പുഴയ്ക്കൽ

ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, എറണാകുളം

വിവിധോദ്ദേശ്യ സോണുകൾ- കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ്

(ബി) ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില കെട്ടിടം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനമാരംഭിച്ചു.

(സി) തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കലിൽ 30 ഏക്കർ സ്ഥലത്ത് 10 ഏക്കർ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിനും 10 ഏക്കറിൽ പൊതുവായ വ്യവസായ പാർക്കിനും 10 ഏക്കറിൽ സ്വർണ്ണ അധിഷ്ഠിത വ്യവസായങ്ങൾക്കുമായാണ് വിഭാവന ചെയ്തിട്ടുള്ളത്.

കിൻഫ്ര സ്ഥാപിക്കുന്ന അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിൽ ഒന്നാംഘട്ടം എന്ന നിലയ്ക്ക് ഒരു ലക്ഷം ചതുരശ്ര അടിയുള്ള ബഹുനില ഫാക്ടറി കെട്ടിടമാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഐ.ടി./ഐ.ടി. അധിഷ്ഠിത വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾക്കായാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

**കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

165 (2363) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേക്കായി ഒരു കയറ്റുമതി നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കയറ്റുമതി ലക്ഷ്യമാക്കിയുള്ള വ്യവസായങ്ങൾക്ക് ഉണർവ് നൽകുന്നതിനായി രൂപീകരിച്ച സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം എയർ കാർഗോവഴി കയറ്റുമതി ചെയ്ത പഴവർഗ്ഗങ്ങൾക്കുള്ളിൽ കെറ്റമിൻ എന്ന മയക്കുമരുന്നുകൂടി കയറ്റിഅയച്ച സ്ഥാപനത്തിനെതിരെ വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ചെറുകിട ഇടത്തരം സൂക്ഷ്മ സംരംഭങ്ങളെ ആഗോള വിപണയിൽ പരിചയപ്പെടുത്തി വിപണിസാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ബിസ്സിനസ് ടു ബിസ്സിനസ് (ബി2 ബി)

മീറ്റുകൾ, ഹോട്ടൽ ടെക്, ഫുഡ് ഹോസ്പിറ്റാലിറ്റി വേൾഡ്, പ്രോ ഫുഡ് പ്രൊ പാക്ക്, ഇന്ത്യ ഇന്റർനാഷണൽ മെഗാ ട്രേഡ് ഫെയർ, കേരള കൾച്ചറൽ ട്രേഡ് ഫെയർ, ആഹാർ തുടങ്ങിയ ദേശീയ/അന്തർദ്ദേശീയ മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ കരട് വാണിജ്യ നയത്തിൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി നയം രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും അതിനായി അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായാണ് സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി രൂപീകരിച്ചത്. ഇത് 9-2-2017-ലെ ജി. ഒ (ആർടി.) നമ്പർ 210/2017/ഐ.ഡി. പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം എയർ കാർഗോ ടെർമിനൽവഴി നടക്കുന്ന എല്ലാ കയറ്റുമതി ഇറക്കുമതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സാധനങ്ങളുടെ ശാസ്ത്രീയമായ പരിശോധനയും നിയമനടപടികളും കൈക്കൊള്ളുന്നത് സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് & കസ്റ്റംസ് വിഭാഗമാണ്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ഇതിനാവശ്യമായ അടിസ്ഥാന സൗകര്യം നൽകുകയെന്ന പരിമിതമായ പങ്കുമാത്രമേ വഹിക്കുന്നുള്ളൂ.

## ക്വാറി ഉൽപ്പന്നങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് നടപടി

166 (T*2364) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ക്വാറി ഉൽപ്പന്നങ്ങൾക്ക് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവൃത്തികൾക്ക് ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ക്വാറി ഉൽപ്പന്നങ്ങൾ യഥാസമയം ലഭ്യമാകാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന് ഗവൺമെന്റ് കരാറുകാരിൽനിന്നും ഫൈൻ ഈടാക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാറയുടെയും മറ്റ് നിർമ്മാണ സാമഗ്രികളുടെയും ക്ഷാമം പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്:

1. 5 ഹെക്ടറിനുതാഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യേയും ജില്ലാതല അപഗ്രഥന സമിതി (DEAC)-യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേക്ക് 22-6-2017-ലെ സ. ഉ. (പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാംഗ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുമുണ്ട്.

4. പാരിസ്ഥിതാകാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ക്വാറി ഉല്പന്നങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നതിനാൽ ഈ വിഷയത്തിൽ അടിയന്തര നടപടികൾ നിലവിൽ ആവശ്യമുള്ളതായി സർക്കാർ കരുതുന്നില്ല.

## ക്വാറി ഉൽപ്പന്നങ്ങളുടെയും നിർമ്മാണ സാമഗ്രികളുടെയും ദൗർലഭ്യം

167 (2365) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വാറി ഉല്പന്നങ്ങളും മറ്റ് നിർമ്മാണ സാമഗ്രികളും ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലൊരു സാഹചര്യം സംജാതമാകുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉല്പന്നങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ക്വാറി ഉൽപ്പന്നങ്ങളും മറ്റ് നിർമ്മാണ സാമഗ്രികളും ഡിമാന്റിനനുസരിച്ച് ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2-12-2016- ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവുപ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതാകാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതാകാനുമതി ഉൾപ്പെടെയുള്ള ലൈസൻസുകൾ നിർബന്ധമാക്കിയ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന ക്വാറികൾക്കും ഖനനം നിർത്തേണ്ടിവന്നു. ചെങ്കൽ ക്വാറികൾക്കും ടി നിബന്ധനകൾ ബാധകമായതിനാൽ ഇത്തരം ക്വാറികളും പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ഇക്കാരണങ്ങൾകൊണ്ടാണ് ക്വാറി ഉൽപ്പന്നങ്ങൾക്കും നിർമ്മാണ സാമഗ്രികൾക്കും ദൗർലഭ്യം നേരിടുന്നത്.

(സി) പാറയുടെയും മറ്റ് നിർമ്മാണ സാമഗ്രികളുടെയും ദൗർലഭ്യം പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്:

1. 5 ഹെക്ടറിനുതാഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യേയും ജില്ലാതല അപഗ്രഥന സമിതി (DEAC) യേയും പ്രവർത്തനക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേക്ക് 22-6-2017-ലെ സ. ഉ. (പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാംഗ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുണ്ട്.

4. പാരിസ്ഥിതാകാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.)-യുടെ റിപ്പോർട്ട് പ്രകാരം തൃശ്ശൂർ ജില്ലയിലെ കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതിക്കായി അപേക്ഷ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കോഴിക്കോട്, മലപ്പുറം ജില്ലകളിൽകൂടി പഠനം നടത്തുന്നതിന് ഈ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

6. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപപത്രം ആവശ്യമാണെന്ന ചട്ടം ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

7. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

8. തെരഞ്ഞെടുത്ത ഡാമുകളിൽനിന്നും മണൽ/ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

9. അന്യസംസ്ഥാനത്തുനിന്നും/വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്.

## മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് റോയൽറ്റിയും പിഴയും ഒടുക്കുന്നതിനായി നൽകിയ നോട്ടീസ്

168 (2366) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പഴയകാലത്ത് എടുത്തിട്ടുള്ള കരിങ്കല്ലിന്റെ അളവുകൂടി കണക്കിലെടുത്ത് സ്ഥലം ഉടമസ്ഥരായ സാധാരണക്കാരുടെ പേരിൽ ഭാരിച്ച റോയൽറ്റിയും പിഴയും ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥലം ഉടമകളായ സാധാരണക്കാർക്ക് ഇങ്ങനെ ചുമത്തിയിട്ടുള്ള തുക അടയ്ക്കാനുള്ള സാമ്പത്തിക ശേഷി ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വർഷങ്ങളായി വകുപ്പിന്റെ പരിഗണനയിലുള്ള പ്രസ്തുത വിഷയങ്ങളിൽ മാനുഷികമായ തീർപ്പ് കൽപ്പിച്ചുകൊടുക്കുന്നതിനുള്ള നടപടി പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) അനധികൃതമായി ഖനനം നടത്തിയിട്ടുള്ള സ്ഥലങ്ങളിൽ ചട്ടപ്രകാരം സർക്കാരിന് ലഭിക്കേണ്ട തുക ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഡിമാന്റ് നോട്ടീസ് ലഭിച്ചവർക്ക് പരാതിയുണ്ടെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. 8-7-2013-ലെ സുപ്രീംകോടതി വിധി പ്രകാരം മലബാർ മേഖലയിലെ ധാതുക്കളിന്മേലുള്ള അവകാശം ഭൂവുടമകൾക്കാണ്. ധാതുക്കൾ ഖനനം ചെയ്യുന്നതിന് സർക്കാരിന് റോയൽറ്റി നൽകണമോയെന്ന വിഷയം സുപ്രീംകോടതിയുടെ ഫുൾ ബഞ്ചിന്റെ പരിഗണനയിലാണ്. പ്രസ്തുത കേസ്സിൽ അന്തിമ വിധി പുറപ്പെടുവിച്ചാൽ മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

## കെട്ടിട നിർമ്മാണ സാമഗ്രികൾ

169 (2367) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ സാമഗ്രികൾക്കുണ്ടായിട്ടുള്ള വമ്പിച്ച വിലവർദ്ധനവ് നിർമ്മാണമേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിനായി ചെറുകിട ധാതുകളുടെ ഖനനത്തിൽ പൊതുമേഖലാ സ്ഥാപന ങ്ങളുടെ ഇടപെടൽ നടത്തിയിട്ടുണ്ടോ;

(സി) മണലിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റുന്നതിനായി ആഴക്കടൽ മണൽ ഖനനം ആരംഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത ജോലി നിർവഹിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ആഴക്കടൽ മണൽ ഖനനം പരിസ്ഥിതിക്ക് ഹാനികരമാണോ എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് മണലിന് ക്ഷാമം ഉണ്ടായപ്പോൾ സിഡ്കോവഴി മണൽ വിദേശത്തുനിന്നും ഇറക്കുമതി ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

(എഫ്) മലേഷ്യയിൽനിന്നും കപ്പൽമാർഗ്ഗം മണൽ കൊണ്ടുവരുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ചില കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വിലവർദ്ധനവ് ഉണ്ടായിട്ടുള്ള സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) നാളിതുവരെ ആഴക്കടൽ മണൽ ഖനനം അനുവദിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) മണൽ ഇറക്കുമതി ചെയ്യുന്നതിനായി മെസ്സേഴ്സ് ലിങ്ക് ലാന്റ് എന്ന സ്ഥാപനവുമായി കരാർ ഉണ്ടാക്കിയിരുന്നുവെങ്കിലും കരാർ പ്രകാരം മണൽ ഇറക്കുമതി ചെയ്യാതിരുന്നതിനാൽ ടി കരാർ റദ്ദ് ചെയ്യുകയാണുണ്ടായത്.

(എഫ്) 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 107 പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഉൾപ്പെടെയുള്ള ചെറുകിട ധാതുക്കൾ ആർക്കും കേരളത്തിലേക്ക് അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. ഇതിനായി പ്രത്യേക സർക്കാർ അനുമതിയുടെ ആവശ്യമില്ല. എന്നാൽ ഇപ്രകാരം ഇറക്കുമതി ചെയ്ത മണൽ സംസ്ഥാനത്ത് സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള ഡീലേഴ്സ്

ലൈസൻസ് ആവശ്യമാണ്. ഇപ്രകാരം മലേഷ്യയിൽനിന്നും കേരളത്തിലേക്ക് 88,807 ടൺ മണൽ 2017-18-ൽ ഇറക്കുമതി ചെയ്തിട്ടുള്ളതും ആയതിന് മൈനിംഗ് & ജിയോളജി വകുപ്പ് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുള്ളതുമാണ്.

## അനധികൃത ക്വാറികളുടെ നിയന്ത്രണം

170 (T*2368) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനധികൃത ക്വാറികളും ക്രഷറുകളും നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മൈനിംഗ് & ജിയോളജി വകുപ്പിന്റെ കാര്യക്ഷമതക്കുറവും പരിസ്ഥിതി, റവന്യൂ, ആഭ്യന്തരം, എന്നീ വകുപ്പുകളുടെ ഏകോപനമില്ലായ്മയും അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതിന് ഇടയാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനധികൃത ക്വാറികളും ക്രഷറുകളും കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശമനുസരിച്ച് ടി ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ച് അനധികൃത പ്രവർത്തനങ്ങൾ നിർത്തിവയ്പിച്ചുവരുന്നുണ്ട്. 2-12-2016-ന് മുമ്പ് കേരളത്തിൽ 2500-ഓളം ക്വാറികൾ പ്രവർത്തിച്ചിരുന്നു. നിലവിൽ 600-ൽ താഴെ ക്വാറികൾ മാത്രമേ കേരളത്തിൽ പ്രവർത്തിക്കുന്നുള്ളൂ.

(ബി) ഇല്ല. അനധികൃത ഖനന പ്രവർത്തനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ഖനന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിനും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കാര്യക്ഷമമായി തന്നെ മൈനിംഗ് & ജിയോളജി വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. അനധികൃത ഖനനവും കടത്തും തടയുന്നതിന് റവന്യൂ, പോലീസ് ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി, റവന്യൂ, ആഭ്യന്തരം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്ക്വാഡും ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കരിങ്കൽ ക്വാറി ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ നടപടി

171 (2369) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് പോലുള്ള വലിയ ഭവന നിർമ്മാണ പദ്ധതികൾക്കും കിഫ്ബി മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾക്കും മറ്റുമായി കരിങ്കല്ലിനും കരിങ്കൽ ക്വാറി ഉല്പന്നങ്ങൾക്കും വലിയതോതിൽ ആവശ്യകതയുണ്ട് എന്നത് കണക്കിലെടുത്ത് പ്രസ്തുത ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കരിങ്കൽ, കരിങ്കൽ ക്വാറി ഉൽപ്പന്നങ്ങൾ എന്നിവയുടെ ക്ഷാമം പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 2-12-2016-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. അഞ്ച് ഹെക്ടറോ അതിനുതാഴെയോ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയിൽ നിന്നുമാണ് പാരിസ്ഥിതികാനുമതി കരസ്ഥമാക്കേണ്ടത്. അഞ്ച് ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്നുമാണ് പാരിസ്ഥിതികാനുമതി കരസ്ഥമാക്കേണ്ടത്. ടി അതോറിറ്റികളുടെ പ്രവർത്തനം ദ്രുതഗതിയിലാക്കി പാരിസ്ഥിതികാനുമതികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (Simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ. ഉ. (പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാംഗ്ചറി എന്നിവയുടെ അതിർത്തിയിൽ

നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുമുണ്ട്. പാരിസ്ഥിതി കാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കരിങ്കല്ലിന്റെയും കരിങ്കൽ ക്വാറിയിലെ ഉല്പന്നങ്ങളുടെയും ലഭ്യത നിയമപരമായി ഉറപ്പുവരുത്തുന്നതിന് സർക്കാർ സത്വര നടപടി സ്വീകരിച്ചു വരുന്നു.

## ക്വാറികൾക്ക് പ്രവർത്തനാനുമതി

172 (2370) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായനയം നിലവിൽവന്നോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധതരം വലുതും, ചെറുതുമായ ക്വാറികളെ നിയന്ത്രിക്കുന്നതും പ്രവർത്തനാനുമതി നൽകുന്നതുമായ പുതിയനിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിവരിക്കുമോ;

(സി) ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നത് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ തിരിച്ചാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ക്വാറി നടത്തുന്നതിന് നിയമപ്രകാരം മിനിമം എത്ര ഏക്കർ ഭൂമിയാണ് വേണ്ടത്; ആയത് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ തിരിച്ചാണോ കണക്കാക്കുന്നത്; വിവരിക്കുമോ;

(ഇ) ക്വാറി നടത്താനുള്ള ലൈസൻസിനായി, അതാത് സ്ഥലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണോ അപേക്ഷ നൽകേണ്ടത്; ക്വാറി നടത്താൻ ഏതൊക്കെ സ്ഥാപനങ്ങളിലെ എൻ.ഒ.സി. ആവശ്യമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) പഞ്ചായത്ത് പരിധിയിൽ വരുന്ന ക്വാറി നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തേക്കുള്ള റോഡിന് മിനിമം എത്ര വീതി വേണമെന്നാണ് അനുശാസിക്കുന്നത്; വിശദമാക്കുമോ;

(ജി) പഞ്ചായത്ത് മേഖലകളിൽ ക്വാറി നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് ചുറ്റും എത്ര ദൂരപരിധിക്കുള്ളിൽ വാസഗൃഹങ്ങൾ പാടില്ലെന്നാണ് നിയമം അനുശാസിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ വ്യവസായ നയം നിലവിൽവന്നിട്ടില്ല. കരട് 'വ്യവസായ നയം-2017' സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ചെറുകിട ധാതുക്കളെ സംബന്ധിച്ച ചെറുതും വലുതുമായ ക്വാറികളെ നിയന്ത്രിക്കുന്നതിനും പ്രവർത്തനാനുമതി നൽകുന്നതിനുമായി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015, കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) റൂൾസ്, 2015 എന്നീ നിയമങ്ങൾ സർക്കാർ നിർമ്മിച്ചിട്ടുണ്ട്.

(സി) ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നത് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ തിരിച്ചല്ല. ക്വാറി പ്രവർത്തനം നടത്തുന്നതിന് റവന്യൂ അതിർത്തികളും ബാധകമാക്കിയിട്ടില്ല. എന്നിരുന്നാലും ജില്ലാ തലത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ഓഫീസുകൾ ഉള്ളതിനാൽ അതത് ജില്ലകളിലെ അനുമതി ജില്ലാ ഓഫീസുകളാണ് നൽകി വരുന്നത്. രണ്ട് ജില്ലകളിൽ ഉൾപ്പെടുന്ന ഒരു സ്ഥലത്തേക്ക് ക്വാറിയിംഗ് ലീസ് നൽകാൻ പാടില്ല എന്നും വ്യവസ്ഥയില്ല.

(ഡി) ഒരു വർഷം വരെയുള്ള ഹ്രസ്വകാല ഖനന പെർമിറ്റുകൾ ഒരു ഹെക്ടറിൽ താഴെ വരുന്ന സ്ഥലത്തേക്കാണ് അനുവദിക്കുന്നത്. സ്ഥലം ഒരു ഹെക്ടറും അതിൽ കൂടുതലും ആണെങ്കിൽ പന്ത്രണ്ട് വർഷം വരെ കാലാവധിയുള്ള ദീർഘകാല ക്വാറിയിംഗ് ലീസുകൾ അനുവദിക്കുന്നു. കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ തിരിച്ചല്ല അനുമതി നൽകുന്നത്.

(ഇ) ഖനനാനുമതിക്കായി മൈനിംഗ് & ജിയോളജി വകുപ്പിലാണ് അപേക്ഷ നൽകേണ്ടത്. ക്വാറി പ്രവർത്തിപ്പിക്കുന്നതിന് താഴെ വിവരിക്കുന്ന ലൈസൻസുകൾ ആവശ്യമാണ്:

1. മൈനിംഗ് & ജിയോളജി വകുപ്പിന്റെ ക്വാറിയിംഗ് പെർമിറ്റ്/ ക്വാറിയിംഗ് ലീസ്.
2. തദ്ദേശഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ഡി & ഒ ലൈസൻസ്.
3. എക്സ്പ്ലോസീവ് ലൈസൻസ്.
4. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസെന്റ്.
5. പരിസ്ഥിതി ക്ലിയറൻസ്.
6. റവന്യൂ പുറമ്പോക്കിൽ ഖനനം ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ എൻ.ഒ.സി.

(എഫ്) റോഡിന്റെ മിനിമം വീതി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015-ൽ പരാമർശിച്ചിട്ടില്ലാത്തതാണ്.

(ജി) 50 മീറ്ററിനുള്ളിൽ വാസഗൃഹം പാടില്ല എന്നാണ് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥ.

## ക്രഷർ/ക്വാറി ഉൽപ്പന്നങ്ങളുടെ വിലവർദ്ധന

173 T* (2371) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രഷർ/ക്വാറി ഉൽപ്പന്നങ്ങൾക്ക് തുടർച്ചയായി വിലവർദ്ധന വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ വില നിയന്ത്രണത്തിനുള്ള സംവിധാനം ഉണ്ടാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്രഷർ/ക്വാറി ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് ക്രഷർ/ക്വാറി ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് പ്രത്യേകിച്ച് സംവിധാനം നിലവിലില്ല. 2-12-2016-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് നടപ്പാക്കിയതിന്റെ ഭാഗമായി ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്ത് ക്രഷർ/ക്വാറി ഉൽപ്പന്നങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടുണ്ട്. ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനും പാരിസ്ഥിതികാനുമതിക്കായി അപേക്ഷിക്കുവാൻ കൂടുതൽ ആളുകളെ പ്രാപ്തരാക്കുന്നതിനും സത്വര നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. പാരിസ്ഥിതികാനുമതി കരസ്ഥമാക്കി ക്വാറികൾ പ്രവർത്തിച്ചുതുടങ്ങുമ്പോൾ കരിങ്കൽ ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിച്ച് വില നിയന്ത്രിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് പ്രശ്നപരിഹാരത്തിനുള്ള നടപടികൾ എടുക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## യുവ വീവ് പദ്ധതി

174 (2372) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കളെ നെയ്ത്ത് വ്യവസായത്തിലേയ്ക്ക് ആകർഷിക്കുന്നതിന് യുവ വീവ് പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗക്കാരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) പദ്ധതി നടത്തിപ്പിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, ഹാൻഡ് ലൂം സൊസൈറ്റികൾ എന്നിവയുടെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. യുവവീവ് പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 18-നും 40-നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങളെ പുതുതായി നെയ്ത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ളതാണ് യുവവീവ് പദ്ധതി. കുടുംബശ്രീയുടെ സഹായത്തോടെ തെരെഞ്ഞെടുക്കുന്ന 500 പേരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതും പദ്ധതി നടത്തിപ്പും ജില്ലാ വ്യവസായകേന്ദ്രം, കുടുംബശ്രീ എന്നിവയുടെ സംയുക്ത നേതൃത്വത്തിലാണ് നടത്തുന്നത്. സ്റ്റൈപന്റോടുകൂടി പരിശീലനം നൽകുകയും തറി സൗജന്യമായി ലഭ്യമാക്കുകയും തുടർന്ന് തൊഴിൽ അവസരം ഉറപ്പുവരുത്തുന്നതിനുമാണ് യുവ വീവ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

(ഡി) യുവ വീവ് പദ്ധതിക്കായി ഈ വർഷം 3 കോടി 92 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## സെറിഫെഡിനുകീഴിലുള്ള സിൽക്ക് റീലിംഗ് യൂണിറ്റുകളുടെ പ്രവർത്തനം

175 (2373) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിന്റെകീഴിലുള്ള കാസർഗോഡ് ജില്ലയിലെ ഉദുമ മൈലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റിന്റെയും ആലപ്പുഴ പട്ടണക്കാട് സിൽക്ക് റീലിംഗ് യൂണിറ്റിന്റെയും പ്രവർത്തനം 2016 മുതൽ നിശ്ചലമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എന്ന് മുതലുള്ള വേതനമാണ് കുടിശ്ശികയായിട്ടുള്ളത്;

(സി) 2016-നുശേഷം പ്രസ്തുത തൊഴിലാളികൾക്ക് എന്തെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനും കുടിശ്ശിക ശമ്പളം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; സെറിഫെഡിന്റെ ലിക്വിഡേഷനെതിരെയുള്ള കേസിന്റെ കോടതിവിധിയെ തുടർന്ന് സെറിഫെഡ് പുനർരൂപീകരണത്തിന് ഉത്തരവാകുകയും കാസർഗോഡ് ജില്ലയിലെ ഉദുമ, മൈലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റിന്റെയും ആലപ്പുഴ പട്ടണക്കാട് സിൽക്ക് റീലിംഗ് യൂണിറ്റിന്റെയും നടത്തിപ്പ് ചുമതല സർക്കാർ ഉത്തരവ് പ്രകാരം ഖാദി ബോർഡിൽനിന്നും സെറിഫെഡിന് 20-1-2016-ൽ കൈമാറിയിട്ടുണ്ട്. തുടർന്ന് സെറിഫെഡിന്റെ പ്രവർത്തനങ്ങൾ നിർജ്ജീവമാകുകയും സാമ്പത്തിക ബാധ്യത നിമിത്തം പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ ഉദുമ, മൈലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റിൽ 2016 മാർച്ച് മാസം വരെ ഖാദി ബോർഡ് വേതനം നൽകിയിരുന്നു. ശേഷം സെറിഫെഡിനുകീഴിൽ 2016 ഏപ്രിൽ മുതലും ആലപ്പുഴ പട്ടണക്കാട് സിൽക്ക് റീലിംഗ് യൂണിറ്റിൽ 2016 ഫെബ്രുവരി മുതലുമുള്ള വേതനമാണ് കുടിശ്ശികയായിട്ടുള്ളത്.

(സി) ഉണ്ട്; 2016-ലും 2017-ലും ഓണത്തിന് ഉത്സവബത്ത നൽകിയിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡിന്റെ (സെറിഫെഡ്) പുനഃസംഘടന സാധ്യമാകുന്നമുറയ്ക്കെ പ്രസ്തുത യൂണിറ്റുകൾ പുനരാരംഭിക്കുന്നതും കുടിശ്ശിക ശമ്പളം അനുവദിക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ പരിഗണിക്കാനാകൂ.

**കരകൗശല മേഖലയുടേയും പരമ്പരാഗത മേഖലയുടെയും പുനരുദ്ധാരണം**

176 (2374) ശ്രീ. പി. ടി. തോമസ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തനതായ കരകൗശലമേഖലയും പരമ്പരാഗത മേഖലയും ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയുടെ പുനരുദ്ധാരണത്തിനും നിലനിൽപ്പിനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) കരകൗശല വസ്തുക്കൾക്ക് കമ്പോളം കണ്ടെത്തുന്നതിന് ടൂറിസം വകുപ്പുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതികൾ വിജയപ്രദമാണോ;

(ഡി) കരകൗശല മേഖലയ്ക്ക് ടൂറിസം മേഖലയിൽ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ടൂറിസം സീസണിൽ പ്രത്യേക സംവിധാനങ്ങൾ ഒരുക്കുമോ?

ഉത്തരം

(എ) തനതായ കരകൗശല മേഖലയും പരമ്പരാഗത മേഖലയും സംരക്ഷിക്കുന്നതിനായി ഉചിതമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) പരമ്പരാഗത മേഖലയുടെ പുനരുദ്ധാരണത്തിനും അവയെ സംരക്ഷിക്കുന്നതിനുമായി ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് വർഷം മുഴുവൻ ജോലി ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഒന്ന് മുതൽ അഞ്ച് വരെയുള്ള ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്ക് രണ്ട് ജോഡി കൈത്തറി

യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഇതിന് ആവശ്യമായ തുണി വിവിധ ജില്ലകളിലെ കൈത്തറി സംഘങ്ങളിൽ നെയ്ത് തയ്യാറാക്കുകയും ചെയ്തു. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ സ്കൂൾകുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുകയെന്നതിന് പുറമെ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലവസരം നൽകുവാനും സാധിച്ചു. ഒരു വീട്ടിൽ ഒരു തറി പദ്ധതി, വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതി, മികച്ച കൈത്തറി ഉൽപ്പന്നങ്ങൾക്കുള്ള ഉല്പാദന സഹായം എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കിവരുന്നു. കരകൗശല വികസന കോർപ്പറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പ്രദർശന വിപണന മേളകൾ സംഘടിപ്പിച്ചുവരുന്നു. ക്രാഫ്റ്റ്സ് അവയർനെസ് പ്രോഗ്രാമുകൾ, ഡിസൈൻ ഡെവലപ്മെന്റ് വർക്ക്ഷോപ്പുകൾ എന്നിവ കരകൗശല വികസന കോർപ്പറേഷൻ സംഘടിപ്പിച്ചുവരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലാസ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/പ്രീ-പ്രോസസിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മുളക്കൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ മിനിമം വേതന പദ്ധതി, നൂൽപ് തൊഴിലാളികൾക്ക് ഇൻസെന്റീവ് പദ്ധതി, വായ്പ പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു. ഉല്പാദനോപാധികളുടെ ആധുനികവൽക്കരണവും നടന്നുവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി കേരള കാഷ്യൂബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

കയർമേഖലയിൽ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം, അടിസ്ഥാന സൗകര്യവികസനത്തിനായി ധനസഹായം, വിപണി വികസന സഹായം, കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, ഉല്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, ചകിരി ഉല്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ വഹിക്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് സ്കീം, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

(സി) കരകൗശല വസ്തുക്കൾക്ക് കമ്പോളം കണ്ടെത്തുന്നതിനായി ടൂറിസം വകുപ്പുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടൂറിസം വകുപ്പുമായി ചേർന്ന് കരകൗശല കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കരകൗശല വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. കേരള ടൂറിസം പ്രൊമോഷനുമായി ചേർന്ന് കെ.റ്റി.ഡി.സി.-യുടെ പ്രധാനപ്പെട്ട നക്ഷത്ര ഹോട്ടലുകളിലും റിസോർട്ടുകളിലും കരകൗശല ഉൽപ്പന്നങ്ങളുടെ സുവനീർ ഷോപ്പുകൾ തുടങ്ങാനുള്ള പദ്ധതി കാഡ്കോ ആവിഷ്കരിച്ചിട്ടുണ്ട്. കെ.ടി.ഡി.സി.-യുടെ കുമരകത്തും ചെന്നൈയിലുമുള്ള ഹോട്ടലുകളിൽ കരകൗശല ഉൽപ്പന്നങ്ങളുടെ ഔട്ട്ലെറ്റുകൾ കാഡ്കോ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കരകൗശലത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനത്തിനും ക്രാഫ്റ്റ് ടൂറിസം എന്ന പദ്ധതിയെ അടിസ്ഥാനപ്പെടുത്തി ടൂറിസം വകുപ്പിന്റെകീഴിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളാറിൽ ഒരു ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽ കുടിലുകൾ നിർമ്മിച്ച് കേരളത്തിന്റെ തനതായ കരകൗശല വിദ്യകളും കൈത്തൊഴിലുകളും ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വിദഗ്ദ്ധർതന്നെ നേരിട്ട് പ്രദർശിപ്പിക്കുകയും ഇത്തരം ഉല്പന്നങ്ങൾ ആഭ്യന്തര വിദേശ ടൂറിസ്റ്റുകൾക്കും വിപണനം ചെയ്യുവാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി.

(ഡി) കോഴിക്കോട് ജില്ലയിലെ ഇരിങ്ങലിൽ കരകൗശല ഉല്പന്നങ്ങളുടെ പ്രദർശന വിപണനത്തിനായി ടൂറിസം വകുപ്പിന്റെ സഹായത്തോടെ ഇരിങ്ങൽ ക്രാഫ്റ്റ് മേള സംഘടിപ്പിക്കുന്നു. കേരളത്തിന്റെ തനതായ കരകൗശല വസ്തുക്കൾ, കൈത്തറി വസ്ത്രങ്ങൾ, കലാരൂപങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു. ഈ മേഖലയിലെ ആർട്ടിസാൻമാരെ ഒരുമിച്ച് കൊണ്ടുവരുവാനും അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമുള്ള

അവസരം ഈ മേളകൾ ഒരുക്കുന്നു. വിശേഷാവസരങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടത്തിവരുന്ന പ്രദർശന വിൽപ്പന മേളകളിൽ കരകൗശല ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അവസരം ഒരുക്കുന്നുണ്ട്.

കരകൗശല മേഖലയിലെ തൊഴിലാളികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി കരകൗശല വികസന കോർപ്പറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ, ഗാന്ധിശില്പ ബസാറുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ഇവയിലൂടെ ആർട്ടിസാൻമാരുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ വിപണനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു. കൂടാതെ കരകൗശല കലാകാരന്മാരുടെ ഉന്നമനത്തിനുവേണ്ടി രാജ്യത്തുടനീളം അവരെ പങ്കെടുപ്പിച്ചുകൊണ്ട് കോർപ്പറേഷന്റെ വിപണനശാഖയായ കൈരളി വഴി എക്സിബിഷനുകൾ നടത്തിവരുന്നു. കോർപ്പറേഷൻ സംഘടിപ്പിക്കുന്ന കരകൗശല എക്സിബിഷനുകളിലൂടെ ഇടത്തട്ടുകാരെ കൂടാതെ തങ്ങളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും വിപണിയിലെ പുതിയ ആവശ്യങ്ങൾക്കനുസൃതമായി തങ്ങളുടെ കരവിരുത് പ്രദർശിപ്പിക്കുന്നതിനും ആർട്ടിസാൻമാർക്ക് സഹായകരമാകുന്നു. കരകൗശല മേഖലയിലെ കലാകാരൻമാരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനായി സുരഭിയുടെ ആഭിമുഖ്യത്തിൽ ടൂറിസം വാരാഘോഷം നടക്കുന്ന അവസരങ്ങളിൽ ലൈവ് ഡെമോൺസ്ട്രേഷൻ നടത്തിവരുന്നു.

## കായികതാരങ്ങളെ അന്താരാഷ്ട്ര മത്സരങ്ങൾക്ക് യോഗ്യരാക്കുന്നതിനുള്ള സംവിധാനം

177 (2375) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിവുള്ള കായികതാരങ്ങളെ കണ്ടെത്തി മികച്ച പരിശീലനം നൽകി അന്താരാഷ്ട്ര മത്സരങ്ങൾക്ക് യോഗ്യരാക്കുന്നതിനായി നിലവിൽ എന്ത് സംവിധാന മാണുള്ളത്;പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനരീതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) നിലവിലെ സംവിധാനത്തിന് പോരായ്മകൾ ഉണ്ടോയെന്ന് പരിശോധിക്കുമോ;

(സി) സംസ്ഥാനത്തിന്റെ കായികപരിശീലന സംവിധാനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്നതിന് കേരളീയ കായിക താരങ്ങളെ സജ്ജരാക്കുന്നതിനായി അത്‍ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ്ബോൾ എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ മികച്ച പ്രതിഭയുള്ള അത്‍ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന വിദഗ്ദ്ധ പരിശീലനം നൽകുന്നതിനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

നിലവിൽ തൃപ്രയാർ (വോളിബോൾ), മുണ്ടയാട് (ബാസ്കറ്റ്ബോൾ) എൽ.എൻ.സി.പി.ഇ. (അത്‍ലറ്റിക്സ്), എറണാകുളം (ഫെൻസിംഗ്) എന്നീ കേന്ദ്രങ്ങളിലായാണ് പരിശീലനം നടന്നുവരുന്നത്. പ്രസ്തുത സ്കീമിൽ പരിശീലനത്തിനാവശ്യമായ മികച്ച രീതിയിലുള്ള കായിക ഉപകരണങ്ങൾ, വിദഗ്ദ്ധ പരിശീലകരുടെ സേവനം ഉൾപ്പെടെ ആധുനിക നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും വിദേശ പരിശീലകരുടെ പരിശീലനവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) സംസ്ഥാനത്തിന്റെ കായിക പരിശീലന സംവിധാനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പരിശീലകർക്ക് റിഫ്രഷ്മെന്റ് കോഴ്സുകൾ സംഘടിപ്പിക്കുന്നുണ്ട്.

## കുട്ടനാട് നിയോജകമണ്ഡലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് നടപടി

178 (2376) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിന്നോക്ക മണ്ഡലമായ കുട്ടനാട് നിയോജകമണ്ഡലത്തിലെ പതിമൂന്ന് പഞ്ചായത്തുകളിൽ ഒരിടത്തുപോലും കളിസ്ഥലങ്ങൾ ഇല്ലാത്തതിനാൽ അടിയന്തര പരിഗണന നൽകി മണ്ഡലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ; വ്യക്തമാക്കുമോ ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

## കായികമേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ

179 (2377) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായികമേഖലയെ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ അന്താരാഷ്ട്ര നിലവാരമുള്ള താരങ്ങളെ വാർത്തെടുക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ ലക്ഷ്യത്തിനായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) കേരളത്തിലെ കായിക മേഖലയെ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ അന്താരാഷ്ട്ര നിലവാരമുള്ള താരങ്ങളെ വാർത്തെടുക്കുന്നതിനുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ്.

1. എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ

2. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

1. അത്‌ലറ്റിക്സ് - എലൈറ്റ് അത്‌ലറ്റിക്സ് ട്രെയിനിംഗ് സെന്റർ

കേരളത്തിലെ മികച്ച പ്രതിഭയുള്ള അത്‌ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്കീമിന്റെ ഭാഗമായി 13 കായിക താരങ്ങളെ തെരഞ്ഞെടുത്ത്, എൽ.എൻ.സി.പി.ഇ. കാര്യവട്ടം പരിശീലന സെന്ററിൽ പരിശീലനം നൽകിവരുന്നു. അന്തർദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. പ്രസ്തുത സെന്ററിൽ പരിശീലനം നേടിവരുന്ന മുഹമ്മദ് അനസും അനിൽഡ തോമസും റിയോ ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിക്കുകയുണ്ടായി.

2. <u>വോളിബോൾ - ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ</u>

കേരളത്തിലെ ഏറ്റവും മികച്ച പ്രതിഭയുള്ള വോളിബോൾ താരങ്ങളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായി തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിൽ ഒരു വോളിബോൾ അക്കാഡമി സ്ഥാപിച്ചിട്ടുണ്ട്. 18 കായിക താരങ്ങളെ തെരഞ്ഞെടുത്ത് മികച്ച രീതിയിലുള്ള പരിശീലനം നൽകിവരുന്നു. പ്രസ്തുത സ്കീമിൽ പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ, മികച്ച പരിശീലകരുടെ സേവനം ഉൾപ്പെടെ ആധുനിക നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്.

3. <u>ഫെൻസിംഗ്</u>

എലൈറ്റ് ഫെൻസിംഗ് സ്കീമിൽ അഞ്ച് കായിക താരങ്ങളെ തെരഞ്ഞെടുത്ത് കൊച്ചി കടവന്ത്ര ആർ.എസ്.സി.-യിൽ മികച്ച രീതിയിലുള്ള പരിശീലനം നൽകി വരുന്നു.

4. <u>ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി</u>

2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ പതിനൊന്ന് കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി". ഏകദേശം 225 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) നിലവിൽ പരിഗണനയിലില്ല.

## അന്തർദേശീയ നിലവാരത്തിലുള്ള സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ

180 (2378) ശ്രീ. എം. വിൻസെന്റ് :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർദേശീയ നിലവാരത്തിലുള്ള സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിനായുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കേരള കായിക ക്ഷമതാ മിഷൻ രൂപീകരണം ഏത് ഘട്ടത്തിലാണ്; ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സ്പോർട്സ് ഡയറക്ടറേറ്റും, സ്പോർട്സ് കൗൺസിലും സംയോജിപ്പിക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) 2016-17 സാമ്പത്തിക വർഷം ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 19 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 11 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 2016-17-ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ഏഴ് സ്റ്റേഡിയങ്ങളുടെ നിർമ്മാണം കൂടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയൂർ, ഫറോഖ് ഗണപതി എന്നീ സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം,

തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗരസഭാ സ്റ്റേഡിയങ്ങൾ എന്നിവയേയും പ്രത്യേക നിക്ഷേപപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസെപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പാലക്കാട് കോട്ടായി എച്ച്.എസ്.എസ്. ഗ്രൗണ്ട്, കണ്ണമ്പ്ര പഞ്ചായത്ത് ഗ്രൗണ്ട് എന്നിവിടങ്ങളിൽ വിവിധോദ്ദേശ്യ കായിക അടിസ്ഥാന സൗകര്യ നിർമ്മാണ ത്തിനായി പത്ത് കോടി രൂപയും തൃശ്ശൂർ കുന്നംകുളം ജി.എച്ച്.എസ്.എസ്. സ്റ്റേഡിയം നവീകരണത്തിനായി അഞ്ച് കോടി തൊണ്ണൂറ്റിയെട്ടായിരം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പന്തളത്ത് ചേരിക്കൽ പട്ടികജാതി കോളനിക്കുള്ളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രത്യേക ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

കൂടാതെ, 35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ഫിഫ അണ്ടർ 17 ലോകകപ്പ് വേദിയായ കൊച്ചിയിലെ റോഡുകളുടെ സൗന്ദര്യവൽക്കരണം/നവീകരണം എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് 17.77 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭാഗമായി Natural Turf Football Field of International Standards with Sprinkler facilities, a two storied football training centre, change room എന്നിവ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സംവിധാനം ഒരുക്കുന്നതിലേയ്ക്കായി 1,05,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 19.66 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതിയാണ് "കായിക ക്ഷമത മിഷൻ".

ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്:

നഴ്സറി മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ.

8-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ.

യൂണിവേഴ്സിറ്റി തലം.

യുവജനങ്ങൾ മുതൽ മുതിർന്ന പൗരൻമാർ വരെ.

ഇതിൽ യൂണിവേഴ്സിറ്റിതലത്തിലുള്ള വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ വിഭാവന ചെയ്യുന്നതിനുള്ള അവസാനഘട്ട ചർച്ചകൾ നടന്നുവരുന്നു. ബാക്കി വിഭാഗങ്ങൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ അതത് തലങ്ങളിലെ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് തീരുമാനിച്ച് കഴിഞ്ഞു.

വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായസഹകരണത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**കായികമേഖലയുടെ സമഗ്ര വികസനത്തിനുള്ള പദ്ധതികൾ**

181 (2379) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികമേഖലയുടെ സമഗ്രവികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കായികമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അംഗീകാരം നൽകിയ നാൽപ്പത്തിഏഴ് കോടി രൂപയുടെ പദ്ധതിയിൽപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വിദ്യാഭ്യാസ വകുപ്പിൽനിന്ന് കായിക വകുപ്പ് ഏറ്റെടുത്ത സ്പോർട്സ് സ്കൂളുകളെ അന്തരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ഖേലോ ഇന്ത്യ'യിൽ ഉൾപ്പെടുത്തുന്നതിനായി ഏതെല്ലാം പദ്ധതികളാണ് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കായിക മേഖലയുടെ സമഗ്രവികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു:

പ്ലേ ഫോർ ഹെൽത്ത്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു. നടപ്പുസാമ്പത്തികവർഷത്തിൽ 25 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഫുട്ബോൾ പരിശീലന പദ്ധതി

നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഫുട്ബോളിന്റെ സമഗ്ര വികസനത്തിന് അടിത്തറയിടുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ്

& കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ പതിനൊന്ന് കായിക ഇനങ്ങളിലായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി". ഈ കായിക ഇനങ്ങളിലായി ഏകദേശം 225 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

4. പഞ്ചായത്തിൽ ഒരു സ്റ്റേഡിയം

2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 'പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം ഏറ്റെടുത്തിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 11 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും കിഫ്ബി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ 7,00,00,000 രൂപയാണ് 2204-00-104-45-Sports Infrastructure Facilities (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (രൂപയിൽ) |
|---|---|---|
| 1 | Upgradation and renovation of filtration plant of swimming pool at Thrissur Aquatic Complex | 2,93,70,000 |
| 2 | Construction of natural football turf, retaining wall, compound wall, masonry gallery and land development works at GHSS, Kunnamkulam, Thrissur | 5,09,80,000 |
| 3 | Electrical, plumbing and maintenance works at Raja Kesavadas Swimming pool, Alappuzha | 2,92,146 |
| 4 | Maintenance of existing structure and additional works (Civil) at Raja Kesavadas Swimming Pool, Alappuzha | 12,65,000 |
| 5 | Upgradation of Thrissur Aquatic Complex and renovation phase-I New work | 1,15,20,000 |

(സി) സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗവ. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ. ജി.വി.എച്ച്.എസ്.എസ്. (സ്പോർട്സ്), കണ്ണൂർ എന്നിവയുടെ ഭരണ നിയന്ത്രണ ചുമതല കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുംവിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന്റെ ഭാഗമായി മികച്ച കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടുതൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. രണ്ട് സ്കൂളുകളിലെയും ഹോസ്റ്റലുകൾ, അടുക്കള, ടോയ്‌ലെറ്റ് എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക മുതലായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.

ഈ സ്കൂളുകളിലെ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം ഒരുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സി.സി.ടി.വി. എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

കായിക പരിശീലകരുടെ കുറവ് നികത്തുന്നതിനായി ഓരോ കായിക ഇനത്തിലും ആവശ്യമായ പരിശീലകരെ നിയമിക്കുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ ജി. വി. രാജാ സ്പോർട്സ് സ്കൂളിലെ രണ്ട് ബാസ്കറ്റ് ബോൾ കോർട്ട്, ഇൻഡോർ ഹാൾ, ഹോക്കി കോർട്ട്, വോളിബോൾ കോർട്ട് എന്നിവയുടെ നവീകരണം നടന്നുവരുന്നു.

(ഡി) 1. തൃശ്ശൂർ ജില്ലയിൽ കുന്നംകുളം ജി.എച്ച്.എസ്.എസ്.-ൽ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം.

2. എറണാകുളം ജില്ലയിൽ ആലുവ, യു.സി. കോളേജിൽ സിന്തറ്റിക് ഹോക്കി ഫീൽഡ് നിർമ്മാണം.

3. തിരുവനന്തപുരം ജില്ലയിൽ കാര്യവട്ടം ഗ്രീൻഫീൽഡ് കാമ്പസിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം.

4. കണ്ണൂർ ജില്ലയിൽ പരിയാരം മെഡിക്കൽ കോളേജിൽ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക് നിർമ്മാണം.

## ഇടുക്കി വോളിബോൾ അക്കാദമിയുടെ നിർമ്മാണ പുരോഗതി

182 (2380) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ അനുവദിച്ചിട്ടുള്ള തുകയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) വോളിബോൾ അക്കാദമിയുടെ ഒന്നാംഘട്ട പ്രവൃത്തികൾ മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കത്തക്ക രീതിയിൽ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത നിർമ്മാണങ്ങൾക്കായി ഇതുവരെ 3.43 കോടി രൂപ (മൂന്നു കോടി നാൽപ്പത്തിമൂന്ന് ലക്ഷം രൂപ മാത്രം) അനുവദിച്ചുനൽകിയിട്ടുണ്ട്.

## സ്പോർട്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

183 (2381) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് സ്കൂളുകളിൽ എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) സ്പോർട്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെങ്കിലും പദ്ധതി സർക്കാർ നടത്തിവരുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗവ. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ. ജി.വി.എച്ച്.എസ്.എസ്. (സ്പോർട്സ്), കണ്ണൂർ എന്നിവയുടെ ഭരണ നിയന്ത്രണ ചുമതല കായിക വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുംവിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും

ഒരുക്കുന്നതിന്റെ ഭാഗമായി മികച്ച കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടുതൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. രണ്ട് സ്കൂളുകളിലും ഹോസ്റ്റലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ടി സ്കൂളുകളിലെ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സി.സി.ടി.വി. എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. കായിക അദ്ധ്യാപകരുടെ കുറവ് നികത്തുന്നതിനായി ഓരോ കായിക ഇനത്തിലും ആവശ്യമായ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ രണ്ട് ബാസ്കറ്റ്ബോൾ കോർട്ട്, ഇൻഡോർ ഹാൾ, ഹോക്കി കോർട്ട്, വോളിബോൾ കോർട്ട് എന്നിവയുടെ നവീകരണം നടന്നുവരുന്നു. സ്പോർട്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 19.66 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## സ്പോർട്സ് സർവ്വകലാശാല

184 (2382) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്പോർട്സ് സർവ്വകലാശാല എവിടെയാണ് സ്ഥാപിക്കുന്നതെന്നും അതിനായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്നും വെളിപ്പെടുത്തുമോ?

### <u>ഉത്തരം</u>

(എ - സി) സ്പോർട്സ് സർവ്വകലാശാല സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ നെട്ടുകാൽത്തേരി തുറന്ന ജയിലിനോട് ചേർന്ന് കിടക്കുന്ന ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഉപയോഗപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ജില്ലാ സ്പോർട്സ് കൗൺസിലുകൾ

185 (2383) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സ്പോർട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) ഇതിനായി 2000-ലെ സ്പോർട്സ് നിയമത്തിൽ എന്തൊക്കെ ഭേദഗതി കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ 14 ജില്ലാ സ്പോർട്സ് കൗൺസിലുകളും പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

## സ്പോർട്സ് കൗൺസിലിന്റെ ലക്ഷ്യങ്ങൾ

186 (2384) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) സ്പോർട്സ് കൗൺസിൽ മെമ്പർമാർ ഓരോരുത്തരും ഏതെല്ലാം സ്പോർട്സുമായി ബന്ധപ്പെട്ടവരാണ്; വിശദാംശം വെളിപ്പെടുത്താമോ;

(സി) സ്പോർട്സ് ഡയറക്ടറെ, സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായും നിയമിച്ചിട്ടുള്ളതിനാൽ രണ്ട് വകുപ്പുകളുടെയും ദൈനംദിന ഭരണകാര്യങ്ങളിൽ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുവാൻ സ്പോർട്സുമായി ബന്ധമുള്ള ഒരു മുഴുവൻസമയ സെക്രട്ടറിയെ സ്പോർട്സ് കൗൺസിലിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുക, കായികക്ഷമത വർദ്ധിപ്പിക്കുക, എല്ലാവർക്കും കായിക വിനോദം എന്ന ആശയം വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സ്പോർട്സിലും ഗെയിംസിലും കൂടുതൽ

വിപുലമായ തോതിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക, സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശികതലത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുക എന്നിവയാണ് കൗൺസിലിന്റെ പ്രധാന ലക്ഷ്യങ്ങൾ.

(ബി)

| ക്രമ നമ്പർ | പേര് | വിഭാഗം/ഇനം |
|---|---|---|
| 1 | 2 | 3 |
| 1 | ശ്രീ. വേലായുധൻ കുട്ടി | കേരള സ്റ്റേറ്റ് അത്‌ലറ്റിക് അസോസിയേഷൻ |
| 2 | ശ്രീ. എസ്. രാജീവ് | കേരള അക്വാറ്റിക് അസോസിയേഷൻ |
| 3 | ശ്രീ. പി. ജെ. സണ്ണി | കേരള ബാസ്കറ്റ് ബോൾ അസോസിയേഷൻ |
| 4 | ശ്രീ. കെ. ബാബു | കേരള ഫുട്ബോൾ അസോസിയേഷൻ |
| 5 | ശ്രീമതി പത്മിനി തോമസ് | കേരള ഫെൻസിംഗ് അസോസിയേഷൻ |
| 6 | ശ്രീ. റഫീഖ്.പി.ഐ. | കേരള ഹാന്റ്ബാൾ അസോസിയേഷൻ |
| 7 | ശ്രീ. എസ്. മുരളീധരൻ | കേരള ബാഡ്മിന്റൺ (എസ്) അസോസിയേഷൻ |
| 8 | ശ്രീ. ജോൺ സെൽവൻ | കേരള സൈക്ലിംഗ് അസോസിയേഷൻ |
| 9 | ശ്രീ. ഷാഹുൽ ഹമീദ് | കേരള ബേസ് ബാൾ അസോസിയേഷൻ |
| 10 | ശ്രീ. എസ്. നജ്മുദ്ദീൻ | കേരള കബഡി അസോസിയേഷൻ |
| 11 | ശ്രീ. ജി. വിദ്യാധരൻ പിള്ള | കേരള ഖോ-ഖോ അസോസിയേഷൻ |
| 12 | ശ്രീ. പൂന്തുറ സോമൻ | കേരള കളരിപ്പയറ്റ് അസോസിയേഷൻ |
| 13 | ശ്രീ. പി. ശ്രീകുമാർ | കേരള ടെന്നീസ് അസോസിയേഷൻ |
| 14 | ശ്രീ. പി. ജെ. ജോസഫ് | കേരള സ്റ്റേറ്റ് പവർ ലിഫ്റ്റിംഗ് അസോസിയേഷൻ |
| 15 | ശ്രീ. എൻ. എ. സുലൈമാൻ | കേരള ടേബിൾ ടെന്നീസ് അസോസിയേഷൻ |

| 1 | 2 | 3 |
|---|---|---|
| 16 | ശ്രീ. എം. എം. അബ്ദുൽ റഹീമാൻ | കേരള സ്റ്റേറ്റ് വെയ്റ്റ് ലിഫ്റ്റിംഗ് അസോസിയേഷൻ |
| 17 | ശ്രീ. എ. ശ്രീകുമാർ | കേരള ജൂഡോ അസോസിയേഷൻ |
| 18 | ശ്രീ. ആർ. രാമനാഥൻ | കേരള ടെന്നീ കോയ്റ്റ് അസോസിയേഷൻ |
| 19 | ശ്രീ. എം. ആർ. രഞ്ജിത്ത് | കേരള സ്റ്റേറ്റ് ആർച്ചറി അസോസിയേഷൻ |
| 20 | ശ്രീ. ഡി. വിജയകുമാർ | കാനോയിംഗ് & കയാക്കിംഗ് അസോസിയേഷൻ ഓഫ് കേരള |
| 21 | ശ്രീമതി മേഴ്സിക്കുട്ടൻ | തായ്കൊണ്ടോ അസോസിയേഷൻ ഓഫ് കേരള |
| 22 | ശ്രീ. പുല്ലുവിള സ്റ്റാൻലി | കേരള സോഫ്റ്റ് ബാൾ അസോസിയേഷൻ |
| 23 | ശ്രീ. ജി. ശ്രീകുമാര കുറുപ്പ് | കേരള റേസ് ബോട്ട് & റോവിംഗ് അസോസിയേഷൻ |
| 24 | ശ്രീ. പി. എ. ഹംസ | കേരള ഒളിമ്പിക് അസോസിയേഷൻ |
| 25 | ശ്രീ. രാജേഷ്. ആർ | ചെസ് അസോസിയേഷൻ ഓഫ് കേരള |
| 26 | ശ്രീ. പി. ശശിധരൻ നായർ | കേരള മൗണ്ട്നിയറിംഗ് അസോസിയേഷൻ |
| 27 | ശ്രീ. വി. എൻ. പ്രസൂദ് | കേരള സ്റ്റേറ്റ് റസ്ലിംഗ് അസോസിയേഷൻ |
| 28 | ശ്രീ. പി. മോഹൻദാസ് | കേരള റോളർ സ്കേറ്റിംഗ് അസോസിയേഷൻ |
| 29 | ശ്രീ. ബാബു ജോസഫ് | കേരള ബാൾ ബാഡ്മിന്റൺ അസോസിയേഷൻ |
| 30 | ശ്രീ. ജോഷി പള്ളൻ | കേരള സ്റ്റേറ്റ് ടഗ് ഓഫ് വാർ അസോസിയേഷൻ |
| 31 | ശ്രീ. റ്റി. റ്റി. ജെയിംസ് | ബോഡി ബിൽഡിംഗ് അസോസിയേഷൻ ഓഫ് കേരള |
| 32 | ശ്രീ. റ്റി. എം. അബ്ദു റഹീമാൻ | കേരള സ്റ്റേറ്റ് ആട്ടിയ പാട്ടിയ അസോസിയേഷൻ |

| 1 | 2 | 3 |
|---|---|---|
| 33 | ശ്രീ. റ്റി. കെ. ഇബ്രാഹിം കുട്ടി | കേരള ത്രോ ബാൾ അസോസിയേഷൻ |
| 34 | ശ്രീ. കെ. എസ്. ബാബു | കേരള കരാട്ടെ അസോസിയേഷൻ |
| 35 | ശ്രീ. വി. പി. പവിത്രൻ | കേരള ആം റസ്‌ലിംഗ് അസോസിയേഷൻ |
| 36 | ഡോ. സണ്ണി വി. സ്കറിയ | കേരള നെറ്റ് ബാൾ അസോസിയേഷൻ |
| 37 | ശ്രീ. ജോൺസൺ ജോസഫ് | കേരള വുഷ് അസോസിയേഷൻ |
| 38 | ഡോ. സി. ബി. രാജ് | കേരള സ്റ്റേറ്റ് അമച്വർ ബോക്സിംഗ് അസോസിയേഷൻ |
| 39 | ശ്രീ. വി. സുനിൽ കുമാർ | കേരള ഹോക്കി അസോസിയേഷൻ |
| 40 | ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ. | എം.എൽ.എ. |
| 41 | ശ്രീ. സി. കെ. നാണു, എം.എൽ.എ. | എം.എൽ.എ. |
| 42 | ശ്രീമതി വീണാ ജോർജ്, എം.എൽ.എ. | എം.എൽ.എ. |
| 43 | ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ. | എം.എൽ.എ. |
| 44 | ശ്രീ. ആന്റണി ജോൺ, എം.എൽ.എ. | എം.എൽ.എ. |
| 45 | ഡോ. പി. റ്റി. ജോസഫ് | ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, കണ്ണൂർ യൂണിവേഴ്സിറ്റി |
| 46 | ഡോ. വി. പി. സക്കീർ ഹുസൈൻ | ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി |
| 47 | ഡോ. അജിത് മോഹൻ | ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി |
| 48 | ഡോ. റ്റി. ഐ. മനോജ് | ഡയറക്ടർ ഓഫ് സ്റ്റുഡന്റ് വെൽഫെയർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി |
| 49 | പ്രൊഫ. സണ്ണി തോമസ് | അന്താരാഷ്ട്ര നിലവാരമുള്ള സ്പോർട്സ് എക്സ്പേർട്ട് |

| 1 | 2 | 3 |
|---|---|---|
| 50 | ശ്രീ. പി. പി. തോമസ് | അന്താരാഷ്ട്ര നിലവാരമുള്ള സ്പോർട്സ് എക്സ്പേർട്ട് |
| 51 | ശ്രീ. ജോർജ് തോമസ് (അർജ്ജുന അവാർഡ് ജേതാവ്) | ഇന്റർനാഷണൽ സ്പോർട്സ് പേഴ്സൺ (ബാഡ്മിന്റൺ (എസ്) |
| 52 | പത്മശ്രീ ശ്രീ. പി. ആർ. ശ്രീജേഷ് | ഇന്റർനാഷണൽ സ്പോർട്സ് പേഴ്സൺ (ഹോക്കി) |
| 53 | പത്മശ്രീ ശ്രീമതി കെ. എം. ബീനാമോൾ | ഇന്റർനാഷണൽ സ്പോർട്സ് പേഴ്സൺ (അത്‌ലറ്റിക്സ്) |
| 54 | ശ്രീമതി കെ. സി. ലേഖ | ഇന്റർനാഷണൽ സ്പോർട്സ് പേഴ്സൺ (ബോക്സിംഗ്) |
| 55 | ശ്രീ. കെ. എൻ. ആർ. നമ്പൂതിരി (മലയാള മനോരമ, കോട്ടയം) | സ്പോർട്സ് ജേർണലിസ്റ്റ് |
| 56 | ശ്രീ. വിശ്വനാഥൻ, മാതൃഭൂമി | സ്പോർട്സ് ജേർണലിസ്റ്റ് |
| 57 | അഡ്വ. വി. കെ. പ്രശാന്ത് | നഗരസഭ മേയർമാരിൽ നിന്നുള്ള പ്രതിനിധി |
| 58 | ശ്രീ. മുഹമ്മദ് സലിം.എം. | മുനിസിപ്പൽ ചെയർപേഴ്സൺമാരിൽ നിന്നുള്ള പ്രതിനിധി |
| 59 | ശ്രീ. കെ. വി. സുമേഷ് | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാരിൽ നിന്നുള്ള പ്രതിനിധി |
| 60 | ശ്രീ. എസ്. സജീഷ് | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാരിൽ നിന്നുള്ള പ്രതിനിധി |
| 61 | ശ്രീ. എം. ജി. രാജു | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാരിൽ നിന്നുള്ള പ്രതിനിധി |
| 62 | ശ്രീ. സലിം പി. ചാക്കോ | പത്തനംതിട്ട ജില്ലാ സ്പോർട്സ് കൗൺസിൽ പ്രതിനിധി |
| 63 | ശ്രീ. ജെ.ജി. പാല കലോടി | കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിൽ പ്രതിനിധി |
| 64 | ശ്രീ. ഒ. കെ. വിനീഷ് | കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രതിനിധി |

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്ലേ ഫോർ ഹെൽത്ത് പദ്ധതി

187 (2385) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുക എന്നുള്ളതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടില്ല.

## കൗമാരക്കാരായ കുട്ടികളുടെ കായികക്ഷമത

188 (2386) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൗമാരക്കാരായ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പിന് കീഴിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് സർക്കാർ സ്കൂളുകളിൽ പി.എസ്.സി. വഴി മുഴുവൻ കായികാദ്ധ്യാപക തസ്തികകളിലും നിയമനം നടത്തിയിട്ടുള്ളതിന് പുറമെ കായിക അദ്ധ്യാപക തസ്തികകളില്ലാത്ത

സ്കൂളുകളിൽ എസ്.എസ്.എ. വഴി പാർട്ട്ടൈം കായിക അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്. എല്ലാ കുട്ടികൾക്കും യോഗാ പരിശീലനം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. അടുത്ത അദ്ധ്യയന വർഷം മുതൽ മാന്വൽ പരിഷ്കരിച്ച് പുതിയ കായിക ഇനങ്ങൾകൂടി ഉൾപ്പെടുത്തി കുട്ടികൾക്ക് കൂടുതൽ കായികക്ഷമത ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനു വേണ്ടി ആവിഷ്കരിക്കുന്ന പദ്ധതിയാണ് "കായികക്ഷമത മിഷൻ"

ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്.

നഴ്സറി മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ.

8-ാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ.

യൂണിവേഴ്സിറ്റി തലം.

യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെ.

ഇതിൽ യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ വിഭാവന ചെയ്യുന്നതിനുള്ള അവസാനഘട്ട ചർച്ചകൾ നടന്നുവരുന്നു. ബാക്കി വിഭാഗങ്ങൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ അതത് തലങ്ങളിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് തീരുമാനിച്ചുവരുന്നു.

വിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കായിക വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

## മൂന്നാർ എച്ച്.എ.ടി.സി. സ്റ്റേഡിയം

189 (2387) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാർ എച്ച്.എ.ടി.സി. സ്റ്റേഡിയത്തിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) ഉണ്ട്. മൂന്നാർ എച്ച്.എ.ടി.സി. സ്റ്റേഡിയത്തിൽ അന്തർദേശീയ നിലവാരത്തിലുള്ള അത്യാധുനിക ഇൻഡോർ സ്പോർട്സ് പരിശീലന കേന്ദ്രം തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. ആർക്കിടെക്ട് കൺസോർഷ്യത്തെ തെരഞ്ഞെടുക്കുന്നതിലേക്കായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (ആർ.എഫ്.പി.) ക്ഷണിച്ച് മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

## നടുവണ്ണൂർ വോളിബോൾ അക്കാദമി

190 (2388) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂരിൽ പ്രവർത്തിച്ചുവരുന്ന വോളിബോൾ അക്കാദമിയുടെ കെട്ടിട നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് കിഫ്ബി വഴി ഭരണാനുമതി നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവർത്തിയുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; പ്രവർത്തി നടപ്പിലാക്കാനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കുവാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ -സി) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ള നടുവണ്ണൂർ വോളിബോൾ അക്കാദമിക്ക് 10.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കിഫ്ബി അംഗീകാരത്തിനായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന് കായികവകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി.ആയ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണം

191 (2389) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിവക സ്ഥലത്ത് സ്പോർട്സ് കോംപ്ലക്സ് പണിയുവാൻ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 2 കോടി രൂപ നീക്കിവയ്ക്കുകയും ഇതുസംബന്ധിച്ച് ഭരണാനുമതി നൽകുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാര്യത്തിൽ അതത് കാലയളവിലെ മന്ത്രിമാരുടെ നേതൃത്വത്തിൽ ഉന്നതതലയോഗങ്ങൾ നടത്തി സർക്കാർ വിഹിതം കൂടി നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ തുക നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) സ്പോർട്സ് കോംപ്ലക്സ് പണിയുവാൻ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ ആസ്തി വികസന ഫണ്ടിൽ നിന്നും നീക്കിവച്ചിട്ടുള്ള 2 കോടി രൂപ ഉപയോഗിച്ച് പ്രസ്തുത പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - ഡി) ഉണ്ട്. ചങ്ങനാശ്ശേരി സ്പോർട്സ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്മേൽ സർക്കാർ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും മതിയായ ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത പദ്ധതിയിൽ കാലതാമസമുണ്ടായി. ഈ സാഹചര്യത്തിൽ 24-5-2017-ൽ ഇതുസംബന്ധിച്ച് കായിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും നിർമ്മാണ പ്രവൃത്തിയുടെ പുതിയ ഭരണാനുമതിക്കായി റിവൈസ്ഡ് പ്രൊപ്പോസൽ തയ്യാറാക്കുവാനും നടപ്പ് സാമ്പത്തിക വർഷം ഒരു കോടി രൂപ കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ ഫണ്ടിൽനിന്നും അനുവദിക്കാനും ബാക്കി തുക എസ്.ഡി.ജി. പ്രൊപ്പോസൽ വഴി കണ്ടെത്തുവാനും തീരുമാനിച്ചിരുന്നു. അതിൻപ്രകാരം റിവൈസ്ഡ് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## 'ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' പദ്ധതി

192 (2390) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 'ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തിൽ സ്റ്റേഡിയം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥയെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 19 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 11 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 2016-17-ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 7 സ്റ്റേഡിയങ്ങളുടെ നിർമ്മാണം കൂടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) 2016-17 ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ പട്ടാമ്പി കോളേജ് മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മാണം**

193 (2391) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കുന്ന പദ്ധതിയുടെ വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) മിനിസ്റ്റേഡിയം നിർമ്മാണം ഏതൊക്കെ സ്ഥലങ്ങളിൽ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കായി കിഫ്ബിയിൽനിന്നും എന്ത് ധനസഹായം ഇതുവരെ ലഭിച്ചുവെന്നും അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു സ്റ്റേഡിയം തയ്യാറാക്കുന്നതിന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നു. 25 സ്റ്റേഡിയങ്ങളിൽ 11 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. മറ്റ് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ (എസ്.പി.വി.) സ്വീകരിച്ചുവരുന്നു.

(ബി) മിനി സ്റ്റേഡിയം നിർമ്മാണം ആരംഭിച്ചിട്ടില്ല. കിഫ്ബി അംഗീകാരം ലഭിച്ച 11 സ്റ്റേഡിയങ്ങളിൽ 9 എണ്ണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ ധനസഹായം ലഭിച്ചിട്ടില്ല.

**മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കാൻ നടപടി**

194 (2392) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനാവശ്യമായ സ്ഥലം പഞ്ചായത്തിൽ നിന്നും ഏറ്റെടുത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

**കൊയിലാണ്ടിയിൽ സ്പോർട്സ് കൗൺസിൽ അധീനതയിലുള്ള സ്റ്റേഡിയം**

195 (2393) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ സ്പോർട്സ് കൗൺസിൽ അധീനതയിലുള്ള സ്റ്റേഡിയത്തിന്റെ വികസനം പരിഗണനയിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ വികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള കൊയിലാണ്ടി സ്റ്റേഡിയത്തിൽ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി ഡ്രെയിനേജ് നിർമ്മിക്കുക, സ്റ്റേഡിയം മണ്ണിട്ട് ഉയർത്തുക, പുരുഷന്മാർക്കും വനിതകൾക്കും ഡ്രസ് ചെയ്ഞ്ചിംഗ് റൂം നിർമ്മിക്കുക, ടോയ്‌ലെറ്റ് നിർമ്മിക്കുക, ഗേറ്റ് നവീകരിക്കുക, ലൈറ്റുകൾ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികൾക്കുള്ള പ്ലാൻ തയ്യാറാക്കാൻ ആർക്കിടെക്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി ഗ്രൗണ്ട് പുല്ല് പിടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**സ്റ്റേഡിയങ്ങളുടെ സംരക്ഷണവും നടത്തിപ്പും**

196 (2394) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ അധീനതയിലുള്ളതും ഇപ്പോൾ പ്രഖ്യാപിച്ചതുമായ സ്റ്റേഡിയങ്ങളുടെ സംരക്ഷണവും നടത്തിപ്പും എങ്ങിനെയാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംരക്ഷണ പ്രവർത്തനങ്ങൾ ഇല്ലാത്തതിനാൽ പല സ്റ്റേഡിയങ്ങളും നാശത്തിന്റെ വക്കിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നാഷണൽ ഗെയിംസിനോടനുബന്ധിച്ച് നിർമ്മിച്ചതും സർക്കാരിന്റെ അധീനതയിലുള്ളതുമായ കുമാരപുരം, ടെന്നീസ് കോംപ്ലക്സ്, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, വെള്ളയമ്പലം സ്വിമ്മിംഗ് പൂൾ, മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളം, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം, കൊല്ലം ആശ്രാമം ന്യൂ ഹോക്കി സ്റ്റേഡിയം, തൃശ്ശൂർ വി.കെ.എൻ. ഇൻഡോർ സ്റ്റേഡിയം എന്നീ സ്റ്റേഡിയങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ പ്രഖ്യാപിച്ചതും നിർമ്മാണം പൂർത്തിയായി വരുന്നതുമായ സ്റ്റേഡിയങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനുമായി ഒരു സ്പോർട്സ് മാനേജ്മെന്റ് കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലെ തസ്തികകൾ

197 (2395) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ ഏതെല്ലാം തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുമ്പോൾ നിലവിലുള്ള തസ്തികകളും ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിൽ നിലവിൽ നിർദ്ദിഷ്ടയോഗ്യതയുള്ള എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; യോഗ്യത ഇല്ലാത്തവർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെന്നും ഏതെല്ലാം തസ്തികകളിൽ ആണെന്നും വ്യക്തമാക്കുമോ;

(ഡി) 2017 മാർച്ച് മുതൽ ഡിസംബർ വരെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ ദിവസവേതനത്തിലോ കരാർ അടിസ്ഥാനത്തിലോ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലെന്നും ഈ തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ താഴെ പറയുന്ന 29 സർക്കാർ അംഗീകൃത തസ്തികകളാണുള്ളത്.

| | |
|---|---|
| മെമ്പർ സെക്രട്ടറി | 1 |
| ഫിനാൻസ് ഓഫീസർ | 1 |
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| പ്രോജക്ട് ഓഫീസർ | 1 |
| ജൂനിയർ പ്രോഗ്രാമർ | 1 |
| ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | 14 |
| സ്പെഷ്യൽ ഓഫീസർ | 2 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 1 |
| ക്ലാർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 |
| ഡ്രൈവർ | 1 |

| | |
|---|---|
| പ്യൂൺ | 1 |
| നൈറ്റ് വാച്ചർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| ആകെ | 29 |

(ബി&സി) സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. മെമ്പർ സെക്രട്ടറി, ഫിനാൻസ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിലും ബാക്കിയുള്ള തസ്തികകളിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ കരാർ/ദിവസവേതന വ്യവസ്ഥ യിലും കാലാകാലങ്ങളിലെ ബോർഡ് തീരുമാനപ്രകാരമാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

(ഡി) നിയമിച്ചിട്ടില്ല.

## നാഷണൽ യൂത്ത് ഫെസ്റ്റിവൽ

198 (2396) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ ഇത്തവണ സംസ്ഥാനത്തിന് പ്രാതിനിധ്യമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ സംസ്ഥാനത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് യുവജനക്ഷേമ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാണോ യെന്ന് പരിശോധിക്കുമോ?

### <u>ഉത്തരം</u>

(എ&ബി) ഈ വർഷം നാഷണൽ യൂത്ത് ഫെസ്റ്റിവൽ നടത്തുന്നത് സംബന്ധിച്ച് യാതൊരറിയിപ്പും കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടില്ല. കേന്ദ്ര യുവജനകാര്യ വകുപ്പ് മുൻവർഷങ്ങളിലേത് പോലെ ഈ വർഷം യുവജനോത്സവം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) യുവജനക്ഷേമത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ കാര്യക്ഷമമായി ബോർഡ് നടപ്പിലാക്കുന്നുണ്ട്.

## നാഷണൽ അഡ്വഞ്ചർ അക്കാഡമിയിലെ ഒഴിവുകൾ

199 (2397) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന, യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള നാഷണൽ അഡ്വഞ്ചർ അക്കാദമിയിൽ നിലവിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്തുവരുന്നത്;

(ബി) ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ നാഷണൽ അഡ്വഞ്ചർ അക്കാദമിയിൽ ഒഴിവുകൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിവരം നൽകുമോ?

ഉത്തരം

(എ&ബി) യുവജനക്ഷേമ ബോർഡിന്റെകീഴിലുള്ള ദേവികുളം നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന നാഷണൽ അഡ്വഞ്ചർ അക്കാഡമിയിൽ നിലവിൽ 2 ജീവനക്കാരാണ് ജോലി ചെയ്തുവരുന്നത്. ടി ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത ചുവടെ ചേർക്കുന്നു:

| നമ്പർ | പേര് | തസ്തിക | യോഗ്യത |
|---|---|---|---|
| 1 | ശ്രീ. കണ്ണൻ എം. | സ്പെഷ്യൽ ഓഫീസർ | ബി.ബി.എ., ഡിപ്ലോമാ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് & പി. സി. മെയിന്റനൻസ്, സാഹസിക മേഖലയിൽ പ്രവൃത്തി പരിചയം |
| 2 | ശ്രീമതി സന്ധ്യ | ക്ലാർക്ക് | പ്രീ-ഡിഗ്രി, ഡി.റ്റി.പി. |

(സി & ഡി) നിലവിൽ നാഷണൽ അഡ്വഞ്ചർ അക്കാഡമിയിൽ ഒഴിവുകളില്ല.

## യുവജനങ്ങളുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ

200 (2398) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കുമോ;

(ബി) അവയുടെ വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കായിക യുവജനകാര്യ വകുപ്പിനുകീഴിലുള്ള കേരള സംസ്ഥാന യൂത്ത് വെൽഫയർ ബോർഡ്, യുവജന കമ്മീഷൻ എന്നിവ മുഖേന യുവജനങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിച്ച് അവരുടെ കഴിവും കാര്യപ്രാപ്തിയും വിവിധ മേഖലകളിലേക്ക് തിരിച്ചുവിടുന്ന പ്രവർത്തനങ്ങളുമാണ് കൈക്കൊണ്ടുവരുന്നത്.

നഗരവാസികളായ യുവജനങ്ങൾക്കൊപ്പം ഗ്രാമീണ മേഖലയിലെ യുവാക്കൾക്കും വിദ്യാർത്ഥികളല്ലാത്ത യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്താകമാനം കേരളോത്സവം സംഘടിപ്പിച്ചുവരുന്നു.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മേഖലകളിൽ യുവക്ലബ്ബുകൾ രൂപീകരിച്ച് സാംസ്കാരിക കൂട്ടായ്മ, കലാകായിക പ്രവർത്തനങ്ങൾ, പരിസ്ഥിതി പ്രവർത്തനങ്ങൾ, മാലിന്യമുക്തപ്രവർത്തനങ്ങൾ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, സ്വയംതൊഴിൽ പരിശീലനങ്ങൾ, പി.എസ്.സി. പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ടി പ്രവർത്തനങ്ങളിൽ മികവ് തെളിയിക്കുന്ന ക്ലബ്ബുകളെ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിനായി യൂത്ത് കേരള എക്സ്പ്രസ് എന്ന റിയാലിറ്റി ഷോ സംഘടിപ്പിക്കുന്നു. ദേശീയോദ്ഗ്രഥനത്തിൽ അധിഷ്ഠിതമായ നാഷണൽ ഫോക്ക്ഫെസ്റ്റ് ഓഫ് കേരള, യുവസംരംഭകർക്ക് പ്രയോജനപ്രദമായ രീതിയിൽ KEY SUMMIT എന്ന സംരംഭക ശില്പശാല, കേരളോത്സവം തുടങ്ങിയ പദ്ധതികൾ കേരള സംസ്ഥാന യുവജനക്ഷേമബോർഡ് നടപ്പിലാക്കിവരുന്നു.

യുവജനങ്ങൾക്ക് തൊഴിലവസരം സംബന്ധിച്ച സമഗ്ര വിവരം നൽകുന്നതിനും തൊഴിലന്വേഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും യുവജനങ്ങളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചുകൊണ്ട് തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുമായി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനും തൊഴിലിനുവേണ്ട മികവും കഴിവും നേടുന്നതിനായി യുവജനങ്ങളെ ശാക്തീകരിക്കുന്നതിനുമായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ "ജോബ് പോർട്ടൽ" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. www.ksycjobs.kerala.gov.in എന്ന പേരിലാണ് ജോബ് പോർട്ടൽ സജ്ജമാക്കി

യിട്ടുള്ളത്. ടി സൈറ്റിൽ തൊഴിലന്വേഷകർക്കും തൊഴിൽദാതാക്കൾക്കും സൗജന്യ രജിസ്ട്രേഷൻ സാധ്യമാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്ത തൊഴിൽദാതാക്കൾക്ക് ആവശ്യമായ ജീവനക്കാരെ നേരിട്ട് തെരഞ്ഞെടുക്കുന്നതിനായി ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനും ടെക്നോപാർക്കിന്റെ സൈറ്റ് കൂടി ലിങ്ക് ചെയ്ത് ജോബ് പോർട്ടൽ വിപുലപ്പെടുത്തിയിട്ടുണ്ട്.

## വൈദ്യുതി ബിൽ കുടിശ്ശിക

201 (2399) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളും വൻകിട, ചെറുകിട, സ്വകാര്യ സ്ഥാപനങ്ങളും നാളിതുവരെയായി എത്ര കോടി രൂപയുടെ വൈദ്യുതി ബിൽ കുടിശ്ശിക അടയ്ക്കാനുണ്ട്;

(ബി) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 31-12-2017 വരെ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 2441.22 കോടി രൂപയാണ്. ഇതിൽ സർക്കാർ സ്ഥാപനങ്ങളും വൻകിട, ചെറുകിട, സ്വകാര്യ സ്ഥാപനങ്ങളും 31-12-2017 വരെ 2120.60 കോടി രൂപയാണ് കുടിശ്ശികയായുള്ളത്.

(ബി) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ പിരിഞ്ഞുകിട്ടാനുള്ള 306.41 കോടി രൂപ വിവിധ കോടതികളിൽ വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്നതിനാൽ ആയതിന്മേൽ ബഹുമാനപ്പെട്ട കോടതികളുടെ അന്തിമ തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ബാക്കി തുക പിരിച്ചെടുക്കുന്നതിലേയ്ക്കായി, കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ വൈദ്യുതിബന്ധം വിച്ഛേദിച്ച്, കുടിശ്ശിക നോട്ടീസ് നൽകി, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടി മുഖേനയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കേരള വാട്ടർ അതോറിറ്റി പോലെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുമായി കുടിശ്ശിക സംബന്ധിച്ചിട്ടുള്ള തീർപ്പിനായി കത്തുകളിലൂടെയും സർക്കാർ തലത്തിലും നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈദ്യുതി നയം

202 (2400) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നയം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാന ലക്ഷ്യമെന്താണെന്ന് അറിയിക്കാമോ;

(ബി) ഗാർഹികാവശ്യത്തിനും വ്യവസായത്തിനും ആവശ്യമുള്ള വൈദ്യുതി പവർകട്ടോ ലോഡ്ഷെഡ്ഡിങ്ങോ മുടക്കമോ ഇല്ലാതെ താങ്ങാവുന്ന നിരക്കിലും ഊർജ്ജ ഭദ്രത ഉറപ്പാക്കിയും ലഭ്യമാക്കാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) പുനരുപയോഗിക്കാവുന്ന സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോല്പാദനം, ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ, വൈദ്യുതി മോട്ടോർ വാഹനങ്ങൾ തുടങ്ങിയ നവീന സേവനമേഖലയെ ശാക്തീകരിക്കാനായി പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഊർജ്ജ നയരൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് നടന്ന ചർച്ചകളിൽ താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ടെന്ന് ഉയർന്ന് വന്നിട്ടുണ്ട്.

- നവകേരളത്തിന്റെ പ്രതീക്ഷയ്ക്കൊത്തവണ്ണം വൈദ്യുതമേഖലയെ പരിവർത്തനപ്പെടുത്തുക.
- വിശ്വാസ്യതയുള്ളതും സുരക്ഷിതവും കാര്യക്ഷമവും സ്മാർട്ട് ആയതുമായ ആധുനിക വൈദ്യുത ശൃംഖല രൂപപ്പെടുത്തുക.
- തടസ്സം കൂടാതെ സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റുക.
- ഊർജ്ജ ഭദ്രതയിൽ വിട്ടുവീഴ്ച ചെയ്യാതെ മത്സരാധിഷ്ഠിത നിരക്കിൽ വൈദ്യുതി ലഭ്യമാക്കുക.
- നവീകരിക്കാവുന്ന വൈദ്യുതിയുടെ വ്യതിയാനങ്ങൾക്കൂടി കണക്കിലെടുത്ത് അത്തരം ഊർജ്ജത്തിന്റെ തോത് വർദ്ധിപ്പിക്കുക.
- താങ്ങാവുന്ന വിലയ്ക്ക് വൈദ്യുതിയുടെ വില നിലനിർത്തുന്നതിനൊപ്പം വൈദ്യുത വ്യവസായത്തിന്റെ സാമ്പത്തിക വ്യവസ്ഥിതി ഉറപ്പുവരുത്തുക.

- കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാര്യക്ഷമതയും പ്രവർത്തന ക്ഷമതയും മെച്ചപ്പെടുത്തുന്നതിനൊപ്പം പ്രവർത്തന ചെലവുകൾ യുക്തിസഹമാക്കുക.

- സ്ഥാപനത്തിന്റെ പുനഃസംഘടനയിലൂടെയും വിവരസാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെയും ഉപഭോക്താക്കളുടെ പ്രതീക്ഷകളും സേവനങ്ങളുടെ യഥാർത്ഥ നിലവാരവും തമ്മിലുള്ള വിടവ് നികത്തുക.

- പുനരുപയോഗ സ്രോതസ്സുകൾ, ഊർജ്ജക്ഷമത, വൈദ്യുത വാഹനങ്ങൾ, സംഭരണ സാങ്കേതികവിദ്യ തുടങ്ങിയവ ഉൾപ്പെടുന്ന നവയുഗ സേവനങ്ങൾ ലഭ്യമാക്കുന്നതിന് വൈദ്യുത വ്യവസായത്തിന്റെ പരിമിതികളെ അതിജീവിക്കുക.

(ബി) ഗാർഹിക ആവശ്യത്തിനും വ്യവസായത്തിനും മാത്രമല്ല എല്ലാത്തരം ഉപഭോക്താക്കൾക്കും ഗുണനിലവാരമുള്ള വൈദ്യുതി തടസ്സം കൂടാതെ താങ്ങാവുന്ന വിലയിൽ ലഭ്യമാക്കുക എന്നതുതന്നെയാണ് സർക്കാർ തുടർന്നുവരുന്ന നയം.

സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി (ആഭ്യന്തരോല്പാദനം കഴിഞ്ഞുള്ളത്) സംസ്ഥാനത്തിനുപുറത്തുനിന്നും കേന്ദ്ര വിഹിതമായും ദീർഘകാല കരാറുകൾ വഴിയും പവർ എക്സ്ചേഞ്ച് വഴിയുമാണ് ലഭ്യമാക്കുന്നത്. അധികവില കൊടുക്കേണ്ട നാഫ്ത, ഡീസൽ മുതലായ ഇന്ധനങ്ങളിൽ നിന്നുള്ള വൈദ്യുത ഉല്പാദനം ഒഴിവാക്കി കേരളത്തിന്റെ ആവശ്യകത നേരിടുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ഉല്പാദനം, ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ, വൈദ്യുതി മോട്ടോർ വാഹനങ്ങൾ അടക്കമുള്ള നവയുഗ സേവനങ്ങൾ ലഭ്യമാക്കാനുതകുന്നവിധം വൈദ്യുത വ്യവസായത്തിന്റെ നിലവിലുള്ള ഘടനയിലെ പരിമിതികളെ അതിജീവിക്കുക എന്നത് ഊർജ്ജ നയത്തിന്റെ മുഖ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സിൽ ഒന്നായ ജലം ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ വിഭാവന ചെയ്തിട്ടുണ്ട്. നിലവിൽ നിർമ്മാണം നടന്നുവരുന്ന 9 പദ്ധതികൾ വഴി 166.5 മെഗാവാട്ടും 15 പുതിയ ജലവൈദ്യുത പദ്ധതികൾ വഴി 149 മെഗാവാട്ടും ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ 163 മെഗാവാട്ടിന്റെ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

വൈദ്യുതി വാഹനങ്ങൾ പൊതുജനങ്ങൾക്ക് പരിചിതമാക്കി ഉപയോഗം വ്യാപിപ്പിക്കുന്നതിനായി ഇ-മൊബിലിറ്റി എന്ന പേരിൽ കേരള സർക്കാർ ധനസഹായത്തോടെയുള്ള പദ്ധതി വൈദ്യുത ബോർഡ് നടപ്പിലാക്കിവരുന്നു.

പരീക്ഷണഘട്ടമെന്ന നിലയിൽ ഇതിനോടകം 6 വൈദ്യുത കാറുകൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ 2 വീതം) നൽകിയിട്ടുണ്ട്. വൈദ്യുത വാഹനങ്ങൾ വേഗത്തിൽ ചാർജ്ജ് ചെയ്യുന്നതിനുവേണ്ട സ്റ്റേഷനുകളും മേല്പറഞ്ഞ ജില്ലകളിൽ സ്ഥാപിക്കുന്നതിനുവേണ്ട ദർഘാസ് നടപടികളും നടന്നുവരുന്നു. 2018 ആഗസ്റ്റ് മാസത്തോടെ പദ്ധതി പൊതുജനങ്ങൾക്കായി സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയും 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 11.87 കോടി രൂപയുടെ പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## കോതമംഗലം മണ്ഡലത്തിലെ ആദിവാസി കോളനികളിലെ വൈദ്യുതീകരണം

203 (2401) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുഞ്ചിപ്പാറ, തലവച്ചപ്പാറ, തേര, വാരിയം തുടങ്ങിയ ആദിവാസി കോളനികളിലെ വൈദ്യുതീകരണ ജോലിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കുമോ;

(ബി) വൈദ്യുതീകരണ നടപടി എന്നത്തേക്ക് പൂർത്തീകരിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) ഇത് പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കുഞ്ചിപ്പാറ, തലവച്ചപ്പാറ, തേര, വാരിയം തുടങ്ങിയ ആദിവാസി കോളനികൾ നിലവിലുള്ള വൈദ്യുതി ലൈനിൽനിന്നും വളരെ അകലെ ആയതുകൊണ്ടും വനം അനുമതി ആവശ്യമായ തിനാലും ലൈൻ വലിക്കാൻ സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാലും ചെറു സൗരോർജ്ജ വൈദ്യുതി നിലയം സ്ഥാപിച്ച് വൈദ്യുതി നൽകാൻ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ

ഭാഗമായി KSEBL നടപടികൾ സ്വീകരിച്ചിരുന്നു. ഇപ്രകാരം 178 ഭവനങ്ങളാണ് കണ്ടെത്തിയിട്ടുണ്ടായിരുന്നത്. എന്നാൽ പ്രസ്തുത ജോലി ഏറ്റെടുത്ത കരാറുകാരന്റെ അലംഭാവംമൂലവും ചില സ്ഥലങ്ങളിൽ ഗുണഭോക്താക്കൾക്ക് സോളാർ പദ്ധതിയോടുള്ള എതിർപ്പ് കാരണവും ടി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(ബി&സി) സോളാർ പദ്ധതിയോട് എതിർപ്പ് ഇല്ലാത്ത സ്ഥലങ്ങളിൽ പണി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഏകദേശം 6 മാസംകൊണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സോളാർ പദ്ധതിയോട് എതിർപ്പുള്ള പ്രദേശങ്ങളിൽ ജനപ്രതിനിധികളുടെ സഹായത്തോടെ പദ്ധതി നടപ്പാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

## മാട്ടേൽ തുരുത്ത് പ്രദേശത്തെ സമ്പൂർണ്ണ വൈദ്യുതീകരണം

204 (2402) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിലെ മാട്ടേൽ തുരുത്ത് പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നത് ഉൾപ്പെടെ പ്രസ്തുത മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും എത്ര തുക അനുവദിക്കുന്നതിനാണ് അരൂർ എം.എൽ.എ. നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) ആയതുപ്രകാരം മാട്ടേൽ തുരുത്തിലേക്ക് വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കരാറുകാരൻ ആരാണെന്നും എന്നത്തേക്ക് നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുമെന്നും ഇനി എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാര്യത്തിൽ വകുപ്പ് അധികൃതരുടെ അലംഭാവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 33.91 ലക്ഷം രൂപ അനുവദിക്കുന്നതിനാണ് അരൂർ എം.എൽ.എ. നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) മാട്ടേൽ തുരുത്തിലേയ്ക്ക് വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) ശ്രീ. സുരേഷ്ബാബു, മക്കാപറമ്പിൽ, പട്ടണക്കാട് പി. ഒ. എന്നയാൾക്ക് 14-6-2017-ൽ വർക്ക് ഓർഡർ നൽകിയിട്ടുള്ളതാണ്. എന്നാൽ നിലവിലുള്ള സാഹചര്യത്തിൽ വർക്ക് എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ കരാറിൽ ഏർപ്പെടുകയുള്ളൂവെന്ന് ടിയാൾ കത്ത് നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 2018 ജനുവരി 19-ന് ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ യോഗം വിളിച്ച് ചേർക്കുകയും 2018 മാർച്ച് 31-ന് മുമ്പ് ടി ജോലികൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കെ. എസ്. ഇ. ബി.എൽ. മീറ്റർ റീഡർമാരുടെ ഒഴിവുകൾ

205 (2403) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.എൽ. മീറ്റർ റീഡർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് റിപ്പോർട്ട് ചെയ്തതെന്ന് വെളിപ്പെടുത്താമോ;

(ബി) കെ. എസ്. ഇ. ബി.എൽ. ജീവനക്കാരുടെ എണ്ണം അധികമായതിനാലാണോ മീറ്റർ റീഡർമാരുടെ ഒഴിവുകൾ ഇതുവരെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ അത് ഏതെങ്കിലും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ കോടതി നിർദ്ദേശം എന്തായിരുന്നു എന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ & ബി) വൈദ്യുതി ബോർഡിൽ ഏർപ്പെടുത്തിയ ആധുനികവൽക്കരണ നടപടികളുടെ ഭാഗമായി വിവിധ വിഭാഗം തസ്തികകളിൽ ജോലിഭാരത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. ഇത് കണക്കിലെടുത്ത് ഓരോ വിഭാഗത്തിലും ആവശ്യമായ തസ്തികകൾ എത്രയെന്നത് തിട്ടപ്പെടുത്തി വരികയാണ്. ഈ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ എത്ര ഒഴിവുകളുണ്ടെന്ന് കൃത്യമായി കണ്ടെത്താൻ കഴിയുകയുള്ളൂ. ഈ നിലയിൽ ഒഴിവുകൾ തിട്ടപ്പെടുത്തുന്നമുറയ്ക്ക് മാത്രമേ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സെക്ഷൻ ഓഫീസുകളിൽ പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA) സമ്പ്രദായം വഴിയാണ് മീറ്റർ റീഡിംഗ് ജോലികൾ നടന്നുവരുന്നത്. ഇത് മീറ്റർ റീഡറുടെ ജോലിയെ വളരെ സുഗമമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലും ഐ.ഐ.എം. കോഴിക്കോടിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിലും മീറ്റർ റീഡർ തസ്തിക കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അതിനുശേഷം മാത്രമേ കൃത്യമായി എത്ര ഒഴിവുകൾ മീറ്റർ റീഡർ തസ്തികയിൽ ഉണ്ടെന്ന് കെ. എസ്. ഇ. ബി. എൽ. ബോർഡ് തീരുമാനം ആകുകയുള്ളൂ.

(സി) നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

**കെ. എസ്. ഇ. ബി.എൽ. ജീവനക്കാർ**

206 (2404) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. നിലവിലെ ആകെ ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ;ടെക്നിക്കൽ/ മിനിസ്റ്റീരിയൽ (നോൺ ടെക്നിക്കൽ വിഭാഗം) ജീവനക്കാർ ഉൾപ്പെടെ തരംതിരിച്ച് വിശദമാക്കുമോ;

(ബി) മേൽ വിവരിച്ച ജീവനക്കാരുടെ നിയമനങ്ങൾക്കായി കെ.എസ്.ഇ.ബി.എൽ. ആകെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; തസ്തികകൾ തരംതിരിച്ച് വിശദമാക്കുമോ;

(സി) കെ.എസ്.ഇ.ബി.എൽ. നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ എത്ര പേർ സ്ഥിരം ജീവനക്കാരാണ്; അവരുടെ എണ്ണം തസ്തിക, കാറ്റഗറി എന്നിവ തിരിച്ച് വിശദമാക്കുമോ;

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ടെക്നിക്കൽ വിഭാഗത്തിനുകീഴിൽ വരുന്ന സിവിൽ, ഇലക്ട്രിക്കൽ എന്നീ ഉപവിഭാഗങ്ങളിൽ നിലവിൽ ആകെ എത്ര സ്ഥിരം ജീവനക്കാരാണ് ജോലി ചെയ്യുന്നത്; ആയത് സിവിൽ/ഇലക്ട്രിക്കൽ വിഭാഗം എന്നിവ തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## കരാർ ജീവനക്കാരുടെ മസ്ദൂർ നിയമന പട്ടിക

207 (2405) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ കരാർ ജീവനക്കാരുടെ മസ്ദൂർ നിയമന പട്ടികയിൽ അനർഹർ കയറിക്കൂടിയെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ നിന്നുള്ള നിയമനപ്പട്ടികയിലാണ് ഇത്തരം പരാതികൾ ഉയർന്ന് വന്നിട്ടുള്ളത്;

(സി) പരാതിയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെ എന്നറിയിക്കാമോ;

(ഡി) പരാതിക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രധാനമായും തിരുവനന്തപുരം, മലപ്പുറം, കൊല്ലം ജില്ലകളിൽ നിന്നാണ് പരാതികൾ വന്നത്.

(സി) വൈദ്യുതി ബോർഡിൽ മസ്ദൂർ നിയമനപ്പട്ടികയിൽ അനർഹർ കയറിപ്പറ്റിയതായ പരാതിയെ സംബന്ധിച്ച് ചിലത് അന്വേഷണത്തിലും ചിലത് അന്വേഷണം പൂർത്തിയായി തുടർനടപടികൾ ആവശ്യമില്ലാത്തതിനാൽ ഫയലുകൾ താൽക്കാലികമായി അവസാനിപ്പിച്ചിട്ടുള്ളതുമാകുന്നു.

(ഡി) ID 27/2002 എന്ന കേസ്സിൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി വരുമ്പോൾ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ മസ്ദൂർ നിയമനത്തിന് അടിസ്ഥാന യോഗ്യത എന്തായിരുന്നു എന്നും ഇതാണ് കരാർ നിയമനത്തിനും ബാധകമാകുക എന്നും അതിനാൽ അധിക യോഗ്യതയുള്ളവർ അനർഹരാണെന്നും അവരെ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിരവധി കോടതി വ്യവഹാരങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായിരുന്നു. അധികയോഗ്യതയുള്ളവരെ ഒഴിവാക്കി നിയമന നടപടികൾ തുടരാൻ വിധി വന്നിരുന്നുവെങ്കിലും അതിന്മേലുള്ള അപ്പീൽ പെറ്റീഷനുകൾ ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## എക്സ്ട്രാ ഹൈടെൻഷൻ സബ് സ്റ്റേഷനുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

208 (2406) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള എക്സ്ട്രാ ഹൈടെൻഷൻ സബ് സ്റ്റേഷനുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ജോലികൾക്ക് (ഷിഫ്റ്റ് ജോലികൾ ഉൾപ്പെടെ) മത്സരാധിഷ്ഠിത ടെണ്ടർ മുഖേന എഗ്രിമെന്റ് വ്യവസ്ഥയിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബിരുധദാരികളെ നിയോഗിച്ചുവരുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ 1-1-2017 മുതൽ 31-12-2017 വരെ എത്ര പേർ ഓരോ ഇഎച്ച്ടി സബ് സ്റ്റേഷനുകളിലും അപ്രകാരം ജോലി ചെയ്തിട്ടുണ്ട്; അവരുടെ വിശദമായ വിവരങ്ങൾ, ഈ കാലയളവിൽ ബോർഡിന് ഇതുമായി ബന്ധപ്പെട്ട് ചെലവഴിക്കേണ്ടി വന്ന തുകയുൾപ്പെടെയുള്ള വിവരങ്ങൾ എന്നിവ ഇഎച്ച്ടി സബ് സ്റ്റേഷനുകൾ തിരിച്ച് നൽകുമോ;

(സി) നിലവിൽ എത്രപേർ അപ്രകാരം ജോലി ചെയ്യുന്നുണ്ട്; വിശദവിവരങ്ങൾ ട്രാൻസ്മിഷൻ സർക്കിൾതലത്തിൽ നൽകുമോ; പ്രസ്തുത കണക്കുകൾ ഏത് തീയതി അനുസരിച്ചുള്ളതാണെന്ന് വ്യക്തമാക്കുമോ;

(ഡി) അനുവദിക്കപ്പെട്ടിട്ടുള്ള എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളുടെ ജോലികളാണ് ഇപ്രകാരം നിലവിൽ ചെയ്യിച്ചുവരുന്നത്; ആയതിന്റെ കണക്കുകൾ ട്രാൻസ്മിഷൻ സർക്കിൾ, ഇഎച്ച്ടി സബ് സ്റ്റേഷൻ എന്നിവതിരിച്ച് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ജോലികൾ ഇപ്രകാരം ചെയ്യിപ്പിക്കുന്നതിന് ആധാരമായ ബോർഡ് ഓർഡറുകളോ ഗവൺമെന്റ് ഓർഡറുകളോ ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മൽസരാധിഷ്ഠിത ടെണ്ടർ മുഖേന വർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള ഇ.എച്ച്.ടി. സബ്സ്റ്റേഷനുകളിൽ ഇലക്ട്രിക്കൽ എൻജിനീയറിംഗ് ബിരുദധാരികളെ നിയോഗിച്ചുവരുന്നുണ്ട്.

(ബി&സി) പ്രസ്തുത വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. പ്രസ്തുത കണക്കുകൾ 1-1-2018 അനുസരിച്ചുള്ളതാകുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

209 (2407) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ലെ ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) ഓഫീസിൽ തയ്യാറാക്കിയ 2017-ലെ ഓൺലൈൻ ട്രാൻസ്ഫർ പ്രോസസിൽ ജനറേഷൻ, ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ, കോർപ്പറേറ്റ് പ്ലാനിംഗ് എന്നീ വിഭാഗങ്ങളിൽ ഉള്ള ഓഫീസുകളിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരെയാണ് പോസ്റ്റ് ചെയ്യുവാൻ ബോർഡ് തീരുമാനിച്ചത് എന്ന് ഓരോ വിഭാഗം ഓഫീസും തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഉള്ള ഓഫീസുകളിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരെയാണ് ടി പ്രോസസ്‌വഴി പോസ്റ്റ് ചെയ്തത് എന്ന് ഓരോ വിഭാഗം ഓഫീസും തരം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിൽ ഉള്ള ഓഫീസുകളിൽ നിലവിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർ(ഇലക്ട്രിക്കൽ)മാരാണ് ജോലി നോക്കുന്നത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ (ഇലക്ട്രിക്കൽ) എണ്ണം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## വൈദ്യുതി ആഘാതമേറ്റവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

210 (2408) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിലെ പൈസക്കരിയിൽ 5-6-2017-ന് ബൈക്കിൽ യാത്ര ചെയ്യവെ റോഡിൽ പൊട്ടിക്കിടന്ന വൈദ്യുതി കേബിളിൽ കുരുങ്ങി ബൈക്കിൽനിന്നും തെറിച്ചുവീണ് ഗുരുതരമായി പരിക്കേൽക്കുകയും പിന്നീട് ആശുപത്രിയിൽവച്ച് മരണമടയുകയും ചെയ്ത സതീഷ് കുമാർ എന്നയാൾക്കും, 22-7-2017-ന് കണ്ണൂർ ട്രാൻസ്മിഷൻ സെക്ഷനിലെ തോലമ്പ്ര 33KV സബ് സ്റ്റേഷനിൽ പണിയെടുക്കുന്നതിനിടെ വൈദ്യുതി ആഘാതമേറ്റ് മരണമടഞ്ഞ ബിജു. ടി. എബ്രഹാമിനും, 9-8-2017-ന് സ്വന്തം പുരയിടത്തിൽ പൊട്ടിവീണ് കിടന്ന വൈദ്യുതിലൈനിൽതട്ടി മരണമടഞ്ഞ എരുവേശ്ശി പഞ്ചായത്തിലെ കോട്ടകുന്ന് ഭാഗം ചക്കാങ്കൽ അഗസ്റ്റിൻ എന്നയാൾക്കും നഷ്ടപരിഹാരം ലഭിക്കാനായി ഇവരുടെ ആശ്രിതർ നൽകിയ അപേക്ഷയിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇവർക്ക് ആർക്കെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) ഇവർക്ക് എന്ത് നഷ്ടപരിഹാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) നഷ്ടപരിഹാരം നൽകിയിട്ടുണ്ടെങ്കിൽ എത്ര രൂപ വീതം നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5-6-2017-ൽ പയ്യാവൂർ ഇലക്ട്രിസിറ്റി സെക്ഷനുകീഴിൽ കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്ത് പരിധിയിൽ സർവ്വശ്രീ തോമസ്, സതീഷ് കുമാർ എന്നീ രണ്ടുപേർ ബൈക്കിൽ യാത്രചെയ്യവേ മറ്റേതോ വാഹനം തട്ടി പൊട്ടിവീണുകിടന്നിരുന്ന വൈദ്യുതി കേബിളിൽ കുരുങ്ങി ഉണ്ടായ മോട്ടോർ ബൈക്ക് അപകടത്തിൽ ശ്രീ. തോമസ് എന്ന വ്യക്തി മരണപ്പെട്ടതായും കൂടെ സഞ്ചരിച്ചിരുന്ന ശ്രീ. സതീഷ് കുമാറിന് നിസ്സാര പരിക്കുകൾ സംഭവിച്ചിട്ടുള്ളതായുമാണ് കെ.എസ്.ഇ.ബി.എൽ.-ന് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്.

5-6-2017-ൽ മരണപ്പെട്ട ശ്രീ. തോമസ്, 9-8-2017-ൽ മരണപ്പെട്ട അഗസ്റ്റിൻ എന്നിവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെട്ടിട്ടുണ്ട്.

22-7-2017-ന് തോലാമ്പ്ര 33 കെ. വി. സബ് സ്റ്റേഷനിൽ കരാർ ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണം സംഭവിച്ച കരാറുകാരനായ ശ്രീ. ബിജു ടി. എബ്രഹാമിന്റെ ആശ്രിതർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും പരിപത്രവും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ ബന്ധപ്പെട്ട ക്ലോസുകളും നിലവിൽ തുടർന്നുവരുന്ന കീഴ്വഴക്കങ്ങളും ആയത് ടി അപകടത്തിന്റെ കാര്യത്തിൽ ഒഴിവാക്കപ്പെടുകയാണെങ്കിൽ ഇത്തരം മറ്റ് അപകടങ്ങളുടെ കാര്യത്തിൽ ഉണ്ടായേക്കാവുന്ന നിയമപ്രശ്നങ്ങളും മുൻകാല പ്രാബല്യത്തോടെ വന്നേയ്ക്കാവുന്ന സാമ്പത്തിക ബാധ്യതകളും കണക്കിലെടുത്ത് ഭാഗികമായി പൂർത്തീകരിച്ച 66 ശതമാനം കരാർ ജോലിക്ക് കണക്കാക്കിയിരുന്ന ബിൽ തുകയായ 6,63,681 രൂപ നഷ്ടപരിഹാരമായി

അടിയന്തരമായി എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ ഓഫീസിൽ അനന്തരാവകാശികൾക്ക് നൽകുവാനായി കെട്ടിവയ്ക്കുവാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനിക്കുകയും ബാക്കി നഷ്ടപരിഹാര ബാധ്യത ഉൾപ്പെടെയുള്ള മറ്റ് ബാധ്യതകൾ ആയതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടേക്കാവുന്ന കേസ്സിന്റെ വിധി പ്രകാരം അനന്തര നടപടികൾ എടുക്കാമെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) മരണപ്പെട്ട കരാറുകാരനായ ശ്രീ. ബിജു ടി. എബ്രഹാമിന്റെ ആശ്രിതർക്ക് ഭാഗികമായി പൂർത്തീകരിച്ച 66% കരാർ ജോലിക്ക് കണക്കാക്കിയിരുന്ന ബിൽ തുകയായ 6,63,681 രൂപ കോഴിക്കോട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുൻപാകെ കെട്ടിവയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മരണം സംഭവിച്ച പൊതുജനവിഭാഗത്തിൽപ്പെടുന്ന ശ്രീ. അഗസ്റ്റിന്റെ ആശ്രിതർക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ള 'വൈദ്യുതി സുരക്ഷാപദ്ധതി' പ്രകാരമുള്ള ആശ്വാസധന സഹായത്തിനും വാഹന അപകടമായതിനാൽ മരണപ്പെട്ട ശ്രീ. തോമസിന് വ്യവസ്ഥകൾക്ക് വിധേയമായി ടിയാന്റെ വാഹനത്തിനുള്ള ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ MACT ക്ലെയിം പ്രകാരം അനുവദിക്കപ്പെടുന്നതിനും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി ആശ്വാസധന സഹായത്തിന് അർഹതയുണ്ട്. കരാറുകാരനായിരുന്ന ശ്രീ. ബിജു ടി. എബ്രഹാമിന്റെ ആശ്രിതർക്ക് വ്യവസ്ഥകൾക്കുവിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരമുള്ള നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

(ഡി) പൊതുജനങ്ങളായ ശ്രീ. തോമസ്, ശ്രീ. അഗസ്റ്റിൻ എന്നിവരുടെ ആശ്രിതർക്ക് ആശ്വാസധനം/നഷ്ടപരിഹാരം അനുവദിക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു.

കരാറുകാരനായ ശ്രീ. ബിജു ടി. എബ്രഹാമിന്റെ ആശ്രിതർക്ക് ഭാഗികമായി പൂർത്തീകരിച്ച 66 ശതമാനം കരാർ ജോലിക്ക് കണക്കാക്കിയിരുന്ന ബിൽ തുകയായ 6,63,681 രൂപ നഷ്ടപരിഹാരമായി അടിയന്തരമായി എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ ഓഫീസിൽ അനന്തരാവകാശികൾക്ക് നൽകുവാനായി കെട്ടിവയ്ക്കുവാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനിക്കുകയും ബാക്കി നഷ്ടപരിഹാര ബാധ്യത ഉൾപ്പെടെയുള്ള മറ്റ്

ബാധ്യതകൾ ആയതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടേക്കാവുന്ന കേസ്സിന്റെ വിധി പ്രകാരം അനന്തര നടപടികൾ എടുക്കാമെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനമെടുത്തിട്ടുണ്ട്.

## വൈദ്യുതാഘാതമേറ്റ് മരിച്ചതിനുള്ള നഷ്ടപരിഹാരം

211 (2409) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം സ്വദേശിയായ ബിജു ടി. എബ്രഹാം എന്ന ബോർഡിന്റെ കോൺട്രാക്ടർ തോലാമ്പ്ര സ്റ്റേഷന്റെ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കെ 22-7-2017-ൽ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞ കാര്യം കെ.എസ്.ഇ.ബി.എൽ.-ന്റെ, സർക്കാരിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർക്ക് ഓർഡർ നമ്പർ 69/2016-17 എന്ന 19-12-2016-ലെ കോൺട്രാക്ട് പ്രകാരം മരണമടഞ്ഞ ബിജു ടി. എബ്രഹാം പ്രവൃത്തി പൂർത്തിയാക്കിയ 12,60,480 രൂപ അദ്ദേഹത്തിന്റെ അവകാശികൾക്ക് നൽകിയോ; ഇല്ലെങ്കിൽ കാരണം എന്താണ്;

(സി) ബിജു ടി. എബ്രഹാം പണി പൂർത്തിയാക്കിയവകയിൽ അദ്ദേഹത്തിന് ലഭിക്കേണ്ട തുകയിൽ 6,63,681 രൂപ പിടിച്ചുവെച്ച് മരണമടഞ്ഞ ബിജുവിന്റെ ശവസംസ്കാര ചടങ്ങുകൾക്കും നഷ്ടപരിഹാരത്തിനും നൽകാനുള്ള ബോർഡിന്റെ തീരുമാനം സാമാന്യനീതി നിഷേധമാണെന്ന് കാണിച്ച് ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ. വൈദ്യുതി മന്ത്രിക്കും ചെയർമാനും നൽകിയ കത്ത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തുനടപടി സ്വീകരിച്ചു; മരണമടഞ്ഞയാൾ തന്നെ സ്വന്തം മരണാനന്തര ചടങ്ങിനുള്ള ചെലവും മക്കൾക്കുള്ള നഷ്ടപരിഹാരവും നൽകണമെന്ന ബോർഡിന്റെ തീരുമാനത്തിലെ മനുഷ്യാവകാശ ലംഘനവും വൈരുദ്ധ്യവും പരിശോധിക്കുമോ?

### ഉത്തരം

(എ) 22-7-2017-ൽ തോലാമ്പ്ര 33 കെ.വി. സബ്സ്റ്റേഷനിലെ കൺട്രോൾ റൂമിന്റെ നവീകരണ പ്രവൃത്തികൾ കരാറടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തിയിരുന്ന കരാറുകാരനായ ബിജു ടി. എബ്രഹാം ആയതുമായി ബന്ധപ്പെട്ട വെൽഡിംഗ് ജോലികൾ ചെയ്യുന്നതിനിടയിൽ ഷോക്കേറ്റ് മരണപ്പെട്ടതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) മേൽസൂചിപ്പിച്ചിട്ടുള്ള കരാർ പ്രവൃത്തികൾ വർക്ക് ഓർഡർ നമ്പർ 69/2016-17 തീയതി 19-12-2016 പ്രകാരം നൽകിയിരുന്നതും ആയതിന്റെ അടങ്കൽ തുകയായ 12,60,480 രൂപയിൽ 66 ശതമാനം കരാർ ജോലി പൂർത്തീകരിച്ചതിന്റെ ബിൽ തുക 6,63,681 ആയി കണക്കാക്കപ്പെട്ടിരുന്നുവെങ്കിലും ചുവടെ സൂചിപ്പിച്ചിട്ടുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പ്രാവർത്തികമാക്കിയിട്ടുള്ള ബോർഡ് ഉത്തരവിലെയും പരിപത്രത്തിലെയും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെയും വ്യവസ്ഥകളും ചട്ടങ്ങളും പ്രകാരം ശ്രീ. ബിജു ടി. എബ്രഹാമിന്റെ അവകാശികൾക്ക് പ്രവൃത്തി പൂർത്തിയാക്കിയ ബിൽ തുക അനുവദിക്കുന്നതിന് പരിമിതികളുണ്ട്.

3-6-2011-ലെ B.O. (FM) No. 1446/2011 (PSI/1826/2011) പ്രകാരം 3 ലക്ഷം രൂപയിൽ താഴെ വരുന്ന കരാർ തുകയുള്ള പ്രവൃത്തികൾ പെറ്റി കോൺട്രാക്ട് എന്ന നിർവ്വചനത്തിൽ വരുന്നതും അത്തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരനോ അയാളുടെ തൊഴിലാളികൾക്കോ കരാർ ജോലികൾക്കിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്കുള്ള നഷ്ടപരിഹാര ബാധ്യത കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്നും അനുവദിച്ചുവരുന്നു. 3 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുകയുള്ള ജോലികളിൽ സംഭവിക്കുന്ന അപകടങ്ങളുടെ നഷ്ടപരിഹാര ബാധ്യത കരാറുകാരനിൽ നിക്ഷിപ്തമായിരിക്കുന്നതും പ്രസ്തുത ബാധ്യത ഒഴിവാക്കുന്നതിലേയ്ക്കായി നിർബന്ധമായും ഇൻഷ്വറൻസ് പരിരക്ഷ കരാർ ജോലി ചെയ്യുന്ന കരാറുകാരൻ, കരാർ ജോലിക്കാർ എന്നിവർക്ക് ഉറപ്പുവരുത്തുന്നതിനായി Circular No. PS8/WCC/CW/Insurance Coverage/2011 dated 6-7-2011 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അത്തരം ഇൻഷ്വറൻസ് പരിരക്ഷ 1923-ലെ നഷ്ടപരിഹാര നിയമപ്രകാരം നൽകേണ്ടുന്ന എല്ലാ സാമ്പത്തിക നഷ്ടപരിഹാര തുകകളും കവർ ചെയ്യുന്നതാവണമെന്നും പ്രസ്തുത നഷ്ടപരിഹാര ബാധ്യത ഇൻഷ്വറൻസ് കവറേജ് മുഖാന്തരം ഈടാക്കാനാവാത്ത സാഹചര്യത്തിലും പൂർണ്ണമായ നഷ്ടപരിഹാര തുക ഇൻഷ്വറൻസ് കമ്പനി അനുവദിക്കാത്ത സാഹചര്യങ്ങളിലും കരാറുകാരന്റെ ബാധ്യതയാവുന്നതും ടിയാനിൽ നിന്നോ ടിയാന് അനുവദിക്കേണ്ടുന്ന മറ്റ് തുകകളിൽ നിന്നോ ഈടാക്കാവുന്നതാണെന്നും മേൽപരിപത്രത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വർക്ക് ഓർഡർ പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ കരാറുകാരനും കരാർ ജോലിക്കാർക്കും ഉറപ്പുവരുത്തണമെന്ന രേഖാമൂലമുള്ള നിർദ്ദേശങ്ങൾ കരാറുകാരനായ ബിജു ടി. എബ്രഹാം അവഗണിക്കുകയും തന്റെകീഴിൽ പ്രവർത്തിക്കുന്ന രണ്ട്

കരാർ ജീവനക്കാർക്ക് മാത്രം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുകയും ചെയ്തിരുന്നു. കരാർ ജോലിക്ക് മേൽനോട്ടം വഹിക്കേണ്ടുന്ന കരാറുകാരൻ തനിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താതെ കരാർ ജോലിയിൽ ഏർപ്പെടുകയും തുടർന്ന് അപകട മരണം സംഭവിക്കുകയുമായിരുന്നു.

(സി) കരാർ ജോലി ഭാഗികമായി പൂർത്തിയാക്കിയതിന് അനുവദിക്കേണ്ടിയിരുന്ന തുക നഷ്ടപരിഹാരമായി അനുവദിക്കണമെന്ന് കാണിച്ച് ശ്രീ. കെ. സി. ജോസഫ് എം.എൽ.എ. ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിക്കും ചെയർമാനും നൽകിയിരുന്ന കത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പരിശോധിക്കുകയും 6-1-2018-ലെ B.O. (CMD) No. 50/2018 (PS8/CW/FA/Biju T. Abraham/ 3562/83-2017) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) മേൽവിഷയം സംബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും പരിപത്രവും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ ബന്ധപ്പെട്ട ക്ലോസുകളും നിലവിൽ തുടർന്നുവരുന്ന കീഴ്വഴക്കങ്ങളും ആയത് ടി അപകടത്തിന്റെ കാര്യത്തിൽ ഒഴിവാക്കപ്പെടുകയാണെങ്കിൽ ഇത്തരം മറ്റ് അപകടങ്ങളുടെ കാര്യത്തിൽ ഉണ്ടായേക്കാവുന്ന നിയമ പ്രശ്നങ്ങളും മുൻകാലപ്രാബല്യത്തോടെ വന്നേയ്ക്കാവുന്ന സാമ്പത്തിക ബാധ്യതകളും കണക്കിലെടുത്ത് ഭാഗികമായി പൂർത്തീകരിച്ച 66 ശതമാനം കരാർ ജോലിക്ക് കണക്കാക്കിയിരുന്ന ബിൽ തുകയായ 6,63,681 രൂപ നഷ്ടപരിഹാരമായി അടിയന്തരമായി എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ ഓഫീസിൽ അനന്തരാവകാശികൾക്ക് നൽകുവാനായി കെട്ടിവയ്ക്കുവാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനിക്കുകയും ബാക്കി നഷ്ടപരിഹാര ബാധ്യത ഉൾപ്പെടെയുള്ള മറ്റ് ബാധ്യതകൾ ആയതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടേക്കാവുന്ന കേസ്സിന്റെ വിധിപ്രകാരം അനന്തര നടപടികൾ എടുക്കാമെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനമെടുത്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ബാധകമായിട്ടുള്ള ചട്ടങ്ങൾ പരിഗണിച്ച്, 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾ മുൻനിർത്തിയും പലിശബാധ്യത ഒഴിവാക്കി അടിയന്തര തീരുമാനമെടുക്കുന്നതിനുള്ള ബാധ്യത കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ഉള്ളതിനാൽ മേൽസൂചിപ്പിച്ച തീരുമാനം എടുത്തതിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും മനുഷ്യാവകാശ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പരമാവധി പരിഗണനയും ശ്രദ്ധയും നൽകിയിട്ടുണ്ട്.

## കസ്റ്റമർ കെയർ ആരംഭിക്കുവാൻ വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ

212 (2410) ‌പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം (Irimbiliyam) ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുമെന്ന് പറഞ്ഞിരുന്ന കസ്റ്റമർ കെയർ ആരംഭിക്കുവാൻ വൈദ്യുതി വകുപ്പ് എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) പ്രദേശവാസികളുടെ ദീർഘകാലത്തെ ആവശ്യമായിരുന്ന കസ്റ്റമർ കെയർ സെന്ററോ വൈദ്യുതി സെക്ഷൻ ഓഫീസോ ഉടൻ ആരംഭിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടർ കൂടാതെ ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ബോർഡ് ഒരുക്കിയിട്ടുണ്ട്. ഇതിനാൽ സെക്ഷൻ ഓഫീസിൽ നേരിട്ട് പോകാതെ ഇന്റർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ സാധിക്കും. ഇതുകൂടാതെ അക്ഷയകേന്ദ്രങ്ങൾ, NACH സംവിധാനം എന്നിവവഴിയും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യമുണ്ട്. മാത്രമല്ല, ബോർഡ് നടപ്പിലാക്കിയ 'ഒരുമ നെറ്റ്' വഴി ഏത് സെക്ഷൻ ഓഫീസിലും ഉപഭോക്താക്കൾക്ക് പണമടയ്ക്കാൻ സാധിക്കും. പുതിയ കണക്ഷനുകൾ, മറ്റ് വൈദ്യുതി സേവനങ്ങൾ എന്നിവയ്ക്കുള്ള അപേക്ഷകളും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ജില്ലാ കേന്ദ്രങ്ങളിലാണ് തുടക്കത്തിൽ കസ്റ്റമർ കെയർ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇത് വിജയകരമെന്ന് കണ്ടാൽ ആവശ്യമുള്ള കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നത് പരിശോധിക്കും. വൈദ്യുതി സേവനങ്ങൾ കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് നടപ്പിലാക്കിവരുന്ന വിവിധ നടപടികളുടെ സാഹചര്യത്തിൽ പുതുതായി ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ

213 (2411) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-12-2015-ൽ 80 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കൊച്ചി മണ്ഡലത്തിലെ തോപ്പുംപടി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തോപ്പുംപടി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിന്റെ നിർമ്മാണ പ്രവൃത്തിക്കായി 11-12-2015-ൽ സ. ഉ. (സാധാ.) നമ്പർ 293/15/ഊ.വ. പ്രകാരം ഉത്തരവായെങ്കിലും 2-6-2017-ലെ സ. ഉ. (സാധാ.) നമ്പർ 200/17/ഊ.വ. പ്രകാരമാണ് ഫണ്ട് റിലീസ് ചെയ്തത്. തുടർന്ന് ടെണ്ടർ വിളിച്ചെങ്കിലും വേണ്ടത്ര കരാറുകാർ പങ്കെടുക്കാത്തതിനാൽ ടെണ്ടർ റദ്ദ് ചെയ്ത് വീണ്ടും ടെണ്ടർ വിളിച്ചിരിക്കുകയാണ്. അതിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കിയതിനുശേഷം ടെണ്ടർ വിളിക്കുകയും ടെണ്ടർ നടപടികൾ പുരോഗമിക്കുകയുമാണ്. ഒരു മാസത്തിനകം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കെ.എസ്.ഇ.ബി.എൽ. ഡിവിഷണൽ ഓഫീസിന്റെ നിർമ്മാണം

214 (2412) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ഡിവിഷണൽ ഓഫീസിനുവേണ്ടി കെ.എസ്.ഇ.ബി.എൽ.-ന്റെ വക സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) എത്രയുംവേഗം തടസ്സങ്ങൾ നീക്കി പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ചങ്ങനാശ്ശേരിയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിന് 5-10-2017-ൽ ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ചങ്ങനാശ്ശേരി നഗരസഭയിൽനിന്നും 10-1-2018-ൽ ലഭിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ഡിസൈൻ ചെയ്യുന്നതിനാവശ്യമായ മണ്ണ് പരിശോധന നടന്നുവരികയാണ്. റിപ്പോർട്ട് ലഭിച്ചതിനുശേഷം കെട്ടിടം ഡിസൈൻ ചെയ്ത് ടെണ്ടർ ചെയ്യേണ്ടതുണ്ട്. പുതിയ കെട്ടിട നിർമ്മാണത്തിന് തടസ്സങ്ങളൊന്നും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോവൂർ ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം**

215 (2413) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കോവൂർ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിക്കണമെന്ന നിർദ്ദേശത്തിൻമേൽ സ്വീകരിച്ചുവരുന്ന നടപടികളെന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 25000-ൽ അധികമാകുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 20000-ത്തിൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. എന്നാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം സെക്ഷനുകളുടെ പുനഃക്രമീകരണ സാധ്യതകളും പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കോഴിക്കോട് ജില്ലയിലെ കോവൂർ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിക്കണമെന്നത് ഇപ്പോൾ പരിഗണനയിലില്ല.

## കായംകുളം ഈസ്റ്റ് സബ് ഡിവിഷൻ കെ.എസ്.ഇ.ബി.എൽ. ഓഫീസ്

216 (2414) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. കായംകുളം ഈസ്റ്റ് സബ് ഡിവിഷൻ ഓഫീസിന്റെ കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിൽ ആണെന്നും ജീവനക്കാർക്ക് ആവശ്യമായ സൗകര്യങ്ങൾ ഇല്ലെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഓഫീസിന് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ

217 (2415) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുവേണ്ടി വാരപ്പെട്ടി പഞ്ചായത്ത് കമ്മിറ്റി നല്കിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) സ്വന്തമായി കെ.എസ്.ഇ.ബി.എൽ. സബ് സ്റ്റേഷൻ ഉണ്ടെങ്കിലും വൈദ്യുതി കണക്ഷനും വൈദ്യുതി ബിൽ അടയ്ക്കുന്നതിനും മറ്റ് ഇതര ആവശ്യങ്ങൾക്കും വാരപ്പെട്ടി പഞ്ചായത്തുകാർ മൂവാറ്റുപുഴ, കോതമംഗലം, പോത്താനിക്കാട് സെക്ഷനുകളെയാണ് ആശ്രയിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏഴായിരത്തിലധികം വീടുകളും മറ്റ് സ്ഥാപനങ്ങളുമടക്കം പതിനായിരക്കണക്കിന് ആളുകൾക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ വാരപ്പെട്ടി പഞ്ചായത്തിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 25000-ത്തിൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ത്തിൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായ മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിനാൽത്തന്നെ കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**ഇടക്കൊച്ചി കെ.എസ്.ഇ.ബിഎൽ. സെക്ഷൻ ഓഫീസ്**

218 (2416) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയിൽ അനുവദിച്ച കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിനായി എവിടെയെങ്കിലും സ്ഥലമോ കെട്ടിടമോ ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. പ്രസ്തുത ഓഫീസിനായി മേൽസൂചിപ്പിച്ചത് പ്രകാരം സ്ഥലമോ കെട്ടിടമോ ലഭ്യമല്ലാത്തതിനാലാണ് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തത്. സൗജന്യമായി 10 സെന്റ് ഭൂമി/വാടകരഹിത കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇടക്കൊച്ചി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## നെല്ലിക്കുന്ന്, ചെർക്കള എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിഭജനം

219 (2417) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നെല്ലിക്കുന്ന്, ചെർക്കള എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ കീഴിൽ എത്ര ഉപഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സെക്ഷൻ ഓഫീസ് വിഭജിക്കാൻവേണ്ട ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) നെല്ലിക്കുന്ന്, ചെർക്കള ഓഫീസുകൾ വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) നെല്ലിക്കുന്ന്, ചെർക്കള ഓഫീസുകളിലെ തസ്തികകളും ഇപ്പോഴുള്ള ഒഴിവുകളും വ്യക്തമാക്കാമോ;

(ഇ) ഈ രണ്ട് ഓഫീസുകളിലും വേണ്ടത്ര വാഹനങ്ങളും വൈദ്യുതി ഉപകരണങ്ങളും സാധനസാമഗ്രികളും ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെകീഴിൽ 25543 ഉപഭോക്താക്കളും ചെർക്കള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെകീഴിൽ 26108 ഉപഭോക്താക്കളും നിലവിലുണ്ട്.

(ബി & സി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25,000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ത്തിൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിനാൽ നെല്ലിക്കുന്ന്, ചെർക്കള ഓഫീസുകളുടെ വിഭജനം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) നെല്ലിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ, ഓവർസീയർ, ലൈൻമാൻ, മീറ്റർ റീഡർ, സീനിയർ സൂപ്രണ്ട്, സീനിയർ അസിസ്റ്റന്റ്, കാഷ്യർ, ഇലക്ട്രിസിറ്റി വർക്കർ, പാർട്ട്ടൈം സ്വീപ്പർ എന്നീ തസ്തികകളുണ്ട്. ഇതിൽ മീറ്റർ റീഡർ-4, പാർട്ട്ടൈം സ്വീപ്പർ-1 എന്നിങ്ങനെ ഇപ്പോൾ ഒഴിവുകളുണ്ട്.

ചെർക്കള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ, ഓവർസീയർ, ലൈൻമാൻ, മീറ്റർ റീഡർ, സീനിയർ സൂപ്രണ്ട്, സീനിയർ അസിസ്റ്റന്റ്, കാഷ്യർ, ഇലക്ട്രിസിറ്റി വർക്കർ, പാർട്ട്ടൈം സ്വീപ്പർ എന്നീ തസ്തികകളുണ്ട്. ഇതിൽ മീറ്റർ റീഡർ-4, സീനിയർ അസിസ്റ്റന്റ്-1, കാഷ്യർ-1 എന്നിങ്ങനെ ഇപ്പോൾ ഒഴിവുകളുണ്ട്.

(ഇ) ഈ രണ്ട് ഓഫീസുകളിലും വാഹനങ്ങളും വൈദ്യുതി ഉപകരണങ്ങളും ആവശ്യത്തിന് ലഭ്യമാണ്. ചില സാധനസാമഗ്രികളുടെ കുറവുണ്ടായിരുന്നെങ്കിലും അവ ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ട്.

## തൊഴുക്കൽ സബ് സ്റ്റേഷൻ 110 KV ആക്കി ഉയർത്താൻ നടപടി

220 (2418) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തൊഴുക്കൽ സബ് സ്റ്റേഷൻ 110 KV ആക്കി ഉയർത്തുന്നതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ പണി ഏതുവർഷത്തിൽ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ;

(സി) ഇതിന് ആകെ വരുന്ന പദ്ധതി ചെലവ് എത്ര കോടി ആണ്;

(ഡി) ഇതിന് കെ.എസ്.ഇ.ബി.എൽ. ഫണ്ട് അനുവദിച്ചത് ഏതു വർഷത്തിൽ ആണ്;

(ഇ) ഇതിന്റെ പണി പൂർത്തീകരിക്കുമ്പോൾ ഏതെല്ലാം പ്രദേശത്ത് (നഗരസഭ-പഞ്ചായത്ത്) ഈ പദ്ധതിയുടെ ഗുണം ലഭിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര സബ് സ്റ്റേഷൻ (തൊഴുക്കൽ) 110 കെ.വി. ആക്കി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സൈറ്റ് ലെവലിംഗ് വർക്ക് പുരോഗമിച്ചുവരുന്നു. കേബിൾ ട്രഞ്ച്, എർത്ത് മാറ്റ്, എക്യുപ്മെന്റ് ഫൗണ്ടേഷൻ

എന്നീ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട് പാറശ്ശാല-നെയ്യാറ്റിൻകര 66 കെ.വി. ലൈൻ 110 കെ.വി. ലൈനാക്കുന്ന പണിയും പുരോഗമിക്കുന്നുണ്ട്.

(ബി) 2018 ഒക്ടോബർ മാസം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 837.56 ലക്ഷം രൂപ.

(ഡി) 2013-ലാണ് ഫണ്ട് അനുവദിച്ചത്.

(ഇ) നെയ്യാറ്റിൻകര നഗരസഭ, ഗ്രാമപഞ്ചായത്തുകളായ ബാലരാമപുരം, കാഞ്ഞിരംകുളം, തിരുപുറം, പൂവ്വാർ എന്നീ പ്രദേശങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം കിട്ടുന്നത്.

**കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ**

221 (2419) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ കടമ്പഴിപ്പുറത്ത് 33 കെ. വി സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) അതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ട്;വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രീകൃഷ്ണപുരം, കോങ്ങാട് 33 കെ.വി. ലൈനിൽനിന്ന് പുതുതായി ഏകദേശം ഒന്നര കിലോമീറ്റർ 33 കെ. വി. ലൈൻ വലിച്ച്, രണ്ട് 11 കെ.വി. ഫീഡറുകളോടുകൂടി ഒരു 3.15 എം.വി.എ. കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഒറ്റപ്പാലം നിയോജകമണ്ഡലത്തിലുള്ള കടമ്പാഴിപ്പുറത്ത് പുതുതായി ഒരു 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 18 സെന്റ് സ്ഥലം കണ്ടെത്തുകയും സ്ഥലം കൈമാറ്റം ചെയ്യുന്നതിനായി പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പിന്റെ സ്ഥലം കൈമാറി തരുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതിനായി 2019-20 വർഷത്തിലേക്കുള്ള ആനുവൽ പ്ലാനിൽ 150 ലക്ഷം രൂപ വകയിരുത്താനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

## കേളകം 66 KV സബ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി

222 (2420) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേളകത്ത് അനുവദിച്ചിട്ടുള്ള 66 KV സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കേളകം സബ്സ്റ്റേഷൻ കോമ്പൗണ്ടിന്റെ ചുറ്റുമതിൽ നിർമ്മാണവും കൺട്രോൾ റൂമിന്റെ ഫൗണ്ടേഷൻ ജോലികളും പൂർത്തിയായി. മറ്റു ജോലികൾ പുരോഗമിക്കുന്നു. 10.9 കി.മീ. 33 KV കേബിൾ ഇടുന്ന ജോലിയുടെ എസ്റ്റിമേറ്റിന്റെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. റോഡ് കട്ടിംഗ് അനുമതിക്കുള്ള അപേക്ഷ നൽകിയിട്ടുണ്ട്.

## ഇലക്ട്രിക് കാറുകൾ വാടകയ്ക്ക് നൽകുന്ന പദ്ധതി

223 (2421) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് കാറുകൾ വാങ്ങി ജനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതി വൈദ്യുതിബോർഡ് നടപ്പാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇത്തരം കാറുകൾ ചാർജ്ജ് ചെയ്യുന്നതിന് എന്ത് സംവിധാനമാണ് ബോർഡ് ഒരുക്കിയിരിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; കേരളത്തിൽ എവിടെയൊക്കെയാണ് ചാർജ്ജിംഗ് സ്റ്റേഷൻ ആരംഭിക്കുവാൻ പോകുന്നതെന്ന് വിശദമാക്കുമോ;

(ഡി) എത്ര വാഹനങ്ങൾ/കാറുകൾ വാങ്ങുന്നതിനാണ് ബോർഡ് പദ്ധതിയിട്ടിരിക്കുന്നത്; ഇതിന്റെ വില സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ഇലക്ട്രിക് കാറുകൾ വാങ്ങി ജനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി വരുന്നു. കേരളത്തിൽ തിരുവനന്തപുരം വൈദ്യുതി ഭവനിലും എറണാകുളം ഡിസ്ട്രിബ്യൂഷൻ സർക്കിൾ ഓഫീസിലും കോഴിക്കോട് വൈദ്യുതി ഭവനിലും D.C. fast charging സ്റ്റേഷനുകൾ സ്ഥാപിച്ച്

രണ്ട് കാറുകൾ വീതം നൽകുന്ന E-Mobility പദ്ധതി സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പൂർത്തീകരിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം ടെക്നോപാർക്കിലും ചാർജിംഗ് സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. നിലവിൽ വൈദ്യുതി കാറുകൾ ആറെണ്ണം വാങ്ങിക്കഴിഞ്ഞു. ചാർജിംഗ് സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ട ദർഘാസ് നടപടികൾ നടന്നുവരുന്നു.

ദർഘാസ് മുഖാന്തരം ആറ് കാറുകൾ (E2O+, V2 Variant) കാറൊന്നിന് 9,37,000 രൂപ ക്രമത്തിലാണ് വാങ്ങിയത്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഈ പദ്ധതി വിജയകരമെന്ന് കണ്ടാൽ വിപുലപ്പെടുത്തുന്നത് ആലോചിക്കുന്നതാണ്.

## ഉദയ് പദ്ധതി

224 (2422) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഉദയ് നടപ്പിലാക്കുന്നത് ഏത് ഘട്ടത്തിലാണ്;

(ബി) ഉദയ് നടപ്പിലാക്കുമ്പോൾ മീറ്റർ റീഡർമാരുടെ ആവശ്യം ഉണ്ടാകില്ല എന്നത് വസ്തുതയാണോ; എങ്കിൽ എത്ര മീറ്റർ റീഡർമാരുടെ തസ്തിക അധികമാകുമെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഉദയ് പദ്ധതിക്കുവേണ്ടിയുള്ള ത്രികക്ഷി ധാരണാ പത്രത്തിൽ കേന്ദ്ര-കേരള സർക്കാരും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും 15-3-2017-ൽ ഒപ്പുവച്ചു. ഉദയ് കരാർ പ്രകാരമുള്ള കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഊർജ്ജ ആഡിറ്റിംഗിനായി ഉദയ് MoU പ്രകാരം എല്ലാ ഇലക്ട്രിക്കൽ ഡിവിഷൻ അതിർത്തികളിലും മീറ്ററുകൾ വയ്ക്കാനും എല്ലാ ട്രാൻസ്ഫോർമറുകളിലും ഡി.റ്റി.ആർ. മീറ്റർ വയ്ക്കാനും തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഉദയ് പദ്ധതിയുടെ ധാരണാപത്രം പ്രകാരം ഘട്ടംഘട്ടമായി സ്മാർട്ട് മീറ്റർ നടപ്പാക്കേണ്ടത് നിർബന്ധമാണ്. ഇതുപ്രകാരമാണ് സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ നടപ്പിലാക്കാൻ ആരംഭിച്ചിട്ടുള്ളത്. സ്മാർട്ട് മീറ്റർ നടപ്പിലാക്കിയിട്ടുള്ള ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് എടുക്കാൻ മീറ്റർ റീഡർമാരുടെ സേവനം ആവശ്യമായി വരുന്നില്ല. എന്നാൽ ഇതുമൂലം എത്ര മീറ്റർ റീഡർമാർ അധികമാകും എന്നത് ഈ പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിനുശേഷമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

## ചേലക്കര നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

225 (2423) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ചേലക്കര മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിൽ പുതിയതായി ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) ചേലക്കര നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങളും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു:

| സെക്ഷന്റെ പേര് | വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | 2 | 3 |
| ചേലക്കര | തോട്ടേക്കാട്, ആലമ്പൂഴ റോഡ്, ആടിച്ചിറ, കുളപ്പാറ പ്രദേശങ്ങൾ | കുളപ്പാറ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിക്കുന്നു. മറ്റുള്ള പ്രദേശങ്ങളിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| പഴയന്നൂർ | നീലിച്ചിറ, കളങ്കണ്ടത്തൂർ, പാറപ്പുറം, ബ്ലോക്ക് ഓഫീസ്, പോലീസ് സ്റ്റേഷൻ, ആദിക്കണ്ട്, പള്ളിമുക്ക് പ്രദേശങ്ങൾ. | നീലിച്ചിറ, കളങ്കണ്ടത്തൂർ, പാറപ്പുറം പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിക്കുന്നു ബ്ലോക്ക് ഓഫീസ്, പോലീസ് സ്റ്റേഷൻ, ആദിക്കണ്ട്, പള്ളിമുക്ക് പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിച്ചു. |

| 1 | 2 | 3 |
|---|---|---|
| തിരുവില്വാമല | മലേശമംഗലം, പുതനക്കര, എടിഞ്ഞുക്കുഴി പ്രദേശങ്ങൾ | മലേശമംഗലം പ്രദേശത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിച്ചു. പുതനക്കര, എടിഞ്ഞുക്കുഴി പ്രദേശങ്ങളിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| ദേശമംഗലം | മനപ്പടി, ഉണിക്കുന്ന കോളനി, വരവൂർ, രാമൻകുളം വരവൂർ കാർലിമുക്ക് പ്രദേശങ്ങൾ | മനപ്പടി, ഉണിക്കുന്ന കോളനി, വരവൂർ, രാമൻകുളം പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമംപരിഹരിച്ചു. വരവൂർ കാർലിമുക്ക് പ്രദേശത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| ചെറുതുരുത്തി | നല്ലവരമ്പ്, തെക്കേക്കുന്ന്, താഴപ്ര, നെടുംപുര പ്രദേശങ്ങൾ | 11 കെ.വി. ലൈൻ നിർമ്മിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിച്ചു. |

(സി) ചേലക്കര സെക്ഷൻ പരിധിയിൽ മംഗലം കുന്ന്, വെണ്ണൂർ, യൂക്കാലിക്കാട്, പുതിയത്ത് കോവിൽ, പഴയന്നൂർ സെക്ഷൻ പരിധിയിൽ ഭജനമഠം, ബ്ലോക്ക് ഓഫീസ്, പോലീസ് സ്റ്റേഷൻ, ആദിക്കുണ്ട്, പള്ളിമുക്ക്, തിരുവില്വാമല സെക്ഷൻ പരിധിയിൽ കുത്താമ്പുള്ളി മണ്ഡലം, ശിവജി നഗർ, ദേശമംഗലം സെക്ഷൻ പരിധിയിൽ മനപ്പടി, ഉണിക്കുന്ന കോളനി, വരവൂർ, രാമൻകുളം ചെറുതുരുത്തി സെക്ഷൻ പരിധിയിൽ ചെറുപ്പറമ്പ്, പള്ളിക്കൽ, പാഡി ഫീൽഡ്, പള്ളത്ത് കോളനി, ബൈബിൾ കോമ്പൗണ്ട്, പന്നിയാടി ചന്ദ്രൻമിൽ എന്നിവിടങ്ങളിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

## വൈദ്യുതി സ്വയംപര്യാപ്തത

226 (2424) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 വർഷത്തിൽ സംസ്ഥാനം പുറത്തുനിന്ന് വൈദ്യുതി വാങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ നിന്ന് എത്ര യൂണിറ്റ് വാങ്ങിയിട്ടുണ്ട്; ഏതൊക്കെ തരം വൈദ്യുതിയാണ് വാങ്ങിയത് എന്നും ഇതിന് എത്ര രൂപയാണ് ചെലവിട്ടത് എന്നുമുള്ള കാര്യങ്ങൾ അറിയിക്കാമോ;

(സി) വൈദ്യുതി സ്വയംപര്യാപ്തതയ്ക്ക് നടപ്പിലാക്കിയ/നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും പരിപാടികളും എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വാങ്ങിയിട്ടുണ്ട്.

(ബി) 2017 വർഷത്തിൽ 18069.14 ദശലക്ഷം യൂണിറ്റ് വൈദ്യുതി സംസ്ഥാനത്തിനുപുറത്തുനിന്നും വാങ്ങിയിട്ടുണ്ട്. പുറത്തുനിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ 7729.11 കോടി രൂപ ചെലവായിട്ടുണ്ട്.

2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പുറത്തുനിന്നും വാങ്ങിയ വൈദ്യുതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | എവിടെ നിന്ന് | എത്ര |
|---|---|---|
| 1 | കേന്ദ്ര ഊർജ്ജ ഉല്പാദന നിലയങ്ങൾ | 10129.32 ദശലക്ഷം യൂണിറ്റ് |
| 2 | ദീർഘകാല/മദ്ധ്യകാല കരാറുകൾ മുഖേന | 6650.12 ദശലക്ഷം യൂണിറ്റ് |
| 3 | ഹ്രസ്വകാല കരാറുകൾ മുഖേന | 711.87 ദശലക്ഷം യൂണിറ്റ് |
| 4 | സ്വാപ്പ് | 59.89 ദശലക്ഷം യൂണിറ്റ് |
| 5 | പവർ എക്സ്ചേഞ്ച് മുഖേന | 517.94 ദശലക്ഷം യൂണിറ്റ് |

(സി) ആഭ്യന്തര ഉല്പാദനം കൊണ്ടുമാത്രം കേരളത്തിന്റെ ആവശ്യകത നിറവേറ്റുക എന്നുള്ളത് സമീപ ഭാവിയിലൊന്നും തന്നെ സാദ്ധ്യമാകുന്നതല്ല. ഇപ്പോഴുള്ള വൈദ്യുത ആവശ്യകതയുടെ ഏകദേശം 30%-ത്തോളം മാത്രമേ ആഭ്യന്തര ഉൽപ്പാദനത്തിലൂടെ നിറവേറ്റാൻ കഴിയുകയുള്ളൂ. ബാക്കി വേണ്ടുന്നത് അന്യ സംസ്ഥാനങ്ങളിലെ കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും ദീർഘദൂര, മദ്ധ്യകാല, ഹ്രസ്വകാല കരാറുകൾ മുഖേനയും പവർ എക്സ്ചേഞ്ച് മുഖേനയുമാണ് ലഭ്യമാക്കുന്നത്. എങ്കിലും ആഭ്യന്തര ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ജലവൈദ്യുത പദ്ധതികളും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വഴിയുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

നിലവിൽ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായ 37 ജലവൈദ്യുത പദ്ധതികൾ വഴി 2055.76 മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നത്. വൈദ്യുതി സ്വയംപര്യാപ്തത ലക്ഷ്യമിട്ട് 166.5 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള '9' ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. ഇതിന്റെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ഇതിനുപുറമെ പുതുതായി 145 മെഗാവാട്ടിന്റെ 15 ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. വൈദ്യുതി സ്വയം പര്യാപ്തതയ്ക്കുവേണ്ടി നടപ്പിലാക്കിയ പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ വിശദാംശങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

ചെറുകിട ജലവൈദ്യുത പദ്ധതി നയം 2012 പ്രകാരം 'Build, Own, Operate & Transfer' (BOOT) അടിസ്ഥാനത്തിൽ സ്വകാര്യ മേഖല, പഞ്ചായത്ത്, പബ്ലിക് സെക്ടർ കമ്പനികൾ എന്നീ മേഖലയിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ഇതിനായി സർക്കാർ തെരഞ്ഞെടുത്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ സർക്കാർ അനുവദിച്ചുവരുന്നു.

കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ സോളാർ ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയായ 10000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം 2016-17 അവസാനത്തോടെ 9837 വീടുകളിൽ ഒരു കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി. ഇവ ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പര്യാപ്തമാണ്. പാലക്കാട് കുഴൽമന്ദത്ത് രണ്ട് മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് നൽകി വരുന്നു. അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി രണ്ട് കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി-5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ച് നൽകാനും ഒരു കിലോവാട്ട് മുതൽ അഞ്ച് കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകാനുള്ള പദ്ധതികൾക്ക് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. 2017-18 സാമ്പത്തികവർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥത

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കി പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചുനൽകാൻ പദ്ധതിയുണ്ട്.

**വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ**

227 (2425) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ബാബു :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് നിലവിൽ ഗാർഹിക കണക്ഷനുകൾ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുറമ്പോക്ക് ഭൂമിയിൽ വീടുവെച്ച് താമസിക്കുന്നവർക്കും പട്ടയം ലഭിച്ചിട്ടില്ലാത്തവർക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നേരത്തെ അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, സ്ഥിരമേൽവിലാസം തെളിയിക്കുന്ന രേഖ, തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന പ്രത്യേക അനുമതി, തുടങ്ങി പല രേഖകളും ഹാജരാക്കേണ്ടതുണ്ടായിരുന്നു. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത്

നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്രഅടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുത കണക്ഷൻ നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ, അപേക്ഷ ഫോറം ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഭൂമിക്ക് പട്ടയം ലഭ്യമല്ലാത്തതിന്റെ പേരിലോ മറ്റ് ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതിന്റെ പേരിലോ വൈദ്യുതി കണക്ഷൻ നൽകാൻ സാധിക്കാത്ത സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുത കണക്ഷൻ നൽകാൻ ഉത്തരവ് പുറപ്പെടുവിക്കുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഗാർഹിക ഉപഭോക്താക്കളുടെ താൽപ്പര്യം സംരക്ഷിക്കാൻ നടപടികൾ

228 (2426) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. വി. ഇബ്രാഹിം :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വൈദ്യുതി നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഗാർഹിക ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇല്ല. ഊർജ്ജ നയരൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) താങ്ങാവുന്ന നിരക്കിൽ, ഇടതടവില്ലാതെ ഗുണമേൻമയുള്ള വൈദ്യുതി ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ സൗകര്യപ്രദമായ ഇടങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ, ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട എല്ലാ സേവനങ്ങളും ഒരിടത്തുനിന്നുതന്നെ ലഭ്യമാക്കുന്ന സേവനകേന്ദ്രങ്ങൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

## കൊയിലാണ്ടി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

229 (2427) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിൽ 1318 ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

## ഇലക്ട്രിസിറ്റി ബോർഡിന് പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക

230 (2428) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് എത്ര രൂപയാണ് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ വിവിധ സർക്കാർ വകുപ്പുകൾ, വാട്ടർ അതോറിറ്റി, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യമേഖലാ സ്ഥാപനങ്ങൾ, കേന്ദ്രസർക്കാർ വകുപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ തുടങ്ങിയ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഓരോന്നും നിലവിൽ കുടിശ്ശികയിനത്തിൽ എത്ര തുക അടയ്ക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, വൻകിട/ചെറുകിട സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, കെട്ടിടസമുച്ചയങ്ങൾ തുടങ്ങിയ ഓരോ വിഭാഗവും അടയ്ക്കേണ്ട കുടിശ്ശിക തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്രകാരമുള്ള എത്ര തുകയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കോടതികളിൽ കേസ്സുകൾ നിലവിലുണ്ടെന്നും ഇവ തീർപ്പാക്കി കുടിശ്ശിക പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 31-12-2017 വരെ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 2441.22 കോടി രൂപയാണ്.

(ബി) 31-12-2017 വരെയുള്ള കണക്ക് അനുസരിച്ച് കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ | 109.09 കോടി രൂപ |
| 2 | വാട്ടർ അതോറിറ്റി | 1,219.33 കോടി രൂപ |
| 3 | പൊതുമേഖലാ സ്ഥാപനങ്ങൾ | 205.58 കോടി രൂപ |
| 4 | സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ | 550.28 കോടി രൂപ |
| 5 | കേന്ദ്ര സർക്കാർ വകുപ്പുകൾ | 18.39 കോടി രൂപ |
| 6 | തദ്ദേശഭരണ സ്ഥാപനങ്ങൾ | 17.93 കോടി രൂപ |
| | ആകെ | 2,120.60 കോടി രൂപ |

(സി)

| | |
|---|---|
| സ്വകാര്യ വ്യക്തികൾ | 320.62 കോടി രൂപ |
| സ്വകാര്യ വൻകിട/ചെറുകിട സ്ഥാപനങ്ങൾ, കെട്ടിട സമുച്ചയങ്ങൾ എന്നിവ | 550.28 കോടി രൂപ |

(ഡി) കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും സർവ്വീസ് കണക്ഷനുകൾ സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കാറുണ്ട്. ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിവഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു.

(ഇ) 31-12-2017-ലെ കണക്കുപ്രകാരം 420.77 കോടി രൂപയുടെ കുടിശ്ശികയ്ക്ക് കോടതി കേസ്സുകൾ നിലവിലുണ്ട്. കേസ്സുകളുടെ പുരോഗതി യഥാസമയം വിലയിരുത്തി കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈദ്യുതിമീറ്ററിലെ അപാകതകൾ

231 (2429) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉപഭോക്താവ് സ്ഥാപിക്കുന്ന വൈദ്യുതമീറ്ററിലെ അപാകതകൾ കാരണം ബോർഡിന് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ, പ്രസ്തുത മീറ്ററുകൾ മാറ്റി ഗുണമേന്മയുള്ളതും ഏറ്റവും ആധുനികവുമായ മീറ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഉപഭോക്താക്കൾക്കാവശ്യമുള്ള മീറ്ററുകൾ ബോർഡ് ലഭ്യമാക്കുന്നതും ഉപഭോക്താവുതന്നെ വാങ്ങി നൽകുന്നതുമായ രണ്ട് അംഗീകൃത രീതികളുണ്ട്.

ഈ രണ്ട് വിഭാഗത്തിൽപ്പെട്ട മീറ്ററുകളും മീറ്റർ പരിശോധനാ സംവിധാനം നിലവിലുള്ള ബോർഡിന്റെ ടി.എം.ആർ. വിഭാഗത്തിലോ എൻ.എ.ബി.എൽ. അംഗീകൃത ലാബുകളിലോ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി മാത്രമേ സ്ഥാപിക്കാറുള്ളൂ.

കെ.എസ്.ഇ.ബി.എൽ.-ന്റെ മീറ്റർ ഔട്ട്ലെറ്റുകൾ വഴി ഉപഭോക്താക്കൾക്ക് മീറ്ററുകൾ വാങ്ങാനുള്ള സൗകര്യം നിലവിലുണ്ട്. ഔട്ട്ലെറ്റുകൾ വഴി വിതരണം ചെയ്തുവരുന്ന മീറ്ററുകളും റ്റി.എം.ആർ.-കളിൽ പരിശോധന നടത്തി ഗുണമേന്മ ഉറപ്പ് വരുത്തിയവയാണ്.

കേടായ എല്ലാ ഇലക്ട്രിസിറ്റി മീറ്ററുകളും നിലവിലുള്ള എല്ലാ മെക്കാനിക്കൽ മീറ്ററുകളും മാറ്റി ഗുണമേന്മയേറിയ static മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തി DDUGJY, IPDS തുടങ്ങിയ പദ്ധതിയിൽപ്പെടുത്തിയും അല്ലാതെയും ചെയ്തുവരികയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ 1080833 മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

എച്ച്.റ്റി., ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെ മീറ്ററുകൾ എ.എം.ആർ. സംവിധാനമുള്ള മീറ്ററുകളാക്കി മാറ്റുന്നതിനായി ബോർഡുതന്നെ ഇവ ലഭ്യമാക്കുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പുതിയ സാങ്കേതിക വിദ്യയ്ക്കനുസരിച്ച് ആട്ടോമാറ്റിക് മീറ്റർ റീഡിംഗ് ലഭ്യമാക്കുന്നതിനുവേണ്ടി നിലവിലെ HT/EHT ഉപഭോക്താക്കൾ സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾ മാറ്റിവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗം നേരിടാൻ പദ്ധതികൾ

232 (2430) ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. എം. വിൻസെന്റ് :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗം നേരിടുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) വരുന്ന വേനൽക്കാലത്ത് ക്രമാതീതമായി വർദ്ധിച്ചേക്കാവുന്ന ഊർജ്ജ ഉപഭോഗം നേരിടുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ആഡംബരങ്ങൾക്കായും അനാവശ്യമായും വൈദ്യുതി ഉപയോഗിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗം നേരിടുന്നതിന്, നിലവിൽ നിർമ്മാണം നടന്നുവരുന്ന '9' ജലവൈദ്യുത പദ്ധതികൾ, ആകെ 166.5 MW, സമയബന്ധിതമായി പൂർത്തിയാക്കുവാനും പുതിയ '15' ജലവൈദ്യുത പദ്ധതികൾ (149 MW) നടപ്പിലാക്കുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മേൽപ്പറഞ്ഞ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. കാറ്റിൽനിന്നും സൗരോർജ്ജത്തിൽ നിന്നുമുള്ള പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സംസ്ഥാനത്ത് സോളാർ വൈദ്യുതോത്പാദനം വർദ്ധിപ്പിക്കാൻ അനെർട്ട് പല പദ്ധതികളും ആവിഷ്കരിച്ചുവരുന്നുണ്ട്. അക്ഷയ ഊർജ്ജ സ്രോതസ്സുകളുടെ അസ്ഥിരമായ വൈദ്യുതോത്പാദനം സംബന്ധിച്ച ആശങ്കകൾക്ക് പരിഹാരമാകുമെന്ന രീതിയിൽ ഒരു റിസർച്ച്-ഡെമോൺസ്ട്രേഷൻ പ്രോജക്ടായി ഒരു ഹൈബ്രിഡ് സോളാർ പ്രോജക്ട് അനെർട്ട് രാമക്കൽമേട്ടിൽ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്ന് മെഗാവാട്ട് സൗര വൈദ്യുതോത്പാദന സംവിധാനമാണ് ഈ പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കും കെൽട്രോണുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ വർഷം ഇതിനായി 16.65 കോടി രൂപ സർക്കാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരു മെഗാവാട്ട് സൗര വൈദ്യുതോത്പാദന സംവിധാനം 2018 മാർച്ച് 31-നുമുമ്പ് പൂർത്തീകരിക്കാനും രണ്ട് മെഗാവാട്ട് 2018 സെപ്റ്റംബർ 30-നുമുമ്പ് പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് സമയബന്ധിതമായി തന്നെ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൂടാതെ ഊർജ്ജസംരക്ഷണത്തിലൂടെ ഊർജ്ജോപയോഗം കുറയ്ക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾക്കും മറ്റ് വൻതോതിൽ വൈദ്യുതി ഉപയോഗിക്കുന്നവർക്കുമായി ഊർജ്ജ ആഡിറ്റ്, എൽ.ഇ.ഡി. തെരുവുവിളക്ക് പരിപാടി, മാതൃകാ ഊർജ്ജ കാര്യക്ഷമ പരിപാടി എന്നിവ ഇതിൽപ്പെടുന്നു.

(ബി) വരുന്ന വേനൽക്കാലത്ത് സംസ്ഥാനത്തെ ഊർജ്ജ ഉപഭോഗം ഏകദേശം 4200-4300 മെഗാവാട്ടായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. പ്രതിദിന പരമാവധി ഉപഭോഗം ഏകദേശം 82 ദശലക്ഷം യൂണിറ്റാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർദ്ധിച്ച ഉപഭോഗം നിറവേറ്റുന്നതിനായി കേന്ദ്ര വിഹിതമായി 1642 മെഗാവാട്ടിന്റെയും ദീർഘകാല കരാറിലൂടെ 1215 മെഗാവാട്ടിന്റെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഇവയിൽ നിന്നും അന്തർ സംസ്ഥാന പ്രസരണ നഷ്ടവും അറ്റകുറ്റപണിക്ക് നീക്കിവയ്ക്കുന്ന കപ്പാസിറ്റിയും കഴിച്ച് ഏകദേശം 2400-2500 മെഗാവാട്ടാണ് ലഭ്യമാകുന്നത്.

കൂടാതെ ജലസംഭരണികളിൽ 30-1-2018-ലെ കണക്കുകൾപ്രകാരം 2749 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള വെള്ളം സംഭരിച്ചിട്ടുമുണ്ട്. കേരളത്തിലെ ആഭ്യന്തര ഉൽപ്പാദന ശേഷി 2200 മെഗാവാട്ടാണ്. ഇതിൽ ഉപയുക്തമാകുന്ന വൈദ്യുതിയുടെ ശേഷി 1600-1700 മെഗാവാട്ടാണ്.

ഇതുകൂടാതെയുള്ള ഊർജ്ജത്തിന്റെ ആവശ്യകത പവർ എക്സ്ചേഞ്ചിലൂടെ വൈദ്യുതി ആവശ്യാനുസരണം വാങ്ങിയാണ് നിറവേറ്റുന്നത്. കൂടാതെ 2018 മാർച്ച് വരെ മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് ഹരിയാനയിൽനിന്നും 100 മെഗാവാട്ട് വൈദ്യുതി രാവിലെ എട്ടുമണി മുതൽ വൈകുന്നേരം അഞ്ച് മണി വരെ ബാങ്കിംഗ് അടിസ്ഥാനത്തിൽ എത്തിക്കുന്നുണ്ട്. ഇങ്ങനെ ബാങ്കിംഗ് അടിസ്ഥാനത്തിൽ 11/17 മുതൽ 3/18 വരെ വാങ്ങിയ വൈദ്യുതി 16-6-2018 മുതൽ 30-9-2018 വരെയുള്ള കാലയളവിൽ തിരിച്ച് നൽകേണ്ടതാണ്.

സംസ്ഥാനത്ത് തടസ്സരഹിതമായി വൈദ്യുതി ലഭ്യമാക്കുന്നതിന് ആവശ്യമായ വൈദ്യുതി പുറത്തുനിന്നും വാങ്ങുന്നതിനുള്ള ദീർഘകാല കരാറുകളിൽ ബോർഡ് ഏർപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

## വൈദ്യുതി ഉല്പാദനം

233 (2431) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011-ലെ എൽ.ഡി.എഫ്. സർക്കാർ 5 വർഷംകൊണ്ട് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചിരുന്നു;

(ബി) 2011-2016-ലെ യു.ഡി.എഫ്. സർക്കാർ 5 വർഷംകൊണ്ട് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചിരുന്നു;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചു;

(ഡി) സംസ്ഥാനത്ത് ദിനം പ്രതി എത്ര മെഗാവാട്ട് വൈദ്യുതി ആവശ്യമാണ്; ആയതിൽ എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാനം ഉല്പാദിപ്പിക്കുന്നു; എത്ര മെഗാവാട്ട് പുറത്തുനിന്നും വാങ്ങുന്നു; ആയതിന് ചെലവ് വരുന്ന തുക എത്ര; വിശദമാക്കാമോ?

ഉത്തരം

(എ-സി) 2006-11 കാലയളവിലും 2011-2016 കാലയളവിലും 2016 ജൂൺ മുതൽ 2017 ഡിസംബർ വരെയും ഇതുവരെയുള്ള കാലയളവിലുമുള്ള വൈദ്യുത ഉല്പാദന വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) 30-1-2018-ലെ വൈദ്യുതി ഉപഭോഗം പരിശോധിക്കുമ്പോൾ ജനവരി 2018-ൽ പരമാവധി 3553 മെഗാവാട്ട് വൈദ്യുതിയാണ് ആവശ്യമായി വന്നിട്ടുള്ളത്. എന്നാൽ കേരളത്തിലെ പരമാവധി വൈദ്യുതി ഉപഭോഗം 29-4-2016-ൽ 4004 മെഗാവാട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വേനൽക്കാലത്ത് ഉപഭോഗം 4200-4300 മെഗാവാട്ട് വരെ ഉയരാമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിലെ ആഭ്യന്തര വൈദ്യുതി ഉല്പാദനശേഷി 2200 മെഗാവാട്ടാണ്. ഇതിൽ ഉപയുക്തമാകുന്ന ശേഷി ഏകദേശം 1600-1700 മെഗാവാട്ടാണ്.

2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പുറത്തുനിന്നും വാങ്ങിയ വൈദ്യുതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | എവിടെ നിന്ന് | എത്ര |
|---|---|---|
| 1 | കേന്ദ്ര ഊർജ്ജ ഉല്പാദന നിലയങ്ങൾ | 10129.32 ദ.ല. യൂണിറ്റ് |
| 2 | ദീർഘകാല/മദ്ധ്യകാല കരാറുകൾ മുഖേന | 6650.12 ദ.ല. യൂണിറ്റ് |
| 3 | ഹ്രസ്വകാല കരാറുകൾ മുഖേന | 211.87 ദ.ല. യൂണിറ്റ് |
| 4 | സ്വാപ്പ് | 59.89 ദ.ല. യൂണിറ്റ് |
| 5 | പവർ എക്സ്ചേഞ്ചുകൾ മുഖേന | 517.94 ദ.ല. യൂണിറ്റ് |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം പുറത്തുനിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ 7729.11 കോടി രൂപ ചെലവായി.

അനെർട്ട് മുഖാന്തരം നടപ്പാക്കിയ പദ്ധതികൾ മുഖേന രണ്ട് മെഗാവാട്ട് കുഴൽമന്ദം സോളാർ പ്ലാന്റ് വഴിയും ആകെ 6.796 മെഗാവാട്ട് വിവിധ റൂഫ് ടോപ്പ് പ്ലാന്റുകൾ വഴിയും കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്.

**വൈദ്യുത പദ്ധതികൾ**

234 (2432) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ഏതൊക്കെ വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി കമ്മീഷൻ ചെയ്ത പദ്ധതികളിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ പദ്ധതികളിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക്, യൂണിറ്റിന് എത്ര രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെകീഴിൽ വെള്ളത്തൂവൽ (3.6 MW/12.17 Mu), പെരുന്തേനരുവി (6 MW/25.77 Mu) എന്നീ ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു.

കൂടാതെ താഴെപ്പറയുന്ന സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | 2 | 3 |
| 1 | കൊല്ലങ്കോട് സബ്സ്റ്റേഷൻ പരിസരത്ത് | 1.00 |
| 2 | ഇടയാർ സബ്സ്റ്റേഷൻ & സെക്ഷൻ ഓഫീസ് പരിസരത്ത് | 1.25 |
| 3 | പടിഞ്ഞാറേത്തറ ഡാമിന് മുകളിൽ | 0.44 |
| 4 | ബാരാപോൾ കനാൽടോപ്പ് ഗ്രിഡ് കണക്ട് | 3 |
| 5 | ബാരാപോൾ കനാൽബാങ്ക് ഗ്രിഡ് കണക്ട് | 1 |

| 1 | 2 | 3 |
|---|---|---|
| 6 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 |
| 7 | തിരുവനന്തപുരം വൈദ്യുതി ഭവന്റെ മുകളിൽ | 0.03 |
| 8 | മഞ്ചേശ്വരം, കാസർഗോഡ് | 0.50 |
| 9 | കുറ്റിപ്പുറം | 0.50 |
| 10 | പേഴയ്ക്കാപ്പള്ളി, മൂവാറ്റുപുഴ | 1.25 |
| 11 | ബാണാസുരസാഗർ റിസർവോയർ/കക്കയം ഗ്രിഡ് കണക്റ്റ് ഫ്ലോട്ടിംഗ് | 0.50 |

സ്വകാര്യ മേഖലയിൽ 'BOOT' അടിസ്ഥാനത്തിൽ അനുവദിച്ച രണ്ട് പദ്ധതികളിൽ 4.5 MW സ്ഥാപിതശേഷി വരുന്ന കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടവും 8 MW സ്ഥാപിതശേഷിയുള്ള പാതംകയം ചെറുകിട ജലവൈദ്യുത പദ്ധതിയും ഇതുവരെ കമ്മീഷൻ ചെയ്യുകയുണ്ടായി.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് രണ്ട് മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ വൈദ്യുത നിലയം കമ്മീഷൻ ചെയ്തു.

(ബി) പുതുതായി കമ്മീഷൻ ചെയ്ത പദ്ധതികളിൽനിന്നും 19-1-2018 വരെ ഉല്പാദിപ്പിച്ച വൈദ്യുതി

| | |
|---|---|
| വെള്ളത്തൂവൽ | 7.5 MU |
| പെരുന്തേനരുവി | 14.423 MU |

പുതുതായി കമ്മീഷൻ ചെയ്ത സൗരോർജ്ജ പദ്ധതികളിൽനിന്ന് 9.411459 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിച്ചു.

ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നും ഉല്പാദിപ്പിച്ച വൈദ്യുതിയുടെ അളവിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

അനെർട്ടിന്റെ കുഴൽമന്ദം രണ്ട് മെഗാവാട്ട് സൗരോർജ്ജ പവർ പ്ലാന്റിൽ നിന്നും 2018 ജനുവരി 23 വരെ 31 ലക്ഷത്തിലധികം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് കടത്തിവിട്ടിട്ടുണ്ട്.

(സി) പെരുന്തേനരുവി ജലവൈദ്യുത പദ്ധതിക്ക് യൂണിറ്റിന് ഏകദേശം 3.17 രൂപ ചെലവ് വരും. വെള്ളത്തൂവൽ ജലവൈദ്യുത പദ്ധതിക്ക് യൂണിറ്റിന് ഏകദേശം 3.61 രൂപ ചെലവ് വരും.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ റിന്യൂവബിൾ എനർജി അമെന്റ്മെന്റ് റെഗുലേഷൻ നവംബർ 2017 പ്രകാരം സൗരോർജ്ജ വൈദ്യുതിക്ക് ഉല്പാദന ചെലവായി നിശ്ചയിച്ചിരിക്കുന്നത് ഒരു യൂണിറ്റിനുള്ള നിരക്ക് 5.68 രൂപയാണ്.

അനെർട്ടിന്റെ കുഴൽമന്ദം രണ്ട് മെഗാവാട്ട് സൗരോർജ്ജ പവർ പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പവർ പർച്ചേസുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാകാത്തതിനാൽ വൈദ്യുതിയുടെ വില കണക്കാക്കിയിട്ടില്ല.

## വൈദ്യുതി ഉല്പാദനം

235 (2433) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറിയശേഷം പുതിയതായി എത്ര മെഗാ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) സർക്കാരിന്റെ പരിഗണനയിലുള്ള പുതിയ വൈദ്യൂതി പദ്ധതികൾ ഏതെല്ലാമാണ് വിശദവിവരം നൽകുമോ;

(സി) നോൺ -കൺവെൻഷണൽ മേഖലയിൽ നിന്ന് കൂടുതൽ വൈദ്യൂതി ഉല്പാദിപ്പിക്കുന്നതിനായി സബ്സിഡി ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെകീഴിൽ വെള്ളത്തൂവൽ (3.6 മെഗാവാട്ട്) പെരുന്തേനരുവി (6 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികളിൽനിന്നും ആകെ 9.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിലേറിയശേഷം പുതിയതായി നിർമ്മിച്ച സൗരോർജ്ജ പദ്ധതികളിൽനിന്നും ഡിസംബർ 2017 വരെയുള്ള കാലയളവിൽ 9.411459 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഉല്പാദനം ദശലക്ഷം യൂണിറ്റിൽ |
|---|---|---|
| 1 | 2 | 3 |
| 1 | കൊല്ലങ്കോട് 1 MW | 1.85014 |
| 2 | ഇടയാർ 1.25 MW | 2.279459 |

| 1 | 2 | 3 |
|---|---|---|
| 3 | പടിഞ്ഞാറത്തറ 0.44MW | 0.738215 |
| 4 | ബാരാപ്പോൾ കനാൽടോപ്പ് (3 MW) | 2.320799 |
| 5 | ബാരാപ്പോൾ കനാൽബാങ്ക്(1 MW) | 1.153387 |
| 6 | തലക്കുളത്തൂർ 650 KW | 0.621156 |
| 7 | വൈദ്യുതി ഭവനം 30 KW | 0.023241 |
| 8 | മഞ്ചേശ്വരം 500 KW | 0.425062 |
| | ആകെ | 9.41 |

സ്വകാര്യ മേഖലയിൽ 'BOOT' അടിസ്ഥാനത്തിൽ അനുവദിച്ച രണ്ട് പദ്ധതികളിൽ 12.5 MW വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) സർക്കാരിന്റെ പരിഗണനയിലുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ ജലവൈദ്യുത പദ്ധതികൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

താഴെപ്പറയുന്ന പദ്ധതികൾ (സൗരോർജ്ജം) നിർമ്മാണ ഘട്ടത്തിലാണ്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിതശേഷി (MW) |
|---|---|---|
| 1 | 2 | 3 |
| 1 | പോത്തൻകോട് സബ്സ്റ്റേഷൻ പരിസരത്ത് | 2.00 |
| 2 | പീരുമേട്, ഇടുക്കി | 0.50 |
| 3 | ഏറ്റുമാനൂർ, കോട്ടയം | 1.00 |
| 4 | നെന്മാറ | 1.5 |
| 5 | പൊന്നാനി, മലപ്പുറം | 0.50 |
| 6 | ജില്ലാ പഞ്ചായത്ത്, കണ്ണൂർ (29 Nos.) | 0.67 |
| 7 | ജില്ലാ പഞ്ചായത്ത്, കോഴിക്കോട് (44 Nos.) | 0.480 |
| 8 | ജില്ലാ പഞ്ചായത്ത്, മലപ്പുറം (11 Nos.) | 0.110 |
| 9 | ജില്ലാ പഞ്ചായത്ത്, കാസർഗോഡ് (3 Nos.) | 0.195 |
| 10 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി (2 Nos.) | 0.027 |
| 11 | സൗത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾ (4 Nos.) | 0.057 |

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| 1 | 2 | 3 |
|---|---|---|
| 12 | കൊട്ടിയം, കൊല്ലം | 0.60 |
| 13 | മയിലാട്ടി, കാസർഗോഡ് | 1.00 |
| 14 | മാടക്കത്തറ, ചൂളിശ്ശേരി | 1.5 |
| 15 | കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 |
| 16 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 0.04 |

കാറ്റിൽനിന്നും പരിഗണനയിലുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. തിരുവനന്തപുരം ജില്ലയിൽ പൂവാർ കടൽത്തീരത്ത് 1 MW ശേഷിയുള്ള ചെറുകാറ്റാടിപ്പാടം സ്ഥാപിക്കൽ.

2. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് 2.5 MW ശേഷിയുള്ള കാറ്റാടിയന്ത്രം സ്ഥാപിക്കൽ.

3. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് നിലവിലുള്ള കാറ്റാടി പാടത്തിന്റെ ശേഷി 2.625 MW വർദ്ധിപ്പിക്കൽ.

4. പാലക്കാട് ജില്ലയിൽ അഗളി പഞ്ചായത്തിൽ 8 MW ശേഷിയുള്ള കാറ്റാടിപ്പാടം (NHPC) സ്ഥാപിക്കൽ.

5. സ്വകാര്യ സംരംഭകർ മുഖാന്തരം ആകെ 15 MW ശേഷിയുള്ള വിവിധ കാറ്റാടിപ്പാടം സ്ഥാപിക്കൽ.

ഇരുപത് ചെറുകിട ജലവൈദ്യുത പദ്ധതികൾ മുപ്പത് കൊല്ലത്തേക്ക് Build, Own, Operate & Transfer (BOOT) അടിസ്ഥാനത്തിൽ മത്സരദർഘാസിലൂടെ സ്വകാര്യ മേഖലയിൽ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

ഒരു റിസർച്ച്-ഡെമോൺസ്ട്രേഷൻ പ്രോജക്ടായി ഒരു ഹൈബ്രിഡ് സോളാർ പ്രോജക്ട് അനെർട്ട് രാമക്കൽമേട്ടിൽ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 3 മെഗാവാട്ട് സൗര വൈദ്യുതോത്പാദന സംവിധാനമാണ് ഈ പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കും കെൽട്രോണുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ വർഷം ഇതിനായി 16.65 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരു മെഗാവാട്ട് സൗര വൈദ്യുതോത്പാദന സംവിധാനം 2018 മാർച്ച് 31-ന് മുമ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൂർത്തീകരിക്കാനും രണ്ട് മെഗാവാട്ട് 2018 സെപ്റ്റംബർ 30-ന് മുമ്പ് പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് സമയബന്ധിതമായി തന്നെ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ചെറുകിട ജലവൈദ്യുത പദ്ധതികൾ (SHP), സൂക്ഷ്മ ജലവൈദ്യുത പദ്ധതികൾ (PICO) എന്നിവയ്ക്ക് കേന്ദ്ര സർക്കാരിന്റെ നവീന നവീകരണ മന്ത്രാലയത്തിന്റെ (MNRE) നിലവിലുള്ള സബ്സിഡി സ്കീമുകളുടെ കാലാവധി 21-3-2017-ൽ അവസാനിച്ചിരിക്കുകയാണ്. ഇവ ഇനി പുതുക്കി പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

നോൺ-കൺവൻഷണൽ (അക്ഷയോർജ്ജ) മേഖലയിൽ കേന്ദ്ര ഗവൺമെന്റ് എം.എൻ.ആർ.ഇ. മുഖേന നൽകുന്ന സബ്സിഡി കേരളത്തിൽ അനെർട്ട് ലഭ്യമാക്കുന്നുണ്ട്. സൗരോർജ്ജ മേഖലയിൽ സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഏകദേശം 30% സബ്സിഡി നിലവിൽ നൽകുന്നുണ്ട്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും കേന്ദ്രഗവൺമെന്റ് സബ്സിഡി ലഭ്യമാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ 2017-18 വർഷത്തെ പദ്ധതിയിൽ അക്ഷയോർജ്ജ ഉപകരണങ്ങളുടെ പ്രോജക്ട് നടപ്പിലാക്കുന്നതിന് സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം അനെർട്ട് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് സബ്സിഡി അനുവദിക്കാവുന്നതാണ്. സൗരോർജ്ജ മേൽക്കൂര വൈദ്യുതി നിലയങ്ങൾക്ക് 10% മുതൽ 15% വരെയും സൂര്യറാന്തലിന് 25% മുതൽ 50% വരെയും സൗരതാപ പദ്ധതികൾക്ക് 10% മുതൽ 15% വരെയും ബയോഗ്യാസ് പ്ലാന്റുകൾക്ക് 10% മുതൽ 50% വരെയും സബ്സിഡി നൽകിക്കൊണ്ടുള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിന് ആവശ്യമായ വിശദമായ മാർഗ്ഗനിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

**വൈദ്യുതി വിതരണ സംവിധാനം**

236 (2434) ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം, ദീൻദയാൽ ഉപാധ്യായ ഗ്രാം യോജന എന്നീ കേന്ദ്ര പദ്ധതികളിൽ നിന്നും ധനസഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ടോ; രണ്ടാംഘട്ടത്തിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുന്നതിനും വിതരണനഷ്ടം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ഒരു വിപുലമായ പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. വോൾട്ടേജ് വർദ്ധനവ്, സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമുകൾ നിലവിലുണ്ട്. പഴക്കം ചെന്ന ലൈനുകൾ മാറ്റിവലിക്കുക, കമ്പികൾ മാറ്റുക, പറമ്പുകളിലൂടെയുള്ള ലൈനുകൾ ആവശ്യമുള്ള പക്ഷം റോഡുകളിലേക്ക് മാറ്റുക തുടങ്ങിയ ജോലികളും ഏറ്റെടുത്തുവരുന്നു. കേന്ദ്രാവിഷ്കൃത ഡി.ഡി.യു.ജി.ജെ.വൈ. (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി യോജന), ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന പദ്ധതി) എന്നീ വൈദ്യുത വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഐ.പി.ഡി.എസ്. പദ്ധതിക്ക് അനുവദിച്ച തുക 592.07 കോടി രൂപയാണ്. ഇതിൽ 60% (355.42 കോടി രൂപ) കേന്ദ്ര സർക്കാർ ഗ്രാന്റാണ്. ആയതിൽ 107.41 കോടി രൂപ രണ്ട് ഗഡുക്കളായി ഇതുവരെ ലഭിച്ചിട്ടുണ്ട്.

ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിക്കായി അനുവദിച്ച തുക 482.96 കോടി രൂപയാണ്. ഇതിൽ 60 ശതമാനം തുക (289.776 കോടി രൂപ) കേന്ദ്ര സർക്കാർ ഗ്രാന്റാണ്. ആയതിൽ 86.93 കോടി രൂപ രണ്ട് ഗഡുക്കളായി ഇതുവരെ ലഭിച്ചിട്ടുണ്ട്.

രണ്ട് പദ്ധതികളുടെയും ബാക്കി ഗ്രാന്റ് തുക പദ്ധതി പുരോഗതി അനുസരിച്ച് ലഭിക്കുന്നതാണ്.

(സി) രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നാംഘട്ടം 2020-ഓടുകൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും ഇവയുടെ അനുബന്ധ ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. 14 പാക്കേജുകളിലായി വിന്യസി

ച്ചിട്ടുള്ള ഒന്നാംഘട്ടത്തിലെ വർക്കുകളിൽ ഒരെണ്ണം പണി പൂർത്തിയായിട്ടുണ്ട്. രണ്ട് പാക്കേജുകൾ പണി പുരോഗമിക്കുന്ന ഘട്ടത്തിലും മറ്റ് രണ്ട് പാക്കേജുകൾ വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലുമാണ്.

രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന വർക്കുകൾ ഒന്നാംഘട്ട വർക്കുകളുടെ പൂർത്തീകരണത്തോടെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

**നരുവാമൂട് കെ.എസ്.ഇ.ബി.എൽ. സബ് ഡിവിഷൻ ഓഫീസ്**

237 (2435) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ നരുവാമൂട് കെ.എസ്.ഇ.ബി.എൽ. സബ് ഡിവിഷൻ ഓഫീസിനെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസായി പരിഗണിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങളുണ്ടെങ്കിൽ ആയത് വിശദമാക്കാമോ ?

ഉത്തരം

(എ) കാട്ടാക്കട മണ്ഡലത്തിലെ നരുവാമൂടിൽ കെ.എസ്.ഇ.ബി. സബ്ഡിവിഷൻ ഓഫീസ് നിലവിലില്ല. അവിടെയൊരു സബ് എഞ്ചിനീയർ ഓഫീസും അനുബന്ധമായി ക്യാഷ് കളക്ഷൻ സെന്ററും പ്രവർത്തിച്ചുവരുന്നു.

(ബി) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ത്തിൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല.

**ഒരു വീടിന് ഒരു സൗരോർജ്ജ പാനൽ**

238 (2436) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വീടിന് ഒരു സൗരോർജ്ജ പാനൽ എന്ന നയം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മൂവായിരം ചതുരശ്ര അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള വീടുകളിൽ സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കിയിട്ടുണ്ടോ; ഇതിന് സബ്സിഡി നൽകുന്നത് എത്ര തുകയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) കുറഞ്ഞ നിരക്കിൽ സൗരോർജ്ജ പാനലുകൾ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) കുറഞ്ഞ നിരക്കിൽ സൗരോർജ്ജ പാനലുകൾ നൽകുന്ന പദ്ധതി നിലവിലില്ല.

**സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചിട്ടുള്ള സർക്കാർ ഓഫീസുകൾ**

239 (2437) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ സർക്കാർ ഓഫീസുകളിലും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) അനെർട്ട് മുഖേനയുള്ള ഡെപ്പോസിറ്റ് വർക്ക് പദ്ധതി അനുസരിച്ച് ചുവടെ ചേർക്കുന്ന സർക്കാർ അധീനതയിലുള്ള വിവിധ സ്ഥാപനങ്ങളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. കൊല്ലം ജില്ലയിൽ കാപ്പെക്സിന്റെ എട്ട് ഫാക്ടറികളിൽ 3 KW വീതം ശേഷിയുള്ളതും ആലപ്പുഴ ജില്ലയിലെ ഒരു ഫാക്ടറിയിൽ 6 KW ശേഷിയുള്ളതുമായ ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകളും അടക്കം ആകെ 30 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

2. വയനാട് റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷനിൽ 2.5 കിലോവാട്ടിന്റെയും തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിൽ ഒരു കിലോവാട്ടിന്റെയും ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

3. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ 70 കിലോവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

4. തിരുവനന്തപുരം അനെർട്ടിന്റെ കേന്ദ്ര കാര്യാലയത്തിൽ 15 കിലോവാട്ടിന്റെ ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

5. അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഡെമോൺസ്ട്രേഷൻ സ്കീമിൽ ഉൾപ്പെടുത്തി ഏഴ് സർക്കാർ കെട്ടിടങ്ങളിൽ 110 kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ ഉൾപ്പെടുത്തി 25 സർക്കാർ കെട്ടിടങ്ങളിൽ ആകെ 271 kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും ടെക്നിക്കൽ കൺസൾട്ടൻസി സ്കീമിൽ ഉൾപ്പെടുത്തി അഞ്ച് സർക്കാർ കെട്ടിടങ്ങളിൽ 232 kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.

6. സോളാർ സ്മാർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 17 സർക്കാർ സ്ഥാപനങ്ങളിലും സോളാർ കണക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എട്ട് സർക്കാർ സ്ഥാപനങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്.

7. തിരുവനന്തപുരം വൃദ്ധ സദനത്തിൽ 10 kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റും എറണാകുളം ജില്ലയിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ 5 kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റും പത്തനംതിട്ട ജില്ലയിൽ കോന്നി എക്കോ ടൂറിസത്തിൽ 2 kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

(ബി) 2017-18 വർഷത്തെ പദ്ധതി പ്രകാരം അനെർട്ട്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാ ബന്ധിത സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി 11.87 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

**സൗരോർജ്ജ വിളക്കുകൾ വ്യാപകമാക്കുന്നതിന് സംവിധാനങ്ങൾ**

240 (2438) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ക്ഷാമത്തിന് ചെറിയ പരിഹാരം എന്ന നിലയ്ക്ക് സൗരോർജ്ജ വിളക്കുകൾ വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരം വിളക്കുകൾ സബ്സിഡിയോടുകൂടി വിതരണം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പുതിയ വീടുകൾ സ്ഥാപിക്കുമ്പോൾ സൗരോർജ്ജ പാനൽ നിർബ്ബന്ധം ആക്കുന്ന നിയമം നിലവിൽ പ്രാബല്യത്തിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വീടുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് മിച്ചം വരുന്ന വൈദ്യുതി ബോർഡിന് നൽകാൻ കഴിയുന്ന എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; അഥവാ അത്തരം സംവിധാനങ്ങൾ സാമ്പത്തികമായി ജനങ്ങൾക്ക് സഹായകരമാകുമോയെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ എന്തെങ്കിലും പഠനങ്ങൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതിക്ഷാമത്തിന് പരിഹാരമെന്ന നിലയ്ക്ക് സൗരോർജ്ജ തെരുവ് വിളക്കുകൾ വ്യാപകമാക്കുന്നതിനായി ഈ വർഷം ലിഥിയം ഫെറോഫോസ്ഫേറ്റ് ബാറ്ററിയോടുകൂടിയതും കൂടുതൽ കാലം ഈടുനിൽക്കുന്നതുമായ സൗരോർജ്ജ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം വിളക്കുകൾ സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നതിനായി മൂന്ന് മോഡൽ സോളാർ തെരുവ് വിളക്കിന്റെയും ഒരു മോഡൽ സോളാർ തെരുവ് മിനിമാസ്റ്റിന്റേയും സാങ്കേതിക വിവരങ്ങളും അടിസ്ഥാന വിലയും ഉൾപ്പെടെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശദമായ സർക്കുലർവഴി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ സൗരോർജ്ജ റാന്തലുകളുടെ വ്യാപനത്തിനായി 12 W ശേഷിയുള്ള സോളാർ പാനലും ലിഥിയം ഫെറോഫോസ്ഫേറ്റ് ബാറ്ററിയും ഉൾപ്പെടെ അഞ്ച് വർഷം വാറന്റിയോടുകൂടിയ പുതിയതരം വിളക്കുകളുടെ സ്പെസിഫിക്കേഷനും അടിസ്ഥാന വിലയും നിശ്ചയിച്ചിട്ടുണ്ട്. സൗരോർജ്ജ റാന്തലിനായി പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 25%-ഉം പട്ടികജാതി/പട്ടികവർഗ്ഗ/BPL/മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്ക് 50%-ഉം സബ്സിഡി നൽകുന്നതിനായി തദ്ദേശഭരണ വകുപ്പിന്റെ വിശദമായ സർക്കുലർ വഴി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. ഒരു കിലോവാട്ട് മുതൽ ഒരു മെഗാവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സൗരവൈദ്യുത നിലയങ്ങൾക്ക് നെറ്റ് മീറ്ററിംഗ് സംബന്ധിച്ച റെഗുലേഷൻ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ

പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഉൽപ്പാദകന്റെ ഉപയോഗം കഴിഞ്ഞുവരുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. അഥവാ ആ പ്രദേശത്തെ വൈദ്യുതി വിതരണ ഏജൻസി ഏറ്റെടുക്കുകയും ആവശ്യമുള്ള മറ്റുസമയങ്ങളിൽ അത് തിരിച്ച് നൽകുകയും ചെയ്യുന്നുണ്ട്. ഇത് ഉപഭോക്താക്കൾക്ക്, ബാറ്ററി അടങ്ങിയ സൗരോർജ്ജ സംവിധാനങ്ങളെക്കാൾ കുറഞ്ഞ ചെലവിൽ സ്ഥാപിക്കാനാവും.

ഗ്രിഡ് ബന്ധിത സൗരോർജ്ജനിലയം സ്ഥാപിച്ചിട്ടുള്ള ഉപഭോക്താക്കൾ അവരുടെ ഉപഭോഗം കഴിഞ്ഞ് ബാക്കിയുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് നൽകുകയാണ് ചെയ്യുന്നത്. ഇപ്രകാരം ലഭ്യമാക്കുന്ന വൈദ്യുതി എല്ലാവർക്കും സെപ്റ്റംബർ 30-ന് (ഒക്ടോബർ 1 മുതൽ അടുത്ത സെപ്റ്റംബർ 30 വരെയുള്ള കാലയളവിനെ സെറ്റിൽമെന്റ് പിരീഡ് എന്നാണ് പറയുക) കണക്കാക്കി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന, [കെ.എസ്.ഇ.ബി.എൽ. പുറമെനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വാങ്ങൽ വില (APPC)] നിരക്കിൽ ഉപഭോക്താവിന് നൽകുകയാണ് ചെയ്യുന്നത്. 2017-18 കാലയളവിലേയ്ക്കായി KSERC നിശ്ചയിച്ചിട്ടുള്ള APPC യൂണിറ്റിന് Rs. 3.26 ആണ്.

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

241 (2439) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് അനുമതി നൽകി എന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാമാണ്;

(ബി) ഈ രംഗത്ത് എത്ര സ്വകാര്യ സംരംഭകർക്ക് ഈ സർക്കാർ അനുമതി നൽകി എന്നറിയിക്കാമോ;

(സി) ചെറുകിട ജലവൈദ്യുത പദ്ധതികൾ പുതുതായി കണ്ടെത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(ഡി) കെ.സ്.ഇ.ബി.എൽ.-ന് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത എത്ര ചെറുകിട പദ്ധതികൾ ഉണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ലാഡ്രം (3.5 MW/12.13 MU) ചെറുകിട ജല വൈദ്യുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മുടങ്ങിക്കിടന്ന

ചാത്തൻകോട്ടുനട (6 MW) ചെറുകിട പദ്ധതി പുനരാരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമേ രണ്ട് മെഗാവാട്ടിന്റെ അപ്പർ കല്ലാർ പദ്ധതി, 7.5 മെഗാവാട്ടിന്റെ പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതി എന്നിവയുടെ നിർമ്മാണ അനുമതിയും നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുമതി നൽകിയ 20 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) 12 സ്വകാര്യ സംരംഭകർക്ക് അനുമതി നൽകി.

(സി) എനർജി മാനേജ്മെന്റ് സെന്ററും കെ.എസ്.ഇ.ബി.-എൽ.-ഉം ചെറുകിട ജലവൈദ്യുത പദ്ധതി വികസനത്തിനായി പ്രവർത്തിക്കുന്നുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സ്വകാര്യ മേഖലയിൽ പദ്ധതികൾ അനുവദിക്കുന്നുണ്ട്. ഇതുകൂടാതെ സ്വന്തം ഭൂമിയിൽ കണ്ടെത്തുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിക്കുന്നതിനും ദർഘാസിലൂടെ അല്ലാതെ അനുമതി നൽകുന്നതിനും നയത്തിൽ വ്യവസ്ഥയുണ്ട്. ഇവയിലൊന്നുംപ്പെടാത്തതും ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് സാദ്ധ്യതയുമുള്ള പദ്ധതികൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവരുടെ ആവശ്യപ്രകാരം അനുമതി നൽകുന്നതിന് സർക്കാരിനും സാധിക്കുന്നതാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുതിയ ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുന്നതിന് സ്വന്തമായ നിലയ്ക്കാണ് ഇൻവെസ്റ്റിഗേഷൻ നടത്തുന്നത്.

(ഡി) മനുഷ്യവിഭവമടക്കം ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി മുൻഗണന നിശ്ചയിച്ചാണ് കെ.എസ്.ഇ.ബി.എൽ. പദ്ധതികൾ ഏറ്റെടുക്കുന്നത്. പ്രാഥമിക പരിശോധന നടത്തി പട്ടികപ്പെടുത്തിയ 41 ചെറുകിട പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്ത് നടത്താൻ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതിൽ ഉൾപ്പെടാതെയുണ്ട്.

**മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ**

242 (2440) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങി കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെയുള്ള മറ്റ് വൈദ്യുത പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിലവിലെ ഓരോന്നിന്റെയും സ്ഥിതി എന്താണെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ മുടങ്ങി കിടക്കുന്ന പദ്ധതികളിൽ ഓരോന്നിനും നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചാൽ ഇവ ഓരോന്നിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്തിന് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ;

(ഡി) മുടങ്ങി കിടക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനായി ഓരോന്നിനും ഇനി എത്ര തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇത്തരത്തിൽ മുടങ്ങി കിടക്കുന്ന പദ്ധതികൾ പൂർത്തീകരിച്ച് നടപ്പിൽവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) സംസ്ഥാനത്ത് മുടങ്ങി കിടക്കുന്ന ജലവൈദ്യുത പദ്ധതികളൊന്നും തന്നെ ഇപ്പോൾ നിലവിലില്ല. മുടങ്ങിക്കിടന്നിരുന്ന ജലവൈദ്യുത പദ്ധതികളുടെയും മറ്റ് ജലവൈദ്യുത പദ്ധതികളുടെയും നിലവിലെ സ്ഥിതികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) ഇപ്പോൾ കെ.എസ്.ഇ.ബി.എൽ. പദ്ധതികളൊന്നുംതന്നെ മുടങ്ങിക്കിടക്കുന്നില്ല.

(ഇ) ബാധകമല്ല.

## ആധുനിക വൈദ്യുതി കേന്ദ്രങ്ങൾ

243 (2441) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ എല്ലാ സേവനങ്ങളും ഒരിടത്ത് ലഭ്യമാക്കുന്ന ആധുനിക വൈദ്യുതി കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സർക്കാരിന്റെ കരട് ഊർജ്ജ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തടസ്സമില്ലാതെ വൈദ്യുതി നൽകുന്നതിന്റെ ഭാഗമായി 11 കെ.വി. ലൈനുകളും ഇലക്ട്രിക് പോസ്റ്റുകളും ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം മാപ്പിംഗിൽ രേഖപ്പെടുത്തിയിട്ടുണ്ടോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉപഭോക്താക്കളുടെ വിവിധ അപേക്ഷകൾ സ്വീകരിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ.-മായി ബന്ധപ്പെട്ട പണമിടപാടുകൾക്കുമായി ഏകജാലക സംവിധാനമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ വൈദ്യുത സേവന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) പുതിയ ഊർജ്ജ നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. എല്ലാ എച്ച്.റ്റി. വൈദ്യുത ലൈനുകളും എച്ച്.റ്റി ലൈനിനുള്ള മറ്റ് പ്രതിഷ്ഠാപനങ്ങളും ജി.ഐ.എസ്. സംവിധാനം ഉപയോഗിച്ച് മാപ്പ് ചെയ്തിട്ടുണ്ട്.

**ഊർജ്ജ നയം**

244 (2442) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഊർജ്ജനയം ഉടൻ പ്രഖ്യാപിക്കുമോ; ആയതിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്നതിന്, നിലവിലുള്ള സങ്കീർണ്ണമായ നടപടിക്രമങ്ങൾ ഒഴിവാക്കി നടപടിക്രമങ്ങൾ ലഘൂകരിക്കുമോ യെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ പോസ്റ്റിനും ലൈനിനും പ്രത്യേകം പണം അടയ്ക്കുന്ന രീതി ഒഴിവാക്കുന്നതിന് നീക്കമുണ്ടോ;

(ഡി) വൈദ്യുതി ബോർഡിന്റെ വെബ് പോർട്ടലിൽ ഓൺലൈനായി അപേക്ഷ നൽകുന്നതിനും അപേക്ഷ ഏത് ഘട്ടത്തിലാണെന്ന് പരിശോധിക്കു ന്നതിനും സൗകര്യം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഊർജ്ജ നയരൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നേരത്തെ അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, സ്ഥിര മേൽവിലാസം തെളിയിക്കുന്ന രേഖ, തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന

പ്രത്യേക അനുമതി, വയറിംഗ് പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി തുടങ്ങി പലരേഖകളും ഹാജരാക്കേണ്ടതുണ്ടായിരുന്നു. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. കൂടാതെ 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുതകണക്ഷൻ നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കണക്ഷൻ നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ അപേക്ഷ ഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പുതിയ പോസ്റ്റിനും ലൈനിനും പ്രത്യേകം പണം അടയ്ക്കുന്ന രീതി ഒഴിവാക്കി ഉപഭോക്താക്കളുടെ കണക്ടഡ് ലോഡ് അല്ലെങ്കിൽ കോൺട്രാക്ട് ഡിമാന്റനുസരിച്ച് ഏകീകൃത നിരക്കുകൾ ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. നിരക്ക് നിശ്ചയിക്കുന്നത് സംസ്ഥാന റെഗുലേറ്ററി കമ്മീഷനാണ്. ഇതിനാവശ്യമായുള്ള വിവരങ്ങൾ കമ്മീഷന് നൽകുവാനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു.

(ഡി) വൈദ്യുതി ബോർഡിന്റെ വെബ് പോർട്ടലിൽ പുതിയ സർവ്വീസ് കണക്ഷൻ, പരാതികൾ രജിസ്റ്റർ ചെയ്യൽ എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷ നൽകുന്നതിനും അപേക്ഷ ഏത് ഘട്ടത്തിലാണെന്ന് പരിശോധിക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്ന ഉപഭോക്താക്കൾ

245 (2443) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ എത്ര വൻകിട ഉപഭോക്താക്കൾ സംസ്ഥാനത്തിന് പുറത്തുനിന്നും നേരിട്ട് വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) 2017-18-ൽ ഇതുവരെ ഇപ്രകാരം എത്ര യൂണിറ്റ് വൈദ്യുതി ഇവർ പുറത്തുനിന്നും വാങ്ങിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതി കൊണ്ടുവരുന്നതിന് ലൈൻ ഉപയോഗിച്ച ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി.എൽ.-ന് വൈദ്യുതി മിച്ചമുള്ളപ്പോൾ ഇവർ പുറത്തുനിന്നും വൈദ്യുതി വാങ്ങിയതുമൂലം കെ.എസ്.ഇ.ബി.എൽ.-ന് എത്ര രൂപ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017 ഡിസംബർ 31-ാം തീയതി വരെയുള്ള കണക്കുപ്രകാരം 29 വൻകിട ഉപഭോക്താക്കൾ സംസ്ഥാനത്തിന് പുറത്തുനിന്നും നേരിട്ട് വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നുണ്ട്.

(ബി) 2017-18 ഡിസംബർ വരെ 233.527 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഇവർ പുറത്തുനിന്നും വാങ്ങിയിട്ടുണ്ട്.

(സി) പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതി കൊണ്ടുവരുന്നതിന് ലൈൻ ഉപയോഗിച്ച ഇനത്തിൽ ഇതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 10,84,25,719 രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ഇ.ബി.-എൽ.-ന്റെ ഉപഭോക്താക്കൾ സംസ്ഥാനത്തിന് പുറത്തുനിന്നും നേരിട്ട് വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നതുമൂലം കെ.എസ്.ഇ. ബി.എൽ.-നുണ്ടാകുന്ന നഷ്ടം ഭാഗികമായി ക്രോസ് സബ്സിഡി വഴിയാണ് നികത്തുന്നത്. ഈ ഉപഭോക്താക്കൾ ഓപ്പൺ ആക്സസ് വഴി വൈദ്യുതി എടുക്കുമ്പോൾ സംജാതമാകുന്ന മിച്ച വൈദ്യുതി ഒഴിവാക്കുന്നതുമൂലം കെ.എസ്.ഇ.ബി.-എൽ.-ന് ഉണ്ടായ വരുമാന നഷ്ടം 2015-16-ൽ ഏകദേശം 16.13 കോടി രൂപയും 2016-17 ജൂലൈ വരെ ഏകദേശം 15.8 കോടി രൂപയുമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

## കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നിയമനം

246 (2444) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സ്റ്റാഫ് സ്ട്രെംഗ്ത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. നൽകിയ പഠന റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20% ഐ.ടി.ഐ. പ്രൊമോഷൻ ക്വാട്ടയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ (2010) പ്രകാരം ഐ.ടി.ഐ. വിദ്യാഭ്യാസ യോഗ്യതയുള്ളവർ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ജോലി ചെയ്യുവാൻ അർഹരല്ലാത്തതുകൊണ്ടും പ്രസ്തുത തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിലും പ്രസ്തുത ഒഴിവുകൾ ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകി നികത്തുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സ്റ്റാഫ് സ്ട്രെംഗ്ത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. നൽകിയ പഠന റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഒരു നിർദ്ദേശവും ലഭിച്ചിട്ടില്ല.

(ബി) 180.

(സി) നിലവിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010 കെ.എസ്.ഇ.ബി.എൽ.-ൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതേയുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20% ക്വാട്ട എന്നുള്ളത് ജീവനക്കാരായ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ൽ നിന്നും ഐ.റ്റി.ഐ. യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ നൽകി നികത്തുന്നതിനുള്ളതാണ്. ഇത് നിലവിൽ പരിപൂർണ്ണമായും പ്രൊമോഷനിലൂടെ മാത്രമേ നികത്താൻ കഴിയുകയുള്ളൂ (നിലവിലെ ബോർഡുത്തരവിന്റെയും എഞ്ചിനീയറിംഗ് സർവ്വീസ് റൂളിന്റെയും അടിസ്ഥാനത്തിൽ) നിലവിൽ 40% ക്വാട്ടയിലാണ് പൊതുവിപണി വഴി കെ.പി.എസ്.സി. നിയമനം നടത്തിവരുന്നത്. ആയതിനാൽ 20 ശതമാനം ക്വാട്ടയിലെ ഒഴിവുകൾ യോഗ്യരായ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി നീക്കിവച്ചിരിക്കുന്നതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ട് ചെയ്യുന്നത് പരിഗണിക്കാൻ കഴിയുന്നതല്ല.

**വൈദ്യുതി ബോർഡ് ജീവനക്കാർ**

247 (2445) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചതിനേക്കാൾ ഏതാണ്ട് പതിനായിരത്തോളം അധിക ജീവനക്കാർ വൈദ്യുതി ബോർഡിൽ നിലവിൽ ജോലി ചെയ്യുന്നുണ്ടോ;

(ബി) ഇവരെ പുനർവിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് ബോർഡ് എന്തെങ്കിലും പഠനം ഏതെങ്കിലും ഏജൻസിയെക്കൊണ്ട് നടത്തുകയുണ്ടായോ;

(സി) എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്; പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) അസിസ്റ്റന്റ് തസ്തികയിൽ ഏതാനും പേർക്ക് നിയമന ശിപാർശ നൽകുന്നതുമായും മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതുമായും ബന്ധപ്പെട്ട രണ്ട് കോടതിവിധികൾ നിലവിലുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത കോടതിവിധികളുടെ അടിസ്ഥാനത്തിൽ ബോർഡ് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. ജീവനക്കാരുടെ എണ്ണം നിഷ്കർഷിക്കുന്ന പ്രത്യേക ഉത്തരവുകളൊന്നും ഇതുവരെ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 2009-10 മുതൽ വാർഷിക വരവ്-ചെലവുകണക്കുകൾ ശരിപ്പെടുത്തുന്ന (ട്രൂയിംഗ് അപ്) സമയത്ത് 2008-09-ൽ ഉണ്ടായിരുന്ന 27175 ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മാത്രമാണ് പ്രതിവർഷം അനുവദിച്ചുതരുന്നത്. ഈ ഇനത്തിലുള്ള യഥാർത്ഥ ചെലവും അനുവദിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്.

നിലവിൽ കെ.എസ്.ഇ.ബി.എൽ.-ൽ ഓഫീസർമാരും തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരും ഉൾപ്പെടെ 33564 പേർ പ്രവൃത്തിയെടുക്കുന്നു.

(ബി&സി) അധിക ജീവനക്കാരെ പുനർവിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പഠനവും നടത്തിയിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ടി പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP(C) Nos, 38794/2015, 32887/2016 & 25052/2017 എന്നീ കേസുകളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 25-8-2017-ലെ ഇടക്കാല ഉത്തരവനുസരിച്ച് ജൂനിയർ അസിസ്റ്റന്റുമാരുടെ 60 ഒഴിവുകൾ 14-9-2017-നും WP(C) Nos, 38794/2015, 32887/2016, 25052/2017, 23320/2017 എന്നീ കേസുകളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 15-9-2017-ലെ ഇടക്കാല ഉത്തരവനുസരിച്ച് 520 ഒഴിവുകൾ കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായി പ്രൊവിഷണലായും 19-9-2017-ന് കേരള പബ്ലിക് സർവീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിൽനിന്നും 60 ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശ കെ.പി.എസ്.സി.-യിൽനിന്നും അയച്ചുതന്നതിനെ തുടർന്ന് ടി ഉദ്യോഗാർത്ഥികളെ കെ.എസ്.ഇ.ബി.എൽ.-ൽ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

ബഹുമാനപ്പെട്ട ഹൈക്കോടതി റിട്ട് നമ്പർ 30039/2016 പരിഗണിച്ചുകൊണ്ട് 4-1-2018-ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം മീറ്റർ റീഡർമാരുടെ 799 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നിർദ്ദേശം നൽകുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പ്രസ്തുത ഉത്തരവിനെതിരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് റിട്ട് അപ്പീൽ നമ്പർ 173/2018, 188/2018 എന്നീ നമ്പരുകൾ പ്രകാരം ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും തുടർന്ന് 18-1-2018-ന് പ്രസ്തുത ഉത്തരവിന്മേൽ സ്റ്റേ ഓർഡർ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## ഇടുക്കി നിയോജകമണ്ഡല സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

248 (2446) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി, ഇടുക്കി നിയോജക മണ്ഡലത്തിലെ വൈദ്യുതീകരണത്തിനായി മണ്ഡലം ആസ്തി വികസന ഫണ്ട് 2016-17-ൽ നിന്നും 38 ലക്ഷം രൂപ അനുവദിക്കുന്നതിന് നിർദേശിച്ചിരുന്ന തുക, പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ടോ;

(ബി) മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഏതുഘട്ടംവരെയായി; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഫോറസ്റ്റ് ക്ലിയറൻസ് ലഭിച്ചിട്ടില്ലാത്ത മക്കുവള്ളി, മനയത്തടം, കൈതപ്പാറ എന്നീ കോളനികളിലും പൈനാവ് സെക്ഷനുകീഴിലുള്ള അംഗണവാടി, കല്ലേമാടക്കുടി എന്നീ സ്ഥലങ്ങളൊഴിച്ച് ബാക്കി എല്ലാ സ്ഥലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിൽ 667 സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റവും ഒരുകിലോ വാട്ടിന്റെ 2 സോളാർ പവർ പ്ലാന്റും മൂന്ന് കിലോ വാട്ടിന്റെ ഒരു സോളാർ പവർ പ്ലാന്റും സ്ഥാപിച്ചു. ആകെ 681 വീടുകളിൽ സൗരോർജ്ജ വൈദ്യുതി എത്തിച്ചു.

## ഇടുക്കി ഡാം സന്ദർശന സൗകര്യം

249 (2447) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി-ചെറുതോണി ഡാമുകളിൽ ശനിയും ഞായറും പൊതുഅവധി ദിവസങ്ങളിലും മാത്രം സന്ദർശനം അനുവദിക്കുന്ന നിലവിലെ രീതി മാറ്റി, വിനോദസഞ്ചാരികൾക്ക് ഇടുക്കി ആർച്ച് ഡാം കാണുന്നതിനായി എല്ലാദിവസവും സന്ദർശനം അനുവദിക്കുമോ;

(ബി) ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് ഉദ്യാന പദ്ധതി, ലേസർ ഷോ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടുക്കി-ചെറുതോണി ഡാമുകൾ സന്ദർശകർക്ക് തുറന്നുകൊടുക്കുന്നതിന് നിലവിൽ ശനി, ഞായർ ദിവസങ്ങളിലും മറ്റ് പൊതു അവധി ദിവസങ്ങളിലും ഓണം, ക്രിസ്തുമസ് അവധിക്കാലത്തും അനുമതിയുണ്ട്. പ്രസ്തുത ദിവസങ്ങളിൽ ഡാമുകൾ കാണാൻ വരുന്ന സന്ദർശകർ ഉപയോഗം കഴിഞ്ഞ് വലിച്ചെറിയുന്ന ജൈവ, പ്ലാസ്റ്റിക് മാലിന്യങ്ങൾ ഡാമിന്റെ പരിസരങ്ങളിൽ കുമിഞ്ഞുകൂടി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാനിടയാക്കുന്നു. കൂടാതെ എല്ലാ ദിവസവും സന്ദർശനം അനുവദിക്കാനുള്ള സുരക്ഷാ സൗകര്യങ്ങൾ നിലവിലില്ല. ആയതിനാൽ എല്ലാ ദിവസവും സന്ദർശകരെ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല. മേൽ കാര്യങ്ങൾകൂടി പരിഗണിച്ച് മുഴുവൻ ദിവസങ്ങളിലും സന്ദർശകരെ അനുവദിക്കുന്നതിന് ഏർപ്പെടുത്തേണ്ട വിവിധ സൗകര്യങ്ങൾ സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഹൈഡൽ ടൂറിസം സെന്ററിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇടുക്കി ജില്ലയിലെ ഹൈഡൽ ടൂറിസം

250 (2448) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലാ ആസ്ഥാനത്തെ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി, ഇടുക്കി ജലാശയത്തിൽ ഹൈഡൽ ടൂറിസം മുഖേന വിനോദ സഞ്ചാരികൾക്ക് ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി വിനോദസഞ്ചാരികൾക്കായി ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇടുക്കിയിൽ ജലാശയത്തിൽ വിനോദസഞ്ചാരികൾക്ക് ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനായി പുതിയ ബോട്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഓണം, ക്രിസ്തുമസ് സീസണുകളിൽ സർക്കാർ നൽകുന്ന പ്രത്യേക അനുമതിയുടെ ഭാഗമായി മുൻവർഷങ്ങളിൽ ഇടുക്കി ജലാശയത്തിൽ ഹൈഡൽ ടൂറിസം മുഖേന നടത്തിയ ബോട്ടിംഗ് സർവ്വീസിൻെറ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജലാശയത്തിൽ വിനോദസഞ്ചാരികൾക്കായി മുൻകാലങ്ങളിൽ ഹൈഡൽ ടൂറിസം ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ വനം വകുപ്പിന്റെ എതിർപ്പുണ്ട്. ഈ പ്രശ്നം പരിഹരിച്ച് ബോട്ടിംഗ് സൗകര്യം പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇടുക്കി ജില്ലയിലെ മാട്ടുപ്പെട്ടി ഡാം, കുണ്ടള ഡാം, ആനയിറങ്കൽ ഡാം, ശെങ്കുളം ഡാം എന്നിവിടങ്ങളിലാണ് ഹൈഡൽ ടൂറിസം വിനോദ സഞ്ചാരികൾക്കായി ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) ഇടുക്കി ജലാശയത്തിലെ ബോട്ടിംഗ് വനം വകുപ്പിന്റെ എതിർപ്പിനെ തുടർന്ന് ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. തടസ്സങ്ങൾ മാറുന്നമുറയ്ക്ക് ബോട്ടിംഗ് പുനഃരാരംഭിക്കുന്നതാണ്.

(ഡി) വനം വകുപ്പിന്റെ എതിർപ്പിനെതുടർന്ന് കഴിഞ്ഞ വർഷം ബോട്ടിംഗ് നടത്താൻ കഴിഞ്ഞിട്ടില്ല. മുൻകാലങ്ങളിൽ ഓണം, ക്രിസ്തുമസ് സീസണിലെ ചുരുങ്ങിയ കാലയളവിൽ മാത്രം നടത്തിയിട്ടുള്ള ബോട്ടിംഗ് ഹൈഡൽ ടൂറിസത്തിന് നഷ്ടമാണ് വരുത്തിയിട്ടുള്ളത്.

**വാമനപുരം-മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതി**

251 (2449) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ, നന്ദിയോട് പഞ്ചായത്തിലെ മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്;

(ബി) ഈ പദ്ധതി നവീകരിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്; വിശദവിവരം നൽകാമോ;

(സി) ഈ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും;

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ പ്രവർത്തനസജ്ജമാകുമെന്നറിയിക്കുമോ?

ഉത്തരം

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിൽ, നന്ദിയോട് പഞ്ചായത്തിലെ മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതി കഴിഞ്ഞ എൽ.ഡി.എഫ്. ഭരണ കാലത്ത് 2006 ഡിസംബറിൽ പ്രവർത്തനം ആരംഭിച്ചതാണ്. എന്നാൽ വെള്ളപ്പൊക്കത്തിലുണ്ടായ നാശനഷ്ടങ്ങളെ തുടർന്ന് ആവശ്യമായ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാതെ 2014-ൽ ഇതിന്റെ പ്രവർത്തനം നിലയ്ക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി പദ്ധതി വീണ്ടും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ആദ്യപടിയായി അടിസ്ഥാന സൗകര്യ വികസനത്തിനായി ഹൈഡൽ ടൂറിസം തനത് ഫണ്ടിൽ നിന്നും 4,70,000 രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി 18-11-2017-ൽ ടെൻഡർ വിളിച്ച് നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ടി നവീകരണ പ്രവർത്തനങ്ങൾ 45 ദിവസത്തിനകം പൂർത്തിയാക്കുവാൻ സാധിക്കും.

(ഡി) ടി പദ്ധതി നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി മാർച്ച് അവസാനത്തോടുകൂടി പ്രവർത്തനസജ്ജമാകും.

## കെ.എസ്.ഇ.ബി.എൽ.-നെ സംബന്ധിച്ച് ഐ.ഐ.എം.-ന്റെ പഠന റിപ്പോർട്ട്

252 (2450) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ട് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളും തീരുമാനങ്ങളുമാണ് ഇതുവരെ എടുത്തിട്ടുള്ളത്;

(ബി) പഠന റിപ്പോർട്ട് സമയബന്ധിതമായി നടപ്പിലാക്കുവാൻ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പഠനറിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ നിയമനത്തെപ്പറ്റി എന്തെല്ലാം നിർദ്ദേശങ്ങളും ശിപാർശകളുമാണ് നൽകിയിട്ടുള്ളത്; ഇത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇത്തരത്തിൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കുവാൻ എത്ര രൂപയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെലവാക്കിയത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 3-5-2016-ൽ കെ.എസ്.ഇ.ബി.എൽ.-ന് മുമ്പാകെ കോഴിക്കോട് ഐ.ഐ.എം., നടത്തിയ പഠനത്തിന്റെ കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അന്നേദിവസം കൂടിയ ബോർഡുയോഗം ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.

ഈ റിപ്പോർട്ടിന്മേൽ ചില വിശദീകരണങ്ങൾ പ്രസ്തുത കമ്മിറ്റി ഐ.ഐ.എം. കോഴിക്കോടിനോട് ആരായുകയും ആയവ സംബന്ധിച്ച തുടർപഠനങ്ങൾ ഐ.ഐ.എം. കോഴിക്കോട് നടത്തുകയും 7-6-2017-ന് അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശിപാർശകൾ ഫുൾടൈം ഡയറക്ടർമാർക്ക് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾടൈം ഡയറക്ടർമാരുടെ പരിഗണനയിലാണ്.

(ബി) ഉണ്ട്. ബഹു. വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 17-4-2017-ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ, ഒരു പൊതുമേഖലാ സ്ഥാപനമായതിനാൽ, കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഐ.ഐ.എം. റിപ്പോർട്ട് നടപ്പിലാക്കുന്നതിന് ചില പ്രയാസങ്ങൾ നേരിടേണ്ടി വരാമെന്നും അവ ബുദ്ധിപരമായ തന്ത്രങ്ങളിലൂടെയും അശ്രാന്ത പരിശ്രമത്തിലൂടെയും മറികടക്കാമെന്നും ആയതിനാൽ ടി റിപ്പോർട്ട് നടപ്പാക്കുന്നതിനുള്ള സമയബന്ധിതമായ നടപടികളും ഉദ്ദേശിക്കുന്ന ഫലവും (deliverable) ഉള്ള ഒരു പദ്ധതി 31-7-2017-നകം കമ്മീഷന് സമർപ്പിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനത്തിലെ പല തലങ്ങൾ ഇല്ലാതെയാക്കി, ഉപയോഗിക്കപ്പെടാത്ത മാനവവിഭവശേഷി പുനർവിന്യസിക്കുന്നതിനും വേണ്ട പദ്ധതികളാണ് തയ്യാറാക്കേണ്ടതെന്നും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നിയമനത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു:

1. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിൽ നൽകുന്ന 20% ക്വാട്ട എന്നത് 10% ആയി ചുരുക്കുക.

2. അപ്പോയിന്റ്മെന്റ് ബൈ ട്രാൻസ്ഫർ (ഇൻസർവ്വീസ്) ക്വാട്ട 10 ശതമാനത്തിൽ നിന്നും 20% ആയി വർദ്ധിപ്പിക്കുക.

3. പബ്ലിക് സർവ്വീസ് കമ്മീഷൻ നേരിട്ട് നിയമനം നടത്തുന്ന 40% ക്വാട്ട 50% ക്വാട്ട ആയി വർദ്ധിപ്പിക്കുക.

4. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരുടെ താല്പര്യവും നിപുണതയും കണക്കിലെടുത്ത് അവരെ ഉല്പാദനം, വിതരണം, പ്രസരണം എന്നീ മേഖലകളിൽ വിന്യസിക്കുക, ഉപഭോക്തൃ സേവനത്തിലും വിപണനത്തിലും നിർവ്വഹണത്തിലും തല്പരരായവരെ ഡിസ്ട്രിബ്യൂഷൻ മേഖലയിൽ നിയമിക്കുകയും സാങ്കേതികമായി അധികം പ്രാവീണ്യമുള്ളവരെ ഉല്പാദന രംഗത്ത് വിന്യസിക്കുകയും ചെയ്യുക.

5. സ്ഥാനക്കയറ്റം പി.എസ്.സി. റാങ്കിൽ മാത്രം അധിഷ്ഠിതമാക്കാതെ കാര്യപ്രാപ്തിയും പ്രകടനത്തെയുംകൂടി വിലയിരുത്തിക്കൊണ്ട് നടപ്പിലാക്കുക.

6. ട്രെയിനിംഗ് സെന്ററുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തിക (RPTI & PETARC) രണ്ടിൽനിന്ന് ഒന്നായി ചുരുക്കുക.

7. മാനേജ്മെന്റ് ബിരുദധാരികളെക്കൂടി (MBA) വിതരണ രംഗത്ത് പരിഗണിക്കുക.

3-5-2016-ൽ കെ.എസ്.ഇ.ബി.എൽ.-ന് മുമ്പാകെ ഐ.ഐ.എം. കോഴിക്കോട് നടത്തിയ പഠനത്തിന്റെ കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അന്നേദിവസം കൂടിയ ബോർഡുയോഗം ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.

ഈ റിപ്പോർട്ടിന്മേൽ ചില വിശദീകരണങ്ങൾ പ്രസ്തുത കമ്മിറ്റി ഐ.ഐ.എം. കോഴിക്കോടിനോട് ആരായുകയും ആയവ സംബന്ധിച്ച തുടർപഠനങ്ങൾ ഐ.ഐ.എം. കോഴിക്കോട് നടത്തുകയും 7-6-2017-ന് അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ

നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും ഫുൾടൈം ഡയറക്ടർമാർക്ക് മുമ്പാകെ സമർപ്പിക്കുകയുംചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾടൈം ഡയറക്ടർമാരുടെ പരിഗണനയിലാണ്.

(ഡി) 57,57,326 രൂപ.

## മിനി വൈദ്യുത പദ്ധതികൾ

253 (2451) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിവിധ മേഖലകളിൽ മിനി വൈദ്യുത പദ്ധതികൾ, കാറ്റാടി പദ്ധതികൾ, ഫ്ലോട്ടിംഗ് സോളാർ പാനലുകൾ തുടങ്ങിയവ സ്ഥാപിക്കാൻ വൈദ്യുതി ബോർഡ് എന്തെങ്കിലും പദ്ധതി നിലവിൽ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നതിലേയ്ക്ക് സംസ്ഥാനസർക്കാർ കേന്ദ്ര ഗവൺമെന്റിന് അപേക്ഷ നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെകീഴിൽ മിനി വൈദ്യുത പദ്ധതികൾ (രണ്ട് മെഗാവാട്ടിൽ താഴെയുള്ള) ഒന്നുംതന്നെ നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

വൈദ്യുതി ബോർഡ് ആവിഷ്കരിച്ചിട്ടുള്ള സോളാർ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

കാറ്റിൽ നിന്നുള്ള പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി |
|---|---|---|
| 1 | പൂവാർ കടൽത്തീരത്ത് ചെറുകിട കാറ്റാടി പാടം | 1 MW |
| 2 | കഞ്ചിക്കോട് (പാലക്കാട്) | 2.5 MW |
| 3 | കഞ്ചിക്കോട് നിലവിലുള്ള കാറ്റാടി പാടത്തിന്റെ ശേഷി വർദ്ധിപ്പിക്കൽ | 2.65 MW |
| 4 | പാലക്കാട് ജില്ലയിലെ അഗളി പഞ്ചായത്തിൽ കാറ്റാടി പാടം (NHPC) | 8 MW |
| 5 | സ്വകാര്യ സംരംഭകർവഴി വിവിധ കാറ്റാടി പാടങ്ങൾ (ആകെ) | 16 MW |

ഫ്ലോട്ടിംഗ് സോളാർ പദ്ധതി - നിലവിൽ സർക്കാരിന്റെ ഇന്നവേഷൻ ഫണ്ട് ഉപയോഗിച്ച് പത്ത് കിലോവാട്ട് ശേഷിയുള്ളതും കൂടാതെ 500 കിലോവാട്ട് ശേഷിയുള്ളതുമായ പദ്ധതികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾക്കുവേണ്ടിവരുന്ന ചെലവ് മറ്റ് സോളാർ പദ്ധതികളുമായി (Roof Top, Ground Mounted) താരതമ്യം ചെയ്യുമ്പോൾ പല മടങ്ങ് കൂടുതലാണെന്ന് കണ്ടെത്തുകയും ആയതിനാൽ ചെലവ് കുറഞ്ഞ രീതിയിൽ ഇവ നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്. കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സർവ്വേയും ഇൻവെസ്റ്റിഗേഷനും നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് MNRE സാമ്പത്തിക സഹായം നൽകിവരുന്നു. ഈ ഇനത്തിൽ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി 60 ലക്ഷം രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. കൂടാതെ ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിനും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. ഈ ഇനത്തിൽ 15 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി ഇതുവരെ 70.31 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചിട്ടുണ്ട്.

## പുതിയ വൈദ്യുതോത്പാദന പദ്ധതികൾ

254 (2452) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പുതിയ വൈദ്യുതോത്പാദന പദ്ധതികൾ ആരംഭിച്ചു എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽനിന്ന് ഉത്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് എത്രയാണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെകീഴിൽ വെള്ളത്തൂവൽ (3.6 MW/12.17 MU) പെരുന്തേനരുവി (6 MW/25.77 MU) എന്നീ വൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി ഉല്പാദനം ആരംഭിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ടിന്റെ ഉടമസ്ഥതയിൽ രണ്ട് മെഗാവാട്ട് ശേഷിയുള്ള ഒരു സോളാർ പ്ലാന്റ് പാലക്കാട് കമ്മീഷൻ ചെയ്തുകഴിഞ്ഞു. ഇടുക്കിയിൽ ഇത്തരത്തിലുള്ള ഒരു ഹൈബ്രിഡ് സോളാർ പ്ലാന്റിന്റെ നിർമ്മാണത്തിനായി നടപടി ആരംഭിച്ചുകഴിഞ്ഞു.

സ്വകാര്യ മേഖലയിൽ BOOT അടിസ്ഥാനത്തിൽ അനുവദിച്ച രണ്ട് പദ്ധതികളിൽ 4.5 MW സ്ഥാപിതശേഷി വരുന്ന കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടവും 8 MW സ്ഥാപിതശേഷിയുള്ള പാതംകയം ചെറുകിട ജലവൈദ്യുത പദ്ധതിയും ഇതുവരെ കമ്മീഷൻ ചെയ്യുകയുണ്ടായി.

കൂടാതെ രണ്ട് മെഗാവാട്ടിന്റെ അപ്പർ കല്ലാർ, 7.5 മെഗാവാട്ടിന്റെ പഴശ്ശിസാഗർ, മുടങ്ങിക്കിടന്നിരുന്ന ആറ് മെഗാവാട്ടിന്റെ ചാത്തൻകോട്ടുനട എന്നീ ചെറുകിട പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിതശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | കൊല്ലങ്കോട് സബ്സ്റ്റേഷൻ പരിസരത്ത് | 1.00 |
| 2 | ഇടയാർ സബ്സ്റ്റേഷൻ & സെക്ഷൻ ഓഫീസ് പരിസരത്ത് | 1.25 |
| 3 | പടിഞ്ഞാറേത്തറ ഡാമിനുമുകളിൽ | 0.44 |
| 4 | ബാരാപോൾ കനാൽടോപ്പ് ഗ്രിഡ് കണക്ട് | 3.00 |
| 5 | ബാരാപോൾ കനാൽബാങ്ക് ഗ്രിഡ് കണക്ട് | 1.00 |
| 6 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 |
| 7 | തിരുവനന്തപുരം വൈദ്യുതി ഭവന്റെ മുകളിൽ | 0.03 |
| 8 | മഞ്ചേശ്വരം, കാസർഗോഡ് | 0.50 |
| 9 | കുറ്റിപ്പുറം | 0.50 |
| 10 | പേഴയ്ക്കാപ്പള്ളി, മൂവാറ്റുപുഴ | 1.25 |
| 11 | ബാണാസുരസാഗർ റിസർവോയർ/കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 |

(ബി) കമ്മീഷൻ ചെയ്ത ജല വൈദ്യുത പദ്ധതികളിൽനിന്നും 19-1-2018 വരെയുള്ള ഉല്പാദനം.

| | |
|---|---|
| വെള്ളത്തൂവൽ | 7.5 MU |
| പെരുന്തേനരുവി | 14.423 MU |

സൗരോർജ്ജ പദ്ധതികളിൽനിന്ന് 9.411459 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു.

**എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം**

255 (2453) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് എനർജി മാനേജ്മെന്റ് സെന്റർ, മിനി മൈക്രോ വൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) കുട്ടികളിൽ ഊർജ്ജ സംരക്ഷണ സംസ്കാരം ഉണ്ടാക്കുന്നതിനായി എനർജി മാനേജ്മെന്റ്, എനർജി സ്മാർട്ട് സ്കൂൾ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) എനർജി മാനേജ്മെന്റ് സെന്റർ എല്ലാ മേഖലകളിലും ഊർജ്ജകാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികളാണ് നടത്തിവരുന്നത്. കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യമേഖലയിലും മറ്റും അനുവദിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ ഇ.എം.സി.-യിൽ പ്രവർത്തിച്ചുവരുന്നു. എനർജി മാനേജ്മെന്റ് സെന്റർ ഊർജ്ജകാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികളുടെ വിശദാംശം മേഖല തിരിച്ച് ചുവടെ ചേർക്കുന്നു:

ഗാർഹിക മേഖല-ഗാർഹിക മേഖലയിലെ ഊർജ്ജസംരക്ഷണം ലക്ഷ്യമിട്ടു കൊണ്ട് ഊർജ്ജ ക്ലിനിക്, ഊർജ്ജ കിരൺ, പൊതുജന ബോധവൽക്കരണ പരിപാടികൾ, പ്രദർശനങ്ങൾ, പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവ നടത്തിവരുന്നു.

വ്യവസായ മേഖല-വ്യവസായങ്ങളിൽ ഊർജ്ജ ആഡിറ്റ് പ്രോത്സാഹിപ്പിച്ച് ഊർജ്ജകാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി സൗജന്യ ഊർജ്ജ ആഡിറ്റ്, ഊർജ്ജ ആഡിറ്റ് സബ്സിഡി സ്കീം, ഊർജ്ജ ആഡിറ്റ് സ്ഥാപനങ്ങളുടെ എംപാനൽമെന്റ്, ഊർജ്ജ ആഡിറ്റ് റിപ്പോർട്ടുകൾ വിലയിരുത്തൽ, പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നു.

പൊതുകെട്ടിടങ്ങൾ/വാണിജ്യമേഖല-വാണിജ്യ മേഖലയിലെ കെട്ടിടങ്ങളെ ഊർജ്ജകാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നിർബന്ധിത ഊർജ്ജ ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകി വരുന്നു.

ഊർജ്ജസംരക്ഷണ നിയമ നടത്തിപ്പിന്റെ ഭാഗമായി കേരള സംസ്ഥാന ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബിൽഡിംഗ് കോഡ് അനുസരിച്ച് കെട്ടിട നിർമ്മാണത്തിനുവേണ്ടിയുള്ള സാങ്കേതിക സഹായം നൽകുന്നതിന് ECBC സെൽ പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസ മേഖല-വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനായി സ്മാർട്ട് എനർജി പ്രോഗ്രാം നടത്തി വരുന്നു.

കാർഷിക മേഖല-കാര്യക്ഷമതയുള്ള കാർഷിക പമ്പുസെറ്റുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നു.

ഗവേഷണം-ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ഗവേഷണ പദ്ധതികൾക്ക് സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു. 2016-17-ൽ 25 ലക്ഷം രൂപ ഗവേഷണ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2017-18-ൽ ഗവേഷണത്തിനായി 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പരിശീലനം-പരിശീലന പരിപാടികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലകർക്കുള്ള പരിശീലനം, ഊർജ്ജ ക്ലിനിക്ക് പരിപാടി നടത്തുന്ന വാളണ്ടിയർമാർക്കുള്ള പരിശീലനം, സ്മാർട്ട് എനർജി പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പരിശീലനം, എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് സംബന്ധിച്ച് എഞ്ചിനീയർമാർ, ആർക്കിടെക്ടുകൾ, മറ്റ് ബന്ധപ്പെട്ടവർ എന്നിവർക്ക് പരിശീലനം, വ്യവസായങ്ങളിൽ സാങ്കേതിക വിദഗ്ദ്ധർ, ഊർജ്ജ മാനേജർമാർ എന്നിവർക്കുള്ള പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്.

പ്രദർശനം-പൊതുജനങ്ങൾക്ക് വിവിധ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പ്രദർശനങ്ങൾ നടത്തി വരുന്നുണ്ട്. ഇതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, സാമൂഹ്യ-സേവന സംഘടനകൾ എന്നിവ നടത്തിവരുന്ന മേളകൾ, ഉത്സവങ്ങൾ എന്നിവയിൽ പങ്കെടുത്തുവരുന്നു.

ബോധവൽക്കരണം-പൊതുജന ബോധവൽക്കരണത്തിനായി വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസ്സോസിയോഷനുകൾ എന്നിവയുമായി സഹകരിച്ച് പൊതുജന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. ഊർജ്ജ കിരൺ, ഊർജ്ജ ക്ലിനിക് പരിപാടിയുടെ ഭാഗമായും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

ഇ.എം.സി.-യുടെ ആഭിമുഖ്യത്തിൽ കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE) സാമ്പത്തിക സഹായത്തോടുകൂടി ഒരു കിലോ വാട്ട് മുതൽ അഞ്ച് കിലോ വാട്ട് വരെ ശേഷിയുള്ള പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. രണ്ട് ലക്ഷം രൂപ വരെ ചെലവ് വരുന്ന ഒരു പദ്ധതിക്ക് കേന്ദ്ര സാമ്പത്തിക സഹായമായി 1.50 ലക്ഷം രൂപ വരെ ഇ.എം.സി. വഴി നൽകുന്നുണ്ട്. ഇത്തരത്തിൽ 100-ഓളം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട, കോട്ടയം, വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് പദ്ധതികൾ നടപ്പിലാക്കിയത്.

(ബി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഇ.എം.സി. താഴെപ്പറയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

110 KW-ന്റെ മാങ്കുളം മൈക്രോ ജലവൈദ്യുത പദ്ധതി മാങ്കുളം പഞ്ചായത്തിനുവേണ്ടി യുനിഡോ, സിൽക്ക് എന്നിവരുടെ സഹകരണത്താൽ സ്വകാര്യ പദ്ധതിയായി നിർമ്മിച്ചു. പിന്നീട് കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡ് മാങ്കുളത്ത് എത്തിയപ്പോൾ ഈ പദ്ധതി നവീകരിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡുമായി സിംക്രണൈസ് ചെയ്തുകൊടുക്കുകയും കെ.എസ്.ഇ.ആർ.സി. (KSERC)-യുടെ അനുവാദത്തോടുകൂടി PPA (Power Purchase Agreement) കെ.എസ്.ഇ. ബി.എൽ.-മായി നടപ്പിലാക്കുവാൻ സഹായിച്ചു.

50 KW-ന്റെ കല്ലാർ - മുടങ്ങിക്കിടന്ന കല്ലാർ ചെറുകിട പദ്ധതി നവീകരിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ LT ഗ്രിഡിൽ സിംക്രണൈസ് ചെയ്തു കൊടുക്കുകയും PPA നടപ്പിലാക്കി കൊടുക്കുകയും ചെയ്തു.

തിരുവനന്തപുരം കോർപ്പറേഷന് നൽകുന്നതിനുവേണ്ടി 20 KW ഒരു നൂതന ചെറുകിട ജലവൈദ്യുത പദ്ധതി (കാട്ടുവെട്ടി) -കൃത്രിമമായി ചുഴി സൃഷ്ടിച്ച് ടർബൈൻ കറക്കുന്ന ഇൻഡ്യയിലെതന്നെ ആദ്യത്തെ കൊമേഴ്സ്യൽ പദ്ധതി - കോർപ്പറേഷൻ അതിർത്തിയിലെ കാഞ്ഞിരംപാറ വാർഡിൽ പണി നടത്തിവരുന്നു. ഈ വർഷം മേയ് മാസത്തോടുകൂടി കമ്മീഷൻ ചെയ്യുവാനാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ എൽ.ടി. ഗ്രിഡിലേയ്ക്ക് സിംക്രണൈസ് ചെയ്യുന്നതാണ്. PPA മുഖാന്തരം കോർപ്പറേഷന് കെ.എസ്.ഇ.ബി.എൽ.-ന് വൈദ്യുതി വിൽക്കുന്നതിനും തദ്വാര കോർപ്പറേഷന്റെ വൈദ്യുതി ചാർജ്ജുകൾ കുറയ്ക്കുവാനും ആ വരുമാനം മറ്റ് വികസന പദ്ധതികളിൽ ചെലവിടുവാനും സാധ്യമാകുന്നതാണ്.

(സി) ഉണ്ട്. വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനുവേണ്ടി സ്മാർട്ട് എനർജി പ്രോഗ്രാം എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. 41 വിദ്യാഭ്യാസ ജില്ലകളിലായി (SEP) 4800-ൽപ്പരം

സ്കൂളുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കുട്ടികൾക്കുള്ള മത്സരങ്ങളും അദ്ധ്യാപകർക്കായി പരിശീലന പരിപാടികളും നടത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ മുഴുവൻ യു.പി. ഹൈസ്കൂളുകളിലും എസ്.ഇ.പി. നടപ്പിലാക്കിയിട്ടുണ്ട്.

## വൈദ്യുതി പ്രസരണ ശൃംഖലയുടെ ശാക്തീകരണം

256 (2454) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്താൻ എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതുപ്രകാരം വോൾട്ടേജ് ക്ഷാമത്തിന് ഏതളവുവരെ പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. പ്രസരണ മേഖല ശക്തിപ്പെടുത്തി തടസ്സരഹിതമായി വൈദ്യുതി ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ബി) പ്രസരണ നഷ്ടം കുറയ്ക്കുക, പ്രസരണശേഷി വർദ്ധിപ്പിക്കുക, വൈദ്യുതി പ്രസരണം സുഗമമാക്കി വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുക എന്നിവയാണ് ട്രാൻസ്ഗ്രിഡ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായും പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രസരണശേഷി ഉയർത്തുന്നതിന്റെ ഭാഗമായും ഒരു പരിധി വരെ വോൾട്ടേജ് ക്ഷാമത്തിനും പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും അവയുടെ അനുബന്ധ ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. വാഹകശേഷി കുറഞ്ഞ കണ്ടക്ടറുകൾ മാറ്റി ശേഷികൂടിയ കണ്ടക്ടറുകൾ ഉപയോഗിച്ചും പ്രസരണ നഷ്ടം കുറയ്ക്കാൻ സാധിക്കുന്നു.

## വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ

257 (2455) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്ത് തുകയാണ് വകയിരുത്തിയിരിക്കുന്നത്;

(സി) അതിൽ എത്ര രൂപ ചെലവഴിച്ചു; വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ വൈദ്യുതി ബോർഡ് വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളും DDUGJY (ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന) പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികളും സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി 2,02,49,410 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വാർഷിക പദ്ധതി പ്രകാരം വൈദ്യുതി ബോർഡ് നടപ്പിലാക്കിയ DDUGJY പദ്ധതിയുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 11,98,600 രൂപയും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി എം.എൽ.എ. - എ.ഡി.എസ്. ഫണ്ടിൽ നിന്നുള്ള 50 ലക്ഷം രൂപയും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള 16,56,862 രൂപയും കെ.എസ്.ഇ.ബി.എൽ. ഫണ്ടും DDUGJY ഫണ്ടുമുൾപ്പെടെയുള്ള തുകയും ചേർത്ത് ആകെ 1,60,82,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

## വൈദ്യുതി മീറ്ററുകൾ

258 (2456) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സംവിധാനങ്ങളുള്ള വൈദ്യുതി മീറ്ററുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത്തരം മീറ്ററുകൾ സ്ഥാപിക്കപ്പെടുമ്പോൾ മീറ്റർ റീഡർ തസ്തിക ആവശ്യമുണ്ടോ; എങ്കിൽ ഈ തസ്തികയിൽ ജോലി ചെയ്യുന്നവരെ പുനർവിന്യസിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഇത്തരത്തിലുള്ള മീറ്ററുകൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്തുള്ള ഏതെങ്കിലും കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആദ്യഘട്ടമായി 500 യൂണിറ്റിന് മുകളിലും അതിനുശേഷം 200 യൂണിറ്റിനും മുകളിൽ പ്രതിമാസ ഉപഭോഗമുള്ള എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള 241.41 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും അതിൽ 99.02 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, കോർപ്പറേഷൻ മേഖലയിലുള്ള വൈദ്യുതി ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചുവരുന്നു.

(ബി) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുമ്പോൾ മീറ്റർ റീഡിംഗ്, റിമോട്ടായി ലഭിക്കുന്നതാണ്. എന്നാൽ ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ മാത്രമേ തസ്തികകളുടെ ആവശ്യകതയും പുനർവിന്യാസവും സംബന്ധിച്ച തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഇല്ല.

**മണ്ണാർക്കാട് വൈദ്യുതി ഭവൻ നിർമ്മാണം**

259 (2457) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് വൈദ്യുതി ഭവൻ നിർമ്മാണം സംബന്ധിച്ച് തിരുവനന്തപുരം വൈദ്യുതി ഭവനിലുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയലിൽ തുടർനടപടി സ്വീകരിച്ച് അടിയന്തരമായി ഭരണാനുമതി നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) മണ്ണാർക്കാട് 110 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിനുവേണ്ടി 2013-ൽ ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലഭിച്ചിരുന്നു. 2014-ൽ പ്രൊപ്പോസൽ വീണ്ടും സമർപ്പിച്ചിരുന്നു. എന്നാൽ ബോർഡിന്റെ സാമ്പത്തികസ്ഥിതി മോശമായതിനാൽ പ്രൊപ്പോസൽ പരിഗണിച്ചിരുന്നില്ല.

മേൽ വിഷയം ബോർഡ് പരിശോധിക്കുന്നതാണ്.

**വൈദ്യുതി മോഷണ കേസ്സുകൾ**

260 (2458) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016-ലെ സർക്കാരിന്റെ കാലത്ത് എത്ര വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തി എന്നും ആയതുപ്രകാരം എത്ര തുക പിഴയിനത്തിൽ ഈടാക്കിയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പിഴ ചുമത്തപ്പെട്ട സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖല/സ്വകാര്യമേഖല/കെ.എസ്.ഇ.ബി.എൽ.തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എത്ര പേർ വീതമുണ്ടെന്നും ഇത്തരക്കാരിൽനിന്നും പിരിച്ചെടുത്ത പിഴ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഇപ്രകാരം എത്ര വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തി; ആയതുപ്രകാരം എത്ര തുക പിഴയിനത്തിൽ ഈടാക്കി; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ പിഴ ചുമത്തപ്പെട്ട സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖല/സ്വകാര്യമേഖല/കെ.എസ്.ഇ.ബി. തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എത്ര പേർ വീതമെന്നും ഇത്തരക്കാരിൽ നിന്നും പിരിച്ചെടുത്ത പിഴ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-2016-ലെ സർക്കാരിന്റെ കാലത്ത് 2336 വൈദ്യുതി മോഷണക്കേസുകൾ കണ്ടെത്തി. ആയതുപ്രകാരം 17,77,27,623 (പതിനേഴ് കോടി എഴുപത്തി ഏഴ് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അറുനൂറ്റി ഇരുപത്തി മൂന്ന് രൂപ) പിഴയിനത്തിൽ ഈടാക്കി.

(ബി) പിഴ ചുമത്തപ്പെട്ട സർക്കാർ സ്ഥാപനം ഗവൺമെന്റ് ഹാച്ചറി വർക്കല. പിഴ തുക 3,00,000 രൂപ (മൂന്ന് ലക്ഷം രൂപ)

പിഴ ചുമത്തപ്പെട്ട കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാർ

1. ശ്രീ. ഉദയൻ, ഓവർസീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ -പിഴ തുക 30,146 രൂപ.
2. ശ്രീ. സലിം, ഓവർസീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ-പിഴ തുക 36,726 രൂപ.
3. ശ്രീ. സന്തോഷ് കുമാർ, ഓവർസീയർ, 66 കെ.വി. സബ്സ്റ്റേഷൻ, കരുനാഗപ്പള്ളി - പിഴ തുക 67,355 രൂപ.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ 331 മോഷണ കേസുകൾ കണ്ടെത്തി. പിഴയിനത്തിൽ 2,88,85,627 (രണ്ട് കോടി എൺപത്തി എട്ട് ലക്ഷത്തി എൺപത്തി അയ്യായിരത്തി അറുനൂറ്റി ഇരുപത്തിയേഴ് രൂപ) ഈടാക്കി.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ഇ.ബി.എൽ.-ലെ ജീവനക്കാർ വൈദ്യുതി മോഷണക്കേസുകളിൽ ഉൾപ്പെട്ടിട്ടില്ല.

## വൈദ്യുതി മേഖല നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും

261 (2459) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വൈദ്യുതി മേഖലയിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളും വെല്ലുവിളികളും എന്തൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനമോ ചർച്ചകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മുൻവർഷത്തെ പോലെതന്നെ ഈ വർഷവും ലോഡ്ഷെഡിംഗും പവർക്കട്ടും ഒഴിവാക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി മേഖലയിലെ വെല്ലുവിളികളിൽ വളരെ പ്രാധാന്യമുള്ളവ താഴെ കൊടുക്കുന്നു.

1. വൈകുന്നേരത്തെ ഉയർന്ന ഉപഭോഗത്തെ സ്വാധീനിക്കുന്ന ഗാർഹിക വാണിജ്യ ഉപഭോക്താക്കളുടെ താരതമ്യേന ഉയർന്ന പങ്കും കാർഷിക വ്യാവസായിക ഉപഭോക്താക്കളുടെ കുറഞ്ഞ സാന്നിദ്ധ്യവുമുള്ള പ്രത്യേകതയുള്ള ഉപഭോക്തൃ ഘടനയാണ് നിലവിലുള്ളത്.

2. ആഭ്യന്തര ഊർജ്ജ സ്രോതസ്സുകൾ ഉത്പാദന സ്ഥിരതയില്ലാത്ത നവീകരിക്കാവുന്ന സ്രോതസ്സുകളിലായി പരിമിതപ്പെട്ടിരിക്കുന്നു.

3. വലിയതോതിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പൂർണ്ണമായും സാമ്പത്തിക സാധുതയുണ്ടെന്നുറപ്പുള്ള ജല വൈദ്യുത പദ്ധതികൾ പൊതുസമ്മതിയില്ലാത്തതിനാൽ നടപ്പാക്കാനാവുന്നില്ല.

4. ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകത്തിന്റെ ലഭ്യതയിലും വിലയിലും സ്ഥിരതയില്ലാത്തത്.

5. അന്യസംസ്ഥാന വൈദ്യുത നിലയങ്ങളിലുള്ള ആശ്രിതത്വം.

6. വൈദ്യുത മേഖലയിലെ സേവനങ്ങളെ ലോക നിലവാരവുമായി താരതമ്യപ്പെടുത്തുമ്പോൾ നിലനിൽക്കുന്ന വിടവുകൾ.

7. വിശ്വാസ്യത, സുരക്ഷിതത്വം, പ്രവർത്തനക്ഷമത എന്നിവയിൽ ഇനിയും മെച്ചപ്പെടുത്തേണ്ട നിലവാരം.

8. നവീകരിക്കാവുന്ന ഊർജ്ജത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിന് നിലനിൽക്കുന്ന സാങ്കേതിക പരിമിതി.

9. കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനച്ചെലവുകൾ വർദ്ധിപ്പിക്കാതെതന്നെ അതിന്റെ ക്ഷമതയും ഉപയുക്തതയും വർദ്ധിപ്പിക്കണമെന്ന വെല്ലുവിളി.

10. വൈദ്യുത മേഖലയിലെ ഉപഭോക്താക്കളുടെ പ്രതീക്ഷയും നൽകപ്പെടുന്ന സേവനവും തമ്മിൽ നിലനിൽക്കുന്ന അന്തരം.

11. പുനരുപയോഗിക്കാവുന്ന സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ഉൽപ്പാദനം, ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ, വൈദ്യുതി മോട്ടോർ വാഹനങ്ങൾ തുടങ്ങിയ നവയുഗ സേവനങ്ങൾ പ്രതീക്ഷിക്കുന്നവണ്ണം നടപ്പിലാക്കുന്നതിന് വൈദ്യുതി വ്യവസായത്തിൽ നിലനിൽക്കുന്ന പരിമിതികൾ.

ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ പട്ടയമുള്ളതും പട്ടയമില്ലാത്തതുമായ സ്വകാര്യവ്യക്തികളുടെ കൈവശമുള്ള ഭൂമി ആവശ്യമാണ്. ടി ഭൂമി ഏറ്റെടുക്കുവാൻ വിവിധ കാരണങ്ങളാൽ കാലതാമസം നേരിടുന്നതാണ് ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നേരിടുന്ന പ്രധാന വെല്ലുവിളി.

(ബി) ഉണ്ട്. മേൽപ്പറഞ്ഞ പ്രശ്നങ്ങളെ ലഘൂകരിക്കുന്നതിനോ പരിഹരിക്കുന്നതിനോ ആവശ്യമായ നയപരിപാടികൾ രൂപീകരിക്കുന്നത് സംബന്ധിച്ച പഠനങ്ങളും ചർച്ചകളും നടന്നുവരുന്നു. ഉത്പാദന മേഖലയിൽ ആഭ്യന്തര ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പുനരാരംഭിക്കുന്നതിന് പരമ പ്രാധാന്യം നൽകുന്നു.

പ്രസരണ ശൃംഖല സമഗ്രമായി മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ട്രാൻസ്ഗ്രിഡ് 2.0 എന്ന വിപുലമായ പദ്ധതി നടപ്പിലാക്കിവരുന്നു.

വിതരണ ശൃംഖലയെ കാലോചിതമായി പരിഷ്കരിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

ജലവൈദ്യുത പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ പ്രശ്നം പരിഹരിക്കുന്നതിന് 1-7-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി.

(സി) അധികമായി ആവശ്യം വരുന്ന വൈദ്യുതി പുറത്തുനിന്നും വാങ്ങുന്നതിനുള്ള ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ വർഷം വൈദ്യുതി പ്രതിസന്ധി പ്രതീക്ഷിക്കുന്നില്ല.

**മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

262 (2460) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) 15-11-2017-ന് ചേർന്ന മണ്ഡലതല അവലോകനയോഗ തീരുമാനപ്രകാരം വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ, ലൈൻ കൺവേർഷൻ എന്നിവയ്ക്കായി സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ; വിശദാംശം നൽകുമോ;

(സി) ട്രാൻസ്ഫോർമർ അനുവദിച്ച സ്ഥലങ്ങളിൽ മെറ്റീരിയൽസിന്റെ ക്ഷാമം കാരണം അവ സ്ഥാപിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം മണ്ഡലത്തിലെ വളപ്പറമ്പ, സൗദിപ്പടി, മങ്ങോട്ടിൽ കോളനി, കണ്ണംകുഴി ഒസ്സാൻ പാലം, നാടിപ്പാറ, ഊതലക്ക്, പെരിമ്പലം, കിഴക്കുപറമ്പ, തെക്കുംപാട്, കുഴിക്കാടൻകുന്ന്, ചുങ്കത്ത്, വളമംഗലം, ഒറ്റത്തറ-ചാലാട്, മാങ്ങാട്ടുപുലം, അപ്പക്കാട്, പുളിയേറ്, പുളിക്കല്ല് തുടങ്ങിയ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 2016-17, 2017-18 കാലയളവിൽ ആകെ 8.72 കി.മീ. എച്ച്.ടി. ലൈൻ നിർമ്മിക്കുക, 17 ട്രാൻസ്ഫോർമർ സ്ഥാപിക്കുക, 5.207 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈനാക്കി മാറ്റുക തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേക്കായി താഴെപ്പറയുന്ന പ്രവൃത്തികളാണ് പ്രസരണ വിഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്:

1. മലപ്പുറം, 110 കെ.വി.ജി.ഐ.എസ്. സബ്സ്റ്റേഷൻ നിർമ്മാണം.

2. സിവിൽസ്റ്റേഷൻ, മലപ്പുറം ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം.

ഇവയ്ക്കുള്ള ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്. 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ലഭ്യമായിട്ടില്ല.

(ബി) 15-11-2017-ന് ചേർന്ന മണ്ഡലതല അവലോകന യോഗ തീരുമാനപ്രകാരം വള്ളുമ്പ്രം ഹെൽത്ത് സെന്ററിന് സമീപം ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുക, മൂക്കോട്-വലിയപറമ്പ, താന്നിക്കൽ തുടങ്ങിയ പ്രദേശങ്ങളിൽ 0.9 കി.മീ. എച്ച്.ടി. ലൈൻ നിർമ്മിക്കുക എന്നീ പ്രവൃത്തികളുടെയും മൂച്ചിക്കൽ, പുൽപ്പറ്റ റോഡ്, പാറപ്പള്ളിയാലിൽ, പുൽപ്പറ്റ-പുല്ലാര റോഡ്, കാവുങ്ങൾ കോളനി, കോട്ടപ്പറമ്പ റോഡ്, കക്കോടി മുക്ക്, പുന്നംകോട് റോഡ്, ചേരിയിൽ റോഡ്, പെട്ടീരി റോഡ്, ഉരുപ്പിപ്പാറ-രത്താണി റോഡ് എന്നിവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കജെപ്പദവ്, തലക്കി എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

263(2461) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വോർക്കാടി സെക്ഷൻ പരിധിയിലെ കജെപ്പദവ്, തലക്കി പ്രദേശങ്ങളിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കജെപ്പദവ്, തലക്കി എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തരമായി ട്രാൻസ്ഫോർമർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) തലക്കി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി തലക്കി 100 കെ.വി.എ. ട്രാൻസ്ഫോർമറിൽനിന്നും തലക്കി ജംഗ്ഷൻ വരെ 300 മീറ്റർ സിംഗിൾ ഫേസ് ലൈൻ, ത്രീ ഫേസാക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ ഈ പ്രദേശത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. കജെപ്പദവ് പ്രദേശത്ത് സ്ഥാപിച്ചിരുന്ന 100 കെ.വി.എ. ട്രാൻസ്ഫോർമർ 160 കെ.വി.എ. ആയി ഉയർത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

## വോൾട്ടേജ് ക്ഷാമം

264 (2462) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി പഞ്ചായത്തുകളിലും വലിയപറമ്പ് പഞ്ചായത്തിലും വ്യാപകമായ തോതിൽ വോൾട്ടേജ് ക്ഷാമം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ജനങ്ങൾ പരാതി നൽകിയിട്ടും സമയബന്ധിതമായി പരിഹരിക്കാൻ കഴിയാതെ വരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി എന്നീ ഗ്രമാപഞ്ചായത്തുകളിലെ ചില പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിച്ചുവരികയാണ്. കയ്യൂർ ചീമേനി പഞ്ചായത്തുകളിലെ പിലാന്തോളി, മുണ്ട എന്നിവിടങ്ങളിലും വലിയപറമ്പ് പഞ്ചായത്തിലെ വെളുത്തപൊച്ചയിലും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ചീമേനിയിൽ നിന്നും വെളിച്ചം തോടിലേയ്ക്ക് 11 കെ.വി. ഫീഡർ റീ അറേഞ്ച് ചെയ്യുന്നതിനും കുന്നുംകൈ, ഒറ്റവയൽ, കാക്കടവ്, ചീരിക്കുന്ന്, മുള്ളിക്കാട്, മുക്കട, പെരുമ്പട്ട, എച്ച്.എസ്.എസ്. മൗവേനി ചിറ്റാരിക്കൽ, മങ്ങോട്, മയ്യിൽ വള്ളി, മൗക്കോട് എന്നിവിടങ്ങളിൽ ലൈൻ കൺവേർഷൻ വർക്ക് ചെയ്യുന്നതിനും ഭരണാനുമതിയായിട്ടുണ്ട്. വെസ്റ്റ് എളേരി പഞ്ചായത്തിൽ ഓട്ടപ്പടവിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് രണ്ട് കി.മീ. 11 കെ.വി.ലൈൻ വലിച്ച് 100 കെ.വി.എ. കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കാറ്റം കവലമാലോം, മെയ്യാല, അരിയിരുത്തി എന്നീ സ്ഥലങ്ങളിൽ അടുത്തകാലത്തായി റിപ്പോർട്ട് ചെയ്യപ്പെട്ട വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുളത്തൂരിലെ ഊട്ടുപോക്കിരിയിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

265 (2463) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ ഊട്ടുപോക്കിരിയിൽ 33 KV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് തിരുവനന്തപുരം ട്രാൻസ്മിഷൻ ഡിവിഷനിൽ നൽകിയ പ്രൊപ്പോസൽ അനുസരിച്ച് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചാൽ നിലവിൽ ഉണ്ടായിട്ടുള്ള വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം ഉണ്ടാകുമോ; ഇതിന്റെ പ്രയോജനം ഏതെല്ലാം പഞ്ചായത്തുകൾക്കാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണത്തിന് വരുന്ന പദ്ധതി ചെലവ് എത്രയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ ഊരൂട്ടു പോക്കിരിയിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

**സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം**

266(2464) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാദേശിക കാർഷിക വായ്പ സംഘങ്ങളിലും അർബൻ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. ഏകദേശം 35% പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS) 45 അർബൻ സഹകരണ ബാങ്കുകളിലും കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ**

267 (2465) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത, വാണിജ്യ ബാങ്കുകളുടെ സർവ്വീസ് ചാർജ്ജുകൾ വാങ്ങിയുള്ള ചൂഷണത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ സഹകരണ ബാങ്കുകളിൽ, ഇത്തരം ബാങ്കുകളോട് മത്സരിക്കാൻ കഴിയുന്ന വിധത്തിൽ ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും പൊതുമേഖലാ ബാങ്കുകളിൽ ലഭ്യമാകുന്ന ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ RTGS, NEFT എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുമായി ചേർന്ന് ആധുനിക ബാങ്കിംഗ് സംവിധാനങ്ങളായ RTGS, NEFT എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ദേവികുളം നിയോജകമണ്ഡലത്തിൽ നീതി മെഡിക്കൽ സ്റ്റോർ**

268 (2466) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ദേവികുളം നിയോജകമണ്ഡലത്തിൽ അടിമാലി സർവ്വീസ് സഹകരണ ബാങ്ക് നിലവിൽ നീതി മെഡിക്കൽ സ്റ്റോർ നടത്തിവരുന്നുണ്ട്. പ്രസ്തുത നിയോജക മണ്ഡലത്തിലെ മറ്റേതെങ്കിലും സഹകരണ സംഘങ്ങൾ ഈ ആവശ്യത്തിനായി അപേക്ഷ സമർപ്പിക്കുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

**സൂപ്പർ മാർക്കറ്റുകളായി ഉയർത്തിയ നീതി സ്റ്റോറുകൾ**

269 (2467) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നീതി മെഡിക്കൽ സ്റ്റോറുകളും നീതി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ബി) ഏതെങ്കിലും നീതിസ്റ്റോറുകളെ നീതി സൂപ്പർ മാർക്കറ്റുകളായി ഉയർത്തിയിട്ടുണ്ടോ;എങ്കിൽ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 156 നീതി മെഡിക്കൽ സ്റ്റോറുകളും 143 നീതി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ 3522-ാം നമ്പർ പൊന്നേഴ സർവ്വീസ് സഹകരണ ബാങ്കിന്റെ നീതിസ്റ്റോർ നീതി സൂപ്പർ മാർക്കറ്റായി ഉയർത്തിയിട്ടുണ്ട്.

**കേരള ബാങ്ക് രൂപീകരണം**

270 (2468) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുമ്പോൾ, പ്രാഥമിക സഹകരണ ബാങ്കുകളെ അതിൽ ലയിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരള ബാങ്ക് രൂപീകരണം റിസർവ് ബാങ്ക് അംഗീകാരമുള്ള ജില്ലാ സഹകരണ ബാങ്കുകളെ പ്രതിസന്ധിയിലാക്കുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ലയനം മുഖേന നിലവിൽവരുന്ന നിർദിഷ്ട കേരള സഹകരണ ബാങ്കിന് സഹകരണ മേഖലയിലും ബാങ്കിംഗ് മേഖലയിലും നിലവിലുള്ള പല പരിമിതികളും മറികടക്കാൻ കഴിയുമെന്നതിനാൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കേരള ബാങ്കിന് ഉപാധികളോടെ പ്രവർത്തനാനുമതി നൽകാൻ റിസർവ് ബാങ്ക് തീരുമാനം**

271 (2469) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളബാങ്കിന് ഉപാധികളോടെ പ്രവർത്തന അനുമതി നൽകാൻ റിസർവ് ബാങ്ക് തീരുമാനമുണ്ടോ; എങ്കിൽ ഉപാധികൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും യഥാക്രമം ഏത്ര ശാഖകൾ വീതം ലയിപ്പിച്ചാണ് കേരള ബാങ്ക് ആരംഭിക്കുക; വിശദാംശം ലഭ്യമാക്കുമോ;

(സി) ലയിപ്പിക്കുന്ന സഹകരണ ബാങ്കുകൾ ഇപ്പോൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ എത്ര രൂപയുടെ നഷ്ടം എന്നും പ്രസ്തുത നഷ്ടം സർക്കാർ വഹിക്കുമോയെന്നും അറിയിക്കുമോ;

(ഡി) ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിക്കണമെങ്കിൽ ഇതിലെ അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭാഗം പേരുടെ രേഖാമൂലമുള്ള അനുമതി ആവശ്യമാണോ; എങ്കിൽ അതു ലഭിക്കുമെന്ന് ഉറപ്പുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് തത്വത്തിലുള്ള അനുമതിക്കായി റിസർവ് ബാങ്കിനും നബാർഡിനും അപേക്ഷ നൽകിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് പാലിക്കേണ്ട നടപടികൾ റിസർവ് ബാങ്ക് അറിയിച്ചിട്ടുണ്ട്. ഇതിനായി നബാർഡിന്റെ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 14 ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ലയിപ്പിച്ചാണ് കേരള സഹകരണ ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) 31-3-2017-ലെ കണക്കനുസരിച്ച് ലയിപ്പിക്കുന്ന സഹകരണ ബാങ്കുകളിൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കും സംസ്ഥാന സഹകരണ ബാങ്കും അറ്റനഷ്ടത്തിലാണ്. എന്നാൽ സംസ്ഥാന സഹകരണ ബാങ്ക് കഴിഞ്ഞ മൂന്ന് വർഷമായി ലാഭത്തിലാണ്. സംസ്ഥാന സഹകരണ ബാങ്ക് തൻവർഷം 89.46 കോടി രൂപ പ്രവർത്തനലാഭം ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് പുതിയ കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ, ഈ വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ള നിയമപ്രശ്നങ്ങൾ പ്രത്യേകം പരിശോധിക്കുന്നതാണ്. ഇതിനായി ഒരു ലീഗൽ സെൽ രൂപീകരിച്ചിട്ടുണ്ട്.

## നഷ്ടത്തിലായ ജില്ലാ സഹകരണ ബാങ്കുകൾ

272 (2470) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിലായ ജില്ലാ സഹകരണ ബാങ്കുകൾ എത്രയാണ്; ഈ ബാങ്കുകളുടെ നിലവിലുള്ള നിഷ്ക്രിയ ആസ്തി എത്രയാണ്;

(ബി) പ്രസ്തുത ബാങ്കുകളെ ലാഭത്തിലാക്കാൻ എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നഷ്ടത്തിലായത് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് മാത്രമാണ്. 31-12-2017-ലെ ബാങ്ക് കണക്ക് പ്രകാരം ഈ ബാങ്കിന്റെ നിലവിലുള്ള നിഷ്ക്രിയ ആസ്തി 1204.79 കോടി രൂപയാണ്.

(ബി) ബാങ്കിന്റെ നിഷ്ക്രിയാസ്തി കുറയ്ക്കാനായി ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും കർമ്മ പദ്ധതികൾ തയ്യാറാക്കി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. 31-3-2018-ന് ബാങ്കിന്റെ നിഷ്ക്രിയാസ്തി 10%-ന് താഴെയാക്കി നിഷ്ക്രിയാസ്തിയുടെ കുരുതൽ കുറച്ച് ലാഭം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ വായ്പകൾ നൽകി CD റേഷ്യോ വർദ്ധിപ്പിച്ച് പലിശ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇൻവെസ്റ്റ്മെന്റ് ലാഭകരമായി കൈകാര്യം ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് ബാങ്ക് പദ്ധതി തയ്യാറാക്കി പ്രവർത്തിച്ചുവരുന്നത്.

## സഹകരണ വകുപ്പ് ഇൻസ്പെക്ടർമാർ

273 (2471) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർ, സീനിയർ ഇൻസ്പെക്ടർ, സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ, ഓഡിറ്റർ എന്നീ തസ്തികകളിൽ റെഗുലർ വിഭാഗത്തിലും കെ.എസ്.ആർ. വിഭാഗത്തിലും ജോലി ചെയ്യുന്നവർ നിലവിൽ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സഹകരണ വകുപ്പിൽ തസ്തികമാറ്റം വഴിയുള്ള ജൂനിയർ ഇൻസ്പെക്ടർ നിയമനത്തിന് 2018 ജനുവരി വരെ എത്ര യുഡി ക്ലർക്ക്/യുഡി ടൈപ്പിസ്റ്റ്മാർ യോഗ്യത നേടുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 2420 പേർ ജോലി ചെയ്തുവരുന്നു. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2 യു.ഡി. ക്ലാർക്ക്/ യു.ഡി. ടൈപ്പിസ്റ്റുമാർ യോഗ്യത നേടിയിട്ടുണ്ട്.

## സഹകരണ സ്ഥാപനങ്ങളിലെ പി.എസ്.സി.നിയമനം

274 (2472) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെകീഴിലുള്ള വിവിധ ബോർഡുകളിലേയും സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാന സഹകരണ അപ്പെക്സ് സ്ഥാപനങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങൾ സ്പെഷ്യൽ റൂൾസ് തയ്യാറാക്കി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ കീഴിലെ ചില അപ്പെക്സ് സൊസൈറ്റികളിലെ നിയമനങ്ങൾ പി.എസ്.സി.വഴിയാണ് നടത്തുന്നത്.

സഹകരണ വകുപ്പിന്റെ കീഴിലെ മറ്റ് സ്ഥാപനങ്ങളുടെ നിയമനങ്ങൾ സുതാര്യമായി നടത്താൻ ഒരു പരീക്ഷാ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. എങ്കിലും സഹകരണ വകുപ്പിലെ ബോർഡുകളിലെയും മറ്റ് സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തെ സഹകരണ അപ്പെക്സ് സ്ഥാപനങ്ങളിൽ സഹകരണ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, റബ്ബർമാർക്ക്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുതലായ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനം സ്പെഷ്യൽ റൂൾസ് പി.എസ്.സി. അംഗീകരിച്ചിട്ടുള്ളതും ആയത് പ്രകാരം ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തുവരുന്നതുമാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ ഒഴിവുകൾ

275 (2473) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശം നൽകുമോ;

(ബി) ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) റിട്ടയർമെന്റ് ഒഴിവുകളിൽ അർഹതപ്പെട്ട ജീവനക്കാർക്ക് പ്രൊമോഷൻ നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ താഴെ പറയുന്നു:

ശാഖാ മാനേജർ-3

ക്ലാർക്ക്/കാഷ്യർ-6

(ബി) മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ റിട്ടയർമെന്റ് ഒഴിവുകളിലെ ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ട തസ്തികകളിലേക്ക് യഥാസമയം അർഹതപ്പെട്ട ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകിവരുന്നുണ്ട്.

## സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ

276 (2474) ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പ്രസ്ഥാനത്തെ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി പ്രയോജനപ്പെടുത്താൻ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ അറിയിക്കാമോ;

(ബി) കാർഷിക വായ്പയെക്കാൾ പ്രധാനമാണ് ഉപഭോക്തൃ വായ്പയെന്ന നിലവിലെ സ്ഥിതി മാറ്റിക്കൊണ്ട് കാർഷിക മേഖലയിലെ വികസനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; കാർഷിക വായ്പയുടെ അനുപാതം വർദ്ധിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ:

(സി) സഹകരണ പ്രസ്ഥാനത്തെ കുടുംബശ്രീയുമായി സഹകരിപ്പിച്ച്, ഗ്രാമപ്രദേശങ്ങളിലെ സാധാരണക്കാരെ അമിത പലിശക്കാരിൽനിന്ന് രക്ഷിക്കാനും വാണിജ്യ ബാങ്കുകളിൽനിന്നും അവർക്ക് ലഭിക്കാത്ത സേവനങ്ങൾ ലഭ്യമാക്കാനും സാധിക്കുമോ ;

(ഡി) ഇതിനായി വിപുലീകരണ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയുണ്ടോ?

<u>ഉത്തരം</u>

(എ) 1. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ബ്രാഞ്ചുകളുള്ള ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് സംസ്ഥാനത്തിന്റെ വികസനത്തിന് ഉതകുംവിധം ജനങ്ങൾക്ക് ഏറെ ഗുണകരമാകും വിധമുള്ള കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ഒരു ടാസ്ക് ഫോഴ്സിനെ നിയമിച്ചിട്ടുള്ളതും ടാസ്ക് ഫോഴ്സ് അതിന്റെ പ്രവർത്തനം ദ്രുതഗതിയിൽ നിർവ്വഹിച്ചുവരുന്നതുമാണ്.

2. സാമൂഹ്യ സുരക്ഷ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി ഏറ്റെടുത്ത് വിജയകരമായി നടപ്പിലാക്കിവരുന്നു.

3. സംസ്ഥാനത്തെ അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതു വിപണിയിലെ വിൽപ്പനവില പിടിച്ചുനിർത്തുന്നതിനും കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിനും ഇതുവഴി 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുവിപണിയിൽ വിൽപ്പന നടത്തുവാനും സാധിച്ചു. കൂടാതെ സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ് മുൻകയ്യെടുത്ത് 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിനും നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് ആനുകൂല്യങ്ങളോടെ വായ്പാ കുടിശ്ശിക കണക്ക് അവസാനിപ്പിക്കുന്നതിന് അംഗങ്ങളായ ജനങ്ങൾക്ക് അവസരം നൽകുന്നതിനുള്ള പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി.

5. ഓഹരി മൂലധനം, വായ്പാ, സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെയും/കൺസ്യൂമർഫെഡിനെയും നീതി സ്റ്റോറുകൾ/ നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെയും ശക്തിപ്പെടുത്തിക്കൊണ്ട് ആയതിന്റെ പ്രവർത്തനം സമൂഹത്തിന് ഗുണകരമാകുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

6. കേരള എസ്.സി./എസ്.ടി. ഫെഡറേഷന്റെകീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിന് പേറ്റന്റുകൾ ലഭിച്ച ആയുർവേദ മരുന്നുകളുടെ ഉത്പാദനം വിപുലപ്പെടുത്തി ജനങ്ങൾക്ക് പ്രയോജനകരമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

7. കേരള സർക്കാർ നടപ്പിലാക്കുന്ന 'ഹരിത കേരളം' പദ്ധതിക്ക് പിന്തുണ നൽകി ഹരിതം സഹകരണം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുകയും അതിന്റെ ഭാഗമായി ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചാം തീയതി മുതൽ ഇരുപതാം തീയതി വരെയുള്ള കാലയളവിൽ കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളും/സ്ഥാപനങ്ങളും മുഖേന അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നടുന്നതിനായുള്ള പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.

8. സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃക സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

9. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കുവേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതി ധനസഹായം നൽകിക്കൊണ്ട് ആശുപത്രി സഹകരണ സംഘങ്ങളുടെ പശ്ചാത്തല വികസനത്തിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

10. കേപ്പിന്റെകീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായുള്ള ധനസഹായം നൽകി ആയതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

11. കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

12. സംയോജിത സഹകരണ വികസനം (ഐ.സി.ഡി.പി.) ലക്ഷ്യമാക്കിയുള്ള എൻ.സി.ഡി.സി. ധനസഹായം ലഭ്യമാക്കി തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ രണ്ടാംഘട്ട പ്രവർത്തനം നടത്തിവരുന്നു.

13. കാർഷിക വിപണന മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അതിനെ ശക്തിപ്പെടുത്തി സമൂഹത്തിന് ഗുണകരമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

14. കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രാഥമിക കാർഷിക വായ്പ സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

15. പരിസ്ഥിതി സംരക്ഷിക്കാൻ മരം മുറിക്കാതിരിക്കാൻ മരം പണയ വസ്തുവായി സ്വീകരിച്ച് ഒരംഗത്തിന് പരമാവധി രണ്ട് ലക്ഷം രൂപ രണ്ട് വർഷ കാലാവധിക്ക് വായ്പ നൽകുന്നതിനും കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് രണ്ട് ശതമാനം പലിശയിളവ് അനുവദിക്കു ന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

16. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.ടി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻവേണ്ടിയുള്ള സഹായം അനുവദിച്ച് അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

17. റെയ്ഡ്കോ മുഖേന ഏറെ ഗുണകരമാകും വിധം മിനി അഗ്രോ ബസാറുകൾ, അഗ്രി ബസാറുകൾ, അഗ്രി ക്ലിനിക്കുകൾ, അഗ്രി ബിസിനസ് സെന്ററുകൾ എന്നിവ തുടങ്ങുന്നതിനായി റെയ്ഡ്കോ യ്ക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

18. കക്കാ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ ത്തിനായി ധനസഹായം നൽകിയിട്ടുണ്ട്.

19. സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരി ക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അഭ്യർത്ഥനയനുസരിച്ച്

വിവിധ ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന് നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

20. അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് അനെർട്ടുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിൽ ഗുണഭോക്താവിന്റെ വിഹിതം വായ്പയായി നൽകുന്നതിന് പ്രാഥമിക ബാങ്കുകളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

21. കുറഞ്ഞ വിലയ്ക്ക് മലബാർ സിമന്റ് പൊതുവിപണിയിൽ ലഭ്യമാക്കുന്നതിനും അതുവഴി പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റിന്റെ വിപണനം വിപുലമാക്കുന്നതിനും ടി സ്ഥാപനത്തിന്റെ അഭ്യർത്ഥന പ്രകാരം സഹകരണ സംഘങ്ങളെ മലബാർ സിമന്റ്സിന്റെ ഡീലർമാരായും സ്റ്റോക്കിസ്റ്റുകളായും ഏർപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

22. സഹകരണ സംഘങ്ങൾ മുഖേന പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിന് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സഹകരണ വകുപ്പിന്റെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കേണ്ടതായിട്ടുള്ളത്. ഇതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

23. സഹകരണ സംഘങ്ങൾ മുഖേന സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റും, കമ്മ്യൂണിറ്റി കിച്ചൻ എന്നിവ നിർമ്മിച്ചുകൊടുക്കുന്ന പദ്ധതികളും പ്രാരംഭ ഘട്ടത്തിലാണ്.

(ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ നാൽപ്പത് ശതമാനമെങ്കിലും കാർഷികവായ്പയായി നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക വായ്പ ഉയർത്തുക എന്ന ലക്ഷ്യത്തോടെ സ്വന്തം ഫണ്ട് ഉപയോഗിച്ച് മുൻവർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകുന്നതിനും കൂടാതെ കഴിഞ്ഞ വർഷം നൽകിയ മൊത്തം കാർഷിക വായ്പയേക്കാൾ ഇരുപത് ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷക സഹകരണ സംഘത്തിനും ഇരുപത്തിയയ്യായിരം രൂപ നിരക്കിൽ പ്രോത്സാഹനം നൽകുന്നതിനും ഉൾപ്പെടെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതുമാണ്.

(സി&ഡി) സാധാരണക്കാരായ ജനങ്ങളെ അമിത പലിശക്കാരിൽനിന്ന് രക്ഷിക്കുന്നതിന് സഹകരണ പ്രസ്ഥാനത്തെ കുടുംബശ്രീയുമായി സഹകരിപ്പിച്ച് ഡിസ്ട്രിബ്യൂഷൻ കളക്ഷൻ നെറ്റ്‌വർക്ക് രൂപീകരിക്കുന്നതിന് ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഒരു ജില്ല തെരഞ്ഞെടുത്ത് ബ്ലേഡ് സംഘങ്ങളുടെ അമിത പലിശമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ ഡേറ്റാബേസ് കുടുംബശ്രീ തയ്യാറാക്കുവാനും ആവശ്യക്കാർക്ക് കുടുംബശ്രീ മുഖാന്തരം സഹകരണ സംഘങ്ങൾ/ ബാങ്കുകൾ ലോൺ അനുവദിക്കുന്നതിനും ടി പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുവാനും ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിലേക്കായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**എഫ്.ആർ.ഡി.ഐ. ബിൽ**

277 (2475) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രം കൊണ്ടുവരുന്ന എഫ്.ആർ.ഡി.ഐ. (ഫിനാൻഷ്യൽ റെസല്യൂഷൻ ആൻഡ് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ബിൽ 2017) ബിൽ പാസ്സായാൽ സംസ്ഥാനത്തെ സഹകരണ ബാങ്കുളെയും നിക്ഷേപകരെയും എങ്ങനെയെല്ലാമാണ് ബാധിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കേന്ദ്ര സർക്കാർ പാർലമെന്റിൽ 2017 ആഗസ്റ്റ് മാസത്തിൽ അവതരിപ്പിച്ച ഫിനാൻഷ്യൽ റെഗുലേഷൻ ആന്റ് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ബിൽ പാസ്സായാൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെയും അതിലെ നിക്ഷേപകരെയും ചുവടെ പറയുംപ്രകാരം ബാധിക്കുമെന്ന് കരുതുന്നു:

1. റിസർവ് ബാങ്കിന്റെ ലൈസൻസില്ലാത്ത പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപകരെ ഈ ബില്ലിലെ വ്യവസ്ഥകൾ ഒരു തരത്തിലും ദോഷകരമായോ ഗുണപരമായോ ബാധിക്കുന്നില്ല.

2. ഈ ബില്ലിലെ bail-in-clause പ്രകാരം ബാങ്കിംഗ് സ്ഥാപനം സാമ്പത്തിക പ്രതിസന്ധിയിലായാൽ നിക്ഷേപകരുടെ നിക്ഷേപത്തുക ആ ബാങ്കിലെ ഓഹരിയായി മാറ്റാനോ നിക്ഷേപം റദ്ദ് ചെയ്യാനോ വ്യവസ്ഥയുണ്ട്.

പൊതുജനങ്ങളുടെ നിക്ഷേപം ബാങ്കുകളുടെ ബാധ്യതയാണ്. ഇപ്രകാരമുള്ള bail-in-clause ഉപയോഗിക്കുന്നതിന് നിക്ഷേപകരുടെ സമ്മതം തുക നിക്ഷേപിക്കുമ്പോൾ നൽകിയിട്ടുണ്ടെങ്കിൽ ആയത് പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

3. ഈ ബില്ലിലെ വ്യവസ്ഥ പ്രകാരം ബാങ്കുകൾ പ്രതിസന്ധിയിലായാൽ ഇക്കാര്യം കൈകാര്യം ചെയ്യുന്നതിനുവേണ്ടി പുതുതായി രൂപീകരിക്കുന്ന റെസല്യൂഷൻ കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് പ്രതിസന്ധിയിലായ ബാങ്കിന്റെ നിക്ഷേപ ബാധ്യത റദ്ദാക്കാനോ ഭേദഗതി ചെയ്യാനോ പരിഷ്കരിക്കാനോ അധികാരം ഉണ്ടായിരിക്കും. (നിക്ഷേപം ഓഹരിയാക്കി മാറ്റാം.)

4. ഈ ബിൽ പാസ്സായാൽ മുൻപ് നിലവിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി ആക്ട് ഇല്ലാതാകുകയും ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഇല്ലാതാക്കുകയും ചെയ്യും.

5. ബില്ലിലെ അദ്ധ്യായം XVII -ൽ അർഹതയുള്ള സഹകരണ ബാങ്കുകൾക്ക് വേണ്ടിയുള്ള പ്രത്യേക വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. ഈ ബില്ലിലെ വകുപ്പ് 2 (7)-ലെ നിർവ്വചന പ്രകാരം സഹകരണ ബാങ്കുകൾ എന്നാൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വകുപ്പ് 56 (CCV) യിൽ നിർവ്വചിച്ചിട്ടുള്ള പ്രൈമറി സഹകരണ ബാങ്ക് എന്നിവയാണ്.

6. ബില്ലിലെ വകുപ്പ് 22 പ്രകാരം ബാങ്കുകൾ (സർവ്വീസ് പ്രൊവൈഡർ) റെസല്യൂഷൻ കോർപ്പറേഷൻ നിശ്ചയിക്കുന്ന പ്രീമിയം അടയ്ക്കണം. എന്നാൽ ബാങ്കുകൾ പ്രതിസന്ധിയിലായാൽ എത്ര തുക വരെ നിക്ഷേപ പരിരക്ഷ ലഭിക്കുമെന്ന് വ്യക്തതയില്ല. നിലവിൽ ലഭിക്കുന്ന ഒരു ലക്ഷം രൂപയിൽ അധികരിച്ചോ ഒരു ലക്ഷം രൂപയിൽ കുറവോ പരിരക്ഷ ലഭിക്കാം. ബാങ്കുകൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടാൽ ആസ്തിയേക്കാൾ ബാധ്യത കൂടിയാൽ ബാധ്യത റദ്ദ് ചെയ്യാനോ (നിക്ഷേപ ബാധ്യതയാണ്) നിക്ഷേപം ഓഹരിയാക്കി മാറ്റാനോ കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.

7. ഈ ബില്ലിലെ വകുപ്പ് 121-ൽ ഇൻഷ്വേർഡ് സഹകരണ ബാങ്കുകളെ ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. നിലവിലുള്ള നിയമവ്യവസ്ഥ പ്രകാരം റിസർവ് ബാങ്കിന്റെ ലൈസൻസുള്ള സഹകരണ ബാങ്കുകളെ ലിക്വിഡേറ്റ് ചെയ്യേണ്ടത് അതത് സംസ്ഥാനങ്ങളിലെ സഹകരണ നിയമത്തിലെ വ്യവസ്ഥ പ്രകാരമാണ്. എന്നാൽ ഈ ബില്ലിലെ വ്യവസ്ഥ പ്രകാരം അർഹതയുള്ള സഹകരണ ബാങ്കുകളെ (എലിജിബിൾ കോ-ഓപ്പറേറ്റീവ് ബാങ്ക് ) ബില്ലിൽ വ്യവസ്ഥ പ്രകാരം ലിക്വിഡേറ്റ് ചെയ്യാം.

8. ബില്ലിലെ വ്യവസ്ഥ പ്രകാരം "ക്രിട്ടിക്കൽ" എന്ന സാമ്പത്തിക അവസ്ഥ നേരിടുന്ന ധനകാര്യ സ്ഥാപനങ്ങളുടെ ഭരണം റെസല്യൂഷൻ കോർപ്പറേഷന് നേരിട്ട് ഏറ്റെടുത്ത് നടത്താനും ഭരണസമിതിയെ പിരിച്ചുവിടാനും അധികാരമുണ്ട്.

9. റെസല്യൂഷൻ കോർപ്പറേഷൻ സാമ്പത്തിക സ്ഥാപനങ്ങളെ സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ ലോ, മോഡറേറ്റ്, മെറ്റീരിയൽ, ക്രിട്ടിക്കൽ എന്നിങ്ങനെ തരംതിരിക്കാം. മെറ്റീരിയൽ, ക്രിട്ടിക്കൽ കാറ്റഗറിയിൽ തരംതിരിക്കപ്പെടുന്ന സ്ഥാപനങ്ങൾ 90 ദിവസത്തിനകം അവയുടെ നിയന്ത്രണാധികാരികളായ റിസർവ് ബാങ്ക്, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് റെസ്റ്റോറേഷൻ പ്ലാനും റെസല്യൂഷൻ കോർപ്പറേഷന് റെസല്യൂഷൻ പ്ലാനും നൽകിയിരിക്കണം.

10. പുതിയ ബില്ലിലെ വ്യവസ്ഥ പ്രകാരം ബാങ്കുകൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടാൽ ആസ്തികൾ വിൽപ്പന നടത്തി ലഭിക്കുന്ന തുകയിൽനിന്നും ആദ്യം തന്നെ നിക്ഷേപ തുക നൽകാൻ വ്യവസ്ഥയുണ്ട്.

**കാർഷിക വായ്പ**

278 (2476) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പയെടുക്കുന്നവർക്ക് പലിശയിളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) കാർഷിക വായ്പയുടെ പലിശ നിരക്ക് എത്രയാണെന്നും യഥാസമയം വായ്പ തിരിച്ചടയ്ക്കുന്നവർക്ക് എത്ര ശതമാനം പലിശയിളവാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ;

(സി) യഥാസമയം കാർഷികവായ്പ തിരിച്ചടയ്ക്കുന്നവരിൽനിന്നും പലിശയിളവ് കഴിച്ചുള്ള തുകയാണോ ഈടാക്കുന്നതെന്നും അല്ലെങ്കിൽ എപ്രകാരമാണ് പലിശയിളവ് നൽകുന്നതെന്നും വിശദമാക്കാമോ;

(ഡി) കാർഷിക വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപ ഇതുവരെ അനുവദിക്കുകയുണ്ടായി; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഹ്രസ്വകാല വിളവായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിനായി 2013 മുതൽ ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കിവരുന്നു. 2010-11 സാമ്പത്തിക വർഷം മുതൽ നെൽ കർഷകർക്ക് ഇപ്രകാരം പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു. കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഏഴ് ശതമാനം പലിശനിരക്കിലാണ് ഹ്രസ്വകാല വായ്പകൾ (കാർഷിക വായ്പകൾ) നൽകുന്നത്. കൃത്യമായി തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് കേന്ദ്രസർക്കാരിന്റെ മൂന്ന് ശതമാനം പലിശ സബ്സിഡിയോടൊപ്പം നാല് ശതമാനം സംസ്ഥാന സർക്കാരും പലിശ സബ്സിഡി നൽകിവരുന്നു. പലിശ ഇളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

i. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ/കിസാൻ ക്രെഡിറ്റ്/കാർഷിക ആവശ്യത്തിനുള്ള ക്യാഷ് ക്രെഡിറ്റ് എന്നിവയായിരിക്കണം.

ii. സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷകരായിരിക്കണം.

iii. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായിരിക്കണം വായ്പ തുക.

iv. മുതൽ തുക കുടിശ്ശികയില്ലാതെ കാലാവധിക്കുള്ളിൽ (തവണ തീയതിയിലോ അതിനുമുമ്പോ) തിരിച്ചടച്ചിരിക്കണം.

v. ഒരു കർഷകന് മൂന്നുലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് മാത്രമെ ഈ പദ്ധതി പ്രകാരം പലിശ ഇളവിന് അർഹതയുള്ളു. ടി പരിധിയിൽ അധികരിച്ചുവരുന്ന വായ്പകൾക്ക് പലിശ ഇളവ് ലഭിക്കുന്നതല്ല.

(ബി) കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം കാർഷിക വായ്പകൾ (ഹ്രസ്വകാല വിളവായ്പകൾ) ഏഴ് ശതമാനം പലിശ നിരക്കിലാണ് നൽകുന്നത്. മാനദണ്ഡങ്ങൾ പാലിച്ച് വായ്പാ കാലാവധിക്കുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശരഹിതമായാണ് വായ്പ നൽകിവരുന്നത്.

(സി) കൃത്യമായി തിരിച്ചടയ്ക്കുന്നവരിൽനിന്നും പലിശ ഇളവ് കഴിഞ്ഞ തുക (മുതൽ തുക) മാത്രമാണ് ഈടാക്കുന്നത്. കാലാവധിക്കുള്ളിൽ കുടിശ്ശികയില്ലാതെ തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് നബാർഡിൽനിന്നുള്ള മൂന്ന് ശതമാനം പലിശ

സബ്സിക്കായുള്ള ക്ലെയിം സ്റ്റേറ്റ്മെന്റ് ജില്ലാ സഹകരണ ബാങ്കിനും ബാക്കി നാല് ശതമാനത്തിനുള്ള ക്ലെയിം സ്റ്റേറ്റ്മെന്റ് ജോയിന്റ് രജിസ്ട്രാർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്കും ബന്ധപ്പെട്ട സംഘം/ബാങ്ക് സമർപ്പിക്കേണ്ടതാണ്.

(ഡി) ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18 -ലെ ബഡ്ജറ്റ് വിഹിതമായ 1 കോടി രൂപ ഉൾപ്പെടെ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള ഇളവിനായി സംസ്ഥാനത്തെ 14 ജില്ലകളിലെയും സംഘങ്ങളിൽ നിന്ന് കോർട്ടർ തിരിച്ച് ലഭിച്ചു വരുന്ന ക്ലെയിം സ്റ്റേറ്റ്മെന്റ് അതത് ജോയിന്റ് രജിസ്ട്രാർ ജനറൽ പരിശോധിച്ച് ശിപാർശ ചെയ്ത് സഹകരണ സംഘം രജിസ്ട്രാർക്ക് അയച്ചുതരുന്നതിൽ നിന്നും മുൻഗണനാക്രമമനുസരിച്ച് ലഭ്യമായ തുക വിഭജിച്ച് അതാത് സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലേയ്ക്ക് ജോയിന്റ് രജിസ്ട്രാർവഴി നൽകുന്നു. കൂടാതെ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പലിശരഹിത നെൽകൃഷി വായ്പകൾക്ക് പലിശ സബ്സിഡിയായി 2,07,62,936 രൂപ അനുവദിച്ചിട്ടുണ്ട്.

**ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം**

279 (2477) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം (ആർ 332) ഭരണസമിതിയുടെ ഘടന പുനഃക്രമീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംഘം അംഗങ്ങളിൽ നിന്നും തെരെഞ്ഞെടുക്കപ്പെടേണ്ടവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി, പരമാവധി അംഗങ്ങളുടെ എണ്ണം 16-ൽനിന്നും ഉയർത്തുന്നതിന് പ്രത്യേക അനുമതി നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച നിർദ്ദേശം പരിശോധിച്ചുവരികയാണ്.

## മാവേലിക്കര താലൂക്കിലെ പട്ടികജാതി സഹകരണ സംഘങ്ങൾ

280 (2478) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണ സംഘങ്ങൾ എത്രയെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) പ്രവർത്തനക്ഷമമല്ലാത്ത സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര താലൂക്കിൽ ഏഴ് പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

1. താമരക്കുളം പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം. എ. 266

2. പാലമേൽ വില്ലേജ് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 649

3. നൂറനാട് വില്ലേജ് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ.733

4. ഭരണിക്കാവ് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 728

5. വള്ളിക്കുന്നം പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എച്ച്. ഡബ്യു.1

6. മാവേലിക്കര പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 658

7. കണ്ണമംഗലം പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 740

(ബി) പ്രവർത്തനക്ഷമമല്ലായെന്ന് പൂർണ്ണമായും ബോധ്യപ്പെട്ട കണ്ണാട്ടുമോടി പട്ടികജാതി സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ എച്ച്.ഡബ്ല്യു. 10, ചെന്നിത്തല പട്ടികജാതി സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ എ. 647 എന്നീ രണ്ട് സംഘങ്ങൾ സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്.

എന്നാൽ പ്രവർത്തനക്ഷമമല്ലാതിരുന്ന തെക്കേക്കര പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ.7 23-നെ പുനരുദ്ധരിക്കുന്നതിനായി അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മൊത്തമായി വിലയിരുത്തി പുനരുദ്ധരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

## പദ്ധതി നടത്തിപ്പുകൾക്ക് സഹകരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുവാൻ നടപടി

281 (2479) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ സഹകരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുകയും വിവിധ സർക്കാർ വകുപ്പുകളുമായി സഹകരണവും സംഘാടനവും നടത്തുന്നതിന് നിയമ സാധുത നൽകുന്നതിനും ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നതിൽ സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിനും പ്രത്യേക പരിഗണന നൽകുന്നതിനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

## സഹകരണ മേഖല കാര്യക്ഷമമാക്കുന്നതിന് സമഗ്രനയം

282 (2480) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖല കാര്യക്ഷമമാക്കുന്നതിന് ഒരു സമഗ്രനയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം നടത്തിയ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ വിജയപ്രദമായിരുന്നോയെന്ന് വെളിപ്പെടുത്താമോ;

(സി) ഉദ്ദേശിച്ച ലക്ഷ്യം നേടുന്നതിന് കഴിഞ്ഞില്ലായെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) നിക്ഷേപ സമാഹരണത്തിലൂടെ സഹകരണ മേഖല സമാഹരിക്കുന്ന തുക നിക്ഷേപകരുടെ പൊതുതാൽപ്പര്യം സംരക്ഷിക്കുന്നതിന് ഉപയോഗിക്കാതെ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് വിനിയോഗിക്കുക യാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 2018 ഫെബ്രുവരി 10, 11, 12 തീയതികളിൽ കണ്ണൂരിൽ വച്ച് നടക്കുന്ന 8-ാമത് സഹകരണ കോൺഗ്രസ്സിൽ സംസ്ഥാനത്തിനായി ഒരു സമഗ്ര സഹകരണ നയം രൂപീകരിക്കുന്നത് സംബന്ധിച്ച് വിലയിരുത്തുന്നതിന് ഉദ്ദേശിക്കുന്നു.

(ബി&സി) ഈ സർക്കാർ നിലവിൽവന്നശേഷം സഹകരണമേഖലാ സംരക്ഷണ ക്യാമ്പയിനിന്റെ ഭാഗമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപസമാഹരണ യജ്ഞം നടപ്പിലാക്കിയിരുന്നു. ഈ നിക്ഷേപ സമാഹരണ യജ്ഞത്തിന് ടാർജറ്റ് നിശ്ചയിച്ചിരുന്നില്ല. കേന്ദ്രസർക്കാർ, 500, 1,000 രൂപ നോട്ടുകൾ അസാധുവാക്കിയത് മുഖേന സഹകരണ മേഖല പ്രതിസന്ധി നേരിട്ട കാലയളവിൽ നടന്ന ഈ നിക്ഷേപ സമാഹരണ യജ്ഞത്തിൽ 31,937.02 കോടി രൂപ സമാഹരിച്ചിരുന്നു. എന്നാൽ സമാഹരിച്ചതിനേക്കാൾ കൂടുതൽ തുക പിൻവലിക്ക പ്പെട്ടതിനാൽ അറ്റ നിക്ഷേപത്തിൽ സംസ്ഥാനത്ത് ആകെ 6,386.18 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ആയതിനാൽ ഈ നിക്ഷേപ സമാഹരണ യജ്ഞം പരാജയപ്പെട്ടു എന്ന് വിലയിരുത്താനാവില്ല. 2018 ജനുവരി 10 മുതൽ ഫെബ്രുവരി 9 വരെ 38-ാമത് നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ പുരോഗതി 9-2-2018-ന് ശേഷം മാത്രമെ വിലയിരുത്താനാകൂ.

(ഡി) നിക്ഷേപ സമാഹരണത്തിലൂടെ സഹകരണമേഖല സ്വരൂപിക്കുന്ന തുക സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് വിനിയോഗിച്ചിട്ടില്ല.

## കൺസ്യൂമർ ഫെഡിന്റെ ബാദ്ധ്യതകൾ

283 (2481) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-2017-ലെ താൽക്കാലിക കണക്കുകൾ പ്രകാരം കൺസ്യൂമർ ഫെഡിന്റെ ബാദ്ധ്യതകൾ ഇനംതിരിച്ച് വ്യക്തമാക്കാമോ;

(ബി) 2017-ലെ വിവിധ ഉത്സവ സീസണുകളിൽ കൺസ്യൂമർ ഫെഡ് വിപണിയിൽ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(സി) കൺസ്യൂമർ ഫെഡിന്റെ വിവിധ ബിസിനസ് ഡിവിഷനുകളിലായി നിലവിൽ പ്രവർത്തിച്ചു വരുന്ന യൂണിറ്റുകൾ ആകെ എത്രയെണ്ണമുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 31-12-2017-ലെ താൽക്കാലിക കണക്കുകൾ പ്രകാരമുള്ള ബാദ്ധ്യതകൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

| ഇനം | തുക (കോടിയിൽ) |
|---|---|
| ബാങ്ക് ലോൺ കുടിശ്ശിക | 422.91 |
| സ്ഥിരനിക്ഷേപം നല്കാനുള്ളത് | 332.06 |
| നീതി വിഭാഗത്തിലെ സപ്ലൈയർമാർക്ക് നൽകാനുള്ള കുടിശ്ശിക | 4.00 |
| ത്രിവേണി വിഭാഗത്തിലെ സപ്ലൈയർമാർക്ക് നൽകാനുള്ള കുടിശ്ശിക | 2.00 |
| മെഡിക്കൽ വിഭാഗത്തിലെ സപ്ലൈയർമാർക്ക് നൽകാനുള്ള കുടിശ്ശിക | 4.00 |
| സർക്കാർ എൻ.സി.ഡി.സി. ലോൺ | 85.01 |
| പലിശ | 45.89 |
| ഓഹരി മൂലധനം ജില്ലാ മൊത്ത വ്യാപാര സ്റ്റോർ | 0.65 |
| മറ്റ് സഹകരണ സംഘങ്ങൾ | 0.0001 |
| സംസ്ഥാന സർക്കാർ | 56.05 |
| ആകെ | 952.67 |

(ബി) കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2017 ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3577 ഓണവിപണി സംഘടിപ്പിച്ചിരുന്നു. ടി വിപണിവഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി ഇനത്തിലും നോൺ സബ്സിഡിയായി 25 ഇനങ്ങളും ഓണച്ചന്തയുടെ ഭാഗമായി 30 മുതൽ 60 ശതമാനം വിലക്കുറവിൽ ലഭ്യമാക്കിയിട്ടുണ്ട്. 3577 ഓണച്ചന്തകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ 114.89 കോടി രൂപയ്ക്ക് വിൽപ്പന നടത്തിയിട്ടുണ്ട്.

കൺസ്യൂമർഫെഡ് വാങ്ങുന്ന എല്ലാ സാധനങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഈ മേഖലയിൽ വൈദഗ്ദ്ധ്യം സിദ്ധിച്ച സർക്കാർ അംഗീകൃത ഏജൻസിയായി കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ലബോറട്ടറികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തിയ സാധനങ്ങളാണ് ഓണ വിപണിയിലൂടെ വിൽപ്പന നടത്തിയിട്ടുള്ളത്.

കൺസ്യൂമർഫെഡ് 2013-നുശേഷം ആദ്യമായാണ് ക്രിസ്തുമസ് വിപണി സംഘടിപ്പിച്ചത്. ഗ്രാമപ്രദേശങ്ങളിൽ 1670 എണ്ണവും നഗര പ്രദേശങ്ങളിൽ 390 എണ്ണവും ഉൾപ്പെടെ 2060 ക്രിസ്തുമസ് പുതുവത്സര ചന്തകളാണ് ഡിസംബർ 21 മുതൽ ജനുവരി 2 വരെ നടത്തിയിട്ടുള്ളത്. ക്രിസ്തുമസ് വിപണിയിലൂടെ 13 ഇനം നിത്യോപയോഗ സാധനങ്ങൾ 54.12 കോടി രൂപയുടെ വിൽപ്പനയും 30 ഇനം സാധനങ്ങൾ 6.07 കോടി രൂപയ്ക്ക് നോൺ സബ്സിഡിയായും വിൽപ്പന നടത്തിയിട്ടുണ്ട്. മൊത്തം 60.20 കോടി രൂപയുടെ വിൽപ്പന നടത്തിയിട്ടുണ്ട്.

(സി) കൺസ്യൂമർ ഫെഡിന്റെ വിവിധ ബിസിനസ് ഡിവിഷനുകളിലായി 437 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | ത്രിവേണി സൂപ്പർമാർക്കറ്റ് | 195 |
| 2 | മൊബൈൽ ത്രിവേണി | 51 |
| 3 | ഗോഡൗൺ | 33 |
| 4 | ഇ-ത്രിവേണി | 12 |
| 5 | നീതി മെഡിക്കൽ വെയർഹൗസ് | 12 |
| 6 | നീതി മെഡിക്കൽ സ്റ്റോഴ്സ് | 92 |
| 7 | എൽ.പി.ജി. ബോട്ട്ലിംഗ് പ്ലാന്റ് | 1 |
| 8 | നോട്ട് ബുക്ക് കമ്പ്യൂട്ടർ സ്റ്റേഷനറി മാനുഫാക്ചറിംഗ് യൂണിറ്റ് | 1 |
| 9 | ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി | 1 |
| 10 | ശുശ്രൂഷ ഹൈ-ടെക് ക്ലിനിക്കൽ ലാബ് | 1 |
| 11 | ഫോറിൻ ലിക്കർ ഷോപ്പ് | 35 |
| 12 | ബിയർ ഷോപ്പ് | 3 |
| | ആകെ | 437 |

**നിയമന അംഗീകാരം**

284 (2482) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് നീതി മെഡിക്കൽ സ്റ്റോറിലെ സെയിൽസ്മാൻ ശ്രീ. അനിൽകുമാർ പി. ടി.യുടെ നിയമനത്തിന് അംഗീകാരം നൽകാൻ പ്രായപരിധിയിൽ ഇളവ് അനുവദിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിരുന്നു.

(ബി) മേൽ അപേക്ഷ സംഘം ഉചിത മാർഗ്ഗേണയല്ല സമർപ്പിച്ചിട്ടുള്ളത്. കുന്ദമംഗലം റൂറൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1246-ന്റെ സെക്രട്ടറി നേരിട്ട് സഹകരണ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷ ഉചിതമാർഗ്ഗേണ സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശ സഹിതം സമർപ്പിക്കുന്നതിന് സംഘത്തിന് മടക്കിയിട്ടുണ്ട്.

## മൂന്നാറിൽ സഹകരണ വകുപ്പ് മെഡിക്കൽ സ്റ്റോർ

285 (2483) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ സഹകരണ വകുപ്പ് മെഡിക്കൽ സ്റ്റോർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) മൂന്നാർ പ്രവർത്തന പരിധിയിൽ വരുന്ന സഹകരണ സംഘങ്ങളിൽ നിന്നും നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷകളൊന്നും നിലവിൽ പരിഗണനയിലില്ല.

## സഹകരണ വകുപ്പിന് കീഴിലെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ

286 (2484) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എവിടെയെല്ലാം സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ സർക്കാർ നിശ്ചയിച്ച ഫീസിനത്തിൽ എത്ര രൂപയാണ് പ്രതിവർഷം ഓരോ വിദ്യാർത്ഥിയിൽ നിന്നും സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ മാനേജ്മെന്റ് സീറ്റുകളിലെ പ്രവേശന മാനദണ്ഡം എന്തെല്ലാമാണെന്നും മാനേജ്മെന്റ് സീറ്റിൽ ഫീസായി എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

1. സഹകരണ വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം എന്ന സ്വാശ്രയ കോളേജിൽ മെഡിക്കൽ കോളേജ്, ഡെന്റൽ കോളേജ്, ഫാർമസി കോളേജ് എന്നീ മൂന്ന് പ്രോഫഷണൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്.

2. എം.ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി ക്ലിപ്തം നം. 4460-ന്റെ സംരംഭമായ സെൽഫ് ഫിനാൻഷ്യൽ പ്രൊഫഷണൽ കോളേജായ എം.ദാസൻ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട് ഉള്ളിയേരിയിൽ പ്രവർത്തിക്കുന്നു.

3. കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ നിയന്ത്രണത്തിൽ ഒമ്പത് എഞ്ചിനീയറിംഗ് കോളേജുകളും ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും (എം.ബി.എ.കോഴ്സ്) പ്രവർത്തിക്കുന്നുണ്ട്. ആയത് അനുബന്ധമായി +ഉള്ളടക്കം ചെയ്തിട്ടുണ്ട്.

4. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ നിയന്ത്രണത്തിൽ നെയ്യാർഡാമിന് സമീപം എം.ബി.എ. കോഴ്സിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) എന്ന പ്രൊഫഷണൽ കോളേജ് നടത്തിവരുന്നു.

(ബി) കണ്ണൂരുള്ള പരിയാരത്ത് അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് കോളേജിൽ സർക്കാർ നിശ്ചയിച്ച മെരിറ്റ് ഫീസിനത്തിൽ ഓരോ വിദ്യാർത്ഥിയിൽ നിന്നും വിവിധ കോഴ്സുകൾക്ക് പിരിച്ചെടുക്കുന്ന തുക താഴെ പറയുന്നു:

മെഡിക്കൽ പി.ജി. കോഴ്സ്

| | |
|---|---|
| എം.ഡി-എം.എസ്.(ക്ലിനിക്കൽ) | - 14,00,000 രൂപ |
| ഡിപ്ലോമ (ക്ലിനിക്കൽ) | - 10,50,000 രൂപ |
| എം.ഡി./എം.എസ്.(നോൺ ക്ലിനിക്കൽ) | - 8,50,000 രൂപ |
| സൂപ്പർ സ്പെഷ്യാലിറ്റി | - 18,50,000 രൂപ |

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| എം.ബി.ബി.എസ്. മെരിറ്റ് | - | 2,50,000 രൂപ |
| ബി.ഡി.എസ്. മെരിറ്റ് | - | 2,10,000 രൂപ |
| ബി.ഫാം മെരിറ്റ് ആന്റ് മാനേജ്മെന്റ് | - | 85,000 രൂപ |
| ഫാംഡി മെരിറ്റ് | - | 85,000 രൂപ |
| എം.ഫാം (ഫാർമസ്യൂട്ടിക്കൽസ്) | - | 1,00,000 രൂപ |
| എം.ഫാം (ഫാർമക്കോളജി) | - | 1,00,000 രൂപ |
| എം.ഫാം.(ഫാർമക്കോഗ്നസി) | - | 1,00,000 രൂപ |

എം. ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി ക്ലിപ്തം നമ്പർ-4460-ന്റെ സംരംഭമായ സെൽഫ് ഫിനാൻഷ്യൽ പ്രൊഫഷണൽ കോളേജായ എം. ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ ഗവൺമെന്റ് മെരിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽനിന്നും ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസ് ഈടാക്കുന്നു. ഒരു എഞ്ചിനീയറിംഗ് വിദ്യാർത്ഥിയിൽനിന്നും 50,000 രൂപയാണ് ഈടാക്കുന്നത്.

കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(കേപ്പ്)-ന്റെ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് മാനേജ്മെന്റ് കോളേജുകളിൽ സർക്കാർ ഫീസായി മെരിറ്റിൽ ഓരോ വിദ്യാർത്ഥിയിൽനിന്നും ഒരു വർഷം വാങ്ങുന്ന തുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ബി.ടെക്. | - | 35,000 രൂപ |
| എം.ടെക്. | - | 12,000 രൂപ |
| എം.ബി.എ. | .- | 30,000 രൂപ |
| എം.സി.എ. | - | 50,000 രൂപ |

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) എന്ന പ്രൊഫഷണൽ കോളേജ് മൊത്തം 60 സീറ്റുള്ള എം.ബി.എ. കോഴ്സിലേയ്ക്ക് ഒരു വിദ്യാർത്ഥിയിൽനിന്നും ഒരു വർഷം 90,000 രൂപയാണ് ഈടാക്കുന്നത്.

(സി) കണ്ണൂരുള്ള അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് കോളേജിൽ നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം സർക്കാർ അലോട്ട്മെന്റിലൂടെയാണ് മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നടത്തുന്നത്. മാനേജ്മെന്റ് സീറ്റിൽ വിദ്യാർത്ഥികളിൽനിന്നും സർക്കാർ നിർദ്ദേശപ്രകാരം പിരിച്ചെടുക്കുന്ന തുക താഴെ പറയുന്നു.

എം.ബി.ബി.എസ്. മാനേജ്മെന്റ് സീറ്റിൽ 10,00,000 രൂപയാണ് ഫീസ് നിശ്ചയിച്ചതെങ്കിലും 5,00,000 രൂപ മാത്രമെ എൻട്രൻസ് കമ്മീഷനിൽനിന്നും ഇതുവരെ അനുവദിച്ചിട്ടുള്ളൂ.

| | | |
|---|---|---|
| ബി.ഡി.എസ്. | - | 4,00,000 രൂപ |
| ഫാംഡി | - | 1,50,000 രൂപ |
| എം.ഫാം(ഫാർമസ്യൂട്ടിക്കൽസ്) | - | 1,10,000 രൂപ |
| എം.ഫാം(ഫാർമക്കോളജി) | - | 1,05,000 രൂപ |
| എം.ഫാം(ഫാർമക്കോഗ്നസി) | - | 1,00,000 രൂപ |

എം. ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ മാനേജ്മെന്റ് സീറ്റിലേയ്ക്ക് എൻട്രൻസ് ലിസ്റ്റിൽ (കെ.ഇ.എ.എം.) ഉൾപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ നൽകുന്നു.

കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(കേപ്പ്)-ൽ എഞ്ചിനീയറിംഗ് കോഴ്സിന് മുപ്പത്തിയഞ്ച് ശതമാനം വരുന്ന മാനേജ്മെന്റ് സീറ്റിൽ കേരള എൻട്രൻസ് കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽനിന്നും സെൻട്രലൈസ്ഡ് അലോട്ട്മെന്റ് വഴി എൻട്രൻസ് കമ്മീഷണറാണ് അഡ്മിഷൻ നടത്തുന്നത്. 2017-18 അദ്ധ്യയന വർഷം മുതൽ മാനേജ്മെന്റ് സീറ്റിൽ പത്ത് ശതമാനം സീറ്റ് സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മക്കൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഈ പത്ത് ശതമാനം സീറ്റിലേയ്ക്കും എൻട്രൻസ് കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെയാണ് പ്രവേശിപ്പിക്കുന്നത്. മാനേജ്മെന്റ് സീറ്റിൽ ഓരോ വിദ്യാർത്ഥിയിൽനിന്നും പ്രതിവർഷം അറുപത്തിയയ്യായിരം രൂപയാണ് ഈടാക്കുന്നത്. എം.ബി.എ./എം.സി.എ. കോഴ്സുകൾക്ക് മാനേജ്മെന്റ് സീറ്റില്ല.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മയിൽ) മാനേജ്മെന്റ് സീറ്റ് പ്രത്യേകമായില്ല.

## സഹകരണ ആശുപത്രികളുടെ സമഗ്രമായ വികസനം

287 (2485) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ആശുപത്രികളുടെ സമഗ്രമായ വികസനം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ മണലൂർ കോ-ഓപ്പറേറ്റീവ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന് കെട്ടിട നിർമ്മാണത്തിനും അനുബന്ധ വികസന പ്രവർത്തനങ്ങൾക്കുംവേണ്ടി സഹകരണ രജിസ്ട്രാർ മുഖേന സമർപ്പിച്ചിട്ടുള്ള 4.50 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ടിന് അംഗീകാരം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) അംഗീകാരം നൽകിയിട്ടില്ല.

(ബി&സി) വികസനവും വൈവിധ്യവൽക്കരണവും പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ധനസഹായം അനുവദിക്കുന്നതിന് സംഘം, സഹകരണ സംഘം രജിസ്ട്രാർക്ക് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരുന്നില്ല എന്നതിനാൽ നിർമ്മാണപ്രവർത്തനം ഒഴിവാക്കി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പുതുക്കിയ പദ്ധതി സമർപ്പിക്കുന്നതിന് സംഘത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## നോട്ട് നിരോധനം

288 (2486) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടുനിരോധനം വരുത്തിവച്ച ആഘാതത്തിൽനിന്ന് സഹകരണ മേഖല പൂർണ്ണമായും മുക്തിനേടിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) സഹകരണ മേഖലയിൽ നോട്ടുനിരോധനം വരുത്തിവച്ച പ്രശ്നങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

## ഉത്തരം

(എ) നോട്ടുനിരോധനം വരുത്തിവച്ച ആഘാതത്തിൽനിന്ന് സഹകരണ മേഖല പൂർണ്ണമായും മുക്തി നേടിയിട്ടില്ല. നോട്ട് നിരോധനത്തിന്റെ ഭാഗമായി സഹകരണ മേഖലയിൽ നിക്ഷേപത്തിലും വായ്പാ തിരിച്ചടവിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. നോട്ട് നിരോധനം തൊഴിൽ മേഖലയെ ബാധിച്ചതുകാരണം വായ്പാ തിരിച്ചടവ് കുറയുകയും വായ്പാ കിട്ടിശ്ശിക വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും ലാഭം കുറയ്ക്കുകയും ചെയ്തു. സ്ഥിരനിക്ഷേപങ്ങൾ പുതുക്കുകയല്ലാതെ പുതിയ നിക്ഷേപങ്ങൾ നടത്തുന്നില്ല. മേൽകാരണങ്ങൾ സഹകരണ മേഖലയുടെ പ്രവർത്തനത്തെ മന്ദഗതിയിലാക്കിയിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽ നിന്നും പിൻവലിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. സഹകരണ മേഖലയിൽ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഈ തുക അപര്യാപ്തമായിരുന്നു. സാധുവായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളു. സംഘങ്ങളുടെ വായ്പാ വിതരണവും തിരിച്ചടവും നിക്ഷേപവുമുൾപ്പെടെ ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന പ്രാഥമിക സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. പ്രാഥമിക സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്. ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യമുണ്ടായി. സഹകരണ മേഖലയെ ആശ്രയിക്കുന്ന ഗ്രാമീണ ജനതയുടെ ദൈനംദിന സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വന്നു.

സംഘങ്ങളുടെ പ്രധാന പ്രവർത്തനമായ വായ്പാ വിതരണവും തിരിച്ചടവും നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. ആവശ്യമായ നിക്ഷേപ തുക പിൻവലിക്കുവാൻ കഴിയാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാതിരുന്നത് ജനജീവിതം ദുരിതപൂർണ്ണമാക്കി. സഹകരണ ബാങ്കുകൾ/സംഘങ്ങളുടെ വായ്പാകുടിശ്ശിക വർദ്ധിച്ചു. ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തതയെ നോട്ട് പിൻവലിക്കൽ മൂലമുണ്ടായ പ്രതിസന്ധി പ്രതികൂലമായി ബാധിച്ചു.

നോട്ട് നിരോധനത്തിന്ശേഷം സഹകരണ ബാങ്കുകളുടെ അറ്റനിക്ഷേപത്തിൽ 6386.18 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. സഹകരണ ബാങ്കുകൾ നൽകിയ വായ്പയിൽ ഏകദേശം 30% കുറവും വായ്പാ തിരിച്ചടവിൽ 44.2% കുറവും വന്നിട്ടുണ്ട്.

## കേപ്പ് എഞ്ചിനീയറിംഗ് കോളേജിന്റെ വികസനം

289 (2487) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേപ് എഞ്ചിനീയറിംഗ് കോളേജിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം സഹായങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനായി എന്തെങ്കിലും സഹായങ്ങൾ ചെയ്യുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേപ്പിന്റെകീഴിലുള്ള തലശ്ശേരി എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക വികസനത്തിനും മറ്റ് ചെലവുകൾക്കുമായി 45.856 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും കോളേജിലെ ലാബുകൾ വിപുലീകരിക്കുകയും ലൈബ്രറി പുതുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ കോളേജുകളെയും മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായുള്ള ഫണ്ട് കിഫ്ബി വഴി ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കൂടാതെ തലശ്ശേരി എം.എൽ.എ.-യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 135 ലക്ഷം രൂപ ചെലവിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതി തെരഞ്ഞെടുപ്പ്

290 (2488) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണ സമിതികൾ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ട് നിശ്ചിത കാലാവധി കഴിഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ നിയമം അനുശാസിക്കുന്ന തരത്തിൽ, പുതിയ ഭരണ സമിതി തെരഞ്ഞെടുപ്പിന് സഹകരണ ഇലക്ഷൻ കമ്മീഷനെ വിവരം അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജില്ലാ സഹകരണ ബാങ്കുകളിലെ പുതിയ ഭരണസമിതികളുടെ തെരഞ്ഞെടുപ്പിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ജില്ലാ സഹകരണ ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റർ ഭരണത്തിന്റെ നിശ്ചിത കാലാവധി പൂർത്തിയായിട്ടില്ല.

(സി) സർക്കാർ ഇക്കാര്യം സമയോചിതമായി തീരുമാനിക്കുന്നതാണ്.

**കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ ലഭ്യമാക്കാൻ നടപടി**

291 (2489) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട സഹകരണ സ്ഥാപനങ്ങളെയും സംഘങ്ങളെയും കാര്യക്ഷമമായ പ്രവർത്തിപഥത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി സബ്സിഡി നിരക്കിലോ കുറഞ്ഞ പലിശ നിരക്കിലോ വായ്പകൾ നൽകുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി കൂടുതൽ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള വനിത സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, സംസ്കരണ സഹകരണ സംഘങ്ങൾ തുടങ്ങിയ ചെറുകിട സഹകരണ സംഘങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നല്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. അതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി സബ്സിഡിയും ഓഹരിയും നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

(ബി) സഹകരണ വകുപ്പിന് 2017-18 സാമ്പത്തിക വർഷം എൻ.സി.ഡി.സി. ധനസഹായം ഉൾപ്പെടെ 22 സ്കീമുകൾക്കായി 18500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ ധനസഹായത്തിനായി പ്ലാനിംഗ് ബോർഡിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

## സർഫാസി നിയമം

292 (2490) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2017-18 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിന്റെ ഭാഗമായി 'സർഫാസി' നിയമം ഉപയോഗിച്ച് വസ്തുക്കൾ കൈവശപ്പെടുത്തിയ കേസുകളിൽ ഒട്ടേറെ നിർദ്ധനർക്ക് ദുരിതം അനുഭവിക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, 'സർഫാസി' നിയമം നടപ്പാക്കുമ്പോഴുണ്ടാകുന്ന ഇത്തരം വൈഷമ്യങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) ബാധകമല്ല

## സഹകരണ സംഘം രജിസ്ട്രേഷൻ മാനദണ്ഡങ്ങൾ

293 (2491) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) സഹകരണ സംഘം രജിസ്ട്രേഷന് എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 4, 5, 6, 7 ചട്ടം 3, 4 എന്നിവ പ്രകാരമാണ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത്.

## വകുപ്പ് 4

സഹകരണ തത്വങ്ങൾ പ്രകാരം പൊതുതാൽപ്പര്യത്തോടെയോ അംഗങ്ങളുടെ സാമ്പത്തിക താൽപ്പര്യങ്ങളോ ലക്ഷ്യമാക്കിയിട്ടുള്ള ഒരു സംഘമോ അപ്രകാരം സ്ഥാപിച്ചിട്ടുള്ള ഒരു സംഘത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ള സംഘവും ഈ നിയമത്തിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെടാം. എന്നാൽ സാമ്പത്തിക നിലനിൽപ്പ് ഇല്ലാത്തതോ സഹകരണ പ്രസ്ഥാനത്തിന്റെ പുരോഗതിക്ക് തടസ്സം വരുത്തുന്നതോ ആയ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെടാവുന്നതല്ല.

## വകുപ്പ് 5(1)

ക്ലിപ്തബാധ്യതയോടുകൂടിയ സംഘം മാത്രമെ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. (2)- ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിപ്തബാധ്യത സംഘങ്ങളുടെ പേരിന്റെ അവസാനഭാഗത്ത് ക്ലിപ്തം അല്ലെങ്കിൽ അതേ അർത്ഥമുള്ള മറ്റ് ഭാരതീയ ഭാഷകളിലെ വാക്കോ ആയിരിക്കണം.

## വകുപ്പ് 6(1)

ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഒരു നിശ്ചിത ഫാറത്തിൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും സംഘത്തെ സംബന്ധിച്ച് അദ്ദേഹം ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ അപേക്ഷകൻ നൽകേണ്ടതുമാണ്.

(2)-ഓരോ അപേക്ഷയിലും താഴെ പറയുന്നവ ഉള്ളടക്കം ചെയ്തിരിക്കണം:

(എ) നിർദ്ദിഷ്ട സംഘത്തിന്റെ ഉപനിബന്ധനകളുടെ മൂന്ന് പകർപ്പുകൾ.

(ബി) വ്യക്തികളാണ് അപേക്ഷകരെങ്കിൽ അവർ വ്യത്യസ്ത കുടുംബത്തിൽപ്പെട്ടവരും 25 പേരിൽ കുറയാൻ പാടില്ലാത്തതുമാണ്.

(സി) അപേക്ഷയിൽ വ്യക്തികളാണെങ്കിൽ എല്ലാപേരും സാക്ഷ്യപ്പെടുത്തിയിരിക്കണം.

വകുപ്പ് 7(1) താഴെ പറയുന്ന നിബന്ധനകൾ രജിസ്ട്രാർക്ക് ബോധ്യപ്പെട്ടാൽ സംഘവും അതിന്റെ ഉപനിബന്ധനകളും അപേക്ഷ ലഭിച്ച് 90 ദിവസങ്ങൾക്കകം രജിസ്റ്റർ ചെയ്യാവുന്നതാണ്:

(എ) അപേക്ഷ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കണം.

(ബി) നിർദ്ദിഷ്ട സംഘത്തിന്റെ ഉദ്ദേശ്യങ്ങൾ സഹകരണനിയമം വകുപ്പ് 4-ന് വിധേയമായിരിക്കണം.

(സി) നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തന പരിധി അതേ തരത്തിലുള്ള മറ്റൊരു സംഘത്തിന്റെ പ്രവർത്തന പരിധിയിലേയ്ക്ക് അതിലംഘിച്ച് കടക്കുന്നില്ലായെങ്കിൽ.

(ഡി) നിർദ്ദിഷ്ട ഉപനിബന്ധന നിയമത്തിനും ചട്ടത്തിനും വിരുദ്ധമല്ലെങ്കിൽ.

(ഇ) നിർദ്ദിഷ്ട സംഘം ഒരു നല്ല വ്യാപാര പ്രവർത്തനങ്ങൾക്ക് ആവശ്യമായ കാര്യങ്ങൾ നിറവേറ്റപ്പെടുന്നതാണെങ്കിൽ രജിസ്ട്രാർക്ക് സംഘവും അതിന്റെ ഉപനിബന്ധനകളും അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം രജിസ്റ്റർ ചെയ്യാം.

(2) രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ നിരസിക്കുന്നപക്ഷം അതിന്റെ കാരണങ്ങൾ കാണിച്ച് ബന്ധപ്പെട്ട കക്ഷികളെ 7 ദിവസത്തിനകം അറിയിക്കണം.

3. സംഘം രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ചാൽ അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം രജിസ്ട്രാർ അപേക്ഷ തീർപ്പാക്കിയിരിക്കണം.

<u>ചട്ടം 3(1)</u>

വകുപ്പ് 6(1) പ്രകാരമുള്ള ഒരു സംഘത്തിന്റെ രജിസ്ട്രേഷനുവേണ്ടിയുള്ള ഏതൊരു അപേക്ഷയും ഒന്നാംനമ്പർ ഫാറത്തിൽ രണ്ട് പകർപ്പോടെ തയ്യാറാക്കി താഴെപ്പറയുന്നവ ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്:

(എ) സംഘത്തിന്റെ നിർദ്ദിഷ്ട ഉപനിബന്ധനയുടെ മൂന്ന് പ്രതികൾ

(ബി) നിർദ്ദിഷ്ട സംഘത്തിന്റെ പേരിൽ വരവുവച്ചിട്ടുള്ള തുക വിശദമാക്കുന്ന ബാങ്കിൽ നിന്നുള്ള നിക്ഷേപ ബാക്കി കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ്.

(സി) ഓഹരി മൂലധനത്തിലേയ്ക്ക് സംഭാവന ചെയ്തിട്ടുള്ള വ്യക്തികളുടെയും അവർ ഓരോരുത്തരും നല്കിയ തുകയും നൽകിയ പ്രവേശന ഫീസും ഉൾപ്പെടെയുള്ള പട്ടികയുടെ രണ്ട് പകർപ്പ് സഹിതം.

(ഡി) നിർദ്ദിഷ്ട സംഘത്തിന്റെ സാമ്പത്തികഭദ്രത സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെട്ട ഉദ്ദേശിക്കുന്ന സംഘത്തിന്റെ വ്യാപാര പദ്ധതി.

(ഇ) രജിസ്ട്രാർ ആവശ്യപ്പെടുന്ന തരത്തിലുള്ള വിവരങ്ങളും ഇതര രേഖകളും.

2. അപേക്ഷകർ വ്യക്തികളാണെങ്കിൽ 25-ൽ കുറയാതെ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ടവർ അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം.

3. രജിസ്റ്റർ ചെയ്യപ്പെടേണ്ടതായ സംഘത്തിലെ ഏതെങ്കിലും അംഗം ഒരു രജിസ്റ്റർ ചെയ്ത സംഘമാണെങ്കിൽ അപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിലെ കമ്മിറ്റിയിലെ ഒരംഗത്തെ ആ സംഘത്തിന്റെ കമ്മിറ്റി ഒരു തീരുമാനംമൂലം അതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷയും ഉപനിബന്ധനകളും സാക്ഷ്യപ്പെടുത്തുന്നതിന് അധികാരപ്പെടുത്തേണ്ടതും അപ്രകാരമുള്ള ഒരു തീരുമാനത്തിന്റെ ഒരു പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

(4) രജിസ്റ്റർ ചെയ്യപ്പെടേണ്ട ഒരു സംഘത്തിലെ ഏതെങ്കിലും അംഗം നിയമാധിഷ്ഠിതമോ അല്ലാത്തതോ ആയ ഒരു സമിതിയോ കോർപ്പറേഷനോ ആണെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയിലും ഉപനിബന്ധനകളിലും സാക്ഷ്യപ്പെടുത്തുന്നതിന് ആ സ്ഥാപനം ഏതെങ്കിലും വ്യക്തിയെ അധികാരപ്പെടുത്തേണ്ടതും അധികാരപ്പെടുത്തിക്കൊണ്ടുള്ള തീരുമാനത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

(5) അപേക്ഷ രജിസ്റ്റർ ചെയ്ത് തപാലായി രജിസ്ട്രാർക്ക് അയച്ചുകൊടുക്കാവുന്നതോ അല്ലെങ്കിൽ ആഫീസിൽ നേരിട്ട് കൊടുക്കുകയോ ചെയ്യാവുന്നതാണ്.

(6) ഓരോ അപേക്ഷയോടൊപ്പം നിശ്ചിത നിരക്കിലുള്ള തുക രജിസ്ട്രേഷൻ ഫീസായി അടച്ച് ചെലാൻ രസീത് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

ചട്ടം 4 -ചട്ടം 3 -ന് വിധേയമായി ഒരു അപേക്ഷ ലഭിച്ചാൽ-

i. രജിസ്ട്രാർ ഫാറം നം. 2-ൽ സൂക്ഷിക്കപ്പെടേണ്ട അപേക്ഷ രജിസ്റ്ററിൽ അപേക്ഷയുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും അപേക്ഷയ്ക്ക് ക്രമനമ്പർ നൽകുകയും അപേക്ഷ ലഭിച്ചുവെന്നതിന് തെളിവായി രസീത് നൽകുകയും ചെയ്യണം.

ii. ചട്ടം 3-ൽ വകുപ്പ് 7-ൽ (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡികകളിലും വ്യക്തമാക്കുന്ന വ്യവസ്ഥകൾ ബോധ്യപ്പെടുന്നതിനോ രജിസ്ട്രാർ അപേക്ഷയും ഉപനിബന്ധനകളും പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

iii. രജിസ്ട്രാർക്ക് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുകയോ അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്നപക്ഷം അന്വേഷണം നടത്തുകയോ നിർദ്ദിഷ്ട ഉപനിബന്ധനയിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന തരത്തിലുള്ള മാറ്റങ്ങൾ വരുത്തുന്നതിന് പ്രധാന സംഘാടകനോട് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. രജിസ്ട്രാർ അനുവദിച്ച കാലയളവിനുള്ളിൽ നിർദ്ദിഷ്ട ഉപനിബന്ധനയിൽ അദ്ദേഹം നിർദ്ദേശിച്ച മാറ്റങ്ങൾ അപേക്ഷകരുടെ സമ്മതത്തോടെ ഭേദഗതി വരുത്തുകയോ ആവശ്യപ്പെട്ട വിവരങ്ങൾ പ്രധാന സംഘാടകൻ നൽകുകയോ ചെയ്യണം.

iv. നിർദ്ദിഷ്ട സംഘം മേൽവിവരിച്ച ആവശ്യങ്ങൾ നിറവേറ്റിയിട്ടുണ്ടെന്ന് രജിസ്ട്രാർക്ക് ബോധ്യപ്പെടുന്നപക്ഷം സംഘവും അതിന്റെ ഉപനിബന്ധനകളും രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത് അംഗീകരിച്ച ഉപനിബന്ധനകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോടുകൂടി ഫാറം നം. 3-ൽ രജിസ്ട്രാർ ഒപ്പ് രേഖപ്പെടുത്തി ഓഫീസ് മുദ്ര പതിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംഘത്തിന് സൗജന്യമായി കൊടുക്കേണ്ടതാണ്. ഒരു സംഘം രജിസ്റ്റർ ചെയ്യുമ്പോൾ ആ സംഘത്തിന്റെ നിലവിലുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ഉപനിബന്ധനയെന്ന് പറയുന്നത് രജിസ്റ്റർ ചെയ്ത രജിസ്ട്രാർ അംഗീകരിച്ച ഉപനിബന്ധനകളാണ്.

v. രജിസ്ട്രാർക്ക് നിർദ്ദേശിക്കപ്പെട്ട സംഘം നിയമത്തിലെ പട്ടിക 2-ൽ സൂചിപ്പിച്ചിട്ടുള്ള സഹകരണതത്വങ്ങൾ പാലിക്കപ്പെട്ടുകൊണ്ട് പൊതുവായിട്ടുള്ള സാമ്പത്തിക താൽപ്പര്യം നിറവേറ്റപ്പെടുകയില്ലെന്ന് ബോധ്യപ്പെട്ടാലോ അല്ലെങ്കിൽ സംഘത്തിന്റെ രജിസ്ട്രേഷൻമൂലം സഹകരണ പ്രസ്ഥാനത്തിന് കോട്ടം സംഭവിക്കാമെന്നോ അല്ലെങ്കിൽ നിയമത്തിന്റെ പീഠികയിലെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് എതിരാണെന്ന് ബോധ്യപ്പെട്ടാലോ രജിസ്ട്രാർ കാരണം കാണിച്ച് നിരസിച്ചുകൊണ്ടുള്ള ഉത്തരവാകേണ്ടതും അത് രജിസ്റ്റർ ചെയ്ത് തപാലിലോ അല്ലെങ്കിൽ ഹൈക്കോടതിയോ കേരള സർക്കാരോ അംഗീകരിച്ച അപ്രകാരമുള്ള കൊറിയർ സർവ്വീസ് മുഖാന്തരമോ മുഖ്യ സംഘാടകന് ഉത്തരവായതിന്റെ പതിനഞ്ച് ദിവസത്തിനകം അറിയിക്കേണ്ടതാണ്.

vi. ഉപചട്ടം iv-ന് വിധേയമായി സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതെങ്കിലും തീരുമാനമോ ഉപചട്ടം v-ന് വിധേയമായി ഒരു സംഘത്തിന്റെ അപേക്ഷയുടെ തിരസ്കരണമോ അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്.

(vii) ഉപനിബന്ധനയുടെ പകർപ്പോടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ധനസഹായ ബാങ്കിനും ബന്ധപ്പെട്ട സഹകരണ യൂണിയനും നൽകേണ്ടതാണ്.

(ബി) സഹകരണസംഘം രജിസ്ട്രേഷന് നിയന്ത്രണങ്ങളൊന്നും നിലവിലില്ല.

**സഹകരണ ബാങ്കിംഗ് രംഗത്ത് ആധുനികവത്കരണം**

294 (2492) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് രംഗത്ത് നടപ്പിലാക്കിവരുന്ന ആധുനികവത്കരണം സഹകരണ ബാങ്കുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലെ സഹകരണ ബാങ്കുകളിൽ കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ നല്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം 35% പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിലും (PACS) 45 അർബൻ സഹകരണ ബാങ്കുകളിലും കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസരിച്ച് സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യതകൾ പരിശോധിച്ചുവരുന്നു.

നിലവിൽ പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ സ്വന്തം നിലയിൽ കോർബാങ്കിംഗ് നടപ്പിലാക്കിവരുന്നു. വായ്പാസംഘങ്ങൾക്ക് പ്രോജക്ട് ചെലവിന്റെ 90 ശതമാനം അല്ലെങ്കിൽ 10 ലക്ഷം രൂപ ഏതാണോ കുറവ് ടി തുക കോർ ബാങ്കിംഗ് ധനസഹായമായി സർക്കാർ അനുവദിക്കുന്നുണ്ട്. മൊത്തം ധനസഹായത്തിന്റെ 50% വായ്പയായും 20% ഓഹരിയായും 20% സബ്സിഡിയുമായാണ് തുക അനുവദിക്കുന്നത്.

2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 39 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിലേയ്ക്കായി 88.674 ലക്ഷം രൂപ ഓഹരിയായും 88.4 ലക്ഷം രൂപ സബ്സിഡിയായും 192.2375 ലക്ഷം രൂപ വായ്പയായും ധനസഹായം അനുവദിച്ചിട്ടുണ്ട്.

### വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

295 (2493) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും വായ്പയെടുത്ത സഹകാരികൾ വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ കുടിശ്ശിക/നിഷ്ക്രിയ ആസ്തി വർദ്ധിച്ചുവരുന്ന സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) മേൽ സാഹചര്യം ഒഴിവാക്കുന്നതിനും വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും സഹകാരികളെ കടബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനും എന്ത് പദ്ധതിയാണ് ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശികയായ വായ്പകൾ ഒറ്റത്തവണയായി തിരിച്ചടയ്ക്കുന്ന സഹകാരികൾക്ക് എന്തെല്ലാം ഇളവുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സഹകാരികളെ കടബാധ്യതയിൽനിന്നും മുക്തമാക്കുന്നതിനുമായി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ നവകേരളീയം കുടിശ്ശിക നിവാരണം 2018 എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(സി) കുടിശ്ശിക വായ്പകൾ ഒറ്റത്തവണയായി തിരിച്ചടയ്ക്കുന്ന സഹകാരികൾക്ക് പലിശയിൽ ഇളവ് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നടപടികൾ**

296 (2494) <u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. സി.കൃഷ്ണൻ</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന തരത്തിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയന്ത്രണങ്ങളും നിബന്ധനകളും സഹകരണ മേഖലയിൽ ഏതെങ്കിലും വിധത്തിലുള്ള പിന്നോട്ടടിക്ക് കാരണമായിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ജനങ്ങളുടെ ഒന്നാകെ വിശ്വാസമാർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും മുന്നോട്ട് നയിക്കുന്നതിനും ആവശ്യമായ ഏതെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ കോൺഗ്രസ്, സഹകരണ നിക്ഷേപ സമാഹരണം തുടങ്ങിയ പരിപാടികൾ വിജയകരമായി നടത്തുന്നതിന് എന്തെല്ലാം തയ്യാറെടുപ്പുകളാണ് കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാർലമെന്റ് പാസ്സാക്കിയ ബാങ്കിംഗ് നിയന്ത്രണ (ഭേദഗതി)നിയമം 2012 പ്രകാരം സഹകരണബാങ്കുകളുടെമേൽ റിസർവ് ബാങ്കിനുള്ള നിയന്ത്രണ അധികാരം വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുകയുണ്ടായി. കൂടാതെ റിസർവ് ബാങ്ക് ലൈസൻസുള്ള സഹകരണ ബാങ്കുകൾ ഒഴികെ മറ്റ് സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശമില്ലാത്ത അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കാനോ ബാങ്ക് എന്ന പദം അവരുടെ പേരിനൊപ്പം ചേർക്കാനോ പാടില്ലെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയത് സഹകരണ മേഖലയുടെ നിലവിലുള്ള പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം വാണിജ്യ ബാങ്കുകൾക്ക് സമാനമായി നിശ്ചയിച്ചുകൊണ്ടും സഹകരണ ബാങ്കുകൾ അവയുടെ എസ്.എൽ.ആർ. നിക്ഷേപം മുഴുവൻ ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണെന്നും റിസർവ് ബാങ്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സഹകരണ ബാങ്കുകൾ അവയുടെ ധനസഹായ ബാങ്കുകളിൽ നിന്നും എസ്.എൽ.ആർ. നിക്ഷേപം പിൻവലിക്കുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാന /ജില്ലാ സഹകരണ ബാങ്കുകൾ 31-3-2017-നുമുമ്പ് ഒമ്പത് ശതമാനം മൂലധന പര്യാപ്തത കൈവരിക്കണമെന്ന റിസർവ് ബാങ്ക് നിർദ്ദേശം, പരിമിതമായ എണ്ണം സംഘങ്ങൾ/ബാങ്കുകൾക്ക് മാത്രം അംഗങ്ങളായിട്ടുള്ള സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾക്ക് മൂലധനം സമാഹരിക്കുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശം പാലിക്കുന്നതിനും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാർ കൊണ്ടുവന്ന എഫ്.ആർ.ഡി.ഐ. ബില്ലിലെ ചില വ്യവസ്ഥകൾ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ താൽപ്പര്യത്തെ ദോഷകരമായി ബാധിക്കുമോ എന്നത് സംബന്ധിച്ച് ആശങ്കയുണ്ട്. കൂടാതെ 500, 1,000 രൂപ കറൻസി നിരോധനവും അതിനുശേഷം വന്ന നിയന്ത്രണങ്ങളും സഹകരണ മേഖലയിൽ താൽക്കാലിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ബാങ്കിംഗ് നിയമഭേദഗതികളുടെ തുടർച്ചയായി സഹകരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിട്ടുള്ള അസൗകര്യങ്ങൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കറൻസി നിരോധനം മുഖേന ഉണ്ടായ താൽക്കാലിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി സഹകരണമേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. ഈ ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 1720682 ഭവനങ്ങൾ

സന്ദർശിക്കുകയുണ്ടായി. നിക്ഷേപങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്ന പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പത്രപരസ്യം എല്ലാ പ്രമുഖ ദിനപത്രങ്ങളിലും പ്രസിദ്ധീകരിക്കുകയുണ്ടായി.

(സി) 2018 ഫെബ്രുവരി 10,11,12 തീയതികളിൽ കണ്ണൂരിൽവച്ച് നടത്തുന്ന എട്ടാമത് സഹകരണ കോൺഗ്രസ്സ് വിജയിപ്പിക്കുന്നതിനായി ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ. കൺവീനറായ സംഘാടക സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സംഘാടക സമിതിക്കുകീഴിൽ പതിനഞ്ച് സബ് കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ കോൺഗ്രസ്സിൽ മൂവായിരത്തോളം പ്രതിനിധികൾ എത്തുമെന്നും ദേശീയ രംഗത്തെയും വിവിധ സംസ്ഥാനങ്ങളിലെയും സഹകരണമേഖലയിലും സഹകരണ രംഗത്തുമുള്ള വിശിഷ്ടാതിഥികൾ പങ്കെടുക്കുമെന്നും പ്രതീക്ഷിക്കുന്നു. സഹകരണ കോൺഗ്രസ്സിന്റെ പ്രചരണത്തിനായി ഹരിത പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ബാനറുകൾ, പോസ്റ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എഫ്.എം. റേഡിയോ, ടിവി. ചാനലുകൾ നവമാധ്യമങ്ങളായ ഫേസ് ബുക്ക്, വാട്സ് ആപ്പ് എന്നിവ മുഖേനയും പ്രചാരണം നൽകുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം പതാക ജാഥയും കൊടിമര ജാഥയും സംഘടിപ്പിച്ചിട്ടുണ്ട്. 38-ാമത് നിക്ഷേപ സമാഹരണയജ്ഞം 2018 ജനുവരി 10 മുതൽ ഫെബ്രുവരി 9 വരെ സഹകരണമേഖലയിൽ നടത്തുകയാണ്. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിലുള്ള ജോയിന്റ് പബ്ലിസിറ്റി കമ്മിറ്റി മുഖേന പ്രചരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിക്ഷേപ സമാഹരണയജ്ഞത്തിന്റെ ഉദ്ഘാടന ദിവസമായ ജനുവരി 10-ന് എല്ലാ പ്രമുഖ ദിനപ്പത്രങ്ങളിലും സർക്കാർ പരസ്യം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ടൂറിസം മേഖലയിൽ നോട്ട് നിരോധനത്തിന്റെയും ജി.എസ്.ടി.യുടെയും സ്വാധീനം

297 (2495) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബോട്ട് വ്യവസായത്തിന് എത്ര ശതമാനം നികുതിയാണ് ജി.എസ്.ടി.യിൽ ഏർപ്പെടുത്തിയിരിക്കുന്നത്; ആയത് പ്രസ്തുത മേഖലയെ ദോഷകരമായി ബാധിച്ചുവോ; വിശദമാക്കുമോ;

(ബി) ഹോം സ്റ്റേകൾ, റിസോർട്ടുകൾ, ടൂറിസം ഹെറിറ്റേജ് സെന്ററുകൾ എന്നിവയെ നോട്ട് നിരോധനവും ജി.എസ്.ടി.യും ഏതുതരത്തിൽ ബാധിച്ചുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഹൗസ് ബോട്ട് വ്യവസായത്തിന് ഇരുപത്തിയെട്ട് ശതമാനമാണ് ജി.എസ്.ടി. ഉയർന്ന ജി.എസ്.ടി. നിരക്ക് ഹൗസ് ബോട്ട് വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കുന്നതായി ഹൗസ് ബോട്ട് മേഖലയിലുള്ളവർ അറിയിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം വിലയിരുത്തിയിട്ടില്ല

## ഇക്കോ ടൂറിസം പദ്ധതി

298 (2496) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ, നാട്ടിക നിയോജകമണ്ഡലങ്ങൾ അതിർത്തി പങ്കിടുന്ന തൃശ്ശൂർ ജില്ലയിലെ പാറളം, ചാഴൂർ, അരിമ്പൂർ പഞ്ചായത്തുകളിലെ കോൾ മേഖല കേന്ദ്രീകരിച്ച് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

നിലവിൽ ഇതുമായി ബന്ധപ്പെട്ട് നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

## മീൻവല്ലം ഇക്കോടൂറിസം പദ്ധതി

299 (T*2497) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ഇക്കോ ടൂറിസം പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ബി) മീൻവല്ലം ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്:

- ആങ്ങമൂഴി ഗവി ജംഗിൾ സഫാരി ബസ് സർവ്വീസ്
- അഡീഷണൽ അട്രാക്ഷൻ ഓഫ് ന്യൂ പ്രോഡക്ട്സ് ആന്റ് ഡെസ്റ്റിനേഷൻ ഇംപ്രൂവ്മെന്റ്സ്-തെന്മല
- ഡെവലപിംഗ് സൗണ്ട് ആന്റ് ലൈറ്റ് ഷോ -തെന്മല
- മൂന്നാറിൽ നീലക്കുറിഞ്ഞി പൂക്കുന്ന കാലത്തെ തയ്യാറെടുപ്പ്
- പ്രൊമോഷണൽ ടൂൾസ് ഫോർ ഇക്കോ അഡ്വഞ്ചർ ടൂറിസം
- മൂന്നാറിലെ റോഡോവാലി മീശപ്പുലിമല, സൈലന്റ് വാലി എന്നിവിടങ്ങളിലെ ഇക്കോ ടൂറിസം വിപുലീകരണം.

(ബി) മീൻവല്ലം ടൂറിസം പദ്ധതിക്ക് വനം വകുപ്പിന്റെ അനുമതിക്ക് വിധേയമായി 2013-ൽ 2.32 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും വനം വകുപ്പിൽനിന്നും ഈ പദ്ധതി നടത്തിപ്പിനാവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിയ പുതിയ പദ്ധതി രൂപരേഖ ലഭ്യമാക്കാത്തതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല.

## വിനോദ സഞ്ചാരികളുടെ എണ്ണം

300 (2498) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുണ്ടായ പ്രകൃതിക്ഷോഭം കാരണം 2017-ലെ ക്രിസ്തുമസ്-പുതുവത്സരാഘോഷ കാലയളവിൽ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തുണ്ടായ പ്രകൃതിക്ഷോഭം കാരണം 2017-ലെ ക്രിസ്തുമസ് പുതുവത്സരാഘോഷ കാലയളവിൽ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ല. 2016-നെ അപേക്ഷിച്ച് 2017-ൽ കേരളം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 10.93 ശതമാനത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 2017 ഡിസംബർ മാസം മാത്രം 2016 ഡിസംബറിനെ അപേക്ഷിച്ച് 239925 ടൂറിസ്റ്റുകൾ അധികമായി സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

301 (2499) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിനുകീഴിൽ തുടങ്ങിയ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഈ പദ്ധതി എവിടെയെല്ലാമാണ് ആരംഭിച്ചത് എന്നറിയിക്കാമോ;

(ബി) സംസ്ഥാന പാതകൾക്കരികിലും സംസ്ഥാനത്തെ ദേശീയ പാതകൾക്കരികിലും ഏതുവിധത്തിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത് എന്നറിയിക്കാമോ;

(സി) ഇപ്പോൾ എത്ര പദ്ധതികളുടെ പണി പൂർത്തീകരിച്ചുവെന്നും ഏതെല്ലാം സ്ഥലങ്ങളിലാണ് പണി പൂർത്തികരിച്ചതെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിനോദസഞ്ചാര വകുപ്പിൽ നിലവിൽ 20-ടേക്ക് എ ബ്രേക്ക് പദ്ധതികളുണ്ട്. തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖം, കൊല്ലം ജില്ലയിലെ കെ.എം.എം.എൽ. ചവറ, ഏനാത്ത്, ആലപ്പുഴ ജില്ലയിലെ ചേർത്തല, ഹരിപ്പാട്, ഇടുക്കി ജില്ലയിലെ മൂന്നാർ, കോട്ടയം ജില്ലയിലെ അതിരമ്പുഴ, എറണാകുളം ജില്ലയിലെ ബോട്ട് ജെട്ടി, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന്, കാലിക്കറ്റ് യൂണിവേഴ്സിറ്റി, പാലക്കാട് ജില്ലയിലെ കുറ്റനാട്, കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം, കാസർഗോഡ് ജില്ലയിലെ തലപ്പാടി എന്നീ സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുകയും പത്തനംതിട്ട ജില്ലയിലെ കോന്നി, വയനാട് ജില്ലയിലെ അമ്പലവയൽ, എറണാകുളം ജില്ലയിലെ പിറവം എന്നീ പദ്ധതികളുടെ പണി നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ചുരം, കോട്ടയം ജില്ലയിലെ വലിയാനപ്പുഴ, കൊല്ലം ജില്ലയിലെ ശീമാട്ടി എന്നീ പദ്ധതികൾക്ക് വേണ്ടത്ര സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല.

(ബി) വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനാനുഭവം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ പ്രധാനപ്പെട്ട പാതയോരങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ടോയ്‌ലെറ്റുകൾ, കോഫി ഷോപ്പ്, പാർക്കിംഗ്

ഏരിയ, സുവനീർ ഷോപ്പുകൾ, ക്ലോക്ക് റൂമുകൾ മുതലായവ സ്ഥാപിക്കുക എന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളെയും സർക്കാർ വകുപ്പുകളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും സഹകരിപ്പിച്ചുകൊണ്ടാണ് പദ്ധതി നിർവ്വഹിക്കുന്നത്.

(സി) തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖം, കൊല്ലം ജില്ലയിലെ കെ.എം.എം.എൽ. ചവറ, ഏനാത്ത്, ആലപ്പുഴ ജില്ലയിലെ ചേർത്തല, ഹരിപ്പാട്, ഇടുക്കി ജില്ലയിലെ മൂന്നാർ, മലപ്പുറം, ജില്ലയിലെ കോട്ടക്കുന്ന്, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം, കോട്ടയം ജില്ലയിലെ അതിരമ്പുഴ, എറണാകുളം ജില്ലയിലെ ബോട്ട് ജെട്ടി, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, പാലക്കാട് ജില്ലയിലെ കുറ്റനാട്, കാസർഗോഡ് ജില്ലയിലെ തലപ്പാടി എന്നീ 14 പദ്ധതികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പൂർത്തീകരിച്ച പദ്ധതികൾ ഡി.റ്റി.പി.സി. മുഖേന ലീസിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കെ.ടി.ഡി.സി.യി.-ലെ ശമ്പള പരിഷ്കരണം

302 (2500) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിനുകീഴിലുള്ള ഏതെല്ലാം കോർപ്പറേഷനുകളിലും ബോർഡുകളിലും 10-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) സർക്കാർ ജീവനക്കാർക്കായി 2014-ൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണം കെ.ടി.ഡി.സി.-യിൽ നാളിതുവരെയായും നടപ്പിലാക്കിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കെ.ടി.ഡി.സി.യിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ടൂറിസം വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിലെ സർക്കാർ അംഗീകാരമുള്ള തസ്തികകൾക്ക് 10-ാം ശമ്പളപരിഷ്കരണം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കെ.ടി.ഡി.സി.യിൽ 10-ാം ശമ്പളപരിഷ്കരണം നടപ്പാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യവകുപ്പ് പരിശോധിച്ചുവരികയാണ്. ആയത് ധനകാര്യ വകുപ്പ് അംഗീകരിക്കുന്ന മുറയ്ക്ക് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും പി.ഇ.ബി.-യുടെയും ശിപാർശയോടെ മന്ത്രിസഭ അംഗീകരിച്ചാൽ മാത്രമെ കെ.ടി.ഡി.സി.യിലെ സർക്കാർ അംഗീകാരമുള്ള തസ്തികകൾക്ക് 10-ാം ശമ്പളപരിഷ്കരണം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കാനാകുകയുള്ളൂ.

**തണൽ വിശ്രമ കേന്ദ്രം**

303 (2501) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ കോട്ടയ്ക്ക് സമീപം ബി.ആർ.ഡി.സി.യുടെ കൈവശമുള്ള തണൽ വിശ്രമ കേന്ദ്രം (നിർവ്വാണ ബേക്കൽ) ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രവർത്തിക്കുന്നില്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ;

(സി) ഇവിടെ മുൻപ് ബി.ആർ.ഡി.സി.യുടെ ഓഫീസ് പ്രവർത്തിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) നിലവിൽ ബി.ആർ.ഡി.സി.യുടെ ഓഫീസ് എവിടെയാണ് പ്രവർത്തിക്കുന്നതെന്നും വർഷത്തിൽ എത്ര തുക വാടകയിനത്തിൽ നൽകുന്നുണ്ടെന്നും വിശദമാക്കാമോ;

(ഇ) പൂട്ടിക്കിടക്കുന്ന തണൽ വിശ്രമ കേന്ദ്രത്തിൽ ബി.ആർ.ഡി.സി.യുടെ ഓഫീസ് പ്രവർത്തനം പുനരാരംഭിച്ച് വാടകയിനത്തിൽ നൽകുന്ന അനാവശ്യ ചെലവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് എന്താണ് തടസ്സം എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തണൽ വിശ്രമകേന്ദ്രം ഏപ്രിൽ 2016 മുതൽ പ്രവർത്തിക്കുന്നില്ല. നേരത്തെ ടെണ്ടർ ചെയ്ത് പാട്ടക്കരാർ വ്യവസ്ഥയിൽ നടത്തിവരികയായിരുന്നു.

(ബി) കെട്ടിടത്തിന് നമ്പറില്ലാത്തതിനാൽ നിയമപരമായ ബുദ്ധിമുട്ടുകളുണ്ട്. ആയതിനാൽ പാട്ടത്തിന് എടുത്ത് നട<u>ത്തു</u>വാൻ ഏജൻസികൾ വിമുഖത കാണിക്കുന്നു.

(സി&ഡി) ഇവിടെ മുൻപ് ബി.ആർ.ഡി.സി.യുടെ പ്രോജക്ട് ഓഫീസ് പ്രവർത്തിച്ചിരുന്നു. 2009 മുതൽ ബി.ആർ.ഡി.സി.യുടെ ഏക ഓഫീസ് പാലക്കുന്നിലാണ് പ്രവർത്തിക്കുന്നത്. പ്രതിമാസ വാടക 19,500 രൂപയാണ്.

(ഇ) കെട്ടിട നമ്പറിനുവേണ്ടി പള്ളിക്കര പഞ്ചായത്ത് അധികൃതർക്ക് പുനർ അപേക്ഷ കൊടുത്തിട്ടുണ്ട്. കെട്ടിടത്തിന് നമ്പർ ലഭ്യമാകുന്നമുറയ്ക്ക് പ്രവർത്തന ക്ഷമമാക്കുന്നതാണ്.

## വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ അന്താരാഷ്ട്ര പ്രചരണ പരിപാടി

304 (2502) ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള അന്താരാഷ്ട്ര പ്രചരണ പരിപാടി പ്രകാരം ഏതെല്ലാം രാജ്യങ്ങളിൽ പ്രചരണം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇത്തരം പ്രചാരണത്തിലൂടെ കേരളത്തിന്റെ പാരമ്പര്യവും പൈതൃകവും മറ്റുരാജ്യങ്ങളിൽ എത്തിക്കുവാൻ സാധ്യമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള അന്താരാഷ്ട്ര പ്രചരണ പരിപാടികളുടെ ഭാഗമായി മിഡിൽ ഈസ്റ്റ് രാജ്യങ്ങളായ ഒമാൻ, സൗദി അറേബ്യ, കുവൈറ്റ് എന്നിവിടങ്ങളിലും ദുബായിലും പ്രചരണ പരിപാടികൾ മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ എന്ന പേരിൽ ടൂറിസം വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ ഇന്റർനാഷണൽ മാർക്കറ്റ് ക്യാമ്പയിൻ, ഇന്റർനാഷണൽ ഗ്രാന്റ് ക്യാമ്പയിൻ, പ്രൊമോഷണൽ ക്യാമ്പയിൻ ഇൻ യൂറോപ്പ് (ടെലിവിഷൻ, ഔട്ട് ഓഫ് ഹോം, കേരള ബ്ലോഗ് എക്സ്പ്രസ്സ്, കൺസ്യൂമർ ട്രാവൽ ഇവന്റ്) എന്നിവ വഴി അമേരിക്ക, ആസ്ട്രേലിയ, ന്യൂസിലാന്റ്, സിംഗപ്പൂർ, മലേഷ്യ, യു. കെ., ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളിൽ വിവിധ പ്രചരണപരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിനുപുറമെ മക്കാവു (ചൈന), റഷ്യ, ഇറ്റലി, ജപ്പാൻ, ഫ്രാൻസ്, സിംഗപ്പൂർ, മലേഷ്യ, നെതർലാന്റ്സ്, സ്പെയിൻ, യു.എസ്.എ., ജർമ്മനി, ആസ്ട്രേലിയ, മിഡിൽ

ഈസ്റ്റ് രാജ്യങ്ങൾ, ലണ്ടൻ എന്നിവിടങ്ങളിൽ വിവിധങ്ങളായ ട്രേഡ് ഫെയറുകളിൽ പങ്കെടുത്തും പാർട്ട്ണർഷിപ്പ് മീറ്റുകൾ നേരിട്ട് സംഘടിപ്പിച്ചും വകുപ്പ് കേരള ടൂറിസത്തെ അന്താരാഷ്ട്രതലത്തിൽ പ്രചരിപ്പിച്ച് വരുന്നു.

(ബി) ഇത്തരം പ്രചരണത്തിലൂടെ കേരളത്തിന്റെ പാരമ്പര്യവും പൈതൃകവും മറ്റ് രാജ്യങ്ങളിൽ എത്തിക്കുവാൻ സാധിക്കുന്നുണ്ട്. കേരള ടൂറിസം ട്രേഡ് ഫെയറുകൾ വഴി കേരള ടൂറിസം പാരമ്പര്യവും പൈതൃകവും മറ്റ് രാജ്യങ്ങളിലെ സഞ്ചാരികൾക്ക് പകർന്നുനൽകുവാൻ കഴിയുന്നുണ്ട്. ഇതിനുപുറമെ അന്താരാഷ്ട്ര പ്രചരണ പരിപാടികളിൽ നൽകുന്ന പരസ്യങ്ങളിലും മറ്റും കേരളത്തിന്റെ തനത് പൈതൃകം തന്നെയാണ് വകുപ്പ് അവതരിപ്പിക്കുന്നത്.

## വിനോദ സഞ്ചാരികളുടെ എണ്ണം

305 (2503) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 - 14, 2015 - 16, 2016 - 17 എന്നീ വർഷങ്ങളിൽ സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണം സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ;

(ബി) 2017-ൽ സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ, തൊട്ട് മുൻവർഷത്തെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; പരിഹാര നടപടികൾ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിനോദസഞ്ചാരികളുടെ എണ്ണം കണക്കാക്കുന്നത് കലണ്ടർ വർഷം അടിസ്ഥാനമാക്കിയാണ്. 2017 സെപ്റ്റംബർ വരെയുള്ള കണക്കുകളാണ് വകുപ്പ് ഫൈനലൈസ് ചെയ്തിട്ടുള്ളത്. മുൻവർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | വിദേശ വിനോദസഞ്ചാരികൾ | ആഭ്യന്തര വിനോദ സഞ്ചാരികൾ |
|---|---|---|
| 2013 | 858143 | 10857811 |
| 2014 | 923366 | 11695411 |
| 2015 | 977479 | 12465571 |
| 2016 | 1038419 | 13172535 |
| 2017 (ആദ്യ ഒമ്പത് മാസം) | 769772 | 10260111 |

(ബി) 2017 സെപ്റ്റംബർ വരെയുള്ള കണക്കുകൾ 2016 സെപ്റ്റംബർ വരെയുള്ള കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 11.03%- ഉം വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 4.23%-ഉം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## ടൂറിസം വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി

306 (2504) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കുന്ന പല പദ്ധതികളും പൂർത്തിയാക്കുന്നതിൽ നീണ്ടകാലതാമസം വന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസം കേന്ദ്രങ്ങളിൽ വർഷങ്ങളായി നടത്തി വരുന്ന വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ടൂറിസം കേന്ദ്രങ്ങളിലെ പ്രവൃത്തികൾ കരാർ എടുത്തിരിക്കുന്ന ഏജൻസികൾ വിവിധ കാരണങ്ങൾ നിരത്തി നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി നീട്ടികൊണ്ടുപോകുന്ന പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില പദ്ധതികളിൽ കാലതാമസം വന്നിട്ടുണ്ട്. സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പദ്ധതികൾ എത്രയും വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) ഉന്നത തലത്തിലുള്ള അവലോകനങ്ങളിലൂടെയും മോണിറ്ററിംഗ് കമ്മിറ്റി മുഖേനയും ജില്ലാ ഓഫീസ് ഡി.ടി.പി.സി. ഓഫീസുകളിൽ നിന്നുള്ള പരിശോധനയിലൂടെയും വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ജീവനക്കാരുടെ വേതനം

307 (2505) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ജീവനക്കാർക്ക് വേതനം നൽകിവരുന്നത് ഏത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 56/2017/ധന. തീയതി 28-4-2017 പ്രകാരം നിശ്ചയിച്ച അടിസ്ഥാനവേതനം ലഭിക്കേണ്ടവരുടെ പട്ടികയിൽ ഡി.ടി.പി.സി. ജീവനക്കാരും ഉൾപ്പെടുന്നുണ്ടോ;

(സി) പ്രസ്തുത ഉത്തരവനുസരിച്ചുള്ള വേതന പരിഷ്കരണം ഡി.ടി.പി.സി. ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ജില്ലാ കളക്ടർ ചെയർമാനും ജനപ്രതിനിധികളും മറ്റ് അംഗങ്ങളായുള്ള സമിതിക്കാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നിയന്ത്രണ ചുമതല. ഡി.ടി.പി.സി.കളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ജീവനക്കാർക്ക് വേതനം നിശ്ചയിക്കുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ വേതനം അതത് ഡി.ടി.പി.സി.കൾ നിശ്ചയിച്ചുവരുന്നത്.

(ബി & സി) ഇല്ല.

**ടൂറിസം മേഖലയുടെ ഉന്നമനത്തിനായി പദ്ധതികൾ**

308 (2506) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യനയം തിരുത്തിയെങ്കിലും ടൂറിസം മേഖലയെ പ്രതീക്ഷിച്ച വളർച്ചയിലേക്കെത്തിക്കാൻ ടൂറിസം വകുപ്പിനായില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം ഇതേ കാലയളവിലുണ്ടായ വളർച്ചാനിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ വർഷമുണ്ടായ കുറവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിദേശസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായ കുറവുണ്ടായെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിദേശസഞ്ചാരികളെയും ആഭ്യന്തര സഞ്ചാരികളെയും ഒരുപോലെ ടൂറിസം രംഗത്തേക്കാകർഷിക്കാൻ പുതിയ ടൂറിസം നയത്തിൽ ലക്ഷ്യമിടുന്നത് എന്തൊക്കെ പദ്ധതികളാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 സെപ്റ്റംബർ വരെ കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ കണക്കുകൾ മാത്രമാണ് ഫൈനലൈസ് ചെയ്തിട്ടുള്ളത്. 2017 ജൂൺ മാസമാണ് പുതിയ മദ്യനയം നിലവിൽ വന്നത്. അതിനുശേഷം 2017 ജൂൺ, ജൂലൈ മാസങ്ങളിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ജി.എസ്.ടി. നിലവിൽ വന്നശേഷം ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ആഭ്യന്തര വിദേശ വിനോദസഞ്ചാരികളുടെ വളർച്ചാ നിരക്ക് കുറയുകയുണ്ടായിട്ടുണ്ട്. എന്നാൽ ചില മാസങ്ങളിൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മൊത്തത്തിൽ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) 2017 സെപ്റ്റംബർ വരെയുള്ള കണക്കുകളാണ് വകുപ്പ് ഫൈനലൈസ് ചെയ്തിട്ടുള്ളത്. 2017 സെപ്റ്റംബർ വരെയുള്ള കണക്കുകൾ 2016 സെപ്റ്റംബർ വരെയുള്ള കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 11.03 ശതമാനവും വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 4.23 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) 2017 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിദേശസഞ്ചാരികളുടെ എണ്ണം മുൻവർഷത്തേക്കാൾ കുറവാണ്.

(ഡി) വിദേശസഞ്ചാരികളെയും ആഭ്യന്തര സഞ്ചാരികളെയും ഒരുപോലെ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനായി ലക്ഷ്യമിടുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്:

- ബ്രാൻഡ് അംബാസിഡറെ നിയമിക്കുക
- പുത്തൻ വിപണന തന്ത്രങ്ങളുമായി രാജ്യത്തിന് അകത്തും പുറത്തുമുള്ള പ്രചരണം
- പ്രധാന കമ്പോള സ്രോതസ്സുകളിൽ നിന്നും വിപണി ശക്തിപ്പെടുത്തൽ
- ആഗോളതലത്തിൽ നിരീക്ഷണവും പ്രചരണപരിപാടികളും സംഘടിപ്പിക്കും
- ഡിജിറ്റൽ സംവിധാനങ്ങളിലൂടെ വിപണി ശക്തിപ്പെടുത്തുവാനുള്ള നടപടികൾ

- പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി ആവിഷ്കരിക്കൽ
- പൊതുസ്വകാര്യമേഖലയുടെ സഹകരണം ഉറപ്പുവരുത്തുക
- കേരള ടൂറിസം മാർട്ടിന് ധനസഹായം
- സ്വകാര്യമേഖലയ്ക്ക് പ്രോത്സാഹനം
- ടൂറിസം വെബ്സൈറ്റ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തൽ
- ചെറുകിട ഇടത്തരക്കാർക്ക് ഒരു പൊതു പ്ലാറ്റ്ഫോം സൃഷ്ടിക്കുക.
- കേരളത്തിന്റെ ആഗോള ബ്രാന്റ് ശക്തിപ്പെടുത്തുക.

**ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ**

309 (2507) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷന്റെ കൈവശം എത്ര റിസോർട്ട് സൈറ്റുകളാണുള്ളത്;

(ബി) ഇത് ആർക്കൊക്കെയാണ് ലീസിന് കൊടുത്തിട്ടുള്ളത്; ലീസ് തുകയും നാളിതുവരെ കുടിശ്ശികയായ തുകയും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(സി) ഇതിൽ എത്ര റിസോർട്ടുകളാണ് പണി പൂർത്തിയാക്കി പ്രവർത്തന സജ്ജമായിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രവർത്തനസജ്ജമാകാത്ത എത്ര റിസോർട്ടുകളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ലീസ് അടക്കാതെയും പ്രവർത്തനം സജ്ജമാക്കാത്തതുമായ റിസോർട്ട് സൈറ്റുകൾ ബന്ധപ്പെട്ടവരിൽ നിന്ന് തിരിച്ചു വാങ്ങി പുതിയ ഉടമസ്ഥർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ കൈവശം ആറ് റിസോർട്ട് സൈറ്റുകളാണുള്ളത്.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സൈറ്റ് നമ്പർ | റിസോർട്ട് | പ്രതിവർഷ പാട്ടതുക (രൂപ) | കുടിശ്ശിക (രൂപ) |
|---|---|---|---|
| 1 | ജോയ്സ് എന്റർപ്രൈസസ് | 34,00,000 | 253 ലക്ഷം |
| 2 | ഗ്രീൻഗേറ്റ് വേ ലിഷർ ലിമിറ്റഡ് | 92,01,211 | 519 ലക്ഷം |
| 3 | ഗ്ലോബ് ലിങ്ക് ഹോട്ടൽസ് ആന്റ് എന്റർടൈൻമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | 44,70,165 | 244 ലക്ഷം |
| 4 | ഖന്ന ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് | 69,72,797 | ഇല്ല |
| 5 | ഭാരത് ഹോട്ടൽസ് ലിമിറ്റഡ് | 70,68,936 | 91 ലക്ഷം |
| 6 | ഹോളിഡേ ബേക്കൽ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | 73,16,128 | 264 ലക്ഷം |

(സി) വിവാന്താ ബൈ താജ് ബേക്കൽ, ലളിത് റിസോർട്ട്സ് ആന്റ് സ്പാ ബേക്കൽ എന്നീ 2 റിസോർട്ടുകൾ നിലവിൽ പ്രവർത്തനസജ്ജമായിട്ടുണ്ട്. പ്രസ്തുത റിസോർട്ടുകൾ യഥാക്രമം ഖന്ന ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, മുംബൈ, ഭാരത് ഹോട്ടൽസ് ലിമിറ്റഡ് , ന്യൂഡൽഹി എന്നിവർക്കാണ് ലീസിന് നൽകിയിട്ടുള്ളത്.

(ഡി) പ്രവർത്തനസജ്ജമാകാത്ത മൂന്ന് റിസോർട്ടുകളാണ് നിലവിലുള്ളത്. കൂടാതെ സൈറ്റ് നമ്പർ 1 നൽകിയിട്ടുള്ള ജോയ്സ് എന്റർപ്രൈസസ് നിർമ്മാണ പ്രവർത്തനം നടത്തുന്നിടത്ത് തീരദേശ പരിപാലന നിയമപ്രകാരം സ്ഥലലഭ്യത കുറവായതിനാൽ സ്ഥലം തിരിച്ച് ബി.ആർ.ഡി.സി.-ക്ക് കൈമാറിയിട്ടുണ്ട്.

(ഇ) റിസോർട്ട് നിർമ്മാതാക്കളുമായി 29-11-2018-ൽ ബി.ആർ.ഡി.സി. ചേർന്ന യോഗത്തിൽ ഗ്രീൻഗേറ്റ് വേ ലിഷർ ലിമിറ്റഡ്, ഗ്ലോബ് ലിങ്ക് ഹോട്ടൽസ് ആന്റ് എന്റർടൈൻമെന്റ്സ് പ്രൈ ലിമിറ്റഡ് എന്നിവയുടെ പ്രതിനിധികൾ പങ്കെടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെതന്നെ പുനരാരംഭിക്കുന്നതിനും പാട്ടകുടിശ്ശിക തീർക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഹോളിഡേ ബേക്കൽ റിസോർട്ട്സ് പ്രൈ. ലിമിറ്റഡിന്റെ പ്രതിനിധി ടി യോഗത്തിൽ പങ്കെടുത്തിരുന്നില്ല.

## സ്വദേശി ദർശൻ പദ്ധതി

310 (2508) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച സ്വദേശി ദർശൻ പദ്ധതി കേരളത്തിൽ എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ട് എന്നത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

കേന്ദ്രസർക്കാർ ആവിഷ്കരിച്ച സ്വദേശി ദർശൻ പദ്ധതി കേരളത്തിൽ നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി ജില്ലകളിലായി താഴെ പറയുന്ന പദ്ധതികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു:

1. ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട ഗവി-വാഗമൺ-തേക്കടിയുടെ വികസനത്തിനായി 9921.87 ലക്ഷം രൂപ

2. സ്പിരിച്വൽ ടൂറിസം സർക്യൂട്ടുകളായ

(a) ശബരിമല വികസന (എരുമേലി-പമ്പ സന്നിധാനം)ത്തിനായി 9998.92 ലക്ഷം രൂപ

(b) ശ്രീപത്മനാഭസ്വാമി ക്ഷേത്രം-ആറന്മുള-ശബരിമല വികസനത്തിനായി 9244.26 ലക്ഷം രൂപ

## ഗ്രീൻ കാർപ്പെറ്റ് പദ്ധതി

311 (2509) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ തൃക്കാക്കര നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തൃക്കാക്കര നിയോജകമണ്ഡലത്തിലെ കടമ്പ്രയാർ പദ്ധതി, ഇതിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി) പരിശോധിക്കാവുന്നതാണ്.

**മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറി**

312 (2510) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിൽ കുരികുളം എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയുമായി ബന്ധപ്പെട്ടുള്ള ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുമോ;

(ബി) ടൂറിസ്റ്റുകൾ ഏറെ വരുന്ന പ്രസ്തുത വിനോദസഞ്ചാര മേഖലയെ ഭൂതത്താൻകെട്ടിൽ പ്രവർത്തിക്കുന്ന ഹാച്ചറിയുമായി ബന്ധപ്പെടുത്തി ശുദ്ധജല മത്സ്യങ്ങളുടെ ഫിഷ് പാർക്കും, അലങ്കാര മത്സ്യങ്ങളുടെ അക്വേറിയവും ബോട്ടിംഗും ഉൾപ്പെടെയുള്ള ടൂറിസം പദ്ധതികൾ ഫിഷറീസ് വകുപ്പുമായി ചേർന്ന് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിൽ കുരികുളം എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയുമായി ബന്ധപ്പെട്ടിട്ടുള്ള ടൂറിസം സാധ്യതകളെക്കുറിച്ച് പരിശോധിച്ച് ആവശ്യമെന്ന് കാണുന്നപക്ഷം പരിഗണിക്കാവുന്നതാണ്.

(ബി) നിലവിൽ പരിഗണനയിലില്ല.

**തീർത്ഥാടന ടൂറിസം**

313 (2511) ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന ടൂറിസം വ്യാപകമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽനിന്നും സഹായം ലഭിച്ചിട്ടുണ്ടോ;

(സി) മുസ്ലിം-ക്രിസ്ത്യൻ-ഹിന്ദു തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീർത്ഥാടന ടൂറിസം വ്യാപകമാക്കുന്നത് സംബന്ധിച്ച് നിലവിൽ സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്കീമുകളായ സ്വദേശ് ദർശൻ പ്രസാദ് സ്കീമുകളിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന് ലഭിച്ച പദ്ധതികൾ പുരോഗമിച്ചുവരികയാണ്. നിലവിൽ തീർത്ഥാടന ടൂറിസം ലക്ഷ്യമാക്കി ശ്രീനാരായണഗുരു പിൽഗ്രിം സർക്യൂട്ടിനായി 302 കോടി രൂപയുടെയും കാലടി മലയാറ്റൂർ പിൽഗ്രിം സർക്യൂട്ടിനായി 5,92,17,160 രൂപയുടെയും കൺസപ്റ്റ് നോട്ട് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഏറെ പ്രശസ്തമായ ആരാധനാലയങ്ങളായ ചെട്ടിക്കുളങ്ങര, ഓച്ചിറ, ഹരിപ്പാട്, മണ്ണാറശ്ശാല, മാവേലിക്കര അടക്കമുള്ളവ ഉൾപ്പെടുത്തി ഒരു പിൽഗ്രിം ടൂറിസം സർക്യൂട്ടിനും കോട്ടയം-എറണാകുളം-തൃശ്ശൂർ ജില്ലകളിലെ വ്യത്യസ്തങ്ങളായ ആരാധനാലയങ്ങളെ (മുസ്ലിം-ക്രിസ്ത്യൻ) ബന്ധിപ്പിച്ച് ഒരു പിൽഗ്രിം ടൂറിസം സർക്യൂട്ടിനുമുള്ള പ്രോപ്പോസലും കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കേന്ദ്ര ടൂറിസം മന്ത്രാലയം ആവിഷ്കരിച്ചുവരുന്ന സ്വദേശ് ദർശൻ സ്കീമിന്റെ ഭാഗമായ സ്പിരിച്വൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല (എരുമേലി-പമ്പ-സന്നിധാനം) വികസനത്തിനായി 9998.92 ലക്ഷം രൂപയും ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ആറന്മുള-ശബരിമല വികസനത്തിനായി 9244.26 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി 4614.20 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല. എന്നാൽ കോട്ടയം-എറണാകുളം-തൃശ്ശൂർ ജില്ലകളിലെ മുസ്ലിം-ക്രിസ്ത്യൻ ആരാധനാലയങ്ങളെ ബന്ധിപ്പിച്ച് ഒരു പിൽഗ്രിം ടൂറിസം സർക്യൂട്ടിനുള്ള പ്രോപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## വിനോദസഞ്ചാരവകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ

314 (2512) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെ യാണെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ തെരഞ്ഞെടുക്കുന്ന സ്ഥലങ്ങൾ നിർണ്ണയിക്കുന്നതും പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതും ആരാണെന്ന് വെളിപ്പെടു ത്താമോ;

(സി) ഇത്തരം പ്രൊപ്പോസലുകൾ തയ്യാറാക്കാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് മണ്ഡലംതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിനോദസഞ്ചാര വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(ബി) ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ടുമാരും സർക്കാർ വകുപ്പുകളുമാണ് ടൂറിസം വകുപ്പിനുവേണ്ടി പ്രൊപ്പോസലുകൾ തയ്യാറാക്കുന്നത്. ഇതിനായി അനുയോജ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നത് ജനപ്രതിനിധികൾ, ഡി.ടി.പി.സി.കൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരാണ്.

(സി) പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം പൊതുജനത്തിന് പ്രവേശനത്തിന് ഉറപ്പാക്കുന്നതാകണം. ഇതിനായി ടൂറിസം വകുപ്പിനോ ഡി.ടി.പി.സി.ക്കോ ഉപയോഗിക്കാനായി അനുമതി ലഭ്യമാക്കണം. അല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പിന്റെ സ്ഥലമാണെങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉപയോഗാനുമതി ലഭിച്ചിരിക്കണം.

(ഡി) വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ടൂറിസത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

315 (2513) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്കുള്ള വിദേശ ടൂറിസ്റ്റുകളുടെ വരവ് ഗണ്യമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശ ടൂറിസ്റ്റുകൾ കുറയാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേരളത്തിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഈ രംഗത്തെ തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുന്നതിനായി ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2017 സെപ്റ്റംബർ വരെയുള്ള കണക്കുകൾക്ക് അന്ത്യരൂപം നൽകിയപ്പോൾ മുൻവർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 4.23 % വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) കേരളത്തിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഈ രംഗത്തെ തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുന്നതിനായി ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

## വയനാട് ജില്ലയിലെ ടൂറിസം പദ്ധതികൾ

316 (2514) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിനുകീഴിൽ വയനാട് ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടന്നു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളിൽനിന്നും 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സർക്കാരിന് ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) വയനാട് ചുരത്തിലൂടെ റോപ്പ് വേ, കേബിൾ കാർ തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള പദ്ധതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ പരിഗണനയിലില്ല.

**വയനാട് ജില്ലയിലെ ടൂറിസ്റ്റുകൾ**

317 (2515) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ വർഷം സന്ദർശനം നടത്തിയ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം ലഭ്യമാക്കാമോ;

(ബി) വയനാട് ജില്ലയിൽ കഴിഞ്ഞ വർഷം സന്ദർശനം നടത്തിയ വിദേശ ടൂറിസ്റ്റുകളുടെ കണക്ക് ലഭ്യമാക്കാമോ;

(സി) വയനാട് ജില്ലയുടെ ടൂറിസം സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിലേക്കായി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) 2017 സെപ്റ്റംബർ വരെയുള്ള കണക്കുകൾക്കാണ് വകുപ്പ് അന്തിമരൂപം കൊടുത്തിട്ടുള്ളത്. 2017 സെപ്റ്റംബർ വരെ വയനാട് സന്ദർശിച്ച ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ എണ്ണം യഥാക്രമം 596570-ഉം 6891-ഉം ആണ്.

(സി) വയനാടിന്റെ ടൂറിസം സാധ്യത പരമാവധി പ്രയോജനപ്പെടുത്തി പരിസ്ഥിതി സൗഹൃദമായ പദ്ധതികളാണ് വകുപ്പ് ആവിഷ്ക്കരിച്ച് വരുന്നത്. ജില്ലയിലെ നിലവിലെ ടൂറിസം പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ടൂറിസം അടിസ്ഥാന സൗകര്യ വികസനം

318 (2516) ശ്രീ. അനിൽ അക്കര :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസത്തിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) അന്തർദ്ദേശീയ വിനോദസഞ്ചാര പ്രോഡക്ടായി സ്പൈസസ് റൂട്ട് സർക്യൂട്ട് ആവിഷ്കരിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ടൂറിസം വകുപ്പ് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഒറ്റയ്ക്ക് വരുന്ന വനിതാ ടൂറിസ്റ്റുകൾക്ക് സംരക്ഷണം ഉറപ്പുവരുത്തുവാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ;

(ഇ) അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തേക്കുള്ള വിനോദ സഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെന്തെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. വകുപ്പ് നേരിട്ടും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും സ്വകാര്യ സംരംഭകരിലൂടെയുമാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഇത്തരത്തിൽപ്പെട്ട പ്രധാന നടപടികൾ താഴെ പറയുന്നവയാണ്:

- പ്രധാന തീർത്ഥാടന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കേന്ദ്ര ടൂറിസം മന്ത്രാലയം വിഭാവന ചെയ്തിട്ടുള്ള പ്രസാദ് പദ്ധതിയിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തി ;
- പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്കും പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള ടൂറിസം പദ്ധതികൾക്കും കൂടുതൽ പ്രാധാന്യം നൽകുന്നു ;

- അടിസ്ഥാന സൗകര്യവികസനത്തിനും വിപണനതന്ത്രത്തിലും പ്രത്യേകം ശ്രദ്ധയും ഊന്നലും നൽകുന്നു ;

- കിഫ്ബിയുടെ ധനസഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. മലബാറിന്റെ ടൂറിസം വികസനത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കി വരുന്നു ;

- വടക്കൻ കേരളത്തിലെ ജലാശയങ്ങളും ഇവിടത്തെ കലാരൂപങ്ങളും പ്രകൃതിവിഭവങ്ങളും പരിചയപ്പെടുത്തുന്നതിനുള്ള നദീതട ടൂറിസം പദ്ധതി പരിഗണനയിലുണ്ട്. ഇതിന്റെ ഭാഗമായി കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് മുന്നൂറ്റി ഇരുപത്തിയഞ്ച് കോടി രൂപയുടെ മലനാട് മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട് എന്ന പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാര ത്തിനായി സമർപ്പിച്ചിട്ടുണ്ട് ;

- ധർമ്മടം-മുഴപ്പിലങ്ങാട്-കണ്ണൂർ - വയനാട് -കക്കയം- പെരുവണ്ണാമൂഴി -കാപ്പാട്- ഇരിങ്ങൽ -വടകര, നിള, നെല്ലിയാമ്പതി, പീച്ചി -വാഴാനി, ചിമ്മിനി, കാലടി-മലയാറ്റൂർ- അതിരപ്പിള്ളി, പീരുമേട്-കുട്ടിക്കാനം-വാഗമൺ-ഇടുക്കി, അഷ്ടമുടി-കഠിനംകുളം-വർക്കല, കാപ്പിൽ-നെയ്യാർ-പേപ്പാറ-പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതാണ് ;

- ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിനായി പ്രത്യേക മിഷൻ രൂപീകരിച്ചു;

- പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി ബോധവത്കരണ പ്രവർത്തനങ്ങളും ടൂറിസം മേഖലയുമായി ബന്ധപ്പെട്ടുള്ള മറ്റ് പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു;

- ബേക്കലിൽ എയർസ്ട്രിപ്പിന് നടപടിയും വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനും തുടക്കം കുറിച്ചുകഴിഞ്ഞിട്ടുണ്ട്;

- ടൂറിസം സെന്ററുകളിലെ വികസനത്തിനായി നിലവിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പിലാക്കു ന്നതിനുമായി ഇതര വകുപ്പുകളുടെ ഏകോപനത്തിനായി ഉന്നതതല സമിതി രൂപീകരണത്തിന് നടപടികൾ സ്വീകരിക്കുന്നതാണ്;

- ഡി.റ്റി.പി.സി.കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും ശാസ്ത്രീയമായ പുന:സംഘടനയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്;

- ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ദീർഘകാല കരാർ പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ട്;

- ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തി;

- പൈതൃക ഗ്രാമ സംരക്ഷണമെന്ന നിലയിൽ ബാലരാമപുരം, മാന്നാർ, ആറൻമുള, ചെറുതുരുത്തി, പയ്യന്നൂർ, മുത്തങ്ങ തുടങ്ങിയ പത്ത് കേന്ദ്രങ്ങളെ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

- ഹൗസ്ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

- മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്;

- സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതിയിൽ ഭിന്നശേഷിക്കാർക്കുകൂടി സൗകര്യപ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ ബാരിയർ ഫ്രീ ടൂറിസം എന്ന പദ്ധതി തുടങ്ങുകയും ചെയ്തിട്ടുണ്ട്;

- സംസ്ഥാന സർക്കാർ ആഭിമുഖ്യത്തിലും കേന്ദ്രസർക്കാർ ധനസഹായത്തോടെയും തീർത്ഥാടന പൈതൃക ടൂറിസം പദ്ധതി ആവിഷ്ക്കരിക്കുന്നതിനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. ശ്രീപത്മനാഭ സ്വാമിക്ഷേത്രം, ഗുരുവായൂർ, ശബരിമല, ആറന്മുള എന്നീ കേന്ദ്രങ്ങളെയാണ് ഇപ്രകാരം വികസിപ്പിക്കുന്നത്. പൈതൃകം നിലനിർത്തിക്കൊണ്ടുള്ള രീതിയിലായിരിക്കും വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്.

(ബി) ഇത്തരത്തിൽ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(സി) ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലൈഫ് ഗാർഡുകളുടെയും ടൂറിസം പോലീസിന്റെയും സേവനം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ശ്രദ്ധ വേണ്ടിവരുന്ന മേഖലകളിൽ പരിശോധിച്ച്

ആവശ്യമായ ശ്രദ്ധ നൽകുന്നതാണ്. പ്രധാനപ്പെട്ട ബീച്ചുകളിലും കായൽമേഖലകളിലും സഞ്ചാരികൾക്ക് ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ലൈഫ് ഗാർഡുകൾ, ടൂറിസം, പോലീസ് എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പാക്കിവരുന്നു.

(ഡി) പരിശോധിക്കാവുന്നതാണ്.

(ഇ) നിലവിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തൽ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള സംരംഭങ്ങൾ, ടൂറിസം കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തൽ എന്നിവയും രാജ്യത്തിനകത്തും വിദേശത്തുമുള്ള വിവിധ വിപണന മേളകളിലും റോഡ് ഷോകളിലും പങ്കെടുക്കൽ, ഇവ സംഘടിപ്പിക്കൽ, നവ മാധ്യമങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയുള്ള പരസ്യ പ്രചരണം എന്നിവയിലൂടെ വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ചേലക്കര നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

319 (2517) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ:

(ബി) നിലവിൽ എന്തെല്ലാം പദ്ധതികളാണ് ചേലക്കര മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ടി പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ പരിശോധിച്ച് അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്.

(ബി) 1. നിള ഹെറിറ്റേജ് ടൂറിസം സർക്യൂട്ട്

2. മാംഗോ ഫാം ഹെർബേറിയം, മാന്തോപ്പ് തിരുവില്വാമല ഇവ പൂർത്തീകരിച്ചിട്ടുണ്ട്.

## ആഭ്യന്തര ടൂറിസം വികസനം

320 (2518) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആഭ്യന്തര ടൂറിസം വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പ് രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന നാഷണൽ ട്രേഡ് ഫെയറുകളിൽ പങ്കെടുത്ത് കേരള ടൂറിസത്തിന്റെ പ്രചരണം നടത്തുന്നുണ്ട്. 2017-18 വർഷം രാജ്യത്തെ 27 പ്രധാന നഗരങ്ങളിൽ ട്രേഡ് ഫെയറുകളിൽ വകുപ്പ് പങ്കെടുത്തു. ഇതിനുപുറമെ രാജ്യത്തെ പ്രധാന പട്ടണങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകളും റോഡ് ഷോകളും സംഘടിപ്പിച്ചുവരുന്നു. ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ, നാഷണൽ മീഡിയ ക്യാമ്പയിൻ, നാഷണൽ റേഡിയോ ക്യാമ്പയിൻ, ബ്രാന്റ് ആന്റ് ടാക്റ്റിക്കൽ ക്യാമ്പയിൻ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. രാജ്യത്തെ വിവിധ മാഗസിനുകളിലും പത്രങ്ങളിലും കേരള ടൂറിസം പരസ്യ പ്രചരണത്തിന്റെ ഭാഗമായി പരസ്യങ്ങൾ നൽകി വരുന്നുണ്ട്. ഓൺലൈൻ ടൂറിസം പ്രൊമോഷൻ/ MICE ടൂറിസം/ഹോളിഡേ ഐക്യ എന്നിവയും ആഭ്യന്തര ടൂറിസം പ്രചരണം ലക്ഷ്യമാക്കിയാണ് സംഘടിപ്പിക്കുന്നത്. കൊച്ചി മുസിരിസ് ബിനാലെ പോലെയുള്ള പരിപാടികളിൽ വിനോദസഞ്ചാര വകുപ്പ് മികച്ച രീതിയിൽ പ്രചരണം സംഘടിപ്പിക്കാറുണ്ട്. മാത്രമല്ല ഓണം/നിശാഗന്ധി ഉത്സവം തുടങ്ങിയ കേരളത്തിലെ തനത് ഉത്സവങ്ങളെ ദേശീയതലത്തിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിപാടികളും ആഭ്യന്തര ടൂറിസം പ്രോത്സാഹനത്തിനായി സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമെ കേരളത്തിലെ വിവിധ ഡെസ്റ്റിനേഷനുകൾ കണ്ടിരിക്കേണ്ടതിനായി മലബാർ മേഖല ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ പ്രത്യേക ടൂറിസം പ്രൊമോഷൻ നൽകി പരിപാടികൾ അവതരിപ്പിക്കാറുണ്ട്. പുതിയ രീതിയുള്ള അഡ്വഞ്ചർ ടൂറിസം, ഉത്തരവാദിത്ത ടൂറിസം എന്നിവയിലെ മികച്ച പ്രചരണവും ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമാണ്.

## ആലത്തൂർ മണ്ഡലത്തിൽ ആവിഷ്കരിച്ചിട്ടുള്ള ടൂറിസം പദ്ധതികൾ

321 (2519) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ടൂറിസം രംഗത്ത് നിലവിലെ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മംഗലം ഡാം സൗന്ദര്യവത്കരണ പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി നിർവ്വഹണ ഏജൻസി പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ്.

(ബി) പദ്ധതി നിർവ്വഹണ ഏജൻസിയായ പാലക്കാട് ഡി.റ്റി.പി.സി.-ക്ക് ആദ്യഗഡുവായി ഭരണാനുമതിയുടെ അമ്പത് ശതമാനം തുക നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**പൊഴിയൂരിലെ ടൂറിസം പദ്ധതി**

322 (2520) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂരിൽ പ്രകൃതിരമണീയമായ നെയ്യാറിന്റെ സംഗമ സ്ഥലത്ത് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് നിലവിൽ ടൂറിസ്റ്റുകൾ ധാരാളം എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുളത്തൂർ പഞ്ചായത്തിലെ ആറ്റുപുറം മുതൽ പൊഴിയൂർ വരെ ടൂറിസ്റ്റുകളുമായി സവാരി നടത്തുന്ന എത്ര സ്വകാര്യ ബോട്ടുകൾ ടൂറിസത്തിൽ (ഡി.റ്റി.പി.സി-റ്റി.വി.എം) രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ആറ്റുപുറം മുതൽ പൊഴിയൂർ വരെ ബോട്ട് സവാരിക്ക് ദിനംപ്രതി എത്ര ടൂറിസ്റ്റുകൾ എത്തുന്നുണ്ടെന്ന് വിശദമാക്കാമോ;

(ഇ) പൊഴിയൂരിൽ വർദ്ധിച്ചുവരുന്ന ടൂറിസ്റ്റുകളുടെ എണ്ണം പരിഗണിച്ച് ഡി.റ്റി.പി.സി വഴി പുതിയ ടൂറിസ്റ്റ് പദ്ധതി നടപ്പിൽവരുത്താൻ നടപടി സ്വീകരിക്കാമോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള പ്രവർത്തനം ആണ് നടത്തുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) തദ്ദേശവാസികൾ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നാളിതുവരെ ബോട്ടുകളൊന്നും തന്നെ ഡി.റ്റി.പി.സി.യിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) അപ്രകാരം ഒരു പഠനം വകുപ്പ് നടത്തിയിട്ടില്ല.

(ഇ) പ്രായോഗികത വിലയിരുത്തിയശേഷം ഇക്കാര്യം സംബന്ധിച്ച് സാധ്യത പരിശോധിക്കേണ്ടതുണ്ട്.

### ശാസ്താംപാറ ടൂറിസം വികസനം

323 (2521) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറ ടൂറിസം വികസനത്തിനായി പ്രഖ്യാപിച്ച പദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറായിട്ടുണ്ടോ; എത്ര തുകയാണ് ഇതിനായി അനുവദിക്കപ്പെട്ടിട്ടുള്ളത്; ആയതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നു. ബന്ധപ്പെട്ട ഏജൻസികളിൽ നിന്നുമുള്ള അനുമതി രേഖകൾ കൂടി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

### പള്ളിക്കൽ ഇളമ്പ്രക്കോട് ഇക്കോ ടൂറിസം സർക്യൂട്ട്

324 (2522) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല, പള്ളിക്കൽ ഇളമ്പ്രക്കോടിനെ ഇക്കോ ടൂറിസം സർക്യൂട്ടാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്തെ ഇക്കോ ടൂറിസം സർക്യൂട്ടാക്കി മാറ്റുന്നതിനുള്ള ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ;

(സി) പള്ളിക്കൽ ഇളമ്പ്രക്കോട്, ഇക്കോ ടൂറിസം സർക്യൂട്ടാക്കിമാറ്റുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) നിലവിൽ നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

(സി) ഇല്ല.

## ഉത്തരവാദിത്ത ടൂറിസം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ

325 (2523) ശ്രീ. പി. വി. അൻവർ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ടൂറിസം മേഖലയിൽ ഉത്തരവാദിത്ത ടൂറിസം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് എന്തെല്ലാം തൊഴിൽ സാധ്യതകളാണ് വിനോദസഞ്ചാര മേഖലയിൽ കണ്ടെത്താൻ സാധിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രവാസികളുടെയും താത്പര്യമുള്ള സംരംഭകരുടെയും സഹായത്തോടെ പ്രസ്തുത മേഖലയിൽ മുന്നേറ്റം കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രദേശവാസികൾക്ക് വരുമാനദായകമായ തൊഴിലും വികസനവും ഉറപ്പുവരുത്തുന്ന തരത്തിൽ വിനോദസഞ്ചാരവികസനം സാധ്യമാക്കുമെന്ന വിനോദസഞ്ചാര നയത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്ന പ്രധാന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. പ്രസ്തുത പദ്ധതിയുടെ സ്ഥിരവും സ്ഥായിയും ഫലപ്രദവുമായ നിർവ്വഹണത്തിനായി സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ ഇപ്പോൾ ടൂറിസം ഡയറക്ടറേറ്റിലും ജില്ല/ഡെസ്റ്റിനേഷൻ ഓഫീസുകളിലും വിവിധ ജില്ലകളിലുമായി പ്രവർത്തിച്ചുവരുന്നു. ഫെബ്രുവരി മാസത്തോടെ ജില്ലകളിലെ മിഷൻ ജീവനക്കാരുടെ നിയമന നടപടിക്രമങ്ങൾ പൂർത്തിയാകും. ജനകീയവും ഉത്തരവാദിത്ത പൂർണ്ണവും സുസ്ഥിരവുമായ ടൂറിസം

വികസനമെന്ന കാഴ്ചപ്പാടിലേയ്ക്ക് നാടിനെ നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ചുരുക്കം ചില കേന്ദ്രങ്ങളിൽ മാത്രമായി നടന്നുവന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഇതുവഴി ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശവാസികൾക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി അഞ്ച് വർഷംകൊണ്ട് ഒരുലക്ഷം പേർക്ക് കൃഷി, ഉത്പാദനം, വിപണനം, പരമ്പരാഗത ഉത്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉത്പാദന വിപണനം, സുവനീർ ഉത്പാദന വിപണനം, ആക്സസിബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണ വിപണനം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും, ഉൽപ്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്ത ടൂറിസം നെറ്റ്‌വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിലെ തൊഴിൽ ലഭ്യമാക്കുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി എന്നിവയ്ക്കായുള്ള മൊബൈൽ ആപ്പുകൾ, ഓൺലൈൻ പ്ലാറ്റ് ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കും. വ്യാപകമായ അവബോധ ശിൽപ്പശാലകളും ജനകീയ പങ്കാളിത്തത്തോടെയുള്ള ടൂറിസം ആസൂത്രണത്തിനായുള്ള പ്രവർത്തനങ്ങളും രൂപപ്പെടുത്തുക എന്നത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങളാണ്. മാനവവിഭവശേഷി വികസിപ്പിക്കുന്നതിനായി കുറഞ്ഞത് അമ്പതിനായിരം പേർക്ക് തൊഴിൽ പരിശീലനം നൽകാനും മിഷന് ചുമതലയുണ്ട്. ടൂറിസം കേന്ദ്രങ്ങളെ മാലിന്യവിമുക്ത കേന്ദ്രങ്ങളാക്കാനും സ്കൂൾതലം മുതൽ ഉത്തരവാദിത്ത പൂർണ്ണമായ ടൂറിസം സംസ്കാരം വളർത്തിക്കൊണ്ട് വരുന്നതിനുമായി ടൂറിസം ക്ലബ്ബുകൾ ആരംഭിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ ലക്ഷ്യമിടുന്നു. എല്ലാ ടൂറിസം അക്കോമഡേഷൻ യൂണിറ്റുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പാക്കുക, ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി കേരളത്തെ മാറ്റുക, ഹോംസ്റ്റേ, ഫാം സ്റ്റേ എന്നിവ പ്രോത്സാഹിപ്പിക്കുക, പ്രാദേശിക ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം ചെയ്യാൻ സൗകര്യം ഒരുക്കുക, ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട യാത്രാനുഭവങ്ങൾ സമ്മാനിക്കാൻ കഴിയുംവിധം നൂതനമായ ടൂർ പാക്കേജുകൾ തയ്യാറാക്കി വിപണനം നടത്തുക, ഗ്രാമീണ ടൂറിസം പ്രോത്സാഹിപ്പിക്കുക, കല, സംസ്കാരം, പൈതൃകം, നാടൻ കളികൾ എന്നിവയെ ടൂറിസത്തിലൂടെ പ്രചരിപ്പിച്ച് സംരക്ഷിക്കുക, പാർശ്വവൽകൃത ജനവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വനിതകൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുക, പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്നിവയെല്ലാം ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യങ്ങളാണ്.

(ബി) സംരംഭകത്വം, ടൂറിസം അനുബന്ധ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, സംഭരണം, വിപണനം, ടൂറിസം, വ്യവസായ സ്ഥാപനങ്ങളിലെ നേരിട്ടുള്ള വിവിധ തൊഴിലുകൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ യുവജന ങ്ങളുടെ തൊഴിൽ സാധ്യതയായി കണ്ടെത്തിയിട്ടുണ്ട്. ഇതിലേയ്ക്കായി ഉത്തര വാദിത്ത ടൂറിസം മിഷൻ വിവിധ പരിശീലന പരിപാടികളും നടത്തുന്നതാണ്. ഇതിന് പുറമെ ഒരു ഓൺലൈൻ ഹ്യൂമൻ റിസോഴ്സ് ഡയറക്ടറിയും തയ്യാറാക്കുന്നുണ്ട്. ഇതൊരു ഓൺലൈൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോലെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കും.

(സി) താമസസൗകര്യം ഒരുക്കൽ, ടൂർ പാക്കേജിംഗ്, അനുബന്ധ ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം, മാലിന്യസംസ്കരണം, കുടിവെള്ള സൗകര്യം ഒരുക്കൽ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവാസികളുടെയും താൽപ്പര്യമുള്ള സംരംഭകരുടെയും സഹായത്തോടെ മുന്നേറ്റം കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കേരളാ ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക് രൂപപ്പെടുത്തിവരുന്നു. പുതുതായി ആയിരം ഹോംസ്റ്റേകൾ, മുന്നൂറ് ഫാം സ്റ്റേകൾ എന്നിവ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചിട്ടുണ്ട്. ടൂർ ഗൈഡിംഗ്, സ്റ്റോറി ടെല്ലിംഗ്, നാച്ചുറലിസ്റ്റ്, ബേർഡ് വാച്ചിംഗ്, എസ്കോർട്ട് തുടങ്ങിയവയ്ക്കുള്ള പരിശീലനങ്ങളും ഫെബ്രുവരിയിൽ ആരംഭിക്കുന്നതാണ്. സ്റ്റാർട്ട് അപ് മിഷനുമായി ചേർന്ന് യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും മിഷൻ ആരംഭിച്ച് നടപ്പാക്കും. എക്സ്പീരിയൻഷ്യൽ ടൂറുകൾക്ക് പ്രാധാന്യം നൽകുന്ന സംരംഭങ്ങൾ ഇതിന്റെ ഭാഗമായി ആരംഭിക്കും. ടൂറിസം കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രാദേശിക പങ്കാളിത്തത്തോടെ കുടിവെള്ള സൗഹൃദ ശൃംഖലകൾ നടപ്പാക്കും. ഇത് പ്രവാസികൾ, യുവസംരംഭകർ, കുടുംബശ്രീകൾ എന്നിവയുമായി ചേർന്ന് ഒരു ബിസിനസ് മാതൃകയായാണ് തയ്യാറാക്കുന്നത്.

## ശ്രീ എളവള്ളി ദുർഗ്ഗാ ഭഗവതി ക്ഷേത്രച്ചിറയുടെ നവീകരണം

326 (2524) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ മലബാർ ദേവസ്വം ബോർഡിന്റെ പരിധിയിലുള്ള ശ്രീ എളവള്ളി ദുർഗ്ഗാ ഭഗവതി ക്ഷേത്രച്ചിറയുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കാവ്, കുളം, ആൽത്തറ എന്നിവയുടെ നവീകരണത്തിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽപ്പെട്ട ശ്രീ എളവള്ളി ദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിന് നാല് ലക്ഷം രൂപ 2014-15 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

**ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സുരക്ഷ**

327 (2525) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ സുരക്ഷയ്ക്കായി നിയോഗിച്ചിരുന്ന പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ചെയ്താൽ ക്ഷേത്ര സുരക്ഷയെ ബാധിക്കും എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൂർണ്ണതോതിലുള്ള സുരക്ഷാക്രമീകരണങ്ങൾ തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സുരക്ഷയ്ക്കായി നിയോഗിച്ചിരുന്ന പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടില്ല.

(സി) ക്ഷേത്ര സുരക്ഷയുമായി ബന്ധപ്പെട്ട് പഴുതുകളില്ലാത്ത സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി അത്യാധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**അരവണ, അപ്പം വിറ്റുവരവ്**

328 (2526) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡല-മകരവിളക്ക് സീസണിൽ അരവണ, അപ്പം എന്നിവയുടെ വിറ്റുവരവ് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് മുൻവർഷത്തെക്കാൾ എത്ര കൂടുതലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ വർഷത്തെ മണ്ഡല മകരവിളക്ക് സീസണിൽ അരവണയുടെ വിറ്റുവരവ് 1,11,30,93,080 (നൂറ്റിപതിനൊന്ന് കോടി മുപ്പത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എൺപത് രൂപ)യും അപ്പം വിറ്റുവരവ് 18,33,82,645-(പതിനെട്ട് കോടി മുപ്പത്തി മൂന്ന് ലക്ഷത്തി എൺപത്തി രണ്ടായിരത്തി അറുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപ)യുമാണ്.

(ബി) മുൻവർഷത്തെക്കാൾ അരവണ വിറ്റുവരവിൽ 8,95,41,070 രൂപ (എട്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി നാൽപത്തി ഒന്നായിരത്തി എഴുപത് രൂപയും അപ്പം വിറ്റുവരവിൽ 1,04,75,185 രൂപയും (ഒരു കോടി നാല് ലക്ഷത്തി എഴുപത്തയ്യായിരത്തി ഒരുന്നൂറ്റി എൺപത്തിയഞ്ച് രൂപ) കൂടുതലാണ്.

## ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ അബ്രാഹ്മണ ശാന്തിക്കാരുടെ നിയമനം

329 (2527) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ അബ്രാഹ്മണ ശാന്തിക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണോ പ്രസ്തുത നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നിയമനത്തിൽ എത്ര ശതമാനം സംവരണമാണ് ഏർപ്പെടുത്തിയിരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ശബരിമലയിൽ അബ്രാഹ്മണരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതിനുമുമ്പ് തിരുവിതാംകൂർ ദേവസ്വം ബോർഡ് നേരിട്ട് നിയമനം നൽകിയ അബ്രാഹ്മണ ശാന്തിമാരുടെ വിവരം ശേഖരിച്ചുവരുന്നു. കേരള ദേവസ്വം റിക്രൂട്ട്മെന്റ്

ബോർഡ് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും 140 പേരെ നിയമനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്. അവരിൽ അബ്രാഹ്മണരായ എഴുപത്തിയെട്ട് പേർക്ക് ചുവടെ പറയുംപ്രകാരം നിയമനം ലഭിച്ചു:

| സമുദായം | മെരിറ്റ് | സംവരണം | ആകെ |
|---|---|---|---|
| ഈഴവ | 27 | 18 | 43 |
| പട്ടികജാതി | 0 | 12 | 12 |
| ഒ.ബി.സി. | 0 | 9 | 9 |
| വിശ്വകർമ്മ | 3 | 3 | 6 |
| ധീവര | 4 | 3 | 7 |
| ഹിന്ദു നാടാർ | 0 | 1 | 1 |
| ആകെ | 34 | 44 | 78 |

(ബി) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡാണ് ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശിപാർശ ചെയ്തത്. നിയമനത്തിൽ താഴെ പറയുന്ന രീതിയിൽ സംവരണ ശതമാനക്രമം പാലിച്ചിട്ടുണ്ട്:

| | |
|---|---|
| പട്ടികജാതി | 8 |
| പട്ടികവർഗ്ഗ വിഭാഗം | 2 |
| ഈഴവ | 11 |
| വിശ്വകർമ്മ | 2 |
| ഒ.ബി.സി. | 6 |
| ധീവര | 2 |
| ഹിന്ദു നാടാർ | 1 |

(സി) ഇപ്പോൾ പരിഗണനയിലില്ല.

**മലബാർ ദേവസ്വം ക്ഷേത്രജീവനക്കാരുടെ നിയമനം**

330 (2528) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെകീഴിൽ ഏതെല്ലാം ക്ഷേത്രങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മലബാർ ദേവസ്വം ബോർഡിന്റെ പരിധിയിൽ വരുന്നതും സർക്കാർ ഗ്രാന്റ് ലഭിക്കുന്നതുമായ ക്ഷേത്രങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ഷേത്രങ്ങളിലെ ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ നിയമനം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖാന്തരമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മലബാർ ദേവസ്വം ബോർഡിനുകീഴിൽ 1357 ക്ഷേത്രങ്ങളാണുള്ളത്. പ്രസ്തുത ക്ഷേത്രങ്ങളുടെ എണ്ണവും സർക്കാർ ഗ്രാന്റ് നല്കുന്ന ക്ഷേത്രങ്ങളുടെ ലിസ്റ്റും മലബാർ ദേവസ്വം ബോർഡിന്റെ വെബ്സൈറ്റിൽ (www.malabardevaswom.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ നിയമനാധികാരം അതത് ക്ഷേത്രം/ട്രസ്റ്റി ക്ഷേത്ര ഭരണാധികാരികൾക്കാണ്. ഈ നിയമനങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നടത്തുന്നത് ബഹു. ഹൈക്കോടതിയുടെ WP(c) 19644/15 തീയതി 8-7-2015, വിധി ന്യായപ്രകാരം തടഞ്ഞിട്ടുണ്ട്. ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്താൽ മാത്രമെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനം നടത്താൻകഴിയൂ. ഇത് സർക്കാർ പരിശോധിച്ചുവരികയാണ്.

## മലബാർ ദേവസ്വം ബോർഡിലെ പരിഷ്കാരങ്ങൾ

331 (2529) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ ദേവസ്വം ബോർഡിൽ നടപ്പിലാക്കിയ/നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഭരണപരവും നയപരവുമായ പരിഷ്കാരങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് മലബാർ ദേവസ്വം ബോർഡിൽ പ്രകടമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് നിലവിലെ നിയമങ്ങളും ചട്ടങ്ങളും സമഗ്രമായി പരിഷ്കരിച്ച് പുതിയ നിയമം നിർമ്മിക്കുന്നതിനുള്ള ശിപാർശകളും നിർദ്ദേശങ്ങളും തയ്യാറാക്കി സമർപ്പിക്കുന്നതിനായി അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനായ ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി ശിപാർശകൾ തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

## ദേവസ്വം വകുപ്പ് ക്ഷേത്രങ്ങൾക്ക് നൽകുന്ന സഹായങ്ങൾ

332 (2530) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പ് ക്ഷേത്രങ്ങൾക്ക് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സഹായങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേത്രങ്ങൾക്കു നൽകിയ സഹായങ്ങൾ മണ്ഡലം തിരിച്ച് ക്ഷേത്രങ്ങളുടെ പേരു സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) എല്ലാ ദേവസ്വം ബോർഡുകളുടെയും കീഴിൽവരുന്ന ക്ഷേത്രങ്ങളിലെ കാവുകൾക്കും കുളങ്ങൾക്കും ആൽത്തറകൾക്കുമുള്ള നവീകരണത്തിനായി ധനസഹായം അനുവദിക്കുന്നു. മലബാർ ദേവസ്വത്തിന്റെകീഴിലുള്ള ക്ഷേത്രങ്ങളിലെ അറ്റകുറ്റപ്പണി, പുനരുദ്ധാരണം എന്നിവയ്ക്കുള്ള ഗ്രാന്റ്, ക്ഷേത്രജീവനക്കാരുടെ ശമ്പള കുടിശ്ശിക, ആചാരസ്ഥാനികർ, കോലധാരികൾ എന്നിവർക്കുള്ള ധനസഹായത്തിനുള്ള തുക, തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിന്റെ വികസനത്തിന് ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി, ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനുള്ള ആന്വൽ കോൺട്രിബ്യൂഷൻ എന്നിവയ്ക്കുവേണ്ടിയുള്ള തുക നൽകിവരുന്നു.

(ബി) ക്ഷേത്രങ്ങളുടെ പൗരാണികത, കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും ശോച്യാവസ്ഥ, ക്ഷേത്രങ്ങളുടെ വരുമാനം, ഭക്തജനത്തിരക്ക്, സുരക്ഷാ സംബന്ധമായ കാര്യങ്ങൾ മുതലായവയാണ് മാനദണ്ഡങ്ങളായി കണക്കാക്കിയിട്ടുള്ളത്.

(സി) മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## ഹിന്ദുമത ധർമ്മസ്ഥാപന (ഭരണം ) വകുപ്പ് ജീവനക്കാരുടെ വേതന വിതരണം

333 (2531) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡ് നിലവിൽവന്നതോടെ നിർത്തലാക്കപ്പെട്ട ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണം) വകുപ്പ് ജീവനക്കാരുടെ വേതന വിതരണം ട്രഷറി വഴിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; അതിന്റെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

മലബാർ ദേവസ്വം ബോർഡിൽ വാനിഷിംഗ് കാറ്റഗറിയായി തുടർന്നുവരുന്ന നിർത്തലാക്കപ്പെട്ട ഹിന്ദുമതധർമ്മസ്ഥാപന (ഭരണ) വകുപ്പിലെ ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങൾ സ്പാർക്ക് മുഖാന്തരം ട്രഷറി വഴിയാക്കുന്നതിന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

**മാടായിക്കാവ് ക്ഷേത്രകലാ അക്കാദമിക് ഫണ്ട്**

334 (2532) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിനു കീഴിൽ മാടായിക്കാവിൽ സ്ഥാപിതമായ ക്ഷേത്രകലാ അക്കാദമിയിൽ ഏതൊക്കെ കോഴ്സുകളാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്;

(ബി) ക്ഷേത്ര കലാ അക്കാദമിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ദേവസ്വം വകുപ്പിൽനിന്നും ഇതുവരെ എത്ര തുക ക്ഷേത്രകലാഅക്കാദമിക്ക് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ചെണ്ട, ഓട്ടൻ തുള്ളൽ, തെയ്യം, മുഖമെഴുത്ത് എന്നീ ഹ്രസ്വകാല കോഴ്സുകൾ 1-9-2017 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ക്ഷേത്രകലാ അക്കാദമിക്ക് സ്വന്തമായി ആസ്ഥാനം ഉൾപ്പെടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ബഡ്ജറ്റിൽ അഞ്ച് കോടി രൂപ അനുവദിക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

(സി) അഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**ക്ഷേത്രങ്ങളുടെ പുനർ നിർമ്മാണം**

335 (2533) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള എത്ര ക്ഷേത്രങ്ങളും ക്ഷേത്ര കുളങ്ങളുമാണ് ജീർണ്ണാവസ്ഥയിലും നാശത്തിന്റെ വക്കിലുമുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങൾ പുനർനിർമ്മാണം നടത്തുന്നതിനും ക്ഷേത്ര കുളങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള 352 ക്ഷേത്രങ്ങളും 177 ക്ഷേത്രക്കുളങ്ങളുമാണ് ജീർണ്ണാവസ്ഥയിലുള്ളതായി കണ്ടെത്തിയിട്ടുള്ളത്.

(ബി) ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനും കുളങ്ങളുടെ സംരക്ഷണത്തിനുമായി ബഡ്ജറ്റിൽ തുക വകയിരുത്തി മലബാർ ദേവസ്വം ബോർഡ് മുഖാന്തരം അനുവദിച്ചുവരുന്നുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻപ്രസിഡന്റിനെതിരെ അന്വേഷണം

336 (2534) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മുൻപ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ യാത്രാബത്ത ഇനത്തിൽ എത്ര രൂപ കൈപ്പറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ടിയാൻ ചികിത്സ ചെലവിനത്തിൽ എത്ര രൂപ ബോർഡിൽ നിന്നും കൈപ്പറ്റിയെന്ന് വ്യക്തമാക്കാമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും പ്രസ്തുത വ്യക്തി വ്യാജ യാത്രാരേഖകൾ ഹാജരാക്കി പണം കൈപ്പറ്റിയത് സംബന്ധിച്ച് അന്വേഷണം എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 14,08,373.75 രൂപ (പതിനാല് ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി എഴുപത്തിമൂന്ന് രൂപ എഴുപത്തിയഞ്ച് പൈസ) (11/2015 മുതൽ 10/2017 വരെ) കൈപ്പറ്റിയിട്ടുണ്ട്.

(ബി) ചികിത്സാ ചെലവിനത്തിൽ ബോർഡിൽനിന്നും തുക കൈപ്പറ്റിയിട്ടില്ല.

(സി) ഉണ്ട്. തിരുവനന്തപുരത്തെ പൂജപ്പുര സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് ഒന്നിലെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ പോലീസ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ അന്വേഷണം നടന്നുവരുന്നു.

## കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് ഫണ്ട്

337 (2535) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്;

(ബി) തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളുടെ അധീനതയിൽ വരുന്ന ക്ഷേത്രങ്ങളോടും സ്വകാര്യക്ഷേത്രങ്ങളോടും ചേർന്നുള്ളകാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് എത്ര തുക വീതമാണ് അനുവദിച്ചിട്ടു ള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2016-17-ൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾക്ക് 90,16,153 രൂപ (തൊണ്ണൂറ് ലക്ഷത്തി പതിനാറായിരത്തി ഒരുനൂറ്റി അൻപത്തി മൂന്ന് രൂപ) അനുവദിച്ചിട്ടുണ്ട്. 2017-18-ൽ തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ മിത്രാനന്ദപുരം കുളത്തിന്റെ നവീകരണ ത്തിനായി 1 കോടി രൂപ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വത്തിന്റെയും മലബാർ ദേവസ്വം ബോർഡി ന്റെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള ക്ഷേത്രങ്ങളിലെ കാവുകൾക്കും കുളങ്ങൾക്കും 2016-17-ലും 2017-18-ലും തുകയൊന്നും അനുവദിച്ചുനൽകിയിട്ടില്ല.

## ശബരിമല ക്ഷേത്രത്തിൽ കാണിക്കയിനത്തിൽ ലഭിച്ച തുക

338 (2536) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷത്തെ മണ്ഡല മകരവിളക്ക് സീസണിൽ ശബരിമല ക്ഷേത്രത്തിൽ നിന്നും കാണിക്കയിനത്തിൽ എത്രതുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; ഇത് കഴിഞ്ഞ സീസണിനേക്കാൾ എത്രയധികം ആണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ വർഷത്തെ മണ്ഡല മകരവിളക്ക് സീസണിൽ ശബരിമല ക്ഷേത്രത്തിൽ നിന്നും കാണിക്കയിനത്തിൽ 97,52,20,478 രൂപ (തൊണ്ണൂറ്റിയേഴ് കോടി അമ്പത്തി രണ്ട് ലക്ഷത്തി ഇരുപതിനായിരത്തി നാനൂറ്റി എഴുപത്തിയെട്ട് രൂപ) ലഭിച്ചു. മുൻവർഷത്തെക്കാൾ 14,10,75,013 രൂപ (പതിനാല് കോടി പത്ത് ലക്ഷത്തി എഴുപത്തിയയ്യായിരത്തി പതിമൂന്ന് രൂപ) കൂടുതലാണ്.

## ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തുന്ന ശബരിമല തീർത്ഥാടകർ

339 (2537) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനക്കാലത്ത് ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന തീർത്ഥാടകരുടെ സൗകര്യത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നതെന്ന് വിശദമാക്കുമോ;

(ബി) തീർത്ഥാടകരുടെ ഏകോപനത്തിനായി എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാന തലസ്ഥാനങ്ങളിലും പ്രത്യേക കൺട്രോൾ റൂം പ്രവർത്തിപ്പിച്ചിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാന തീർത്ഥാടകരെ ബോധവല്ക്കരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തുന്ന ലക്ഷക്കണക്കായ ശബരിമല തീർത്ഥാടകർക്കായി സുരക്ഷിതമായ യാത്ര, ദർശനം, കുടിവെള്ളം, ശുചിത്വവും വെടിപ്പുമുള്ള പ്രാഥമിക സൗകര്യത്തിനുള്ള സജ്ജീകരണങ്ങൾ എന്നിവയ്ക്കായി വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. പോലീസിന്റെയും മറ്റ് വകുപ്പുകളുടെയും ഏകോപനം ലക്ഷ്യമാക്കി ഇതുസംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ബഹു. മുഖ്യമന്ത്രിയുടെയും ബഹു. ദേവസ്വം മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ വിവിധ യോഗങ്ങൾ ചേർന്ന് നൽകുകയുണ്ടായി. പമ്പയിലും സന്നിധാനത്തുമുള്ള മെഡിക്കൽ സംവിധാനം ഹൃദ്രോഗ വിദഗ്ദ്ധർ ഉൾപ്പെടെ വിപുലപ്പെടുത്തുകയും ശക്തമാക്കുകയും ചെയ്തു. സന്നിധാനത്ത് മലിനജലം ശുദ്ധീകരിക്കുന്നതിന് പ്ലാന്റ് സ്ഥാപിക്കുകയും വാട്ടർ അതോറിറ്റി കുടിവെള്ളം നല്കുന്നതിന് ആർ.ഒ. പ്ലാന്റ് ഉൾപ്പെടെയുള്ള കിയോസ്കുകൾ സ്ഥാപിക്കുകയും ചുക്കുവെള്ളം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുകയുംചെയ്തു. അയ്യായിരം പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാൻ കഴിയുന്ന തരത്തിൽ അന്നദാനഹാൾ, വിരിവയ്ക്കാൻ നടപ്പന്തൽ മുതലായവ ശബരിമല മാസ്റ്റർപ്ലാനിന്റെ ഭാഗമായി നിർമ്മിച്ചു. ശബരിമല പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് വിപുലമായ പ്രചരണം നൽകുകയും ഇരുമുടിക്കെട്ടടക്കം പ്ലാസ്റ്റിക് വിമുക്തമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. വിവിധ ഭാഷകളിൽ റോഡരികിൽ ഡ്രൈവർമാർക്കായി ദിശാസൂചക ബോർഡുകൾ സ്ഥാപിക്കുകയും റോഡിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും ചെയ്തിരുന്നു. റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'സേഫ് സോൺ

ശബരിമല' പദ്ധതി നടപ്പിലാക്കി. സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മെറ്റൽ ഡിറ്റക്ടറുകൾ, സി.സി.റ്റി.വി. ക്യാമറകൾ ഉൾപ്പെടെയുള്ള ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. അയ്യപ്പ ഭക്തർക്കായി പരമ്പരാഗത പാതയിലും മറ്റിടങ്ങളിലും വിശ്രമത്തിനും മറ്റുമായി സൗകര്യങ്ങൾ ഒരുക്കി. ക്യൂ കോംപ്ലക്സ് നിർമ്മിക്കുകയും അയ്യപ്പഭക്തന്മാരുടെ സന്നിധാനത്തിലേയ്ക്കുള്ള യാത്ര സുഗമമാക്കുകയും ചെയ്തു. ദർശനസമയം ദീർഘിപ്പിക്കുകയും അപ്പം, അരവണ എന്നിവയ്ക്കായി കൂടുതൽ കൗണ്ടറുകൾ തുറക്കുകയും ചെയ്തു.

(ബി) 13-11-2017-ന് ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത ദക്ഷിണേന്ത്യൻ ദേവസ്വം മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് ദക്ഷിണേന്ത്യൻ സംസ്ഥാന തലസ്ഥാനങ്ങളിൽ കോ-ഓർഡിനേഷൻ സെന്ററുകൾ തുറക്കുകയുണ്ടായി.

(സി) ശബരിമല ഹരിതാഭമായും വൃത്തിയായും പ്ലാസ്റ്റിക് വിമുക്തമായും സൂക്ഷിക്കുന്നതിനായി വിപുലമായ പ്രചരണ പരിപാടികളുടെ ഭാഗമായി നടൻ ശ്രീ. മോഹൻലാലിനെ ഉപയോഗിച്ച് സി.ഡി. തയ്യാറാക്കി വിവിധ തെന്നിന്ത്യൻ ഭാഷകളിൽ സന്ദേശം നൽകുകയുണ്ടായി.

**ശബരിമല നടവരുമാനം**

340 (2538) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലയളവിലെ നടവരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം ശബരിമലയിൽ മണ്ഡല മകരവിളക്ക് കാലയളവിൽ നടവരവിൽ കുറവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 279,43,50,279.50 രൂപ (ഇരുന്നൂറ്റി എഴുപത്തി ഒൻപത് കോടി നാല്പ്പത്തി മൂന്ന് ലക്ഷത്തി അൻപതിനായിരത്തി ഇരുന്നൂറ്റി എഴുപത്തി ഒൻപത് രൂപ അമ്പത് പൈസ)യാണ് ശബരിമലയിൽ ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലയളവിലെ നടവരുമാനം.

(ബി) ഇല്ല.

## ശബരിമല തീർത്ഥാടനം

341 (2539) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പമ്പയിലെ ജലമലിനീകരണം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) സേഫ് സോൺ ശബരിമല പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശബരിമല ദർശനത്തിന് എത്തുന്ന ലക്ഷക്കണക്കിന് അയ്യപ്പഭക്തന്മാർക്ക് കുടിവെള്ളം, ഭക്ഷണം, യാത്രാസൗകര്യം ചികിത്സ, വിരിവയ്ക്കൽ തുടങ്ങി എല്ലാ സൗകര്യങ്ങളും ഗവൺമെന്റിന്റെയും ദേവസ്വം ബോർഡിന്റെയും മറ്റ് സ്ഥാപനങ്ങളുടെയും സഹായ സഹകരണത്തോടെ ഒരുക്കിയിരുന്നു.

(ബി) നിലയ്ക്കൽ മുതൽ പമ്പ വരെയും പമ്പ മുതൽ സന്നിധാനം വരെയുമുള്ള പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ശബരിമലയിലെ വിവിധ ഭാഗങ്ങളിലും പമ്പയിലെ ജലമലിനീകരണം ഉൾപ്പെടെ മലിനീകരണം തടയുന്നതിന് ആവശ്യമായ ബോധവൽക്കരണത്തിനായി വിവിധ ഭാഷകളിൽ അറിയിപ്പുകൾ നൽകിയിട്ടുണ്ട്. തീർത്ഥാടനം ആരംഭിക്കുന്നതിന് മുമ്പ് തന്നെ പമ്പയിലും സന്നിധാനത്തും ശുചീകരണം നടത്തിയിട്ടുണ്ട്.

(സി) ശബരിമല ദർശനത്തിന് എത്തുന്ന ലക്ഷക്കണക്കിന് അയ്യപ്പഭക്തന്മാർക്ക് വിവിധ റൂട്ടുകളിൽ യാത്ര സുരക്ഷിതമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി പമ്പയിൽനിന്നും നാന്നൂറ് കി.മീ. ചുറ്റളവിൽ ആക്സിഡന്റുകൾ പരമാവധി ഇല്ലാതാക്കുന്ന തരത്തിലുള്ള യാത്രാനിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ഇരുപത്തിനാല് മണിക്കൂറും പട്രോളിംഗ് നടത്തുന്നു. വിവിധ ഭാഷകളിൽ സൈൻബോർഡ് സ്ഥാപിക്കുക, കേടായ വാഹനങ്ങൾ നീക്കം ചെയ്യുന്നതിനുള്ള റിക്കവറി വാഹനങ്ങൾ വിന്യസിക്കുക തുടങ്ങിയ കാര്യങ്ങൾ സേഫ് സോൺ ശബരിമല പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു.

## ചിറങ്ങര വിഷ്ണു ക്ഷേത്രം

342 (2540) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ടതും കൊച്ചിൻ ദേവസ്വത്തിന്റെകീഴിലുള്ളതുമായ ചിറങ്ങര വിഷ്ണു ക്ഷേത്രംവക സ്ഥലത്ത് ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചിറങ്ങര ഭഗവതി ക്ഷേത്രം, വിഷ്ണുക്ഷേത്രം എന്നിവയുടെ സ്ഥലത്ത് ഇടത്താവളം നിർമ്മിക്കുന്നതിനുള്ള സാധ്യതാ പരിശോധന അവസാനഘട്ടത്തിലാണ്.

## കാടാമ്പുഴ ശ്രീഭഗവതി ക്ഷേത്രം ശബരിമല ഇടത്താവളമാക്കിമാറ്റുന്ന പദ്ധതി

343 (2541) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കാടാമ്പുഴ ശ്രീ ഭഗവതി ക്ഷേത്രം ശബരിമലയുടെ ഇടത്താവളം ആക്കി മാറ്റുന്ന പദ്ധതി സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) ഇതിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇടത്താവളമാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സഹകരണത്തോടെ ലീവ് ആന്റ് ലൈസൻസ് വ്യവസ്ഥയിൽ പെട്രോൾ പമ്പ് ഉൾപ്പെടെ ശബരിമല ഇടത്താവളം പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഇടത്താവളങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം

344 (2542) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളങ്ങളിലൊന്നായ ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിനു സമീപമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചുമതലയിലുള്ള ശാസ്താ ക്ഷേത്രത്തിന്റെയും മഹാലക്ഷ്മി ക്ഷേത്രത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം സംബന്ധിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളെന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളുടെ വികസനത്തിനും ശബരിമല തീർത്ഥാടകരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനും വേണ്ടി ശൗചാലയങ്ങൾ, കുളിമുറികൾ എന്നിവ നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ ?

ഉത്തരം

(എ & ബി) ശാസ്താ ക്ഷേത്രത്തിന്റെ മുൻവശത്തുള്ള നടപ്പന്തൽ നവീകരിച്ചിട്ടുള്ളതും വിരിവയ്ക്കാൻ സൗകര്യം ഒരുക്കിയിട്ടുള്ളതുമാണ്. കൂടാതെ ക്ഷേത്രത്തോടനുബന്ധിച്ചുള്ള ഭക്തജന മഠത്തിൽ കടിവെള്ളവും ടോയ്‌ലെറ്റ് സൗകര്യവും നിലവിലുണ്ട്.

**അയ്യപ്പഭക്തർക്കാവശ്യമായ ശുദ്ധജലം**

345 (2543) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ എത്തുന്ന ഭക്തർക്കാവശ്യമായ ശുദ്ധജലം എത്തിക്കുന്നത് എവിടെനിന്നാണ്;

(ബി) ശബരിമലയിൽനിന്നും എത്ര അകലെയാണ് കുന്നാർ അണക്കെട്ട് സ്ഥിതി ചെയ്യുന്നത്; എത്ര മീറ്ററാണ് നിലവിൽ ഇതിന്റെ ഉയരം;

(സി) തീർത്ഥാടകരുടെ വർദ്ധനവിന് അനുസരിച്ച് ആവശ്യമായ ജലം ഇവിടെനിന്ന് ലഭിക്കുന്നുണ്ടോ; ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനാവശ്യമായ വനഭൂമി വിട്ടുകിട്ടിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുന്നാർ ഡാമിൽനിന്നും പമ്പാ നദിയിൽനിന്നും പമ്പ് ചെയ്താണ് ശുദ്ധജലം എത്തിക്കുന്നത്.

(ബി) ശബരിമലയിൽ നിന്നും ഏഴ് കിലോമീറ്റർ അകലെയാണ് കുന്നാർ അണക്കെട്ട് സ്ഥിതി ചെയ്യുന്നത്. നാല് മീറ്ററാണ് നിലവിൽ ഉയരം.

(സി & ഡി) തീർത്ഥാടകർക്കാവശ്യമായ ജലം കുന്നാറിൽനിന്നും മാത്രം ലഭ്യമല്ലാത്തതിനാൽ പമ്പയിൽനിന്നും പമ്പ് ചെയ്ത് ശബരിമലയിലുള്ള വാട്ടർ ടാങ്കിൽ സംഭരിച്ചതിനുശേഷം വിവിധ ഭാഗങ്ങളിലെത്തിക്കുകയാണ് ചെയ്യുന്നത്. ഡാമിന്റെ ഉയരം കൂട്ടി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് അപേക്ഷ നൽകിയെങ്കിലും അനുമതി ലഭിച്ചിട്ടില്ല. ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുമാണ്.

(നക്ഷത്രചിഹ്നമിടാത്ത 2200, 2221, 2232, 2249 എന്നീ നമ്പർ ചോദ്യങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല. 2224-ാം നമ്പർ ചോദ്യം ഒഴിവാക്കി.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30. എ.എം)

## II അടിയന്തരപ്രമേയം

### നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

മി. സ്പീക്കർ: സമീപകാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വമ്പിച്ച വില വർദ്ധനവും ആയത് നിയന്ത്രിക്കുന്നതിനും പൊതുവിതരണമേഖലയെ ശക്തിപ്പെടുത്തുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ ഇടപെടൽ നടത്താത്തതുമൂലം സാധാരണ ജനങ്ങൾക്കുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, കെ. എൻ. എ. ഖാദർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 20 മാസങ്ങൾക്കുള്ളിൽ 21 മാവേലി സ്റ്റോറുകളും 3 സൂപ്പർ മാർക്കറ്റുകളും പുതുതായി ആരംഭിക്കുകയും 9 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കുകയും രണ്ട് സൂപ്പർ മാർക്കറ്റുകൾ പീപ്പിൾസ് ബസാറുകളാക്കുകയും ചെയ്തു. എല്ലാ ഉൽസവവേളകളിലും സംസ്ഥാനമൊട്ടാകെ വ്യാപകമായി ഉൽസവച്ചന്തകൾ നടത്തിക്കൊണ്ട് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കാനുള്ള അന്തരീക്ഷമുണ്ടാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് ഓണമാണ് കടന്നുപോയത്. രണ്ട് ഓണക്കാലത്തും ഒരുൽപ്പന്നത്തിനും നയാപൈസയുടെ വില വർദ്ധനവുണ്ടാകാതിരിക്കാൻ ഈ ഉൽസവചന്തകൾക്ക് സാധിച്ചു എന്നുള്ളത് എല്ലാവരും ഒരുപോലെ സമ്മതിച്ച വസ്തുതയാണ്. അതുപോലെതന്നെ മറ്റെല്ലാ ഉൽസവവേളകളിലും ഇതിനുമുമ്പ് നടത്തിയിരുന്നതിനേക്കാൾ വളരെ ഫലപ്രദമായി ചന്തകൾ നടത്തിക്കൊണ്ട് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുവാനുള്ള അന്തരീക്ഷം സർക്കാർ ഒരുക്കുകയുണ്ടായി. 2013-14-ൽ 115 കോടി രൂപയും 2014-15-ൽ 70 കോടി രൂപയും 2015-16-ൽ 99 കോടി രൂപ യുമായിരുന്നു സപ്ലൈകോയ്ക്ക് മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ നൽകിയിരുന്നതെങ്കിൽ ചരിത്രത്തിലാദ്യമായി 2016-2017-ലും 2017-18-ലും ഈ സർക്കാർ 200 കോടി രൂപ നീക്കിവയ്ക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലക്കയറ്റം പിടിച്ചു

നിർത്താനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന വാഗ്ദാനം നൽകിയിരുന്നു. ഫലപ്രദമായും പ്രായോഗികമായും കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടാണ് നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞത്. സപ്ലൈകോ വഴിയും കൺസ്യൂമർ ഫെഡ് വഴിയും വിതരണം ചെയ്യുന്ന 13 സബ്സിഡി ഉൽപ്പന്നങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ തുടരുന്നിടത്തോളംകാലം നയാപൈസയുടെ വില വർദ്ധനവ് വരുത്തുകയില്ലെന്ന പ്രഖ്യാപനം അക്ഷരാർത്ഥത്തിൽ നൂറുശതമാനവും പ്രാവർത്തികമാക്കിയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. വില കൂട്ടിയില്ല എന്നുമാത്രമല്ല, നിരവധി ഉൽപ്പന്നങ്ങളുടെ വില കുറച്ചുവെന്നുള്ളതാണ് യാഥാർത്ഥ്യം. 2016-ൽ ചെറുപയറിന് 107 രൂപയായിരുന്നത് 2018-ൽ 84 രൂപയായും ഉഴുന്നിന് (ഉരുണ്ടത്) 180 രൂപയായിരുന്നത് 85 രൂപയായും തുവരപ്പരിപ്പിന് 151 രൂപയായിരുന്നത് 84 രൂപയായും കുറഞ്ഞു. മുളകിന് 161 രൂപയായിരുന്നത് 100 രൂപയായും മല്ലിക്ക് 114 രൂപയായിരുന്നത് 84 രൂപയായും കുറഞ്ഞിട്ടുണ്ട്. ഇതെല്ലാം പൊതുമാർക്കറ്റിലെ വിലയുടെ താരതമ്യമാണ്. എന്നാൽ അരിക്കും പഞ്ചസാരയ്ക്കും മാത്രമാണ് അൽപ്പം വില വർദ്ധിച്ചത്. ആന്ധ്രാപ്രദേശിൽനിന്നും വരുന്ന അരിക്കാണ് നേരിയ വില വർദ്ധനവുണ്ടായത്. അരിക്കും പഞ്ചസാരയ്ക്കും ഇപ്പോൾ വില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 37 രൂപ വിലയുള്ള ആന്ധ്രാപ്രദേശിൽ നിന്നുള്ള ജയ അരി 25 രൂപയ്ക്കും 38 രൂപ വിലയുള്ള മട്ട അരി 24 രൂപയ്ക്കുമാണ് സപ്ലൈകോ വഴി നൽകുന്നത്. അതുപോലെ പഞ്ചസാരയ്ക്ക് 43 രൂപ വില വർദ്ധിച്ചു. ഇന്ന് കേരളത്തിലെ ഏത് മാർക്കറ്റിലും 37-38 രൂപയ്ക്ക് പഞ്ചസാര വാങ്ങാൻ കഴിയുമെന്നുള്ള പ്രത്യേകതയുണ്ട്. വില കൂടിയ പഞ്ചസാരയ്ക്ക് പൊതുമാർക്കറ്റിൽ ഇത്രയും വില വാങ്ങുമ്പോൾ 22 രൂപയ്ക്കാണ് സപ്ലൈകോ വഴി നൽകുന്നത്. വില വർദ്ധിച്ച മറ്റൊരുൽപ്പന്നമാണ് വെളിച്ചെണ്ണ. വെളിച്ചെണ്ണയ്ക്ക് പൊതുമാർക്കറ്റിൽ ഇന്ന് 200-220 രൂപ വിലയുണ്ട്. അത്രയും വിലയുള്ള വെളിച്ചെണ്ണ കേരളത്തിലെ എല്ലാ സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴിയും കേവലം 90 രൂപയ്ക്ക് കൊടുക്കുകയാണ്. 18 ലക്ഷം ലിറ്റർ വെളിച്ചെണ്ണ ഒരു മാസം സപ്ലൈകോ വിതരണം ചെയ്യുന്നുണ്ട്. അങ്ങനെ വിതരണം ചെയ്യുമ്പോൾ 6 കോടി രൂപയുടെ ബാദ്ധ്യത സപ്ലൈകോയ്ക്ക് ഉണ്ടാകുകയാണ്. ആ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് സംസ്ഥാനത്തെ ജനങ്ങൾക്ക് ന്യായവിലയ്ക്ക് വെളിച്ചെണ്ണ ലഭ്യമാക്കാനാവശ്യമായ നടപടികൾ സപ്ലൈകോ സ്വീകരിക്കുകയാണ്. ആ ബാദ്ധ്യതയെല്ലാം ഏൽക്കുന്ന സപ്ലൈകോയ്ക്ക് കൂടുതൽ സാമ്പത്തിക സംരക്ഷണം നൽകിക്കൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുന്ന എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ടാണ് മാർക്കറ്റ് ഇന്റർവെൻഷൻ വളരെ ഫലപ്രദമായി നടത്തുവാൻ കഴിഞ്ഞത്.

ഇത്തരത്തിൽ വിലക്കയറ്റം നിയന്ത്രിക്കുന്ന സന്ദർഭത്തിലും വളരെ പ്രതികൂലമായ സാഹചര്യത്തെയാണ് നമ്മൾ നേരിടുന്നതെന്ന് എല്ലാവരും മനസ്സിലാക്കണം. 2016-ൽ ഒരു ലിറ്റർ ഡീസലിന് 53.93 രൂപയായിരുന്നത് 2018-ൽ 69.64 രൂപയായി വർദ്ധിച്ചു. 16 രൂപയിലധികം ഒരു ലിറ്റർ ഡീസലിന്റെ വില വർദ്ധിച്ച സാഹചര്യത്തിലാണ് സംസ്ഥാനത്ത് വിലക്കയറ്റത്തെ പിടിച്ചുനിർത്തി അനുകൂലമായ സാഹചര്യമൊരുക്കാൻ കഴിഞ്ഞതെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കണം. എല്ലാ ഉൽപ്പന്നങ്ങളും വിദൂര സ്ഥലങ്ങളിൽ നിന്നും വന്നേ മതിയാകൂവെന്ന് നമുക്കെല്ലാവർക്കുമറിയാം. അരി ആന്ധ്രാപ്രദേശിൽ നിന്നോ വടക്കൻ പ്രദേശങ്ങളിൽനിന്നോ വരണം. എല്ലാ പലവ്യഞ്ജനങ്ങളും വടക്കൻ സംസ്ഥാനങ്ങളിൽനിന്നും വന്നേ മതിയാകൂ. ഡീസലിന്റെ വില വർദ്ധനവ് എല്ലാ ചരക്കുകളുടെയും കടത്തുകൂലിയിൽ വലിയ വർദ്ധനവാണുണ്ടാക്കിയിരി ക്കുന്നത്. അങ്ങനെ വർദ്ധനവുണ്ടായിരിക്കുന്ന സന്ദർഭത്തിലും നമ്മുടെ സംസ്ഥാനം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി വില കുറച്ച് നിത്യോപയോഗ സാധനങ്ങൾ എത്തിക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കി എന്നുള്ളത് എടുത്തുപറയേണ്ടതാണ്. അക്കാര്യം അംഗങ്ങൾ മനസ്സിലാക്കുമെന്നാണ് ഞാൻ കരുതുന്നത്. അരിയുടെ വില 40 രൂപ മുതൽ 50 രൂപ വരെയായി എന്നാണ് പ്രമേയാവതാരകൻ അവകാശപ്പെടുന്നത്. 50 രൂപയുടെ അരി ഏതാണെന്ന് എനിക്കറിയില്ല. ഏതായാലും ബ്രാന്റഡായ ഏറ്റവും നല്ല വടി അരി ഇന്ന് മാർക്കറ്റിൽ കൊടുക്കുന്നത് 44 രൂപയ്ക്കാണ്. ബ്രാൻഡഡ് അരിക്ക് അൽപ്പം വിലകൂടിയിട്ടുണ്ട്. ബ്രാൻഡഡ് അരിക്ക് ജി.എസ്.ടി. ഏർപ്പെടുത്തി യിട്ടുണ്ട്. അതുപോലെ തന്നെ അരിയുടെ വില വർദ്ധനയിൽ രണ്ട് പ്രധാനപ്പെട്ട ഘടകങ്ങളുണ്ടായിട്ടുണ്ട്. ഒന്ന്, കേന്ദ്രഗവൺമെന്റ് നെല്ലിന്റെ താങ്ങുവില അൽപ്പം വർദ്ധിപ്പിച്ചു. മറ്റൊന്ന്, നെല്ല് പ്രോസസ്സിംഗ് ചാർജ്ജിൽ ജി.എസ്.ടി. ഏർപ്പെടുത്തി. ഈ രണ്ട് ഘടകങ്ങളും വന്നതുകൊണ്ടാണ് അരിയുടെ വിലയിൽ നേരിയ വർദ്ധനവുണ്ടായത്. എന്നാലും സംസ്ഥാനത്ത് അരിവിലയിൽ വർദ്ധനവുണ്ടാകാതിരിക്കാനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. ഇപ്പോൾ വില കുറഞ്ഞുകൊണ്ടിരിക്കുന്ന ട്രെന്റാണുള്ളത്. വില കൂടുമായിരുന്നു വെങ്കിൽ തീർച്ചയായും മുൻവർഷങ്ങളിൽ അരിക്കടകൾ നടത്തിയിരുന്നതുപോലെ വ്യാപകമായി അരിക്കടകൾ നടത്തി ജനങ്ങൾക്കാവശ്യമായ അരി നൽകാനുള്ള എല്ലാ സംവിധാനങ്ങളും സർക്കാർ ഒരുക്കുമായിരുന്നു. അതിനുള്ള എല്ലാ കരുതലുകളും നടത്തിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. മുരളീധരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് മറുപടി പറഞ്ഞത്. ഒരു പ്രശ്നവുമില്ല, അരിക്ക് ന്യായമായ വിലയാണ് കടകളിൽ ഈടാക്കുന്നത്, അരിയും പഞ്ചസാരയും വില കുറച്ച് കൊടുക്കുന്നു, പ്രമേയാവതാരകൻ മാത്രമാണ് അരിവില കൂടിയെന്ന് പറയുന്നത്, മാർക്കറ്റുകളിലൊന്നും ഒരു കുഴപ്പവുമില്ല എന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം പറഞ്ഞ അരിയും പഞ്ചസാരയും ഏത് കടയിൽനിന്നാണ് ലഭിക്കുന്നതെന്നറിയാൻ എനിക്ക് താൽപ്പര്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമൊക്കെ കടന്നുപോകുന്ന റൂട്ടാണ് നന്തൻകോട്. നന്തൻകോടുള്ള അരിക്കടയിൽനിന്നും ഞാൻ കഴിഞ്ഞയാഴ്ച സുരേഖ അരി വാങ്ങിയത് 45 രൂപയ്ക്കാണ്. 32 രൂപയ്ക്ക് അരി കിട്ടുമെന്നാണ് അദ്ദേഹം പറയുന്നത്. ആ സ്ഥലമൊന്ന് പറഞ്ഞുതന്നാൽ അവിടെ നിന്നും അരി വാങ്ങാമായിരുന്നു. ഇവിടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരസ്പരം കുറ്റം പറയുമ്പോൾ ദുരിതമനുഭവിക്കുന്നത് കേരളത്തിലെ ജനങ്ങളാണ്. ഞങ്ങൾ പെട്രോളിനും ഡീസലിനും വിലകൂട്ടിയാലും സംസ്ഥാനങ്ങളുടെ വിഹിതം കുറച്ചുകൂടേ എന്ന് കേന്ദ്ര സർക്കാർ ചോദിക്കുന്നു. നിങ്ങൾ എന്തിനാണ് വില കൂട്ടുന്നത്, നിങ്ങൾ വിലകൂട്ടിയതിന്റെ അധികവിഹിതം ഞങ്ങളെന്തിന് ഉപേക്ഷിക്കണമെന്ന് സംസ്ഥാന സർക്കാർ തിരികെയും ചോദിക്കുന്നു. ക്രൂഡ് ഓയിലിന്റെ ഇന്നത്തെ വില 67.81 ഡോളറാണ്. ഒരു ലിറ്റർ ഡീസലിന് ഇന്നത്തെ വില 69.61 രൂപയാണ്. പെട്രോളിന്റെ ഇന്നത്തെ വില 74.24 രൂപയാണ്. ക്രൂഡ് ഓയിലിന് 67.81 ഡോളറുള്ളപ്പോഴാണ് കേന്ദ്ര സർക്കാർ ഇത്തരത്തിൽ വില കൂട്ടുന്നത്. കേന്ദ്ര സർക്കാർ എക്സൈസ് ഡ്യൂട്ടിയും വർദ്ധിപ്പിക്കുകയാണ്. ജനങ്ങൾക്ക് അധിക ബാദ്ധ്യതയുണ്ടാകാതെ നോക്കേണ്ട ചുമതല സംസ്ഥാന സർക്കാരിനുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ ക്രൂഡ് ഓയിലിന് 130-140 ഡോളറായിരുന്നപ്പോൾ പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിക്കേണ്ടിവന്നപ്പോൾ സംസ്ഥാനത്തിന് ലഭിക്കുമായിരുന്ന അധിക വരുമാനം 4 തവണ ഉപേക്ഷിക്കുവാൻ അന്നത്തെ സർക്കാർ തയ്യാറായി. അങ്ങനെ ഉപേക്ഷിച്ചുവെന്നുള്ളത് റെക്കോർഡല്ലേ; എല്ലാ കാര്യങ്ങൾക്കും കഴിഞ്ഞ സർക്കാരിനെ കുറ്റം പറയുന്നുണ്ടല്ലോ; എന്നാൽ കഴിഞ്ഞ സർക്കാർ ചെയ്തുവെന്ന് നിങ്ങൾക്കുതന്നെ ബോദ്ധ്യമുള്ള ഈയൊരു കാര്യത്തിൽ ഒരിക്കലെങ്കിലും വില ഉപേക്ഷിക്കുവാൻ ഇടതുമുന്നണി സർക്കാർ തയ്യാറാകുമോ; കഴിഞ്ഞ 20 മാസത്തിനുള്ളിൽ ഒരു പൈസപോലും അധികവരുമാനം ലഭിച്ചതിൽ നിന്നും ഉപേക്ഷിക്കാൻ സംസ്ഥാന സർക്കാർ തയ്യാറായിട്ടില്ല. അതിന്റെ പരിണതഫലം അനുഭവിക്കുന്നത് ജനങ്ങളാണ്. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ അതിനെ

ക്കുറിച്ച് ധാരാളം ചർച്ചകൾ നടത്തുന്നുണ്ട്. ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. ജി.എസ്.ടി.-യെക്കുറിച്ച് വളരെ ആവേശത്തോടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.-യിൽപ്പെടുത്താൻ പറഞ്ഞപ്പോൾ കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങൾ അനുകൂലിച്ചില്ല എന്നാണ് പറഞ്ഞത്. അതിനെ അനുകൂലിച്ചിരുന്നുവെങ്കിൽ ഇങ്ങനെ തോന്നുന്നതുപോലെ എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിന് കഴിയില്ലായിരുന്നു. അപ്പോൾ സംസ്ഥാനത്തിനും ഉത്തരവാദിത്വമില്ലേ; അരിയുടെ വില നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് കഴിയുന്നുണ്ടോ; ഓരോ ദിവസവും ലഭിക്കുന്ന അരി മറിച്ചുവിൽക്കുകയല്ലേ ചെയ്യുന്നത്; കഴിഞ്ഞ ജനുവരി മാസത്തിൽ മംഗളം പത്രത്തിൽ വന്ന ഒരു വാർത്തയുണ്ട്, 'പ്രതിമാസം മറിക്കുന്നത് 13 കോടി രൂപയുടെ റേഷൻ കുത്തരിയെന്ന് വിജിലൻസ്'. ഇത് വിജിലൻസാണ് പറഞ്ഞിരിക്കുന്നത്. 'വെള്ള അരി ജയ അരിയായി പുറത്തേയ്ക്ക്; സംസ്ഥാനത്തെ റേഷൻ കടകളിൽ നിന്നും ഓരോ മാസവും കരിഞ്ചന്തയിലേയ്ക്ക് ഒഴുകുന്നത് 13 കോടി രൂപയുടെ കുത്തരിയാണ്. വെള്ള അരി ജയ അരിയെന്ന ലേബലിൽ പൊതുവിപണിയിലെത്തിച്ച് 20 കോടി രൂപയുടെ വെട്ടിപ്പാണ് നടക്കുന്നത്. അത് കണ്ടെത്തിയിട്ടുണ്ടോ; കണ്ടെത്തിയിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ അതിന് മറുപടി പറയേണ്ടതാണ്. മറ്റ് പത്രങ്ങളിലേയ്ക്കൊന്നും പോകേണ്ട, ഞാൻ വായിക്കുന്നത് വീക്ഷണം പത്രമല്ല, ദേശാഭിമാനി പത്രമാണ്. ഡിസംബർ 2-ാം തീയതി ദേശാഭിമാനി പത്രത്തിൽ വന്നത് 'സവാള വില രണ്ടിരട്ടി, ക്രിസ്തുമസ് വിപണിയിൽ പണം വാരാൻ ഇടനിലക്കാർ.' ഇത് ദേശാഭിമാനി പത്രത്തിൽ വന്ന വാർത്തയാണ്. ഇന്നത്തെ മാധ്യമം പത്രത്തിൽ വന്നത് 'അരിക്കടയും പാളുന്നു, ജനങ്ങൾക്ക് ലഭിക്കേണ്ട അരി കരഞ്ചന്തയിലേയ്ക്ക്, ജയ അരി വില 50 രൂപയിലേയ്ക്ക്, ഭക്ഷ്യ വകുപ്പിന്റെ ഇടപെടൽ ദുർബ്ബലം, തിരിമറിക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുമെന്ന് മന്ത്രി.' ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, അരിക്കട വന്നതോടുകൂടി ഇവിടെ അരി സുലഭമായി കിട്ടുന്നുണ്ടെന്നാണ്. മാവേലി സ്റ്റോർ തുടങ്ങിയതിന്റെ കണക്കൊക്കെ അദ്ദേഹം പറഞ്ഞു. ഇവിടേയ്ക്ക് ലഭിക്കേണ്ട അരിയാണ് ഉദ്യോഗസ്ഥർ മറിച്ചു വിൽക്കുന്നത്. ആ ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുന്നുണ്ടോ; സവാളയുടെ വില രണ്ടിരട്ടിയെന്ന് ഭരണത്തിന് നേതൃത്വം നൽകുന്ന പാർട്ടിയുടെ മുഖപത്രംപോലും പരാതി പറയുമ്പോൾ പ്രതിപക്ഷത്തി രിക്കുന്ന ഞങ്ങൾ ഇതെല്ലാം കയ്യുംകെട്ടി നോക്കിയിരിക്കണമെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്.

ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയുടെ ജില്ലാ സമ്മേളനം നടക്കുകയാണ്. ജില്ലാ സമ്മേളനങ്ങളിൽ ഏറ്റവുമധികം വിമർശനം ഏറ്റുവാങ്ങേണ്ടി വരുന്നത് ഭക്ഷ്യ വകുപ്പുമന്ത്രിക്കാണെന്നാണ് പത്രത്തിൽ വായിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, അദ്ദേഹത്തിന്റെ പാർട്ടിയിൽ ചർച്ച നടക്കാറുണ്ട്, നല്ലത് മാത്രം കൈക്കൊള്ളും അല്ലാത്തവ തള്ളിക്കളയുമെന്ന്. അതായത്, മുഖ്യമന്ത്രി നല്ലയാളാണെന്ന് പറഞ്ഞാൽ അംഗീകരിക്കുകയും മുഖ്യമന്ത്രി മോശമാണെന്ന് പറഞ്ഞാൽ തള്ളിക്കളയുകയും ചെയ്യുമെന്നാണ്. സംസ്ഥാന സമ്മേളനവും ജില്ലാ സമ്മേളനവുമൊക്കെ ഞങ്ങളും നടത്താറുണ്ട്. അദ്ദേഹം നേരത്തെ നോമിനേഷനെ ക്കുറിച്ച് പറഞ്ഞു, അദ്ദേഹത്തിന്റെ പാർട്ടിയും ഒരു നോമിനേഷൻ തന്നെയാണല്ലോ;

മി. സ്പീക്കർ: വിലക്കയറ്റമാണ് വിഷയം.

ശ്രീ. കെ. മുരളീധരൻ: സർ, ഒരു പാനൽ അവതരിപ്പിക്കുന്നു, അതിൽ ആരെങ്കിലും എതിരായിപ്പറഞ്ഞാൽ അവരെ തള്ളുന്നു. അങ്ങനെയാണല്ലോ എം. വി. രാഘവൻ മുമ്പ് പുറത്തുപോയത്. ഞാൻ അതിലേയ്ക്ക് കടക്കുകയല്ല. നാല് മന്ത്രിമാരിൽ ഏറ്റവും മോശപ്പെട്ട മന്ത്രി ശ്രീ. പി. തിലോത്തമനാണെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുടെ പാർട്ടിയുടെ ചർച്ചയിൽത്തന്നെ പറയുന്നതായി ഞങ്ങൾ പത്രത്തിൽ വായിച്ചതാണ്. ഞാൻ ഒരിക്കലും അങ്ങയെക്കുറിച്ച് അങ്ങനെ പറയില്ല. എനിക്ക് അങ്ങയോട് നല്ല ബഹുമാനമാണ്. പക്ഷെ അങ്ങയുടെ പാർട്ടി ചർച്ചയിൽ അങ്ങയെ മോശക്കാരനായി പറയുന്നു. മാത്രമല്ല, ഇ. ചന്ദ്രശേഖരൻ നായർ ഇരുന്ന കസേരയിലാണ് നിങ്ങളിരിക്കുന്നതെന്ന് ഓർമ്മ വേണമെന്ന് പല പ്രതിനിധികളും പറയുന്നതായാണ് പത്രത്തിൽനിന്നും വായിക്കുന്നത്. ഏറ്റവും വലിയ വിമർശനം അങ്ങയെക്കുറിച്ചാണ്. അങ്ങയുടെ പാർട്ടിതന്നെ അങ്ങയെ വിമർശിക്കുമ്പോൾ ഇവിടെ എല്ലാം ഭദ്രമാണെന്നാണ് അങ്ങ് പറയുന്നത്. കരിഞ്ചന്തക്കാരെ നിയന്ത്രിക്കാൻ എന്തുകൊണ്ട് അങ്ങേയ്ക്ക് കഴിയുന്നില്ല; എന്തുകൊണ്ട് ഉദ്യോഗസ്ഥരെ കയറൂരി വിടുന്നൊരു പ്രവണതയിലേയ്ക്ക് അങ്ങ് എത്തിച്ചേർന്നു? അരിയുടെ വിലവർദ്ധനകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുകയാണ്. മംഗളം പത്രത്തിൽ വന്ന മറ്റൊരു വാർത്ത, 'തീ പിടിച്ച് ഇന്ധനവില, എണ്ണ കമ്പനികളുടെ കൊള്ളലാഭം 45,000 കോടി രൂപ.' അതിന് പുറമെ, വിലക്കയറ്റംമൂലം നിർമ്മാണ മേഖല സ്തംഭിക്കുന്നു, കരാറുകാർ പിന്മാറുന്നു. ഇതൊക്കെ വിലക്കയറ്റത്തിന്റെ ഭാഗമാണ്. ഇത് മാധ്യമം പത്രത്തിൽ കഴിഞ്ഞ ഓണക്കാലത്ത് വന്ന വാർത്തയാണ്. വിലക്കയറ്റത്തിന്മേൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മൂന്നാമത്തെ തവണയാണ് അടിയന്തരപ്രമേയം കൊണ്ടുവരുന്നത്.

രണ്ടാമത്തെ അടിയന്തരപ്രമേയത്തിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി, അരിക്ക് 35 രൂപ എന്നുള്ളത് പരമാവധി നിയന്ത്രിക്കുമെന്ന് പറഞ്ഞു. ആ 35 രൂപയാണ് 45 രൂപയിലേയ്ക്കും 50 രൂപയിലേയ്ക്കും കടന്നുകൊണ്ടിരിക്കുന്നത്. അത് നിയന്ത്രിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞോ;

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഈ സഭയിൽ സമർപ്പിച്ച ഇക്കണോമിക് റിവ്യൂ റിപ്പോർട്ട് 2017-ൽ ഓരോന്നിന്റെയും കണക്ക് വ്യക്തമായി പറയുന്നുണ്ട്. അതായത്, 2017 ജനുവരി മാസം മുതൽ 2017 സെപ്റ്റംബർ വരെയുള്ള കണക്കാണ് ഇക്കണോമിക് റിവ്യൂ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അരി (ചുവന്നത്) 2017 ജനുവരിയിൽ പൊതു കമ്പോളത്തിൽ 37.82 രൂപയെന്നും സെപ്റ്റംബറിൽ 44.02 രൂപയെന്നും അതിൽ പറയുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച കണക്കാണ്. ആ കണക്ക് തെറ്റാണോ; അരി (വെള്ള) 2017 ജനുവരിയിൽ 35.77 രൂപയും സെപ്റ്റംബറിൽ 38.25 രൂപയുമാണ്. ചെറുപയറിന് ജനുവരിയിൽ 83.21 രൂപയും സെപ്റ്റംബറിൽ 86.82 രൂപയുമാണ്. ചുവന്ന പരിപ്പിന് ജനുവരിയിൽ 76.43 രൂപയും സെപ്റ്റംബറിൽ 77.57 രൂപയുമാണ്. പഞ്ചസാരയ്ക്ക് ജനുവരിയിൽ 41.91 രൂപയും സെപ്റ്റംബറിൽ 43.50 രൂപയുമാണ്. ഇത് സെപ്റ്റംബർ വരെയുള്ള കണക്കാണ്. അതിനുശേഷം കൂടിയിട്ടുണ്ട്. അരിക്കും പഞ്ചസാരയ്ക്കും വില കൂടിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. നാടൻ കോഴിമുട്ടയ്ക്ക് ജനുവരിയിൽ 77.40 രൂപയും സെപ്റ്റംബറിൽ 79.95 രൂപയുമാണ്. വിലക്കയറ്റത്തിന്റെ പ്രത്യക്ഷമായ ഉദാഹരണമല്ലേ ഇത്. ഇത്രയുമൊക്കെ ഈ നാട്ടിൽ നടക്കുമ്പോൾ, ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിതന്നെ ഇതിനെ വിമർശിക്കുമ്പോൾ, ഭരണത്തിന് നേതൃത്വം കൊടുക്കുന്ന പാർട്ടിയുടെ മുഖപത്രംതന്നെ ഇതിനെ വിമർശിക്കുമ്പോൾ ഞങ്ങളൊന്നും പറയണ്ട, എല്ലാം കണ്ട് കണ്ണടയ്ക്കണമെന്നാണോ പറയുന്നത്? ഈ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമല്ലേ; ഇവിടെ വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുമ്പോൾ എല്ലാം ഭദ്രമാണെന്നാണ് പറയുന്നത്. കേരള കൗമുദി പത്രം നിങ്ങൾക്ക് വിശ്വാസമുള്ള പത്രമാണല്ലോ; മലയാള മനോരമയിൽ റിപ്പോർട്ടുണ്ട്. അത് നിങ്ങൾക്ക് വിശ്വാസമില്ലാത്തതുകൊണ്ട് വായിക്കുന്നില്ല; മാതൃഭൂമി പത്രം ഇപ്പോൾ പകുതി വിശ്വാസമായിട്ടുണ്ട്. എന്നാലും ഞാനത് വായിക്കുന്നില്ല. ഞാൻ കേരള കൗമുദി പത്രം വായിക്കാം.

<u>മി. സ്പീക്കർ:</u> 11 മിനിട്ടായി, പ്ലീസ്........

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുന്നത് സഭയിലല്ലാതെ എവിടെയാണ് പറയേണ്ടത്? നാട്ടുകാർ ചോദിക്കില്ലേ; മന്ത്രിയുടെ പാർട്ടിപോലും മന്ത്രിയെ വിമർശിക്കുമ്പോൾ പ്രതിപക്ഷത്ത് നിങ്ങൾ എന്തിനാണിരിക്കുന്നതെന്ന് ജനങ്ങൾ ചോദിക്കില്ലേ; അതുകൊണ്ട് ഇത് അവതരിപ്പിക്കണ്ടേ?

<u>മി. സ്പീക്കർ:</u> അങ്ങ് നല്ല അച്ചടക്കവും കൃത്യനിഷ്ഠയുമുള്ള ആളാണ്. പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, സപ്ലൈകോ മാർക്കറ്റിൽ സബ്സിഡി അരിയില്ല, പൊതു വിപണിയിൽ അരിവില കുതിക്കുന്നുവെന്നത് കഴിഞ്ഞ ദിവസത്തെ 'കേരള കൗമുദി' പത്രത്തിൽ വന്ന വാർത്തയാണ്. അങ്ങനെ ഓരോ ദിവസവും ഓരോ റിപ്പോർട്ടുകൾ വരികയാണ്. മാവേലി സ്റ്റോറിലും സാധനങ്ങളില്ല. കഴിഞ്ഞ ഓണക്കാലത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഓണക്കാലത്ത് എല്ലാ നിയോജകമണ്ഡലങ്ങളിലും സപ്ലൈകോയുടെ ഓണച്ചന്തകൾ 10 ദിവസം പ്രവർത്തിക്കാറുണ്ട്. കഴിഞ്ഞ തവണ ഓണവും ബക്രീദും ഒരുമിച്ചാണ് വന്നത്. സെപ്റ്റംബർ 1-ാം തീയതി ബക്രീദ്, സെപ്റ്റംബർ 4-ാം തീയതി തിരുവോണം. ഓണച്ചന്തകൾ തുടങ്ങിയത് ആഗസ്റ്റ് മാസം 30-ാം തീയതി ഉച്ചയ്ക്കുശേഷമാണ്. 30-ാം തീയതി രാവിലെ സംസ്ഥാനതലത്തിലുള്ള ഉദ്ഘാടനമുള്ളതുകൊണ്ട് നിയോജകമണ്ഡലങ്ങളിലെ ഓണച്ചന്തകൾ ഉച്ചയ്ക്കുശേഷം ഉദ്ഘാടനം ചെയ്താൽ മതിയെന്ന് പറഞ്ഞിരുന്നു. ഉച്ചയ്ക്കുശേഷം ഉദ്ഘാടനം ചെയ്തു.

<u>മി. സ്പീക്കർ:</u> കഴിഞ്ഞ വർഷത്തെ ഓണച്ചന്തയെക്കുറിച്ച് പറയുന്നത് അടിയന്തരപ്രമേയമാകുമോ?

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, എന്റെ നിയോജകമണ്ഡലത്തിൽ 31-ാം തീയതി വൈകുന്നേരമായപ്പോൾ സാധനങ്ങൾ മുഴുവനും തീർന്നു. 1-ാം തീയതി ബക്രീദ് ദിവസം ഒരു സാധനംപോലും സ്റ്റോക്കില്ല. ഓണച്ചന്തകളെല്ലാം 3-ാം തീയതി അവസാനിച്ചു; അപ്പോൾ 30-ാം തീയതി ഉച്ചയ്ക്ക് തുടങ്ങി 3-ാം തീയതി വൈകുന്നേരം കഴിയുന്ന രീതിയിലാണ് ഓണച്ചന്ത നടത്തിയിട്ടുള്ളത്. ഓണവും ബക്രീദുമുണ്ടായിരുന്നു. ഇത് രണ്ടും ഒരുമിച്ച് വന്നിട്ടുപോലും സംസ്ഥാന സർക്കാർ

140 നിയോജമണ്ഡലങ്ങളിലെയും ഓണച്ചന്തകൾ 4 ദിവസമാക്കി ചുരുക്കിയെന്ന് മാത്രമല്ല, ആ 4 ദിവസവും വേണ്ടത്ര സാധനങ്ങൾ ലഭ്യമല്ലാത്ത സ്ഥിതിവിശേഷ വുമുണ്ടായി. ഓണത്തിനുപോലും വില നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെയാണ് ക്രിസ്തുമസ്സിന്റെയും സ്ഥിതി. ഇതൊക്കെ മൂന്നോ നാലോ ദിവസം പേരിന് നടത്തി. നടത്തിയെന്നുള്ള പേരല്ലാതെ അതുകൊണ്ട് ജനങ്ങൾക്ക് ഉപകാരമില്ലാത്ത രീതിയാണ് ഇവിടെ നടക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ, ഒന്നിനും നാഥനില്ലാത്ത അവസ്ഥയാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്. മന്ത്രി പറഞ്ഞാൽ ഉദ്യോഗസ്ഥർക്ക് വിലയില്ല. ഉദ്യോഗസ്ഥരിൽ മന്ത്രിമാർക്ക് നിയന്ത്രണമില്ല. വകുപ്പ് സെക്രട്ടറിമാർ തോന്നിയതുപോലെ പ്രവർത്തിക്കുന്നു. അവരെ നിയന്ത്രിക്കാൻ മന്ത്രിമാർക്ക് കഴിയുന്നില്ല.

<u>മി. സ്പീക്കർ:</u> പ്ലീസ്..... അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ഇതിന്റെ പരിണിതഫലം ജനങ്ങളുടെ നട്ടുവൊടിയുന്ന രീതിയിലേയ്ക്ക് പോകുന്നു. നിങ്ങൾ പ്രതിപക്ഷത്തിരിക്കുന്ന സമയത്തും നമ്മൾ വിലക്കയറ്റത്തെക്കുറിച്ച് ചർച്ച നടത്തിയിട്ടില്ലേ; സഭാ നടപടികൾ നിർത്തിവച്ച് വിലക്കയറ്റത്തെക്കുറിച്ച് 2 മണിക്കൂർ നമ്മൾ ചർച്ച ചെയ്തിട്ടുണ്ട്. എന്തുകൊണ്ട് ഇത്തവണയും ചർച്ച ചെയ്തുകൂടാ; മറ്റന്നാൾ കഴിഞ്ഞാൽ സഭ കഴിയുകയല്ലേ; ഇപ്പോൾ ബഡ്ജറ്റിന്റെ പൊതുചർച്ചയല്ലേയുള്ളൂ. അതുകൊണ്ട് ഇത്രയും ഗൗരവമായൊരു വിഷയത്തിനുവേണ്ടി കുറച്ച് സമയം മാറ്റിവച്ച്, 2 മണിക്കൂറെങ്കിലും ഇതിനെക്കുറിച്ച് ചർച്ച നടത്താൻ സർക്കാർ തയ്യാറാകണം. അടിയന്തരപ്രമേയം കൊണ്ടുവന്നത് പ്രതിപക്ഷമാണെന്നുള്ളതുകൊണ്ട് ഇതിനെ തള്ളിക്കളയരുത്. ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സർ, ബഹുമാന്യനായ കെ. മുരളീധരൻ നന്തൻകോട്ടുള്ള കടയിലേയ്ക്ക് പോകേണ്ടതില്ല. ഈ സിറ്റിയിൽത്തന്നെ ന്യായവിലയ്ക്ക് നല്ല അരി ലഭിക്കുന്ന നിരവധി സൂപ്പർബസാറും മാർക്കറ്റുമൊക്കെയുണ്ട്. നന്തൻകോട്ടുള്ള കടയിൽത്തന്നെ പ്രത്യേകം പോയി വാങ്ങണമെന്ന് നിർബന്ധമാണെങ്കിൽ എന്താണ് സ്ഥിതിയെന്ന് എനിക്കറിയില്ല. ചാലക്കമ്പോളത്തിലെ അരിയുടെ വിലയാണ് ഞാനിവിടെ എടുത്തുപറഞ്ഞത്. ഇന്ന് ജയ അരിക്ക് 37 രൂപയും കുത്തരിക്ക് 40 രൂപയും വടി

കുത്തരിക്ക് 44 രൂപയുമാണ് വില. ജി.എസ്.ടി. വന്നതുകൊണ്ട് ബ്രാൻഡഡ് അരിക്ക് അൽപ്പം വിലകൂടിയിട്ടുണ്ട്. ജി.എസ്.ടി. വന്നപ്പോൾ ഷോപ്പിംഗ് മാളുകൾ എം.ആർ.പി.-യുടെ പുറത്ത് വീണ്ടും വിലകൂട്ടി. അക്കാര്യം മാധ്യമങ്ങളിലൊക്കെ വന്നുവെന്നത് ശരിയാണ്. ഞങ്ങൾ വളരെ കർക്കശമായ ഇടപെടൽ നടത്തുകയും ഷോപ്പിംഗ് മാളുകളിൽ പരിശോധന നടത്താൻ ലീഗൽ മെട്രോളജി വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എം.ആർ.പി. അടിച്ചതിന്റെ പുറത്ത് രണ്ടാമതൊരു സ്റ്റിക്കറൊട്ടിച്ച് വില കൂട്ടി വിൽക്കുന്നു എന്നാണ് പരിശോധനയിൽ കണ്ടെത്തിയത്. ഒരു ദിവസംകൊണ്ട് 80 കേസുകളാണ് സംസ്ഥാനമൊട്ടാകെയുള്ള ഷോപ്പിംഗ് മാളുകളിൽ പരിശോധന നടത്തി ലീഗൽ മെട്രോളജി വകുപ്പ് കണ്ടെത്തിയത്. ആ ഇടപെടൽ വില കുറച്ചുകൊണ്ടുവരാൻ സഹായിച്ചിട്ടുണ്ട്. ജി.എസ്.ടി.-യുടെ പേരിൽ ബ്രാൻഡഡ് അരി വിലകൂട്ടി വിൽക്കാൻ വലിയൊരു സംഘടിത ശ്രമം ഷോപ്പിംഗ് മാളുകളിലെ വ്യാപാരികൾ നടത്തി എന്നുള്ളത് ശരിയാണ്. പക്ഷേ പിന്നീട് വില കുറഞ്ഞിട്ടുണ്ട്.

ആന്ധ്രയിൽനിന്ന് വരുന്ന സുരേഖ അരിയിലും ജയ അരിയിലും ചെറിയൊരു വില വർദ്ധനവുണ്ടായിരുന്നു. അതിപ്പോൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. രണ്ട് ദിവസം മുൻപ് സപ്ലൈകോയുടെ ടെണ്ടറിൽ കഴിഞ്ഞ ആഴ്ചയേക്കാൾ ഒരു രൂപകൂടി കുറഞ്ഞാണ് ക്വാട്ട് ചെയ്തത്. കടത്തുകൂലിയിൽ വർദ്ധനവ് ഉണ്ടാകുമായിരുന്നില്ലെങ്കിൽ അതിനേക്കാൾ കുറയുമായിരുന്നു എന്നാണ് പൊതുവിൽ ഞങ്ങൾ മനസ്സിലാക്കുന്നത്. ഏതായാലും കേരളത്തിൽ ആന്ധ്ര അരിയുടെ വിലയിൽ വലിയ വ്യത്യാസമില്ല. എന്നാൽ അരി ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളായ കർണ്ണാടകയിലെയും തമിഴ്നാട്ടിലെയും വിലയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് നമ്മൾ സപ്ലൈകോ വഴി കൊടുക്കുന്നതെന്നതാണ് യാഥാർത്ഥ്യം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ആന്ധ്രയിൽനിന്ന് നേരിട്ട് അരി വാങ്ങാൻ പോയിരുന്നു. നേരിട്ട് അരി കൊണ്ടുവന്നോ; എന്താണ് അതിന്റെ സ്ഥിതി; ഇപ്പോൾ എങ്ങനെയാണ് അരി വാങ്ങുന്നത്; സിവിൽ സപ്ലൈസ് ടെണ്ടറിലൂടെയാണോ; അതോ നേരിട്ട് അരി വാങ്ങുകയാണോ; ബഹുമാന്യനായ മുഖ്യമന്ത്രി അവിടത്തെ ഡെപ്യൂട്ടി മുഖ്യമന്ത്രിയുമായി സംസാരിച്ചു എന്ന വിവരം ഈ സഭയിൽ പറഞ്ഞതാണ്. അങ്ങനെയൊരു ഇടപാട് ഇപ്പോൾ നടക്കുന്നുണ്ടോ; അതോ ഇപ്പോഴും പഴയ രീതിയിലാണോ തുടരുന്നത്?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, അന്ധ്രയിൽനിന്ന് അരി വാങ്ങിയതിനെക്കുറിച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവ് കളിയാക്കി പ്രസംഗിച്ചത് പലയിടത്തുനിന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. അന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഇടപെട്ട്, ഞാനുൾപ്പെടെയുള്ള ആളുകൾ അവിടെ പോയി സംസാരിച്ചിരുന്നു. അന്ന് ഏറ്റവും വില കുറഞ്ഞ, നല്ല ക്വാളിറ്റിയുള്ള അരി നമുക്ക് ലഭ്യമായി. ആ അരിയാണ് സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും ഓണക്കാലത്ത് 5 കിലോ വീതം കൊടുത്തത്. അതുപോലെ വീണ്ടും 10,000 ടൺ അരി വാങ്ങാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. അത് ലഭ്യമാകുമെന്നുതന്നെയാണ് ഞങ്ങൾ കരുതുന്നത്. എന്നാൽ ആന്ധ്രയിലെ മില്ലുടമകളും നമ്മുടെ സംസ്ഥാനത്ത് ആന്ധ്രയിൽനിന്ന് അരി കൊണ്ടുവന്ന് വിൽപ്പന നടത്തുന്ന പ്രധാനപ്പെട്ട കച്ചവടക്കാരും തമ്മിൽ ഇടപാടുണ്ടെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. എങ്കിലും ആന്ധ്രാ സർക്കാരിൽ പരമാവധി സമ്മർദ്ദം ചെലുത്തിക്കൊണ്ട് അവിടത്തെ സിവിൽ സപ്ലൈസ് വകുപ്പുവഴി നേരിട്ട് അരി കൊണ്ടുവരാനുള്ള ശ്രമം ഞങ്ങളിപ്പോഴും തുടരുകയാണ്.

അരിയുടെ തിരിമറിയെക്കുറിച്ച് ബഹുമാന്യനായ ശ്രീ. കെ. മുരളീധരൻ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞത് പി. ഡി. സിസ്റ്റത്തിലെ കാര്യമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ 2016 നവംബർ മുതലാണ് ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കാൻ ആരംഭിച്ചത്. അതിന്റെ പ്രയാസം ഞാൻ ഇതിനുമുൻപ് സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഞാനതിലേയ്ക്കൊന്നും പോകുന്നില്ല. എന്തുകൊണ്ടാണ് അതിന്റെ പ്രയാസം നേരിടേണ്ടിവന്നതെന്നും ഞാൻ പറയുന്നില്ല. അതെല്ലാവർക്കും അറിയാവുന്നതാണ്. സംസ്ഥാനത്ത് പി.ഡി.എസ്.-ലൂടെ വിതരണം ചെയ്യുന്ന അരിയിൽ ഏതാണ്ട് 40 ശതമാനത്തിന്റെ ക്രമക്കേട് നടക്കുന്നു എന്നാണ് ശ്രീമതി നിവേദിത പി. ഹരന്റെ റിപ്പോർട്ടുകളിലുൾപ്പെടെയുള്ളത്. കേന്ദ്രം തരുന്ന, പി.ഡി.എസ്.-ലൂടെ വിതരണം ചെയ്യുന്ന അരിയിൽ 60 ശതമാനം മാത്രമേ ജനങ്ങളിലേയ്ക്ക് എത്തുന്നുള്ളൂ. 40 ശതമാനം കരിഞ്ചന്തയിലേയ്ക്ക് ഒഴുകുന്നു. എല്ലാ പഠന റിപ്പോർട്ടുകളും അതാണ് സൂചിപ്പിക്കുന്നത്. എന്നാൽ 40 ശതമാനം ജനങ്ങളിലേയ്ക്കും 60 ശതമാനം കരിഞ്ചയിലേയ്ക്കും പോകുന്നു എന്നാണ് എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ളത്. ആ അവസ്ഥാവിശേഷത്തിനാണ് എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതോടുകൂടി നമ്മൾ വിരാമമിടാൻ ശ്രമിക്കുന്നത്. ഈ രംഗത്തെ അഴിമതിയുടെ പ്രഭവകേന്ദ്രമായ 330 ഹോൾസെയിൽ വ്യാപാരികളെ ഒഴിവാക്കി. എന്തുകൊണ്ടാണ് ഇതിനുമുൻപ് അവരെ ഒഴിവാക്കാൻ കഴിയാതിരുന്നത്; എൻ.എഫ്.എസ്.എ. 2013-ൽ പാർലമെന്റ് പാസ്സാക്കിയ നിയമമല്ലേ; ഒരു വർഷത്തിനുള്ളിൽ ആ നിയമം നടപ്പിലാക്കണമെന്നല്ലേ കേന്ദ്രം അനുശാസിച്ചി

രുന്നത്; ആ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇടനിലക്കാരെ ഒഴിവാക്കേണ്ട നടപടിയായിരുന്നില്ലേ ഏറ്റവും ആദ്യം ചെയ്യേണ്ടിയിരുന്നത്; കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അത് ചെയ്തില്ല. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ ആ അഴിമതിക്കാരെ ഒഴിവാക്കാൻ യാതൊരു പ്രയാസവുമുണ്ടായില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് കഴിഞ്ഞ സഭയിലും ഈ വിഷയം ഉന്നയിച്ചിരുന്നു. അന്ന് കരിഞ്ചന്തയിൽപ്പെട്ട് കേസ് രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ ബിനാമികൾ ഇപ്പോഴും ഈ വിതരണം നടത്തുന്നു എന്നത് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ സഭയിൽ ഞാനത് ചൂണ്ടിക്കാട്ടുകയും ചെയ്തു. അവരെത്തന്നെ വീണ്ടും റെയ്ഡ് ചെയ്ത് കണ്ടുപിടിക്കുന്നതുമായി ബന്ധപ്പെട്ട വാർത്തകൾ വിവിധ പത്രങ്ങളിൽ വീണ്ടും വരികയാണ്, അത് സംബന്ധിച്ച് അങ്ങ് വ്യക്തമായൊരു മറുപടി സഭയിൽ പറയണം.

ശ്രീ. പി. തിലോത്തമൻ: സർ, അങ്ങ് കച്ചവടം ചെയ്യാനായി അരി മുഴുവൻ അവരെ ഏൽപ്പിച്ചിട്ട് ഇപ്പോൾ അവർ ലോറിക്കാരായി മാറിയിരിക്കുന്നു എന്നുപറയുന്നതിൽ എന്താണ് കാര്യം; ഞങ്ങൾ അക്കാര്യവും പരിശോധിക്കും. ഈ രംഗത്തെ അഴിമതി പരിപൂർണ്ണമായി തുടച്ചുനീക്കാനാവശ്യമായ എല്ലാ കാര്യങ്ങളും ഞങ്ങൾ ചെയ്യും.

വാതിൽപ്പടി വിതരണം ആരംഭിച്ചു. ഇപ്പോൾ ഇ-പോസ് മെഷീൻ സ്ഥാപിച്ചു വരികയാണ്. അതിന്റെ ഔപചാരികമായ ഉദ്ഘാടനം കരുനാഗപ്പള്ളിയിൽവച്ച് ബഹുമാന്യനായ മുഖ്യമന്ത്രി നടത്തി. 2018 മാർച്ച് 31-നുള്ളിൽ സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചുകൊണ്ട് സുതാര്യമായ വിതരണക്രമം നടത്തുന്നതിനാണ് ശ്രമിക്കുന്നത്. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും നടക്കുന്നതിനേക്കാൾ ഏറ്റവും മെച്ചപ്പെട്ട രൂപത്തിൽ നമ്മുടെ സംസ്ഥാനത്ത് ആ നിയമം നടപ്പാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്; അത് ഞങ്ങൾ നടപ്പാക്കുകതന്നെ ചെയ്യും. അതുകൊണ്ട് എല്ലാ കാര്യങ്ങളും ഇതിനുള്ളിൽ അവസാനിച്ചു എന്നർത്ഥമാക്കുന്നില്ല. വിജിലൻസും സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിലെ പ്രത്യേക അന്വേഷണ സംഘവും അന്വേഷണങ്ങൾ നടത്തുന്നുണ്ട്. ക്രമക്കേടുകൾ കണ്ടെത്തി യാതൊരു വിട്ടുവീഴ്ചയുമില്ലാതെ കർക്കശ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ മേനംകുളം, മാന്നാറിലെ ഗോഡൗൺ, മറ്റ് ഗോഡൗണുകൾ എന്നിവിടങ്ങളിലെല്ലാം നേരിട്ട് പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ക്രമക്കേട് കണ്ടാൽ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ നടപടി സ്വീകരിക്കും.

14,335 റേഷൻ കടകൾ ഈ സംസ്ഥാനത്ത് പ്രവർത്തിക്കുകയാണ്. അത് നേരത്തെ പ്രവർത്തിക്കുന്നവ തന്നെയാണ്. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ പുതിയതായി വന്നവയൊന്നുമല്ല. അവരും ഇതിന്റെ ഭാഗമായി നിന്നവരാണ്. അവർക്ക് പെട്ടെന്ന് മാറാനുള്ള പ്രയാസങ്ങളുണ്ട്. മാറുന്നതിനുള്ള നടപടികളാണ് സർക്കാരിന്റെ ഇടപെടലിലൂടെയും നിർദ്ദേശത്തിലൂടെയും സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. മാറാത്തവർക്ക് ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന സന്ദർഭത്തിൽ മാറേണ്ടിവരും.

ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. അദ്ദേഹം വിലക്കയറ്റം ഉണ്ടാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പറഞ്ഞു. ആ നയത്തിന്റെ വക്താക്കൾ ഇന്ന് കേന്ദ്രം ഭരിക്കുന്നവരാണ്, അവർ  സ്വീകരിക്കുന്ന സാമ്പത്തിക നയമാണ്. അത് തുടങ്ങിയത് ഇന്നും ഇന്നലെയുമല്ല. അതിനൊക്കെ ധാരാളം പഴക്കമുണ്ട്. ഏതായാലും ശ്രീ. കെ. മുരളീധരൻ ആ നയത്തെ എതിർക്കാൻ സന്നദ്ധമായി മുന്നോട്ടുവന്നുവെന്നത്  സന്തോഷമുള്ള കാര്യമാണ്. ആ നയത്തെ നമുക്കൊരുമിച്ച് എതിർക്കാം, ഒരുമിച്ച് പോരാടാം എന്നാണ് എനിക്ക്  പറയാനുള്ളത്.

പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താനും മാർക്കറ്റ് ഇന്റർവെൻഷനുമായി ബഡ്ജറ്റിൽ വലിയ തുകയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നീക്കിവച്ചിട്ടുള്ളത്. വേണ്ടിവന്നാൽ ഇനിയും തുക നീക്കിവയ്ക്കും എന്നതാണ് സർക്കാരിന്റെ നിലപാട്. കേരളത്തിലെ പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്തിക്കൊണ്ട്, മാവേലി സ്റ്റോറുകളെ കുറേക്കൂടി കരുത്താർജ്ജിപ്പിക്കുകയും റേഷൻ കടകളെ അവശ്യസാധനങ്ങൾകൂടി ലഭ്യമാക്കാൻ കഴിയുന്ന അവസ്ഥയിലേയ്ക്ക് മാറ്റാനുള്ള തുടക്കം കുറിക്കുകയും ചെയ്തുകൊണ്ട് ന്യായവിലയ്ക്ക് അവശ്യസാധനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുമെ ന്നാണ് എനിക്ക് പറയുവാനുള്ളത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടയാതൊരാവശ്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

10.00 എ. എം.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വിശക്കുന്നവന്റെ മുൻപിൽ ദൈവം അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടാനേ ധൈര്യം കാണിക്കൂവെന്ന് മഹാത്മജി പറഞ്ഞിട്ടുണ്ട്. ഇന്ന് വിശക്കുന്നവന്റെ വേദനയാണ് ശ്രീ. കെ. മുരളീധരൻ ഇവിടെ അടിയന്തരപ്രമേയമായി അവതരിപ്പിച്ചത്. സംസ്ഥാനത്ത് വിലക്കയറ്റംകൊണ്ട് ജനങ്ങൾ പ്രയാസപ്പെടുകയാണ്. നാണ്യ വിളകളുടെയും റബ്ബറിന്റെയും വിലയിടിവുമൂലം കർഷകരും ബുദ്ധിമുട്ടുന്നു. കേരളത്തിലിന്ന് സാധാരണക്കാരന് ജീവിക്കാൻ കഴിയാത്ത അവസ്ഥ സംജാത മായിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുമുൻപ് പുറത്തുവന്ന ഓക്സ്ഫാം സർവ്വേ സൂചിപ്പിക്കുന്നത് ഇന്ത്യയിലെ 73 ശതമാനം സമ്പത്തും രാജ്യത്തിലെ ഒരു ശതമാനം ആളുകളിൽ അടങ്ങുന്നുവെന്നാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിക്കുകയാണ്. അവശ്യസാധനങ്ങളുടെ വില വർദ്ധനവിലൂടെ പാവപ്പെട്ടവന്റെയും നിശ്ചിത വരുമാനക്കാരന്റെയും ജീവിതദുരിതം വർദ്ധിക്കുകയാണ്. ഇത് ഏറ്റവും കൂടുതൽ കേരളത്തെയാണ് ബാധിച്ചു കൊണ്ടിരിക്കുന്നത്. അതിന് കാരണം, കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണെന്നുള്ളതാണ്. എവിടെ വില വർദ്ധനവുണ്ടായാലും അതാദ്യം ബാധിക്കുന്നത് കേരളത്തെയാണ്. സങ്കല്പത്തിലെ കിഫ്ബി പാവപ്പെട്ട ജനങ്ങളുടെ വിശപ്പടക്കില്ല. ഈ സർക്കാർ പൊതുവിതരണ മേഖലയിൽ സ്വീകരിച്ചിരിക്കുന്ന തെറ്റായ സമീപനങ്ങളാണ് വിലക്കയ റ്റത്തിലേക്ക് എത്തിക്കുന്നത്. കേന്ദ്ര സർക്കാർ പെട്രോളിനും ഡീസലിനും എല്ലാ ദിവസവും വില വർദ്ധിപ്പിക്കുന്നതിന്റെ ഫലമായി എല്ലാ നിത്യോപയോഗ സാധനങ്ങളുടേയും വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന കേരളത്തിലെ ജനങ്ങളാണ് ഇതിന്റെ ഏറ്റവും വലിയ ഇരകളായി മാറിക്കൊണ്ടിരിക്കുന്നത്. കേന്ദ്രം പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ നാലുതവണ സർക്കാരിന് അധികവരുമാനം വേണ്ടെന്നുവച്ചു. ഇന്ന് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ഒരു കാരണവശാലും ഞങ്ങളത് പിൻവലിക്കില്ലെന്ന നിലപാടാണ് സ്വീകരിക്കുന്നത്, ആ മണ്ടത്തരം ഞങ്ങൾ ചെയ്യില്ലെന്നാണ് അദ്ദേഹം പറയുന്നത്. ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളും അവർക്ക് ലഭിക്കുന്ന അധിക നികുതി വരുമാനം വേണ്ടെന്നുവച്ച് ജനങ്ങളെ ബുദ്ധിമുട്ടിൽനിന്ന് രക്ഷിക്കാൻ ശ്രമിക്കുമ്പോൾ കേരള സംസ്ഥാനത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ സമീപനം അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. അതും വിലക്കയറ്റത്തിന് കാരണമായി മാറിക്കൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ ഭക്ഷ്യവകുപ്പുമന്ത്രി എന്റെ ജില്ലക്കാരനാണ്,

എനിക്ക് വളരെ സൗഹൃദമുള്ളയാളാണ്. അതുകൊണ്ട് കാര്യമില്ലല്ലോ? സംസ്ഥാനത്ത് അരി വില വർദ്ധിക്കുന്നില്ലെന്നാണ് അദ്ദേഹം പറയുന്നത്. അരിയുടെ വില എല്ലായിടത്തും ഒരുപോലെയാണ്, 50 രൂപയ്ക്ക് മുകളിലാണ് അരിയുടെ വില. ഇവിടെ കഴിഞ്ഞ വർഷം അരിക്കടയിൽ ജയ അരിക്ക് പകരം നൽകിയത് മഹാമായ എന്ന അരിയാണ്, അതിൽ വ്യാപകമായ പരാതിയുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞത്, ഞങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി എന്നാണ്. നിയമപ്രകാരം സംസ്ഥാനത്ത് സപ്ലൈകോ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് വാതിൽപ്പടി വിതരണം നടത്തേണ്ടതെങ്കിലും ഇപ്പോഴും കരാറുകാരാണ് റേഷൻ സാധനങ്ങൾ കടകളിലെത്തിക്കുന്നത്. മുൻകാലങ്ങളിൽ റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതിനിടെ പോലീസ് പിടിയിലായവരുടെ ബിനാമികൾക്കാണ് പല ജില്ലകളിലും സപ്ലൈകോ ട്രാൻസ്പോർട്ട് കരാർ നൽകിയിരിക്കുന്നതെന്ന് മാധ്യമം പത്രം വളരെ വ്യക്തമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനെക്കുറിച്ച് മന്ത്രിക്കൊന്നും പറയാനില്ല. വാതിൽപ്പടി വിതരണത്തിലുണ്ടായിരിക്കുന്ന ഗുരുതരമായ ക്രമക്കേടുകൾ എല്ലാ മാധ്യമങ്ങളിലൂടെയും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കാനുള്ള എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചത്? ഇവിടെ നിത്യോപയോഗ സാധനങ്ങളുടെ വില കൂടിക്കൂടി മാനത്തോളം എത്തുന്നു. ജനങ്ങൾ പൊറുതിമുട്ടുന്നു. വില കൂടും, താനേ കുറയും, അതുകൊണ്ട് സർക്കാരിന് ആശ്വസിക്കാമെന്ന നിലപാട് ശരിയാണോ? വിലക്കയറ്റമുണ്ടായാൽ ജനങ്ങളെ വിലക്കയറ്റത്തിൽ നിന്ന് രക്ഷിക്കാനുള്ള മൗലികമായ ഉത്തരവാദിത്വം സർക്കാരിനല്ലേ? അടുത്ത കാലത്ത് ഉള്ളിയുടെ വില 190 രൂപയായി, ഇപ്പോഴത് 60-65 രൂപ ആയി, അത് തനിയെ കുറഞ്ഞതാണ്, അല്ലാതെ സർക്കാരിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ കൊണ്ടല്ല. ഇതാണ് എല്ലാ കാര്യത്തിലുമുള്ള സ്ഥിതി. അരി, പയർ, പരിപ്പ്, മുളക്, പച്ചക്കറി ഇവയ്ക്കെല്ലാം വില കൂടിയപ്പോൾ സർക്കാർ മൗനം പാലിക്കുകയായിരുന്നു. യു.ഡി.എഫ്. സർക്കാർ അധികാരം വിട്ടൊഴിയുമ്പോൾ ഉണ്ടായിരുന്ന വിലയുടെ ഇരട്ടി വിലയാണ് ഇന്നുള്ളത്. 24 മുതൽ 28 രൂപ വരെയായിരുന്നു അരിയുടെ വില. ഇന്ന് അരിയുടെ വില എത്രയാണ്? ജയ, സുരേഖ എന്നുപറഞ്ഞ് മോശമായ അരി വിറ്റഴിക്കുന്നുവെന്ന വ്യാപകമായ പരാതിയുണ്ടാകുകയാണ്. അത്തരം അരിക്കുപോലും 42 മുതൽ 48 രൂപ വരെ വിലയുണ്ട്. ബ്രാൻഡഡ് അരിക്ക് അതിനേക്കാൾ വില കൂടുതലാണ്. 60 രൂപ വരെയാണ് ബ്രാൻഡഡ് അരിക്കുള്ളത്. അരിക്ക് നേരിയ വില വർദ്ധനവുണ്ടെന്ന് ശ്രീ. പി. തിലോത്തമൻ 23-1-2018-ൽ സഭയിൽ നൽകിയ മറുപടിയിൽ പറയുന്നുണ്ട്. പക്ഷേ നേരിയ വർദ്ധനവല്ല, കനത്ത വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. വെളിച്ചെണ്ണയുടെ വിലയിൽ വലിയ മാറ്റമാണ്

വന്നിട്ടുള്ളത്. വെളിച്ചെണ്ണ കിലോയ്ക്ക് 250 മുതൽ 260 രൂപ വരെയാണ് വില. ഇത് കേര കർഷകർക്ക് നല്ലതാണെങ്കിലും ഇപ്പോൾ തേങ്ങയില്ലാത്ത സ്ഥിതിയായതിനാൽ അവർക്ക് അതിന്റെ ആനുകൂല്യം കിട്ടുന്നില്ല. വെളിച്ചെണ്ണയുടെ വില കൂടിയതോടുകൂടി വ്യാജ എണ്ണ കേരളത്തിൽ വ്യാപകമായി ഒഴുകുകയാണ്. വ്യാജ എണ്ണ തടയാനാവശ്യമായ യാതൊരു നടപടിയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പച്ചക്കറിയുടെ വിലയിലും വർദ്ധനവുണ്ടാകുന്നുണ്ട്. ഇത് നിയന്ത്രിക്കാൻ ബാദ്ധ്യസ്ഥരായ വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ പോലും നടക്കുന്നില്ല. ഭക്ഷ്യ-കൃഷി ഭക്ഷ്യ സുരക്ഷാ വകുപ്പുകൾ തമ്മിലുള്ള കോ-ഓർഡിനേഷന്റെ അഭാവം ഇക്കാര്യത്തിൽ വ്യക്തമാണ്. തക്കാളി ഒഴിച്ച് എല്ലാ പച്ചക്കറികൾക്കും വില കൂടുകയാണ്. ഒരു കിലോ രസകദളിപ്പഴത്തിന് 75 രൂപയോളം വിലയുണ്ട്. പാളയംകോടൻ പഴത്തിന് 55 മുതൽ 60 രൂപ വരെ വിലയാണ്. സാധാരണക്കാരന് ഇന്ന് മത്സ്യം വാങ്ങാൻ കഴിയാത്ത സ്ഥിതിയാണ്. അയലയ്ക്ക് 50 മുതൽ 60 രൂപവരെ, 8 മുതൽ 10 രൂപവരെയുണ്ടായിരുന്ന മത്തിക്ക് 50 രൂപ കൊടുക്കണം. ഹോട്ടലുകളിൽ വില കുറയുമെന്നും ജി.എസ്.ടി വന്നതിനുശേഷം അമിത ലാഭമെടുക്കുന്ന ഹോട്ടൽ ഉടമകളുടെ പേരിൽ നിയന്ത്രണ മേർപ്പെടുത്തുമെന്നും പറഞ്ഞു. പക്ഷേ ഇന്ന് ഹോട്ടലുകളിൽ വലിയതോതിലുള്ള കൊള്ള നടക്കുകയാണ്. ആരും നിയന്ത്രിക്കാനില്ലാത്ത അവസ്ഥയാണ്. സാധനങ്ങൾക്കെല്ലാം വില കൂടിയതിന്റെ ഫലമായി ഒരു മസാലദോശയ്ക്ക് 60 മുതൽ 75 രൂപ വരെ കൊടുക്കേണ്ട സ്ഥിതിയാണ്. ജി.എസ്.ടി. വന്നതോടുകൂടി ചിക്കന്റെ വില കുറയുമെന്നാണ് ഡോ. തോമസ് ഐസക് പറഞ്ഞത്. ചിക്കൻ 80 രൂപയ്ക്ക് കിട്ടുമെന്ന് പറഞ്ഞു, പക്ഷേ ചിക്കന് വിലകുറഞ്ഞില്ല. മാർക്കറ്റിൽ 120 രൂപയിൽ കൂടുതൽ ചിക്കന് വിലയുണ്ട്. ഹോട്ടലുകളിൽ കറിവച്ച ചിക്കന് തീപിടിച്ച വിലയാണ്, രണ്ടു കഷണങ്ങളുള്ള ചിക്കൻകറിക്ക് 120 രൂപക്ക് മുകളിൽ വിലയുണ്ട്. ഹോട്ടലിന്റെ കെട്ടുംമട്ടും അനുസരിച്ച് വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മുൻഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. സി. ദിവാകരൻ പറഞ്ഞ കാര്യം ഞാനിവിടെ ഉദ്ധരിക്കുകയാണ്, 'ഭക്ഷ്യ പൊതുവിതരണ വകുപ്പ്, പദ്ധതിവിഹിതം ഇരുപത്തെട്ട് ശതമാനം മാത്രം ചെലവഴിച്ചതുകൊണ്ടാണ് വിലക്കയറ്റമുണ്ടായത്' എന്നാണ്. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗം പത്ത് ശതമാനം മാത്രമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അന്ന് നവംബർ മാസത്തിലാണ് യു.ഡി.എഫ്. സർക്കാർ ഇരുപത്തെട്ട് ശതമാനം മാത്രം ചെലവഴിച്ചു എന്ന് ബഹുമാനപ്പെട്ട സി. ദിവാകരൻ പറഞ്ഞത്, ഇന്ന് ഫെബ്രുവരിമാസം അഞ്ചായി, എന്നിട്ടും ശ്രീ. പി. തിലോത്തമൻ ആ വകുപ്പിൽ ചെലവഴിച്ചത് പത്ത് ശതമാനം മാത്രമാണെന്ന് നാം കാണണം. ഇതുപോലെ

യാണെങ്കിൽ എങ്ങനെ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയും? ബഡ്ജറ്റിൽ കമ്പോള ഇടപെടലിനുള്ള തുക വെട്ടിക്കുറച്ചിരിക്കുകയാണ്, ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി അത് ശ്രദ്ധിച്ചിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ സിവിൽ സപ്ലൈസിനും കൺസ്യൂമർഫെഡിനും മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി നീക്കിവച്ചത് 350 കോടി രൂപയാണെങ്കിൽ ഇത്തവണ 250 കോടി രൂപയേയുള്ളൂ. അങ്ങ് ബഡ്ജറ്റ് പ്രസംഗം ശ്രദ്ധിക്കണം. അങ്ങയെക്കൂടി സഹായിക്കാനാണ് ഞാനിത് പറയുന്നത്. 100 കോടി രൂപ വെട്ടിക്കുറച്ചത് മന്ത്രി അറിഞ്ഞില്ല. വില നിയന്ത്രിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മയുടെ നേർചിത്രമാണ് ഇത് കാണിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, നൂറ് കോടി രൂപ അഡീഷണൽ ആതറൈസേഷനായി കൊണ്ടുവരും.

ശ്രീ. രമേശ് ചെന്നിത്തല: സർ, മന്ത്രിയുടെ ആത്മാർത്ഥതയെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. നൂറ് കോടി രൂപ അഡീഷണൽ ആതറൈസേഷനായി കൊണ്ടുവരുന്നത് നല്ല കാര്യമാണ്, ഞാനിത് ചൂണ്ടിക്കാണിച്ചില്ലായിരുന്നുവെങ്കിൽ അതും അങ്ങ് കൊണ്ടുവരുമായിരുന്നില്ല എന്നതാണ് സത്യം. നൂറ് കോടി രൂപ തന്റെ വകുപ്പിൽനിന്നും കുറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞില്ലെന്ന് പറയുമ്പോൾ ഞങ്ങൾ അദ്ദേഹത്തെ വിമർശിക്കുന്നതിൽ തെറ്റുണ്ടോ? പെട്രോളിന്റെയും ഡീസലിന്റെയും വിലനിലവാരത്തെക്കുറിച്ച് ശ്രീ. കെ. മുരളീധരൻ ഇവിടെ ചൂണ്ടിക്കാണിച്ചു, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അൽപ്പംകൂടി കരുണ കാണിക്കണമായിരുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, അലോട്ട്മെന്റ് അഡീഷണൽ ആതറൈസേഷനടക്കമുള്ളതാണ്, ബഡ്ജറ്റിൽ വയ്ക്കുന്നതിനേക്കാൾ കൂടുതൽ തുക പി.ഡബ്ല്യൂ.ഡി. പോലുള്ള വകുപ്പുകൾക്ക് കൊടുക്കാറുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, എത്ര തുക വച്ചാലും പത്ത് ശതമാനത്തിൽ കൂടുതൽ ചെലവഴിക്കാൻ പോകുന്നില്ല, ട്രഷറിയിൽനിന്നും പണം പോകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പേടിക്കണ്ട.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, പ്ലാൻ ഫണ്ടിന്റെ എക്സ്പെൻഡിച്ചറിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ, അതുമുഴുവനും ഇ-പോസ് മെഷീൻ വാങ്ങേണ്ട ഫണ്ടാണ്, മാർച്ച് 31-നകം അത് മുഴുവൻ ചെലവഴിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പറഞ്ഞത് വസ്തുതയാണെന്ന് ബോദ്ധ്യപ്പെട്ടല്ലോ, അനുമതി. 28 ശതമാനം യു.ഡി.എഫ്. സർക്കാർ ചെലവഴിച്ചപ്പോൾ എൽ.ഡി.എഫ്. സർക്കാർ ചെലവഴിച്ചത് പത്ത് ശതമാനം മാത്രമാണ്. ബഡ്ജറ്റ്

വിഹിതമായോ അഡീഷണൽ ആതറൈസേഷനായോ എത്ര പണം നീക്കിവച്ചാലും ട്രഷറിയിൽനിന്നും ഒരു പൈസപോലും ഇവർ ചെലവഴിക്കാൻ പോകുന്നില്ല എന്നുള്ളതാണ് സത്യം. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നാല് പ്രാവശ്യം അഡീഷണൽ റവന്യൂ വേണ്ടെന്ന് തീരുമാനിച്ചു. നിങ്ങൾക്ക് ഒരു തവണയെങ്കിലും അഡീഷണൽ റവന്യൂ വേണ്ടെന്ന് തീരുമാനിച്ച് മാതൃക കാട്ടാമായിരുന്നു, അധികനികുതി ഒഴിവാക്കാമായിരുന്നു. കേരളത്തിലെ ജനങ്ങളുടെ തലയിൽ നിന്നും അസഹനീയമായ ഈ അധികഭാരം ഇറക്കിവയ്ക്കാനുള്ള കനിവെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കാണിക്കാമായിരുന്നു. കേരളത്തിലെ പാവപ്പെട്ടവർ ഇന്നനുഭവിക്കുന്ന ഗുരുതരമായ വിലക്കയറ്റത്തിൽനിന്നും രക്ഷ നൽകുന്നതിനുള്ള യാതൊരു നടപടിയും അങ്ങയുടെ ബഡ്ജറ്റിൽ സ്വീകരിച്ചിട്ടില്ലെന്നുമാത്രമല്ല അധിക നികുതി ചുമത്തി കൂടുതൽ ഭാരം ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഭക്ഷ്യവകുപ്പ് ഇതുപോലെ കുത്തഴിഞ്ഞ് കിടന്ന ഒരു കാലമുണ്ടായിട്ടുണ്ടോ? റേഷൻകടകളിൽ സാധനങ്ങൾ കിട്ടുന്നില്ല, പണമില്ലാത്തതിനാൽ എഫ്.സി.ഐ.-യിൽ നിന്നും റേഷൻ അരി മുടങ്ങി. കേന്ദ്രം അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങൾ എഫ്.സി.ഐ-യിൽ വന്നത് വാങ്ങുന്നതിനായി ഡിസംബർ 31-ന് മുമ്പ് അടയ്ക്കേണ്ട തുക അടയ്ക്കാത്തതിനാൽ റേഷനരി വാങ്ങാൻ കഴിയാതെ പോയ സർക്കാരാണ് കേരളം ഭരിക്കുന്നത്.

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, നമ്മുടെ അലോട്ട്മെന്റിൽനിന്നും ഒരു കിലോ അരിപോലും കുറവ് വന്നിട്ടില്ല, മുഴുവനായും വിതരണം ചെയ്തിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഡിസംബർ 31-നുമുൻപ് പണം അടയ്ക്കണമായിരുന്നു, അത് ചെയ്തിട്ടുണ്ടോ?

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, തൊട്ടടുത്ത മാസത്തേയ്ക്കുള്ളതാണത്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഗോഡൗണിൽ വന്ന അരി ഡിസംബർ 31-നുമുൻപ് പണമടച്ച് വാങ്ങേണ്ടതാണ്. പണമടയ്ക്കാത്തതുകൊണ്ടാണ് റേഷൻ കടകളിൽ അരിയില്ലാതെ പോയത്. ആ തുക അങ്ങ് പിന്നീട് അടച്ചു.

ശ്രീ. പി. തിലോത്തമൻ: സർ, അരിവിതരണത്തിൽ ഒരു മുടക്കവും വന്നിട്ടില്ല. മുഴുവൻ അരിയുമെടുത്ത് റേഷൻകട വഴി വിതരണം നടത്തി.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഡിസംബർ 31-ന് ഗോഡൗണിൽ വന്ന അരി പണം കൊടുത്ത് വാങ്ങാതിരുന്നത് അങ്ങയുടെ കുറ്റമല്ല.

ശ്രീ. പി. തിലോത്തമൻ : സർ, ഡിസംബർ മാസം വന്ന അരി അടുത്ത മാസത്തേക്കുള്ളതാണ്.

ശ്രീ. രമേശ് ചെന്നിത്തല : സർ, അടുത്ത മാസത്തേയ്ക്കുള്ളതാണെങ്കിലും പണം അടയ്ക്കാത്തതിനാലാണ് റേഷൻ കടകളിൽ സാധനമെത്താതെ പോയത്, ഇത് ശരിയായ നടപടിയല്ല. ഇത് ഭക്ഷ്യ വകുപ്പുമന്ത്രിയുടെ കുറ്റമാണെന്ന് ഞാൻ പറഞ്ഞില്ല, ധനകാര്യ വകുപ്പിന്റെ കുറ്റമാണ്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി അതീവ ഗുരുതരമായി വന്നപ്പോഴാണ് ഡിസംബർ 31-നുമുൻപ് പണമടയ്ക്കാൻ കഴിയാതിരുന്നത്.

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്, ഒരിക്കൽപ്പോലും ഇവിടെ റേഷൻ മുടങ്ങിയിട്ടില്ല. സമയത്തിന് പണമടച്ചു, അരിയെടുത്തു, ജനുവരി മാസത്തിലും തുടർന്നും കൃത്യമായി അരിവിതരണം നടന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ നാല് മാസം റേഷനരി വിതരണം മുടങ്ങി. സാമ്പത്തിക പ്രതിസന്ധിമൂലം ഡിസംബർ 31-നുമുൻപ് പണമടയ്ക്കാതെ റേഷൻ വിഹിതം ലിഫ്റ്റ് ചെയ്യുന്നതിൽ താമസമുണ്ടായി, മുടങ്ങിയെന്ന് ഞാൻ പറഞ്ഞില്ല, റേഷൻ വിതരണത്തിൽ പാളിച്ചയുണ്ടായി. വാതിൽപ്പടി വിതരണത്തെപ്പറ്റി ഇവിടെ പറഞ്ഞു, അതിനെപ്പറ്റി ധാരാളം ആക്ഷേപങ്ങളുണ്ട്. മുഖ്യമന്ത്രിയെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കുന്നതിനുമുൻപ് പൂർണ്ണമായും സുതാര്യവും ഫലപ്രദവുമാക്കണമായിരുന്നു. കരിഞ്ചന്തക്കാരും ഇടനിലക്കാരും പഴയകാലത്ത് വിതരണം ചെയ്തവരും ഇപ്പോഴും തുടരുകയാണ്. അവർ കാണിക്കുന്ന അഴിമതി തടയാൻ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടില്ല. ഉദ്ഘാടനത്തിന് മുൻപ് അതാണ് ചെയ്യേണ്ടിയിരുന്നത്, വ്യാപകമായി പരാതി ഉയർന്നുവരികയാണ്. ആന്ധ്രാപ്രദേശിൽ നിന്നും നേരിട്ട് അരി വാങ്ങുന്നതിനെക്കുറിച്ച് ഞാൻ മന്ത്രിയെ കളിയാക്കിയെന്ന് പറഞ്ഞു. ഞാൻ പറഞ്ഞത് ആന്ധ്രാപ്രദേശിൽ തിലോത്തമൻ പോയി, അരി വന്നില്ല എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആന്ധ്രാപ്രദേശ് ഡെപ്യൂട്ടി മുഖ്യമന്ത്രിയോട്

സംസാരിച്ചു. നേരിട്ട് അരി തരാമെന്ന് പറഞ്ഞു. നേരിട്ട് അരി കിട്ടിയോ എന്ന് ചോദിച്ചതിന് വകുപ്പുമന്ത്രി ഇതുവരെ മറുപടി പറഞ്ഞിട്ടില്ല. ഇപ്പോഴും പഴയ സംവിധാനം തുടരുകയാണ്. ആന്ധ്രാപ്രദേശിൽനിന്നും ഇടനിലക്കാരില്ലാതെ അരി വാങ്ങുമെന്നത് ഈ സർക്കാർ സഭയ്ക്ക് നൽകിയ ഉറപ്പാണ്. ആന്ധ്രയിൽ നിന്നും ഇടനിലക്കാരില്ലാതെ നേരിട്ട് അരി വാങ്ങുമെന്നും വില കുറച്ച് അരി നൽകി കേരളത്തിലെ ജനങ്ങളെ വിലക്കയറ്റത്തിൽ നിന്നും രക്ഷിക്കുമെന്നുമുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഭക്ഷ്യ വകുപ്പുമന്ത്രിയുടെയും ഉറപ്പ് കുറുപ്പിന്റെ ഉറപ്പായി മാറി. എവിടെയാണ് മാവേലി സ്റ്റോറിൽ സാധനങ്ങളുള്ളത്? മൂന്ന് കുട്ടികൾ മരിച്ച സംഭവവുമായി ബന്ധപ്പെട്ട് ഞാൻ പൊന്നാനിയിൽപ്പോയ സമയത്ത് അവിടെയുള്ള ഒരു മാവേലി സ്റ്റോറിൽ കയറേണ്ട സാഹചര്യമുണ്ടായ തിനാൽ അവിടെ കയറി; ഞാൻ ചോദിച്ച ഒരു സാധനവും അവിടെയുണ്ടായിരുന്നില്ല. ഒരു ടെസ്റ്റ് കേസായി ഞാൻ ചോദിച്ചതാണ്. മാവേലി സ്റ്റോറുകളിലും കൺസ്യൂമർഫെഡിലും സാധനങ്ങളില്ല. പഞ്ചസാരയുണ്ടെങ്കിൽ മുളകില്ല, മുളകുണ്ടെങ്കിൽ പഞ്ചസാരയില്ല എന്നതാണ് മാവേലി സ്റ്റോറുകളുടെ സ്ഥിതി. റേഷൻ കടകളിലും സാധനങ്ങൾ കിട്ടുന്നില്ല. റേഷൻ കാർഡിലെ അച്ചടിത്തെറ്റ് ഇതുവരെ തിരുത്താൻ കഴിഞ്ഞിട്ടില്ല. റേഷൻ സാധനങ്ങൾ അപ്പാടെ കരിഞ്ചന്തയിൽ പോകുന്നുവെന്നാണ് പത്രറിപ്പോർട്ട്. ബഹുമാന്യനായ മന്ത്രി ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ടോ? സംസ്ഥാനത്തെ റേഷൻ കടകളിൽ മുപ്പത് മുതൽ നാൽപ്പത് ശതമാനം വരെ അരി എല്ലാമാസവും കരിഞ്ചന്തയിൽ പോകുന്നുവെന്നും മാസം അമ്പത് കോടി രൂപയുടെ കള്ളക്കടത്ത് നടക്കുന്നുവെന്നുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതുമൂലം അറുന്നൂറ് കോടി രൂപ ആളുകൾ ലാഭമുണ്ടാ ക്കുന്നുവെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഞങ്ങൾ ഗൗരവത്തോടെ അവതരി പ്പിക്കുന്ന ഇക്കാര്യം ഈ നാട്ടിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്നതാണ്. റബ്ബറടക്കമുള്ള നാണ്യവിളകൾക്കൊന്നും വിലയില്ല. ജനജീവിതം ദുസ്സഹമാകുന്നു. സർക്കാർ ജീവനക്കാരുൾപ്പെടെയുള്ള നിശ്ചിത വരുമാനക്കാർ, പാവപ്പെട്ടവർ, തൊഴിലാളികൾ തുടങ്ങിയവരെല്ലാം വിലക്കയറ്റംമൂലം പ്രയാസമനുഭവിക്കുകയാണ്. സാധാരണക്കാരായ ആളുകളനുഭവിക്കുന്ന വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിൽ സർക്കാർ പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. ഇത്രയും ഗൗരവതരമായ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവയുടെ വില വർദ്ധിച്ചിട്ടുണ്ടെന്നുള്ള കുറ്റസമ്മതം നടത്തിയിട്ടുണ്ട്. മാവേലി സ്റ്റോറിൽ സബ്സിഡിയുള്ളവയും ഇല്ലാത്തവയുമുണ്ട്. സബ്സിഡിയുള്ളവയിൽ മിക്കതും മാവേലി സ്റ്റോറുകളിൽ ലഭ്യമല്ലെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിലവാരമില്ലാത്ത പഞ്ചസാരയാണ് സപ്ലൈകോ വഴി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ബ്ലാക്ക്‌ലിസ്റ്റ് ചെയ്തിട്ടുള്ള കമ്പനിക്കാരാണ് ഇതിന്റെ വിതരണച്ചുമതല ഏറ്റെടുത്തിരിക്കുന്നത്. പഞ്ചസാരയിൽ മാലിന്യവും മണ്ണുമൊക്കെയുണ്ടെന്നുള്ള ആക്ഷേപമുണ്ടാകുമ്പോൾ ലാബ് ടെസ്റ്റ് നടത്തി പരിശോധനാഫലം വരുമ്പോഴേയ്ക്കും പഞ്ചസാര മുഴുവൻ വിറ്റുകഴിഞ്ഞിട്ടുണ്ടാകും. വീണ്ടും ഇതേ കമ്പനികൾക്കുതന്നെ വിതരണച്ചുമതല നൽകുകയും മറ്റ് കമ്പനികൾ പ്രസ്തുത ചുമതല ഏറ്റെടുക്കാൻ തയ്യാറാകാത്തതുകൊണ്ടുമാണ് തെറ്റ് ചെയ്തവർക്കുതന്നെ വീണ്ടും കൊടുക്കേണ്ടിവരുന്നതെന്ന ന്യായമാണ് പറയുന്നത്. വിതരണത്തിനായി എത്തിച്ചേരുന്ന പഞ്ചസാര ക്വാളിറ്റി കുറഞ്ഞതായിരിക്കും. സാധനവില വർദ്ധിച്ചിരിക്കുന്നുവെന്നത് അങ്ങുതന്നെ സമ്മതിക്കുന്നു. അരിയുടെയും പെട്രോളിയം ഉല്പന്നങ്ങളുടെയും കാര്യം ഇവിടെ പറയുകയുണ്ടായി. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിക്കുന്നുണ്ടെങ്കിൽ മറ്റ് സംസ്ഥാന ങ്ങളിൽ ചെയ്യുന്നതുപോലെ അധികമായി കിട്ടുന്ന വരുമാനം വേണ്ടെന്നുവയ്ക്കാൻ സർക്കാർ തയ്യാറാകണം. ഏതെങ്കിലും ഒരു സമയത്ത് വില വർദ്ധിച്ചാൽ പിന്നെ ഡൗൺവേഡ് സ്റ്റിക്കി എന്നപോലെ പിന്നീട് വില കുറയുമ്പോൾ ഒരിക്കലും ഈ കുത്തകകൾ ഇതിന്റെ വില താഴോട്ടുകൊണ്ടുപോകാൻ അനുവദിക്കില്ല. ഡൗൺവേഡ് സ്റ്റിക്കി എന്ന അവസ്ഥ ഈ രാജ്യത്ത് നിലനിൽക്കുന്നതുകൊണ്ടുതന്നെ കൂടിയ വില ഒരിക്കലും താഴോട്ടുവരുന്നില്ല. പെട്രോളിനും ഡീസലിനും ചരക്കുമായി ബന്ധമുള്ളതുകൊണ്ട് അതിന്റെ വില നിയന്ത്രിക്കുന്നതിനായി സർക്കാർ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകണം. അത്തരമൊരു വിട്ടുവീഴ്ച മണ്ടത്തരമല്ല. പാവപ്പെട്ടവനു വേണ്ടി അങ്ങനെയൊരു സമീപനം സ്വീകരിക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. ജി.എസ്.ടി.-യുടെ കാര്യം വരുമ്പോൾ കേന്ദ്രവും സംസ്ഥാനവും ഒറ്റക്കെട്ടാണ്. 90 ശതമാനത്തോളംവരുന്ന പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.-യിലേയ്ക്ക് കൊണ്ടുവന്നുകഴിഞ്ഞാൽ വിലക്കയറ്റം 18 ശതമാനമാക്കി കുറയ്ക്കാൻ സാധിക്കുമെന്നാണ് കണക്കുകൾ പറയുന്നത്. ജി.എസ്.ടി. കൗൺസിലിൽ ഈ വിഷയത്തിൻമേൽ ധനകാര്യ വകുപ്പുമന്ത്രി ശക്തമായൊരു നിലപാടെടുത്താൽ നമുക്കാവശ്യമായ സാധനങ്ങൾ വിലകുറച്ച് കിട്ടുന്നതിനുള്ള ഒരു മാർഗ്ഗമായി അത് മാറും. കരിഞ്ചന്തയിലേയ്ക്ക് അരി പോകുന്നതിനെക്കുറിച്ച്

ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രത്യേക വിഭാഗത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽ ബാക്കിവരുന്നത് മുഴുവൻ കരിഞ്ചന്തയിലേയ്ക്ക് പോകുന്നുവെന്ന നിലയിലുള്ള ധാരാളം വാർത്തകൾ പത്രത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ പേരിൽ ഒരു നടപടിയും സ്വീകരിച്ചതായി അങ്ങിവിടെ പറഞ്ഞില്ല. പഞ്ചസാരയുടെ കാര്യത്തിൽ ബ്ലാക്ക്ലിസ്റ്റ് ചെയ്യപ്പെട്ട കമ്പനികൾ ഇനിയും ഇതുപോലുള്ള കാര്യങ്ങൾ നടപ്പാക്കിയാൽ അതൊക്കെ നിയന്ത്രിക്കാൻ എന്ത് നടപടിയാണെടുത്തിട്ടുള്ളത്? അടിസ്ഥാനപരമായി ഇതെല്ലാം സഹിക്കേണ്ടിവരുന്നത് സാധാരണ ജനങ്ങളാണ്. വില വർദ്ധനവുണ്ടായിട്ടില്ലെന്ന് നമുക്കൊരിക്കലും പറയാൻ സാധിക്കില്ല. ഇടപെടലുകൾ കൃത്യമായി നടത്താത്തതിന്റെ പേരിലാണ് അങ്ങുപോലും പാർട്ടിക്കുള്ളിൽ വിമർശിക്കപ്പെടുന്നത്. അതുകൊണ്ട് ഒരു പുനർ വിചിന്തനത്തിന് തയ്യാറായി ഒരുമിച്ചുനിന്ന് ഇക്കാര്യം ചർച്ച ചെയ്ത് ഉചിതമാർഗ്ഗം കണ്ടെത്താമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് രണ്ടുവർഷം പൂർത്തിയാകാൻ പോകുകയാണ്. പക്ഷെ വിലവർദ്ധനവ് കാര്യക്ഷമമായി തടയാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. വില വർദ്ധനവിന്റെ കാരണക്കാർ ഈ സർക്കാരല്ല. പക്ഷേ ഒന്നുകൂടി വിജിലന്റായി പ്രവർത്തിക്കാമെങ്കിൽ തീർച്ചയായും ഇന്നത്തെ വിലവർദ്ധനവ് കുറച്ചുകൂടി കുറയ്ക്കാമായിരുന്നു. ഇന്ന് എല്ലാ സാധനങ്ങളുടെയും വില വർദ്ധിച്ചിരിക്കുകയാണ്. അരിയുടെ വില 50 രൂപയും പച്ചക്കറിയുടെ വില 35 ശതമാനത്തിൽനിന്നും 50 ശതമാനമായും വെളിച്ചെണ്ണയുടെ വില 77 രൂപയിൽനിന്നും 200 രൂപയ്ക്ക് മുകളിലും എത്തിയിട്ടുണ്ട്. ഇന്ധനവില ദിനംപ്രതി നിയന്ത്രണമില്ലാതെ വർദ്ധിക്കുകയാണ്. ഇന്ധനവിലയുടെ അധിക വരുമാനം സർക്കാർ വേണ്ടെന്നുവയ്ക്കണം. മുൻ യു.ഡി.എഫ്. സർക്കാർ ഇന്ധനവില കുറയ്ക്കുകയും അധികവരുമാനം വേണ്ടെന്ന് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളെ സഹായിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ഈ സർക്കാർ ചെയ്യുന്നില്ല. സർക്കാരിന്റെ ഈ കൃത്യവിലോപത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഈ സർക്കാരിന്റെ പിടിപ്പുകേടും അഴിമതിക്ക് കൂട്ടുനിൽക്കലുമൊക്കെ എനിക്കുമുമ്പ് ഇവിടെ നടന്ന ചർച്ചയിലൂടെ പുറത്തുവന്നിട്ടുണ്ട്. കേന്ദ്ര സർക്കാർ കുറഞ്ഞ വിലയ്ക്ക് തരുന്ന അരിയിൽ 40 ശതമാനമാണ് ബ്ലാക്ക്മാർക്കറ്റിൽ പോകുന്നതെന്ന് ഒരു വിഭാഗവും അതല്ല 60 ശതമാനമാണ് പോകുന്നതെന്ന് മറ്റൊരു വിഭാഗവും തമ്മിലുള്ള തർക്കമാണ് ഇവിടെ നടക്കുന്നത്. ഏതായാലും അങ്ങനെ സംഭവിക്കുന്നുവെന്നുള്ളത് വാസ്തവമാണ്. ജനങ്ങളെ സഹായിക്കാനായി ഇക്കാര്യത്തിൽ ഇളവ് നൽകാനുള്ള അഭ്യർത്ഥന മാനിക്കാനും സർക്കാർ തയ്യാറല്ല. മറ്റ് പല സർക്കാരുകളും ഇക്കാര്യം ചെയ്തിട്ടുള്ളതാണ്. സർക്കാരിന്റെ ഇത്തരമൊരു നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കേരളത്തിൽ രൂക്ഷമായ വിലക്കയറ്റമുണ്ടായി എന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ ചില ഇനങ്ങൾക്ക് വില വർദ്ധിച്ചിട്ടുണ്ടെന്ന് സമ്മതിച്ചത് സ്വാഗതാർഹമാണ്. ആ വർദ്ധനവിന് തടയിടാനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ പരിപൂർണ്ണമല്ലെന്നാണ് ഞങ്ങളിവിടെ ചൂണ്ടിക്കാട്ടിയത്. ഇവിടെ പ്രമേയാവതാരകൻ, അരി കരിഞ്ചന്തയിലേയ്ക്ക് കൈമാറുന്നുവെന്ന് പറഞ്ഞപ്പോൾ അങ്ങ് മറുചോദ്യമായി ചോദിച്ചത്, മൊത്ത വ്യാപാരികളെ ഒഴിവാക്കാൻ കഴിഞ്ഞ സർക്കാർ എന്തുകൊണ്ട് തയ്യാറായില്ലെന്നാണ്. ആ മൊത്ത വ്യാപാരികൾ തന്നെയാണ് ഇപ്പോൾ ബിനാമി പേരുകളിൽ കേരളത്തിൽ അരി വിതരണം നടത്തുന്നത്. അവരെയാണ് വിജിലൻസ് പിടികൂടിയത്. അവരും സപ്ലൈകോയിലെ ഏതാനും ഉദ്യോഗസ്ഥരും ഈ കരാറുകാരും ചേർന്നുകൊണ്ടുള്ള ലോബി ഇന്നും യഥേഷ്ടം തുടരുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. അതിൻമേൽ എന്ത് നടപടിയെടുക്കുമെന്നാണ് ഞാൻ അങ്ങയോട് ചോദിച്ചത്. അങ്ങ് അക്കാര്യം പരിശോധിക്കാമെന്ന് പറഞ്ഞു. പക്ഷെ അങ്ങ് അക്കാര്യം പരിശോധിച്ച് യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കണം. വാതിൽപ്പടി വിതരണം സുതാര്യമായി നടത്തിയിരുന്നുവെങ്കിൽ ഇന്ന് ഇത്തരത്തിലുള്ള വാർത്തകളോ നടപടികളോ ഉണ്ടാകുമായിരുന്നില്ല. കരിഞ്ചന്തയിലേയ്ക്ക് പോകുന്ന അരി പിടികൂടുന്ന സന്ദർഭങ്ങൾ ഇന്ന് വർദ്ധിച്ചുവരികയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സംസ്ഥാനം മുഴുവൻ നല്ല പരിശോധന നടത്തുന്നുണ്ട്. വിജിലൻസും സിവിൽ സപ്ലൈസ് വകുപ്പ് സ്ക്വാഡും പ്രത്യേക പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടുപിടിച്ച് കർശന നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ പഴയ തോതിൽ ഇപ്പോൾ കരിഞ്ചന്ത നടക്കുന്നുവെന്ന് പറയരുത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ പര്യാപ്തമല്ലാത്തതിനാലാണ് ഇത്തരത്തിലുള്ള വിഷയങ്ങൾ ആവർത്തിക്കുന്നത്. അങ്ങ് കാര്യങ്ങൾ മനസ്സിലാക്കണം. കഴിഞ്ഞ 20 മാസക്കാലമായി അങ്ങ് നൽകുന്ന മറുപടി ഒന്നുതന്നെയാണ്. അങ്ങയുടെ മറുപടിയിൽ യാതൊരു വ്യത്യാസവുമില്ല. അങ്ങ് ഇതുതന്നെയാണ് അടുത്ത മൂന്ന് വർഷവും പറയാൻ പോകുന്നത്. എന്തായാലും ഈ സർക്കാരിന്റെ ഇത്തരത്തിലുള്ള നടപടികൾമൂലം വിലക്കയറ്റം അതിരൂക്ഷമാകുകയാണ്, അതിന്റെ തിക്താനുഭവം വരുന്നത് ജനങ്ങളിലേയ്ക്കാണ്. ഈ വിഷയങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

# III ശ്രദ്ധ ക്ഷണിക്കൽ

## 1. പങ്കാളിത്ത പെൻഷൻ പദ്ധതി

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിലെ ഇടതുപക്ഷ സ്വഭാവമുള്ള സർവ്വീസ് സംഘടനകളും അദ്ധ്യാപക സംഘടനകളുമെല്ലാം ധാരാളം സമരങ്ങൾ നടത്തിയിട്ടും നിർബന്ധപൂർവ്വം അന്ന് കേന്ദ്രസർക്കാർ നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി 2013 ഫെബ്രുവരി മുതൽ നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. അന്ന് പറഞ്ഞ പരാതികളോ ഉന്നയിക്കപ്പെട്ട കാര്യങ്ങളോ ശക്തമായ വാദമുഖങ്ങളോ വേണ്ടത്ര രീതിയിലുള്ള ചർച്ചയ്ക്കോ പഠനത്തിനോ വിധേയമായിട്ടില്ല. രണ്ടുമൂന്ന് കാര്യങ്ങളാണ് ഇതിൽ

ഉന്നയിക്കപ്പെട്ടുവരുന്നത്. പങ്കാളിത്ത പെൻഷൻ നടപ്പാക്കുമ്പോൾ ജീവനക്കാരിൽ നിന്നെടുക്കുന്ന 10 ശതമാനം തുക നമ്മുടെ കമ്പോളത്തിൽ എത്തേണ്ടതാണ്. പക്ഷേ ആ പണം ഫണ്ട് മാനേജർമാർ മുഖേന ഇപ്പോൾ പൊതു ഊഹക്കച്ചവട കമ്പോളത്തിലേയ്ക്ക്, ഓഹരി കമ്പോളത്തിലേയ്ക്ക് മാറുകയാണ്. അത് സംസ്ഥാന ത്തിനുണ്ടാകുന്ന ഒരു സാമ്പത്തിക വിഷമമാണ്. മറ്റൊന്ന്, പൊതു ഖജനാവിലെ പണം 10 ശതമാനവും ഇതിന്റെ കൂടെച്ചേരുകയാണ്. ഇത്തരത്തിൽ കൂടെച്ചേരുന്ന പണവും കമ്പോളത്തിനും സമൂഹത്തിനുമുള്ളതാണ്. അതും മാറുകയാണ്. ഇക്കാര്യം അന്ന് ഉന്നയിച്ചതാണ്. ഫണ്ട് മാനേജർമാർക്ക് കൈമാറുന്ന 20 ശതമാനം തുക സത്യത്തിൽ നമ്മുടെ കമ്പോളത്തിലുള്ളപ്പോൾ അത് നമ്മുടെ സമൂഹത്തിന്റെ കയ്യിലുള്ള പണമാണ്. കമ്പോളത്തിന്റെ സ്വാഭാവികമായ വാങ്ങൽശേഷി വർദ്ധിക്കുകയാണ്. ഇതിലെ അപകടം മനസ്സിലാക്കിക്കൊണ്ട് ഇതിനൊരു സെക്യൂരിറ്റി വേണമെന്നത് ഇടതുപക്ഷ സർവ്വീസ് സംഘടനകളും കേരളത്തിലെ ഇടതുപക്ഷസ്വഭാവമുള്ള സാമ്പത്തിക വിദഗ്ദ്ധരും അന്ന് ചൂണ്ടിക്കാണിച്ചതാണ്.

മറ്റൊരുകാര്യം, പങ്കാളിത്ത പെൻഷനെയും സ്റ്റാറ്റ്യൂട്ടറി പെൻഷനെയുംകുറിച്ച് അന്ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണിയും അന്നത്തെ മുഖ്യമന്ത്രിയും പറഞ്ഞത് അതിന്റെ സാമ്പത്തികവശം മാത്രമാണ്. അതിനൊരുപാട് സാമൂഹ്യ വശങ്ങളുണ്ട്. ഒരു വലതുപക്ഷനയം സ്വീകരിക്കുന്ന കേന്ദ്ര സർക്കാർ, ലോകത്ത് വലതുപക്ഷനയം സ്വീകരിക്കുന്ന സർക്കാരുകൾ നടപ്പാക്കുന്ന ഒരു പദ്ധതിയായി ഇവിടെയും നടപ്പാക്കിയേ കഴിയൂ എന്ന വാദമുഖം ഉന്നയിച്ചപ്പോൾ, അതിന്റെ സാമ്പത്തിക-സാമൂഹികവശങ്ങളെക്കുറിച്ച് ഈ നിയമസഭയിൽ ചർച്ച ചെയ്യണമെന്ന് അന്നത്തെ പ്രതിപക്ഷം ആവശ്യപ്പെട്ടതാണ്. എന്നാൽ അന്ന് ചർച്ച ചെയ്യപ്പെട്ടില്ല. ഇതിൽ വേറൊരു നിയമപ്രശ്നംകൂടി വരാൻ സാധ്യതയുണ്ട്. നിലവിലുള്ള ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനും 2013 മുതൽ സർവീസിൽ പ്രവേശിച്ച ജീവനക്കാർക്ക് പങ്കാളിത്ത പെൻഷനുമാണ് നൽകുന്നത്. ഒരേ സമയമാണ് രണ്ട് പെൻഷൻ നല്കുന്നത്. ഇത് തമിഴ്നാട് കോടതിയിൽ ഉന്നയിക്കപ്പെട്ട ഒരു പ്രശ്നമാണ്. ഒരേസമയം കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ വാങ്ങുന്നവരും പങ്കാളിത്തപെൻഷൻ വാങ്ങുന്നവരുമുണ്ടാകുകയാണ്. അങ്ങനെയുണ്ടായാൽ പെൻഷൻ വാങ്ങി പിരിഞ്ഞവർക്കല്ല ഈ പ്രശ്നം വരുന്നത്. പ്രായത്തിനനുസരിച്ച് ഒരേസമയം പെൻഷൻ വാങ്ങിക്കുന്നവരിൽ പങ്കാളിത്ത പെൻഷനുള്ളവരും സ്റ്റാറ്റ്യൂട്ടറി പെൻഷനുള്ളവരുമുണ്ടാകും. അപ്പോഴുണ്ടാകുന്ന നിയമപ്രശ്നം എങ്ങനെയാണ്

കൈകാര്യം ചെയ്യേണ്ടത്? പല തരത്തിലുള്ള വലതുപക്ഷ സാമ്പത്തിക നയത്തിന്റെ ഭാഗമായി ഒരു പെൻഷൻ പദ്ധതി മാറുമ്പോൾ കമ്പോളത്തിലുണ്ടാകുന്ന പ്രത്യാഘാതത്തെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. ഇത് ട്രഷറിവഴി നടപ്പാക്കണമെന്ന തീരുമാനമല്ലെങ്കിൽ സെക്യൂരിറ്റി ഉറപ്പുവരുത്തണമെന്ന തീരുമാനം ഇതുവരെ അക്ഷരാർത്ഥത്തിൽ നടപ്പാക്കിയിട്ടില്ല. വലിയ സാമൂഹ്യ സാമ്പത്തിക ജീവിത പ്രശ്നമാണ് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ നിന്ന് പങ്കാളിത്ത പെൻഷനിലേയ്ക്കുള്ള മാറ്റം കൊണ്ടുണ്ടാകുന്നത്. പണ്ട് മൊത്തം സമ്പത്തിന്റെ 58 ശതമാനമാണ് ഇന്ത്യയിലെ ഒരു ശതമാനം മനുഷ്യരുടെ കയ്യിലുള്ളതെങ്കിൽ പുതിയ വലതുപക്ഷനയം കാരണം, ഇന്നലെ വന്ന റിപ്പോർട്ടനുസരിച്ച് മൊത്തം സമ്പത്തിന്റെ 73 ശതമാനവും ഇന്ത്യയിലെ ഒരു ശതമാനം ആളുകളുടെ കൈവശമാണ്. അങ്ങനെ വരുമ്പോൾ നമ്മുടെ കമ്പോളത്തിൽ യാചകന്മാരും രാജാക്കന്മാരുമുണ്ടാകും. കമ്പോളത്തിൽ യാചകന്മാരും രാജാക്കന്മാരുമുണ്ടാകുന്ന അവസ്ഥയിൽ പെൻഷൻ സമ്പ്രദായത്തിന്റെ മാറ്റങ്ങളെക്കുറിച്ച് അങ്ങുതന്നെ നിയമസഭയിൽ പറഞ്ഞതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിനെക്കുറിച്ച് സമഗ്രമായി പഠിക്കേണ്ടതാവശ്യമാണ്. ഇതിന്റെ സാമൂഹ്യ, സാമ്പത്തിക, ജീവിതപരമായ എല്ലാ പ്രത്യാഘാതങ്ങളും പ്രശ്നങ്ങളും പഠിക്കാനും പെൻഷൻ സമ്പ്രദായത്തിൽ പുതിയ തരത്തിലുള്ള മാറ്റത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനും ജീവനക്കാരുമായി ചർച്ച ചെയ്യാനും അവരുടെ ആശങ്കകൾ മനസ്സിലാക്കാനും പരിഹരിക്കാനും കഴിയുന്ന ഒരു കമ്മീഷനെ നിയോഗിക്കണമെന്നാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കുന്നത് P.F.R.D.A.(Pension Fund Regulatory and Development Authority) ആക്ടിന്റെ അടിസ്ഥാനത്തിലാണ്. ആ ആക്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ നടപ്പാക്കുന്നതിനുള്ള നയപരമായ തീരുമാനമെടുത്തത്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലായി 65692 പേർ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുണ്ട്. ഇവർക്കുള്ള സർക്കാർ വിഹിതമായി 370 കോടി രൂപ സർക്കാർ അടച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അന്ന് പറഞ്ഞ വിമർശനങ്ങളെല്ലാം ശരിയാണ്. 370 കോടി രൂപ ട്രഷറി അക്കൗണ്ടിൽ കിടക്കേണ്ടതാണ്. അതിപ്പോൾ

ഫണ്ടിലേയ്ക്കാണ് പോകുന്നത്. ഇതിനെക്കുറിച്ച് രണ്ട് പ്രശ്നങ്ങളാണ് അങ്ങ് ഉന്നയിച്ചത്. സാമ്പത്തികമായി ഇത്രയും പണം മറ്റ് ഫണ്ടിലേയ്ക്ക് പോകുമ്പോൾ സർക്കാരിന് ആ തുക ലഭിക്കാതെ പോകുന്നു. രണ്ടാമതായി, നിയമപരമായി ഒരു പന്തിയിൽത്തന്നെ രണ്ടുരീതിയിൽ വിളമ്പുന്നു എന്ന കാര്യം. അതുസംബന്ധിച്ച് പരിശോധന വേണമെന്നുള്ളതാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടത്. ഈ രണ്ട് പ്രശ്നങ്ങളും പരിശോധിക്കുന്നതിന് അടിയന്തരമായി ഒരു കമ്മിറ്റിയെ നിയോഗിക്കാവുന്നതാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഇത് പരിശോധിക്കുന്നതിന് കമ്മിറ്റിയെ നിയോഗിക്കുന്നതോടൊപ്പം ജീവനക്കാരുമായി ചർച്ച ചെയ്യുന്നതിന് ഒരു കാലയളവുകൂടി നിശ്ചയിക്കണമെന്നുകൂടി ആവശ്യപ്പെടുകയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഒരു കാലാവധി നിശ്ചയിച്ചുതന്നെ കമ്മിറ്റി രൂപീകരിക്കുന്നതാണ്.

## 2. ഫാക്ടിന്റെ പുനരുദ്ധാരണം

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, എഫ്.എ.സി.ടി. നേരിടുന്ന ഗുരുതരമായ പ്രതിസന്ധി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങ് പ്രധാനമന്ത്രിക്ക് കത്തെഴുതിയതായി പത്രത്തിൽ വായിക്കുകയുണ്ടായി. പക്ഷേ, ഒരു കത്തെഴുതിയതുകൊണ്ടുമാത്രം എഫ്.എ.സി.റ്റി.-യുടെ പ്രതിസന്ധി പരിഹരിക്കാനോ പഴയ നിലയിലേയ്ക്ക് എത്തിക്കാനോ സാധിക്കുമെന്ന് ഞാൻ കരുതുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിയെ കണ്ട് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി എഫ്.എ.സി.ടി.-യെ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കണമെന്നാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്. ഇതിൽ പ്രധാനപ്പെട്ട ഒരു കാര്യം, എഫ്.എ.സി.ടി. കേവലമൊരു വളം ഫാക്ടറിയല്ല. ദക്ഷിണേന്ത്യയിൽത്തന്നെ കർഷകരെ കൃഷി പഠിപ്പിച്ചെടുത്ത ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് എഫ്.എ.സി.ടി.; എഫ്.എ.സി.ടി.-യുടെ പ്രവർത്തനങ്ങൾകൊണ്ടാണ് ഇന്ത്യയിലെ കാർഷിക മേഖല വളരെയധികം മുന്നോട്ടുപോയത്. ഇന്ന് എഫ്.എ.സി.ടി. തകർച്ചയുടെ വക്കിലാണ്. കേന്ദ്ര സർക്കാർ ഈ സ്ഥാപനത്തെ വിറ്റുതുലയ്ക്കാനുള്ള രഹസ്യമായൊരു പദ്ധതി, 'നീതി ആയോഗ് വഴി ആവിഷ്കരിച്ചിട്ടുണ്ടെന്നാണ് സംശയിക്കുന്നത്. മാത്രമല്ല, എഫ്.എ.സി.ടി-ക്ക് ഇത്തവണ ഒരു തുകയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. കേരളത്തിലുള്ള മറ്റ്

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മതിയായ തുകയില്ലെങ്കിലും കുറച്ച് തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സ്ഥാപനം നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെങ്കിൽ കേരളം ഒറ്റക്കെട്ടായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. എഫ്.എ.സി.ടി.-യുടെ സ്ഥലം വില്പനയ്ക്ക് വച്ചിരിക്കുകയാണ്. കുറച്ച് സ്ഥലം നമ്മൾതന്നെ നേരിട്ട് വാങ്ങിയിരിക്കുകയാണ്. കേരള സർക്കാർ 481 ഏക്കർ ഭൂമി വാങ്ങാൻ എം.ഒ.യു. ഒപ്പിട്ടുകഴിഞ്ഞു. അതിൽ 1000 കോടിയോളം രൂപ എഫ്.എ.സി.ടി.-ക്ക് കൊടുക്കണം. ആ തുക കേന്ദ്ര സർക്കാരിന് കൊടുത്താൽ ഒരു രൂപയും എഫ്.എ.സി.ടി.-ക്ക് ലഭിക്കുകയില്ല. അത് നേരിട്ട് കൊടുക്കാൻ സർക്കാർ തയ്യാറാകണം. എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണവും വികസനവും അതോടൊപ്പം സാധ്യമാക്കണം. ഇപ്പോൾ ഈ സ്ഥാപനത്തിന് സഞ്ചിത നഷ്ടമുണ്ട്. ഈ നഷ്ടം ഇക്വിറ്റി ഷെയറായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുപോലെ കുറേ കാര്യങ്ങൾ കേന്ദ്ര സർക്കാരും കുറച്ച് കാര്യങ്ങൾ സംസ്ഥാന സർക്കാരും ചെയ്യേണ്ടതുണ്ട്. കേന്ദ്ര സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ അവരെക്കൊണ്ട് ചെയ്യിക്കണം. അവരാണ് പ്രധാനമായും കാര്യങ്ങൾ ചെയ്യേണ്ടത്, സംസ്ഥാന സർക്കാർ വളരെ കുറച്ച് കാര്യങ്ങൾ മാത്രമേ ചെയ്യേണ്ടതുള്ളൂ. 1774 കോടി രൂപയുടെ ബാധ്യത ഓഹരി മൂലധനമാക്കണം. സർക്കാരും സർക്കാരും തമ്മിലുള്ള ഒരു വില്പനയ്ക്ക് ക്യാപ്പിറ്റൽ ഗെയിൻ ടാക്സ് ചുമത്തുന്നത് ഇന്നുവരെ കേട്ടിട്ടില്ല. ഇത് വലിയൊരു കച്ചവടം പോലെയാണ്, ഒരു കൊള്ളയാണ്. ക്യാപ്പിറ്റൽ ഗെയിൻ ടാക്സ് കൊടുക്കാൻ നമുക്ക് സാധിക്കില്ല. അത് കേന്ദ്ര സർക്കാരിനെകൊണ്ട് സമ്മതിപ്പിക്കണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം.

മറ്റൊരു കാര്യം, ഏറ്റവും ഡിമാന്റുള്ള വളമായ യൂറിയ എഫ്.എ.സി.ടി. നേരത്തെ ഉല്പാദിപ്പിച്ചിരുന്നതാണ്. വ്യവസായ ആവശ്യത്തിനും യൂറിയ ആവശ്യമാണ്. യൂറിയ ഉല്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റിന് അനുമതി കൊടുക്കണം. അതോടൊപ്പം കാപ്രോലാക്ടം പ്ലാന്റിൽ റീ-പ്രൊഡക്ഷൻ ആരംഭിക്കുകയും ത്രികക്ഷി കരാർ പ്രകാരം ജീവനക്കാരുടെ ഒഴിവിലേയ്ക്ക് നിയമനം നടത്തുകയും ചെയ്യണം. എഫ്.എ.സി.ടി.-യിലെ ജീവനക്കാരുടെ എണ്ണം ഇപ്പോൾ മൂന്നിലൊന്നായി ചുരുങ്ങിയിരിക്കുകയാണ്. ജീവനക്കാരില്ലാത്തതിനാൽ പ്രവർത്തനം നടക്കാത്ത സ്ഥിതിയാണുള്ളത്. ഇക്കാര്യങ്ങളിൽ കേവലം കേന്ദ്രപൊതുമേഖലാ സ്ഥാപനമെന്ന നിലപാട്

സ്വീകരിക്കാതെ ദക്ഷിണേന്ത്യയിലെ കർഷകരെ കൃഷി പഠിപ്പിച്ച സ്ഥാപനമെന്ന നിലയിലും കാർഷിക മേഖല ഉജ്ജ്വലമാക്കിത്തീർത്ത കേന്ദ്ര പൊതുമേഖലാ സ്ഥാപനമെന്നനിലയിലും അതിന്റെ വളർച്ചയും പുരോഗതിയും ശക്തിപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ആവശ്യമെങ്കിൽ കേരള നിയമസഭ തന്നെ ഇക്കാര്യത്തിൽ ഒരു പ്രമേയം പാസ്സാക്കണമെന്നാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എഫ്.എ.സി.ടി.-യെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ അതീവ ഗൗരവമുള്ളതാണ്. എന്നാൽ ദക്ഷിണേന്ത്യയിലെ കർഷകരെ കൃഷി പഠിപ്പിച്ചത് എഫ്.എ.സി.ടി.-യാണെന്ന് പറഞ്ഞത് എനിക്ക് മനസ്സിലായില്ല. പണ്ടുമുതൽതന്നെ നമ്മുടെ നാട്ടിൽ കർഷകർ കൃഷി ചെയ്തുവരുന്നുണ്ട്. എഫ്.എ.സി.ടി. വളം കൊടുക്കുന്നു എന്നത് ശരിയാണ്. എഫ്.എ.സി.ടി.-യെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ തുടർച്ചയായി സമ്മർദ്ദം ചെലുത്തിവരികയാണ്. കമ്പനിയുടെ പുനരുദ്ധാരണത്തിനായി ഒരു ദീർഘകാല ഫൈനാൻഷ്യൽ റീ-സ്ട്രക്ചറിംഗ് പാക്കേജ് കേന്ദ്ര സർക്കാരിന് എഫ്.എ.സി.ടി. സമർപ്പിച്ചിട്ടുണ്ട്. വായ്പയിനത്തിൽ 1282.75 കോടി രൂപയും പലിശയിനത്തിൽ 487.76 കോടി രൂപയും കേന്ദ്രത്തിന് നൽകാനുണ്ട്; ഈ തുക എഴുതിത്തള്ളണമെന്ന് കമ്പനി കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നയുടൻ എഫ്.എ.സി.ടി.-യെ സ്വകാര്യവൽക്കരിക്കുകയെന്ന കേന്ദ്ര നിലപാട് പുനഃപരിശോധിക്കണമെന്നും പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും 2016 ജൂലൈ മാസത്തിൽത്തന്നെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കമ്പനിയുടെ അധീനതയിലുള്ളതും നിലവിൽ ഉപയോഗിക്കാത്തതുമായ ഭൂമി സംസ്ഥാന സർക്കാരിന്റെ വ്യവസായ വികസന സ്ഥാപനമായ കിൻഫ്ര വഴി നടപ്പാക്കുന്ന പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി കൈമാറാൻ തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ വില നിർണ്ണയിക്കുകയും രണ്ട് കമ്പനികളും ചർച്ച ചെയ്ത് ധാരണാപത്രം ഒപ്പിടുകയും ചെയ്തിട്ടുണ്ട്. ഭൂമി വിൽപ്പനയിലൂടെ ലഭിക്കുന്ന തുക എഫ്.എ.സി.ടി.-യുടെ കടബാധ്യതകൾ തീർക്കാനും നികുതി അടയ്ക്കാൻ വിനിയോഗിക്കാനുമാണ് കേന്ദ്ര രാസവള മന്ത്രാലയം തീരുമാനിച്ചത്. കേന്ദ്ര സർക്കാരിനും ബാങ്കിനുമുള്ള ബാധ്യത

തീർത്താൽ എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണത്തിന് പണമുണ്ടാകാത്ത അവസ്ഥയുണ്ടാകും. എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണ പദ്ധതി കമ്പനി നേരത്തെതന്നെ കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതിനാൽ ഇപ്പോഴത്തെ സ്ഥലം വിൽപ്പനയുമായി പ്രസ്തുത പുനരുദ്ധാരണ പാക്കേജിനെ ബന്ധിപ്പിക്കരുതെന്നതാണ് സംസ്ഥാനത്തിന്റെ നിലപാട്. ഈ സാഹചര്യത്തിൽ എഫ്.എ.സി.ടി.-യുടെ വികസന സാധ്യതയും തൊഴിലാളികളുടെ താൽപര്യവും കണക്കിലെടുത്ത് ഭൂമി വിൽപ്പനയിലെ തുക പൂർണ്ണമായും കമ്പനിയുടെ പുനരുദ്ധാരണത്തിന് വിനിയോഗിക്കാൻ മന്ത്രാലയത്തിന് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് 22-1-2018-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. എഫ്.എ.സി.ടി.-യുടെ സുഗമമായ പ്രവർത്തനത്തിന് റീ-ഗ്യാസിഫൈഡ് ലിക്വിഫൈഡ് നാച്വറൽ ഗ്യാസിന് 2015 മുതൽ സംസ്ഥാനം വാറ്റ് നികുതിയിൽ ഇളവ് നൽകിയിരുന്നു. ഏറ്റവുമൊടുവിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ 30.46 കോടി രൂപ എഫ്.എ.സി.ടി.-യ്ക്ക് അനുവദിച്ചിരുന്നു. ഭൂമി വിൽപ്പനയോടനുബന്ധിച്ചുള്ള നികുതി ഒഴിവാക്കുന്നതിന് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഇളവുകൾ സാധ്യമാണോയെന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. 12 ലക്ഷം ടൺ ഉല്പാദനശേഷിയുള്ള യൂറിയ പ്ലാന്റ് സ്ഥാപിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോട് 5 ലക്ഷം ടൺ ഉല്പാദന ശേഷിയുള്ള യൂറിയ പ്ലാന്റ് സ്ഥാപിക്കാമെന്ന അനുകൂല നിലപാടിലേയ്ക്ക് കേന്ദ്രം എത്തിയതായി മനസ്സിലാക്കുന്നു. യൂറിയ പ്ലാന്റ് മുമ്പ് എഫ്.എ.സി.ടി-ക്ക് ഉണ്ടായിരുന്നു എന്നതിനാൽ ഇപ്പോൾ ഇത്തരമൊരു പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള എല്ലാ സൗകര്യവും അവിടെ ലഭ്യമാണ്. പുനരുദ്ധാരണത്തിന്റെ ഭാഗമായി നിലവിലുള്ള അമോണിയ പ്ലാന്റിനോടൊപ്പം ഏകദേശം 1300 കോടി രൂപയുടെ മുതൽമുടക്കുള്ള ഒരു യൂറിയ പ്ലാന്റും സ്ഥാപിക്കാൻ എഫ്.എ.സി.ടി.-ക്ക് പദ്ധതിയുണ്ട്. കേന്ദ്രത്തിന്റെ ഇറക്കുമതിനയംമൂലം നിർത്തിവയ്ക്കേണ്ടിവന്ന കാപ്രോലാക്ടം പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കാനും കഴിയേണ്ടതുണ്ട്. എൽ.എൻ.ജി. കേരളത്തിൽത്തന്നെ ലഭ്യമാക്കുകയും ഉപയോഗം വ്യാപകമാക്കുകയും ചെയ്താൽ അത് കൂടുതൽ പ്രയോജനപ്പെടുന്നത് എഫ്.എ.സി.ടി.-ക്കായിരിക്കുമെന്ന കാര്യവും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഘട്ടംഘട്ടമായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ കമ്പനി കൈക്കൊള്ളുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ദക്ഷിണേന്ത്യയിലെ എല്ലാ കാർഷിക മേഖലകളിലും എഫ്.എ.സി.ടി. സബ് ഓഫീസുകൾ ആരംഭിച്ച് കൃഷി വിദഗ്ദ്ധരെ നിയമിച്ച് യന്ത്രങ്ങളും വളങ്ങളുമൊക്കെ കർഷകർക്ക് പരിചയപ്പെടുത്തി ആധുനിക കൃഷി പഠിപ്പിച്ചു എന്ന അർത്ഥത്തിലാണ് ഞാൻ സൂചിപ്പിച്ചത്. എന്റെ ചോദ്യം, എഫ്.എ.സി.ടി.-യുടെ 481 ഏക്കർ ഭൂമി ഏറ്റെടുത്തത് പൊതുമേഖലാ വ്യവസായങ്ങളുടെ വികസനത്തിന് ഉപയോഗിക്കുമോ; 1000 കോടിയോളം രൂപ സംസ്ഥാന സർക്കാർ കൊടുക്കുന്നത് എഫ്.എ.സി.ടി.-ക്ക് നേരിട്ടുതന്നെ കൊടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വസ്തു വാങ്ങുകയും വിൽക്കുകയും ചെയ്യുമ്പോൾ വില ആർക്കാണോ കൊടുക്കേണ്ടത് അവർക്ക് സ്വാഭാവികമായും കൊടുക്കുന്ന നിലപാടാണ് സ്വീകരിക്കുക. അത് കേന്ദ്ര സർക്കാരും എഫ്.എ.സി.ടി.-യുംകൂടി തീരുമാനിക്കേണ്ട കാര്യമാണ്. അതിൽ നമുക്ക് കൈകടത്താൻ കഴിയില്ല. എന്നാൽ സർക്കാരിന്റെ നിലപാട് ആ പണം എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണത്തിനുവേണ്ടി ചെലവഴിക്കണമെന്നതാണ്. അതാണ് കേന്ദ്ര സർക്കാരിനോട് നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.

## IV. സബ്മിഷൻ

### 1. എണ്ണ സംഭരണശാല

ശ്രീ. സി. കൃഷ്ണൻ: സർ, എന്റെ മണ്ഡലമായ പയ്യന്നൂരിലെ പുഞ്ചക്കാട് സ്ഥാപിക്കാനുദ്ദേശിക്കുന്ന എണ്ണ സംഭരണശാലയുമായി ബന്ധപ്പെട്ട വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇന്ത്യയിലെ പ്രമുഖ എണ്ണക്കമ്പനിയായ എച്ച്.പി.സി.എൽ., ബി.പി.സി.എൽ. എന്നിവ ചേർന്ന് എന്റെ മണ്ഡലത്തിലെ പയ്യന്നൂർ വില്ലേജിൽ പുഞ്ചക്കാട് പ്രദേശത്ത് എണ്ണസംഭരണ കേന്ദ്രം ആരംഭിക്കാൻ തീരുമാനിക്കുകയും ആയതിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംഭരണകേന്ദ്രം സ്ഥാപിക്കാൻ ഏകദേശം 100 ഏക്കറോളം ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. അതോടൊപ്പം ജനവാസകേന്ദ്രത്തിലൂടെ അവിടേയ്ക്ക് റോഡ് പണിയുന്നതിനുവേണ്ടി 10 ഏക്കർ ഭൂമികൂടി ആവശ്യമായിവരും. കാർഷികമേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള പ്രദേശമാണിത്. ഈ പ്രദേശത്തുള്ളവർ നെൽകൃഷി,

തെങ്ങുകൃഷി, കന്നുകാലി വളർത്തൽ, പച്ചക്കറി കൃഷി, മത്സ്യബന്ധനം തുടങ്ങിയ ജോലികളിലേർപ്പെട്ട് ജീവിക്കുന്നവരാണ്. എണ്ണ സംഭരണകേന്ദ്രം ആരംഭിച്ചാൽ ഈ പ്രദേശത്തുള്ള നിരവധി കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം മുടങ്ങിപ്പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കൂടാതെ ഈ പ്രദേശത്ത് വിദ്യാലയങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവയെല്ലാം സ്ഥിതി ചെയ്യുന്നുണ്ട്. എണ്ണ സംഭരണശാല ആരംഭിക്കുന്നതുമൂലം ഇവിടെയുള്ളവർക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിനായി ഏറ്റെടുക്കുന്ന ഭൂമി ഒന്നര മീറ്റർ കനത്തിൽ മണ്ണിട്ട് നികത്തേണ്ടി വരും; അപ്പോൾ അതിനാവശ്യമായ മണ്ണ് കണ്ടെത്തേണ്ടതായും വരും. അങ്ങനെ വരുമ്പോൾ ഒരു സ്ഥലം മണ്ണിട്ട് നികത്തുന്നതിനായി മറ്റൊരു സ്ഥലത്തെ കുന്ന് ഇടിക്കേണ്ടതായി വരും. ഇതെല്ലാമുണ്ടാക്കാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഭയാനകമാണ്. ഇത് ജനങ്ങളിൽ വലിയ ഭീതി ഉളവാക്കുകയും പ്രതിഷേധത്തിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. എണ്ണ സംഭരണശാല ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് ചില സംഘടനകൾ പ്രക്ഷോഭത്തിലാണ്. പയ്യന്നൂർ വില്ലേജിൽ റെയിൽവേ ലൈനിനോട് ചേർന്ന് എഫ്.സി.ഐ. ഗോഡൗൺ സ്ഥാപിക്കുന്നതിന് 100 ഏക്കറോളം ഭൂമി ഏറ്റെടുത്തപ്പോൾ നിരവധി കുടംബങ്ങളെ പുനരധിവസിപ്പിക്കേണ്ടിവന്നു. പയ്യന്നൂർ വില്ലേജിനോട് ചേർന്നുനിൽക്കുന്ന വില്ലേജാണ് രാമന്തളി വില്ലേജ്. അവിടെ നാവിക അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി നേരത്തെ 2500 ഏക്കറോളം ഭൂമി ഏറ്റെടുക്കുകയും നൂറ് കണക്കിന് കുടുംബങ്ങളെ മാറ്റിതാമസിപ്പിക്കേണ്ടതായും വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ എണ്ണ സംഭരണശാല സ്ഥാപിക്കുന്നതോടുകൂടി ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും പ്രത്യാഘാതങ്ങളും പരിഗണിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്ന് എണ്ണ സംഭരണശാല മാറ്റി സ്ഥാപിക്കാനുള്ള സാധ്യത സംബന്ധിച്ച് പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പയ്യന്നൂരിലെ പുഞ്ചക്കാട് പെട്രോളിയം സംഭരണശാല തുടങ്ങുന്നതിന് ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ ടേംസ് ഓഫ് റഫറൻസ് സമർപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ട്. എണ്ണ സംഭരണശാലകൾ സ്ഥാപിക്കുന്നതിന് ഓയിൽ ഇൻഡസ്ട്രീസ് സേഫ്റ്റി ഡയറക്ടറേറ്റ്, പെട്രോളിയം ആന്റ് എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ അനുമതി ആവശ്യമാണ്.

സുരക്ഷ സംബന്ധിച്ച് സൈറ്റ് അപ്രൈസൽ ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സിൽ നിന്നും നൽകേണ്ടതുണ്ട്. അതനുസരിച്ച് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയുള്ളു. ഇതുസംബന്ധിച്ച് കമ്പനി അപേക്ഷ നൽകിയിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഭൂവുടമകളുടെ സമ്മതത്തോടെയും പരസ്പര ചർച്ചയിലൂടെയും മാത്രമേ നടപടികൾ ഉണ്ടാകുവെന്ന് കമ്പനി വാഗ്ദാനം ചെയ്തിട്ടുണ്ട്. നിലവിലെ നിയമപ്രകാരമുള്ള പുനരധിവാസവും നഷ്ടപരിഹാരവും ഇക്കാര്യത്തിൽ സ്വീകരിക്കും. എണ്ണ സംഭരണശാല സ്ഥാപിക്കുന്നതുവഴിയുള്ള ഗുണങ്ങൾ കാണാതിരിക്കാനാകില്ല. സംഭരണശാല വരുന്നതുവഴി ആ ഭാഗത്ത് ഇന്ധനലഭ്യത കൂടുകയും റോഡുകളിലൂടെയുള്ള ടാങ്കർ ലോറികളുടെ സഞ്ചാരം ഗണ്യമായി കുറയ്ക്കാനും നിർമ്മാണജോലി മുഖേനയും അല്ലാതെയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും സാധിക്കും. നിർദ്ദിഷ്ട എണ്ണ സംഭരണശാലയുടെ തുടർ നടപടികൾക്കായി പരിസ്ഥിതി ആഘാത പഠന സമിതി പഠനം നടത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് 22-1-2018-ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ കണ്ണൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ തെളിവെടുപ്പ് യോഗം നടത്തുകയുണ്ടായി. പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക ആഘാത പഠനറിപ്പോർട്ടിലെ അപാകതകൾ സംബന്ധിച്ച ഹിയറിംഗിൽ എതിർപ്പുകൾ പ്രകടിപ്പിക്കപ്പെട്ടതിനാൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുമെന്ന് ജില്ലാ കളക്ടർ യോഗത്തിൽ ഉറപ്പ് നൽകിയിട്ടുണ്ട്.

## 2. നിയമനിർമ്മാണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അപകടത്തിൽപ്പെട്ട ഒരാളെ രക്ഷിച്ചതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം അഡ്വ. രഞ്ജിനിയെ ഈ സഭ അഭിനന്ദിച്ചു. ബഹുമാന്യനായ മുഖ്യമന്ത്രി ഫെയ്സ്ബുക്ക് പോസ്റ്റിലൂടെയും ഞാൻ നേരിട്ടും അവരെ വിളിച്ച് അഭിനന്ദിച്ചു. ഇപ്പോൾ റോഡപകടങ്ങളിലും മറ്റും പെടുന്നവരെ രക്ഷപ്പെടുത്താൻ ആളുകൾ മടിക്കുന്നതുമൂലം അമൂല്യമായ മനുഷ്യ ജീവനുകൾ നഷ്ടപ്പെടുകയാണ്. അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിലെത്തിച്ചാൽ പോലീസ് അടക്കമുള്ള നിയമസംവിധാനങ്ങളിൽ നിന്നും നേരിടേണ്ടിവരുന്ന തിക്താനുഭവങ്ങളാണ് പലപ്പോഴും ഈ വിമുഖതയ്ക്ക് പിന്നിലുള്ളത്. നല്ല ശമര്യക്കാരനെ സംരക്ഷിക്കാനുള്ള ബാദ്ധ്യത സർക്കാരിനുണ്ട്. അപകടത്തിൽപ്പെട്ടവരെ സഹായിക്കുന്നവർ പിന്നീട് നിയമത്തിന്റെ നൂലാമാലകളിൽ കുടുങ്ങി പ്രയാസങ്ങളും ബുദ്ധിമുട്ടുകളും

അനുഭവിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയാൽ മാത്രമേ സഹജീവികളെ രക്ഷിക്കാൻ ആളുകൾ സഹാനുഭൂതിയോടെ മുന്നോട്ട് വരികയുള്ളുവെന്നുള്ളതാണ് വസ്തുത. ഈ വസ്തുതകൾ കണക്കിലെടുത്ത് സേവ് ലൈഫ് ഫൗണ്ടേഷൻ സമർപ്പിച്ച പൊതു താല്പര്യ ഹർജിയിൽ 2016 മാർച്ച് 30-ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ചില സുപ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അപകടത്തെക്കുറിച്ച് പോലീസിനെ അറിയിക്കുന്നില്ലെങ്കിൽ, അപകടത്തിൽപ്പെട്ടവരെ ആശുപത്രിയിലെത്തിക്കുന്നവരുടെ മേൽവിലാസവും ഫോൺ നമ്പരും ചോദിച്ച് ബുദ്ധിമുട്ടിക്കരുത്, അവർക്ക് സൗകര്യപ്രദമായ സ്ഥലത്ത് ചെന്ന് വിവരങ്ങൾ ആരായാൻ പോലീസ് തയ്യാറാകണമെന്നതുൾപ്പെടെയുള്ള 10 നിർദ്ദേശങ്ങളാണ് സുപ്രീംകോടതി 2016-ൽ പുറപ്പെടുവിച്ചിട്ടുള്ളത്. 140000-ത്തിലധികം റോഡപകടങ്ങൾ ഒരു വർഷം ഇന്ത്യയിൽ നടക്കുന്നുണ്ടെന്നാണ് കണക്ക്. ഇതിൽ 70000 ജീവനുകളെങ്കിലും തക്കസമയത്ത് ആശുപത്രിയിലെത്തിച്ചാൽ രക്ഷിക്കാൻ കഴിയുന്നവയാണെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. റോഡപകടങ്ങളുടെ കണക്കിൽ, മഹാരാഷ്ട്രയ്ക്ക് ഒന്നാം സ്ഥാനവും തമിഴ്നാടിന് രണ്ടാം സ്ഥാനവും കേരളത്തിന് മൂന്നാം സ്ഥാനവുമാണുള്ളത്. ഈ വിഷയത്തിൽ അടുത്തിടെ കർണ്ണാടക നിയമസഭയിൽ അവതരിപ്പിച്ച ബിൽ സവിശേഷശ്രദ്ധ ആകർഷിക്കുന്ന ഒന്നാണ്. നല്ല ശമര്യക്കാരനെ സംരക്ഷിക്കാനുള്ള ഇദംപ്രഥമമായ ബില്ലാണ് കർണ്ണാടക നിയമസഭ അവതരിപ്പിച്ചത്. അപകടത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിന് സിവിലും ക്രിമിനലുമായ നടപടികൾ ഒരിക്കലും തടസ്സമാകരുതെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഊന്നിനിന്നാണ് അത്തരമൊരു ബിൽ കർണ്ണാടക സർക്കാർ കൊണ്ടുവന്നത്. ഡൽഹി, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളും ഇത്തരത്തിലുള്ള ബിൽ തയ്യാറാക്കുന്നതായാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. കേരളത്തിലും അടുത്തകാലത്ത് വാഹനാപകടങ്ങളിലും മറ്റും ഉൾപ്പെട്ടവർ, അപകടമുണ്ടായി അടുത്ത മണിക്കൂറായ 'ഗോൾഡൻ അവർ'-ൽ ചികിത്സ ലഭിച്ചാൽ രക്ഷപ്പെടുമായിരുന്നു എന്നാണ് കാണാൻ കഴിയുന്നത്. ആശുപത്രിയിലെത്തിക്കാൻ പലരും മടിക്കുന്നത് നിയമക്കുരുക്കുകളെ ഭയന്നാണ്. നല്ല ശമര്യക്കാരനെ സംരക്ഷിക്കുന്നതിനായി കർണ്ണാടക മാതൃകയിൽ കേരളത്തിലും ഒരു ബിൽ കൊണ്ടുവരണമെന്നാണ് എന്റെ അഭ്യർത്ഥന. അങ്ങനെയായാൽ അപകടത്തിൽ പ്പെടുന്നവരെ രക്ഷിക്കാൻ കൂടുതലാളുകൾ മുന്നോട്ടു വരുമെന്നുള്ളതുകൊണ്ട് ഇത്തരമൊരു നിയമനിർമ്മാണത്തിന്റെ ആവശ്യകതയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ പൊതുവിൽ ഇന്ന് സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ലഭ്യമാണ്. എന്നാൽ യഥാസമയം ആശുപത്രിയിലെത്തിക്കാൻ കഴിയാത്തതിനാലും പല കാരണങ്ങളാൽ ശരിയായ ചികിത്സ ലഭിക്കാത്തതിനാലും വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെടുന്ന സംഭവങ്ങൾ പലപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യ 48 മണിക്കൂർ പൊതു/സ്വകാര്യ ആശുപത്രികളിൽ സൗജന്യചികിത്സ ഉറപ്പാക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. അതോടൊപ്പം പരിക്കേൽക്കുന്നവരെ വിദഗ്ധ ചികിത്സ ലഭിക്കുന്ന ട്രോമാകെയർ സംവിധാനമുള്ള ആശുപത്രിയിൽ വേഗത്തിലെത്തിക്കുന്നതിനുള്ള ആംബുലൻസ് സൗകര്യങ്ങളേർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. അതിനായി സംസ്ഥാന വ്യാപകമായി ആംബുലൻസ് സർവ്വീസ് ലഭ്യമാക്കാൻ ഇ-നെറ്റ്‌വർക്ക് ശൃംഖലയ്ക്ക് രൂപം നൽകും. പരിക്കേൽക്കുന്നവരെ ആശുപത്രിയിലെത്തിക്കാൻ ദൃക്സാക്ഷികൾ വിമുഖത കാട്ടുന്നത് അപകടവുമായി ബന്ധപ്പെട്ട കേസുകളിൽ സാക്ഷി പറയേണ്ടിവരുമെന്ന ഭയംമൂലമാണെന്ന പ്രശ്നവും ഉയർന്നുവന്നിട്ടുണ്ട്. ജീവൻരക്ഷാ പ്രവർത്തനത്തിന് തയ്യാറാകുന്നവർക്ക് ആശുപത്രി അധികാരികളിൽനിന്നോ പോലീസിൽനിന്നോ മറ്റേതൊരു അധികാര സ്ഥാപനങ്ങളിൽനിന്നോ യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകരുതെന്നും അയാൾക്ക് അപകടവുമായി ബന്ധപ്പെട്ട് യാതൊരുവിധത്തിലുമുള്ള സിവിൽ/ക്രിമിനൽ ബാധ്യതകളുമില്ലായെന്നും കേന്ദ്ര ഹൈവേ റോഡ് ഗതാഗത മന്ത്രാലയം 2015-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിലെത്തിക്കുന്ന നല്ല ശമര്യക്കാരെ സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയും 2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം പരിക്കേറ്റവരെ ആശുപത്രിയിലെത്തിക്കുന്നവർക്ക് യാതൊരുവിധ നിയമനടപടികളും നേരിടേണ്ടിവരില്ല. ജീവൻരക്ഷാ പ്രവർത്തനങ്ങളിലേർപ്പെടുന്നവർക്ക് പോലീസിൽനിന്ന് യാതൊരു ബുദ്ധിമുട്ടുകളും ഉണ്ടാകരുതെന്ന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. സംഭവത്തിന് നേരിട്ട് ദൃക്സാക്ഷിയല്ലെങ്കിൽ കേസിൽ വിസ്തരിക്കേണ്ട സാക്ഷികളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന കാര്യവും നിർദ്ദേശിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക സാഹചര്യംമൂലം സാക്ഷിയാകേണ്ടിവന്നാൽ അത് പ്രോസിക്യൂട്ടറുമായോ ജില്ലാ പോലീസ് മേധാവിയുമായോ ആലോചിച്ച് അഭിപ്രായമറിഞ്ഞതിനുശേഷം മാത്രമേ ആകാവൂ എന്നും പറഞ്ഞിട്ടുണ്ട്. ഇതടക്കമുള്ള കാര്യങ്ങൾ സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കുല

റിലൂടെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് SOFT (സേവ് അവർ ഫെലോ ട്രാവലേഴ്സ്) എന്നറിയപ്പെടുന്ന സന്നദ്ധസേവകരുടെ ഒരു കൂട്ടായ്മ പോലീസ് രൂപവൽക്കരിച്ച് വരികയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ജീവൻരക്ഷാ പ്രവർത്തനങ്ങളിലേർപ്പെടുന്നവർക്ക് സംരക്ഷണം നൽകുന്നതിനും ജീവൻരക്ഷാ പ്രവർത്തനങ്ങളിലേർപ്പെടുന്നവർക്ക് അനുകാരണം എന്തെങ്കിലും തരത്തിലുള്ള പ്രയാസങ്ങൾ അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നത് തടയുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

11.00 എ. എം)

## 3. വില്ലേജ് വിഭജനം

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : സർ, സംസ്ഥാനത്ത് മലപ്പുറം ജില്ലയാണ് ജനസംഖ്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത്. എന്നാൽ ജനസംഖ്യാനുപാതികമായി ഈ ജില്ലയിൽ വില്ലേജ് ആഫീസുകൾ രൂപീകരിക്കപ്പെട്ടിട്ടില്ല. ഏകദേശം 42 ലക്ഷം ജനങ്ങൾ അധിവസിക്കുന്ന ഈ ജില്ലയിലെ ആകെ വില്ലേജ് ആഫീസുകളുടെ എണ്ണം 138 ആണ്. ജനസംഖ്യാനുപാതികമായി വില്ലേജ് ആഫീസുകളില്ലാത്തത് മലപ്പുറം ജില്ലയിലെ റവന്യൂഭരണത്തെ നിശ്ചലമാക്കിയിരിക്കുകയാണ്. ഇതുമൂലം വളരെയേറെ പ്രയാസങ്ങളാണ് പൊതുജനങ്ങൾ അനുഭവിക്കുന്നത്. റവന്യൂ ഉദ്യോഗസ്ഥർക്കും കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. എന്റെ നിയോജകമണ്ഡലമായ വള്ളിക്കുന്നിലെ മൂന്നിയൂർ, പള്ളിക്കൽ വില്ലേജുകളുടെ അവസ്ഥ പരമദയനീയമാണ്. കേരളപ്പിറവിക്കുമുമ്പ് രൂപീകൃതമായ ഈ വില്ലേജുകൾ വിസ്തൃതികൊണ്ടും ജനസംഖ്യകൊണ്ടും മറ്റ് വില്ലേജുകളെക്കാൾ ഏറെ മുന്നിൽ നിൽക്കുകയാണ്. വില്ലേജ് രൂപീകരിച്ച സമയത്തെ ജനസംഖ്യയെക്കാൾ അഞ്ചിരട്ടി ജനസംഖ്യ ഇപ്പോൾ ഈ വില്ലേജു കളിലുണ്ട്. മൂന്നിയൂർ വില്ലേജിൽ ഏകദേശം അറുപത്തി അയ്യായിരത്തോളവും പള്ളിക്കൽ വില്ലേജിൽ ഏകദേശം അമ്പത്തി അയ്യായിരത്തിലധികവും ജനസംഖ്യയുണ്ട്. മൂന്നിയൂരിന് 2196 ഹെക്ടറും പള്ളിക്കലിന് 2596 ഹെക്ടറുമാണ് വിസ്തൃതി. ഈ വില്ലേജുകളെ ഏറ്റവും ചുരുങ്ങിയത് രണ്ടായെങ്കിലും വിഭജി ക്കേണ്ടത് അത്യാവശ്യമാണ്. വിഭജനത്തിന്റെ ആവശ്യകതയെക്കുറിച്ച് റവന്യൂ വകുപ്പിനും ബോദ്ധ്യമുണ്ട്. എന്നാൽ രണ്ട് വില്ലേജുകൾ പുതിയതായി രൂപീകരിക്കു മ്പോഴുണ്ടാകുന്ന അധികച്ചെലവ് ചൂണ്ടിക്കാട്ടിയാണ് റവന്യൂവകുപ്പ് വില്ലേജ്

വിഭജനം നീട്ടിക്കൊണ്ടുപോകുന്നത്. തുച്ഛമായ അധികച്ചെലവിനെക്കാൾ ജനങ്ങൾക്ക് ഇതുമൂലമുണ്ടാകുന്ന പ്രയോജനങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്. ഭരണം ജനങ്ങൾക്ക് അനുഭവവേദ്യമാകുന്നത് താഴെത്തട്ടിലെ ഇത്തരം ആഫീസുകൾ നൽകുന്ന സേവനങ്ങളിലൂടെയാണ്. ആയതിനാൽ മൂന്നിയൂർ വില്ലേജ് വിഭജിച്ച് വെളിമുക്ക് കേന്ദ്രമാക്കിയും പള്ളിക്കൽ വില്ലേജ് വിഭജിച്ച് കരിപ്പൂർ കേന്ദ്രമാക്കിയും രണ്ട് പുതിയ വില്ലേജ് ആഫീസുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് രണ്ട് വില്ലേജുകളാക്കി മാറ്റണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം പൊതുവിൽ സ്വീകാര്യമാണെങ്കിലും സാമ്പത്തികമായ ചില വിഷയങ്ങൾ ഇതിന് തടസ്സമായി നിൽക്കുന്നുവെന്നതാണ് വസ്തുത. തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് തുടങ്ങിയ മേഖലകളിലാണ് ഏറ്റവും കൂടുതൽ ഗ്രൂപ്പ് വില്ലേജുകളുള്ളത്. ഗ്രൂപ്പ് വില്ലേജുകളെ വിഭജിച്ച് ഓരോ വില്ലേജുകളായി മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിക്കണമെന്നത് സർക്കാരിന്റെ പൊതു സമീപനമാണ്. എന്നാൽ ആവശ്യമായ ജീവനക്കാരുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവത്തിൽ ഒന്നിലധികം വില്ലേജ് ആഫീസുകൾ ഒരേ കെട്ടിടത്തിൽ ഒരു പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫ് പാറ്റേൺ മാത്രം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സംവിധാനമാണ് ഗ്രൂപ്പ് വില്ലേജ്. ഈ വില്ലേജുകൾക്ക് പ്രത്യേക വില്ലേജ് സർവ്വേ റിക്കോർഡുകളും അതിർത്തികളുമുണ്ട്. അപ്രകാരം പ്രവർത്തിക്കുമ്പോൾ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ സാധിക്കാതെ വരുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിൽപ്പെട്ട മൂന്നിയൂർ വില്ലേജും കൊണ്ടോട്ടി താലൂക്കിൽപ്പെട്ട പള്ളിക്കൽ വില്ലേജും വിഭജിച്ച് പുതിയ രണ്ട് വില്ലേജുകൾ രൂപീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച നിവേദനങ്ങളും ഇവിടെ ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് അധിക തസ്തികകൾ സൃഷ്ടിച്ച് പുതിയ വില്ലേജുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## 4. ശുദ്ധജല വിതരണ പദ്ധതി

ശ്രീ. മുരളി പെരുനെല്ലി: സർ, മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി ശുദ്ധജല വിതരണപദ്ധതിക്ക് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി യിലുൾപ്പെടുത്തിക്കൊണ്ട് 13.6 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. പാവറട്ടി, മുല്ലശ്ശേരി എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണികൾവരെയുള്ള 13 കി.മീ. നീളമുള്ള ഗ്രാവിറ്റി മെയിൻ, ഈ രണ്ട് പഞ്ചായത്തുകളിലായി ഓരോ ഉന്നതതല ജലസംഭരണികൾ തുടങ്ങിയ മൂന്ന് പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാന പ്ലാനിൽ ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാവിറ്റി മെയിൻ പ്രവൃത്തിയുടെ ടെണ്ടറിന് മാത്രമാണ് അനുമതി ലഭ്യമായിട്ടുള്ളത്. ജലസംഭരണികളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ടിന്റെ ലഭ്യതക്കുറവു കാരണം ടെണ്ടർ അംഗീകരിച്ചിട്ടില്ല. അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ഈ രണ്ട് പഞ്ചായത്തുകളിൽ ഉന്നത ജലസംഭരണി കളുടെ നിർമ്മാണ ത്തിനാവശ്യമായ ഫണ്ടുകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് സഹായകരമായ ഈ പദ്ധതി അടിയന്തരമായി പ്രാവർത്തിക മാക്കാനാവശ്യമായ നടപടിയെടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യ പ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 13.6 കോടി രൂപയുടെ പാവറട്ടി, മുല്ലശ്ശേരി പദ്ധതിക്ക് 2015-16-ൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അനുമതി ലഭിച്ചത്. മൂന്ന് പാക്കേജുകളി ലായിട്ടാണ് പദ്ധതി നടപ്പാക്കാൻ ശ്രമിച്ചത്. ഈ മൂന്ന് പാക്കേജിന്റെയും ടെണ്ടർ ക്ഷണിച്ചെങ്കിലും NRDWP (National Rural Drinking Water Programme)-ക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ഫണ്ടിലുണ്ടായ ഗണ്യമായ കുറവ് ഏതാണ്ട് നാലിലൊന്നായി കുറഞ്ഞതിനാൽ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞില്ല. എന്നാൽ ഒന്നാമത്തെ പാക്കേജിന് 5.61 കോടി രൂപ ബഡ്ജറ്റിലെ മറ്റൊരു ഹെഡ്ഡിൽ നിന്ന് റീ-അലോക്കേഷൻ നടത്തി ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ഫണ്ട് അനുവദിച്ച് ടെണ്ടർ സ്വീകരിക്കാൻ അനുമതി നൽകുകയുണ്ടായി. ആ പാക്കേജിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പ്രവൃത്തികൾക്കായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. NRDWP-യുടെ കേന്ദ്ര വിഹിതം കുറഞ്ഞ സാഹചര്യത്തിലാണ് റീ-അലോക്കേഷനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ.-യുടെകൂടി അഭ്യർത്ഥന കണക്കിലെടുത്ത് നടപടി സ്വീകരിച്ചത്. ശേഷിക്കുന്ന രണ്ട് പാക്കേജുകൾക്ക് ഏത് രൂപത്തിൽ ഫണ്ട് കണ്ടെത്താമെന്നത് പരിശോധിച്ചുവരികയാണ്.

## 5. കോന്നി ഡിസ്ട്രിബ്യൂഷൻ കനാൽ

ശ്രീ. അടൂർ പ്രകാശ്: സർ, കോന്നി നിയോജകമണ്ഡലത്തിലെ ജനങ്ങൾ അതിരൂക്ഷമായ വരൾച്ചമൂലം അനുഭവിക്കുന്ന ദുരിതങ്ങളാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. മലയോരമേഖലയായ കോന്നിയിലെ ജനങ്ങൾ കുടിവെള്ള ത്തിനുവേണ്ടി രണ്ടും മൂന്നും കിലോമീറ്റർ മലയിറങ്ങി വെള്ളമെടുക്കേണ്ടി വരികയാണ്. അതല്ലെങ്കിൽ മറ്റ് വാഹനങ്ങളിൽ കൂടുതൽ പണം ചെലവഴിച്ച് വെള്ളം എത്തിക്കേണ്ട സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. ഇതിനൊരു താൽക്കാലിക പരിഹാരമായി കെ.ഐ.പി.-യുടെ കനാലുകൾ തുറന്നുവിടുകയാണ് സാധാരണ ചെയ്യാറുള്ളത്. കനാൽ തുറന്നുവിടണമെങ്കിൽ നിലവിലുള്ള ഡിസ്ട്രിബ്യൂട്ടറി കനാലുകൾ വൃത്തിയാക്കേണ്ടതുണ്ട്. ആദ്യഘട്ടത്തിൽ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഡിസ്ട്രിബ്യൂട്ടറി കനാലുകൾ വൃത്തിയാക്കാനുള്ള നിർദ്ദേശം കൊടുത്തിരുന്നുവെന്നാണ് അറിയുന്നത്. യാതൊരു വിധത്തിലുള്ള സഹായങ്ങളും പഞ്ചായത്തുകൾക്ക് ആ കാര്യത്തിൽ നൽകിയിരുന്നില്ല. അതുകൊണ്ട് പഞ്ചായ ത്തുകൾ ഇത് ഏറ്റെടുക്കാൻ വിമുഖത കാണിച്ചു. അതിനുശേഷം വകുപ്പുതന്നെ പണി നടത്താനായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയുണ്ടായെങ്കിലും അതും നടക്കാതെ പോയി. ഇപ്പോൾ സർക്കാർ ഉത്തരവുപ്രകാരം വീണ്ടും പഞ്ചായത്തുകളെ ഈ കാര്യങ്ങൾ ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. എല്ലാ വർഷവും വരൾച്ചയു ണ്ടാകുമെന്ന് സർക്കാരിന് അറിയാവുന്നതാണ്. ഉത്തരവാദിത്വമുള്ള സർക്കാരെന്ന നിലയിൽ വരൾച്ചാ സമയത്ത് ഇത്തരത്തിലുള്ള ഡിസ്ട്രിബ്യൂട്ടറി കനാലുകൾ വൃത്തിയാക്കുന്നതിനുവേണ്ടി നേരത്തെതന്നെ നടപടികൾ സ്വീകരിക്കേണ്ടതാ യിരുന്നു. ഏതായാലും അടിയന്തരമായി ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് കെ.ഐ.പി.-യുടെ ഡിസ്ട്രിബ്യൂട്ടറി കനാലുകളിലൂടെ വെള്ളം തുറന്നുവിടണം. അങ്ങനെ വെള്ളം തുറന്നുവിട്ടാൽ മലയോര മേഖലയായ എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കലഞ്ഞൂർ, അരുവാപ്പുലം, കോന്നി, പ്രമാടം തുടങ്ങിയ മേഖലകളിൽ വെള്ളം കിട്ടാനുള്ള അവസരമുണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ കൊടുത്ത് ഈ ഡിസ്ട്രിബ്യൂട്ടറി കനാലിലൂടെ വെള്ളം തുറന്നുവിട്ട് അതിരൂക്ഷമായ വരൾച്ചയിൽനിന്നും ജനങ്ങളെ മോചിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, വേനൽക്കാലമാരംഭിക്കുകയാണ്. മഴലഭ്യതയുടെ കണക്കുകൾ കഴിഞ്ഞ വർഷത്തെക്കാൾ ഭേദപ്പെട്ടതാണെങ്കിലും നാട്ടിലെ അനുഭവം വ്യത്യസ്തമാണ്. കിണറുകളിലെ വെള്ളം താഴ്ന്നുപോകുന്നതായും കിണറുകൾ വറ്റിപ്പോകുന്നതായുമുള്ള റിപ്പോർട്ടുകൾ പല സ്ഥലങ്ങളിൽനിന്നും ലഭിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കനാലുകളിലൂടെ ജലം തുറന്നുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ വലതുകര കനാൽ ജനുവരി 23-നും ഇടതുകര കനാൽ ജനുവരി 28-നും തുറന്നിട്ടുണ്ട്. കോന്നി ഡിസ്ട്രിബ്യൂട്ടറിയിൽക്കൂടി ജല വിതരണം നടത്തുന്നതിന്റെ പ്രായോഗിക പ്രശ്നം ബഹുമാനപ്പെട്ട അംഗം തന്നെ പറഞ്ഞു. നേരത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾ മുൻകയ്യെടുത്താണ് ഡിസ്ട്രിബ്യൂട്ടറികളും സബ്കനാലുകളും വൃത്തിയാക്കി ക്കൊണ്ടിരുന്നത്. എന്നാൽ അസറ്റ് ക്രിയേഷനായി വരുന്നില്ലെന്നതുകൊണ്ട് അതിൽ ചില തടസ്സങ്ങളുണ്ടായി. ആ ഘട്ടത്തിൽ ഡിപ്പാർട്ട്മെന്റ് അത്തരം പ്രവൃത്തികൾ ഏറ്റെടുക്കുകയും പിന്നീട് പഞ്ചായത്തുകൾക്ക് തന്നെ ഏറ്റെടുക്കാൻ കഴിയുമെന്ന സ്ഥിതിയുമുണ്ടായി. അതിൽ ആശയക്കുഴപ്പം നിലനിന്നിരുന്നുവെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ കോന്നി ഡിസ്ട്രിബ്യൂട്ടറിയിൽക്കൂടിയുള്ള ജലവിതരണത്തിന് കനാൽ മെയിന്റനൻസ് നടന്നു വരികയാണ്. കലഞ്ഞൂർ, കോന്നി, പ്രമാടം, അരുവാപ്പുലം പ്രദേശങ്ങളിൽ ജലം ലഭിക്കുന്ന രീതിയിൽ കോന്നി ഡിസ്ട്രിബ്യൂട്ടറിയിൽക്കൂടിയുള്ള ജലവിതരണം പത്താം തീയതിക്കുമുമ്പായി നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## 6. കടൽഭിത്തി നിർമ്മാണം

ശ്രീമതി ഗീതാ ഗോപി: സർ, നാട്ടിക നിയോജക മണ്ഡലത്തിലുൾപ്പെട്ട തീരദേശ മേഖലയിലെ മൂന്ന് പഞ്ചായത്തുകളിൽ പ്രകൃതിക്ഷോഭത്തിലും ഓഖി ദുരന്തത്തിലും ഏക്കർ കണക്കിന് ഭൂമി കടലെടുക്കുകയും തീരദേശ റോഡുകൾ പോലും ഇല്ലാതാകുകയും ചെയ്തു. എന്റെ മണ്ഡലത്തിലെ ചിലങ്ക ബീച്ച് മുതൽ തമ്പാൻകടവ് വരെ കടൽഭിത്തി കെട്ടുന്നതിന് കഴിഞ്ഞവർഷം എസ്റ്റിമേറ്റെടു ത്തെങ്കിലും ഫലമുണ്ടായില്ല. ഈ പ്രദേശത്ത് നിരവധി കുടുംബങ്ങളെ മാറ്റിത്താമ സിപ്പിക്കേണ്ട സ്ഥിതി വന്നു. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നോ സംസ്ഥാന സർക്കാരിൽനിന്നോ ഫണ്ട് അനുവദിച്ച് കടൽഭിത്തി പ്രാവർത്തിക മാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് സംബന്ധിച്ച് സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്നുകൂടി വ്യക്തമാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ചിലങ്ക ബീച്ച് മുതൽ തമ്പാൻകടവ് വരെയുള്ള 1800 മീറ്റർ ഭാഗം ഉൾപ്പെടുന്ന ചേറ്റുവ അഴിമുഖത്തെ പുലിമുട്ട് മുതൽ സ്നേഹതീരം ബീച്ചുവരെയുള്ള 8 കി.മീറ്റർ പ്രദേശത്തെ കടൽഭിത്തി നിർമ്മാണത്തിനായി പൂനെ, സെൻട്രൽ വാട്ടർ പവർ റിസർച്ച് സ്റ്റേഷൻ മാതൃകാപഠനം നടത്തി ശിപാർശ സമർപ്പിച്ചിട്ടുണ്ട്. കടൽഭിത്തിയോടൊപ്പം 20 മീറ്റർ ദൈർഘ്യമുള്ള പുലിമുട്ടുകളും നിർമ്മിക്കണമെന്നാണ് സെൻട്രൽ വാട്ടർ പവർ റിസർച്ച് സ്റ്റേഷൻ സമർപ്പിച്ച ശിപാർശയുടെ പ്രധാനഭാഗം. ശിപാർശയുടെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

## 7. കുടിവെള്ള പദ്ധതി

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമലയാറ്റിൽ രണ്ട് ചെക്ക് ഡാമുകൾക്ക് അനുവാദം തന്നതിന് ആദ്യം നന്ദി അറിയിക്കുന്നു. മണിമല മേജർ വാട്ടർ സപ്ലൈ സ്കീമിന് ഏതാണ്ട് രണ്ട് പതിറ്റാണ്ടിന്റെ പാരമ്പര്യമുണ്ട്. ആദ്യഘട്ടത്തിൽ 22.5 കോടി രൂപ അനുവദിച്ചതിന്റെ ഭാഗമായി ട്രീറ്റ്മെന്റ് പ്ലാന്റും അഞ്ച് പഞ്ചായത്തുകളിലെ ഓവർഹെഡ് ടാങ്കുകളും മെയിൻ പമ്പിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളും പൂർത്തീകരിച്ചു. അഞ്ച് പഞ്ചായത്തിലെ അറുപതിനായിരത്തോളം വരുന്ന കുടുംബങ്ങൾക്കുവേണ്ടിയുള്ള ബൃഹത്തായ പദ്ധതിയാണിത്. ഇപ്രാവശ്യം അനുവദിച്ച ഏറത്ത്-വടകര ചെക്ക് ഡാമിന്റെ നിർമ്മാണംകൂടി പൂർത്തീകരിക്കുമ്പോൾ ജലത്തിന്റെ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാകില്ല. രണ്ടാംഘട്ടമായി 32.5 കോടി രൂപ അനുവദിച്ചതിൽ 28.5 കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും നാല് സോണായി ടെണ്ടർ ചെയ്യുകയും ചെയ്തു. നാല് സോണിൽ രണ്ട് കരാറുകാർ എഗ്രിമെന്റ് ഒപ്പുവച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പക്ഷെ എഴുപത് ശതമാനത്തോളം ഡിസ്ട്രിബ്യൂഷനുമായി ബന്ധപ്പെട്ട് വരുന്ന രണ്ട് സോണുകളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പിടാതെ പിൻമാറിയിരിക്കുകയാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകുന്ന ഫണ്ട് വെട്ടിക്കുറച്ചത് ഓൺഗോയിംഗ് പദ്ധതികളെ ദോഷകരമായി ബാധിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. NRWSS (National Rural Water Supply & Sanitation Strategy Study) ഉൾപ്പെടെയുള്ള ഒട്ടേറെ പദ്ധതികൾ സംസ്ഥാനത്ത് ഈ പ്രതിസന്ധി നേരിടുകയാണ്. സംസ്ഥാന സർക്കാർ 25 ശതമാനത്തോളം പൂർത്തീകരിച്ച പദ്ധതികൾ പ്ലാൻ ഫണ്ടുപയോഗിച്ചോ മറ്റേതെങ്കിലും മാർഗ്ഗത്തിലോ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ആഗ്രഹിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. മണിമല മേജർ കുടിവെള്ള പദ്ധതിയുടെ 50 ശതമാനത്തോളം നിർമ്മാണ

പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതാണ്. എന്നാൽ 20 വർഷമായി ഒരു തുള്ളി വെള്ളം ആർക്കും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ വർഷം രണ്ട് സോണിലേക്കുമുള്ള റീ-ടെണ്ടർ നടപടി പൂർത്തീകരിച്ച് മണിമല മേജർ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം ഗൗരവമുള്ളതാണ്. ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഗണ്യമായ കുറവുണ്ടായതുമൂലം പല പദ്ധതികളും ബുദ്ധിമുട്ട് നേരിടുകയാണ്. റീ-അലോക്കേഷൻ മുഖേനയാണ് അതിനുള്ള പണം കണ്ടെത്തിക്കൊണ്ടിരിക്കുന്നത്. മണിമല കുടിവെള്ള പദ്ധതിക്ക് 2002-03-ൽ ഭരണാനുമതി ലഭിച്ചതാണ്. കുറേ വർഷം കഴിഞ്ഞു. ശുദ്ധീകരണശാല നിർമ്മിക്കാനുള്ള സ്ഥലം ലഭ്യമാകാത്തതിനാലാണ് കാലതാമസമുണ്ടായത്. പഞ്ചായത്ത് കണ്ടെത്തിയ സ്ഥലം പാറക്കെട്ടുള്ള സ്ഥലമായിരുന്നു. പാറപൊട്ടിക്കാൻ തയ്യാറായെങ്കിലും പൂർത്തീകരിക്കാൻ സാധിച്ചില്ല. ജല അതോറിറ്റിതന്നെ പണികൾ ചെയ്ത് പ്രസ്തുത സ്ഥലം ശുദ്ധീകരണശാല നിർമ്മിക്കുന്നതിന് അനുയോജ്യമാക്കിയെടുക്കേണ്ടി വന്നു. സ്ഥലം ലഭിക്കാൻ കാലതാമസമുണ്ടായതുമൂലം 2009-ഓടുകൂടി മാത്രമേ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടുള്ളൂ. 2002-03-ൽ അനുമതി ലഭിച്ച 18.33 കോടി രൂപയുടെ പദ്ധതിയിലുൾപ്പെട്ട ശുദ്ധീകരണശാല, കിണറുകൾ, ജലസംഭരണികൾ, പമ്പിംഗ് ലൈനുകൾ എന്നീ ഘടകങ്ങളെല്ലാം തന്നെ ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിച്ചുവെങ്കിലും കാലാകാലങ്ങളിലുണ്ടായ നിരക്ക് വർദ്ധനവുമൂലവും ടെണ്ടറുകൾ നിജപ്പെടുത്തിയപ്പോഴുണ്ടായ അധികതുകയും കാരണം ആദ്യം അനുവദിച്ച 18.33 കോടി രൂപ പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിക്കാൻ തികയാതെ വന്നു. അതുകൊണ്ട് പുതിയ ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഒന്നാംഘട്ടത്തിലുൾപ്പെടുത്തിയിരുന്ന ഉത്പാദന ഘടകങ്ങളിൽ ക്ലിയർ വാട്ടർ പമ്പ് സെറ്റ് ഒഴികെയുള്ളവ ഇതിനോടകം പൂർത്തീകരിച്ചുകഴിഞ്ഞു. ഈ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കുന്നതിന് 32.5 കോടി രൂപയുടെ ഒരു പദ്ധതിക്ക് 1-11-2014-ന് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. വിതരണ ശൃംഖല സ്ഥാപിക്കാനായി ഭരണാനുമതി ലഭിച്ച 32.5 കോടി രൂപയുടെ പദ്ധതി അഞ്ച് പ്രവൃത്തികളിലായി ടെണ്ടർ ചെയ്ത് നടപ്പാക്കാനാണ് ഉദ്ദേശിച്ചത്. ഇതിൽ നാല് പ്രവൃത്തികൾ ടെണ്ടർ ചെയ്തുവെങ്കിലും രണ്ട് പ്രവൃത്തികൾ മാത്രമേ ടെണ്ടർ നടപടി പൂർത്തീകരിച്ച് ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളൂ. മറ്റ് രണ്ടെണ്ണത്തിന്റെ

ടെണ്ടറുകൾ റദ്ദാക്കേണ്ടി വന്നു. രണ്ട് പ്രവൃത്തികളും ശേഷിച്ച ഒരു പ്രവൃത്തിയുമുൾപ്പെടെ മൂന്ന് പ്രവൃത്തികൾ എൻ.ആർ.ഡി.ഡബ്ല്യൂ.പി. ഫണ്ടിന്റെ അപര്യാപ്തതമൂലം ടെണ്ടർ ചെയ്യാൻ സാധിച്ചിട്ടില്ല. മൊത്തം 294.9 കിലോമീറ്റർ വിതരണശൃംഖലയിൽ 86.7 കിലോമീറ്റർ ഇതിനോടകം ടെണ്ടർ ചെയ്തത് ഏകദേശം 60 ശതമാനത്തോളം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച ഘടകങ്ങൾ പ്രവർത്തനക്ഷമമാക്കാൻ നടപ്പുവർഷത്തെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്കായി മൊത്തം 183 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ഇനി ടെണ്ടർ ചെയ്യാനുള്ള മൂന്ന് പ്രവൃത്തികളുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരികയാണ്.

## 8. സി.എച്ച്.സി.-യുടെ പ്രവർത്തനം

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഉദുമ നിയോജകമണ്ഡലത്തിലെ മലയോര മേഖലയിൽ സ്ഥിതിചെയ്യുന്ന ബേഡഡുക്ക ബ്ലോക്ക് പി.എച്ച്.സി.-യെ 2008 നവംബർ മാസത്തിൽ അന്നത്തെ സർക്കാർ ഉത്തരവുപ്രകാരം 24 പേരെ കിടത്തി ചികിത്സിക്കാവുന്ന സി.എച്ച്.സി. ആയി ഉയർത്താൻ തീരുമാനിച്ചു. എന്നാൽ തസ്തികകളൊന്നും അനുവദിക്കാത്തതിനാൽ പി.എച്ച്.സി.-യിലെ ഡോക്ടർമാരും ജീവനക്കാരുമാണ് അവിടെയുള്ളത്. നിലവിലെ ആശുപത്രിയുടെ അസൗകര്യം കാരണം കിടത്തി ചികിത്സ നടത്താൻ കഴിയുന്നില്ല. ഇരുന്നൂറിൽപ്പരം എസ്.സി/എസ്.ടി വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്ന രണ്ട് പഞ്ചായത്തിലുള്ളവർ ആശ്രയിക്കുന്നതാണ് ബേഡഡുക്ക കുറ്റിക്കോലാശുപത്രി. എം.പി, എം.എൽ.എ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നീ ഫണ്ടുപയോഗിച്ച് എല്ലാ ഭൗതിക സൗകര്യങ്ങളും നിർമ്മിച്ചിട്ടുണ്ടെങ്കിലും തസ്തിക അനുവദിക്കാത്തതിനാൽ സ്ഥിരം ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരുമില്ലാത്തിന്റെ ഫലമായി കിടത്തി ചികിത്സ നടത്താൻ കഴിയുന്നില്ല. ബേഡഡുക്കയിലുള്ളവർക്ക് ആശ്രയിക്കേണ്ടിവരുന്നത് 50-60 കി.മീറ്റർ ദൂരെയുള്ള കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയെയും കാസർഗോഡ് താലൂക്ക് ആശുപത്രിയെയുമാണ്. അവിടെയെത്തുമ്പോൾ രോഗി മരിച്ചുപോകുന്ന അവസ്ഥയാണ് പലപ്പോഴുമുണ്ടാകുന്നത്. പാവപ്പെട്ട ഹരിജന-ആദിവാസികൾ താമസിക്കുന്ന മേഖലയിലെ ആശുപത്രിയെ കിടത്തി ചികിത്സാ ആശുപത്രിയായി ഉയർത്തി വേണ്ടത്ര ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് വകുപ്പുമന്ത്രി നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കാസർഗോഡ് ജില്ലയിലെ കാറഡുക്ക പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന കിടത്തി ചികിത്സാ സൗകര്യമുള്ള സാമൂഹികാരോഗ്യ കേന്ദ്രമാണ് ബേഡഡുക്ക സി.എച്ച്.സി. നിലവിൽ 24 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ശരാശരി ഒ.പി. 300-ഉം ഐ.പി. 15-ഉം ആണ്. കൂടാതെ 10 കിടക്കകളോട്ടുകൂടിയ മെയിൽ വാർഡും ഫീമെയിൽ വാർഡും അതിനാവശ്യമായ ഓഫീസ് കെട്ടിടം, ഐ.പി./ഒ.പി. കെട്ടിടം, കോൺഫറൻസ് ഹാൾ, ക്വാർട്ടേഴ്സ് എന്നിവയടക്കം പത്ത് കെട്ടിടങ്ങളും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ ജീവനക്കാരുടെ സേവനവും ഇവിടെയുണ്ട്. അതോടൊപ്പം എൻഡോസൾഫാൻ പ്രോജക്ടിലുൾപ്പെടുത്തി ഓപ്പറേഷൻ തിയേറ്റർ, കാഷ്വാലിറ്റി, പ്രസവവാർഡ്, ലാബ്, ഫാർമസി, ഐ.പി. കെട്ടിടം എന്നിവയ്ക്കായി 2.75 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇവിടെ പൂർത്തീകരിച്ചുവരികയാണ്. നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ കരട് പട്ടികയിൽ ബേഡഡുക്ക സാമൂഹികാരോഗ്യകേന്ദ്രം ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷം കുടുംബാരോഗ്യകേന്ദ്രങ്ങളെ മാത്രമാണ് ആർദ്രം പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിരുന്നത്. ഈ വർഷം തെരഞ്ഞെടുക്കപ്പെട്ട സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും ഉൾപ്പെടുത്തുന്നുണ്ട്. നേരത്തെ പറഞ്ഞതുപോലെ ആദിവാസി, എസ്.സി. വിഭാഗങ്ങൾ ധാരാളമുള്ള ഈ പ്രദേശത്തെ ബേഡഡുക്ക സാമൂഹികാ രോഗ്യകേന്ദ്രം അഭിവൃദ്ധിപ്പെടുത്തുന്നതിനായി ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്.

## 9. ഭിക്ഷാടന നിരോധനം

ശ്രീമതി പി. അയിഷാ പോറ്റി : സർ, സംസ്ഥാനത്ത് ബാല ഭിക്ഷാടനമടക്കമുള്ള ഭിക്ഷാടന പ്രവർത്തനങ്ങൾ പൂർണ്ണമായും നിരോധിക്കുന്നതിനെ സംബന്ധിച്ചാണ് ഈ സബ്മിഷൻ. മാധ്യമങ്ങളിൽ ഇതുസംബന്ധിച്ച നിരവധി റിപ്പോർട്ടുകൾ വരുന്നുണ്ട്. ഇതിനായി ഒരു മാഫിയതന്നെ പ്രവർത്തിക്കുന്നുണ്ട്. ഭിക്ഷാടന ത്തിനായി കുട്ടികളെ ഉപയോഗിച്ചുകൊണ്ട് പണം തട്ടിയെടുക്കുന്ന സ്ഥിതി

സംബന്ധിച്ചും ഭിക്ഷാടനത്തിനായി വീടുകളിലെത്തി പരിസരം നോക്കിവച്ച് രാത്രിയിൽ വേറെ പ്രശ്നങ്ങളുണ്ടാക്കുന്നതായ വാർത്തകളും വരുന്നുണ്ട്. അതോടൊപ്പം തട്ടിക്കൊണ്ടുപോകുന്ന കൊച്ചുകുട്ടികളെ അടക്കം ക്രൂരമായി മർദ്ദിക്കുന്നതിന്റെയും പീഡനങ്ങൾ ഏൽപ്പിക്കുന്നതിന്റെയും ചിത്രങ്ങൾ നമ്മളൊക്കെ കണ്ടു കൊണ്ടിരിക്കുകയാണ്. കുട്ടികളെ തട്ടിക്കൊണ്ടുപോയി രൂപമാറ്റം വരുത്തി ഭിക്ഷാടനത്തിന് ഉപയോഗിക്കുക, ആന്തരാവയവങ്ങൾ നീക്കം ചെയ്ത് ഉപയോഗപ്പെടുത്തുക എന്നിവ സംബന്ധിച്ച റിപ്പോർട്ടുകളും വരുന്നുണ്ട്. നമ്മുടെ സംസ്ഥാനം ഇതിനെതിരായി ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും അതിനപ്പുറം എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കേണ്ടതാണ്. നമ്മുടെ സംസ്ഥാനം രാജ്യത്തിന് തന്നെ മാതൃകയായി ഭിക്ഷാടനം പൂർണ്ണമായും നിരോധിക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കണം. അതുപോലെ ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി മറ്റ് സംസ്ഥാനങ്ങളിലും ഇത് നിരോധിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അവശ്യപ്പെടുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെയും വനിതാ വികസന വകുപ്പിന്റെയും നേതൃത്വത്തിൽ ഇതുസംബന്ധിച്ച ചില പ്രവർത്തനങ്ങൾ ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ട്. ബാലവേലയും ബാലഭിക്ഷാടനവും പൂർണ്ണമായും ഒഴിവാക്കുന്നത് ഉദ്ദേശിച്ചുകൊണ്ടാണ് പരീക്ഷണാടിസ്ഥാനത്തിൽ 'ശരണ ബാല്യം' എന്നൊരു പദ്ധതിക്ക് പത്തനംതിട്ട ജില്ല കേന്ദ്രീകരിച്ച് പൈലറ്റ് പ്രോജക്ടായി തുടക്കംകുറിച്ചത്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട സമയത്ത് കുട്ടികളെ ബാലവേലയ്ക്കായി കൊണ്ടുവരികയും വളരെ പരിതാപകരമായ സാഹചര്യത്തിൽ അവരെ അവിടെ കാണുകയും ചെയ്തത് മനസ്സിലാക്കിയപ്പോഴാണ് 'ശരണ ബാല്യം' എന്ന പദ്ധതിക്ക് കഴിഞ്ഞ വർഷം തുടക്കം കുറിച്ചത്. അതിന്റെ ഭാഗമായി 12 കുട്ടികളെ കഴിഞ്ഞ തവണ മോചിപ്പിക്കാൻ സാധിച്ചു. വളരെ വൃത്തിഹീനമായ സാഹചര്യത്തിലും ഭീഷണിയുളവാകുന്ന സാഹചര്യത്തിലുമാണ് ഈ കുട്ടികൾ അവിടെ കഴിഞ്ഞിരുന്നത്. വളയും മാലയുമൊക്കെ വിൽക്കാൻവേണ്ടി ഇതരസംസ്ഥാനത്തിൽനിന്നും കൊണ്ടുവന്ന കുട്ടികളാണവർ. രാത്രികാലങ്ങളിൽ പ്രായമുള്ള ആളുകളും ഈ കുട്ടികളുമെല്ലാം അവിടത്തെ വൃത്തിഹീനമായ ടെന്റുകളിലാണ് താമസിച്ചിരുന്നത്. 12 കുട്ടികളെ മോചിപ്പിക്കാൻ കഴിഞ്ഞുവെന്നതിന്റെ

ആത്മവിശ്വാസത്തിൽ കഴിഞ്ഞ ജനുവരി 1-ഓടുകൂടി ഈ പദ്ധതി സംസ്ഥാന വ്യാപകമായി പ്രഖ്യാപിച്ചു. സംസ്ഥാനത്തുടനീളം ബാലവേലയ്ക്ക് വിധേയമാകുന്ന കുട്ടികളെ മോചിപ്പിക്കുന്നതിനും ബാലഭിക്ഷാടനം പൂർണ്ണമായും ഒഴിവാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതി കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. തൊട്ടടുത്ത ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും സാമൂഹ്യനീതി വകുപ്പിന്റെയും വനിതാ വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ആറുപേരടങ്ങിയ ഒരു റെസ്ക്യൂ ഫോഴ്സിനെ നിശ്ചയിച്ച് അവർക്കാവശ്യമായ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി കുട്ടികളെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ഈ റെസ്ക്യൂ ഫോഴ്സ് നടത്തുകയാണ്. ഒരു പ്രത്യേക കാൾ നമ്പരും ഇതിനുവേണ്ടി നൽകിയിട്ടുണ്ട്. ആ നമ്പരിൽ ബന്ധപ്പെട്ടാൽ കുട്ടികളെ രക്ഷിക്കാൻ ബന്ധപ്പെട്ടവർ ഓടിയെത്തും. പോലീസ് വകുപ്പിന്റെകൂടി സഹായം തേടിയിട്ടുണ്ട്. ഇത്തവണയും 29 കുട്ടികളെ മോചിപ്പിക്കാൻ സാധിച്ചു. രണ്ടുവർഷക്കാലത്തിനുള്ളിൽ ആകെ 41 കുട്ടികളെ മോച്ചിപ്പിച്ചു. ഈ കുട്ടികൾ തമിഴ്നാട്, ബീഹാർ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വന്നവരാണ്. പഠിക്കേണ്ട പ്രായത്തിൽ ബാലവേലയ്ക്കും ബാലഭിക്ഷാടനത്തിനും വിടുന്നത് ശരിയല്ലെന്ന് അവരുടെ രക്ഷിതാക്കളെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി കുറേ കുട്ടികളെ അവരുടെ കൂടെ അയയ്ക്കാൻ സാധിച്ചിട്ടുണ്ട്. രക്ഷിതാക്കളുടെകൂടെ പോകാൻ കഴിയാത്ത കുട്ടികളെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള റെസ്ക്യൂ ഹോമുകളിൽ താമസിപ്പിച്ച്, അവരെ സ്കൂളിലേയ്ക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. ആലപ്പുഴ, പത്തനംതിട്ട സ്വദേശികളായ മൂന്ന് പെൺകുട്ടികളെയും മൂന്ന് ആൺകുട്ടികളെയും ഈ സാഹചര്യത്തിൽ കണ്ടെത്തിയിട്ടുണ്ട്. അവരെ ചൈൽഡ് റെസ്ക്യൂ ഹോമിലെത്തിച്ച് സ്കൂളിലേയ്ക്കയച്ച് പഠനമുറപ്പാക്കിയിട്ടുണ്ട്. ഇതിന്റെയൊപ്പംതന്നെ ബാലവേല നിരോധനത്തിനാവശ്യമായ സമഗ്രമായൊരു നിയമംകൂടി കൊണ്ടുവരാൻ, യാചക നിരോധന ബിൽ കൊണ്ടുവരാൻ ആലോചിക്കുകയാണ്. ഭിക്ഷാടനം നടത്തുന്നവരുടെ കൂട്ടത്തിലുള്ള കുട്ടികളുടെ ഡി.എൻ.എ. ടെസ്റ്റ് നടത്തിയശേഷം അവരുടെ കുട്ടികളല്ലെന്നു തെളിഞ്ഞാൽ ക്രിമിനൽ കേസ് എടുക്കുന്നതിനെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. മോഷ്ടിച്ചുകൊണ്ടുവരുന്ന കുട്ടികളുമായി ഭിക്ഷാടനം നടത്തുന്ന മാഫിയകൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ അതിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. അതുപോലെ ഭിക്ഷാടനസംഘത്തോടൊപ്പം കാണുന്ന കുട്ടികളുടെ ശാരീരിക മുറിവുകൾ കൃത്രിമമായി സൃഷ്ടിച്ചതാണെന്ന്

തെളിയുന്നപക്ഷം സ്വീകരിക്കേണ്ട കർശനനടപടികൾ, ലൈംഗിക ചൂഷണം, മറ്റ് ദുരുപയോഗങ്ങൾ എന്നിവയ്ക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ, അനാരോഗ്യകരമായ സാഹചര്യങ്ങളിൽ കുട്ടികളെ പാർപ്പിക്കുന്നതിനെതിരെ സ്വീകരിക്കേണ്ട നടപടികൾ എന്നവയെല്ലാമടങ്ങുന്ന ഒരു യാചക നിരോധന ബിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. ബാലവേലയും ബാലഭിക്ഷാടനവും പൂർണ്ണമായും തടയുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 10. സ്ഥലം ഏറ്റെടുക്കൽ

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഏക സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജാണ് കാഞ്ഞിരംകുളത്തെ കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ കോളേജ്. 1982-ൽ മുൻമന്ത്രി ശ്രീ. എം. ആർ. രഘുചന്ദ്രബാലിന്റെ കുടുംബം സംഭാവനയായി നൽകിയ 1.65 ഏക്കർ സ്ഥലത്താണ് ഈ കോളേജ് പ്രവർത്തിക്കുന്നത്. ഇവിടെ പഠിക്കുന്ന ഭൂരിപക്ഷം വിദ്യാർത്ഥികളും സാധാരണക്കാരായ തീരദേശവാസികളും സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന നാടാർ സമുദായത്തിൽപ്പെട്ട കുട്ടികളുമാണ്. ഇന്ന് യൂണിവേഴ്സിറ്റി നിയമപ്രകാരം ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് പ്രവർത്തിക്കുന്നതിന് അഞ്ചേക്കർ സ്ഥലം വേണമെന്നത് ഒരു സ്റ്റാറ്റ്യൂട്ടറി പ്രൊവിഷനാണ്. ഒരു വ്യക്തി സംഭാവന ചെയ്തിട്ടുള്ള 1.65 ഏക്കർ സ്ഥലത്തിലാണ് ആ കോളേജ് കഴിഞ്ഞ 35 വർഷക്കാലമായി പ്രവർത്തിക്കുന്നത്. കൂടുതൽ സ്ഥലം വിട്ടുനൽകാൻ പരിസരവാസികൾ തയ്യാറാണ്. അത് ഏറ്റെടുക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. കേരളത്തിലെ 61 ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 5 ഏക്കർ ഭൂമിയില്ലാത്ത ഏക കോളേജാണിത്. അതുകൊണ്ട് അടിയന്തരമായ നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണം. തൊട്ടടുത്തുതന്നെ 4 ഏക്കർ സ്ഥലത്ത് പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. പോലീസ് സ്റ്റേഷന് 4 ഏക്കർ സ്ഥലത്തിന്റെ ആവശ്യമില്ല. അതിൽനിന്നും കോളേജിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലാക്കാൻ 5 കോടി രൂപ വരെ സർക്കാർ കൊടുക്കുന്നുണ്ട്. കാഞ്ഞിരംകുളം സർക്കാർ കോളേജിന് മൂന്ന് കിലോമീറ്റർ ചുറ്റളവിൽ ഏകദേശം പത്തോളം ഹയർ സെക്കണ്ടറി സ്കൂളുകളിലായി പതിനയ്യായിരത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഒരു എഡ്യുക്കേഷണൽ ഹബ്ബായി മാറാൻ

സാദ്ധ്യതയുള്ള ആ പ്രദേശത്തുള്ള ഏക സർക്കാർ കോളേജിനെ ആ നിലയ്ക്ക് മാറ്റിയെടുക്കുന്നതിനുവേണ്ടിയുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കണം. ഇപ്പോൾ ഈ കോളേജ് അനധികൃതമായാണ് പ്രവർത്തിക്കുന്നതെന്നും അതിനാൽ ഈ കോളേജിന്റെ അഫിലിയേഷൻ റദ്ദാക്കണമെന്നും കാണിച്ചുകൊണ്ട് അഡ്വ. ബി. നന്ദകുമാർ പരാതി കൊടുത്തിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ സർക്കാർ സത്വര നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിന്റെ അഫിലിയേഷൻ റദ്ദാക്കുന്ന സാഹചര്യമുണ്ടാകാൻ പാടില്ല. അഫിലിയേഷനുള്ള ആപ്ലിക്കേഷൻ യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കണമെങ്കിൽത്തന്നെ 5 ഏക്കർ ഡീഡിന്റെ വിശദാംശങ്ങൾ കൊടുക്കണം, ഹോസ്റ്റൽ സൗകര്യം വേണം. പല ജില്ലകളിൽ നിന്നുമുള്ള വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. ഇവിടെ ഹോസ്റ്റൽ സൗകര്യമോ പ്ലേ ഗ്രൗണ്ടോ ഇല്ല. കഴിഞ്ഞ ഇന്റർ കൊളീജിയറ്റ് മത്സരങ്ങളിൽ വളരെ കഴിവ് തെളിയിച്ച വിദ്യാർത്ഥികൾ അവിടെയുണ്ട്, പക്ഷെ അവർക്ക് കളിക്കാനുള്ള കളിസ്ഥലം പോലുമില്ല. അതുകൊണ്ട് അടിയന്തരമായി സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുക്കുകയോ അല്ലെങ്കിൽ അവിടെയുള്ള പോലീസ് സ്റ്റേഷനാവശ്യമായിട്ടുള്ള സ്ഥലം കൊടുത്തിട്ട് ബാക്കി സ്ഥലം ഏറ്റെടുക്കാനോ ഉള്ള നടപടി സ്വീകരിക്കണം. 2011 മുതൽ ഇതിനുവേണ്ടിയുള്ള നടപടികൾ തുടങ്ങിയെങ്കിലും എങ്ങുമെത്താതെ നിൽക്കുകയാണ്. ഇനിയും ഇത് വൈകാതിരിക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടറും കൊളീജിയറ്റ് എഡ്യൂക്കേഷണൽ ഡയറക്ടറും ചേർന്നുകൊണ്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ച് അടിയന്തരമായി ഭൂമി ഏറ്റെടുത്തുകൊണ്ട് ഈ കോളേജിന്റെ അഫിലിയേഷൻ റദ്ദാക്കാതെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കാഞ്ഞിരംകുളം കെ.എൻ.എം. ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് 1982-ലാണ് പ്രവർത്തനം ആരംഭിച്ചത്. യൂണിവേഴ്സിറ്റി നിയമപ്രകാരം ഒരു കോളേജിന് കുറഞ്ഞത് അഞ്ചേക്കർ സ്ഥലമെങ്കിലും ആവശ്യമുള്ള സ്ഥാനത്ത് 1.65 ഏക്കർ സ്ഥലം മാത്രമാണുള്ളത്. സ്ഥലപരിമിതി കോളേജിന്റെ വികസനത്തെയും നിലനിൽപ്പിനെയും ബാധിക്കുന്ന സാഹചര്യത്തിൽ ഭൂമി ലഭ്യമാക്കേണ്ടത് വളരെ അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ കോളേജിന് സ്ഥലം വിട്ടുനൽകാൻ തയ്യാറായ നാല് വ്യക്തികളുടെ സ്ഥലം കോളേജ് ലാൻഡ് പർച്ചേസ് കമ്മിറ്റി സന്ദർശിക്കുകയും പ്രസ്തുത സ്ഥലങ്ങൾ

അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സ്ഥലം വിട്ടുനൽകാൻ ഉടമകളും തയ്യാറായിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തിയ സ്ഥലത്തിന്റെ ഫെയർവാല്യൂ എത്രയാണെന്നും ടി സ്ഥലത്തിന്റെ വിലയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തുക മാർക്കറ്റ് റേറ്റുമായി ചേർന്നുപോകുന്നതാണോ എന്നുമുള്ള കാര്യത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## V. ധനകാര്യം

### 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2018-19-ലെ ബജറ്റിനെ ഞാൻ അനുകൂലിക്കുന്നു. ഏതൊരു ബഡ്ജറ്റിന്റെയും പരമ പ്രധാനമായ ഘടകം ധനകമ്മി നിയന്ത്രണ വിധേയമാക്കുക എന്നുള്ളതാണ്. Fiscal Responsibility and Budget Management Act പ്രകാരം ധനകമ്മി 3 ശതമാനത്തിൽ കവിയാൻ പാടില്ല. കഴിഞ്ഞ ഇടതുപക്ഷസർക്കാർ ധനകമ്മി 2.7 ശതമാനത്തിൽ എത്തിച്ചിരുന്നു. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഖജനാവ് സൂക്ഷിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടു. ധനകമ്മി 3.5 ശതമാനത്തിൽ അധികമായി. ഏറ്റവുമൊടുവിൽ യു.ഡി.എഫ്. ഭരണം അവസാനിച്ച വർഷത്തിൽ ധനകമ്മി 2.7 ശതമാനത്തിൽ എത്തിയത് 2015-16-ൽ ധനകാര്യ കമ്മീഷൻ കയ്യയച്ച് സഹായിച്ചതിനാലും 4640 കോടി രൂപ റവന്യൂകമ്മി ഗ്രാന്റായി ലഭിച്ചതുകൊണ്ടും ആയിരുന്നു. 2016-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാരിന് 2016-17-ൽ ധനകമ്മി ഉടനടി കുറച്ചുകൊണ്ടുവരിക അസാദ്ധ്യമായിരുന്നു. എന്നിരുന്നാലും 2016-17-ലെ ധനകമ്മി 4.3 ശതമാനത്തിൽ നിന്ന് നടപ്പുസാമ്പത്തിക വർഷം 3.3 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞു എന്നുള്ളത് പ്രശംസനീയമാണ്. 2018-19-ൽ ധനകമ്മി അനുവദനീയമായ നിരക്കിന് തൊട്ടടുത്ത് എത്തിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി കണക്കാക്കുന്നു. ഇതാണ് ഈ ബഡ്ജറ്റിന്റെ പ്രത്യേകതയും പ്രാധാന്യവും.

ജി.എസ്.ടി.-യും നോട്ട് നിരോധനവും ഓഖി ദുരന്തവും വിലവർദ്ധനവും സൃഷ്ടിച്ച പ്രതികൂല സാഹചര്യങ്ങളുടെ മധ്യത്തിൽ നിന്നുകൊണ്ടാണ് കേരളത്തിന്റെ സാമ്പത്തികഭദ്രത ഉറപ്പുവരുത്തുമെന്ന് ആർജ്ജവത്തോടെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുന്നത്. കേന്ദ്ര ബഡ്ജറ്റുമായി ധനകമ്മിയെ താരതമ്യം ചെയ്യുന്നത് പൂർണ്ണമായും ശരിയല്ലെങ്കിലും കഴിഞ്ഞ ബഡ്ജറ്റ് കാലയളവിൽ കേന്ദ്ര ബഡ്ജറ്റിന്റെ ധനകമ്മിക്ക് ഒട്ടും കുറവ് വന്നിട്ടില്ലെന്നത് പ്രസ്താവ്യമാണ്. 2016-17-ലും 2017-18-ലും 3.5 ശതമാനമാണ് ധനകമ്മി കണക്കാക്കിയിരിക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർ ബോധപൂർവ്വമായ ശ്രമത്തിലൂടെ 4.3 ശതമാനത്തിൽ നിന്നും 3.3 ശതമാനമായി ധനകമ്മി എത്തിച്ചിരിക്കുകയാണ്. ഇനിയത് 3.1 ശതമാനത്തിലേയ്ക്ക് എത്തിക്കുമെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഭാവി ഭദ്രമാക്കിയിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ സമ്മാനിച്ച ചുട്ടുപൊള്ളുന്ന റവന്യൂ കമ്മി ഇടത് സർക്കാരിന്റെ മികച്ച ശ്രമത്തിലൂടെ നേരായ ട്രാക്കിലേയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി എത്തിച്ചതിന്റെ സൂചനകളും ഈ ബഡ്ജറ്റിൽ ദൃശ്യമാണ്. റവന്യൂ കമ്മി ഇല്ലാതാക്കുക എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി 2016-17-ലെ 2.5 ശതമാനത്തിൽ നിന്ന് 2017-18-ൽ 1.9 ശതമാനമായി മാറിയിരിക്കുന്നു. പൊള്ളയായതോ അമിത അവകാശവാദങ്ങളോ ഒന്നുമില്ലാതെ 1.6 ശതമാനത്തിലേയ്ക്ക് എത്തിക്കുക എന്ന സാധ്യമായ ലക്ഷ്യമാണ് ഈ ബഡ്ജറ്റിൽ വച്ചിട്ടുള്ളത്. ധനകാര്യ വകുപ്പുമന്ത്രിയുടെ ചിട്ടകൾക്കും രീതികൾക്കും അനുസരിച്ച് കാര്യങ്ങൾ നീങ്ങുമ്പോൾ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന കാലത്തുണ്ടായിരുന്ന 1.3 ശതമാനത്തിലേയ്ക്ക് ഉടൻ എത്തിയാലും അത്ഭുതപ്പെടേണ്ടതില്ല. അങ്ങനെയെങ്കിൽ റവന്യൂ കമ്മി എന്ന കരിംഭൂതത്തെ പൂർണ്ണമായും ഇല്ലായ്മ ചെയ്യാൻ ഈ ബഡ്ജറ്റിലൂടെ ശ്രമം ആരംഭിച്ചിരിക്കുന്നു എന്നുതന്നെ നമുക്ക് വിലയിരുത്താം.

കാലാവസ്ഥാ വ്യതിയാനം സൃഷ്ടിച്ച ദുരന്തങ്ങളുടെയും ദുരിതങ്ങളുടെയും നേർക്കാഴ്ചയാണ് ഓഖിയിലൂടെ കേരള ജനത കണ്ടത്. അതിന്റെ വെളിച്ചത്തിൽ തീരദേശത്തെ ജനങ്ങളുടെ ശിഷ്ടജീവിതത്തിന്റെ ക്ലേശങ്ങളും യാതനകളും ദുരിതങ്ങളും യാഥാർത്ഥ്യബോധത്തോടെ കൺതുറന്ന് നോക്കിക്കൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നതെന്ന് പറയുന്നതിൽ അഭിമാനമുണ്ട്. 2000 കോടി രൂപയുടെ പാക്കേജ് അനുവദിച്ചുകൊണ്ട് തീരദേശത്തിന്റെ സമഗ്രവികസനം യാഥാർത്ഥ്യമാക്കാൻ കഴിയുന്ന പദ്ധതികളെക്കുറിച്ചാണ് ബഡ്ജറ്റ് പ്രസംഗത്തിൽ ആമുഖമായി സൂചിപ്പിച്ചിട്ടുള്ളത്. കേരളതീരത്തുടനീളം

സ്വീകരിക്കേണ്ട പ്രതിരോധ നടപടികളെക്കൂടി മുന്നിൽക്കണ്ടുകൊണ്ട് അവതരിപ്പിച്ച ഈ ബഡ്ജറ്റിന് കടലിന്റെ മക്കളുടെ അഭിവാദ്യം ഉണ്ടാകുമെന്ന് ഉറപ്പാണ്. തീരദേശ വികസന പാക്കേജിന്റെ വിശദമായ പദ്ധതിരേഖ ആഗോള അംഗീകാരമുള്ള ഏജൻസിയെക്കൊണ്ട് തയ്യാറാക്കുന്നതിന് പത്ത് കോടി രൂപ വകയിരുത്തിയത് സർക്കാർ തീരദേശ പ്രശ്നത്തെ എത്ര ഗൗരവമായി പരിഗണിക്കുന്നു എന്നതിന്റെ തെളിവാണ്.

മനുഷ്യന് ജന്മം നൽകുന്ന അമ്മമാരുടെ പക്ഷത്താണ് ബഡ്ജറ്റ് എന്നതാണ് ഇതിന്റെ മറ്റൊരു മഹാത്മ്യം. മുൻസർക്കാരുകൾ ബഡ്ജറ്റുകളിൽ അവഗണിച്ച സ്ത്രീ സുരക്ഷയ്ക്കും അവരുടെ സമഗ്ര പുരോഗതിക്കുമായി പദ്ധതിയുടെ 15 ശതമാനം തുക മാറ്റിവച്ചിരിക്കുകയാണ്. ഇതൊരു സർവ്വകാല റെക്കോർഡാണ്. ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിക്ക് മാത്രമേ ഈ റെക്കോർഡ് തിരുത്താൻ കഴിയുകയുള്ളൂ. സ്ത്രീപക്ഷ സ്കീമുകളുടെ അടങ്കൽ തുക ആദ്യമായി നാലക്കം കടത്തി 1267 കോടിരൂപയിൽ എത്തിച്ചിരിക്കുകയാണ്. സ്ത്രീകൾ ഗുണഭോക്താക്കളായി വരുന്ന സ്കീമുകൾക്കായി 1960 കോടി രൂപ വേറെയും കുടുംബശ്രീക്കായി 200 കോടി രൂപയും ഇരുപതിന പരിപാടികളുമാണ് മറ്റ് ശ്രദ്ധേയമായ സ്ത്രീ അനുകൂല പദ്ധതികൾ. ഷീ ലോഡ്ജുകൾ, റെസ്റ്റ് റൂമുകൾ, സ്റ്റുഡിയോ അപ്പാർട്ട്മെന്റുകൾ, കഫേ തുടങ്ങിയവയ്ക്ക് പിങ്ക് നിറം നൽകുകയാണ്. 'സ്നേഹസ്പർശം' പദ്ധതിയുടെ തുക ഇരട്ടിപ്പിച്ചുകൊണ്ട് അവിവാഹിതരായ അമ്മമാരോട് സഹാനുഭൂതി പ്രകടിപ്പിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. സ്ത്രീപുരുഷ അനുപാതം കൂടിയ സംസ്ഥാനമായ കേരളത്തിൽ ജെൻഡർ ഇക്കണോമിക്സിന്റെ ശരിയായ അദ്ധ്യായങ്ങൾ ഈ ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി രചിച്ചിരിക്കുകയാണ്. സ്ത്രീ സാന്നിദ്ധ്യം ഈ സഭയിൽ കുറവാണെങ്കിലും സ്ത്രീ ശബ്ദം മുഴങ്ങുന്ന ബഡ്ജറ്റ് ആദ്യമായി ഈ സഭയിൽ അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ എല്ലാ അമ്മമാരും സഹോദരിമാരും അഭിനന്ദിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയായി പാരിസ്ഥിതിക പ്രശ്നങ്ങൾ അടിക്കടി ഉയർന്നുവരികയാണ്. കേരളത്തിന്റെ കാർഷിക സംസ്കാരത്തിന് ഇടിവ് തട്ടിക്കൊണ്ടിരിക്കുന്നത് കണക്കിലെടുത്തുകൊണ്ട് കാർഷിക മേഖലയിൽ നെൽ/ പച്ചക്കറി കൃഷിക്ക് മുന്തിയ പരിഗണനയാണ് കൃഷി വകുപ്പ് നൽകിയിട്ടുള്ളത്. നെൽകൃഷി 2021-ഓടുകൂടി മൂന്ന് ലക്ഷം ഹെക്ടറാക്കുന്നതിനുള്ള ശ്രമകരമായ

ദൗത്യമാണ് കൃഷി വകുപ്പ് ഏറ്റെടുത്തിരിക്കുന്നത്. ഇതിനാവശ്യമായ ഭൂമി എറ്റെടുത്ത് കർഷകരെ സജ്ജമാക്കുന്നതിന് അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിലനിർത്തേണ്ടതുണ്ട്. അതോടൊപ്പം പുതിയ കർഷകരെ നെൽകൃഷി മേഖലയിലേയ്ക്ക് ആകർഷിക്കാനും സാധിക്കണം.

ആർ.കെ.വി.വൈ. പദ്ധതി പ്രയോജനപ്പെടുത്തി ഹെക്ടർ ഒന്നിന് ആറായിരം രൂപ കർഷകർക്ക് ഇപ്പോൾ നൽകിവരുന്നുണ്ട്. ആർ.കെ.വി.വൈ. പദ്ധതി ഈ രംഗത്തുനിന്ന് പിൻവലിച്ചുവെങ്കിലും ഹെക്ടർ ഒന്നിന് അയ്യായിരത്തി അഞ്ഞൂറ് രൂപ നൽകാനാണ് ബഡ്ജറ്റിൽ പ്രഖ്യാപനമുള്ളത്. ഈ തുക ആറായിരം രൂപയായി നിലനിർത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ ഉൾപ്പെടുത്തിയ ഏറ്റവും പ്രധാനപ്പെട്ട ആശയങ്ങളിൽ ഒന്നാണ് 'നെൽവയലുകൾക്ക് റോയൽറ്റി.' അത് ഈ ബഡ്ജറ്റിൽത്തന്നെ ഉൾപ്പെടുത്തി നടപ്പാക്കുന്ന കാര്യം പരിഗണിക്കണം. കാർഷിക വ്യവസായത്തിന് പ്രത്യേക കമ്പനി എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അത് കാർഷികമേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കും.

വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ രൂപീകരിച്ച മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്ക് വിഹിതം വകയിരുത്തിയത് സ്വാഗതാർഹമാണ്. എന്നാൽ ഇതിനുള്ള വിഹിതം ഉയർത്തേണ്ടത് അനിവാര്യമാണ്. വനം-പരിസ്ഥിതി സംരക്ഷണത്തിനും മുന്തിയ പരിഗണനയാണ് ഈ ബഡ്ജറ്റിൽ നൽകിയിരിക്കുന്നത്. വന്യജീവി സംരക്ഷണത്തിന് 244 കോടി രൂപ വകയിരുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്.

ബഡ്ജറ്റിൽ ഹരിതകേരളം മിഷന് മികച്ച പ്രാധാന്യം നൽകി സുസ്ഥിര വികസന കാഴ്ചപ്പാട് മുന്നോട്ടുവച്ചിട്ടുണ്ട്. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കി കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ഭാവി തലമുറയോട് പറയാൻ ധനകാര്യ വകുപ്പുമന്ത്രി ആഗ്രഹിക്കുന്നതായി ബഡ്ജറ്റിലൂടെ കാണാൻ സാധിക്കും.

ഗ്രാമീണ മേഖലയിലെ ദാരിദ്ര്യനിർമ്മാർജ്ജനത്തിൽ ക്ഷീരമേഖലയ്ക്ക് നിഷേധിക്കാനാകാത്ത പങ്കാണുള്ളത്. കേരളത്തിലെ കന്നുകാലി സമ്പത്ത് ഗണ്യമായി കുറഞ്ഞുവരുന്നതായിട്ടാണ് കന്നുകാലി സെൻസസ് കണക്കുകൾ

സൂചിപ്പിക്കുന്നത്. ഈ പ്രവണത തുടരുകയാണെങ്കിൽ ഈ മേഖലയ്ക്ക് ഇന്നുള്ള പ്രാധാന്യം ഇല്ലാതാകും. ഈ സാഹചര്യം കണക്കിലെടുത്ത് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സഹായത്തോടുകൂടി ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം നൽകേണ്ടത് അനിവാര്യമാണ്.

കേരളത്തിലെ ക്ഷീര കർഷകരുടെ സമഗ്രപുരോഗതി ലക്ഷ്യംവച്ചുകൊണ്ടാണ് മിൽമ എന്ന ബൃഹത് സംവിധാനത്തിന് രൂപം നൽകിയത്. എന്നാൽ മിൽമയുടെ പ്രവർത്തനംകൊണ്ട് ക്ഷീരകർഷകർക്ക് കാര്യമായ നേട്ടം ലഭിക്കാത്ത സാഹചര്യമാണ് ഇന്നുള്ളത്. കർഷകരിൽനിന്ന് കുറഞ്ഞ വിലയ്ക്കാണ് മിൽമ പാൽ ശേഖരിക്കുന്നത്. പാലിന് വില വർദ്ധിപ്പിക്കുമ്പോഴെല്ലാം കാലിത്തീറ്റ ഉൾപ്പെടെ മിൽമയുടെ ഉല്പന്നങ്ങൾക്കും അതേ അളവിൽ വില വർദ്ധിക്കുകയാണ്. ക്ഷീരകർഷകർക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ അടിയന്തരമായി മിൽമ പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണന നൽകണം.

യു.പി.എ. സർക്കാരിന്റെ അവസാന ബഡ്ജറ്റിൽ പട്ടികജാതി വിഭാഗങ്ങൾക്ക് 77,236 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 40014 കോടി രൂപയും വകകൊള്ളിച്ചിരുന്നു. എന്നാൽ നരേന്ദ്ര മോദി സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ (2015-16) യഥാക്രമം 30,850 കോടി രൂപയും 19,980 കോടി രൂപയുമായി കുറഞ്ഞു. 'നീതി ആയോഗ്' വന്നതോടുകൂടിയാണ് ഈ മാറ്റം സംഭവിച്ചത്. ഈ ജനവിഭാഗങ്ങൾക്കുള്ള വിഹിതം 57 ശതമാനമാണ് കേന്ദ്രസർക്കാർ വെട്ടിക്കുറച്ചത്. ഇതാണ് കേന്ദ്ര സർക്കാരിന്റെ സമീപനമെങ്കിലും സംസ്ഥാന സർക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതത്തിൽ യാതൊരു കുറവും വരുത്തിയിട്ടില്ലെന്നുള്ളത് ആശ്വാസകരമാണ്.

വിദ്യാഭ്യാസാനുകൂല്യങ്ങൾ 25 ശതമാനം വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. ഉന്നത വിദ്യാഭ്യാസമേഖലയിലെ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അന്യസംസ്ഥാനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അഖിലേന്ത്യാ മത്സര പരീക്ഷകളിലൂടെ സാങ്കേതികേതര കോഴ്സുകൾക്ക് അന്യസംസ്ഥാനങ്ങളിൽ പ്രവേശനം ലഭിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കും അനുവദിക്കണം. അതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഈ വിഭാഗത്തിൽപ്പെടുന്ന ധാരാളം വിദ്യാർത്ഥികൾ പഠിപ്പ് നിർത്തി മടങ്ങിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന ആശുപത്രി നവീകരണ പദ്ധതിയിൽ ചിറയിൻകീഴ് ആശുപത്രിയെ ഉൾപ്പെടുത്തിയതിൽ സന്തോഷമുണ്ട്. ടൂറിസം മേഖലയിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന വർഷത്തെ (2011-12) ബജറ്റിൽ പ്രഖ്യാപിച്ച 'സ്പൈസസ് റൂട്ട് പൈതൃക പദ്ധതി'-യിൽ അഞ്ചുതെങ്ങിനെയും ഉൾപ്പെടുത്തിയിരുന്നു. ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള ആലപ്പുഴ-മുസിരീസ് പദ്ധതിയിൽ അഞ്ചുതെങ്ങിനെ ഉൾപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലവും അഞ്ചുതെങ്ങിനെ ഉൾപ്പെടുത്താനായി ശ്രമിച്ചെങ്കിലും നടന്നില്ല. ഇപ്പോഴത്തെ ബഡ്ജറ്റിൽ അങ്ങ് വീണ്ടും അക്കാര്യം പരാമർശിച്ചു. തീർച്ചയായും അഞ്ചുതെങ്ങിനെക്കൂടി ആ പദ്ധതിയിൽ ഉൾപ്പെടുത്തണം. കഠിനംകുളം, മുതലപ്പൊഴി തുടങ്ങിയവ ടൂറിസം മേഖലയുടെ വികസനത്തിൽ വളരെ പ്രാധാന്യമുള്ള പ്രദേശങ്ങളാണ്. അതുമായി ബന്ധപ്പെട്ട് വളരെ വിശദമായ ഒരു പ്രൊപ്പോസൽ സർക്കാരിന്റെ മുന്നിലുണ്ട്. അക്കാര്യംകൂടി ഈ സന്ദർഭത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മഹാനായ എ.കെ.ജി.-യുടെ സ്മരണ നിലനിർത്താനും പുന്നപ്ര വയലാർ രക്തസാക്ഷികളുടെ സ്മരണ നിലനിർത്താനുമായി 10 കോടി രൂപ വീതവും ഒ.എൻ.വി. സാംസ്കാരിക സമുച്ചയത്തിന് 5 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയ ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. രാജ്യത്തിന്റെ മോചനത്തിനായി പോരാടിയ മഹത് വ്യക്തികളുടെ സ്മരണ വരുംതലമുറകൾക്ക് പാഠമായി മാറേണ്ടത് ഇന്നിന്റെയും നാളെയുടേയും ആവശ്യമായി കാണുന്നു. മലയാളത്തിന്റെ മഹാകവി കുമാരനാശാന്റെ ജന്മഭൂമിയും കർമ്മഭൂമിയുമായ ചിറയിൻകീഴ് മണ്ഡലത്തിലെ തോന്നയ്ക്കൽ ആശാൻ സ്മാരകത്തെ തുഞ്ചൻപറമ്പ് മാതൃകയിൽ നവീകരിക്കുന്നതിന് ഒരു പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മലയാള സിനിമയിലെ നിത്യഹരിത നായകനായ പ്രേംനസീറിന്റെ സ്മാരകം ജന്മദേശമായ ചിറയിൻകീഴിൽ 'പ്രേംനസീർ സാംസ്കാരിക കേന്ദ്ര'മെന്ന പേരിൽ സ്ഥാപിക്കുന്നതിന് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിനാവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം ധനകാര്യ വകുപ്പുമന്ത്രി പരിഗണിക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

2015-16-ൽ ചിറയിൻകീഴിന് മാത്രമായി ഒരു കയർ വികസന പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. ചിറയിൻകീഴ് പ്രോജക്ട് ഏരിയയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് പ്രോജക്ട് അടിസ്ഥാനത്തിൽ തയ്യാറാക്കിയ പദ്ധതിയായിരുന്നു അത്. ആ പദ്ധതിക്ക് അന്നത്തെ സർക്കാർ അംഗീകാരം നൽകിയെങ്കിലും അത് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഈ ബഡ്ജറ്റിൽ തൊണ്ട് സംഭരണത്തെ സംബന്ധിച്ചുള്ള ഒരു പ്രത്യേക നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്. തൊണ്ട് സംഭരണ കാര്യത്തിൽ ധാരാളം പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ഒന്നും വിജയിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. ഇപ്പോൾ ബഡ്ജറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന പുതിയ സംവിധാനം സ്വാഗതാർഹമാണ്. സ്വയം തൊഴിൽ സംരംഭകർക്കുകൂടി അവസരം നൽകാൻ ഇതിൽ വ്യവസ്ഥ വേണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒരു സ്വയം തൊഴിൽ സംരംഭമെന്ന നിലയിൽ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന അതേ സഹായങ്ങൾ വ്യക്തികൾക്കും നൽകിയാൽ അതിൽനിന്നും ലാഭം കിട്ടുമെന്നുള്ളതുകൊണ്ട് തീർച്ചയായും അവർ തൊണ്ട് സംഭരണ രംഗത്തേയ്ക്ക് കടന്നുവരും. മാത്രമല്ല, ചിറയിൻകീഴ് പോലെയുള്ള പ്രദേശങ്ങളിൽ ഒരു പ്രയോജനവുമില്ലാതെ കാടുപിടിച്ച് കിടക്കുന്ന ധാരാളം സ്ഥലങ്ങളുണ്ട്. ആ സ്ഥലങ്ങൾ ഏറ്റെടുത്താൽ തേങ്ങയും തൊണ്ടും ശേഖരിച്ച് ഡീ-ഫൈബറിംഗ് യന്ത്രങ്ങളുടെ സഹായത്താൽ ചകിരി പിരിക്കുന്നതിനുള്ള സംവിധാനമൊരുക്കാൻ സാധിക്കും. അത്തരം വ്യവസ്ഥകളോടുകൂടി ബഡ്ജറ്റിൽ സൂചിപ്പിച്ചിരിക്കുന്ന സഹായം നൽകുന്ന രീതിയായിരിക്കണം തൊണ്ട് സംഭരണവുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടത്.

കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടത്തിവരുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് സ്കൂൾ യൂണിഫോം പദ്ധതി. ആ മേഖലയിലെ തൊഴിലാളികൾക്ക് ഇന്ന് വേണ്ടത്ര തൊഴിൽ ലഭിക്കാത്ത സാഹചര്യത്തിൽ യൂണിഫോം സ്കീം വളരെയധികം പ്രയോജനം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. നെയ്ത്തുകാർക്ക് 200 തൊഴിൽ ദിനങ്ങൾ നൽകുവാനും ഇത് സഹായിക്കുന്നു. പ്രതിസന്ധി നേരിടുന്ന പരമ്പരാഗത വ്യവസായമായ കൈത്തറിയെ സംരക്ഷിക്കാൻ സർക്കാർ സ്വീകരിച്ച ഈ നടപടി പ്രശംസനീയമാണ്.

വൈവിധ്യമാർന്ന മൂല്യവർദ്ധിത കൈത്തറി വസ്തുങ്ങൾക്ക് ഇപ്പോഴും ഡിമാന്റുണ്ട്. അവ ഉല്പാദിപ്പിക്കാൻ കഴിയുന്ന കരവിരുതുള്ള തൊഴിലാളികളും അന്യംനിന്ന് പോയിട്ടില്ല. അവരെ സംരക്ഷിച്ച് കേരളത്തിന്റെ തനത് കൈത്തറി വസ്തുങ്ങൾ നിർമ്മിക്കാനും അവയ്ക്ക് വിപണി കണ്ടെത്താനുമുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

മറ്റൊരു കാര്യം, ഇന്ന് ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 26 എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അവിടെയൊന്നും സംവരണം പാലിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് പട്ടികവിഭാഗങ്ങൾക്ക് അവിടെ കടന്നുചെല്ലാൻ ഇന്നും സാധിച്ചിട്ടില്ല. മുന്നോക്കക്കാരിലെ പിന്നോക്കക്കാർക്ക് ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം അനുവദിച്ചതുപോലെ ബോർഡിന്റെ നിയന്ത്രണത്തിലുള്ള എയ്ഡഡ് കോളേജുകളിലും സ്കൂളുകളിലും സംവരണം ഏർപ്പെടുത്തി എസ്.സി/എസ്.ടി. വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കണം. അതിനുള്ള തീരുമാനമുണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ടും ഈ ബഡ്ജറ്റിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തുകൊണ്ടും എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഇക്കോണമിസ്റ്റിന്റെ യാഥാർത്ഥ്യ ബോധമോ സത്യസന്ധതയോ ഡോ. ടി. എം. തോമസ് ഐസക് ഈ ബഡ്ജറ്റിൽ പുലർത്തിയതായി കാണുന്നില്ല. അങ്ങയുടെ മൂന്ന് ബഡ്ജറ്റുകളും യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതല്ല. ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്ത് 'ഡ്രീം മെർച്ചന്റ്' എന്നൊരു ഇംഗ്ലീഷ് ബാലെ കാണാനിടയായി; അതുപോലെ അങ്ങൊരു യഥാർത്ഥ ഡ്രീം മെർച്ചന്റാണ്. ശ്രീ. ഗോപിനാഥ് മുതുകാടിനെപ്പോലെ ഇല്ല്യൂഷൻസുണ്ടാക്കുന്നു, അത് യാഥാർത്ഥ്യമാണെന്ന് പറഞ്ഞ് ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നു. എന്നാൽ യാഥാർത്ഥ്യങ്ങളുമായി അതിന് യാതൊരു ബന്ധവുമില്ല. 'ഡ്രീം മെർച്ചന്റ്' എന്നാൽ 'Is a person who creates illusions which has no connection with reality'. ബഡ്ജറ്റ് പ്രസംഗത്തിലെ 32-ാം ഖണ്ഡികയിൽ അങ്ങ് പറയുന്നത് സാറാ ജോസഫിന്റെ 'മറ്റാത്തി' എന്ന നോവലിലെ ഒരു കഥാപാത്രത്തെക്കുറിച്ചാണ്. അതിൽ സ്വപ്നങ്ങളുടെ കണക്കെഴുതിയ ഡയറിയുമായി ജീവിക്കുന്ന ഒരച്ഛനാണ്; ആ മനുഷ്യൻ അങ്ങുതന്നെയാണ്. അങ്ങേയ്ക്ക് സ്വപ്നങ്ങളുടെ കണക്കേയുള്ളൂ, യാഥാർത്ഥ്യബോധമില്ല. അങ്ങയെ വെല്ലുവിളിക്കാൻ ശേഷിയുള്ള ഒരൊറ്റയാളേ

ഇന്ത്യയിലുള്ള. അത് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയാണ്. അദ്ദേഹം വിദേശത്തുള്ള മുഴുവൻ അൺ-അക്കൗണ്ടഡ് മണിയും പിടിച്ചെടുത്ത് നാട്ടിൽ കൊണ്ടുവരുമെന്നും എല്ലാ ഇന്ത്യാക്കാരന്റെയും അക്കൗണ്ടിൽ 15 ലക്ഷം രൂപ നിക്ഷേപിക്കുമെന്നും പറഞ്ഞു. എന്നിട്ട് നടന്നോ? Demonetisation പ്രഖ്യാപിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, 'ഗ്രോത്ത് റേറ്റ് വർദ്ധിക്കും, കള്ളപ്പണം പിടിച്ചെടുക്കും, കള്ളനോട്ട് നിയന്ത്രിക്കും'. പറഞ്ഞതല്ലാതെ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞോ? അങ്ങ് ശ്രീ. നരേന്ദ്ര മോദിയുടെ കേരള പതിപ്പായി മാറിയതിൽ ഞങ്ങൾക്ക് ദു:ഖമുണ്ട്. അങ്ങയുടെ ബഡ്ജറ്റിന്റെ കേന്ദ്രബിന്ദു കിഫ്ബിയാണ്. ഇന്ന് രാവിലെയും ഇത് പറഞ്ഞാണ് അങ്ങ് ഞങ്ങളെ വെല്ലുവിളിച്ചത്. ഒരു യാഥാർത്ഥ്യം പറയട്ടെ, 'KIIFB lacks credibility'. അങ്ങയുടെ ആദ്യ ബഡ്ജറ്റിൽ, 2008-ലെ മാന്ദ്യവിരുദ്ധ പാക്കേജിൽ നിന്ന് 12,000 കോടി രൂപയും അതിന്റെകൂടെ 8000 കോടി രൂപ ലാന്റ് അക്വിസിഷനും ചേർത്ത് 20,000 കോടി പ്രഖ്യാപിച്ചു. അങ്ങ് പറയുന്നത് 'It is expected that in the current year the expenditure will be Rs. 2,500 crores' എന്നാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അങ്ങ് ഇന്നലെ സഭയിൽ ബഹുമാന്യനായ കെ. എം. മാണിക്ക് നൽകിയ മറുപടിയിൽ ഇതുവരെയുള്ള ചെലവ് 333.95 കോടി രൂപയാണെന്നാണ് പറഞ്ഞത്. 2016-17-ൽ നടപ്പുവർഷം ചെലവ് 2,500 കോടി രൂപയാണെന്ന് പറഞ്ഞ അങ്ങ് 2 കൊല്ലം കഴിഞ്ഞിട്ടും ചെലവ് 333.95 കോടി രൂപ മാത്രമാണെന്ന് സമ്മതിച്ചിരിക്കുകയാണ്. ഇപ്പോൾ പ്രഖ്യാപിച്ചത് 54,000 കോടി രൂപയുടെ പദ്ധതികളാണ്. അങ്ങയുടെ വിശ്വാസം അങ്ങയെ രക്ഷിക്കട്ടെ. ഇതുവരെ 272 പദ്ധതികൾക്കാണ് അനുവാദം കൊടുത്തത്. 938.3 കോടി രൂപയുടെ 18 പ്രോജക്ടുകൾക്ക് അനുമതി നൽകി. ഇതിൽ കിഫ്ബിയുടെ കൈവശമുള്ളത് എത്രയാണ്? അങ്ങയുടെ മറുപടിയിൽ 2017 ഡിസംബർ 31 വരെ വിവിധ ബാങ്കുകളിലായി 1564 കോടി രൂപയും ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റായി 2498 കോടി രൂപയുമുൾപ്പെടെ ആകെയുള്ളത് 4062 കോടി രൂപ മാത്രമാണ്. അങ്ങ് 2016-17-ൽ പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജിൽ 1,475 കോടി രൂപയുടെ 62 പാലങ്ങൾ, ഇടപ്പള്ളി, ഉള്ളൂർ, കുമാരപുരം, കണ്ണൂർ എന്നിവിടങ്ങളിൽ ഫ്ലൈ ഓവർ എന്നിങ്ങനെ വാഗ്ദാനങ്ങൾ വാരിക്കോരി കൊടുത്തു. ഈ നിമിഷം വരെ ഏതെങ്കിലും വർക്കിന് എ.എസ്. കൊടുക്കാൻ സാധിച്ചോ? ഇന്ന് രാവിലെ ബഹുമാന്യനായ ജെയിംസ് മാത്യു ഇവിടെ പറഞ്ഞത് യാഥാർത്ഥ്യമാണ്.

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് പിന്നീട് എന്തിനാണ് കിഫ്ബിയിൽനിന്നും അംഗീകാരം വാങ്ങുന്നത്? ബഡ്ജറ്റിൽ പ്രഖ്യാപിച്ചാൽ ഡി.പി.ആർ. തയ്യാറാക്കുകയാണ് വേണ്ടത്. ഈ പദ്ധതികൾക്കുവേണ്ടി അനുവാദം കൊടുക്കാൻ മാത്രം രണ്ടുകൊല്ലം കാത്തിരിക്കേണ്ടി വരുന്നു. ഇങ്ങനെയാണെങ്കിൽ ഇതെന്ന് ആരംഭിക്കും, എന്ന് പൂർത്തിയാകും? അനുവാദം കൊടുത്ത പദ്ധതികൾക്ക് ഇനി ഡി.പി.ആർ. തയ്യാറാക്കണം; ഡി.പി.ആർ. കിഫ്ബി ചർച്ച ചെയ്യണം; അതിന് എ.എസ്. കൊടുക്കണം; ടി.എസ്. കൊടുക്കണം; ടെൻഡർ വിളിക്കണം. ഇത്രയും നടപടി പൂർത്തിയാക്കി എന്നാണ് പ്രവൃത്തി ആരംഭിക്കുന്നത്? പ്രഖ്യാപനങ്ങളല്ലാതെ, അവ നടപ്പിലാക്കാനുള്ള യാതൊരു ആത്മാർത്ഥതയും അങ്ങ് കാണിക്കുന്നില്ല. ദയവായി ജനങ്ങളെ കബളിപ്പിക്കരുത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അങ്ങൊരു 'ഡ്രീം മെർച്ചന്റാ'ണെന്ന്. ഇത്തരം വാഗ്ദാനങ്ങൾ നൽകുന്നു; പ്രഖ്യാപനങ്ങൾ നടത്തുന്നു; യഥാർത്ഥത്തിൽ ഒന്നും നടപ്പിലാക്കാൻ സാധിക്കുന്നില്ല.

ഇവിടെ ഓഖി ദുരന്തത്തെക്കുറിച്ച് പലരും പറഞ്ഞു. കടലോരത്ത് ഓഖി ദുരന്തത്തിന്റെ വേദനയും കണ്ണുനീരും ഇപ്പോഴും അടങ്ങിയിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രിയായ അങ്ങ് ആലപ്പുഴ എം.എൽ.എ. ആണ്. ഇന്ന് കേരളത്തിൽ ഏറ്റവും കഷ്ടപ്പെടുന്ന വിഭാഗം തീരദേശ മത്സ്യത്തൊഴിലാളികളാണ്. അവർ ജീവൻ പണയംവച്ചാണ് കടലിൽ പോകുന്നത്. അവർക്ക് പ്രാഥമിക സൗകര്യങ്ങളില്ല; വീടില്ല; വിദ്യാഭ്യാസ സൗകര്യങ്ങളില്ല. അവർക്കായി അങ്ങ് 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചതിനെ സ്വാഗതം ചെയ്യുന്നു. വികസന പാക്കേജിന് ഡി.പി.ആർ. തയ്യാറാക്കാൻവേണ്ടി 10 കോടി രൂപ ചെലവിൽ ഗ്ലോബൽ ഏജൻസിയെ ഏർപ്പാടാക്കാൻ പോകുന്നുവെന്ന് അങ്ങ് പറഞ്ഞത് എന്നെ അത്ഭുതപ്പെടുത്തി. എന്തിനാണ് ഗ്ലോബൽ ഏജൻസി? ഈ സഭയിലെ എം.എൽ.എ.-മാരടക്കം തീരദേശവാസികളുടെ സംഘടനകൾ, ലത്തീൻ സഭ, സാമൂഹ്യപ്രസ്ഥാനങ്ങൾ എന്നിവരുമായി ചർച്ച ചെയ്ത് പദ്ധതി തയ്യാറാക്കിക്കൂടേ? അപ്പോൾ എന്താണ് പ്രശ്നമെന്ന് നിങ്ങൾക്ക് മനസ്സിലാകുമല്ലോ? അതിന് വേറെ ഗ്ലോബൽ ഏജൻസിയെവച്ച് കാലതാമസമുണ്ടാക്കുന്നതെന്തിനാണ്? ഡി.പി.ആർ. തയ്യാറാക്കാൻ 6 മാസവും എ.എസ്. കൊടുക്കാൻ 6 മാസവും എടുത്തതിനുശേഷം ഒരു കൊല്ലം കഴിയുമ്പോൾ കിഫ്ബി പോലെ ഓൺഗോയിംഗാണെന്ന് പറയും. പ്രഖ്യാപിച്ച 2000 കോടി രൂപയിൽ പകുതിയെങ്കിലും ഈ സാമ്പത്തികവർഷം ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കണം. അല്ലെങ്കിൽ തീരദേശവാസികളുടെ വേദനയ്ക്ക് പരിഹാരമുണ്ടാകില്ല.

12.00 Noon)

ബജറ്റ് പ്രസംഗത്തിൽ റബ്ബറിനെ പൂർണ്ണമായും അവഗണിച്ചു. കേരളത്തിൽ 21.3 ശതമാനം പ്രദേശത്ത് റബ്ബറും 30 ശതമാനം പ്രദേശത്ത് നാളികേരവുമാണ് കൃഷി ചെയ്യുന്നത്. നാളികേരത്തിന്റെയും റബ്ബറിന്റെയും കാര്യം ചർച്ച ചെയ്യാൻ അന്താരാഷ്ട്ര സെമിനാർ നടത്തുമെന്നാണ് പറയുന്നത്. മുൻധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി റബ്ബറിന് വിലസ്ഥിരതാ ഫണ്ട് പ്രഖ്യാപിക്കുമ്പോൾ റബ്ബറിന്റെ വില 80 രൂപയായിരുന്നു. ഒരു കിലോ റബ്ബറിന് 70 രൂപ അധികമായി നൽകിക്കൊണ്ടാണ് അന്ന് യു.ഡി.എഫ്. സർക്കാർ റബ്ബറിന് 150 രൂപ പ്രഖ്യാപിച്ചത്. ഇപ്പോൾ നാല് മാസത്തെ കുടിശ്ശിക നൽകാനുണ്ട്. അതുസംബന്ധിച്ച് ബഡ്ജറ്റിൽ യാതൊന്നും പറയുന്നില്ല. റബ്ബർ സ്ഥിരതാ ഫണ്ട് നിലവിലുണ്ടോ; അത് തുടരുമോ? റബ്ബറിന്റെ സംഭരണവില 200 രൂപയാക്കാനുള്ള നടപടിയുണ്ടാകണം. ഉൽപ്പാദനച്ചെലവ് കൂടി, കൃഷിക്കാർ പ്രയാസത്തിലാണ്. ആഗോള മാർക്കറ്റിൽ വില കുറയുകയാണ്. ഇന്ന് റബ്ബറിന്റെ വില കിലോയ്ക്ക് 121 രൂപയാണ്. ഇപ്പോൾ സർക്കാരിന് കോമ്പൻസേഷനായി 29 രൂപ നൽകിയാൽ മതി. അതുകൊണ്ട് റബ്ബറിന്റെ സംഭരണവില വർദ്ധിപ്പിക്കണം. റബ്ബർ സ്ഥിരതാ ഫണ്ട് നാളെയും ഉണ്ടാകുമോയെന്ന് അങ്ങ് വ്യക്തമായി പറയണം. യു.ഡി.എഫ്.സർക്കാർ അധികാരമേൽക്കുമ്പോൾ 12.9 ലക്ഷം പേർക്കാണ് പെൻഷൻ നൽകിക്കൊണ്ടിരുന്നത്. ഞങ്ങളതിന്റെ വ്യാപ്തി വിപുലമാക്കി. 34 ലക്ഷം പേർക്കാണ് പെൻഷൻ നൽകിവന്നത്. വൃദ്ധജനങ്ങൾ, വിധവകൾ, നിരാലംബർ, അംഗവൈകല്യം വന്നവർ എന്നിവരാണ് പെൻഷൻ വാങ്ങുന്നത്. പെൻഷൻ നൽകുന്നതിൽ നിബന്ധനകൾ വയ്ക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. കേന്ദ്ര സർക്കാർ വരുത്തിയ മാറ്റംമൂലം പകുതിയാളുകൾ ആർ.എസ്.ബി.വൈ. പദ്ധതിയിൽ നിന്നും പുറത്തുപോകുമെന്ന് അങ്ങയുടെ പ്രസംഗത്തിൽ പറഞ്ഞു; അങ്ങ് ഏർപ്പെടുത്താൻ പോകുന്ന നിബന്ധനപ്രകാരം ഇന്ന് പെൻഷൻ വാങ്ങുന്നതിൽ പകുതിപേരും പുറത്തുപോകും. രണ്ടേക്കർ ഭൂമിയുണ്ടെങ്കിൽ ഇന്ന് ജീവിക്കാൻ സാധിക്കുമോ; കാലം മാറിപ്പോയി. കേരളത്തിൽപ്പോലും മാതാപിതാക്കൾ ഇന്ന് മക്കൾക്ക് ഭാരമാണ്. വൃദ്ധരായ മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ അയയ്ക്കുന്ന സ്ഥിതിയാണ്. സംരക്ഷിക്കാൻ ആരുമില്ല. ചിലരെ പെൻഷനുള്ളതുകൊണ്ടാണ് സംരക്ഷിക്കുന്നത്. ദയവായി അങ്ങ് പെൻഷൻ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തരുത്. നിബന്ധനകൾ ഏർപ്പെടുത്തി പെൻഷന്റെ വ്യാപ്തി ചെറുതാക്കരുത്.

ഭൂമിയുടെ ന്യായവില സംബന്ധിച്ച് ഒരു കാര്യം മനസ്സിലാക്കണം. രജിസ്ട്രേഷൻ കുറയുന്നു, വസ്തുവിന്റെ ക്രയവിക്രയം കുറയുന്നു, വസ്തു വാങ്ങാൻ ആളില്ല, വിൽക്കാൻ സാധിക്കുന്നില്ല, വരുമാനം കുറയുന്നു. സർക്കാർ നിശ്ചയിച്ച വില 10 ശതമാനം കൂടി വർദ്ധിപ്പിക്കുമെന്നാണ് അങ്ങ് പറയുന്നത്. അത് പിൻവലിക്കണം. കുടുബാംഗങ്ങൾക്കുള്ള ഭാഗപത്രം, ദാനം, ധനനിശ്ചയം, ഒഴിമുറി ആദായം എന്നിവയ്ക്ക് 1,000 രൂപയാണ് നിശ്ചയിച്ചത്. വർദ്ധിപ്പിച്ചാലും വരുമാനം കിട്ടാൻ പോകുന്നില്ല. ഇതൊന്നും വരുമാനമാർഗ്ഗമല്ല, കുടുംബാംഗങ്ങൾ തമ്മിലുള്ള ഇടപാടുകളാണ്, ക്യാഷ് ട്രാൻസാക്ഷനില്ല. അതുകൊണ്ട് ഭാഗപത്രത്തിന്മേലുള്ള നികുതി വർദ്ധിപ്പിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

അന്തർ സംസ്ഥാന വിൽപ്പന നടത്തുന്ന അടയ്ക്കാ വ്യാപാരികൾ സമർപ്പിച്ച 'സി' ഫോം സ്വീകരിക്കാത്തതുമൂലം അങ്ങൊരു ആനുകൂല്യം പ്രഖ്യാപിച്ചു. പലിശയും പിഴപ്പലിശയും വാങ്ങുന്നില്ല, നികുതി കൊടുക്കണമെന്ന് അങ്ങ് പറയുന്നു. ഈ നികുതി പിരിച്ചിട്ടുള്ളതല്ല, പിരിക്കേണ്ടത് കേരളത്തിലെ വ്യാപാരികളല്ല; അന്യസംസ്ഥാന വ്യാപാരികളാണ്. കേരളത്തിലെ വ്യാപാരികൾ പിരിക്കാത്ത നികുതിക്ക് ബാദ്ധ്യതയുണ്ടാക്കരുത്. അടയ്ക്കയുടെ നികുതി പൂർണ്ണമായും ഒഴിവാക്കണമെന്ന് ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

മറ്റൊന്ന്, സ്പെഷ്യൽ സ്കൂളുകൾക്ക് 13 കോടി രൂപ വർദ്ധിപ്പിച്ച് 40 കോടി രൂപയാക്കുമെന്ന് അങ്ങ് പറഞ്ഞു. ശാരീരികശേഷിയുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ ടീച്ചിംഗ്/നോൺ ടീച്ചിംഗ് ജീവനക്കാർക്ക് സർക്കാരാണ് ശമ്പളം നൽകുന്നത്. ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന വേണം. അവർക്ക് ശമ്പളം കൊടുക്കുന്നത് മാനേജുമെന്റാണ്. 100 വിദ്യാർത്ഥികളുള്ള സ്കൂളുകളിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച് അവിടെയുള്ള അദ്ധ്യാപകർക്ക് നേരിട്ട് ശമ്പളം നൽകാൻ ഉമ്മൻ ചാണ്ടി സർക്കാർ തീരുമാനിച്ചു, പക്ഷെ അത് നടപ്പിലായില്ല. അങ്ങ് പ്രഖ്യാപിച്ച വാഗ്ദാനത്തിനുപകരം സ്പെഷ്യൽ സ്കൂളുകളിലെ കണക്കെടുത്ത് സ്റ്റാഫ് പാറ്റേൺ ഉണ്ടാക്കി 50 വിദ്യാർത്ഥികളുണ്ടെങ്കിൽ അദ്ധ്യാപകർക്ക് ആവശ്യമായ ശമ്പളം നേരിട്ട് കൊടുക്കുകയാണ് വേണ്ടത്. അല്ലെങ്കിൽ ഈ വിദ്യാർത്ഥികളുടെ കാര്യം പ്രയാസത്തിലാകും.

'ഉപ്പയുടെ ചികിത്സയ്ക്ക് പണ്ടങ്ങളോരോന്നായി പണയം വയ്ക്കുമ്പോഴുള്ള ഉമ്മയുടെ മുഖത്തെ നിസ്സംഗത അലട്ടിയ കുട്ടിക്കാലം ബി.എം. സുഹ്റയുടെ ഒരു കഥാപാത്രം ഓർമ്മിക്കുന്നുണ്ട് എന്ന് അങ്ങയുടെ പ്രസംഗത്തിലെ 37-ാം ഖണ്ഡികയിൽ പറയുന്നുണ്ട്. ഇതര സംസ്ഥാനങ്ങളുടെ പേരിൽ നടത്തുന്ന ഭാഗ്യക്കുറികളുടെ ലാഭം

ലോട്ടറി മാഫിയയുടെ പോക്കറ്റിലേയ്ക്കാണ് പോകുന്നത്. എന്നാൽ കേരള ലോട്ടറിയിൽനിന്നുള്ള വരുമാനം പൂർണ്ണമായും മേൽപ്പറഞ്ഞ സമഗ്ര ആരോഗ്യ പദ്ധതിക്കുവേണ്ടി മാറ്റിവയ്ക്കുമെന്ന് 41-ാം ഖണ്ഡികയിൽ പറയുന്നുണ്ട്. ഇത് പറയുമ്പോൾ അങ്ങയുടെ തൊട്ടുമുമ്പിൽ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയും ഉണ്ടായിരുന്നു. അങ്ങയുടെ കാലത്ത് സാന്റിയാഗോ മാർട്ടിന് പണയപ്പെടുത്തിയ കേരള ലോട്ടറിയെ മോചിപ്പിച്ചത് യു.ഡി.എഫ്. സർക്കാരാണ്. ഇന്ത്യയിൽ ആദ്യമായി കാരുണ്യ ചികിത്സാ പദ്ധതി ആരംഭിച്ചു. നിങ്ങൾ ആ കാരുണ്യ പദ്ധതിയെ ഇല്ലാതാക്കി. ദയവായി കാരുണ്യ ചികിൽസാ പദ്ധതി പുനഃസ്ഥാപിക്കണം. ഇന്ന് ക്യാൻസർ രോഗം വ്യാപിക്കുകയാണ്. സാമ്പത്തിക ബാധ്യതകൾ കാരണം ഹൃദ്രോഗ ചികിത്സയ്ക്ക് മരുന്നുവാങ്ങാൻ നിവൃത്തിയില്ലാതെ സർക്കാരിനെ ആശ്രയിക്കേണ്ടിവരുന്നവരും ഡയാലിസിസ് ചെയ്യാൻ സാധിക്കാത്തവരുണ്ട്. CMDRF (Chief Ministers Distress Relief Fund) ഇപ്പോഴില്ല, മുഖ്യമന്ത്രിക്ക് അപേക്ഷ നൽകിയാൽ താങ്കളുടെ പരാതി വില്ലേജ് ഓഫീസിൽ ബോക്സിൽ ഇട്ടിരിക്കുന്നുവെന്ന് മറുപടി വരും. നാമമാത്രമായ സഹായം കിട്ടുമ്പോൾ വാങ്ങാനാളുണ്ടാകില്ല. ഇത്തരത്തിലുള്ള സമീപനം സ്വീകരിക്കാതെ സമൂഹത്തിലെ നിരാലംബരായ, നിരാശ്രയരായ ക്യാൻസർ രോഗികൾ, ഡയാലിസിസ് നടത്തുന്നവർ, ഹൃദ്രോഗികൾ എന്നിവരെ സഹായിക്കാനുള്ള കാരുണ്യ പദ്ധതി പുനരാരംഭിക്കാനുള്ള നടപടിയുണ്ടാകണം. ഈ ബഡ്ജറ്റിൽ മനുഷ്യത്വമോ യാഥാർത്ഥ്യബോധമോ ഇല്ല; കേരളം നേരിടുന്ന ഗുരുതരമായ സാമ്പത്തിക തകർച്ചയിൽനിന്നും മോചനം നേടാനുള്ള യാതൊരു മാർഗ്ഗങ്ങളുമില്ലാത്ത ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. വി. വിജയദാസ്: സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ജനക്ഷേമ ബഡ്ജറ്റിനെ ഞാൻ അഭിമാനപൂർവ്വം പിന്തുണയ്ക്കുന്നു. ഈ ബഡ്ജറ്റിനോടൊപ്പം കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റുകൂടി ചർച്ചയ്ക്കെടുക്കാൻ അവസരം ലഭിക്കുന്ന ഒരപൂർവ്വ സന്ദർഭം കൈവന്നിരിക്കുകയാണ്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയും മാധ്യമങ്ങളും തെരഞ്ഞെടുപ്പ് ബഡ്ജറ്റ് എന്ന് കൊട്ടിഘോഷിച്ചുകൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്. അതിൽ കാർഷിക-ഗ്രാമീണ മേഖലയെയും പാവപ്പെട്ടവരെയും വലിയതോതിൽ തഴഞ്ഞിരിക്കുകയാണ്. കാർഷിക-ഗ്രാമീണ മേഖലയ്ക്ക് മുൻവർഷത്തേതിൽനിന്നും നയാപൈസ വർദ്ധിപ്പിച്ചിട്ടില്ല. ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി ഒരു ലക്ഷം കോടി രൂപ 2022-നുള്ളിൽ ചെലവഴിക്കുമെന്നാണ്

പറഞ്ഞത്. അപ്പോഴേക്കും നരേന്ദ്രമോദി സർക്കാർ ഉണ്ടാകുമോ എന്നതുതന്നെ സംശയമാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ശുചിത്വമിഷന് 1405 കോടി രൂപയും ദേശീയ ആരോഗ്യമിഷന് 685 കോടി രൂപയും വെട്ടിക്കുറച്ചു. കാർഷിക മേഖലയിൽ വിലസ്ഥിരതാഫണ്ട് 1500 കോടി രൂപ കുറച്ചു. ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജനയിൽ 1100 കോടി രൂപ കുറവ് വരുത്തി. കോർപ്പറേറ്റുകളുടെ ഒന്നരലക്ഷം കോടി രൂപയുടെ കടം എഴുതിത്തള്ളി. സമ്പന്നൻമാർക്ക് പാൽക്കഞ്ഞിയും പാവങ്ങൾക്ക് പഴംകഞ്ഞിയും കൊടുക്കുന്ന ഒരു സർക്കാരാണ് കേന്ദ്രം ഭരിക്കുന്നതെന്നതിന് ഇതിൽപ്പരം എന്തെങ്കിലും തെളിവുണ്ടോ; ഈ പശ്ചാത്തലത്തിലാണ് സംസ്ഥാന ബഡ്ജറ്റിനെ നമ്മൾ നോക്കേണ്ടത്. ക്ഷേമപദ്ധതികൾക്ക് കേരളത്തിൽ ഒരു കുറവുമില്ലെന്ന് സംസ്ഥാന സർക്കാർ തെളിയിച്ചു. കേരളത്തിന് പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ കുറവുണ്ടായാലും പാവങ്ങളുടെ ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കും ഒരു കുറവും വരില്ലെന്ന് ഈ സർക്കാർ ആവർത്തിച്ച് തെളിയിച്ചു.

ഈ സർക്കാർ ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, വനിതാക്ഷേമം എന്നിവയ്ക്ക് കൂടുതൽ ഊന്നൽകൊടുത്തു. സാമൂഹ്യ സുരക്ഷാ പെൻഷന് 1,680 കോടി രൂപയും ഭക്ഷ്യ സബ്സിഡിക്കായി 954 കോടി രൂപയും പാർപ്പിട പദ്ധതിക്കായി 2,500 കോടി രൂപയും ആരോഗ്യ മേഖലയ്ക്ക് 1,685 കോടി രൂപയും വിദ്യാഭ്യാസ മേഖലയ്ക്ക് 970 കോടി രൂപയും വനിതാക്ഷേമത്തിന് 1,960 കോടി രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. സാധാരണക്കാരുടെ കണ്ണീരൊപ്പാൻ ഈ സർക്കാർ താൽപ്പര്യമെടുത്തു. ഓഖി നമ്മുടെ തീരദേശത്തെയാകെ വലിയ തോതിൽ ദുഃഖത്തിലാഴ്ത്തി. ആ പാവപ്പെട്ട ആളുകളെ സഹായിക്കാൻ ഈ സർക്കാർ മുന്നോട്ടുവന്നു. സർവ്വവും നഷ്ടപ്പെട്ട തീരദേശ നിവാസികൾക്ക് 2,000 കോടി രൂപയാണ് ഈ സർക്കാർ വകയിരുത്തിയത്. ഇതെല്ലാം കണ്ടുകൊണ്ട് പത്രങ്ങൾപോലും ഈ ബഡ്ജറ്റിനെ തള്ളിപ്പറയാൻ മുന്നോട്ടുവന്നില്ല. മംഗളം എൽ.ഡി.എഫ്.-നെ സഹായിക്കുന്ന പത്രമാണെന്ന് തോന്നുന്നില്ല. 'ഇവിടെ ക്ഷാമകാലത്ത് ക്ഷേമ ബഡ്ജറ്റ്' എന്നാണ് മംഗളം പറയുന്നത്. ദീപിക പത്രം 'സുരക്ഷ' എന്നാണ് ഈ ബഡ്ജറ്റിനെക്കുറിച്ച് പറയുന്നത്. 'ചെലവ് ചുരുക്കാം, വരവ് ചുരത്താം' എന്നാണ് കേരള കൗമുദി പറയുന്നത്. ഒരു പത്രവും ഈ ബഡ്ജറ്റിനെ തള്ളിപ്പറയുന്നില്ല. 'വരുമാനത്തിന് വല വിരിച്ച്' എന്നാണ് മാതൃഭൂമിയിലെ വാർത്ത. ഇന്ത്യൻ എക്സ്പ്രസ് 'തീരദേശ-സ്ത്രീപക്ഷ ബഡ്ജറ്റ്' എന്നാണ് എഴുതിയിട്ടുള്ളത്. എപ്പോഴും എൽ.ഡി.എഫ്.-നെ കരുതലോടെ സമീപിക്കുന്ന മലയാള മനോരമ 'ഭൂമിക്ക് ഭാരം'

എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ. ബഡ്ജറ്റ് നിരാശാജനകം എന്നെഴുതാൻ അവർ മറന്നുപോയി; അത് വിട്ടുപോയി. 'ഈ സർക്കാർ പാവപ്പെട്ടവർക്കൊപ്പമുണ്ട്' ഇതാണ് ബഡ്ജറ്റിനെക്കുറിച്ച് കേരളത്തിലെ പത്രങ്ങൾ സ്വീകരിച്ച സമീപനം. കേരളത്തിലെ ബഡ്ജറ്റിനെക്കുറിച്ച് പറയാൻ പ്രതിപക്ഷത്തിന് ചാനലുകളിൽ ചർച്ചയ്ക്ക് വരുമ്പോൾ വാക്കുകൾ കിട്ടുന്നില്ല. ചാനലിൽ പോയി ഇരിക്കാൻ ആളില്ല, വിളിച്ചാൽ വരുന്നില്ല. പ്രതിപക്ഷ നേതാക്കളെ ഞങ്ങൾ ക്ഷണിച്ചു, വരുന്നില്ല എന്നാണ് ചാനലുകാർ പറയുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ബഡ്ജറ്റിനെക്കുറിച്ച് പറയാൻ വാക്കുകളില്ലാത്ത സ്ഥിതിയിലേക്ക് വന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നയുടനെ രണ്ട് ദുരന്തങ്ങളെയാണ് നേരിട്ടത്. കേന്ദ്ര സർക്കാർ അടിച്ചേൽപ്പിച്ച ജി.എസ്.ടി.-യും നോട്ട് നിരോധനവും ദുരന്തങ്ങളിൽപ്പെട്ട് നാടാകെ ഉഴലുകയായിരുന്നു. ഒരു മാസം മാത്രം 12.43 ശതമാനം നികുതി കുറഞ്ഞു, വ്യാപാരം സ്തംഭിച്ചു. പണമുപയോഗിച്ചുള്ള കൊടുക്കൽ വാങ്ങൽ നിലച്ചു. കേരളവും ഇന്ത്യാരാജ്യവും സ്തംഭിച്ചുനിന്നപ്പോൾ, അന്തം വിട്ടുനോക്കിയിരിക്കുകയല്ല ചെയ്തത്. സാമ്പത്തികമായ തിരിച്ചടികളെ അതിശക്തമായി മുറിച്ചുകടക്കാൻ എന്താണ് വഴിയെന്ന് ചിന്തിച്ചുകൊണ്ടാണ് ഡോ. ടി. എം. തോമസ് ഐസക് കിഫ്ബി കൊണ്ടുവന്നത്. രണ്ട് സഭാസമ്മേളനങ്ങൾ മുഴുവൻ കിഫ്ബിയെക്കുറിച്ച് ചർച്ച ചെയ്തു. കിഫ്ബി ഉണ്ടോ; കിഫ്ബി ആകാശത്താണോ; അത് ഭൂമിയിലാണോ; കിഫ്ബി എന്നാൽ എന്താണ് എന്നൊക്കെ ചൂണ്ടിക്കാണിച്ചില്ലേ; അതിനെക്കുറിച്ച് ഇപ്പോൾ വാതോരാതെ പറയുകയാണ്. ഒരു വർഷം കൊണ്ട് 19,000 കോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം കൊടുക്കാൻ കിഫ്ബിക്ക് സാധിച്ചു. കിഫ്ബി ഇല്ലായിരുന്നുവെങ്കിൽ കേരളത്തിൽ വികസന മുരടിപ്പും സാമ്പത്തികമായ സ്തംഭനവും ഉണ്ടാകുമായിരുന്നു. ഇന്ന് രാവിലെ നടന്ന ചർച്ചയിലും കിഫ്ബി എവിടെയെങ്കിലുമുണ്ടോ എന്ന് അന്വേഷിക്കുകയാണ്. രാജ്യം സാമ്പത്തികരംഗത്ത് വലിയ തിരിച്ചടി നേരിടുമ്പോൾ അതിൽ നിന്ന് പാവപ്പെട്ടവരെ എങ്ങനെ രക്ഷിക്കാമെന്ന് ചിന്തിക്കാൻ കഴിവുള്ള ഒരേയൊരു സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. ടി. എം. തോമസ് ഐസക്കാണെന്ന് അദ്ദേഹം തെളിയിച്ചു. കിഫ്ബി പദ്ധതി രാജ്യത്തിനാകെ മാതൃകയാണ്. കർണ്ണാടകയിൽ കോൺഗ്രസ്സല്ലേ ഭരിക്കുന്നത്? അവിടെ അങ്ങനെയുണ്ടായോ എന്ന് ഞാൻ ചോദിക്കുകയാണ്. അതിന് നിങ്ങൾ മറുപടി പറയണം. ഈ സാമ്പത്തിക തിരിച്ചടിയിൽനിന്ന് മോചനം നേടാൻ സാമ്പത്തികശാസ്ത്രം നിങ്ങൾ കണ്ടുപിടിച്ചോ; പഞ്ചാബിൽ കോൺഗ്രസ്സാണ് ഭരിക്കുന്നത്. അവിടെയും നിങ്ങൾ കണ്ടെത്തിയോ; അവിടെയും ധനകാര്യ വകുപ്പുമന്ത്രിയുണ്ടല്ലോ; നിങ്ങൾ പ്രോജക്ട്

അവതരിപ്പിക്കാൻവേണ്ടി മുന്നോട്ട് വന്നല്ലോ; ബഡ്ജറ്റ് അവതരിപ്പിക്കാൻ മുന്നോട്ട് വന്നല്ലോ; നിങ്ങൾ മറുപടി പറയൂ. ഇതുസംബന്ധിച്ച് പഞ്ചാബിലും കർണ്ണാടകയിലും നിങ്ങൾ ചോദിച്ചുനോക്കൂ; അവിടെയൊന്നുമുണ്ടായിട്ടില്ല. പാവപ്പെട്ടവരെ സഹായിക്കാൻ പുതിയ സാമ്പത്തികശാസ്ത്രം, പുതിയ രീതി ശാസ്ത്രം കൊണ്ടുവരാൻ ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക്കിന് സാധിച്ചു എന്ന് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും.

പത്രങ്ങളിലും വാർത്തകളിലും നിറഞ്ഞുനിൽക്കാൻ പ്രതിപക്ഷത്തിന് എന്തൊരു താൽപ്പര്യമാണ്. കേരളമാകെ കരഞ്ഞുകൊണ്ടാണ് ഓഖി ചുഴലിക്കാറ്റിനെ വീക്ഷിച്ചത്. ഓഖി ചുഴലിക്കാറ്റിൽ സർക്കാർ മാതൃകാപരമായ സമീപനമെടുത്തു. നാവികസേന, വ്യോമസേന, ദുരന്തനിവാരണ സേന, മുഖ്യമന്ത്രി, മന്ത്രിമാർ, ഐ.എ.എസ്. ഉദ്യോഗസ്ഥർ, പോലീസുകാർ എല്ലാവരെയും ഉപയോഗപ്പെടുത്തിക്കൊണ്ട് മാതൃകാപരമായ പ്രവർത്തനം നടത്തി. നൂറുകണക്കിനാളുകളെ രക്ഷപ്പെടുത്തി; അപകടം സംഭവിച്ചവർക്കും മരണപ്പെട്ടവർക്കും 20 ലക്ഷം രൂപ സർക്കാർ കൊടുത്തു; ആ വീടുകളിലെ കണ്ണീരൊപ്പി; അതിനെയാണ് പ്രതിപക്ഷം പരിഹസിച്ചത്; എന്തെല്ലാമാണ് പറഞ്ഞത്? ഓഖി ചുഴലിക്കാറ്റിൽ നഷ്ടം വന്ന് ദു:ഖിക്കുമ്പോൾ, വാർത്തകളിൽ നിറഞ്ഞുനിൽക്കാനും തൊടുന്യായം പറഞ്ഞ് തെറ്റായ പ്രചരണം അഴിച്ചുവിട്ട് സർക്കാരിനെ പരിഹസിക്കാനും ഇകഴ്ത്തിക്കാണിക്കാനുമല്ലേ നിങ്ങൾ ശ്രമിച്ചത്; ആരെങ്കിലും സഹായത്തിന് വന്നോ? ഈ ദുരവസ്ഥയിൽ നിന്നും നിങ്ങൾ മാറണം. എങ്കിൽ മാത്രമേ നിങ്ങൾ രക്ഷപ്പെടുകയുള്ളൂ. പ്രതിപക്ഷം തകർച്ചയിലേയ്ക്ക് പോകുകയാണ്. ബഡ്ജറ്റിനെക്കുറിച്ച് ഒരുകാര്യവും പറയാൻ കഴിയാത്ത രീതിയിലേക്ക് നിങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ സമീപനത്തിൽ മാറ്റമുണ്ടാകണം. കേരളം അതിശക്തമായി മുന്നോട്ടുപോകുകയാണ്. ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2018-19-ലെ ബഡ്ജറ്റും അതിന് മുന്നോടിയായി സഭയുടെ മേശപ്പുറത്തുവച്ച 2017-ലെ സാമ്പത്തിക അവലോകന രേഖയും പരിശോധിക്കുന്ന ഏതൊരാൾക്കും കാര്യങ്ങൾ വളരെ വ്യക്തമായി ബോദ്ധ്യമാകും. ധനകമ്മി, റവന്യൂകമ്മി എന്നിവ കുറഞ്ഞുവെന്ന് ഡെപ്യൂട്ടി സ്പീക്കർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇവിടെ പറയുകയുണ്ടായി. എവിടെയാണ് കുറഞ്ഞതെന്ന് ഞങ്ങൾക്ക് ബോദ്ധ്യമാകുന്നില്ല. പത്രത്തിൽ 'ഭൂമിക്ക് ഭാരം' എന്ന് പറഞ്ഞപ്പോൾ അത് അഭിമാനമാണെന്നാണ് ശ്രീ. കെ. വി. വിജയദാസ്

പറയുന്നത്. ബഡ്ജറ്റ് നിരാശാജനകമെന്നാണ് എല്ലാ പത്രങ്ങളും എഴുതിയത്. ഏത് പത്രമാണ് ഇതിനെ പ്രോത്സാഹിപ്പിച്ചത്? 2015-16-ൽ 9,656.81 കോടി രൂപയായിരുന്ന റവന്യൂകമ്മി. 15,484.59 കോടി രൂപയാണ് ഇപ്പോഴത്തെ റനന്യൂകമ്മി. ഇത് കുറവാണോ? 2015-16-ൽ ധനകമ്മി 17,818.39 കോടി രൂപയാണ്. ഇപ്പോഴത്തെ ധനകമ്മി 26,448.35 കോടി രൂപയാണ്. ഇത് കുറവാണോ, കൂട്ടതലാണോ? 1,57,370 കോടി രൂപയാണ് 2015-16-ലെ പൊതുകടം. ഇപ്പോഴത്തെ കടം 2,07,026.81 കോടി രൂപയാണ്. അപ്പോൾ എവിടെയാണ് കുറഞ്ഞിരിക്കുന്നത്? അപകടകരമായ സാഹചര്യത്തിലേയ്ക്കാണ് സംസ്ഥാനം പോകുന്നത്. ധനകമ്മിയും റവന്യൂകമ്മിയും കുറയ്ക്കാനുള്ള നടപടികളൊന്നുംതന്നെ ഫലം കണ്ടിട്ടില്ല. വരുമാനത്തിന്റെ വളർച്ചാനിരക്ക് കുറയുന്നതോടൊപ്പം സംസ്ഥാനത്തിന്റെ ചെലവും അനുദിനം കുതിച്ചുയരുകയാണ്. 2015-16-ൽ 9.68 ശതമാനമായിരുന്ന റവന്യൂ ചെലവ് 2016-17-ൽ 15.77 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ കേരളം അഭിമാനത്തോടെ ഉയർത്തിക്കാണിച്ച ഒരു പദ്ധതിയായിരുന്ന ജി.ഡി.പി.-യുമായി ബന്ധപ്പെട്ട വളർച്ച. ജി.ഡി.പി.-യുടെ ദേശീയ ശരാശരി 9.94 ആയിരുന്നു. ഇപ്പോൾ അതിലും താഴെയായി, 8.59-ൽ നിൽക്കുകയാണ്. ഇതൊക്കെ സംസ്ഥാനത്തിന്റെ വളർച്ച എല്ലാ രംഗത്തും വളരെ പുറകോട്ടാണെന്ന് കൃത്യമായി ബോദ്ധ്യപ്പെടുത്തുന്ന കാര്യങ്ങളാണ്.

ഈ സാമ്പത്തിക മുരടിപ്പ് സൃഷ്ടിച്ച അനിശ്ചിതത്വത്തിന്റെയും നിസ്സഹായത യുടെയും പശ്ചാത്തലത്തിലാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചത്. അതോടൊപ്പം അതീവഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് ബഡ്ജറ്റ് പരിഹാരമാകുമെന്ന് കരുതിയ സമൂഹത്തിലെ സാധാരണക്കാർക്കും ഇടത്തരക്കാർക്കും കടുത്ത നിരാശയാണുണ്ടാക്കിയത്. കഥയും കവിതയുമൊക്കെയായി തികച്ചും കാവ്യാത്മകമായ ബഡ്ജറ്റ് അവതരണത്തിലൂടെ മുമ്പെന്നപോലെ ഇക്കുറിയും സ്വപ്നം കാണുന്ന കാര്യത്തിൽ അദ്ദേഹം വിജയിച്ചിട്ടുണ്ട്. അതിനൊരു പിശുക്കും കാണിച്ചിട്ടില്ല. കഴിഞ്ഞ വർഷത്തെ അദ്ദേഹത്തിന്റെ സ്വപ്ന പദ്ധതിയായിരുന്ന കിഫ്ബിയെക്കുറിച്ച് ഇപ്പോൾ അദ്ദേഹം പറയുന്നത്, കിഫ്ബി ഒരു അക്ഷയനിധിയല്ലെന്നാണ്. കിഫ്ബി മുഖേനയെടുക്കുന്ന 50,000 കോടി രൂപ പത്ത് വർഷംകൊണ്ട് തിരിച്ചടയ്ക്കുമ്പോൾ ഒരു ലക്ഷം കോടി രൂപയാകുമെന്നാണ് ഇപ്പോൾ പറയുന്നത്. കഴിഞ്ഞ ബഡ്ജറ്റ് അവതരണവേളയിൽ പ്രതിപക്ഷം ഇത് ചൂണ്ടിക്കാട്ടിയതാണ്. അന്ന് അദ്ദേഹം അതുൾക്കൊള്ളാൻ തയ്യാറായില്ല.

5 വർഷംകൊണ്ട് 50,000 കോടി രൂപയുടെ വികസനം അടിസ്ഥാന സൗകര്യമേഖലയിൽ നടപ്പാക്കാനായി പ്രഖ്യാപിച്ച കിഫ്ബിയിൽ ഇപ്പോഴുള്ളത് 4,062 കോടി രൂപ മാത്രമാണ്. ഇതുവരെ 18,938 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും പണം നൽകിത്തുടങ്ങിയത് 16 എണ്ണത്തിന് മാത്രമാണ്. പദ്ധതിക്കായി ഇതുവരെ ചെലവിട്ടത് 331 കോടി രൂപയാണ്. കിഫ്ബി വഴി അടിസ്ഥാനവികസനം നേടാമെന്ന അങ്ങയുടെ കാഴ്ചപ്പാടിന് ഒരു പുനഃപരിശോധന ആവശ്യമാണെന്നാണ് ഈയവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രതിസന്ധി തരണംചെയ്യാനുള്ള നടപടികളാണ് കേരളജനത ബഡ്ജറ്റിൽ പ്രതീക്ഷിച്ചത്. എന്നാൽ അതിനായി യാതൊന്നും ബഡ്ജറ്റിലില്ല. ആകെയുള്ളത് കേൾക്കാൻ സുഖമുള്ളതും പണമുണ്ടെങ്കിൽ നടപ്പാക്കാൻ സാധിക്കുന്നതുമായ ചില പദ്ധതികളാണ്. അതിന്റെ അവതരണം സാഹിത്യത്തിന്റെ അകമ്പടിയോടെ ആയതിനാൽ കേട്ടിരിക്കാൻ മുഷിപ്പ് തോന്നിയില്ലെന്നത് ശരിയാണ്. വിവിധ തലമുറയിലെ എഴുത്തുകാരും സാമൂഹ്യ പ്രവർത്തകരുമായ 25 വനിതകളെയാണ് ബഡ്ജറ്റിൽ പല സ്ഥലത്തായി ധനകാര്യ വകുപ്പുമന്ത്രി പരാമർശിച്ചത്. ധനകാര്യ വകുപ്പുമന്ത്രിക്ക് ധനകാര്യ വകുപ്പിനേക്കാൾ സാംസ്കാരിക വകുപ്പോ അതുപോലുള്ള മറ്റേതെങ്കിലും വകുപ്പോ ആണ് ചേരുകയെന്ന് പലരും ഈയിടെ ചർച്ച ചെയ്യുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല പദ്ധതികളുടെയും ധനാഗമനമാർഗ്ഗം വ്യക്തമല്ല. അതുകൊണ്ടുതന്നെ പ്രായോഗികതയെ സംബന്ധിച്ച് സംശയമുണ്ടാകുന്നത് സ്വാഭാവികമാണ്. ജനക്ഷേമത്തിലേയ്ക്ക് സ്വപ്നവഴികളില്ലെന്ന് നാം ഓരോരുത്തരും, പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രി തിരിച്ചറിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വിവിധ മാർഗ്ഗങ്ങളിലൂടെ 970 കോടി രൂപയുടെ അധിക വരുമാനമാണ് ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി ലക്ഷ്യമിടുന്നത്. നികുതി വരുമാനത്തിന് പുറത്ത് ഇത്രയും വലിയ തോതിലുള്ള വിഭവസമാഹരണം യാഥാർത്ഥ്യമാക്കാൻ അടുത്തകാലത്തൊന്നും കേരളത്തിന് കഴിഞ്ഞിട്ടില്ലെന്നാണ് ഈ രംഗത്തെ വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നത്. നികുതിയിതര വരുമാനമാർഗ്ഗങ്ങളെ തൊടാതിരിക്കുകയോ, അഥവാ വർദ്ധിപ്പിച്ചാൽത്തന്നെ പിന്നീടത് പിൻവലിക്കുകയോ ആണ് സംസ്ഥാനത്തിന്റെ ഇതുവരെയുള്ള പതിവ്. അധിക വിഭവസമാഹരണമായ 300 കോടി രൂപ അണ്ടർ വാല്യുവേഷൻ കേസുകളൊഴിവാക്കാൻ കിട്ടുന്ന പിഴയിലൂടെ ലഭിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. എത്രത്തോളം വേഗത്തിലും താൽപ്പര്യത്തിലും ജനം ഇതിനോട് പ്രതികരിക്കുമെന്ന് കണ്ടറിയേണ്ടതാണ്. ഭൂമിയുടെ ന്യായവില 10 ശതമാനം

കൂട്ടിയതിലൂടെ 2014-ലെ ഭൂനികുതി ബഡ്ജറ്റിൽ പുനഃസ്ഥാപിച്ചിട്ടുണ്ട്. 2014-ൽ ഓർഡിനൻസിലൂടെ യു.ഡി.എഫ്. സർക്കാർ ഇത് കൊണ്ടുവന്നപ്പോൾ അന്ന് പ്രതിപക്ഷത്തിരുന്ന ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുൾപ്പെടെയുള്ള എൽ.ഡി.എഫ്. അംഗങ്ങൾ ശക്തമായി എതിർത്തു. അതുകാരണം അന്ന് യു.ഡി.എഫ്. സർക്കാർ അത് പിൻവലിക്കുകയായിരുന്നു. ഇന്ന് ഭരണത്തിലെത്തിയപ്പോൾ എൽ.ഡി.എഫ്. സർക്കാർ ആ തീരുമാനം നടപ്പാക്കുന്നുവെന്ന് മാത്രമല്ല അതിലൂടെ 100 കോടി രൂപ യുടെ അധിക വരുമാനം പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഏത് അശുദ്ധവസ്തുവും സി.പി.ഐ.(എം.) തൊട്ടാൽ ശുദ്ധമാകുമെന്ന നിലപാട് ഇവിടെയും ആവർത്തിക്കുകയാണ്.

യു.എ.ഇ.-യിൽ പുതിയൊരു നിയമം വന്നതിലൂടെ പ്രവാസി സമൂഹം ബുദ്ധിമുട്ട് നേരിടുകയാണ്. തൊഴിൽ വിസയ്ക്കുവേണ്ടി അപേക്ഷിക്കുന്നയാളുകൾക്ക് സ്വഭാവ സർട്ടിഫിക്കറ്റ് വേണമെന്നതാണ് പ്രശ്നം. സാധാരണയായി സ്വഭാവ സർട്ടിഫിക്കറ്റ് അതത് സംസ്ഥാന സർക്കാരുകൾ ചാർജ്ജ് ഈടാക്കാതെയാണ് നൽകേണ്ടത്. സംസ്ഥാന പോലീസ് പരിധിയിൽനിന്നാണ് നൽകുന്നത്. പ്രവാസികൾക്ക് തൊഴിലന്വേഷിക്കണമെങ്കിൽ PCC (Police Clearance Certificate) വേണമെന്ന നിയമം യു.എ.ഇ.-യിൽ പാസ്സാക്കിയപ്പോൾ, കഴിഞ്ഞ 1-ാം തീയതി മുതൽ ഓരോ അപേക്ഷയ്ക്കും 1,000 രൂപ വാങ്ങണമെന്ന് ഡി.ജി.പി. ഉത്തരവിട്ടിരിക്കുകയാണ്. ഈ നടപടി അടിയന്തരമായി പിൻവലിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രവാസി കൂട്ടായ്മയുമായി ബന്ധപ്പെട്ട് ലോക കേരളസഭ കൊണ്ടുവന്നുവെന്നുള്ളത് പ്രവാസികളെ സംബന്ധിച്ചിടത്തോളം പുതിയൊരു കാൽവയ്പ്പാണ്. പക്ഷെ അതുമായി ബന്ധപ്പെട്ട് പുതിയൊരു പദ്ധതി ബ്ഡജറ്റിലൂടെ പ്രഖ്യാപിക്കാത്തത് നിരാശാജനകമാണ്. കേരളത്തിലേയ്ക്ക് ഒരു വർഷം ഒരു ലക്ഷം കോടി രൂപയിലേറെ അയയ്ക്കുന്ന പ്രവാസികളുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ അനുവദിച്ചത് 80 കോടി രൂപ മാത്രമാണ്. പല പദ്ധതികളും ബഡ്ജറ്റിലുണ്ടാകുമെന്ന് പ്രതീക്ഷിച്ചെങ്കിലും ഫലം നിരാശാജനകമാണ്. പ്രവാസി ചിട്ടി ഇന്നും ഏട്ടിലെ പശുവായി നിൽക്കുന്നു. മടങ്ങിയെത്തുന്നവരുടെ എണ്ണം വച്ചുനോക്കുമ്പോൾ അവരുടെ പുനരധിവാസത്തിന് പര്യാപ്തമായ യാതൊരു നടപടികളുമില്ല.

സർക്കാർ പ്രഖ്യാപനങ്ങളിൽ പലതിനും ആത്മാർത്ഥതയില്ല. ഉദാഹരണമായി, കെ.എസ്.ആർ.ടി.സി.-ക്ക് 1000 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നു. പക്ഷെ, പെൻഷൻ വിതരണ ബാദ്ധ്യത കൂട്ടിയിരിക്കുകയാണ്. ഇതോടെ അനുവദിച്ച തുകയുടെ നല്ലൊരു ശതമാനം സഹകരണ ബാങ്കുകളുടെ വായ്പയ്ക്കും പലിശയ്ക്കുമായി

പോകും. ജൂലൈ മാസം വരെയുള്ള പെൻഷനും പലിശയും കഴിഞ്ഞാൽ ഈ തുകയിൽ കാര്യമായൊന്നും കോർപ്പറേഷന് ബാക്കിയുണ്ടാവുകയില്ലെന്നതാണ് യാഥാർത്ഥ്യം. പെൻഷൻ സർക്കാർ ഏറ്റെടുക്കണമെന്ന ഭരണകക്ഷി സംഘടനയുടെ ആവശ്യംപോലും നിരാകരിച്ചുവെന്ന് മാത്രമല്ല, കെ.എസ്.ആർ.ടി.സി.-യെ സർക്കാർ കയ്യൊഴിയുകയാണ് ചെയ്തിരിക്കുന്നത്. 22 ലക്ഷം ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ, വാണംപോലെ കുതിച്ചുയരുന്ന വിലക്കയറ്റം, പുതിയ തസ്തികകൾ സൃഷ്ടിക്കൽ, വൻകിടപദ്ധതികൾ, വഴിമുട്ടി നിൽക്കുന്ന കാരുണ്യ ചികിത്സാ പദ്ധതിക്കുള്ള ധനസഹായം, മാലിന്യ സംസ്കരണം തുടങ്ങി സംസ്ഥാനം ഉറ്റുനോക്കുന്ന ജനോപകാരപ്രദമായ പദ്ധതികളെക്കുറിച്ചൊക്കെ ബഡ്ജറ്റിൽ മൗനംപാലിക്കുകയാണ്. ആ നിലയ്ക്ക് എങ്ങനെയാണ് ഈ ബഡ്ജറ്റിനെ ഒരു ജനപ്രിയ ബഡ്ജറ്റെന്ന് പറയാനാകും. സാമൂഹികക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുമെന്ന പ്രതീക്ഷ എല്ലാവർക്കുമുണ്ടായിരുന്നെങ്കിലും അതുണ്ടായില്ല. സർക്കാർ മേഖലയിലെ ധൂർത്തും ദുർവ്യയവും തടയാൻ ആത്മാർത്ഥമായ നടപടികളൊന്നും ബഡ്ജറ്റിലില്ല. മന്ത്രിമാർ വാങ്ങുന്ന കാറിന്റെ എണ്ണം കുറയ്ക്കും, അല്ലെങ്കിൽ ഇനി വാങ്ങില്ല എന്നാണ് പറഞ്ഞത്. പത്തോ ഇരുപതോ മന്ത്രിമാർക്ക് എത്ര വാഹനം വേണ്ടിവരും? ചെലവ് ചുരുക്കുമെന്ന് പറയുന്നതിനെ കാണുന്നത് ഏത് തരത്തിലാണെന്ന് മനസ്സിലാകുന്നില്ല. മന്ത്രിമാരുടെ കാറിന്റെ എണ്ണവും ടെലിഫോൺ ചാർജ്ജും കുറയ്ക്കുമെന്ന് പറഞ്ഞാൽ, കേരളത്തിലെ ചെലവ് ചുരുക്കലുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാര്യം നടക്കുമെന്ന് തോന്നുന്നുണ്ടോ;

ചില ജില്ലകളെയും മണ്ഡലങ്ങളെയും മുഴുവനായും ബഡ്ജറ്റിൽ അവഗണിച്ചതായി പരാതിയുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ കുറ്റ്യാടി ബൈപ്പാസ് നിർമ്മാണമടക്കം 4 പദ്ധതികൾ കിഫ്ബിയിൽ പ്രഖ്യാപിച്ചെങ്കിലും ഇതുവരെ പ്രവൃത്തി തുടങ്ങിയിട്ടില്ല. ഇത്തവണ ഒട്ടേറെ പുതിയ പ്രവൃത്തികൾ ബഡ്ജറ്റിൽ ഇടംപിടിച്ചെങ്കിലും അവയ്ക്കൊന്നും മതിയായ തുക വകയിരുത്തിയിട്ടില്ല. ഈ പ്രവൃത്തികൾക്കൊക്കെ ഘട്ടംഘട്ടമായി ഭരണാനുമതി നൽകണമെന്ന് ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

കേരളത്തിലെ അടയ്ക്ക വ്യാപാരമേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. പ്രതിസന്ധി ഘട്ടത്തിൽ വീണ്ടും മൂന്ന് ശതമാനം അധികബാദ്ധ്യത ചുമത്തി അവരുടെ പ്രശ്നം സങ്കീർണ്ണമാക്കുന്ന സാഹചര്യത്തിലേയ്ക്ക് പോകരുത്. ദയവായി ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് അപേക്ഷിക്കുകയാണ്. പ്രതിസന്ധികൾക്ക് നടുവിലും പ്രതീക്ഷാനിർഭരമായ നാളെയുടെ ചിത്രം വരച്ചുകാട്ടാനാണ് അങ്ങ് ബഡ്ജറ്റ് പ്രസംഗത്തിലുടനീളം ശ്രമിച്ചത്. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച മൂന്നാമത് ബഡ്ജറ്റ് സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും പരിഹാരവും ആശ്വാസവും പകരുന്നതാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഓഖി ദുരന്തത്തിൽ കഷ്ടപ്പെട്ട തീരദേശമേഖലയ്ക്ക് കയ്യയച്ചുള്ള സഹായമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ നൽകിയിട്ടുള്ളത്. ഞാൻ തീരദേശത്തുനിന്ന് വന്ന ഒരു പ്രതിനിധിയാണ്. തീരദേശത്തിന് 2,000 കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്. മത്സ്യഗ്രാമങ്ങളിലും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്കും യഥാസമയം മുന്നറിയിപ്പുകൾ നൽകുന്നതിനും അടിയന്തരസഹായ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 100 കോടി രൂപയുടെ പദ്ധതിയാണ് വകകൊള്ളിച്ചിട്ടുള്ളത്. തീരദേശഗ്രാമങ്ങളിൽ ഓരോ പൊതുകേന്ദ്രത്തിലും സൗജന്യ വൈ-ഫൈ സംവിധാനം നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. 50 മീറ്റർ പരിധിയിൽ വരുന്ന കുടുംബങ്ങളെ മാറ്റിത്താമസിപ്പിച്ച് അവിടെ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുമെന്നും ഇത്രയും കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വക കൊള്ളിച്ചുകൊണ്ട് ഭവനനിർമ്മാണത്തിന് നേതൃത്വം നൽകുമെന്നും പറഞ്ഞിരിക്കുന്നു. ഇതുപോലെ തീരുദേശത്തിന് നൽകാവുന്ന വലിയൊരു ബഡ്ജറ്റ് പാക്കേജ് വേറെയുണ്ടാകില്ല. തീരദേശത്തിനുവേണ്ടി 2,000 കോടി രൂപയുടെ പാക്കേജ് നൽകിയ ഈ സർക്കാരിന്റെ നടപടി എന്തുകൊണ്ടും അഭിമാനം അർഹിക്കുന്നതാണ്.

സമൂഹത്തിലെ എല്ലാ ദുരന്തങ്ങളെയും അഭിമുഖീകരിക്കുന്നത് സ്ത്രീകളാണ്. ഇതൊരു സ്ത്രീപക്ഷ ബഡ്ജറ്റാണെന്ന് അഭിമാനത്തോടെ പറയാൻ ഞങ്ങൾക്ക് സാധിക്കും. കേരളത്തിലെ ഓരോ സ്ത്രീ സമൂഹത്തിനും ആശ്വാസം പകരുന്ന ഒരു ബഡ്ജറ്റാണിത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയും സ്ത്രീ സമൂഹത്തിന്റെ പ്രതിനിധി എന്ന നിലയിൽ ഞാൻ അഭിനന്ദിക്കുന്നു. ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിന് ബഡ്ജറ്റിൽ 10 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ലിംഗ സമത്വത്തിനായി മുറവിളികൂട്ടുന്ന കേരളീയ സമൂഹത്തിന് അക്കാര്യത്തിൽ ഉറപ്പുനൽകുന്ന ബഡ്ജറ്റാണിത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് വാഗ്ദാനം നിറവേറ്റുന്നതിനുള്ള നടപടി ഈ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് കൈക്കൊണ്ടിരിക്കുകയാണ്.

സാമൂഹ്യ സുരക്ഷിതത്വത്തിന് ഒരു കുറവും വരുത്താതെയുള്ള നടപടികൾ സ്വീകരിക്കാൻ ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഭക്ഷ്യ സബ്സിഡിക്ക് 954 കോടി രൂപയും ഭക്ഷ്യ സുരക്ഷയ്ക്ക് 34 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. റേഷൻകടകളെ നവീകരിച്ച് സൂപ്പർമാർക്കറ്റുകളാക്കാനുള്ള നടപടി, സപ്ലൈകോ ഔട്ട്ലെറ്റുകൾ നവീകരിക്കാനുള്ള നടപടി എന്നിവയും ഈ ബഡ്ജറ്റിന്റെ ഭാഗമാണ്. അഗതികൾക്കും അനാഥർക്കുമായുള്ള 'വിശപ്പുരഹിത കേരളം പദ്ധതി' എന്ന പ്രഖ്യാപനം കേരളത്തിന്റെ സാമൂഹ്യ മാറ്റത്തിനായുള്ള ഒരു ക്ഷേമ പദ്ധതിയാണ്. കേരള സമൂഹം നോക്കിക്കാണുന്നൊരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി)

സമഗ്ര ആരോഗ്യ പദ്ധതിക്കും സർക്കാർ ഊന്നൽ കൊടുക്കുകയാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും ഓങ്കോളജി ഡിപ്പാർട്ട്മെന്റ്, താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ്, ട്രോമാകെയർ യൂണിറ്റുകൾ എന്നിങ്ങനെ ആരോഗ്യരംഗത്ത് ഒരു പരിവർത്തനത്തിന് തുടക്കംകുറിക്കാൻ ഈ ബഡ്ജറ്റ് ലക്ഷ്യമിട്ടിരിക്കുന്നു. ആരോഗ്യ സുരക്ഷാരംഗത്ത് പുതിയൊരു കാൽവയ്പ്പാണ് ഈ ബഡ്ജറ്റിലൂടെ കേരളം കാണുന്നത്. എല്ലാ വിഭാഗം ജനങ്ങളെയും ഒരുപോലെ സ്പർശിക്കുന്ന ബഡ്ജറ്റാണിത്. കേരളത്തിലെ ജനങ്ങൾ നേരിടുന്ന വലിയൊരു പ്രശ്നമാണ് കാൻസർ. ഈ രോഗത്തെ നേരിടുന്ന സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്കുവേണ്ടി വലിയൊരു പാക്കേജിനാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ ഈ സർക്കാർ ഊന്നൽ നൽകുന്നത്. മരുന്ന് നിർമ്മാണ ഫാക്ടറി യൂണിറ്റ് തുടങ്ങുന്നതിന് 20 കോടി രൂപ നീക്കിവച്ചിരിക്കുന്നു. ഈ സർക്കാർ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി കൈക്കൊണ്ടിട്ടുള്ള കരുതൽ നടപടിയുടെ ആദ്യത്തെ ചുവടുവയ്പ്പാണ് ആരോഗ്യ സുരക്ഷാ സംവിധാനത്തിൽ നൽകിയിട്ടുള്ളത്.

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിന് 2,859 കോടി രൂപയും ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് പ്രത്യേക വിഹിതവും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. വളർന്നുവരുന്ന യുവസമൂഹത്തിന്റെ വിദ്യാഭ്യാസപരമായ ഉന്നതിക്കായി കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം ഉയർത്തി ചില വിദ്യാലയങ്ങളിൽ വലിയൊരു ചലനം സൃഷ്ടിക്കാൻ പൊതുവിദ്യാഭ്യാസ

സംരക്ഷണ യജ്ഞത്തിലൂടെ സർക്കാരിന് സാധിച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. വർഷങ്ങളായി ഇന്ത്യയിൽ 14-ാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിന്റെ വിദ്യാഭ്യാസമൂല്യത്തെ 10-ാം സ്ഥാനത്തേയ്ക്കെങ്കിലും എത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് പറഞ്ഞ വാക്കുകൾ ഞാൻ ഓർക്കുകയാണ്. 'ഒരു വിദ്യാർത്ഥി മനുഷ്യനാകണമെങ്കിൽ അവന് വിദ്യാഭ്യാസം അനിവാര്യമാകണം. വിദ്യാഭ്യാസത്തിലൂടെ ആയിരിക്കണം ആ വിദ്യാർത്ഥി മനുഷ്യനാകേണ്ടത്'. അത്തരത്തിലുള്ളൊരു സംവിധാനമാണ് അദ്ദേഹം പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലുള്ളത്. സന്നദ്ധ സാമൂഹ്യരംഗങ്ങളിലെ സംഘടനകൾ, ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, സാമൂഹ്യരംഗത്തെ പ്രവർത്തകർ എന്നിവർ ഒരു വിദ്യാലയത്തിൽ ഒത്തുകൂടി നൂതന മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന രീതിയിലേയ്ക്ക് വരാൻ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സാധിച്ചു. ഒരു വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപരമായ എല്ലാ കാര്യങ്ങളും പഠിക്കാനുള്ള അവസരം ഈ ഒത്തുകൂടലിലൂടെ വന്നിട്ടുണ്ട്. അതുകൊണ്ട് കേരളത്തിന്റെ വിദ്യാഭ്യാസ മൂല്യത്തിൽ വലിയ ചലനം സൃഷ്ടിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ഞാൻ പ്രതിനിധാനം ചെയ്യുന്ന നാട്ടിക മണ്ഡലത്തിന് ഈ ബഡ്ജറ്റ് വലിയ ആശ്വാസം പകരുന്നുണ്ട്. സ്ത്രീപക്ഷ ബഡ്ജറ്റ് എന്നുപറയുമ്പോഴും ഭരണഘടന വിഭാവന ചെയ്യുന്ന ലിംഗസമത്വം ഭരണഘടനാ രേഖകൾക്കപ്പുറം പ്രാവർത്തികമാക്കാൻ നമ്മുടെ രാജ്യത്തിന് കഴിഞ്ഞിട്ടില്ല. അതിനൊരു തുടക്കം കുറിക്കാൻ ഡോ. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് ശ്രമിക്കുന്നുണ്ടെന്നത് ഒരു വനിത എം.എൽ.എ. എന്ന നിലയ്ക്ക് ഞാൻ സ്വാഗതം ചെയ്യുന്നു. അടിച്ചമർത്തപ്പെട്ട സ്ത്രീകൾ ഉയർത്തെഴുന്നേൽപ്പിനുള്ള ശ്രമത്തിലാണ്. വിവേചനത്തിനെതിരെ എല്ലാ രംഗങ്ങളിലും സ്ത്രീകൾ ഇനിയും കൂടുതലായി സംഘടിക്കേണ്ടതുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ സിനിമാ രംഗത്തുണ്ടായ Women in Cinema Collective-ന്റെ പ്രവർത്തനം അതിനൊരുദാഹരണമാണ്. സ്ത്രീക്കെതിരെ അതിക്രമം നടത്തുന്നവൻ എത്ര ഉന്നതനായാലും അഴിക്കുള്ളിലാകുമെന്ന് ഈ സർക്കാർ തെളിയിച്ചു. പ്രതിയെ പിടിച്ചു എന്നുമാത്രമല്ല സമയബന്ധിതമായി കേസന്വേഷണം പൂർത്തിയാക്കി കോടതിയിൽ കേസ് ഫയൽ സമർപ്പിക്കുകയും ചെയ്തു. ഓരോ വിഷയത്തിലും സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ സർക്കാരിന്റെ നയമല്ല, സർക്കാരിന്റെ മുഖമാണ്. ഈ ജെൻഡർ ബഡ്ജറ്റ് സ്ത്രീകളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും കൂടുതൽ കരുത്താർജ്ജിച്ച് ശക്തരാകുകയും ചെയ്യുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കുട്ടികൾ നമ്മുടെ രാജ്യത്തിന്റെ സമ്പത്താണ്. അവർക്കെതിരെയുള്ള അതിക്രമങ്ങളെ ഭയത്തോടുകൂടിയാണ് നമ്മൾ കേൾക്കുന്നത്. മാതാപിതാക്കളുടെ കൈകളിൽപ്പോലും കുട്ടികൾ സുരക്ഷിതരല്ല. കുട്ടികൾക്കെതിരെയുള്ള യാതൊരുവിധ പീഡനവും മാപ്പർഹിക്കുന്നതല്ല.

വിശപ്പുരഹിത കേരളം പദ്ധതി ആലപ്പുഴയിൽ നടപ്പിലാക്കിയിട്ടുണ്ട്. 400 കോടി രൂപ പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. കിടപ്പിലായ രോഗികൾക്ക് സൗജന്യമായി വീട്ടുപടിക്കൽ രണ്ടുനേരത്തെ ഭക്ഷണം നൽകുന്ന പദ്ധതി ആലപ്പുഴയിൽ വിജയകരമായി നടപ്പിലാക്കി. ബഡ്ജറ്റ് പാസ്സാക്കുന്നതോടുകൂടി അത് കേരളത്തിൽ പ്രാവർത്തികമാക്കുന്ന സംരംഭമായി വരണം. അതുപോലെ, സംസ്ഥാനത്ത് ഭിക്ഷാടനം നിരോധിക്കണം. വേണ്ടിവന്നാൽ ഭിക്ഷാടന നിരോധന നിയമം തന്നെ പാസ്സാക്കണം. അതോടൊപ്പം കുട്ടികൾ ഭിക്ഷാടന മാഫിയയുടെ കൈകളിൽ പ്പെടാതിരിക്കാനാവശ്യമായ ജാഗ്രതയുണ്ടാകണം. 'സൗമ്യമാർ' നമുക്ക് നഷ്ടമാകുമ്പോൾ ഗോവിന്ദച്ചാമിമാർ ജയിലിൽ തടിച്ചുകൊഴുക്കുകയാണ്. നമ്മുടെ രാജ്യത്ത് ഭിക്ഷാടന നിരോധന നിയമം നടപ്പിലാക്കുമ്പോഴും ഒരു കേരള മോഡൽ സംവിധാനംകൂടി അനിവാര്യമാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല, ലോക കേരളസഭ നടത്തി സർക്കാർ എന്തുനേടുമെന്ന് പറയുകയുണ്ടായി. എമർജിംഗ് കേരള വഴി കഴിഞ്ഞ 5 വർഷം യു.ഡി.എഫ്. സർക്കാർ എന്താണ് കേരളത്തിൽ നടപ്പിലാക്കിയതെന്നുകൂടി അങ്ങ് ഈയവസരത്തിൽ വ്യക്തമാക്കണം.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എസ്.സി./എസ്.റ്റി. കോർപ്പറേഷനിൽനിന്നും എടുക്കുന്ന വായ്പയിൽ ഒരു ലക്ഷം രൂപ വരെയുള്ള കുടിശ്ശിക എഴുതിത്തള്ളുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. പക്ഷേ അപേക്ഷ നൽകിയവർക്ക് സമയബന്ധിതമായി ഈ ആനുകൂല്യം ലഭ്യമാക്കാൻ കഴിയുന്നില്ല. കാരണം, അവരോട് വീണ്ടും ജാതി സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ നിർദ്ദേശിക്കുകയാണ്. അവശരും സമൂഹത്തിൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുമായ ഇത്തരം കുടുംബങ്ങളോട് സ്വീകരിക്കുന്ന നിലപാട് തിരുത്തണം. പട്ടികജാതി വിഭാഗത്തിന് ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നൽകുന്ന പ്രധാനപ്പെട്ട വികസന പാക്കേജാണിത്. എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് പഠനവീട് തയ്യാറാക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. 10-ാം ക്ലാസ്സ് വിദ്യാർത്ഥി കൾക്ക് 2 ലക്ഷം രൂപയും പ്ലസ് ടു വിദ്യാർത്ഥികൾക്ക് 1 ലക്ഷം രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. ഇത് പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന വലിയൊരു ആനുകൂല്യവുമായി ബന്ധപ്പെട്ടുള്ള വിഷയമാണ്.

ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റിൽ കേരളത്തിന്റെ വരുംകാലങ്ങൾക്കുവേണ്ടി ദീർഘവീക്ഷണത്തോടുകൂടിയുള്ള വികസന പദ്ധതികളാണുള്ളതെന്ന് കാണാൻ കഴിയും. ആ ലക്ഷ്യം പൂർത്തീകരിക്കാൻ ഞങ്ങൾ, ഇടതുപക്ഷ എം.എൽ.എ.-മാർ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയും ഈ ബഡ്ജറ്റിനെ ശക്തമായി പിന്തുണയ്ക്കുകയും ചെയ്തുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. ദാസൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. മന്ത്രിയുടെ കാര്യപ്രാപ്തിയെ സംബന്ധിച്ച് പ്രതിപക്ഷത്തിരിക്കുന്നവർക്കുപോലും സംശയമില്ല, എല്ലാവരും അഭിനന്ദനമാണ് ഇവിടെ പ്രകടിപ്പിച്ചിട്ടുള്ളത്. നികുതിവരുമാനം കുറഞ്ഞുവരികയും, സംസ്ഥാനത്തെ ചെലവുകൾ കൂടുകയും ചെയ്യുന്ന അന്തരീക്ഷത്തിലാണ് ഇങ്ങനെയൊരു ബഡ്ജറ്റ് ധനമന്ത്രി അവതരിപ്പിച്ചത്. സാമ്പത്തിക പ്രതിസന്ധികളൊന്നും പ്രകടിപ്പിക്കാതെ എല്ലാ സാമൂഹ്യക്ഷേമ പദ്ധതികളും ഒരുപോലെ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ ശ്രമിച്ചു എന്നതാണ് ബഡ്ജറ്റിന്റെ സവിശേഷത. സാധാരണഗതിയിൽ ഇങ്ങനെയൊരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ സാമ്പത്തികഞെരുക്കം പ്രകടമായി കാണേണ്ടതാണ്. ഇതിൽ സാമ്പത്തികഞെരുക്കം ആമുഖമായി അവതരിപ്പിച്ചുകൊണ്ടുതന്നെ നിലവിലുള്ള എല്ലാ ക്ഷേമപദ്ധതികളും തുടരുന്നുവെന്ന് മാത്രമല്ല, ധാരാളം ആളുകളെ പുതിയ ക്ഷേമപദ്ധതികളിലേക്ക് ഉൾപ്പെടുത്താൻ സർക്കാർ ശ്രമിക്കുകയും ചെയ്യുന്നു. ഒരു ക്ഷേമപദ്ധതിപോലും ചുരുക്കി എന്ന് ആർക്കും ഒരു വിമർശനവും ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് അതിന്റെ പ്രത്യേകത. എല്ലാ വിഭാഗം ജനങ്ങളുടേയും ആവശ്യങ്ങൾ തൊട്ടറിഞ്ഞുകൊണ്ടും അതിന് പരിഹാരം നിർദ്ദേശിച്ചുകൊണ്ടുമാണ് ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. അതുകൊണ്ട് ഓരോ ജനവിഭാഗങ്ങളും ഈ ബഡ്ജറ്റിനെ തങ്ങളുടെ ബഡ്ജറ്റായിട്ടാണ് കാണുന്നത്. വളരെക്കാലമായി കണ്ണീരോടെ കഴിയുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ഈ മാർച്ച് 31-നകം പൂർണ്ണമായും കൊടുത്തുതീർക്കുമെന്ന് ഈ ബഡ്ജറ്റിലൂടെ പറയാൻ കഴിഞ്ഞത് പ്രധാന കാര്യമാണ്. അതുപോലെ കടലിൽ കഠിനാദ്ധ്വാനം ചെയ്താൽപ്പോലും ന്യായമായ വരുമാനം ലഭിക്കാത്ത മത്സ്യത്തൊഴിലാളികൾ വലിയൊരു പ്രതിസന്ധിയെയാണ് ഓഖി ദുരന്തത്തോടെ നേരിട്ടത്. ഇവിടെ ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ കടൽ സുരക്ഷക്കാവശ്യമായ എല്ലാ നടപടികളും ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് കടൽ സുരക്ഷയ്ക്കായി എന്തെങ്കിലും നടപടികൾ

ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നോ ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ ഉണ്ടായിട്ടില്ല. കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ ധീരമായി കൈകാര്യം ചെയ്യാൻ കഴിയുമെന്ന് സർക്കാർ തെളിയിച്ചിരിക്കുകയാണ്. സാധാരണക്കാരുടെ കണ്ണുനീരൊപ്പാൻ സർക്കാരിന് സാധിച്ചു. പലരും വിമർശിച്ചപ്പോഴും സഭയിൽ അതിന് കൃത്യമായി മറുപടി പറഞ്ഞുകൊണ്ട് നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലെ ജനങ്ങളുടെ, കേരളക്കരയുടെ മെഗാസ്റ്റാറായി മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അറിയപ്പെടുകയാണ്. വളരെ കൃത്യമായ ധാരണയോടുകൂടിയാണ് ഈ സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ജനജീവിതത്തിലും സാമൂഹ്യജീവിതത്തിലും വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന രീതിയിലാണ് സർക്കാരിന്റെ ഓരോ പ്രവർത്തനങ്ങളും നടക്കുന്നത്. അതുപോലെതന്നെ പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളെ പ്രത്യേക കാരുണ്യത്തോടുകൂടി കാണാൻ ഈ സർക്കാർ സന്നദ്ധമാകുന്നു എന്നതാണ് മറ്റൊരു പ്രത്യേകത. അവരുടെ പ്രശ്നങ്ങളിൽ സർക്കാർ ഇടപെട്ടുവെന്ന് മാത്രമല്ല, ജീവിതത്തിൽ ഏറിയപങ്കും പട്ടിണി അനുഭവിക്കേണ്ടിവന്ന ഈ ജനവിഭാഗങ്ങളുടെ ജീവിതപ്രശ്നങ്ങളെന്താണെന്ന് യാഥാർത്ഥ്യബോധത്തോടുകൂടി കാണാൻ ഈ സർക്കാർ സന്നദ്ധത പ്രകടിപ്പിച്ചു. സ്ത്രീസുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് സ്ത്രീകൾക്ക് വരുമാനദായകമായ പല പദ്ധതികളും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് മതിയായ പ്രാതിനിധ്യം നൽകാൻ സർക്കാർ സന്നദ്ധമായി എന്നതുകൊണ്ട് ഇതൊരു സ്ത്രീപക്ഷ ബഡ്ജറ്റായി വിലയിരുത്തുന്നുണ്ട്. അങ്ങനെയൊരു ബഡ്ജറ്റ് അവതരിപ്പിക്കാനും പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പ്രത്യേകമായിട്ടുള്ള പിന്തുണ നൽകാനും സർക്കാർ സന്നദ്ധമായിട്ടുണ്ട്.

കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് പല കാര്യങ്ങളിലും മാതൃകയാണ്. സമുദ്രതീരങ്ങളിൽ നിരവധി വികസനം എന്ന കാഴ്ചപ്പാടോടുകൂടി മുന്നോട്ട് പോയിട്ടുള്ള മറ്റൊരു സംസ്ഥാനവും നമ്മുടെ രാജ്യത്തില്ലെന്ന് നമുക്കറിയാം. നമ്മുടെ രാജ്യത്ത് അവതരിപ്പിക്കപ്പെട്ട ധാരാളം ബഡ്ജറ്റുകളുണ്ട്. കേന്ദ്രസർക്കാരുകൾ മാറിമാറി വന്നു. സംസ്ഥാനത്തെ മാത്രമല്ല, ഇന്ത്യയിലെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക വകുപ്പ് വേണമെന്നും ക്യാബിനറ്റ് റാങ്കുള്ള ഒരു മന്ത്രി വേണമെന്നും എത്രയോ കാലമായി കേന്ദ്രത്തോട് ആവശ്യപ്പെടുന്നതാണ്. കോൺഗ്രസ്സ് കുറേക്കാലം ഭരിച്ചു, കുറച്ച് ഇടവേളയിൽ ബി.ജെ.പി. ഭരിച്ചു. ഈ കാലയളവുകളിലെല്ലാം മത്സ്യത്തൊഴിലാളികൾക്കുവേണ്ടി അഹോരാത്രം പ്രസംഗിക്കുകയും അവർക്കുവേണ്ടി പറയുന്നുവെന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്ന

ആളുകൾ ഒരു മന്ത്രിയെ അതിനുവേണ്ടി നിയോഗിക്കാനോ ഇന്ത്യാരാജ്യത്തെ മഹാഭൂരിപക്ഷം വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതവൈഷമ്യങ്ങൾ ലഘൂകരിക്കാൻ കഴിയുന്ന രീതിയിൽ ഭരണനടപടികൾ കേന്ദ്രീകരിക്കാൻ ഒരു വകുപ്പുണ്ടാക്കാനോ ഇന്നുവരെ ശ്രമിച്ചിട്ടില്ലായെന്നത് നാം കാണണം. കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കാൻ കഴിഞ്ഞ കാലമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലം. സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി നാവികസേനയുടേയും കോസ്റ്റ്ഗാർഡിന്റേയും പതിനഞ്ച് കപ്പലുകൾ ദിവസങ്ങളോളം കടലിൽ തിരച്ചിൽ നടത്തി. സുനാമി ദുരന്തമുണ്ടായപ്പോൾ ഇവിടെയൊരു സർക്കാരുണ്ടായിരുന്നു, അന്ന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി നമ്മളാരും കണ്ടില്ല. സുനാമി ദുരന്തത്തിലൂടെ ആയിരക്കണക്കിനാളുകൾ മരിച്ചു. അന്ന് ശക്തമായി ഇടപെടാനുള്ള നിർദ്ദേശം കൊടുക്കാനോ, ഇടപെടാനോ തയ്യാറാകാത്തതിന്റെ ഭാഗമായി നിരവധി ആളുകളാണ് മരണപ്പെട്ടത്. അന്ന് രാജ്യത്താകമാനം വലിയ പ്രതിഷേധമാണുണ്ടായത്. അന്നത്തെ മുഖ്യമന്ത്രിയെ തടഞ്ഞു, ജനരോഷം വളരെ വലുതായിരുന്നു. അതിൽ നിന്നും ഭിന്നമായൊരു നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. ഇതുവരെയില്ലാത്ത രീതിയിലുള്ള രക്ഷാപ്രവർത്തനമാണ് കേരളത്തിൽ നടത്തിയത്. മരിച്ചവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപ കൊടുക്കാൻ തീരുമാനിച്ചു, കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ ഇങ്ങനെയൊരു തീരുമാനമുണ്ടായിട്ടുണ്ടോ. പരമാവധി പത്തുലക്ഷം രൂപയാണ് ഇതുവരെ കൊടുത്തിരുന്നത്, അതിന്റെ ഇരട്ടിയാണ് ഇപ്പോൾ കൊടുത്തിരിക്കുന്നത്. നാഥൻ നഷ്ടപ്പെട്ട് അനാഥമാകുന്ന കുടുംബത്തെ സഹായിക്കാനാരുണ്ട് എന്ന ചോദ്യത്തിന് ഈ സർക്കാർ 'ഞങ്ങളുണ്ട്' എന്ന് മറുപടി പറയുകയാണ്. ഈ സർക്കാർ പതിനായിരം രൂപ വീതം കൊടുക്കാൻ തീരുമാനിച്ചു. മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിൽ മാറ്റങ്ങളുണ്ടാക്കിയത് അങ്ങനെയാണ്. അതിന്റെ ഫലമായി വള്ളവും വലയും നഷ്ടപ്പെട്ടവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം കൊടുക്കാൻ തീരുമാനിച്ചു. തീരദേശമേഖലയുടെ പുനർനിർമ്മാണത്തിനുവേണ്ടി 7340 കോടി രൂപ മാറ്റിവച്ചു. ഇങ്ങനെയൊരു സർക്കാർ കേരളത്തിൽ ഇതിന് മുൻപുണ്ടായിരുന്നോ? ഓഖി ചുഴലിക്കാറ്റിന്റെ വിവരം മുൻകൂട്ടി കിട്ടിയിരുന്നുവെങ്കിൽ ഈ അപകടങ്ങളെല്ലാം ഒഴിവാക്കാമായിരുന്നു. കേന്ദ്ര സർക്കാരിന്റെ നിലപാട് അങ്ങനെയായിരുന്നില്ല. ഭൂമിയും വീടും നഷ്ടപ്പെട്ട 192 പേർക്ക് വീട് നിർമ്മിക്കാനും ഭൂമികൊടുക്കാനും ആവശ്യമായ ധീരമായ നിലപാട് സ്വീകരിച്ച സർക്കാരിനെ ആർക്കെങ്കിലും എതിർക്കാൻ കഴിയുമോ? അങ്ങനെ എതിർക്കുന്നത് ശരിയാണോ എന്ന്

മത്സ്യത്തൊഴിലാളികൾ ഓർക്കേണ്ടതാണ്. കാര്യങ്ങൾ ഇവിടെ തെറ്റായ രീതിയിൽ അവതരിപ്പിക്കാനാണ് പലരും ശ്രമിക്കുന്നത്. സമുദ്ര സമ്പത്തിന്റെ സംരക്ഷണത്തിനും അതിന്റെ പങ്കാളിത്ത ചൂഷണത്തിനും ആവശ്യമായ ശക്തമായ നിലപാട് സ്വീകരിക്കുന്ന ഈ ബഡ്ജറ്റിനെ ഞാൻ അംഗീകരിക്കുന്നു. ഈ ബഡ്ജറ്റ് കേരളത്തിന്റെ തീരപ്രദേശങ്ങൾക്ക് വലിയ പ്രതീക്ഷ നൽകുന്നതാണെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ് സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച കാര്യങ്ങൾ എത്രമാത്രം നടപ്പിലാക്കാൻ കഴിഞ്ഞു എന്നതാണ് ആദ്യമായി വിലയിരുത്തേണ്ടത്. നല്ല പ്രഖ്യാപനങ്ങളുണ്ടാകുന്നത് സ്വാഗതാർഹമാണ്. കഴിഞ്ഞ വർഷത്തെ ഒരു പ്രഖ്യാപനം എനിക്ക് ആകർഷകമായിത്തോന്നി, ഇന്ന് കേരളവും ഇന്ത്യയും ശ്രദ്ധിക്കുന്ന ടെക്നോപാർക്കിന്റെ മോഡലിൽ കുറേ സെന്ററുകൾ ആരംഭിക്കുമെന്നുള്ളതാണ് അത്. അവ വരുമെന്ന് പ്രതീക്ഷിച്ചു. ആയിരത്തോളം ഏക്കർ സ്ഥലം ഏറ്റെടുത്ത് അവിടെ വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കുമെന്ന പ്രഖ്യാപനം വന്നിരുന്നു, അതിൽ മട്ടന്നൂരും ഇടുക്കിയും ഉൾപ്പെട്ടിരുന്നു. പ്രഖ്യാപനമല്ലാതെ യാതൊരു ചലനവുമുണ്ടായില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ നടപ്പിലാക്കിയ കാര്യങ്ങളെക്കുറിച്ച് പരാമർശിക്കുന്നത് നന്നായിരിക്കും. കാർഷിക മേഖല ഇന്ന് പ്രതിസന്ധിയിലാണ്, ഈ മേഖലയിൽ വളർച്ചയില്ലെന്ന് മാത്രമല്ല, കേവലമായി ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന് മുഖ്യകാരണം കാർഷികോല്പന്നങ്ങളുടെ വിലയിടിവാണ്. കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില (Minimum Support Price) ആവശ്യമാണ്. ഉല്പാദനച്ചെലവിന്റെ ഒന്നര ഇരട്ടി തുക താങ്ങുവിലയായി കേന്ദ്രസർക്കാർ ഇത്തവണ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അത് നടപ്പിലാക്കുമോ എന്നറിയില്ല. അത്തരത്തിലുള്ളൊരു സമീപനം സംസ്ഥാന സർക്കാരിനുണ്ടായിരുന്നുവെങ്കിൽ ഈ പ്രതിസന്ധി മറികടക്കാൻ കഴിയുമായിരുന്നു. ഉല്പാദനച്ചെലവിന്റെ അടിസ്ഥാനത്തിലാണെങ്കിൽ, റബ്ബറിന്റെ വില 2011-ലെ വിലയുടെ പകുതിയിൽ താഴെയായിരിക്കുകയാണ്. റബ്ബറിന്റെ വില സ്ഥിരതാ ഫണ്ടിനെപ്പറ്റിയുള്ള പരാമർശം ബഡ്ജറ്റ് പ്രസംഗത്തിൽ വിട്ടുപോയത് എന്തുകൊണ്ടാണെന്നറിയില്ല. കഴിഞ്ഞ വർഷം 500 കോടി രൂപ മാറ്റിവച്ചിരുന്നെങ്കിലും ഇതിനായി ചെലവഴിച്ചത് 50 കോടി രൂപ മാത്രമാണ്. താങ്ങുവില 200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിച്ചാൽ ആ മേഖലയിൽ തീർച്ചയായും മാറ്റമുണ്ടാക്കാം. റബ്ബർ മാത്രമല്ല, കേരളത്തിലെ നാളികേരമൊഴിച്ചുള്ള നാണ്യവിളകളൊക്കെത്തന്നെ വലിയ പ്രതിസന്ധിയിലാണ്. ഏലത്തിനും

കാപ്പിക്കുമൊക്കെ താങ്ങുവില നിശ്ചയിച്ച് അവ സംഭരിക്കാൻ കഴിഞ്ഞാൽ തീർച്ചയായും വലിയ മാറ്റമുണ്ടാകും. പച്ചക്കറികൃഷി വികസനത്തെ സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഇപ്പോഴും ധാരാളം പ്രഖ്യാപനങ്ങളുണ്ടായി. മറയൂർ, കാന്തല്ലൂർ, വട്ടവട എന്നീ മേഖലകളിൽ കേരളത്തിനാവശ്യമായ ശീതകാല പച്ചക്കറികൾ മുഴുവൻ ഉത്പാദിപ്പിക്കാൻ കഴിയും. ഇവിടെയുള്ള കർഷകരോട് പച്ചക്കറികൾ ഉത്പാദിപ്പിക്കാൻ പറഞ്ഞപ്പോൾ, അവർ ഉത്പാദിപ്പിച്ചു, പക്ഷെ സംഭരണമുണ്ടായില്ല, അതിനാൽ പച്ചക്കറികൾ നശിച്ചുപോകുകയാണ്. ഈ നില തുടർന്നാൽ കർഷകർ എങ്ങനെ മുന്നോട്ടുപോകും? കാർഷിക മേഖലയിലെ തളർച്ച മാറ്റാൻ കേരളത്തിലെ എല്ലാ കാർഷികോല്പന്നങ്ങൾക്കും മിനിമം സപ്പോർട്ട് പ്രൈസ് നൽകേണ്ടതാണ്. കേന്ദ്രത്തിന്റെ ലിസ്റ്റിൽ റബ്ബറുൾപ്പെട്ടിട്ടില്ല. വ്യവസായ ഉല്പന്നമായ പരുത്തിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് എല്ലാ കാർഷികോല്പന്നങ്ങൾക്കും മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാർഷിക മേഖല തളർന്നുകൊണ്ടിരിക്കുമ്പോൾ അതിൻമേൽ കുറച്ചുകൂടി ഭാരമേല്പിക്കുന്ന നടപടി ശരിയല്ല. പ്രതിപക്ഷം ആവശ്യപ്പെട്ടപ്രകാരം ഉപേക്ഷിച്ച ഭൂനികുതി സർക്കാർ പുനഃസ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ഭൂമിയുടെ വില വർദ്ധിക്കുന്നുണ്ടോ; ഇടപാടുകൾ എന്തെങ്കിലും നടക്കുന്നുണ്ടോ? കൃഷിക്കാരും ഭൂവുടമകളും ബുദ്ധിമുട്ട് നേരിടുന്ന അവസരത്തിൽ പത്ത് ശതമാനം വർദ്ധനവ് ഭാരം തന്നെയാണ്. സാധാരണ കൃഷിക്കാരുടെ കുടുംബാംഗങ്ങൾ തമ്മിൽ ഭാഗഉടമ്പടി ചെയ്യുന്നതിനുള്ള ചാർജ് വർദ്ധനവ് കാർഷിക മേഖല തകർന്നു കൊണ്ടിരിക്കുന്ന ഈയവസരത്തിൽ കൊണ്ടുവന്നത് ഒട്ടും ശരിയായില്ല. ക്ഷേമ പെൻഷനുകളെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഭാഗം ഈ ബഡ്ജറ്റിന്റെ ശോഭ കെടുത്തുന്നതാണ്. സാമൂഹ്യ സുരക്ഷാപെൻഷനുകളും ക്ഷേമ പെൻഷനുകളും ഇരട്ടിയാക്കി യഥാസമയം വിതരണം ചെയ്തു എന്നതാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നു. തുടർന്ന് പറയുന്നത് കേട്ടാൽ, 42 ലക്ഷം പേർക്ക് പെൻഷൻ കൊടുക്കുന്നതിൽ അങ്ങേയ്ക്ക് അസ്വസ്ഥതയുള്ളതുപോലെ തോന്നും. 'പെൻഷൻ ലഭിക്കാനുള്ള കുടുംബ വരുമാനപരിധി ഒരു ലക്ഷം രൂപയാണ്. പക്ഷേ വളരെ ഉയർന്ന വരുമാനക്കാർ ഇന്ന് പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുകയാണ്. അനർഹരെ പെൻഷൻ പട്ടികയിൽനിന്നും നീക്കം ചെയ്യുന്നതിന് ഊർജ്ജിത തിരുത്തൽ പരിപാടി നടപ്പിലാക്കും' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇടുക്കിയിൽ പെൻഷൻ വാങ്ങുന്ന 133000 ആളുകളുണ്ട്. അതിൽ 66000 ആളുകൾ വാർദ്ധക്യകാല

പെൻഷനും 33000 ആളുകൾ വിധവാ പെൻഷനും വാങ്ങുന്നവരാണ്. പുതിയ മാനദണ്ഡങ്ങൾ വരുത്തിക്കൊണ്ട് വൻതോതിലുള്ള വെട്ടിക്കുറവ് നടത്താനുള്ള നീക്കമാണ് ഇതിലൂടെ കാണുന്നത്. 1600 ചതുരശ്രയടിയുടെ വീടുണ്ടെങ്കിൽ പെൻഷൻ ലഭിക്കില്ല. ഒരു കുടുംബത്തിൽ മൂന്നോ, നാലോ, അഞ്ചോ അംഗങ്ങളുണ്ടാകും, ഒരു കാരണവർ ഇന്നലെ എന്നോട് സംസാരിച്ചപ്പോൾ പറഞ്ഞത്, മകന്റെ കല്യാണം കഴിഞ്ഞപ്പോൾ ആസ്ബസ്റ്റോസ് ഷീറ്റ് വച്ച് ഒരു മുറി കൂട്ടിയെടുത്തു, അപ്പോൾ 1600 ചതുരശ്രയടിയിൽ കൂടുതലായി എന്നാണ്. വാർദ്ധക്യകാല പെൻഷൻ വാങ്ങുന്ന അദ്ദേഹത്തിന് ഇനി പെൻഷനുണ്ടാകില്ല. രണ്ടേക്കർ ഭൂമിയുണ്ടെങ്കിൽ പെൻഷൻ ലഭിക്കില്ല, ഇടുക്കിയിലെ ഹൈറേഞ്ചിൽ രണ്ടേക്കർ ഭൂമിയുണ്ടെങ്കിൽ ഒരു ലക്ഷം രൂപ വരുമാനമുണ്ടാകുമോയെന്ന് ശ്രീ. എം. എം. മണിക്ക് അറിയാം. പുതിയ മാനദണ്ഡങ്ങളനുസരിച്ച് പെൻഷൻ റിവൈസ് ചെയ്യാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്; അല്ലെങ്കിൽ കേരളത്തിലെ പകുതിയാളുകൾക്കും ക്ഷേമ പെൻഷനുകൾ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമുണ്ടാകും.

ഹരിത കേരള മിഷൻ നല്ല സംരംഭമാണ്. മലിനജലം മാത്രമല്ല, കക്കൂസ് മാലിന്യങ്ങൾ വരെ വാഹനങ്ങളിൽ കൊണ്ടുവന്ന് നദികളിലും ജലാശയങ്ങളിലും ഉപേക്ഷിക്കുന്ന സ്ഥിതി ഇന്നുണ്ട്, ഇത് തടയാൻ ഫലപ്രദമായ ഒരു നടപടിയുമുണ്ടാകുന്നില്ല. അതുകൊണ്ട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എല്ലാ മേഖലയിലും തുടങ്ങേണ്ടത് ശുദ്ധമായ കുടിവെള്ളം ആഗ്രഹിക്കുന്ന എല്ലാവരുടെയും ആവശ്യമാണ്, ഇക്കാര്യത്തിൽ കർശനനടപടിയുണ്ടാകണം. ഞാൻ ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

1.00 പി. എം.)

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2018-19-ലെ ബഡ്ജറ്റ് കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് വളരെയധികം ആശ്വാസവും പൊതുമേഖലയിൽ ഊർജ്ജവും പകരുന്നതാണെന്ന കാര്യത്തിൽ സംശയമില്ല. നോട്ട് നിരോധനവും ജി.എസ്.ടി.-യും ഓഖിദുരന്തത്തിന്റെ ആഘാതവും നമ്മുടെ സാമ്പത്തികസ്ഥിതിയെ ഇളക്കിമറിക്കുകയും അതോടൊപ്പം കേന്ദ്രം പല സഹായങ്ങളും വെട്ടിക്കുറയ്ക്കുകയും ചെയ്തപ്പോഴും എല്ലാ സമ്മർദ്ദവും ഉൾക്കൊണ്ടുകൊണ്ട് ഇത്തരത്തിലൊരു ജനകീയ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ

ഞാൻ അഭിനന്ദിക്കുകയാണ്. എല്ലാവർക്കും ഭക്ഷണവും പാർപ്പിടവും പദ്ധതി, കാർഷിക മേഖലയ്ക്ക് പ്രത്യേകം തുക, സ്ത്രീ സുരക്ഷ, സാമൂഹ്യ സുരക്ഷ, തീരദേശമേഖലയ്ക്ക് പ്രത്യേക പരിഗണന, വിദ്യാഭ്യാസ-ആരോഗ്യ മേഖലയ്ക്കുള്ള പ്രാധാന്യം, കുടുംബശ്രീ, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികൾ തുടങ്ങിയവയെല്ലാം എടുത്തുപറയേണ്ടവയാണ്. ഇവയെല്ലാമാണ് 2018-19-ലെ ബഡ്ജറ്റിനെ ജനകീയമാക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനം ഒരു പരിധിവരെ കിഫ്ബിയിലൂടെ സാക്ഷാത്ക്കരിക്കുവാൻ സാധിക്കുമെന്നതും ഇതിലൂടെ സംസ്ഥാനത്ത് സാമ്പത്തിക ഉത്തേജനം സൃഷ്ടിക്കാൻ കഴിയുമെന്നതും നല്ല കാര്യം തന്നെയാണ്. ഇതിനായി സധൈര്യം മുന്നോട്ടിറങ്ങിയ അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. എന്നാൽ ഈ ബഡ്ജറ്റിൽ കൃഷിക്കും ജലസേചനത്തിനും കുറച്ചുകൂടി ശ്രദ്ധ നൽകേണ്ടതായിരുന്നു. കേരളത്തിന്റെ സാമ്പത്തിക സർവ്വേയനുസരിച്ച് കാർഷിക മേഖല തകർച്ചയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ആ സാഹചര്യത്തിൽ കാർഷികമേഖലയെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ചില്ലെങ്കിൽ ഈ മേഖല ഇനിയും കൂടുതൽ തകരാനാണ് സാധ്യത. ജലസേചനവും കൃഷിയും ഒരുമിച്ചുനിൽക്കുന്നതാണ്. ഏകദേശം മൂവായിരം ടി.എം.സി.-യോളം വെള്ളം, അതായത് മറ്റൊരു സംസ്ഥാനത്തിനും ഇല്ലാത്തത്ര ജലസമ്പത്ത് കേരളത്തിനുണ്ട്. അതിൽ 1500 ടി.എം.സി. വെള്ളം നമുക്ക് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. അതിനൊരു പ്രത്യേക പ്രോജക്ടോ പദ്ധതിയോ ഇല്ല. കഴിഞ്ഞ 30 വർഷമായി ഒരു പ്രോജക്ടും നമുക്ക് കൊണ്ടുവരാൻ സാധിച്ചിട്ടില്ല. വെള്ളം മുഴുവൻ തമിഴ്നാടും മറ്റ് സംസ്ഥാനങ്ങളും ഉപയോഗിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഇന്റർസ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ടിനോടനുബന്ധിച്ച് കബനി ബേസിനുവേണ്ടി 14 കോടി രൂപ നീക്കിവച്ചു. പക്ഷേ തമിഴ്നാട് സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തതുകാരണം ആ തുക നമുക്ക് ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. കേരളം ഉപയോഗിക്കാത്ത വെള്ളമെന്ന് പറഞ്ഞാണ് തമിഴ്നാട് ഇറിഗേഷൻ പ്ലാനിൽ 14500 കോടി രൂപയുടെ പ്രോജക്ടിന് ഇപ്പോൾ പി.എം.കെ.എസ്.വൈ.-യിലൂടെ അനുമതി വാങ്ങിയിരിക്കുന്നത്. നമ്മുടെ വെള്ളമാണ് അവർ ഉപയോഗിക്കുന്നത്. അത് നമുക്ക് ഒബ്ജക്ട് ചെയ്യാൻ സാധിക്കും. അവരത് ഉപയോഗിക്കാൻ പാടില്ലെന്നുള്ള ഒബ്ജക്ഷൻ നടത്താൻ നമുക്ക് സാധിക്കണമെന്നാണ് എനിക്ക്

ജലവിഭവ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. കൂടുതൽ ജലസേചന പദ്ധതികൾ കൊണ്ടുവന്നില്ലെങ്കിൽ കേരളം വലിയ പ്രതിസന്ധിയിലേയ്ക്ക് പോകുമെന്നുള്ള കാര്യം തീർച്ചയാണ്. പദ്ധതികൾ പ്രാവർത്തികമായിക്കഴിഞ്ഞാൽ അതിലൂടെ നമുക്ക് കൂടുതൽ വരുമാനം കിട്ടുകയും അധിക വൈദ്യുതി ഉപയോഗിക്കാൻ സാധിക്കുകയും ചെയ്യും. അത് പ്രാവർത്തികമാക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

മാത്രമല്ല, കേന്ദ്രത്തിന്റെ സാമ്പത്തിക സർവ്വേയിൽ കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക മേഖലയിൽ 25 ശതമാനം നഷ്ടം വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആ നഷ്ടം എങ്ങനെ നികത്തും? അത് നികത്തുന്നതിനായി അടിയന്തരമായി ബഡ്ജറ്റിലൂടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലോ ഉള്ള ആനുകൂല്യങ്ങൾ ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.

ഗ്രീൻ ക്ലൈമറ്റ് ഫണ്ട് പ്രകാരം ആവശ്യമായ പ്രോജക്ടുണ്ടാക്കി കേന്ദ്രത്തിൽ സമർപ്പിക്കാൻ നമുക്ക് സാധിച്ചിട്ടില്ലെന്നുള്ളതാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഇതിലൂടെ ഒറീസ്സ സർക്കാർ 300 കോടി രൂപയും തമിഴ്നാട് സർക്കാർ കഴിഞ്ഞ ജനുവരി മാസം അവസാനം 318 മില്യൻ രൂപയും ലോക ബാങ്കിൽനിന്ന് ഒപ്പിട്ടുവാങ്ങുകയും ചെയ്തു. കൃഷിക്കും ജലസേചനത്തിനുമായാണ് അവർ പണം വാങ്ങിയത്. ധനകാര്യ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് ഇത്തരത്തിലുള്ള ഫണ്ട് കിട്ടാൻ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. പി.എം.കെ.എസ്.വൈ.-യിലൂടെ കാർഷികരംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ സാധിക്കുന്നതാണ്. തമിഴ്നാട് 52000 കോടി രൂപയുടെ പ്രോജക്ടാണ് 5 വർഷത്തേയ്ക്ക് കൊടുത്തിരിക്കുന്നത്. നമുക്കിനിയും വേണ്ട രീതിയിൽ പ്രോജക്ടുകൾ കൊടുക്കാൻ സാധിച്ചിട്ടില്ലെന്നാണ് എനിക്ക് മനസ്സിലായിട്ടുള്ളത്. കൃത്യമായ നോംസ് പ്രകാരം സമർപ്പിച്ചില്ലെങ്കിൽ അവ തിരിച്ചുവരുന്ന സ്ഥിതിയുണ്ടാകും. അതുപോലെ കർഷക കുടുംബങ്ങളുടെ വരുമാനത്തിൽ വമ്പിച്ച തോതിലുള്ള കുറവ് വന്നിരിക്കുകയാണ്. ഒരു കർഷക കുടുംബത്തിന് ഏകദേശം 6 ലക്ഷം രൂപയുടെ കടമുണ്ടെന്നാണ് ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. ആ കടമൊഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്ന് യാതൊരു സഹായവും ലഭിച്ചിട്ടില്ല. ഇപ്പോൾ കർഷകർക്ക് ബാങ്ക് നോട്ടീസ് അയച്ചുകൊണ്ടിരിക്കുകയാണ്. അടുത്തവർഷം ജപ്തി നടപടികൾ വരുമ്പോൾ അവരെ നമുക്കെങ്ങനെ സംരക്ഷിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. കേന്ദ്ര സഹായ

ഫണ്ടിനുള്ള മാച്ചിംഗ് ഫണ്ടിന്റെ കുറവ് വളരെയധികം അനുഭവപ്പെടുന്നുണ്ട്. ഇപ്രാവശ്യം കേരളത്തിൽ നിന്നുള്ള വിഹിതമായി 158 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേന്ദ്ര പദ്ധതികൾ നിലവിൽവരുമ്പോൾ ധാരാളം ഫണ്ട് ആവശ്യമായി വരും. ഏകദേശം 1000 കോടി രൂപയെങ്കിലുമുണ്ടെങ്കിൽ മാത്രമേ നമുക്ക് കേന്ദ്ര ഫണ്ട് മുഴുവനും വാങ്ങിയെടുക്കാൻ സാധിക്കുകയുള്ളൂ. അതുസംബന്ധിച്ച് വളരെ ഗൗരവമായി ആലോചിക്കണം.

ഈ മാസം 3-ാം തീയതി മുതൽ കേന്ദ്രത്തിൽ ആർ.സി.ഇ.പി. കരാറുമായി ബന്ധപ്പെട്ട ചർച്ച ആരംഭിച്ചിരിക്കുകയാണ്. ഈ മാസത്തോടുകൂടി അത് പൂർത്തിയാകുമെന്നാണ് ധാരണ. അതോടുകൂടി കേരളത്തിലെ കാർഷികമേഖല തകർന്നുതരിപ്പണമാകുമെന്ന കാര്യത്തിൽ സംശയമില്ല. കുരുമുളക്, ഏലം, കാപ്പി തുടങ്ങി നിരവധി നാണ്യവിളകൾക്ക് ഇവിടെ പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും. അതോടൊപ്പം പാലിന്റെ വിലനിലവാരത്തിലും തകർച്ചയുണ്ടാകും. ഇപ്പോൾത്തന്നെ പാൽപ്പൊടി ഇറക്കുമതി ചെയ്യാൻ കമ്പനികൾക്ക് അനുമതി കൊടുത്തതിന്റെ ഫലമായി തമിഴ്നാട്ടിലൊക്കെ പാലിന്റെ വില 15 രൂപയായി താഴ്ന്നിരിക്കുകയാണ്. ആ പാലാണ് കേരളത്തിൽ ഇപ്പോൾ കൊണ്ടുവരുന്നത്. ഇവിടത്തെ കോടിക്കണക്കിന് പാവപ്പെട്ട സ്ത്രീകളുടെ ഉപജീവനമാർഗ്ഗമാണത്, അവർ പശുക്കളെ വളർത്തിയാണ് കുടുംബം പുലർത്തുന്നത്. അത്തരം കുടുംബങ്ങളുടെ തകർച്ചയായിരിക്കും വരാൻപോകുന്നത്. ആർ.സി.ഇ.പി. കരാർ ഒപ്പിട്ടുകഴിഞ്ഞാൽ നെതർലന്റിൽനിന്ന് ഇഷ്ടംപോലെ പാൽ ഇറക്കുമതി ചെയ്യുന്ന അവസ്ഥയുണ്ടാകും. ഈ അവസ്ഥ തരണംചെയ്യുന്നതിനായി സർവ്വകക്ഷി നിവേദകസംഘം കേന്ദ്ര സർക്കാരിനെ കാണണമെന്നാണ് എന്റെ അഭിപ്രായം. ആർ.സി.ഇ.പി. കരാർ ഒപ്പിടുന്നതിനെതിരെ ശക്തമായ ചെറുത്തുനിൽപ്പ് നമ്മുടെ ഭാഗത്തുനിന്നുമുണ്ടായില്ലെങ്കിൽ വലിയൊരു ദുരന്തമായിരിക്കും കേരളത്തിൽ വരാൻ പോകുന്നത്. വിയറ്റ്നാമിൽ നിന്നാണ് കുരുമുളക് ഇറക്കുമതി ചെയ്യുന്നത്. അവിടെ 7500 കിലോ കുരുമുളകാണ് ഒരു ഹെക്ടറിൽ നിന്ന് ഉല്പാദിപ്പിക്കുന്നത്. അതേസമയം കേരളത്തിൽ ഇത് 350 കിലോയാണ്. വിയറ്റ്നാമിലെ കുരുമുളക് ഇവിടെ വന്നാൽ ഇവിടത്തെ കുരുമുളകുകൃഷിക്കാരന് എങ്ങനെ പിടിച്ചുനിൽക്കാൻ സാധിക്കും? അതാണ് എല്ലാ രംഗത്തും വരാൻപോകുന്ന സ്ഥിതി. അതിനെതിരായി ഒരു സർവ്വകക്ഷി നിവേദക സംഘം കേന്ദ്രത്തിൽ പോകണം. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും വരാത്ത അപകടമാണ് കേരളത്തിൽ വരാൻപോകുന്നത്. ഇക്കാര്യം ഗൗരവമായി സർക്കാർ കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഞങ്ങളുടെ നാട്ടിൽ പ്രിസിഷൻ ഫാമിംഗ് നടത്തി സാധാരണ 4 ടൺ വളർച്ചയുള്ള കാർഷികവിളയെ 45 ടണ്ണാക്കി മാറ്റി. പക്ഷേ ഫലമെന്താണ്? ഇപ്പോൾ തക്കാളിക്ക് 2 രൂപയാണ് വില. ആ വിലവച്ച് കേരളത്തിലെ കർഷകർക്ക് എങ്ങനെ പിടിച്ചുനിൽക്കാൻ സാധിക്കും? ഹോർട്ടികോർപ്പിനായി ഇത്തവണ പണം അനുവദിച്ചിട്ടില്ല, അക്കാര്യം വിട്ടുപോയതാണെന്നാണ് എനിക്ക് തോന്നുന്നത്. കഴിഞ്ഞപ്രാവശ്യം 30 കോടി രൂപ അനുവദിച്ചിരുന്നു. ഇപ്രാവശ്യം തുകയൊന്നും അനുവദിച്ചിട്ടില്ല. കഴിഞ്ഞ പ്രാവശ്യം ഇതുപോലെയുള്ള പ്രശ്നമുണ്ടായപ്പോൾ കൃഷി വകുപ്പുമന്ത്രി ഇടപെട്ടതിന്റെ ഫലമായാണ് അന്ന് 6 രൂപയ്ക്ക് തക്കാളി സംഭരിക്കാൻ സാധിച്ചത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഹോർട്ടികോർപ്പിന് പണം അനുവദിച്ചിട്ടുണ്ട്. പക്ഷെ പണം അനുവദിച്ചിരിക്കുന്നതെല്ലാം പ്രസംഗത്തിൽ പറയാൻ സാധിക്കില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഡ്ജറ്റിൽ തുക കാണാത്തതുകൊണ്ടാണ് അതിനെക്കുറിച്ച് പറഞ്ഞത്. കഴിഞ്ഞ വർഷം കൃഷി വകുപ്പുമന്ത്രി ഇടപെട്ടാണ് തക്കാളി കിലോക്ക് 6 രൂപവച്ച് സംഭരിച്ചത്. ഇപ്രാവശ്യം തക്കാളിയുടെ വില 2 രൂപയ്ക്കുതാഴെയാണ്. ഇങ്ങനെയായാൽ കൃഷിക്കാർ എന്തുചെയ്യും? അവർക്കെങ്ങനെ പിടിച്ചുനിൽക്കാൻ സാധിക്കും? ഇക്കാര്യങ്ങൾ അങ്ങ് പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഉല്പാദനച്ചെലവിന്റെ ഒന്നര ഇരട്ടി കൊടുക്കുന്നതിനെക്കുറിച്ച് കേന്ദ്ര സർക്കാർ ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. നമ്മുടെ മേഖലയിൽ അത് ഏതെല്ലാം കൃഷികൾക്ക്, എങ്ങനെ ഉപയോഗിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഇടതുപക്ഷ സർക്കാർ ഈ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ നമ്മുടെ രാജ്യം ഒരു കടുത്ത വെല്ലുവിളിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെയും കാർഷിക മേഖലയെയും വിദേശരാജ്യങ്ങൾക്കും കോർപ്പറേറ്റ് മുതലാളിമാർക്കും തുറന്നുകൊടുത്തതിന്റെ കെടുതി ഇപ്പോൾ നാം അനുഭവിക്കുകയാണ്. ഈ അവസരത്തിലാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ മൂന്നാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. വൻകോർപ്പറേറ്റ് മുതലാളിമാർക്ക് മാത്രം നികുതിയിളവുകൾ

നൽകി വർഷാവർഷം നടത്തുന്ന ഒരു ചടങ്ങായി കേന്ദ്ര ബഡ്ജറ്റ് മാറുന്ന ഈ കാലഘട്ടത്തിൽ പാർശ്വൽക്കരിക്കപ്പെട്ടവരുടെ ഹൃദയവികാരം നെഞ്ചിലേറ്റിക്കൊണ്ടാണ് സർക്കാർ ഈ ബഡ്ജറ്റ് ജനസമക്ഷം അവതരിപ്പിക്കുന്നത്. ഒരു സർക്കാർ പ്രതിഫലിപ്പിക്കുന്ന മുഖം എപ്പോഴും സമൂഹത്തിലെ അവശത അനുഭവിക്കുന്നവരുടെ ക്ഷേമത്തിനുള്ളതായിരിക്കണം. കേരളത്തിലെ അവശത അനുഭവിക്കുന്നവരുടെയും ആലംബഹീനരുടെയും കണ്ണീരൊപ്പാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. അതിന് നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഓഖി ദുരന്തത്തിൽ കഷ്ടത അനുഭവിക്കുന്നത് സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളാണ്. അക്കാര്യം വളരെ ഗൗരവപൂർവ്വം കണ്ടുകൊണ്ടാണ് ഓഖി ദുരന്ത പാക്കേജ് നടപ്പാക്കുന്നതിനുവേണ്ടി ഈ സർക്കാർ ശ്രമിക്കുന്നതെന്ന് ബഡ്ജറ്റ് പരിശോധിക്കുന്നവർക്ക് മനസ്സിലാകുന്നതാണ്. തീരദേശമേഖലയെ അകമഴിഞ്ഞ് സഹായിക്കുന്ന ഒരു ബഡ്ജറ്റാണിത്. തീരദേശത്തിന് നൽകുന്ന രണ്ടായിരം കോടി രൂപയുടെ പാക്കേജ് തീരദേശത്തെ ജനങ്ങളുടെ കണ്ണുനീരൊപ്പാൻ സഹായകരമാകും.

സ്ത്രീകൾക്ക് ബഡ്ജറ്റ് നൽകിയ പരിഗണന പരിശോധിച്ചാൽ അന്തസ്സുള്ള ഒരു സ്ത്രീ സമൂഹത്തെ വാർത്തെടുക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മനസ്സിലാകും. അതുകൊണ്ട് കേരളത്തിലെ സ്ത്രീ സമൂഹം ഒന്നടങ്കം ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നതായി കാണാൻ സാധിക്കും. യു.ഡി.എഫ്. അംഗങ്ങൾ വനിതാ സംഘടനകളുടെ അഭിപ്രായം ഈ ഘട്ടത്തിൽ ആരായുന്നത് നല്ലതായിരിക്കും. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സ്ത്രീകൾ നേരിട്ട അനുഭവമല്ല എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തുള്ളതെന്നത് കാലം തെളിയിക്കുന്ന കാഴ്ചയാണ്. കുടുംബശ്രീയുടെ 20-ാം വാർഷികവേളയിൽ 200 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതും ഇരുപതിനപരിപാടി പ്രഖ്യാപിച്ചതും സ്ത്രീപക്ഷത്തെ ഉദ്ദീപിപ്പിക്കുന്നതിനുവേണ്ടി ഈ സർക്കാർ ശ്രമിക്കുന്നതിനുദാഹരണമാണ്.

ആദിവാസികൾക്കുള്ള ഫണ്ട് ഓരോ വർഷവും കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു കൊണ്ടിരിക്കുകയാണ്. ശരാശരി കണക്കുപ്രകാരം സംസ്ഥാനത്ത് പട്ടികജാതി വിഭാഗക്കാർക്കുവേണ്ടി 9.8 ശതമാനം തുകയും പട്ടിക വർഗ്ഗവിഭാഗങ്ങൾക്കുവേണ്ടി 2.83 ശതമാനം തുകയും നീക്കിവച്ചിരിക്കുന്നു. കേരളത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള, അടിസ്ഥാന വർഗ്ഗമായ ആദിവാസികളുടെയും മറ്റ് പിന്നോക്ക ജനവിഭാഗങ്ങളുടെയും ഉയർച്ചക്ക് ഈ സർക്കാർ ഊന്നൽനൽകുന്നു എന്നാണ് ഈ ബഡ്ജറ്റ് പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്. കേന്ദ്രസർക്കാർ

നാമമാത്രമായ ഫണ്ടാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി നീക്കിവയ്ക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും വന്യമൃഗശല്യവും കാരണം വയനാട്ടിലെ ജനങ്ങൾക്ക് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഇന്നുള്ളത്. വയനാട്ടിലെ ജനങ്ങളുടെ പ്രയാസങ്ങൾ പരിഗണിച്ചുകൊണ്ട് വയനാട് പാക്കേജിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ ഊന്നൽ നൽകി എന്നത് സന്തോഷകരമാണ്.

വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കുന്നതിന് ഈ സർക്കാർ വലിയ ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സ്കൂളുകളെ ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഫണ്ട് ചെലവഴിച്ചുകൊണ്ട് 4775 സ്കൂളുകളിൽ ധാരാളം പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ശ്രമിക്കുകയാണ്. അതുപോലെ തന്നെ ട്രാൻസ്ജെൻഡേഴ്സ്, എൻഡോസൾഫാൻ ദുരിതബാധിതർ, ഭിന്നശേഷിക്കാർ എന്നിവരെ സംബന്ധിച്ചെല്ലാം വളരെ വ്യക്തമായ കാഴ്ചപ്പാട് സർക്കാരിനുണ്ടെന്നുള്ളതാണ് ഈ ബഡ്ജറ്റ് സൂചിപ്പിക്കുന്നത്. കേരളത്തിലെ സ്ത്രീകൾ, ഏറ്റവും താഴെത്തട്ടിലുള്ള ആദിവാസികൾ, ഭിന്നശേഷിക്കാർ, വിവിധ രോഗങ്ങളാൽ പ്രയാസപ്പെടുന്നവർ തുടങ്ങി ഒട്ടനവധി ജനവിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിക്കൊണ്ടുമാത്രമേ ഈ സർക്കാരിന് മുന്നോട്ടുപോകാൻ സാധിക്കൂ എന്നുള്ള വ്യക്തമായ സൂചന ഈ ബഡ്ജറ്റിൽ കാണാൻ സാധിക്കും. ഈ കാര്യങ്ങളെല്ലാം പരിശോധിച്ചാൽ വളരെ പ്രശംസനീയമായൊരു ബഡ്ജറ്റ് തന്നെയാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചതെന്ന് കാണാൻ കഴിയും.

അതുപോലെ ഇൻഫ്രാസ്ട്രക്ച്ചർ മേഖലയിലും വലിയ മുന്നേറ്റമാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്. വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും പാലങ്ങളും റോഡുകളും മെച്ചപ്പെടുത്തുന്നതിനുവേണ്ടി ധാരാളം പദ്ധതികളാണ് ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുള്ളത്. ഈ ബഡ്ജറ്റിനെ കേരളസമൂഹം അംഗീകരിച്ചു എന്നുതന്നെയാണ് തെളിയിക്കപ്പെടുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് മലയാള മനോരമ ഒഴിച്ചുള്ള എല്ലാ പത്രങ്ങളും ബഡ്ജറ്റിനനുകൂലമായ വാർത്തകൾ കൊടുത്തത്. എൽ.ഡി.എഫ്. സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ അംഗീകരിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. സി. ജോർജ് : സർ, സ്ത്രീ സൗഹൃദ ബഡ്ജറ്റ് അവതരിപ്പിച്ച അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. ശ്രീ. പി. ജെ. ജോസഫ് ബഡ്ജറ്റിനെക്കുറിച്ച് നടത്തിയ പ്രസംഗം മുഴുവൻ അങ്ങ് വായിച്ചതിനുശേഷം, അദ്ദേഹം പറഞ്ഞ കാര്യങ്ങൾ

നടപ്പാക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടതെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അവസാനം പറഞ്ഞ വാചകം ഒഴികെയുള്ള മുഴുവൻ കാര്യങ്ങളെയും ഞാൻ സ്വാഗതം ചെയ്യുകയാണ്. അദ്ദേഹം ബഡ്ജറ്റിനെ എതിർക്കുന്നു എന്നാണ് അവസാനം പറഞ്ഞത്. ഞാൻ എതിർക്കുന്നുമില്ല, അനുകൂലിക്കുന്നുമില്ല. ശ്രീ. പി. ജെ. ജോസഫ് പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്, ഇക്കാര്യം ഡോ. ടി. എം. തോമസ് ഐസക് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്കിന് എന്തുപറ്റി; അങ്ങ് ഫ്ലെക്സിബിളാകുകയാണ്. അങ്ങ് കരുത്തുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. എന്നാൽ ഈ ബഡ്ജറ്റ് കണ്ടപ്പോൾ എനിക്ക് അങ്ങയുടെ പ്രവർത്തനത്തിൽ സംശയം തോന്നിത്തുടങ്ങി. കാരണം, ജി.എസ്.ടി.-യെ ആദ്യം അങ്ങ് അനുകൂലിക്കുകയും അവസാനം എതിർക്കുകയുമാണ് ചെയ്തത്. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളും വാറ്റ് കുടിശ്ശിക എങ്ങനെ തീർക്കാനാണ് തീരുമാനിച്ചത്? 28 സംസ്ഥാനങ്ങളും വാറ്റ് കുടിശ്ശിക ക്ലോസ് ചെയ്ത് ജി.എസ്.ടി.-യിലേയ്ക്ക് പോകാൻ തീരുമാനമെടുത്തു. അത് ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് ചെയ്തതാണ്. എന്നാൽ അങ്ങിവിടെ 2011-12-ലെ പെൻഡിംഗ് അസസ്സ്മെന്റുകൾ തീർപ്പാക്കാൻ 2019 മാർച്ചുവരെ ബഡ്ജറ്റിലൂടെ സമയം നല്കുന്നു. ഇത് ശരിയാണോ? ഇതിന് അങ്ങ് നിഷ്പക്ഷമായി മറുപടി പറയണം. ഡീംഡ് അസസ്സ്മെന്റായി ജനങ്ങളെ വിശ്വാസത്തിലെടുക്കാനുള്ള ബാധ്യത അങ്ങേയ്ക്കില്ലേ? പെൻഡിംഗ് അസസ്സ്മെന്റ് തീർപ്പാക്കാൻ 2019 മാർച്ചുവരെ ബഡ്ജറ്റിലൂടെ സമയം അനുവദിക്കുമ്പോൾ, അത് അഴിമതിക്ക് ഇടവരുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങ് ആരുടെയെങ്കിലും പണം വാങ്ങിക്കുമെന്നല്ല ഞാൻ പറഞ്ഞത്. അങ്ങ് ഉദ്യോഗസ്ഥർക്ക് കീഴ്പ്പെട്ടതിന്റെ തെളിവാണ് ഇത് വ്യക്തമാക്കുന്നത്. ഒരു കാരണവശാലും അങ്ങ് ഇങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു. പ്രാകൃതമായ ഈ നടപടി ഉദ്യോഗസ്ഥർക്കു വേണ്ടിയാണെന്ന് പറഞ്ഞാൽ അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ? ജി.എസ്.ടി. തുടങ്ങുന്നതുവരെയുള്ള സകല പെൻഡിംഗ് കേസുകളും തീർന്നതായി പ്രഖ്യാപിച്ച് വ്യാപാരികളെ ജി.എസ്.ടി.-യിലേയ്ക്ക് ഒരുക്കുക എന്നതാണ് അങ്ങ് ചെയ്യേണ്ടതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കർഷകന് 2014-ൽ യു.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ച ടാക്സ് മൂന്നിരട്ടിയാണ്. അത് ഒഴിവാക്കണമന്നാവശ്യപ്പെട്ട് സമരം ചെയ്തയാളാണ് ഞാൻ. ഇടതുപക്ഷ ജനാധിപത്യ മുന്നണി ആ സമരം ഏറ്റെടുത്തതാണ്. ഇടതുപക്ഷ ജനാധിപത്യ

മുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോൾ യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച് വേണ്ടെന്നുവച്ച 2014-ലെ ആ ഓർഡിനൻസ് ശരിയാണെന്നുപറഞ്ഞ് നിയമം കൊണ്ടുവരാൻ ഡോ. ടി. എം. തോമസ് ഐസക്കിന് ലജ്ജയില്ലേ? ഡോ. ടി. എം. തോമസ് ഐസക് ചെയ്തത് മര്യാദകേടല്ലേ? ആ നികുതി പിൻവലിക്കണമെന്ന് ഞാൻ നിർബന്ധപൂർവ്വം ആവശ്യപ്പെടുകയാണ്. നിങ്ങൾ അധികാരത്തിൽ വരുമ്പോഴും അധികാരമൊഴിയുമ്പോഴും അടുത്ത ഇലക്ഷനിൽ കൂടുതൽ വോട്ട് ലഭിക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് ശമ്പളം കൂട്ടിനൽകുന്നു. ഈ പണമുണ്ടാക്കുന്നത് കർഷകരായ ഞങ്ങളാണ്. ഇത് എവിടെനിന്നുണ്ടാകും, നിങ്ങൾ ഞങ്ങളുടെ തലയിൽ കയറിയിരുന്ന് നിരങ്ങുകയല്ലേ? ഇവിടെ കർഷകർ പട്ടിണിമൂലം മരിക്കുന്ന നിലയിലെത്തിയിരിക്കുകയാണ്. കശുവണ്ടി മുതലാളിപോലും ആത്മഹത്യ ചെയ്ത സംഭവമുണ്ടായിട്ടുണ്ട്. ഇത് കർഷക വിരുദ്ധ സർക്കാരാണോ; ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയം കർഷക വിരുദ്ധമാണോയെന്ന് പറയണം. പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ എന്തിനാണ് നിങ്ങൾ ആക്രമിക്കുന്നത്? എന്തിനാണ് പട്ടികജാതിക്കാരോട് വിരോധം കാണിക്കുന്നത്; ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സംസ്കാരം പട്ടികജാതി വിഭാഗ വിരുദ്ധമാണോയെന്ന് പറയണം. ഈ കാര്യങ്ങൾക്ക് ഉത്തരം പറയാനുള്ള ബാധ്യത ഡോ. ടി. എം. തോമസ് ഐസക് പ്രകടിപ്പിക്കണമെന്നുമാത്രം പറയുന്നു. ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുന്നില്ല. പക്ഷേ ബഡ്ജറ്റിൽ പറഞ്ഞ പകുതി കാര്യങ്ങളെങ്കിലും നടപ്പാക്കിയാൽ ഇതൊരു നല്ല ബഡ്ജറ്റാണെന്ന് ഞാൻ പറയുമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. മുകേഷ്: സർ, 2018-19-ലെ സംസ്ഥാന ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. പ്രത്യാശയും പ്രതീക്ഷയും നിറഞ്ഞ ബഡ്ജറ്റെന്ന നിലയിൽ ഏതൊരാളും പിന്തുണയ്ക്കുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മുന്നോട്ട് വച്ചിട്ടുള്ളത്. പ്രത്യാശയും പ്രതീക്ഷയും രണ്ട് ആലങ്കാരിക പദങ്ങളെന്ന നിലയ്ക്കല്ല ബഡ്ജറ്റിനെ വിശേഷിപ്പിക്കാൻ ഞാനുപയോഗിക്കുന്നത്. കഴിഞ്ഞ ഡിസംബറിലെ ഭീതിയും ദുരന്തവും നിറഞ്ഞ ഓഖി ദിനങ്ങളുടെ നടുക്കുന്ന സ്മരണകൾ തീരദേശങ്ങളെ ഇപ്പോഴും വിട്ടൊഴിഞ്ഞിട്ടില്ല. ആ ദുഃഖ സ്മരണകളിൽ വിറങ്ങലിച്ച തീരദേശവാസികൾക്ക് പ്രത്യാശയും പ്രതീക്ഷയും നൽകാനുള്ള ആത്മാർത്ഥമായ ശ്രമം ഈ ബഡ്ജറ്റിൽ പല രൂപത്തിൽ കാണുന്നു. തീരദേശ വികസനത്തിന് 2000 കോടി രൂപയുടെ പാക്കേജ്, കടൽത്തീരത്തിന്റെ 50 മീറ്റർ പരിധിയിലുള്ള

മുഴുവൻ കുടുംബങ്ങളെയും മാറ്റിപ്പാർപ്പിക്കാൻ പ്രഖ്യാപിച്ച 150 കോടി രൂപ, മാറ്റിപ്പാർപ്പിക്കപ്പെടുന്ന ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ വകയിരുത്തൽ തുടങ്ങിയ നടപടികളിലൂടെ പ്രകടമാകുന്ന മാനവികതയാണ് സംസ്ഥാന ബഡ്ജറ്റിന് ചൈതന്യം പകരുന്നത്. ഓഖി ദുരന്തത്തിൽ എല്ലാം നഷ്ടമായതിന്റെ കണക്കുകൾ മാത്രം സ്വന്തമായുള്ള നമ്മുടെ സഹോദരങ്ങളുടെ ദയനീയതയിൽ പങ്കുചേരേണ്ടത് അവർക്ക് സ്വപ്നങ്ങൾ നൽകാനും ഞങ്ങൾ കൂടെയുണ്ടെന്ന ആത്മവിശ്വാസം പകർന്നുനൽകിക്കൊണ്ടുമാകണം. ഈ സർക്കാരിന്റെ ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾ രാജ്യത്താകമാനം ശ്രദ്ധിക്കപ്പെട്ടത് 'ഞങ്ങൾ കൂടെയുണ്ട്' എന്ന സന്ദേശം തീരദേശവാസികൾക്ക് പകർന്നതുകൊണ്ടാണ്. വെറുതെ തമിഴിൽ പ്രസംഗിച്ചതുകൊണ്ടുമാത്രമായില്ല, ആൾക്കൂട്ട മന:ശാസ്ത്രത്തെ മുഖ്യമന്ത്രിക്കെതിരെ തിരിച്ചുവിടാൻ ശ്രമിച്ചവരും ഈ തമിഴ് പ്രാസംഗികരും ഒരുപോലെയാണ്. കലക്കവെള്ളത്തിൽ മീൻ പിടിക്കുക എന്നൊരു പ്രയോഗമുണ്ട്. ഇവിടെ കടൽവെള്ളത്തെ കലക്കവെള്ളമാക്കി മീൻ പിടിക്കാൻ നോക്കിയവർ ഇപ്പോൾ എവിടെ ഒളിച്ചു. തുടർ ദുരിതാശ്വാസ പ്രവർത്തനങ്ങളും സഹായഹസ്തങ്ങളുമായി ഇടതുപക്ഷ സർക്കാരിലെ മന്ത്രിമാർ ഇപ്പോഴും തീരപ്രദേശങ്ങളിലുണ്ട്. പ്രകൃതി ദുരന്തങ്ങൾ പ്രവചനാതീതമാണ്, മനുഷ്യർ നിസ്സഹായരാകുന്ന അവസ്ഥയാണ്. ഇത്തരം സാഹചര്യങ്ങളിൽ വിധിയെ പഴിച്ച് നിസ്സഹായതയിൽ മുഖം പൊത്തുകയല്ല മനുഷ്യസ്നേഹത്തിന്റെ തത്വശാസ്ത്രം പിന്തുടരുന്ന ഈ സർക്കാർ ചെയ്തത്. അടിയന്തര രക്ഷാപ്രവർത്തനം നടത്താനും സമഗ്രമായ പുനരധിവാസ പാക്കേജ് രൂപപ്പെടുത്താനും ഓഖി ദുരന്തത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിനുമാണ് സംസ്ഥാന സർക്കാർ ശ്രമിച്ചത്. റിക്കാർഡ് സമയത്തിനുള്ളിൽ അർഹരായവർക്കുള്ള സഹായധന വിതരണത്തിന് തുടക്കം കുറിക്കുകയും ബഡ്ജറ്റിലൂടെ 2000 കോടി രൂപയുടെ പുതിയ പാക്കേജുകൾ പ്രഖ്യാപിക്കുകയും ചെയ്തു.

കശുവണ്ടി വ്യവസായം ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. കശുവണ്ടി ഫാക്ടറികൾ പൂട്ടിക്കിടക്കുന്ന സാഹചര്യത്തിൽ പാവപ്പെട്ടവരായ പതിനായിരക്കണക്കിന് കശുവണ്ടി തൊഴിലാളികൾ നേരിടുന്ന ദുരിതങ്ങൾ വിവരണാതീതമാണ്. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന ശക്തമായ ഇടപെടൽ ഏറെ ആശ്വാസകരമാണ്. കശുവണ്ടിമേഖലയ്ക്കായി 55 കോടി രൂപ അധികമായി വകയിരുത്തിയ നടപടി എൽ.ഡി.എഫ്. സർക്കാരിന് കശുവണ്ടിത്തൊഴിലാളികളോടുള്ള പ്രതിബദ്ധത അടിയവരയിട്ട് ഉറപ്പിക്കുന്നതാണ്.

പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഉന്നതവിദ്യാഭ്യാസ മേഖലയെ നവീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ നവീകരണത്തിനായുള്ള കിഫ്ബി പദ്ധതിയിൽ പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ശ്രദ്ധേയമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടുത്ത അവഗണന നേരിടുന്ന ജില്ലയാണ് കൊല്ലം. സംസ്ഥാനത്ത് 14 ജില്ലകളിലായി 56 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളു ള്ളതിൽ ഒരേയൊരു സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് മാത്രമാണ് കൊല്ലം ജില്ലയിലുള്ളത്. കൊല്ലം ജില്ലാ ആസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന, കൊല്ലം നിയോജകമണ്ഡലത്തിന്റെ പരിധിയിലാകട്ടെ സ്വകാര്യ മേഖലയിൽപ്പോലും ഒരു കോളേജില്ലാത്ത പരിതാപകരമായ സാഹചര്യമാണുള്ളത്. പനയം പഞ്ചായത്തിലെ പെരുമണിൽ 6 ഏക്കർ സർക്കാർ ഭൂമി ലഭ്യമാണ്. അവിടെ ഒരു ആർട്സ് ആൻഡ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചിരുന്നെങ്കിലും ബഡ്ജറ്റിൽ അത് പ്രതിഫലിച്ചുകണ്ടില്ല. ഇക്കാര്യം ബജ്ഡറ്റിൽ ഉൾപ്പെടുത്തുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൈതൃകസ്വത്തുക്കൾ സംരക്ഷിച്ചുകൊണ്ടുള്ള ടൂറിസം വികസനം എന്ന കാഴ്ചപ്പാട് മാതൃകാപരമാണ്. കൊല്ലം നഗരഹൃദയത്തിലൂടെ ടി.എസ്. കനാലിന്റെ ഭാഗമായി 1880-ൽ നിർമ്മിക്കപ്പെട്ട കൊല്ലം കനാൽ ചരക്ക് ഗതാഗതത്തിനും ടൂറിസം വികസനത്തിനും സഹായകരമാകുന്ന പൈതൃക ജലപാതയാണ്. ഈ ജലപാതയുടെ പാർശ്വങ്ങൾ സൗന്ദര്യവൽക്കരിച്ച് ഹാർബർ എന്ന നിലയിൽ വ്യാപാര അഭിവൃദ്ധി കൈവരിച്ച കൊല്ലം വലിയങ്ങാടിയെയും കൂട്ടിയിണക്കി ഒരു പൈതൃക ടൂറിസം പദ്ധതി സംബന്ധിച്ച നിർദ്ദേശം സമർപ്പിച്ചിരുന്നെങ്കിലും ബഡ്ജറ്റിൽ പരിഗണിച്ചില്ല. ഈ പദ്ധതികൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

കലാ-സാംസ്കാരിക മേഖലയ്ക്ക് ഒരു സർക്കാരും നൽകാത്ത പ്രാധാന്യവും പരിഗണനയുമാണ് എൽ.ഡി.എഫ്. സർക്കാർ നൽകിവരുന്നത്. ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസവും സാംസ്കാരിക പ്രവർത്തനങ്ങളും കൊണ്ടുമാത്രമേ നമ്മുടെ ചെറിയ മനസ്സുകൾ വളരുകയും ഹൃദയം വിശാലമാവുകയും ചെയ്യുകയുള്ളൂ. 1975-ൽ

ഇവിടെ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ ധാരാളം കലാ-സാംസ്കാരിക പ്രവർത്തകരെ കൽത്തുറുങ്കിലടച്ചു. എന്നാൽ ഇപ്പോൾ പ്രഖ്യാപിക്കാത്ത അടിയന്തരാവസ്ഥയിലൂടെ കലാ-സാംസ്കാരിക പ്രവർത്തകരെ നിഷ്കാസനം ചെയ്യുകയാണ്. അതിനൊരു ഉദാഹരണമാണ്, ഒരു സിനിമയുടെ പേരിന്റെ പരിണാമം. വിചിത്രമായ നമ്മുടെ മനോഭാവത്തിന്റെയും മനോദൗർബല്യത്തിന്റെയും പ്രതിഫലനമാണിത്. സിനിമയുടെ ആദ്യപേര് 'പത്മാവതി' എന്നായിരുന്നു. പിന്നീടത് 'പത്മാവത്' ആകുന്നു. വള്ളി മാറി ചന്ദ്രക്കല വന്നു. വള്ളിമാറ്റംകൊണ്ട് എന്ത് പ്രയോജനമാണുണ്ടായത്? വലിയ ലോകത്തിലെ ചെറിയ മനുഷ്യരുടെ ചിന്തയാണ് 'പത്മാവത്'-ന്റെ പേരുമാറ്റത്തിനുപിന്നിൽ കണ്ടത്. ഈ സന്ദർഭത്തിൽ എന്റെ സഹപ്രവർത്തകനായിരുന്ന അന്തരിച്ച സംവിധായകൻ ചെല്ലപ്പന്റെ കഥയാണ് ഓർമ്മ വരുന്നത്. അദ്ദേഹത്തിന്റെ ആദ്യ സിനിമയായ 'ആളൊരുങ്ങി അരങ്ങൊരുങ്ങി'-യിൽ ഞാനും ശ്രീ. മമ്മൂട്ടിയുമാണ് അഭിനയിച്ചത്. സിനിമ വൻവിജയമായപ്പോൾ എല്ലാവരും നല്ല സിനിമയെന്നും നല്ല സംവിധാനമെന്നും പറഞ്ഞു. എന്നാൽ സംവിധായകന്റെ പേര് ചെല്ലപ്പൻ എന്നത് മാറ്റിയാൽ വളരെ നന്നായിരിക്കുമെന്ന അഭിപ്രായമുണ്ടായി. ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും സംവിധായകൻ ഉയർന്നുവരുമ്പോൾ ചെല്ലപ്പൻ എന്ന പേര് പോരാ എന്നാണ് പറഞ്ഞത്. 'അതിനുമപ്പുറം' എന്ന രണ്ടാമത്തെ സിനിമയിൽ അദ്ദേഹത്തിന്റെ പേര് പ്രശാന്ത് എന്നായിരുന്നു. പ്രശാന്ത് ആരാണെന്ന് എല്ലാവരും ചോദിച്ചപ്പോൾ പഴയ ചെല്ലപ്പൻ തന്നെയെന്നു പറഞ്ഞു. മൂന്നാമത്തെ സിനിമ പ്രശാന്ത് ചെല്ലപ്പൻ എന്ന പേരിൽ ഇറക്കിയെങ്കിലും നാലാമത്തെ സിനിമ വന്നപ്പോൾ അദ്ദേഹം പറഞ്ഞത് എന്റെ പേര് ചെല്ലപ്പൻ എന്നാണ്, എന്റെ അച്ഛനും അമ്മയും ഇട്ട പേരും അതാണ്, അതെന്റെ അഭിമാനവും അവകാശവുമാണ് എന്നാണ്. അതുപോലെ 'പത്മാവത്' ചവറ്റുകുട്ടയിലെറിയപ്പെടുകയും 'പത്മാവതി' തിരിച്ചുവരികയും ചെയ്യുമെന്ന് നമുക്ക് പ്രത്യാശിക്കാം.

മഹാനായ എ. കെ. ഗോപാലനുനേരെ ഈയിടെ ചില കുപ്രചരണങ്ങളുണ്ടായി. ചിന്താശേഷിയും ചരിത്രബോധവുമുള്ള പൊതുസമൂഹം ദുഷ്പ്രചരണങ്ങളെ തള്ളിക്കളഞ്ഞു. എ.കെ.ജി. സ്മാരകത്തിന് 10 കോടി രൂപ വകയിരുത്തിയതിലൂടെ ചരിത്രത്തെ വളച്ചൊടിക്കാൻ ശ്രമിച്ചവർക്കുള്ള മറുപടിയാണ് നൽകപ്പെട്ടത്. എ.കെ.ജി.-യുടെ ശവകുടീരത്തിൽ അനന്തര തലമുറ അർപ്പിക്കുന്ന ചുവന്ന പൂക്കളാണ് ഈ ആദരം. കവിയും അദ്ധ്യാപകനുമായിരുന്ന

ഒ.എൻ.വി. കുറുപ്പിന് സഹൃദയലോകത്തിന്റെ സമർപ്പണമാണ് അദ്ദേഹത്തിനുള്ള സ്മാരകം. മനുഷ്യന്റെ പ്രത്യാശയുടെ ശബ്ദമായിരുന്നു ഒ.എൻ.വി. കവിതകൾ. ലോകത്തിന് പ്രത്യാശയും പ്രതീക്ഷയും നൽകിയ ഒരു മഹാപുരുഷന്റെ ശവകുടീരം സന്ദർശിച്ച ഓർമ്മയിൽ ഒ.എൻ.വി. എഴുതിയ വരികൾ അനുസ്മരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

ശവകുടീരത്തിൽ നീ ഉറങ്ങുമ്പോഴും

അവിടെ നിൻവാക്ക് ഉറങ്ങാതിരിക്കുന്നു.

കാറൽ മാർക്സിനെക്കുറിച്ചുള്ളതാണ് ഈ സത്യസന്ധമായ ഈരടികൾ.

കൊല്ലം കനാൽ, കൊല്ലം വലിയങ്ങാടി പൈതൃക ടൂറിസം പദ്ധതി, കൊല്ലത്ത് ആർട്സ് ആന്റ് സയൻസ് കോളേജ് എന്നീ കാര്യങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, കേരളത്തിന്റെ സമഗ്രമായ അഭിവൃദ്ധിക്കും പുരോഗതിക്കും മുന്നോട്ടുള്ള കുതിപ്പിനും ഊർജ്ജം നൽകുന്ന ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കടലോരത്താകെ സമാനതകളില്ലാത്ത ദുരന്തം വിതച്ചാണ് ഓഖി കടന്നുപോയത്. ദുരന്തത്തിൽ പകച്ചുനിൽക്കാതെ മനുഷ്യസാദ്ധ്യമായതെല്ലാം ചെയ്ത് ഈ സർക്കാർ മാതൃകയായി. ഓഖി ദുരന്തത്തിനെ കേരളം നേരിട്ട രീതി മാതൃകയാക്കണമെന്നും അതേ രീതിയിലുള്ള പാക്കേജ് വേണമെന്നുമാണ് തമിഴ്നാട്ടിലെ ദുരിതബാധിതർ ആവശ്യപ്പെടുന്നത്. മുന്നറിയിപ്പുകൾ യഥാസമയം നൽകുന്നതിൽ കേന്ദ്ര ഏജൻസികൾ പരാജയ പ്പെട്ടത് വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചുവെങ്കിലും കേരള സർക്കാരിന്റെ സമയോചിതമായ ഇടപെടലിന് കേന്ദ്ര സർക്കാരിന്റെ പ്രശംസ ലഭ്യമായി. ദുരന്ത മുഖത്തുപോലും നെറികെട്ട രാഷ്ട്രീയം കളിക്കാനാണ് പ്രതിപക്ഷം സമയം പാഴാക്കിയത്. തകർന്നുപോയ തീരത്തെ പുനഃസ്ഥാപിക്കുന്നതിനും തീരദേശ ജനതയ്ക്കൊപ്പംനിന്ന് കെടുതികളെ അതിജീവിക്കാനും ചുമതലകൾ നിർവ്വഹി ക്കാനും നമുക്ക് ബാദ്ധ്യതയുണ്ട്. അവർക്ക് വേണ്ടതെല്ലാം ചെയ്യാൻ ഈ ബഡ്ജറ്റ് ഏറെ മുൻഗണന നൽകിയെന്നുള്ളത് സന്തോഷകരമാണ്. അതിനായി 2,000 കോടി രൂപയുടെ പാക്കേജ് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്, ദുരിതം അനുഭവിക്കുന്ന ജനതയോടുള്ള ഈ സർക്കാരിന്റെ പ്രതിബദ്ധതയാണ് കാണിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് പ്രഖ്യാപിച്ച ധനസഹായം ഇതിനകം

തന്നെ വിതരണം ചെയ്തു തുടങ്ങിയെന്നത് അഭിനന്ദനമർഹിക്കുന്നു. സമൂഹത്തിന്റെ ഏറ്റവും പിന്നിൽ നിൽക്കുന്നവർക്ക് ഈ ബഡ്ജറ്റ് സാമൂഹിക സുരക്ഷയുടെ കവചമാണ്. ഏതൊരു പരിഷ്കൃത സമൂഹത്തിന്റെയും അളവുകോൽ ആ സമൂഹം അവശതയനുഭവിക്കുന്നവർക്ക് നൽകുന്ന മുൻഗണനയാണ്. അതാണ് ഡോ. ടി. എം. തോമസ് ഐസക് ഈ ബഡ്ജറ്റിലൂടെ കേരളത്തിന് നൽകിയത്. ബി.ജെ.പി. സർക്കാരിന്റെ മണ്ടൻ പരിഷ്കാരങ്ങളായ നോട്ട് നിരോധനവും യു.പി.എ. സർക്കാർ തുടങ്ങിവച്ചതും മുന്നൊരുക്കങ്ങളില്ലാതെ നടപ്പിലാക്കിയതുമായ ജി.എസ്.ടി. നിയമവും കാരണം ഏറ്റവും കൂടുതൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഈ കടുത്ത സാമ്പത്തിക പ്രതിസന്ധി കൾക്കിടയിലും അശരണർക്ക് ആശ്രയമാകുന്നതിനുതകുന്ന സമഗ്രമായ പദ്ധതി കളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. വിശന്ന് അന്തിയുറങ്ങുന്ന ഒരാളും കേരള ത്തിലുണ്ടാകാൻ പാടില്ല എന്നത് സർക്കാരിന്റെ നിലപാടാണ്. എല്ലാവർക്കും വീട്, സമഗ്രമായ ആരോഗ്യ സുരക്ഷ, മികവിന്റെ കേന്ദ്രമായ വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങിയവ ഈ സർക്കാരിന്റെ മുഖമുദ്രയാണ്. സർക്കാരിന്റെ ഈ നടപടികൾ കേരളത്തിൽ പൊതുപ്രവർത്തനം നടത്തുന്ന എല്ലാവർക്കും അഭിമാനിക്കാവുന്നതാണ്. പട്ടിണിയില്ലാത്ത ഒരു ജനതയ്ക്കുമാത്രമേ അഭിമാനത്തോടെ തലയുയർത്തിനിന്ന് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. കേരളത്തിലെ കർഷക ത്തൊഴിലാളികളെയും മറ്റ് തൊഴിലെടുക്കുന്നവരെയും ആത്മാഭിമാനവും അന്തസ്സുമുള്ള ജനതയാക്കി ഇന്നത്തെ നിലയിലെത്തിക്കുന്നതിന് പ്രവർത്തിച്ച പാവങ്ങളുടെ പടത്തലവനായി മാറിയെ എ.കെ.ജി.-യെ പുതുതലമുറ അറിയണം. കേരളത്തിന്റെ മുൻകാല അടിമത്തത്തിന്റെ ചരിത്രം പുതുതലമുറയ്ക്ക് പഠിക്കാൻ കഴിയണം. അതിനുചിതമായ നടപടിയാണ് സഖാവ് എ.കെ.ജി.-യുടെ സ്മാരകത്തിന് 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയത്. ഇത്തരം സ്മാരകങ്ങൾ ചരിത്രത്തിന്റെ പാഠശാലകളാകണം.

നികുതി നിർദ്ദേശവുമായി ബന്ധപ്പെട്ട് ഖണ്ഡിക 246-ലെ ചില കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയാണ്. വാറ്റ് രജിസ്ട്രേഷനെടുക്കാതെ അസെസ്മെന്റ് ലഭിച്ച് നടപടി നേരിടുന്ന വ്യാപാരികൾക്ക് ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചതിനെ സ്വാഗതം ചെയ്യുന്നു. ഇതിൽ പിഴ പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കണം. ഖണ്ഡിക 248-ൽ അടയ്ക്ക വ്യാപാരികൾ, അവർ ചെയ്യാത്ത കുറ്റത്തിന് അടയ്ക്കേണ്ടിവരുന്ന അധിക നികുതികൂടി ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങളെ ലാഭത്തിലാക്കിയ ഈ സർക്കാരിന്റെ ഇച്ഛാശക്തിയെ അഭിനന്ദിക്കുന്നു. ഈസ് ഓഫ് ഡൂയിംഗിനായി സർക്കാർ കൊണ്ടുവന്ന ബിൽ നിക്ഷേപകർക്ക് അനന്തസാദ്ധ്യതകളാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇതിനുവേണ്ടി തദ്ദേശ സ്വയംഭരണം, വ്യവസായം, തൊഴിൽ, റവന്യൂ, വൈദ്യുതി തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ കേരളം ജന്മമെടുത്ത കാലം മുതൽ ജനങ്ങൾ ആഗ്രഹിക്കുന്നതാണ്. വ്യവസായ സംരംഭകർക്ക് അനുകൂലമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിൽ സർക്കാർ വിജയിച്ചു. കഴിഞ്ഞവർഷം കേരളത്തിൽ ലിസ്റ്റ് ചെയ്ത കമ്പനികൾ ഓഹരി വിപണിയിൽ വൻമുന്നേറ്റമുണ്ടാക്കിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. വൻകിട-ചെറുകിട വ്യവസായങ്ങൾക്ക് ഈ ബഡ്ജറ്റിൽ നൽകിയ പരിഗണന കേരളത്തിന്റെ വികസനത്തിന് ആക്കം കൂട്ടും. കളിമൺ അസംസ്കൃത പദാർത്ഥമായി ഉപയോഗിക്കുന്ന ഓട്ടുകമ്പനികൾ ഇന്ന് പൂട്ടിക്കിടക്കുകയാണ്; അവിടത്തെ തൊഴിലാളികൾ പട്ടിണിയിലാണ്; നിർമ്മാണ പ്രവൃത്തികൾ ഇന്ന് സ്തംഭനാവസ്ഥയിലാണ്. ക്വാറി ഉല്പന്നത്തിന്റെ ലഭ്യതക്കുറവ്, മണൽ എടുക്കുന്നതിലെ നിരോധനം എന്നിവ ഇതിനുകാരണങ്ങളാണ്. ക്വാറി ഉല്പന്നവും മണലും ലഭ്യമാക്കുന്നതിന് നടപടിയുണ്ടാകണം. കേരളത്തിലെ വ്യാപാരികൾ ഇന്ന് പലതരം പ്രതിസന്ധികൾ നേരിടുകയാണ്. വികസനത്തിനായി ഒഴിപ്പിക്കൽ നടപടികൾ നേരിടുന്ന വ്യാപാരികൾക്ക് ഇന്നുള്ള പാക്കേജ് പരിഹാരമല്ല; അതിനായി സമഗ്രമായ പാക്കേജുണ്ടാകണം. കെട്ടിട ഉടമകൾ കേസ് കൊടുത്ത് വ്യാപാരികളെ ഒഴിപ്പിക്കുന്നത് ഇന്ന് സാധാരണ സംഭവമാണ്. ഇതിന് നിയമംമൂലം സംരക്ഷണം നൽകാൻ സർക്കാർ നടപടി സ്വീകരിക്കണം.

ലഹരി വർജ്ജനത്തിന് സർക്കാർ വലിയ തോതിലുള്ള പ്രചാരണ പ്രവർത്തനവും ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. ജില്ലതോറും അതിനുവേണ്ട തുകയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ കിനാലൂരിൽ സ്ഥാപിക്കാൻ പോകുന്ന ആധുനിക രീതിയിലുള്ള ഡീ-അഡിക്ഷൻ സെന്റർ സ്ഥിരം കുടിയന്മാരായ, സമനില തെറ്റിയ, ജീവച്ഛവമായി ജീവിക്കുന്നവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ കഴിയുന്ന സ്ഥാപനമാണ്. ഇതിന്റെ നിർമ്മാണത്തിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയതായി കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ജി.എസ്.ടി. വന്നതിന്റെ ഫലമായി ചെറുകിട വ്യാപാരികളും സാധാരണ വ്യാപാരികളും റിട്ടേൺ സമർപ്പിക്കുന്നതിന് വൻതോതിലുള്ള പ്രയാസം അനുഭവിക്കുകയാണ്. അതിന് ഉദ്യോഗസ്ഥരെ പ്രത്യേകം നിയമിക്കേണ്ട സ്ഥിതി വന്നിട്ടുണ്ട്. പണം പിരിച്ച് സർക്കാരിലേയ്ക്ക് അടയ്ക്കുന്ന വ്യാപാരികൾക്ക് അവരടയ്ക്കുന്ന നികുതിയുടെ ചെറിയ ശതമാനം തിരിച്ചുനൽകി വ്യാപാരികളെ സഹായിക്കാനുള്ള ഒരാലോചന സർക്കാർ നടത്തണമെന്നുകൂടി പറഞ്ഞുകൊണ്ടും ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി സ്വാഗതം ചെയ്തുകൊണ്ടും നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റ് ഒരു തോർത്തുമുണ്ടുപോലെയാണ്. കുട്ടിക്കാലത്ത് കുളത്തിൽ കുളിക്കുമ്പോൾ നമ്മൾ തോർത്തുമുണ്ട് വിരിച്ച് മീൻ പിടിക്കാൻ ശ്രമിക്കും. തോർത്ത് വിരിച്ച് പിടിക്കുമ്പോൾ നമ്മൾ വിചാരിക്കും മീനൊക്കെ അതിൽ വന്നുകേറുമെന്ന്. പക്ഷെ തോർത്ത് പൊക്കിയെടുക്കുമ്പോഴാണ് വെള്ളമൊക്കെ ചോർന്നുപോകുകയും മീനുകളൊക്കെ അങ്ങോട്ടുമിങ്ങോട്ടും വഴിമാറിപ്പോകുകയും ചെയ്യുന്നതറിയുന്നത്. അവസാനം ചില ചണ്ടിയും കരടും തവളപ്പൊട്ടും മാത്രമേ ബാക്കിയുണ്ടാവുകയുള്ളൂ. ഈ ബഡ്ജറ്റിന്റെ അവസ്ഥയും അതുതന്നെയാണ്. പ്രശസ്ത സാഹിത്യകാരികളുടെ സൃഷ്ടികളിൽനിന്നുള്ള ഉദ്ധരണികളും ജി.എസ്.ടി.-യെക്കുറിച്ചും നോട്ടുനിരോധനത്തെക്കുറിച്ചുമുള്ള ഒഴിവുകിഴിവുകളും കിഫ്ബിയെക്കുറിച്ചുള്ള അതിരുകടന്ന അവകാശവാദങ്ങളും മറുഭാഗത്തുള്ള ഇച്ഛാഭംഗങ്ങളും മാറ്റിവച്ചാൽ എന്താണ് ഈ ബഡ്ജറ്റിൽ അവശേഷിക്കുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. ഈ സർക്കാർ അധികാരത്തിൽ വന്ന് ആദ്യത്തെ ആറുമാസം കഴിഞ്ഞപ്പോൾ, യു.ഡി.എഫ്. സർക്കാർ കേരളത്തിലെ സമ്പദ്ഘടന മുഴുവൻ തകർത്തിരിക്കുന്നുവെന്നും അതുകൊണ്ട് യാതൊന്നും ചെയ്യാൻ കഴിയുന്നില്ലെന്നും പറഞ്ഞ് ധവളപത്രമൊക്കെ അവതരിപ്പിച്ചു. പിന്നീടുള്ള ആറുമാസം അദ്ദേഹം നോട്ടുനിരോധനത്തിന്റെ തലയിലാണ് എല്ലാ പഴിയും വച്ചത്. ഇപ്പോഴുള്ള ആറുമാസം അദ്ദേഹം ജി.എസ്.ടി.-യുടെ പേരിലാണ്. ഇങ്ങനെ എല്ലാ ഉത്തരവാദിത്വത്തിൽനിന്നും അദ്ദേഹം ഒഴിഞ്ഞുമാറുകയാണ്. ഇനിയുള്ള ആറുമാസത്തേയ്ക്ക് അദ്ദേഹത്തിന് എന്താണ് വീണുകിട്ടുകയെന്നതാണ് നമുക്കറിയേണ്ടത്. ഈ ബഡ്ജറ്റ് യാഥാർത്ഥ്യബോധമില്ലാത്തതാണെന്ന് പറയേണ്ടിവരികയാണ്. കാരണം, ഇവിടെ റവന്യൂ ഡെഫിസിറ്റ് 12,860 കോടി രൂപയാകുമെന്ന് പറയുന്നു. ജി.എസ്.ഡി.പി.-യുടെ ഏതാണ്ട് 1.7 ശതമാനം.

ഫിസ്കൽ ഡെഫിസിറ്റ് 23,957 കോടി രൂപയാകുമെന്ന് പറയുന്നു, അത് 3.1 ശതമാനമാണ്. കഴിഞ്ഞ രണ്ടുവർഷമായി ഒരു എക്സ്ട്രാ ബഡ്ജറ്ററി മെക്കാനിസമായി കിഫ്ബി ചർച്ച ചെയ്യപ്പെടുമ്പോൾ കിഫ്ബിയിലൂടെ എന്തെല്ലാം വികസന പദ്ധതികൾ വരുന്നു, അതെത്ര ശതമാനം യാഥാർത്ഥ്യമാകുന്നുണ്ട്, കിഫ്ബിയിലെ ചെലവുകൾ ബഡ്ജറ്റിന്റെ പരിധിയിൽ വരുന്നതാണോ, സംസ്ഥാനത്തിന്റെ യഥാർത്ഥ ധനസ്ഥിതിയെ പ്രതിഫലിപ്പിക്കുന്നതാണോ ഈ കണക്കുകൾ എന്നുള്ള ആശങ്ക സ്വാഭാവികമായും ഉയരുകയാണ്. ഏതാണ്ട് അമ്പതിനായിരത്തോളം കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിലായി പ്രഖ്യാപിക്കപ്പെട്ടിട്ട് അതിൽ 350 കോടി രൂപ മാത്രമേ യാഥാർത്ഥ്യമായിട്ടുള്ളൂവെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിതന്നെ സമ്മതിക്കുകയാണ്. ഞാൻ അദ്ദേഹത്തിന്റെ ശുഭാപ്തി വിശ്വാസത്തിൽ പങ്കുചേരുകയാണ്. കാരണം, ഞങ്ങളുടെയൊക്കെ നിയോജകമണ്ഡലത്തിൽ അത്തരത്തിലുള്ള പല പദ്ധതികളും പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ഈ വർഷമെങ്കിലും അത് പൂർത്തീകരിക്കുമെന്ന് അദ്ദേഹം പറയുമ്പോൾ ആ ശുഭപ്രതീക്ഷയോടൊപ്പം നിൽക്കാനാണ് ജനപ്രതിനിധികളെന്ന നിലയിൽ ഞങ്ങളാഗ്രഹിക്കുന്നത്. ഈ നാട്ടിലെ സാധാരണക്കാർക്കുമേൽ വലിയൊരു നികുതിഭാരം അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുകയാണ്. ഏതാണ്ട് 970 കോടി രൂപയുടെ പുതിയ നികുതിയേതര വരുമാനങ്ങൾ സർക്കാർ പ്രതീക്ഷിക്കുകയാണ്. ഭൂനികുതി ഗണ്യമായി വർദ്ധിപ്പിച്ചതിന്റെ പേരിൽ മലയാള മനോരമ ഈ ബഡ്ജറ്റിനെ ഭൂമിക്ക് ഭാരം എന്ന് വിശേഷിപ്പിക്കുമ്പോൾ അത് വലിയ അംഗീകാരമാണെന്നാണ് ഭരണപക്ഷത്തെ ചില ആളുകൾ കരുതുന്നത്. അവർക്ക് എന്തുകൊണ്ടാണിത് മനസ്സിലാകാതെ പോകുന്നതെന്നറിയില്ല. ഇതിലും രൂക്ഷമായ മറ്റൊരു വിമർശനം മുന്നോട്ടുവയ്ക്കാനില്ല. യഥാർത്ഥത്തിൽ മലയാള മനോരമ മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങളും ഭൂമിക്ക് ഭാരം എന്ന് ബഡ്ജറ്റിനെയല്ല, ഈ സർക്കാരിനെ തന്നെയാണ് വിശേഷിപ്പിക്കുന്നതെന്ന് തോന്നിപ്പോവുകയാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രത്തിനുപോലും നികുതി ഏർപ്പെടുത്തുന്നതോടുകൂടി സാധാരണക്കാർവരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. തൊഴിലില്ലായ്മ രൂക്ഷമായ സംസ്ഥാനമാണ് കേരളം. ഏറ്റവും കൂടുതൽ തൊഴിലില്ലായ്മയുള്ള സംസ്ഥാനം കേരളമാണ്. പന്ത്രണ്ടര ശതമാനം എന്നതാണ് കണക്ക്. ആൾ ഇന്ത്യ ആവറേജ് ഏതാണ്ട് അഞ്ച് ശതമാനമേയുള്ളൂ. അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഏന്തെങ്കിലും ക്രിയാത്മകമായ നിർദ്ദേശം ബഡ്ജറ്റിലുണ്ടോയെന്ന് നോക്കിയാൽ, കുറേ പ്രഖ്യാപനങ്ങളുണ്ട്; പക്ഷെ പ്രവൃത്തിപഥത്തിൽ എന്തൊക്കെ വരുമെന്നുള്ളതിനെക്കുറിച്ച് കൃത്യതയില്ല.

ഈ സർക്കാരിന്റെ പ്രകടനപത്രികയിലെ വാഗ്ദാനമായിരുന്നു ഇരുപത് ലക്ഷംപേർക്ക് ഐ.ടി.-മേഖലയിൽ തൊഴിൽ നൽകുമെന്നുള്ളത്. ഈ സർക്കാർ അധികാരത്തിൽവന്നിട്ട് ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞു. 20 ലക്ഷം എന്നുള്ളത് അഞ്ചുവർഷംകൊണ്ട് കൊടുക്കണമെങ്കിൽ ഇപ്പോൾത്തന്നെ ഏതാണ്ട് എട്ട് ലക്ഷം ആളുകൾക്ക് തൊഴിൽ നൽകാനാവശ്യമായ പ്രവർത്തനം നടക്കേണ്ടതായിരുന്നു. പക്ഷെ അങ്ങനെയൊന്നും നടന്നുകാണുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ബഡ്ജറ്റിന്റെ ഔട്ട്ലേ പ്രഖ്യാപനങ്ങൾക്കപ്പുറം ഓരോ വർഷവും പുതിയ ബഡ്ജറ്റിലേയ്ക്ക് കടക്കുന്നതിനുമുമ്പ് തൊട്ടുമുമ്പിലത്തെ വർഷത്തെ എത്ര പദ്ധതികൾ യാഥാർത്ഥ്യമായിയെന്നത് വിശദീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു ഔട്ട്കം ബഡ്ജറ്റുകൂടി അവതരിപ്പിക്കാൻ തയ്യാറാകണം. എങ്കിൽ മാത്രമേ നിങ്ങൾ നൽകുന്ന വാഗ്ദാനങ്ങളും അത് എത്രത്തോളം പ്രവൃത്തിപഥത്തിലെത്തുന്നുണ്ടെന്നുള്ളതിനെക്കുറിച്ചും വിലയിരുത്തി കൃത്യമായ തീരുമാനമെടുക്കാൻ ജനങ്ങൾക്ക് സാധിക്കുകയുള്ളൂ.

പാലക്കാട് ജില്ലയിൽനിന്ന് വരുന്ന ഒരു ജനപ്രതിനിധി എന്ന നിലയിൽ നെൽ കർഷകരുടെ നിരാശ ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുമെന്ന് നമ്മളെല്ലാം പ്രതീക്ഷിച്ചതാണ്. പക്ഷെ 14 രൂപ മാത്രമാണ് സംസ്ഥാന സർക്കാർ നൽകുന്നത്. കേന്ദ്രവിഹിതമായ 7 രൂപകൂടി കൂട്ടി 21 രൂപയാണ് ഇപ്പോൾ ലഭിക്കുന്നത്. അത് വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രഖ്യാപനം ഈ ബഡ്ജറ്റിലുണ്ടായില്ല എന്നത് നിരാശാജനകമാണ്. നടപ്പുവർഷത്തിൽ നെല്ല് സംഭരണത്തിന് 525 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ടെന്ന് പറയുന്നു. അടുത്ത വർഷത്തേയ്ക്ക് എത്രകോടി രൂപയാണ് നീക്കിവച്ചിരിക്കുന്നതെന്നുള്ളത് ഈ ബഡ്ജറ്റിൽ കാണുന്നില്ല. ഗണ്യമായ രീതിയിൽ അത് വർദ്ധിപ്പിക്കണമെന്നും നെല്ലിന് കിലോയ്ക്ക് മിനിമം 25 രൂപയെങ്കിലും താങ്ങുവില ലഭിക്കുന്നൊരു പ്രഖ്യാപനം അങ്ങയുടെ മറുപടി പ്രസംഗത്തിന്റെ ഭാഗമായിട്ടുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ക്ഷേമ പെൻഷനുകളുടെ കാര്യം ഇവിടെ പലരും പറഞ്ഞു. കഴിഞ്ഞ ബഡ്ജറ്റിൽ എല്ലാ വർഷവും ക്ഷേമ പെൻഷനുകൾ നൂറുരൂപ വീതം കൂട്ടുമെന്നാണ് അങ്ങ് സൂചിപ്പിച്ചത്. പക്ഷെ അതുണ്ടാകുന്നില്ല. അതോടൊപ്പം കഴിഞ്ഞ ഒരുവർഷമായി വെബ്സൈറ്റ് ബ്ലോക്ക് ചെയ്തതുകാരണം അപേക്ഷ സമർപ്പിച്ചിട്ടും അർഹതപ്പെട്ട, പെൻഷൻ കിട്ടാതെപോയ ആളുകൾക്ക് പരിശോധനയൊക്കെ പൂർത്തീകരിച്ചശേഷം പെൻഷൻ ലഭിക്കുന്നമുറയ്ക്ക് ഇതുവരെയുള്ള കുടിശ്ശിക തീർത്ത് കൊടുക്കുമോ എന്നുള്ള കാര്യത്തിൽ കൃത്യത വരുത്തേണ്ടതുണ്ട്. അത്

അങ്ങ് അംഗീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഇവിടെ നേരത്തെ സംസാരിച്ച അംഗങ്ങളൊക്കെ അടയ്ക്ക വ്യാപാരികളുടെ കാര്യം പറഞ്ഞു. സി-ഫോറം അപേക്ഷയുടെ അപാകതയുടെ പേരിൽ അവർക്ക് മൂന്നുശതമാനം നികുതി അധികമായി അടയ്ക്കേണ്ടിവരികയാണ്. ആംനെസ്റ്റി സ്കീമിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കിയിട്ടുണ്ട്. പക്ഷെ മൂന്ന് ശതമാനം എന്നതുകൂടി പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള അടങ്കൽ തുക വർദ്ധിപ്പിച്ചത് നല്ല കാര്യമാണ്. പക്ഷെ എത്ര ശതമാനം ചെലവഴിക്കപ്പെടുന്നു എന്നുള്ളത് കൃത്യമായി വിലയിരുത്തേണ്ടതുണ്ട്.

കേരളം ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയം പട്ടികജാതി/ പട്ടികവർഗ്ഗക്ഷേമമാണ്. കേരളത്തിൽ ജാതിമതിലുകൾ ഉയരുകയാണ്. ദളിത് മേഖലകളിൽ പോലീസ് നരനായാട്ടും അധികാര ദുർവിനിയോഗവും നടത്തുകയാണ്. ദളിത് മൃതദേഹങ്ങളോടുപോലും അയിത്തം പാലിക്കുന്ന അവസ്ഥ കേരളത്തിലുണ്ടാകുമ്പോൾ ഈ മേഖലയിൽ കൂടുതൽ സത്വരമായ ഇടപെടലുകളുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വടയമ്പാടി കേരളത്തിന്റെ മനസ്സാക്ഷിക്കുമുന്നിൽ വലിയൊരു ചോദ്യമായി നിൽക്കുകയാണ്. അവിടെ ഇന്നലെ ഒരതിക്രമമുണ്ടായി. ദളിത് ആത്മാഭിമാന കൺവൻഷൻ നേരത്തെ പ്രഖ്യാപിച്ച ഒരു പരിപാടിക്ക് വന്ന ആളുകളെ ആർ.എസ്.എസ്.-ന്റെ ക്രിമിനലുകളായ സവർണ്ണ സമുദായക്കാർ ആക്രമിക്കുമ്പോൾ പോലീസ് ആർക്കൊപ്പമാണ് നിൽക്കുന്നതെന്ന് ഇന്നലെ കേരളം കണ്ടതാണ്. മാധ്യമപ്രവർത്തകരെപ്പോലും ആക്രമിക്കുമ്പോൾ കയ്യുംകെട്ടി നോക്കിനിൽക്കുകയും അക്രമികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുന്ന പോലീസ് സമീപനം തിരുത്തിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പോലീസിൽ ആർ.എസ്.എസ്.-ന്റെ സ്ലീപ്പിംഗ് സെല്ലുകളുണ്ടെന്ന് നമ്മൾ കേട്ടിരുന്നു. ആ സ്ലീപ്പിംഗ് മോഡൊക്കെ മാറി അവരിന്ന് പരസ്യമായി കടന്നുവരികയാണ്. അവരുടെ യോഗപരിശീലനത്തിന്റെ മറവിൽ രഹസ്യയോഗങ്ങൾ ചേർന്ന് മുന്നോട്ടുപോകുന്ന അവസ്ഥയിലേയ്ക്ക്, അവർക്ക് ആത്മവിശ്വാസം ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ലഭിക്കുന്നുവെന്നത് തീർച്ചയായും ആശങ്കാജനകമായ കാര്യമാണ്.

ബഹുമാനപ്പെട്ട മറ്റ് അംഗങ്ങളൊക്കെ ഇവിടെ എ.കെ.ജി.-യുടെ നാമധേയത്തിലുള്ള സ്മാരകത്തിനുവേണ്ടി തുക അനുവദിച്ചതിനെ ശ്ലാഘിക്കുകയുണ്ടായി. പഴയകാല നേതാക്കൻമാരുടെ സ്മരണ പുതുക്കുന്നതിനുവേണ്ടി സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് ആരും എതിരാണെന്ന് തോന്നുന്നില്ല. പക്ഷെ അതൊക്കെ

രാഷ്ട്രീയ ദുരഭിമാനം വച്ചുകൊണ്ട് ചില രാഷ്ട്രീയ ലക്ഷ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാനാണോ എന്നത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ സമയത്ത് ഈ നാട്ടിലെ ജനങ്ങളോട് ബോധ്യപ്പെടുത്താൻ ഈ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന്റെ പശ്ചാത്തലത്തെക്കുറിച്ചൊന്നും ഈ ഘട്ടത്തിൽ ഞാൻ വിശദീകരിക്കുന്നില്ല. എ.കെ.ജി.-യുടെ നാമധേയത്തിലൊരു സ്മാരകം ഉണ്ടാകണമെന്നുള്ള ആഗ്രഹത്തെ ആദ്യം അംഗീകരിച്ചത് കോൺഗ്രസ്സും ശ്രീ. എ. കെ. ആന്റണിയുമാണ് എന്നുള്ളത് ഈ നാടിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. 25-5-1977-ന് ബഹുമാനപ്പെട്ട എ. കെ. ഗോപാലൻ മരണപ്പെട്ടതിന്റെ തൊട്ടടുത്ത ദിവസങ്ങളിൽ അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. എ. കെ. ആന്റണിക്ക് പ്രധാനപ്പെട്ട ചില ആളുകൾ ഒരു കത്ത് നൽകുകയുണ്ടായി. ആ കത്ത് നമ്മുടെ സഭാരേഖയുടെ ഭാഗമാണ്. നേരത്തെ ഒരു ചോദ്യോത്തരത്തിന്റെ ഭാഗമായി ഇവിടെ മേശപ്പുറത്തുവച്ച ഒരു കത്താണ്. ആ കത്ത് ഞാനിവിടെ വായിക്കാം.

"പ്രിയപ്പെട്ട ആന്റണി,

സഖാവ് എ.കെ.ജി.-യുടെ സ്മരണയെ മുൻനിർത്തി തിരുവനന്തപുരത്ത് ഒരു സ്മാരകമന്ദിരം നിർമ്മിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയാണ്. ശാസ്ത്രീയ സോഷ്യലിസത്തെക്കുറിച്ച് പഠനം നടത്തുന്നതിനുള്ള ഒരു റിസർച്ച് സെന്റർ ലൈബ്രറിയും ഒരു കോൺഫറൻസ് ഹാളും ഓഫീസ് പ്രവർത്തനത്തിനാവശ്യമുള്ള സൗകര്യവും ഉൾക്കൊള്ളുന്നതായിരിക്കണം ഈ സ്മാരകമന്ദിരം എന്നാണ് ഞങ്ങളുദ്ദേശിക്കുന്നത്. ഇത് എ.കെ.ജി.-യുടെ അന്ത്യാഭിലാഷമായിരുന്നു. സ്മാരക കമ്മിറ്റിയുടെ രക്ഷാധികാരികളായി ശ്രീ. എൻ. പി. മന്മഥൻ, ശ്രീ. സി. നാരായണ പിള്ള, ശ്രീമതി ലക്ഷ്മി എൻ. മേനോൻ എന്നിവരും ചെയർമാനായി ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടും സെക്രട്ടറിയായി ശ്രീ. ഇ. കെ. നായനാരുമാണ് പ്രവർത്തിച്ചുവരുന്നത്. സ്മാരകമന്ദിരം നിർമ്മിക്കുന്നതിനായി ഗ്യാസ് ഹൗസ് ജംഗ്ഷനിൽ വിവേകാനന്ദ സെന്റിനറി ഹാളിന്റെ കിഴക്കുവശത്തും യൂണിവേഴ്സിറ്റി ഓഫീസിന്റെ തെക്കുഭാഗത്തുമായി കിടക്കുന്ന സ്ഥലത്ത് ഞങ്ങൾക്കാവശ്യമായ സ്ഥലം പതിച്ചുതരുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

(ഒപ്പ്)

ഇ. കെ. നയനാർ,
സെക്രട്ടറി,
എ.കെ.ജി. സ്മാരക കമ്മിറ്റി."

എ. കെ. ആന്റണി സർക്കാർ കത്ത് കിട്ടിയയുടൻ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ചതാണ്. അതിനുവേണ്ടി ജി. ഒ. (എംഎസ്.) 1172/77/ആർ.ഡി. തീയതി 20-8-1977 പ്രകാരം വഞ്ചിയൂർ വില്ലേജിലെ സർവ്വേ നമ്പർ 2645-ൽ ഉൾപ്പെട്ട 34.41 സെന്റ് സ്ഥലം ഈ ആവശ്യത്തിനുവേണ്ടി സർക്കാർ നേരത്തെ അനുവദിച്ചതാണ്. ആ സ്ഥലം ഇപ്പോൾ ആ ഉദ്ദേശ്യലക്ഷ്യത്തോട് ചേർന്നുനിന്നാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ച് അങ്ങനെയല്ലെങ്കിൽ ആ ഉദ്ദേശ്യലക്ഷ്യത്തിലേയ്ക്ക് പ്രസ്തുത സ്ഥലവും അതിൽ നിലനിൽക്കുന്ന കെട്ടിടവും മടക്കിക്കൊണ്ടുവരാനുള്ള ആത്മാർത്ഥത ഈ സർക്കാർ കാണിക്കണം. വീണ്ടും ഈ നാട്ടിലെ നികുതിദായകർക്കുമേൽ പത്തുകോടി രൂപയുടെയും പതിനഞ്ച് കോടി രൂപയുടെയുമൊക്കെ അധിക ബാധ്യത അടിച്ചേൽപ്പിക്കുന്നതിനുമുമ്പ് നേരത്തെ സർക്കാർ പൂർണ്ണമായും സൗജന്യമായി നൽകിയ സ്ഥലത്ത് ഒരു കെട്ടിടം പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം മനസ്സിലാക്കണം. അഞ്ചുനിലയുള്ള ആ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ മാത്രമാണ് എ.കെ.ജി.-യുടെ സ്മരണയുമായി ബന്ധപ്പെട്ട ഒരു ലൈബ്രറി പ്രവർത്തിക്കുന്നത്. ബാക്കിയുള്ള നാല് നിലകളെക്കൂടി ഇതിനുവേണ്ടി പരിവർത്തിപ്പിച്ചിട്ട്, മറ്റേതെങ്കിലും തരത്തിലുള്ള ഓഫീസുകളോ ഇതുമായി ബന്ധപ്പെട്ടതല്ലാത്ത പാർട്ടി ഓഫീസുകളോ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവ മറ്റെവിടേയ്ക്കെങ്കിലും മാറ്റിയിട്ട് അവിടെ ഉചിതമായിട്ടുള്ള ഒരു സ്മാരകം നിർമ്മിക്കാൻ സർക്കാർ മുൻകയ്യെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആ നിലയിൽ എ.കെ.ജി.-യുടെ യഥാർത്ഥ സ്മരണയോട് നീതി പുലർത്താനുള്ള വിവേകം ഈ സർക്കാർ കാണിക്കണം. അതല്ലാതെ മഹാനായൊരു നേതാവിനെ മുന്നിൽ നിർത്തിക്കൊണ്ട് പാർട്ടിയുടെ കച്ചവടതാല്പര്യവും പാർട്ടിക്കുവേണ്ടി പുതിയ ഓഫീസുകൾ നിർമ്മിക്കുന്നതിനുള്ള താല്പര്യവുമാണ് കൊണ്ടുപോകുന്നതെങ്കിൽ അത് സംസ്ഥാനം ഇത്രയും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാലത്ത് ജനവഞ്ചനയായിരിക്കുമെന്നും അത് ഈ നാട്ടിലെ ജനങ്ങൾ ആ നിലയിൽത്തന്നെ തിരിച്ചറിയുമെന്നും ഓർമ്മപ്പെടുത്തുകയാണ്. ജനദ്രോഹപരമായിട്ടുള്ള നിലപാടുകൾ മാത്രമുൾക്കൊള്ളുന്ന ഈ ബഡ്ജറ്റിനെ ഞാൻ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. രാജൻ</u>: സർ, കേരളത്തിന്റെ ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. ഒരുപക്ഷെ കോൺഗ്രസുകാർ അറിയില്ലെങ്കിലും,

സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് ദീർഘകാലം കോൺഗ്രസായിരുന്ന പിന്നീട് കെ.എസ്.പി.-യിലും ആർ.എസ്.പി.-യിലും പ്രവർത്തിച്ചിരുന്ന കേരളത്തിലെ ആദരണീയനായ പത്രപ്രവർത്തകരിലൊരാളാണ് കെ. ബാലകൃഷ്ണൻ. തിരുകൊച്ചി മുഖ്യമന്ത്രിയായിരുന്ന സി. കേശവന്റെ മകനായിരുന്ന അദ്ദേഹത്തിന്റെ പ്രസംഗാനുഭവങ്ങളെക്കുറിച്ചുള്ള ശ്രദ്ധേയമായ പുസ്തകമാണ് "നനഞ്ഞുപോയി എങ്കിലും ജ്വാല". അതിൽ 'ഞാൻ പൊട്ടിക്കരഞ്ഞുപോയ ദിവസം' എന്ന പേരിൽ അദ്ദേഹം എഴുതിയ കുറിപ്പ് ഞാനിവിടെ വായിക്കാൻ ആഗ്രഹിക്കുകയാണ്. തെരഞ്ഞെടുപ്പിൽ അച്ഛന്റെ എതിർചേരിയിൽ നിന്ന് അച്ഛനുകൂടി എതിരായി നടത്തിയ പ്രസംഗം- "ദൈവത്തിൽ എനിക്ക് വിശ്വാസമില്ല. അന്ധമായ വിശ്വാസത്തിന്റെ പ്രതീകമാണ് ദൈവമെങ്കിൽ എന്റെ ദൈവം സി. കേശവനാണ്. ഒരു നിമിഷനേരം ഞാൻ നിശബ്ദനായിരുന്നു. ഞാൻ തുടർന്നു, എന്റെ അച്ഛനെ, അച്ഛൻ വിശ്വസിക്കുന്നതിനെതിരായ എല്ലാ വിഴുപ്പുകെട്ടുകളും ചുമക്കാൻ ചിലരൊക്കെ പ്രേരിപ്പിക്കുന്നുണ്ട്. ഞാൻ വീണ്ടും തുടർന്നു. എന്റെ അച്ഛനെ തുലയ്ക്കരുത്, തുലയ്ക്കരുതെയെന്ന്. പ്രാർത്ഥനയ്ക്ക് ഫലമുണ്ടെങ്കിൽ ഞാൻ അനന്തതയോട് പ്രാർത്ഥിക്കുന്നു." കെ. ബാലകൃഷ്ണൻ അദ്ദേഹത്തിന്റെ പ്രസംഗം തുടരുകയാണ്. അദ്ദേഹം പറഞ്ഞു, "ഞാൻ കരയുകയായിരുന്നു. എന്റെ അച്ഛനെ കോൺഗ്രസിൽനിന്നും രക്ഷിക്കുക. അതുമാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളൂ. ഞാൻ പ്രസംഗം നിർത്തി. സദസ്സ് നിശബ്ദമായിരുന്നു. മൈക്കിന്റെ പിറകിൽ നിന്നും പൊട്ടിക്കരഞ്ഞുകൊണ്ട് എന്റെ കസേരയിലേക്ക് പോയി. എനിക്ക് വിഷമം തോന്നി. മുഖ്യമന്ത്രി സി. കേശവൻ വീട്ടിലുണ്ട്. ഞാൻ വീട്ടിൽച്ചെന്നു. മുൻവശത്തെ പടികൾ കയറുമ്പോൾ എന്റെ അമ്മ അച്ഛനോട് പറയുകയാണ്, പ്രസംഗിക്കുന്നെങ്കിൽ അവനെപ്പോലെ പ്രസംഗിക്കണം അച്ഛനും അമ്മയും കരഞ്ഞു, ഞാൻ പൊട്ടിക്കരഞ്ഞു." ബഡ്ജറ്റ് അവതരിപ്പിക്കുന്നെങ്കിൽ ഡോ. ടി. എം. തോമസ് ഐസക്കിനെപ്പോലെ ബഡ്ജറ്റ് അവതരിപ്പിക്കണമെന്ന് പറയാൻ പ്രതിപക്ഷത്തിന്റെ കയ്യിലിരിപ്പ് മോശമായതുകൊണ്ട് നിങ്ങളുടെ കൂട്ടത്തിൽ പെങ്ങളായും അമ്മയായും അനിയത്തിയായും മകളായും ഒരു പെണ്ണില്ലെങ്കിലും ഈ ബഡ്ജറ്റിനു മുന്നിൽ കോൺഗ്രസ്സുകാർ പൊട്ടിക്കരയുകയെങ്കിലും ചെയ്യണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ സമയം ഉപയോഗിക്കുകയാണ്. ഇന്ത്യയിലാകമാനം വീശിയടിക്കുന്ന വർഗ്ഗീയതയ്ക്കുമുമ്പിൽ അഭേദ്യമായ ഒരു കോട്ടയായി കേരളം നിലകൊള്ളുകയാണ്. സംസ്ഥാനത്തിന്റെ സാമൂഹ്യ നേട്ടങ്ങളിൽപ്പോലും

അഖിലേന്ത്യാടിസ്ഥാനത്തിൽ ഇകഴ്ത്തിക്കാട്ടാൻ വർഗ്ഗീയവാദികൾ കിണഞ്ഞു പരിശ്രമിച്ചുവെങ്കിലും കേരളം ഒന്നാം നമ്പരായി തുടരുന്നു. ഇതിന് നേതൃത്വം നൽകുന്ന സർക്കാരിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചതെന്നുള്ളത് ഈ കാലഘട്ടത്തിലെ ശ്രദ്ധേയമായ നിലപാടുകളിലൊന്നാണ്. മനുഷ്യനിർമ്മിതമായ നോട്ട് നിരോധനവും പ്രകൃതി ദുരന്തമായ ഓഖിയും ഇന്ത്യൻ സമ്പദ്ഘടനയെ തകർക്കുകയും ചരക്ക് സേവന നികുതിയുടെ അവധാനതയോടുകൂടിയുള്ള നടപ്പാക്കൽ നമ്മെ ബാധിക്കുകയും ചെയ്ത ഘട്ടത്തിൽ യഥാർത്ഥത്തിൽ ഈ ബഡ്ജറ്റ് ഇടതുപക്ഷത്തിന്റെ ദിശാബോധമുള്ള ദർശനത്തെ നമ്മുടെ സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുകയാണ്. ഞങ്ങൾ ഈ ബഡ്ജറ്റിൽ വിശ്വസിക്കുന്നുണ്ട്. കാരണം, ദിശാബോധത്തോടെയും ലക്ഷ്യബോധത്തോടെയും കേരളത്തെ നയിക്കാൻ കഴിയുന്ന ഒരു മുന്നണിയുടെ പേര് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെന്നതുകൊണ്ട് ബഡ്ജറ്റ് നവ ഉദാര നടപടിക്രമങ്ങൾക്കെതിരായുള്ള ബദലായി ഡോ. ടി. എം. തോമസ് ഐസക്ക് ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. ഈ ബദൽ നവ ഉദാരവത്ക്കരണ നടപടിക്കെതിരായി ഇടതുപക്ഷവും പുരോഗമനപ്രസ്ഥാനവും മനുഷ്യസ്നേഹികളും നടത്തേണ്ട ഉജ്ജ്വലമായ രാഷ്ട്രീയപോരാട്ടത്തിന്റെ നാന്ദി നൽകിക്കൊണ്ട് അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റാണിത്. രണ്ട് ബഡ്ജറ്റുകൾ രണ്ട് ദിവസങ്ങളിലായി ഇവിടെ അവതരിപ്പിക്കപ്പെട്ടു. ഒന്നാം തീയതി അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റ് കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റാണ്. ആ ബഡ്ജറ്റിൽ ധനകമ്മി 3.5 ശതമാനമെന്ന് കാണിച്ചിരിക്കുന്നു. 3.1 ശതമാനമായി കുറയ്ക്കുമെന്നതാണ് കഴിഞ്ഞ വർഷത്തെ പ്രഖ്യാപനം. അത് 3.5 ശതമാനമാക്കി നിർത്തിയതെങ്ങനെയാണ്; ഒരു ലക്ഷം കോടി രൂപയുടെ ഓഹരികൾ വിറ്റതിനുശേഷവും കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ 3.5 ശതമാനമായി ധനകമ്മി നിൽക്കുമ്പോൾ കേരളം അവതരിപ്പിച്ച ബഡ്ജറ്റിൽ റവന്യൂ കമ്മി 1.91 ശതമാനമായി കുറഞ്ഞു. 3.2-ൽ നിന്ന് ധനകമ്മി 3.1 ആയി കുറഞ്ഞു. അത് 1.6 ആക്കി മാറ്റാൻ കഴിയുമെന്ന പ്രഖ്യാപനമായിരുന്നു ഇവിടെ നടന്നത്. കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ കോർപ്പറേറ്റുകളുടെ നികുതിയും തൊഴിലാളികൾക്കും കർഷകർക്കും കൊടുക്കേണ്ട ആനുകൂല്യങ്ങളും കുറച്ചു. കേരളത്തിൽ കുറച്ചത് തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളും കോർപ്പറേറ്റുകൾക്കുള്ള നികുതിയുമല്ല. സ്വന്തം പ്രശ്നങ്ങൾ ഉറക്കെ പറയാൻപോലും കഴിയാത്തവരുടെ ശബ്ദം കേൾപ്പിക്കാൻ ഈ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞു. സമ്പന്നമായൊരു സംസ്ഥാനവും ദരിദ്രമായ സംസ്ഥാന സർക്കാരുമുള്ള കേരളത്തെ എങ്ങനെ ഇതിൽനിന്നും മാറ്റിനിർത്താൻ കഴിയുമെന്നുള്ളതാണ് പ്രശ്നം. അഞ്ചുലക്ഷം കോടി രൂപയോളം ആഭ്യന്തര വരുമാനമുണ്ടാക്കാൻ കഴിയുന്ന കേരളത്തിന്റെ സമ്പദ്ഘടന പലപ്പോഴും മ്യൂച്വൽ ഫണ്ടുകളിലൂടെ കടന്നുപോകുമ്പോൾ അതിനെ തിരിച്ചുപിടിച്ച് സമ്പന്നമായ കേരളവും സമ്പത്തുള്ള സർക്കാരും എങ്ങനെയുണ്ടാക്കാമെന്ന് ഈ ബഡ്ജറ്റിലൂടെ ഡോ. ടി. എം. തോമസ് ഐസക് ഉജ്ജ്വലമായി നമ്മുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. ഉയർന്ന പലിശയും നിക്ഷേപ ഗ്യാരന്റിയും കൊടുക്കാവുന്ന, കേരളാ ബാങ്ക്, കിഫ്ബി, പ്രവാസി ചിട്ടി, കെ.എസ്.എഫ്.ഇ. ചിട്ടി, ലോക കേരളസഭ എന്നീ അഞ്ച് പദ്ധതികൾ ഇതിനായി അവതരിപ്പിച്ചു. ലോകത്തെ എല്ലാ നിലവാരത്തിലുമുള്ള മലയാളികളുടെ പണത്തെ കേരളത്തിലേയ്ക്ക് കൊണ്ടുവന്ന് ധനകമ്മി മൂന്ന് ശതമാനമാക്കി, ഇപ്പോൾ 1.6 ശതമാനമാക്കാൻ കേരളം ഒരു മുദ്രാവാക്യം മുന്നോട്ടുവയ്ക്കുകയാണ്. "നമ്മുടെ സമ്പത്ത് നമ്മുടെ നാടിന് തന്നെ" എന്നാണ് ആ മുദ്രാവാക്യം. ബഡ്ജറ്റിലെ കണക്കല്ല, അതിലെ ദർശനമാണ് പ്രശ്നമെന്ന് നേരത്തെ ഞാൻ പറയാനുള്ള കാരണം ഈ രണ്ട് ബഡ്ജറ്റുകൾക്കും രണ്ട് സമാന സാധ്യതകളുണ്ട് എന്നുള്ളതുകൊണ്ടാണ്.

1957-ൽ ഐക്യകേരളം രൂപീകരിക്കപ്പെട്ടപ്പോൾ അവതരിപ്പിക്കപ്പെട്ട ആദ്യ ബഡ്ജറ്റ് കേരളത്തിലെ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന, പിൽക്കാലത്ത് കേരളത്തിന്റെ മുഖ്യമന്ത്രിയായ സി. അച്യുതമേനോൻ അവതരിപ്പിച്ചതാണ്. ആദ്യ ബഡ്ജറ്റ് അവതരിപ്പിച്ച് ആറ് പതിറ്റാണ്ടുകൾക്കുശേഷം കേരളത്തിന്റെ പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ സാമൂഹ്യക്ഷേമ പദ്ധതികൾ എങ്ങനെ നടപ്പാക്കണമെന്നതിന്റെ സൂചനകൾ അതിൽ നൽകിയിട്ടുണ്ട്. സമാനതകളില്ലാത്ത സാമൂഹ്യ സുരക്ഷയാണ് ബഡ്ജറ്റിന്റെ അടിസ്ഥാന ഘടകം. എല്ലാവർക്കും വീട്, നല്ല ഭക്ഷണം, മെച്ചപ്പെട്ട വിദ്യാഭ്യാസം, ജീവിതശൈലീ രോഗങ്ങൾക്കടക്കം സൗജന്യചികിത്സ, സമഗ്രമായ സാമൂഹിക പെൻഷൻ എന്നിവയിലൂടെ ഇത്രയും ഉജ്ജ്വലമായൊരു കാഴ്ചപ്പാട് കേരളത്തില വതരിപ്പിക്കാൻ മറ്റേതൊരു സർക്കാരിന് സമീപകാലത്ത് സാധിച്ചിട്ടുണ്ടെന്നത് ഒരു പ്രധാനപ്പെട്ട ചോദ്യമാണ്.

കേന്ദ്രം ഫെഡറലിസത്തിനുനേരെ ഭീകരമായ കയ്യേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. സാമൂഹ്യനീതിയുടെ നിഷേധം കേന്ദ്ര സർക്കാരിന്റെ മുദ്രാവാക്യമാണ്. സംസ്ഥാനങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് അവരുടെ സാമ്പത്തിക പ്രതിസന്ധി മൂർച്ഛിപ്പിക്കുന്നതിനുള്ള നടപടികളാണ് കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഭീകരമായ വർഗ്ഗീയത ഇന്ത്യാരാജ്യത്ത് ആഞ്ഞുവീശുകയാണ്. നമ്മുടെ സംസ്ഥാനങ്ങളിൽ വ്യത്യസ്തങ്ങളായ താത്പര്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് അതിശക്തമായ വർഗ്ഗീയവാദത്തിന്റെ ഇടമായി ഇന്ത്യയെ മാറ്റാൻ ഈ സർക്കാർ തീരുമാനിക്കുമ്പോൾ വി.എച്ച്.പി.-യുടെ വർക്കിംഗ് പ്രസിഡന്റ് ശ്രീ. അശോക് സിംഗാളിനെപ്പോലും ജീവിക്കാൻ അനുവദിപ്പിക്കാത്ത ഒരു രാജ്യമായി ഇന്ത്യയെ നിങ്ങൾ മാറ്റുന്നു എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ഈ രാജ്യത്തിലെ എല്ലാ വിധത്തിലുമുള്ള മതനിരപേക്ഷ സമീപനത്തെയും നിങ്ങൾ ആക്രമിക്കുകയാണെന്നാണ്. ബി.ജെ.പി. അവതരിപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളും സാമ്പത്തിക നിലപാടുകളും നേരത്തെ കോൺഗ്രസ് ഈ രാജ്യത്തിന് പരിചയപ്പെടുത്തിയതാണ്. ഇപ്പോൾ ശ്രീ. നരേന്ദ്ര മോദിയുടെ എല്ലാ പരസ്യങ്ങളിലും "ഞങ്ങൾ പുതിയതായി കക്കൂസുണ്ടാക്കാൻ പോകുന്നു. ഇനി കക്കൂസില്ലാത്ത വീടുകളുണ്ടാകില്ല" എന്ന് പ്രഖ്യാപിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദി എവിടെയാണ് കക്കൂസുണ്ടാക്കാൻ പോകുന്നത്; ആകാശത്തിലാണോ? കേരളത്തിൽ ഭൂപരിഷ്കരണ നിയമം നടപ്പാക്കിയതുകൊണ്ട് ഇവിടെ സമ്പൂർണ്ണ ഒ.ഡി.എഫ്. നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിച്ചു. കേന്ദ്ര സർക്കാർ എവിടെയാണ് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയത്? എല്ലാവർക്കും വീട്, വിദ്യാഭ്യാസം, ഭക്ഷണം, ആരോഗ്യം, സാമൂഹ്യ പെൻഷനുകൾ എന്നിവയാണ് ഈ ബഡ്ജറ്റിന്റെ അടിസ്ഥാന പ്രമേയം. സാമൂഹ്യ പെൻഷന്റെ അടിസ്ഥാനതത്വങ്ങൾ വിളമ്പി പലരും വിലപിച്ചു. നിങ്ങൾ അധികാരം വിട്ടുപോകുമ്പോൾ 18 മാസക്കാലത്തെ പെൻഷൻ കൊടുത്തില്ലെന്നുമാത്രമല്ല വീട്ടിൽ കൊണ്ടുപോയി കൊടുത്തുകൊണ്ടിരുന്ന പെൻഷൻ ബാങ്കുകളിലാക്കി മാറ്റി. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ കേരളത്തിലെ മുഴുവൻ വീടുകളിലെയും 42 ലക്ഷം വരുന്ന സാമൂഹ്യ പെൻഷൻ അവകാശം ലഭിച്ചിരുന്ന സാധാരണക്കാരായ മനുഷ്യർക്ക് അവരുടെ വീടുകളിൽ സഹകരണ ബാങ്കുകളിലൂടെ പെൻഷൻ കൊടുത്ത ചരിത്രം യു.ഡി.എഫ്. മറന്നുപോകരുത്. നിങ്ങളാർക്കുവേണ്ടി കേരളത്തിൽ നിന്നു എന്നതിൽ ഞങ്ങൾക്ക് നല്ല ധാരണയുണ്ട്. 1957-ൽ എല്ലാവർക്കും വീടും വിദ്യാഭ്യാസവും

നൽകാൻ തീരുമാനിച്ച കേരളത്തിന്റെ നിലവിലുണ്ടായിരുന്ന സാമൂഹിക അസമത്വത്തിനെതിരായി പോരാട്ടത്തിന്റെ ആദ്യത്തെ ബദൽ പ്രഖ്യാപിച്ച 1957-ലെ സർക്കാരിനെ അട്ടിമറിക്കാൻ അപമാനകരമായ സമരത്തിന് നിങ്ങൾ നേതൃത്വം നൽകിയെന്നുമാത്രമല്ല, ഈ രാജ്യത്തിനുതന്നെ അപകടകരമായ വിധത്തിൽ ഭരണഘടനയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട്, ഭരണഘടനയിലെ വാക്കുകളെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് കേരളത്തിലെ സർക്കാരിനെ പിരിച്ചുവിട്ടപ്പോൾ നിങ്ങൾ നടത്തിയ അങ്കമാലി പ്രകടനത്തിന്റെ മുദ്രാവാക്യം ഓർമ്മയുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നു. 'തമ്പ്രാനെന്ന് വിളിപ്പിക്കും, പാളയിൽ കഞ്ഞി കുടിപ്പിക്കു'മെന്ന് നിങ്ങൾ വിളിച്ച മുദ്രാവാക്യം ആർക്കുവേണ്ടിയായിരുന്നു? ഈ രാജ്യത്തെ അധഃസ്ഥിതനായ മനുഷ്യന് മണ്ണ് കൊടുക്കണമെന്ന് പറഞ്ഞ സർക്കാരിനോട് നിങ്ങൾ യുദ്ധം ചെയ്തതുപോലെ, എല്ലാവർക്കും വിദ്യാഭ്യാസം വേണമെന്ന് പ്രഖ്യാപിച്ച സർക്കാരിനോട് നിങ്ങൾ യുദ്ധം ചെയ്തതുപോലെ ദളിതന്റെയും അധഃസ്ഥിതന്റെയും ആദിവാസിയുടെയും അടിച്ചമർത്തപ്പെട്ടവന്റെയും മാറ്റിനിർത്തപ്പെടുന്നവന്റെയും വിലാപങ്ങൾ കണ്ടറിഞ്ഞ ഒരു ബഡ്ജറ്റിനെ മോശമായി വ്യാഖ്യാനിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്.

2.00 പി.എം.)

ഈ സർക്കാർ ചെയ്ത കുറ്റമെന്താണ്? എല്ലാവർക്കും വീട് കൊടുക്കാൻ ഈ സർക്കാർ തീരുമാനിച്ചു. എത്ര വീടുണ്ടാക്കിയെന്ന് നിങ്ങൾ ചോദിക്കുന്നു; വീടുണ്ടാക്കണമെന്ന ചിന്ത നിങ്ങളുടെ സർക്കാരിന്റെ കാലത്തുണ്ടായിരുന്നോ? എല്ലാവർക്കും വീടുണ്ടാക്കാൻ ഞങ്ങൾ പരിശ്രമമാരംഭിച്ചു. 1.76 ലക്ഷം ഭവനരഹിതർക്കും ലിസ്റ്റിലുള്ളവർക്കും ഈ ബഡ്ജറ്റ് കാലയളവിൽ വീട് കൊടുക്കുമെന്ന് ഈ സർക്കാർ പറയുന്നു. അങ്ങനെയൊരു മുദ്രാവാക്യം അവതരിപ്പിക്കുന്ന ഒരു സർക്കാരിന്റെ ബഡ്ജറ്റിനെ പിന്തുണയ്ക്കാൻ ബാധ്യതയുള്ളവർ അന്ധമായ രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ എതിർക്കാൻ തീരുമാനിക്കുമ്പോൾ നിങ്ങൾ അന്നുവിളിച്ചതുപോലെ 'തമ്പ്രാനെന്നു വിളിപ്പിക്കും, പാളയിൽ കഞ്ഞികുടിപ്പിക്കും' എന്ന മുദ്രാവാക്യം അറുപത് വർഷത്തിനുശേഷം ഈ നിയമസഭയിൽ വീണ്ടും വിളിക്കുകയാണെന്ന ഓർമ്മ നിങ്ങൾക്കുണ്ടാകണം.

ആരോഗ്യമേഖലയിലെ സമഗ്രമായ പദ്ധതികൾ-ജീവിതശൈലീ രോഗങ്ങൾക്കുപോലും ചികിത്സ ലഭ്യമാക്കാനുള്ള സംരക്ഷണം; സമ്പൂർണ്ണമായ വിദ്യാഭ്യാസ പഠനപരിപാടികൾ എന്നിവ നടപ്പാക്കുകയാണ്. കേരളത്തിന്റെ

വിദ്യാഭ്യാസ മേഖലയിൽ അതിശക്തമായ മാറ്റമുണ്ടാക്കിയില്ലേ? 42.4 ലക്ഷം പേർക്ക് സംസ്ഥാന സർക്കാർ നേരിട്ടും ക്ഷേമ പദ്ധതികളിലൂടെ 5 ലക്ഷം പേർക്കും പെൻഷൻ കൊടുക്കുന്നുണ്ട്. സാമൂഹിക ക്ഷേമ പെൻഷനുകൾക്കായി 6000 കോടി രൂപയാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ ഇതിനായി വകയിരുത്തിയത് കേവലം 1600 കോടി രൂപയാണ്. ഞങ്ങൾ 6000 കോടി രൂപ ഈയിനത്തിൽ കൊടുക്കാൻ തീരുമാനിക്കുന്നു. ഞങ്ങൾ ചെയ്തത് കുറ്റമാണോ?

ഈ സർക്കാർ ഭക്ഷ്യസുരക്ഷ ഇനത്തിൽ നടപ്പിലാക്കിയത് അത്യുജ്ജ്വലമായ പദ്ധതികളാണ്. യു.ഡി.എഫ്. ഭരണകാലത്താണ് എൻ.എഫ്.എസ്.എ. നടപ്പിലാക്കിയത്, അന്ന് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കോൺഗ്രസ്സായിരുന്നു. അന്ന് റേഷൻ കാർഡുണ്ടാക്കിയപ്പോൾ കേരള സർക്കാർ നിങ്ങളുടേതായിരുന്നു. നിങ്ങളുണ്ടാക്കിയ ഈ മുൻഗണനാ/മുൻഗണനേതര ലിസ്റ്റ് ഞങ്ങളുടെ തലയിൽ അടിച്ചേൽപ്പിക്കുകയാണ് നിങ്ങൾ ചെയ്തിരുന്നത്. അതിൽ 2.4 ലക്ഷം ആളുകൾ എ.പി.എൽ.-ൽനിന്നും ബി.പി.എൽ.-ലേയ്ക്ക്, അഥവാ മുൻഗണനാ വിഭാഗത്തിൽ നിന്നും മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറിപ്പോയി. ഇത്തരമൊരു രീതി എവിടെയെങ്കിലും കേട്ടുകേൾവിയുണ്ടോ? ഭക്ഷ്യസുരക്ഷാ വകുപ്പ് കൃത്യമായ അവധാനതയോടെ കേരളത്തിന്റെ പൊതുസമൂഹത്തിൽ നടത്തിയ ഇടപെടലു കൾക്ക് ഇപ്പോൾ ഫലം കണ്ടുകൊണ്ടിരിക്കുകയാണ്.

ഓഖി ചുഴലിക്കാറ്റിനെക്കുറിച്ച് നിങ്ങളിവിടെ കണ്ണുനീരൊഴുക്കുന്നുണ്ടല്ലോ. യഥാർത്ഥത്തിൽ കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെ അവരുടെ ജീവിതത്തിന്റെ നല്ല പടിയിലേയ്ക്ക് കയറ്റിക്കൊണ്ടുപോകാനായി അവതരിപ്പിച്ച പദ്ധതികളെ ഇല്ലാതാക്കാനുള്ള നടപടിക്രമങ്ങളാണ് കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. 'ഉപ്പ്' എന്ന പുസ്തകത്തിൽ കുരീപ്പുഴ ശ്രീകുമാറിന്റെ നഗ്നകവിതകളിൽ ഒരു കവിതയുണ്ട് - 'ജ്യോത്സന്റെ ഭാര്യയെ കാണാനില്ല, ചന്ദ്രൻ അപഹരിച്ചോ, രാഹുവോ കേതുവോ തെക്കോട്ട് നടത്തിച്ചോ, ചൊവ്വ പിടിച്ചോ, ശനി മറച്ചോ, അയാൾ കവടി നിരത്തിയതേയില്ല, നേരെ നടന്നു പോലീസ് സ്റ്റേഷനിലേയ്ക്ക് എന്നാണ്. കേരളത്തിലെ സാധാരണക്കാർക്ക് പോലീസ് സ്റ്റേഷനുകളിലേയ്ക്ക് കയറിപ്പോകാൻ കഴിയുന്ന ഒരു കാലം നിങ്ങൾ കണ്ടില്ല എന്ന് കരുതി മുന്നോട്ട് പോകേണ്ടതില്ല. കേരളത്തിന്റെ കാർഷിക മേഖലയിൽ അവതരിപ്പിക്കപ്പെട്ട പുത്തൻ പദ്ധതികളിൽ എന്ത് കുറവുണ്ടെങ്കിലും നെല്ലുൽപ്പാദന രംഗത്ത് തരിശുരഹിത

ചിന്തയുണ്ടാക്കികൊടുക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. രണ്ടുവർഷക്കാലം മുമ്പ് ആന കയറിയ കരിമ്പിൻതോട്ടംപോലെ കേരളത്തിൽ യു.ഡി.എഫ്. ആക്രമിച്ചിരുന്ന കേരളത്തിന്റെ ധനസ്ഥിതിയിൽനിന്ന്; ഇത്രയേറെ പ്രശ്നങ്ങളുടെ നടുവിലും കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ, ഈ നാട്ടിലെ സാധാരണക്കാർക്ക് കരുത്തുപകരാൻ ആവേശം കൊള്ളിപ്പിക്കുന്ന ഒരു നടപടിയുടെ ഭാഗമാണ് ഈ ബഡ്ജറ്റ്. ഇത് സാധാരണക്കാരന്റെയും സ്ത്രീകളുടെയും കർഷകരുടെയും സാമൂഹിക പെൻഷനുകൾ ഏറ്റുവാങ്ങുന്നവരുടെയും ബഡ്ജറ്റാണ്. കേരളത്തിലെ മൂന്നേകാൽ കോടിവരുന്ന മനുഷ്യജീവിതത്തിൽ മാറ്റത്തിന്റെ വസന്തമുണ്ടാക്കാൻ സർക്കാർ അവതരിപ്പിക്കുന്ന ദാർശനികചിന്തയുടെ ഒരു ബദൽ പോരാട്ടമാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ്.

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ പാർക്കായി പുത്തൂരിലെ സുവോളജിക്കൽ പാർക്കിനെ മാറ്റുന്നത് സംബന്ധിച്ച ചില സൂചനകൾകൂടി ബഡ്ജറ്റിലുൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആവേശത്തോടെയും കരുതലോടെയും ജാഗ്രതയോടെയും കേരളത്തിനുവേണ്ടി അവതരിപ്പിക്കപ്പെട്ട ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നു; എല്ലാ അഭിവാദ്യങ്ങളും നേരുന്നു.

<u>ശ്രീ. കെ. ബാബു</u>: സർ, ഓഖി ചുഴലി കൊടുങ്കാറ്റുപോലെ ദുരന്തം വിതച്ച നോട്ടുനിരോധനവും സുനാമിപോലെ ദുരിതം വിതറിയ ജി.എസ്.ടി.-യും സ്വദേശിവത്കരണത്തിന്റെ ഭാഗമായി മണൽക്കാറ്റുപോലെ തിരിച്ചുവരുന്ന പ്രവാസികളും സൃഷ്ടിക്കുന്ന സാമ്പത്തിക വറുതിയിൽനിന്നും കേരള ജനതയുടെ സ്വപ്നസാക്ഷാത്കാരത്തിന് അറുതിയില്ലാതെ തന്നെ സർവ്വതല സ്പർശിയായി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. വരവിനേക്കാൾ ചെലവ് അധികരിക്കുമ്പോൾ ഏത് വിവേകമുള്ള ധനകാര്യ വകുപ്പുമന്ത്രിയും ധനധൂർത്ത് കർശനമായി നിയന്ത്രിക്കും. അങ്ങനെ നിയന്ത്രിക്കപ്പെടുമ്പോഴും ക്ഷേമപദ്ധതി കളൊന്നും വെട്ടിച്ചുരുക്കാതെതന്നെ സാമ്പത്തിക അടിത്തറ പാകാൻ ശ്രദ്ധിച്ചുവെന്നതാണ് സംസ്ഥാന ബഡ്ജറ്റിന്റെ മഹത്വം. 'വിത്തൊരൊത്തിരി വയ്ക്കുന്നു വീണ്ടും, പത്തിരട്ടിയായി പൊൻ വിളയിക്കാൻ' - വൈലോപ്പിള്ളിയുടെ കന്നിക്കൊയ്ത്തിലെ വരികളാണ്. കവയത്രി സുഗതകുമാരിയിൽ നിന്നുമാരംഭിച്ച് ബാലാമണിയമ്മയിലൂടെ അവസാനിപ്പിച്ച സ്ത്രീപക്ഷ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

വിശക്കുന്നവന് ഭക്ഷണം നൽകുന്ന വിശപ്പുരഹിത കേരളം, വീടില്ലാത്തവർക്ക് വീട് നൽകുന്ന ലൈഫ് മിഷന് 2500 കോടി രൂപ, വനിതാക്ഷേമത്തിന് 1267 കോടി രൂപ, 8 ലക്ഷത്തോളം ഭിന്നശേഷിക്കാർക്ക് ആശ്വാസ നടപടി, എൻഡോസൾഫാൻ ദുരിതബാധിതരെ പുനരധിവസിപ്പിക്കാൻ 50 കോടി രൂപ, ട്രാൻസ്ജെൻഡേഴ്സിന് 10 കോടി രൂപ, ജില്ലകൾതോറും സുരക്ഷാഭവൻ, മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, ബാർബർമാർ തുടങ്ങിയ പിന്നോക്കക്കാർക്ക് ആശ്വാസം, വയോജനങ്ങൾക്ക് പ്രത്യേകം പദ്ധതികൾ, ആരോഗ്യമേഖലയിൽ 2739 തസ്തികകൾ സൃഷ്ടിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗം വന്നാൽ ഫലപ്രദമായ ചികിത്സ, ചികിത്സിച്ചിട്ടും ഭേദമായില്ലെങ്കിൽ സാന്ത്വന പരിപാലനം, ആരോഗ്യരംഗത്ത് പുത്തനുണർവ്, അന്യസംസ്ഥാന തൊഴിലാളികളെ നമ്മുടെ അതിഥി തൊഴിലാളികളായി അംഗീകരിക്കുക, റേഷൻ വിതരണം ശക്തിപ്പെടുത്താൻ 314 പുതിയ തസ്തികകൾ ഉൾപ്പെടെ സൃഷ്ടിക്കൽ എന്നിങ്ങനെയുള്ള പദ്ധതികളുമായി കേരളത്തിലെ സാധാരണക്കാർക്കൊപ്പമാണ് എൽ.ഡി.എഫ്. സർക്കാർ.

ഓഖി ദുരന്തത്തിന്റെ പേരിൽ സഭയ്ക്കകത്തും പുറത്തും ഒരുപോലെ പ്രിയപ്പെട്ട മുഖ്യമന്ത്രിക്കെതിരെ എന്തെല്ലാം തരത്തിലുള്ള പ്രചരണമാണ് യു.ഡി.എഫ്. അഴിച്ചുവിട്ടത്. അന്യസംസ്ഥാനത്തുനിന്നും ഉപജീവനത്തിനായി കേരളത്തിലെത്തി അപകടമുണ്ടായി ചികിത്സ ലഭിക്കാതെ മരണപ്പെട്ടുപോയ തമിഴ്നാട്ടുകാരൻ മുരുകന്റെ കുടുംബത്തോട് കേരള ജനതയ്ക്കുവേണ്ടി ഈ സഭയ്ക്കകത്ത് മനുഷ്യസ്നേഹിയായ മുഖ്യമന്ത്രി മാപ്പ് ചോദിച്ചത് നിങ്ങൾ മറന്നുപോയോ; നിങ്ങളാക്രമിക്കുന്നത് ആരെയാണ്? ഇവിടെ ഒരു കേന്ദ്രമന്ത്രി വന്നു. അതിവൈകാരികതയുള്ള തമിഴ് സിനിമാ സംഭാഷണങ്ങൾ ഉരുവിട്ട് ചില അഭിനയ മുഹൂർത്തങ്ങൾ നൽകി കയ്യടി വാങ്ങി വടക്കോട്ടുപോയി. എന്നാൽ കേരളത്തിലെ കടലോര മേഖലയിലെ ദുരന്തങ്ങളും വേദനകളും മനസ്സിലാക്കി എല്ലാ സഹായങ്ങളും നൽകുന്നതിന് സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. സർക്കാരാണ് മുന്നോട്ടുവന്നത്. പ്രതിപക്ഷം സഭയിൽ ആവശ്യപ്പെട്ടത് 500 കോടി രൂപയാണെങ്കിൽ 2000 കോടി രൂപയുടെ പുതിയ പാക്കേജാണ് സർക്കാർ പ്രഖ്യാപിച്ചത്. അപകടമുണ്ടായാൽ 48 മണിക്കൂറിനകം സൗജന്യ ചികിത്സ നൽകുമെന്ന് മാത്രമല്ല, അവർക്കാവശ്യമായ ആംബുലൻസ് കൃത്യമായി എത്തിച്ചുകൊടുക്കുമെന്നും സർക്കാർ പ്രഖ്യാപിച്ചു. ജീവൻ നഷ്ടപ്പെട്ടവർക്ക്

20 ലക്ഷം രൂപ, കാണാതായവരുടെ കുടുംബത്തിന് 20 ലക്ഷം രൂപ. അഭിനയത്തിന്റെ കാര്യത്തിൽ ഒരുപക്ഷെ മുഖ്യമന്ത്രി പരാജയമായിരിക്കും, പക്ഷേ പ്രവൃത്തിയുടെ കാര്യത്തിൽ ഒന്നാമനാണ്, അതുകൊണ്ടുതന്നെയാണ് കേരളം എല്ലാ മേഖലയിലും ഒന്നാമതാകുന്നത്. ഗുജറാത്തിലെ ഊനയിലും ഉത്തർപ്രദേശിലെ ഷഹരാൻപൂരിലും Bhima Koregaon-മായി ബന്ധപ്പെട്ട് പൂനെയിലും ദളിതർ അക്രമിക്കപ്പെടുമ്പോൾ ഇന്ത്യയിലെമ്പാടുമുയർത്തുന്ന മുദ്രാവാക്യം - ഹമേം ഹമാരി ജമീൻ ദോ, ഹമേം ചാഹിയേ ആസാദി, ഹമേം ചാഹിയേ ജമീൻ എന്നാണ്. അവർക്ക് കേരളത്തിൽ സ്വാതന്ത്ര്യവും ഭൂമിയും വീടും വിദ്യാഭ്യാസവും മാത്രമല്ല നൽകിയത്. ഒരുകാലത്ത് ആട്ടിപ്പായിക്കപ്പെട്ടവർക്ക് അമ്പലത്തിന്റെ ശ്രീകോവിലനകത്ത് ഇഷ്ടദൈവങ്ങളെ പൂജിക്കാനുള്ള അവകാശവും ഈ സർക്കാർ നൽകി. ദളിതർക്കൊപ്പമാണ് എൽ.ഡി.എഫ്. സർക്കാർ. ഇന്ത്യയിലെ എസ്.സി./എസ്.ടി. ജനവിഭാഗം 25.2 ശതമാനവും പദ്ധതി വിഹിതം 11.5 ശതമാനവുമാണ്. കേരളത്തിലെ ദളിത് വിഭാഗം 10.45 ശതമാനവും പദ്ധതി വിഹിതം 12.63 ശതമാനവുമാണ്. സാംസ്കാരിക വകുപ്പിന് 144 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. കലയും സാംസ്കാരിക പ്രവർത്തനങ്ങളും വരേണ്യവർഗ്ഗത്തിന്റെ ഇടയിൽനിന്ന് സാധാരണക്കാരുടെ ഇടയിലേയ്ക്ക് കൊണ്ടുവരിക മാത്രമല്ല ജനപക്ഷത്തു നിൽക്കുന്ന കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സർക്കാർ നേതൃത്വം കൊടുക്കുകയാണ് ചെയ്യുന്നത്. ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികം, വിവേകാനന്ദ സ്പർശനത്തിന്റെ 125-ാം വാർഷികം, മഹാത്മാജിയുടെ രക്തസാക്ഷിത്വദിനം എന്നിവ കോൺഗ്രസ് ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്ത്, ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടിയായി വേണ്ട നിലയിൽ ആചരിക്കാൻ കഴിഞ്ഞോ? എന്നാൽ കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരും സാംസ്കാരിക വകുപ്പും അതിന് നേതൃത്വം കൊടുക്കുകയാണ്. അതിനെ അംഗീകരിക്കാൻ നിങ്ങൾ തയ്യാറാകണം. വാർത്തകളിൽ ഇടംപിടിക്കാൻ, ആർത്തിയും അത്യാർത്തിയും പൂണ്ട ചില വ്യക്തികൾ നമ്മുടെയിടയിലുണ്ട്. അവർ ചരിത്രം പഠിക്കണം. അവരിപ്പോൾ ഭൂതകാലത്തിന്റെ ശവക്കുഴി തോണ്ടി പിതൃതുല്യം സ്നേഹിക്കുന്ന വിപ്ലവ കേരളത്തിന്റെ പോരാളികളെ വാക്കുകൾകൊണ്ട് അപമാനിച്ച് സ്വന്തം മുഖം ഫെയ്സ് ബുക്കിലൂടെ മിനുക്കി നടക്കുകയാണ്. മനസ് വർത്തമാനകാലത്തോടൊപ്പം എത്താതിരുന്നാൽ ശരീരം ശവതുല്യം എന്ന ചൈനീസ് പഴമൊഴിയാണ് ഞാൻ അവരെ ഓർമ്മിപ്പിക്കുന്നത്.

"അള്ളാ കി കസം അബൂക്കാ ഹുക്കും കയറി വാ അസീസേ" എന്ന് കോൺഗ്രസ് ഓഫീസിനെക്കുറിച്ച് ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ പറഞ്ഞത് നിങ്ങൾ മറന്നുപോകരുത്. പാവങ്ങളുടെ പടത്തലവനായ സഖാവ് എ.കെ.ജി.-യുടെ നാമധേയത്തിൽ പടുത്തുയർത്തിയിട്ടുള്ള എ.കെ.ജി. സെന്ററും ഇനി ജന്മനാട്ടിൽ പടുത്തുയർത്താൻ പോകുന്ന എ.കെ.ജി.-യുടെ സ്മാരകവും അതല്ലെന്ന് മാത്രം നിങ്ങൾ ആലോചിച്ചാൽ നല്ലത്.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരിക്കുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക നഷ്ടം 202.135 കോടി രൂപയായിരുന്നു. എന്നാൽ ഇരുപത് മാസം കൊണ്ട് എൽ.ഡി.എഫ്. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം നികത്തി 40 കോടി രൂപ ലാഭമുണ്ടാക്കി. 40 പൊതുമേഖലാ സ്ഥാപനങ്ങളിലെ 14 വ്യവസായങ്ങളും ഇന്ന് ലാഭത്തിലാണ്. അത് കൺകെട്ട് വിദ്യയല്ല, യാഥാർത്ഥ്യമാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഈ സഭയിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും പെൻഷൻകാരുടെയും കദനകഥയിൽ പലരും പ്രതിഷേധിക്കുന്നത് നമ്മൾ കണ്ടു. കെ.എസ്.ആർ.ടി.സി. പെൻഷൻ മാർച്ചിനകം നൽകും. ആയിരം കോടി രൂപയുടെ പാക്കേജാണ് നടപ്പാക്കാൻ പോകുന്നത്. ആദ്യഘട്ടത്തിൽ ആയിരവും 2018-19-ൽ കിഫ്ബി വഴി 2000 ബസ്സും വാങ്ങാനാണ് തീരുമാനം. പുതിയ മാനേജ്മെന്റ് ശൈലിയിൽ കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. പൊതുമേഖലയിൽ സ്വകാര്യവത്കരണത്തിന് തുടക്കംകുറിച്ച കോൺഗ്രസ്സും പൊതുമേഖലയുടെ ഓഹരി വിറ്റ് ധനകമ്മി നികത്തുന്ന ബി.ജെ.പി.-യും ഒരുപോലെയാണ്. ഷൂമാക്കറുടെ 'Small is beautiful' എന്ന പുസ്തകം വായിച്ചാൽ വളരെ നന്നായിരിക്കുമെന്നാണ് എനിക്ക് അവരോട് അഭ്യർത്ഥിക്കാനുള്ളത്. പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ഫണ്ട് വെട്ടിക്കുറച്ച് പശുവിന് ആധാർ കാർഡ് നടപ്പിലാക്കാൻ 50 കോടി രൂപയാണ് കേന്ദ്രം അനുവദിച്ചത്. കേരളത്തിന്റെ സമഗ്ര വിദ്യാഭ്യാസ പുരോഗതിക്കാവശ്യമായ എസ്.എസ്.എ. ഫണ്ട് വെട്ടിക്കുറിച്ചുവെന്ന വാർത്തയാണ് കഴിഞ്ഞ ദിവസം വന്നത്. എന്നാൽ കേരളത്തിൽ വിദ്യാഭ്യാസത്തിന് 970 കോടി രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 583 കോടി രൂപയും മാറ്റിവച്ചതിനെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ അതിരൂക്ഷമായ ജലക്ഷാമം തടയാൻ സീതാർകുണ്ട് പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ

ഓരോ നിയമസഭാ മണ്ഡലങ്ങളിലും ഓരോ കോളേജുണ്ട്. എന്റെ മണ്ഡലത്തിലും ഒരു സർക്കാർ കോളേജ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സബ്മിഷനിലൂടെ ആ പ്രശ്നം ഞാൻ ഉന്നയിച്ചതാണ്. നിർമ്മാണത്തിനാവശ്യമായ സ്ഥലവും ഫണ്ടും മാറ്റിവച്ച് കാത്തിരിക്കുന്ന കൊല്ലങ്കോട് ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കണമെന്നും പല്ലാവൂരിലെ വാദ്യകലത്രയങ്ങളുടെ പേരിൽ വാദ്യകലാക്ഷേത്രവും കൊല്ലങ്കോടിന്റെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ബൈപ്പാസ് റോഡും അനുവദിക്കണമെന്ന് ഈയവസരത്തിൽ അഭ്യർത്ഥിക്കുന്നു. ജനപക്ഷത്തുനിൽക്കുന്ന കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കഴിഞ്ഞ 21 മാസത്തിനുള്ളിൽ നികുതി വരുമാനം കൂട്ടുന്നതിനും ചെലവ് ചുരുക്കുന്നതിനും ധനകാര്യ മാനേജ്മെന്റിൽ അച്ചടക്കം കൊണ്ടുവരാനും അങ്ങ് ആവിഷ്കരിച്ച പദ്ധതികൾ പരാജയമായിരുന്നുവെന്ന് സമ്മതിക്കുന്ന ബഡ്ജറ്റാണിത്. ജി.എസ്.ടി.-യുടെ സംസ്ഥാന പ്രൊമോട്ടറായി പ്രവർത്തിച്ച അങ്ങ് ഇപ്പോൾ അതിനെ തള്ളിപ്പറയുന്ന സമയത്ത് അവതരിപ്പിച്ച ബഡ്ജറ്റാണിത്. പ്രതിമാസം 2553.68 കോടി രൂപ കമ്മി നേരിടുന്ന സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റാണിത്. സമ്പദ്ഘടനയുടെ വളർച്ച താഴോട്ടാണെന്ന് അങ്ങ് തന്നെ സമ്മതിക്കുന്ന സമയത്ത് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റാണിതെന്നുള്ളതുകൊണ്ടുതന്നെ ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

ജനക്ഷേമകരമായി പ്രവർത്തിക്കുന്ന ഒരു സർക്കാരിന്റെ കർമ്മപഥമാണ് ബഡ്ജറ്റ്. സാമ്പത്തിക പുനരുദ്ധാരണത്തിന് കൃത്യമായ സമയത്തിനകത്ത് നിന്നുകൊണ്ട് നടത്തുന്ന പ്രവർത്തനമാണ് ബഡ്ജറ്റ് അവതരണവും അതിന്റെ പ്രവർത്തനങ്ങളും. സാമ്പത്തിക ശാസ്ത്രജ്ഞനായ ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാനത്തെ സാമ്പത്തികമായി തകർത്തുകൊണ്ട്, പരിഹാസ്യമായ ബഡ്ജറ്റ് അവതരണമാണ് ഇവിടെ നടത്തിയതെന്ന് കാണാൻ സാധിക്കും. ഇവിടെ അവതരിപ്പിച്ച സാമ്പത്തിക അവലോകന റിപ്പോർട്ടും സി.&എ.ജി.-യുടെ മേശപ്പുറത്തുവച്ച റിപ്പോർട്ടും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ ഇരുളടഞ്ഞതാണെന്ന് കാണിക്കുന്നു. ജി.എസ്.ടി.-യിൽനിന്ന് വലിയ വരുമാനമുണ്ടാകുമെന്ന് ആവേശത്തോടുകൂടിയാണ് പറഞ്ഞിരുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. സി.പി.ഐ.(എം.) എതിർത്തിട്ടുപോലും അങ്ങ് ജി.എസ്.ടി.-യെ പിന്തുണച്ച് മുന്നോട്ടുപോകുകയാണ് ചെയ്തത്. സംസ്ഥാനത്തെ ധനകമ്മിയും റവന്യൂ കമ്മിയും

കുതിച്ചുയർന്നുവെന്നാണ് സി.&എ.ജി.-യുടെ റിപ്പോർട്ട്; പൊതുകടത്തിന്റെ വളർച്ചാനിരക്ക് കണക്കാക്കിയതിനേക്കാൾ വളരെ ഉയർന്നതാണ്. കഴിഞ്ഞ ബഡ്ജറ്റിനൊപ്പം സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഇടക്കാല സാമ്പത്തിക നയരേഖയിലെ ലക്ഷ്യങ്ങൾ കൈവരിക്കാനായില്ലെന്നും നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമായി പറയുന്നു. റവന്യൂ കമ്മി മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 1.98 ശതമാനമായും ധനകമ്മി 3.51 ശതമാനമായും കുറയേണ്ടതായിരുന്നു; എന്നാൽ റവന്യൂ കമ്മി 15484.59 കോടി രൂപയായി ഉയരുകയും മൊത്തം ആഭ്യന്തര ഉത്പാദനം 2.36 ശതമാനത്തിലെത്തുകയുമാണ് ചെയ്തത്. 2015-16-ലെ 9656.81 കോടി രൂപയിൽ നിന്നാണ് ഈ വർദ്ധനവ്. ധനകമ്മി 26448.35 കോടി രൂപയിലെത്തി 40.4 ശതമാനം ആയിരിക്കുന്നുവെന്ന് അങ്ങ് മറന്നുപോകരുത്. ഏതായാലും കടം ഉയർന്ന നിലയിൽ എത്തിയിരിക്കുന്നുവെന്നുള്ള കാര്യം റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കും. സംസ്ഥാനത്തിന്റെ നികുതി വരുമാനവും നികുതിയേതര വരുമാനവും ഗണ്യമായി കുറഞ്ഞുവരികയാണ്. കേരളം അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി യിലാണെന്ന് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിനുമുമ്പ് പലതവണ പ്രസ്താവിക്കുകയുണ്ടായി. ഇത് സർക്കാരിന്റെ കെടുകാര്യസ്ഥതയാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നതാണ്. കഴിഞ്ഞ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച ധാരാളം കാര്യങ്ങൾ നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം ഇവിടെ എല്ലാവരും ആവർത്തിച്ചുപറഞ്ഞു. 60 വയസ്സ് കഴിഞ്ഞ സർവ്വീസ് പെൻഷനില്ലാത്ത, രണ്ടേക്കറിലേറെ ഭൂമിയില്ലാത്ത, ആദായനികുതി കൊടുക്കാത്ത ആളുകൾക്ക് പെൻഷൻ നൽകുമെന്ന് പറഞ്ഞിട്ട് പത്ത് മാസമായി പെൻഷന്റെ അപേക്ഷപോലും സ്വീകരിക്കാത്ത അവസ്ഥാവിശേഷമാണുള്ളത്. കിഫ്ബിയിൽ പ്രഖ്യാപിച്ച പ്രവർത്തനങ്ങൾ എവിടെയെത്തിയെന്ന് ഇവിടെയെല്ലാവരും വിശദീകരിച്ചു. പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുമെന്ന് പറഞ്ഞെങ്കിലും അതെവിടെയും എത്തിയില്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. പത്ത് കോടി മരം നടുമെന്ന പ്രഖ്യാപനവും എങ്ങുമെത്തിയില്ലെന്ന കാര്യം അങ്ങ് കഴിഞ്ഞ ദിവസം സമ്മതിച്ചതാണ്. വിലക്കയറ്റം തടയാനാകുമെന്ന പ്രത്യാശ പ്രകടിപ്പിച്ചിരുന്നു വെങ്കിലും അത് നടപ്പിലാക്കാനായില്ല. കെ.എസ്.ആർ.ടി.സി. പെൻഷനുമായി ബന്ധപ്പെട്ട കാര്യവും 20 ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്ക് ഇന്റർനെറ്റ് സംവിധാനം നൽകുമെന്ന് പറഞ്ഞതും പാലിക്കപ്പെട്ടിട്ടില്ല. ജില്ലകൾക്കുവേണ്ടി

പ്രഖ്യാപിച്ച പല പദ്ധതികളും നടപ്പാക്കിയിട്ടില്ല. സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ പദ്ധതിച്ചെലവ് വിനിയോഗം ഫെബ്രുവരി മാസമായിട്ടും എങ്ങുമെത്തിയിട്ടില്ല. 52.3 ശതമാനം മാത്രമാണ് വിവിധ വകുപ്പുകളുടെ ചെലവ് കാണിക്കുന്നത്. അതിൽനിന്നും പദ്ധതികളുടെ അവലോകനം ശരിയായ രീതിയിൽ നടക്കുന്നില്ലെന്ന കാര്യം മനസ്സിലാക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിനായി മാറ്റിവച്ച 6227.50 കോടി രൂപയിൽ നിന്ന് 2078.95 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് ഞാൻ പറയുന്നതല്ല, കേരള ബഡ്ജറ്റ് വാച്ച് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നതാണ്. ആരോഗ്യ-കൃഷി-ഭവനനിർമ്മാണ-പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ 50 ശതമാനത്തിൽ താഴെ തുകയാണ് ചെലവഴിച്ചതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഇക്കാര്യം ഗൗരവമായി കാണണം. അടുത്ത ബഡ്ജറ്റിലെങ്കിലും ചെലവഴിച്ച തുകയുടെ സംക്ഷിപ്ത രൂപം ബഡ്ജറ്റിനൊപ്പം നൽകിയാൽ നന്നായിരിക്കും.

അങ്ങ് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് മേശപ്പുറത്തുവച്ച സാമ്പത്തിക അവലോകന റിപ്പോർട്ടിൽ സംസ്ഥാനത്തെ ആരോഗ്യ-തൊഴിൽ മേഖലകളടക്കമുള്ള എല്ലാ മേഖലകളിലേയും കാര്യങ്ങളെക്കുറിച്ച് വളരെ വ്യക്തമായി സൂചിപ്പിച്ചിരുന്നു. കേരളത്തിലെ ആരോഗ്യ രംഗത്തെക്കുറിച്ച്, 'പരമ്പരാഗത രോഗങ്ങളുടെ വരവിന് പുറമേ പുത്തൻ ഭീഷണികളായി മാനസിക രോഗങ്ങൾ, ആത്മഹത്യകൾ, മദ്യപാനത്തിന്റെയും മയക്കുമരുന്നിന്റെയും വർദ്ധിച്ചുവരുന്ന ഉപയോഗം' എന്ന് അങ്ങ് സമർപ്പിച്ച സാമ്പത്തിക അവലോകന റിപ്പോർട്ടിലെ 286-ാം പേജിൽ വ്യക്തമായി പറയുന്നുണ്ട്. മദ്യവിൽപ്പനക്കാരനെയും മദ്യം കുടിക്കുന്നവനെയും ഒരുപോലെ പ്രീണിപ്പിക്കുന്ന നയമാണ് ബഡ്ജറ്റിലൂടെ പറഞ്ഞിരിക്കുന്നത്. ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ നികുതി ഉയർത്തുകയും സർച്ചാർജ് ഒഴിവാക്കുകയും വിദേശ മദ്യവില്പന ബിവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കുകയും അതിനനുസരിച്ച് വില്പന കൂട്ടുകയും ചെയ്യുന്നത് സ്വാഭാവികമാണ്. നികുതി 150 ശതമാനത്തിൽനിന്ന് 78 ശതമാനമാക്കി കുറയ്ക്കുന്നതോടെ അതിന്റെ ഉപയോഗം കൂട്ടുകയാണ് ചെയ്യുന്നത്. അതിനാൽ ഒരു മദ്യവില്പനക്കാരന്റെ റോളിലേയ്ക്ക് സർക്കാർ പോകരുതെന്ന് വിനീതമായി അപേക്ഷിക്കുകയാണ്. ഈ സർക്കാരിന്റെ നയ നിലപാടുകളുടെ വ്യതിയാനങ്ങൾക്കനുസരിച്ച് വളാഞ്ചേരിയിൽ പുതിയൊരു ബാർകൂടി തുറന്നതുകൊണ്ട് കഴിഞ്ഞ 45 ദിവസമായി ആ ബാറിനുമുന്നിൽ പൗരാവലി സമരം നടത്തുകയാണ്.

സംസ്ഥാനത്തെ തൊഴിലില്ലാത്തവരുടെ എണ്ണത്തെക്കുറിച്ച് വളരെ വ്യക്തമായി ഇവിടെ പറയുകയുണ്ടായി. 2015-16-ൽ നടത്തിയ തൊഴിലില്ലായ്മ സർവ്വേപ്രകാരം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവുമധികം തൊഴിലില്ലായ്മ നിലനിൽക്കുന്നത് കേരളത്തിലാണെന്ന് വ്യക്തമാണ്. ഈ അവസരത്തിലാണ് വരാനിരിക്കുന്ന കാലഘട്ടങ്ങളിൽ പുതുതായി നിയമനങ്ങളൊന്നും നടത്തില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലൂടെ പ്രഖ്യാപിക്കുന്നത്. 1.84 ലക്ഷത്തോളം തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ഈ സംസ്ഥാനത്തുള്ളപ്പോൾ അവരെയൊക്കെ ബഡ്ജറ്റിൽ അവഗണിച്ചുകൊണ്ടാണ് അങ്ങ് മുന്നോട്ടുപോകുന്നത്. അത്തരം നടപടികൾ തിരുത്തണമെന്ന് ബഹുമാനപൂർവ്വം അങ്ങയോട് ആവശ്യപ്പെടുകയാണ്.

ഈ നിയമസഭാ സമ്മേളനത്തിന്റെ ആദ്യദിവസത്തിൽ കഞ്ഞിപ്പുര - മൂടാൽ ബൈപ്പാസുമായി ബന്ധപ്പെട്ട് ഞാനൊരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അതിന് വളരെ പോസിറ്റീവായ മറുപടിയാണ് അങ്ങ് പറഞ്ഞത്. ആ സബ്മിഷൻ അവതരിപ്പിച്ച അന്നുതന്നെ എനിക്ക് നാട്ടിലേയ്ക്ക് പോകേണ്ടിവന്നു. അന്ന് വൈകുന്നേരം അവിടെ ഒരു ഗ്യാസ് ടാങ്കർ ലോറി മറിഞ്ഞതിനെത്തുടർന്ന് ആളുകൾ മുഴുവൻ പരിഭ്രാന്തരായി. ഡോ. കെ. ടി. ജലീലിന്റെ വീടിന് തൊട്ടടുത്താണ് ഈ സംഭവം നടന്നത്. ഏകദേശം 500 - 600 മീറ്ററിനകത്തുള്ള മുഴുവൻ വീടുകളിലെയും കറണ്ടും വെള്ളവും കട്ട് ചെയ്ത് ആളുകൾ വളരെ പ്രയാസപ്പെട്ട് നിൽക്കുന്ന സമയത്താണ് ഞാനവിടെ എത്തുന്നത്. അതുവഴി കടന്നുപോകുന്ന മുഴുവൻ വാഹനങ്ങളും തടഞ്ഞുനിർത്തുന്ന അവസ്ഥാവിശേഷമാണുണ്ടായത്. നിരവധി തവണ അങ്ങയോട് ഇക്കാര്യം ആവശ്യപ്പെടുകയും അങ്ങ് പോസിറ്റീവായ നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടും ആ ബൈപ്പാസിനാവശ്യമായ തുക ഈ ബഡ്ജറ്റിൽ അനുവദിച്ചതായി കാണുന്നില്ല. അവിടത്തെ ജനങ്ങളുടെ പ്രയാസം ഒഴിവാക്കാനെങ്കിലും അങ്ങ് ശ്രമിക്കണമെന്ന് വളരെ വിനീതമായി അപേക്ഷിക്കുകയാണ്.

കവികളുടെയും സാഹിത്യകാരന്മാരുടെയും ധാരാളം ഉദ്ധരണികൾ ഉപയോഗിച്ചുകൊണ്ടാണ് അങ്ങയുടെ ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടത്.

"കടലമ്മ തൻ മാറിൽ കളിച്ചുവളർന്നവർ, കരുത്തർ

ഉയിർത്തെഴുന്നേൽക്കുന്നു വീണ്ടും, ഞങ്ങൾ"

എന്ന ശ്രീമതി സുഗതകുമാരിയുടെ കവിതയിലെ വരികൾ പാടിയാണ് അങ്ങയുടെ ബഡ്ജറ്റ് തുടങ്ങുന്നത്. ആ കവിത പാടുമ്പോൾ ഓഖി ദുരന്തബാധിതരായ ആളുകളോട് നീതികാണിച്ചുവെന്ന് പറയാൻ അങ്ങേയ്ക്ക് സാധിക്കുമോ? ഈ സംസ്ഥാനത്തെ ഏറ്റവും വലിയ ദുരന്തമുണ്ടായ സംഭവത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രിക്കുപോലും തീരപ്രദേശത്തുനിന്നും മടങ്ങിപ്പോരേണ്ട അവസ്ഥയുണ്ടായിട്ടും എഴുപത്തിയഞ്ചോളം ജീവനുകൾ നഷ്ടപ്പെട്ടിട്ടും ഇരുന്നൂറോളം ആളുകളെ ഇനിയും കണ്ടുപിടിക്കാനുണ്ടായിട്ടും ആ ആളുകൾക്ക് അതിനെക്കുറിച്ച് മുന്നറിയിപ്പ് കൊടുക്കാനാവശ്യമായ നടപടി ഈ സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായില്ലെന്ന് പറയുന്നത് പ്രയാസകരമാണ്. 2017 മേയ് 8-ാം തീയതി ഗൗരവ് കുമാർ ബൻസാൽ Vs. യൂണിയൻ ഓഫ് ഇന്ത്യ കേസിന്റെ വിധി വന്നു. 'ദേശീയതലത്തിൽ രൂപീകൃതമായിട്ടുള്ള നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും സംസ്ഥാനതലത്തിലുള്ള ദുരന്ത നിവാരണ സ്ഥാപനങ്ങളും എപ്പോഴും ജാഗരൂകരായിരിക്കേണ്ടതും ഏതെങ്കിലും നിർഭാഗ്യകരമായ ദുരന്തം അവിടെ ആഞ്ഞടിക്കുകയാണെങ്കിൽ പൂർണ്ണമായും തയ്യാറായിരിക്കേണ്ടതും ആശ്വാസത്തിനായി ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ ബന്ധപ്പെട്ട എല്ലാവർക്കും നൽകേണ്ടതാണെന്നും' സുപ്രീം കോടതി പറഞ്ഞു. ആ സുപ്രീംകോടതി വിധിപോലും നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിച്ചില്ലെന്നത് വളരെ പ്രയാസകരമാണ്.

അങ്ങ് നവലിബറൽ ഇക്കോണമിയുടെ ഭാഗത്തേയ്ക്ക് പോകുന്നുവെന്നത് പരിതാപകരമായ അവസ്ഥാവിശേഷമാണുണ്ടാക്കുന്നത്. വിപ്ലവ വീര്യമുള്ള ഉദ്ധരണികളോ പ്രസംഗങ്ങളോ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകാത്തതുകൊണ്ടാണ് ഒരു നവലിബറൽ ഭാഗത്തേയ്ക്ക് അങ്ങ് സഞ്ചരിക്കുന്നുവെന്ന് ഞാൻ സംശയിക്കുന്നത്. കേരളത്തിന്റെ യാത്ര സുഖകരമാകണമെങ്കിൽ മൂലധന നിക്ഷേപം കണ്ടെത്തുകയും സാമ്പത്തിക അച്ചടക്കമുണ്ടാകുകയും വേണം. അങ്ങയുടെ ബഡ്ജറ്റിലോ പ്രവർത്തനത്തിലോ അതിനുള്ള ഇച്ഛാശക്തി കാണുന്നില്ല. മിനിഞ്ഞാന്നത്തെ ഇന്ത്യൻ എക്സ്പ്രസിലെ 'State needs surgery, gets band-aid' എന്ന തലക്കെട്ട് ഞാൻ ഓർക്കുകയാണ്. കേരളത്തിനൊരു സർജറി ആവശ്യമായ സമയത്ത് അങ്ങൊരു ബാൻഡ്-എയ്ഡ്കൊണ്ട് ഓട്ട അടയ്ക്കാൻ ശ്രമിക്കുന്ന നിലപാടുകളിൽ നിന്നും മാറി ഇച്ഛാശക്തിയോടുകൂടി കേരളത്തിന്റെ ധനകാര്യമാനേജ്മെന്റിനെ മുന്നോട്ട് കൊണ്ടുപോകാനുള്ള ഒരു സാമ്പത്തിക വിദഗ്ദ്ധന്റെ പ്രവർത്തന ങ്ങളിലേയ്ക്ക് ഉയർന്നുവരണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2018-19-ലെ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. "നമുക്ക് ഒന്നിച്ച് മുന്നേറാം, സർക്കാർ ഒപ്പമുണ്ട്," മുഖ്യമന്ത്രിയുടെ ഈ വാക്കുകൾ കേരളജനതയ്ക്ക് ആത്മവിശ്വാസം പകരുന്ന ഒന്നായി മാറുകയാണ്. അതെല്ലാം ഈ ബഡ്ജറ്റിൽ തെളിഞ്ഞ് കാണുന്നുണ്ട്. 125 വർഷം മുമ്പ് സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമെന്ന് വിളിച്ചു. ആ ഭ്രാന്താലയത്തെ ഇന്ന് ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റിയതിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് വളരെയേറെ പങ്കുണ്ട്. കേരള നവോത്ഥാന നായകന്മാരായ ശ്രീനാരായണ ഗുരു, അയ്യങ്കാളി, ചട്ടമ്പിസ്വാമികൾ, വക്കം അബ്ദുൾഖാദർ മൗലവി എന്നിവരുടെ പ്രവർത്തനങ്ങൾ പിന്നീട് ഏറ്റെടുത്ത് നടത്തിയത് കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നു. കമ്മ്യൂണിസ്റ്റ് നേതാക്കന്മാരായ പി. കൃഷ്ണപിള്ള, എ.കെ.ജി., ഇ.എം.എസ്. എന്നിവരൊക്കെ അതിന്റെ ഭാഗമായി പ്രവർത്തിച്ചവരാണ്. അവരുടെയൊക്കെ പ്രവർത്തനങ്ങൾമൂലമാണ് ഇന്ന് ദൈവത്തിന്റെ സ്വന്തം നാടായി കേരളം മാറിയതെന്ന് നാം മനസ്സിലാക്കണം. രാജ്യത്തിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ട് നവകേരള സൃഷ്ടിക്കായി പ്രവർത്തിക്കുന്ന നാല് മിഷനുകളുടെ പ്രവർത്തനം പൂർത്തിയാക്കുമ്പോൾ കേരളം ഒരു സ്വർഗ്ഗമാകും.

ഹരിത കേരള മിഷൻ-വായുവും വെള്ളവും മണ്ണും ഇന്ന് ദുഷിച്ച് കൊണ്ടിരിക്കുകയാണ്. അതിനെ തിരിച്ചുകൊണ്ടുവരാനുള്ള വലിയ പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി നദികളും പുഴകളും കിണറുകളും കുളങ്ങളും കാടുകളും വനങ്ങളുമെല്ലാം സംരക്ഷിക്കുകയാണ്.

ലൈഫ് മിഷൻ-സ്വന്തമായി വീടില്ലാത്തവന്റെ പ്രയാസം സർക്കാർ മനസ്സിലാക്കുന്നു. സ്വന്തമായി വീടില്ലെന്ന് പറഞ്ഞാൽ സ്വന്തമായി മേൽവിലാസമില്ലാത്തവനാണ്. അവർക്കുവേണ്ടി ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെല്ലാം ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്.

ആർദ്രം പദ്ധതി - ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കി സർക്കാർ ആശുപത്രികളിൽ സാധാരണക്കാരന്റെ ചികിത്സാസൗകര്യം മെച്ചപ്പെടുത്താനാണ് ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്. പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുക എന്നത് നവലിബറൽ മിഷന്റെ ഭാഗമായി വരുന്നതാണ്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ ഇന്നത്തെ രീതിയിലേയ്ക്ക് കൊണ്ടുവരാനുള്ള പ്രവർത്തനം 1957-ലെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണ്. ആ പൊതു വിദ്യാഭ്യാസ സംരക്ഷണത്തിലൂടെയാണ് ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമായി കേരളത്തെ മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടുള്ളത്.

2017 നവംബർ 30-നും ഡിസംബർ 1-നും കേരളത്തിൽ ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ് വലിയ നാശമാണ് വിതച്ചത്. ഒരു നൂറ്റാണ്ടിനിടയ്ക്ക് ആദ്യമായാണ് ചുഴലിക്കാറ്റിന്റെ ഭാഗമായി കടലിൽ ഇത്തരമൊരു ദുരന്തമുണ്ടായത്. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ ഈ സമയത്ത് കടലിലുണ്ടായിരുന്നു. സംസ്ഥാന സർക്കാർ ശക്തമായ ഇടപെടൽ നടത്തിയതിന്റെ ഭാഗമായി, നാവികസേനയും കോസ്റ്റ് ഗാർഡും യോജിച്ചുനടത്തിയ തെരച്ചിലിൽ ഒട്ടനവധി ആളുകളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞു. ഇത്രയും വിപുലവും സാഹസികവുമായ ഒരു രക്ഷാപ്രവർത്തനം ഇതിനുമുമ്പ് കേരളത്തിലുണ്ടായിട്ടില്ല. ചുഴലിക്കാറ്റുണ്ടാകുമെന്ന് മുന്നറിയിപ്പ് ലഭിച്ചെന്നുള്ള തെറ്റായ പ്രചരണം ചില മാധ്യമങ്ങൾ പുറത്തുവിട്ടിരുന്നു. ഓഖിയെ സംബന്ധിച്ച് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽനിന്നും നവംബർ 30-നായിരുന്നു സംസ്ഥാന സർക്കാരിന് മുന്നറിയിപ്പ് ലഭിച്ചത്. ഈ സാഹചര്യത്തിൽ സർക്കാർ വിവേകത്തോടുകൂടി പ്രവർത്തിച്ചു. തീരദേശമേഖലയുടെ സംരക്ഷണത്തിനായി 2000 കോടി രൂപയുടെ പാക്കേജ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് ആഹ്ലാദകരമാണ്. മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളെയും തീരദേശ ഗ്രാമങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് 100 കോടി രൂപ മുടക്കി സാറ്റലൈറ്റ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനമെടുത്തത് വളരെ ആശ്വാസകരമാണ്. കടൽത്തീരത്തുനിന്നും 50 മീറ്റർ പരിധിയിലുള്ള മുഴുവൻ കുടുംബാംഗങ്ങളെയും മാറ്റിത്താമസിപ്പിക്കാൻ 150 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാകുന്നത്. ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ വീതം കൊടുത്തുകൊണ്ട് അവരെ മാറ്റിത്താമസിപ്പിക്കാനുള്ള പ്രവർത്തനവുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ഓഖി ദുരന്തമുണ്ടായ കൊച്ചി മണ്ഡലത്തിൽ 150-ഓളം കുടുംബങ്ങളെ മാറ്റിപാർപ്പിക്കേണ്ടിവന്നു. ആ സന്ദർഭത്തിൽ അവർക്ക് ക്യാമ്പ് സജ്ജമാക്കിക്കൊടുത്തിരുന്നു. എന്നാൽ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ആ ക്യാമ്പിലേയ്ക്ക് കടന്നുവന്നപ്പോൾ ജനം തടഞ്ഞുകൊണ്ട് കോൺഗ്രസ് നേതാക്കന്മാരെ അവർക്ക് വെറുപ്പാണെന്നാണ് പറഞ്ഞത്. അവസാനം ചില ഇടപെടൽ നടത്തിയതിന്റെ ഭാഗമായി മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് മാത്രം അവരെ കാണാനുള്ള അവസരം കൊടുത്തു. കോൺഗ്രസ് നേതാക്കന്മാരെയൊക്കെ അവർ അകറ്റിനിർത്തി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരദേശമേഖലയ്ക്കായി ചെലവഴിച്ചതിന്റെ കണക്ക് പറഞ്ഞ് അദ്ദേഹം അവിടെ തെറ്റിദ്ധാരണ പരത്തി. ഞങ്ങൾ ആ കണക്ക് പരിശോധിച്ചപ്പോൾ ഒരു പൈസപോലും തീരദേശമേഖലയ്ക്കായി ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് മനസ്സിലായി. പിന്നീട് ആ പ്രദേശത്തെ

വിവിധ നേതാക്കളുമായി ബന്ധപ്പെട്ടാണ് പ്രശ്നം ഒത്തുതീർപ്പാക്കാൻ സാധിച്ചത്. ഈ ബഡ്ജറ്റ് പ്രഖ്യാപനം വന്നപ്പോൾ ജില്ലയിലെ തീരദേശവാസികൾ വളരെ ആഹ്ളാദത്തിലാണ്. ബഡ്ജറ്റിൽ 2000 കോടി രൂപ ചെല്ലാനം-എടവനക്കാട് തീരദേശത്തിനായി മാറ്റിവച്ചതിൽ ജനങ്ങൾ സന്തോഷിക്കുകയാണ്. മറ്റൊരു കാര്യം, ചെല്ലാനം ഫിഷിംഗ് ഹാർബറിലെയും അവിടെയുള്ള ഉൾനാടൻ പ്രദേശങ്ങളിലെയും മത്സ്യത്തൊഴിലാളികൾക്ക് പെരുമ്പടപ്പ്, കല്ലഞ്ചേരി, കണ്ണമ്മാരി കായലിൽ എക്കൽ അടിഞ്ഞതിനാൽ മത്സ്യം പിടിക്കാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ അവരെ സഹായിക്കാനുള്ള ഒരു പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന അഭ്യർത്ഥനയുണ്ട്. അതുപോലെ കേരളത്തിന്റെ വ്യവസായ കേന്ദ്രമായ എറണാകുളം ജില്ലയ്ക്ക് ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിയതിൽ സന്തോഷമുണ്ട്. കൊച്ചി ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആർ.സി.സി. നിലവാരത്തിലേയ്ക്കുയർത്തുമെന്നും കടലാക്രമണം തടയാൻ 300 കോടി രൂപയും പെട്രോ കെമിക്കൽ പാർക്കിന് 1,264 കോടി രൂപയും ഷീ-ലോഡ്ജ് നിർമ്മിക്കാൻ 4 കോടി രൂപയും മുസിരിസ് ഉൾപ്പെടെയുള്ള പൈതൃകങ്ങൾ സംരക്ഷിക്കാൻ 40 കോടി രൂപയും ബാംബൂ കോർപ്പറേഷൻ, കെൽ എന്നിവയ്ക്ക് 10 കോടി രൂപയും കാക്കനാട് രണ്ടുനിലയുള്ള വ്യവസായ ഷെഡ്ഡിനും സീപോർട്ട് എയർപോർട്ടിന്റെ നവീകരണം വേഗത്തിലാക്കുന്നതിനും സീവേജ്, ഫിഷറീസ് സർവ്വകലാശാലയ്ക്ക് 41 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. ബഡ്ജറ്റ് പ്രതീക്ഷാനിർഭരമാണെന്നും വൻകിട-ചെറുകിട വ്യവസായമേഖലയ്ക്ക് മുൻതൂക്കം നൽകുന്നതാണെന്നുമാണ് വ്യവസായ സമൂഹം പറഞ്ഞിട്ടുള്ളത്. പ്രവാസി ക്ഷേമത്തിന് കൂടുതൽ തുക വകയിരുത്തിയത് പ്രവാസികളുടെ പുനരധിവാസത്തിനും സ്വയംതൊഴിലിനും സഹായകരമായി മാറുകയാണ്. പ്രവാസികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.എഫ്.ഇ. ആവിഷ്ക്കരിച്ച ഓൺലൈൻ ചിട്ടി ഇടപാടുകൾ എളുപ്പത്തിൽ പണമടയ്ക്കാനുള്ള സാധ്യത വർദ്ധിപ്പിക്കുകയാണ്.

ലൈഫ് മിഷൻ പദ്ധതിയിലൂടെ വീടുകൾ നിർമ്മിക്കാനായി 2500 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പണിതീരാത്ത 77756 വീടുകളുടെ നിർമ്മാണം നടന്നുവരികയാണ്. വാസയോഗ്യമായ വീടില്ലാത്ത 421073 പേർക്കും ഭൂരഹിതരായ 338450 പേർക്കും പുതിയ വീട് നിർമ്മിച്ച് നൽകേണ്ടതുണ്ട്. 4 ലക്ഷം രൂപ വീതമാണ് ഓരോ വീടിനും നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റ് ഒരു ജനകീയ ബഡ്ജറ്റാണ്.

കിഫ്ബിയിലൂടെ ഫണ്ട് സമാഹരിച്ചുകൊണ്ട് കേരളത്തിന്റെ വ്യവസായ മേഖല മുന്നോട്ടുകുതിക്കാൻ പോകുകയാണ്. പ്രതിപക്ഷത്തുള്ള പല എം.എൽ.എ.-മാർക്കും കിഫ്ബിയെപ്പറ്റി വലിയ സംശയമാണ്; അവരുടെ സംശയം ഒരിക്കലും മാറില്ല. അവർക്ക് ചെയ്യാൻ പറ്റാത്ത കാര്യങ്ങൾ ചെയ്തുകൊണ്ടാണ് വൻകുതിപ്പിലൂടെ ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിന് പൂർണ്ണ പിന്തുണ നൽകിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും ജനക്ഷേമകരമായ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയും ബഡ്ജറ്റ് നിർദ്ദേശങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുന്നു. കേരളത്തിന്റെ സാമ്പത്തികവളർച്ച ഇന്ന് വലിയ വെല്ലുവിളികൾ നേരിടുകയാണ്. സാമ്പത്തിക സർവ്വേയിൽ ചൂണ്ടിക്കാണിച്ച പ്രവണതകൾ ശക്തമായി തുടരുകയാണ്. കഴിഞ്ഞ അരനൂറ്റാണ്ടായി കേരളത്തെ സാമ്പത്തികമായി നിലനിർത്തിയ ഘടകം പ്രവാസികളുടെ പണമായിരുന്നു. ഇപ്പോഴും അങ്ങനെ തന്നെയാണ്. സൗദി അറേബ്യയിൽ നടപ്പിലാക്കുന്ന സ്വദേശിവൽക്കരണം തൊഴിൽ മേഖലയിൽ കൂടുതൽ വ്യാപകമാകുകയാണ്. റെഡിമെയ്ഡ് വസ്ത്രസ്ഥാപനങ്ങൾ, കണ്ണട വിൽക്കുന്ന കടകൾ, ജുവലറികൾ എന്നിവിടങ്ങളിലെല്ലാം സൗദിഅറേബ്യ സ്വദേശിവൽക്കരണം നടപ്പിലാക്കിക്കഴിഞ്ഞു. അതിനാൽ ഇത്തരം സ്ഥാപന ങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുൾപ്പെടെയുള്ള വിദേശികൾക്ക് തൊഴിൽ നഷ്ടമായിരിക്കുകയാണ്. കഴിഞ്ഞ ദിവസം സൗദിയിൽ നിന്ന് ഒരാൾ എന്നെ വിളിച്ചിരുന്നു. അയാളുടെ വിസ ഒരു വർഷത്തേയ്ക്കാണ്. എന്നാൽ റെഡിമെയ്ഡ് സ്ഥാപന ങ്ങളുടെ സ്വദേശിവൽക്കരണം അവിടത്തെ സർക്കാർ നടപ്പിലാക്കിയപ്പോൾ മലയാളികൾ കടയ്ക്ക് പുറത്തും സൗദിക്കാർ അകത്തുമാണ്. ശമ്പളം കിട്ടാത്തതിനാൽ അവർക്ക് അവിടെ തുടരാൻ ബുദ്ധിമുട്ടാണ്. ഈ പ്രതിസന്ധി നമ്മുടെ സമ്പദ്ഘടനയുടെമേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലും നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന് ഗുണകരമായ വിധത്തിലുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. ബഡ്ജറ്റ് അവതരിപ്പിക്കുകയല്ലാതെ അത് പ്രാവർത്തികമാക്കാൻ സർക്കാരിന് പദ്ധതിയൊന്നുമില്ലെന്ന് നേരത്തെ സംസാരിച്ച ചിലർ പറയുകയുണ്ടായി. എന്നാൽ

കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ അഞ്ചുവർഷക്കാലത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല പദ്ധതികളും പ്രാവർത്തികമാക്കിയിരുന്നില്ല. മുൻ എം.എൽ.എ. ശ്രീ. കെ. കെ. ജയചന്ദ്രന്റെ നക്ഷത്രചിഹ്നമിടാത്ത 3175-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നൽകിയ മറുപടിയിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നിരവധി പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. എല്ലാ ജില്ലകളിലും എയർ സ്ട്രിപ്പ് പ്രഖ്യാപിച്ചു. അദ്ദേഹം നൽകിയ മറുപടിയിൽ വ്യക്തമാക്കുന്നത് ആരോഗ്യജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതി, കലാ-കായികം-തൊഴിൽ-വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ആശ്വാസ് പദ്ധതി, എം.എച്ച്.ആർ.ഡി.-യുടെ സഹായത്തോടുകൂടി 5 പോളിടെക്നിക്കുകൾ സ്ഥാപിക്കുന്ന പദ്ധതി, മുന്നോക്ക സമുദായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് അങ്ങനെ 85-ഓളം പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും പലതും നടപ്പിലാക്കിയിരുന്നില്ല. പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കാൻ കഴിയാത്ത യു.ഡി.എഫ്. പ്രതിനിധികളാണ് ഈ സർക്കാർ പ്രഖ്യാപനങ്ങൾ നടപ്പിലാക്കിയില്ലെന്നുപറഞ്ഞ് ആക്ഷേപിക്കുന്നത്. അത് വസ്തുതയ്ക്ക് നിരക്കുന്നതല്ല. ഓഖി ചുഴലിക്കാറ്റുമൂലമുണ്ടായിട്ടുള്ള പ്രതിസന്ധി തീരദേശമേഖലയെ തുറിച്ചുനോക്കുകയാണ്. തീരദേശമേഖലയ്ക്ക് പ്രത്യേക പരിഗണനയാണ് ഈ ബഡ്ജറ്റിൽ നൽകിയിട്ടുള്ളത്. 2000 കോടി രൂപയുടെ ഒരു പാക്കേജാണ് തീരദേശ മേഖലയ്ക്കായി മാറ്റിവച്ചിട്ടുള്ളത്. കടലിനെ ആശ്രയിച്ച് കഴിയുന്ന തൊഴിലാളികൾ ദുരിതത്തിലാണ്. ഓഖി ദുരന്തമുണ്ടായതിനുശേഷം കേരളത്തിലെ തീരദേശ ജില്ലകളിൽ യു.ഡി.എഫ്. ഒരു ജാഥ നടത്തി. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ മൽസ്യത്തൊഴിലാളികളെ വഞ്ചിച്ചു എന്ന് പറഞ്ഞുകൊണ്ടുള്ള ജാഥയായിരുന്നു അത്. കടലിൽ പോയി മൽസ്യബന്ധനം നടത്തുന്ന തൊഴിലാളികളുടെ ജീവിതത്തിന് ഏറ്റവും വലിയ ആഘാതം നൽകിയത് കോൺഗ്രസായിരുന്നു. ആ കോൺഗ്രസാണ് ഇവിടെ ജാഥയും പ്രചരണവും നടത്തിയത്. ഇന്ന് സാധാരണ മൽസ്യത്തൊഴിലാളികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മൽസ്യലഭ്യതയുടെ കുറവാണ്. അതിന് കാരണം കോൺഗ്രസാണ്, കേന്ദ്ര സർക്കാർ നടപ്പിലാക്കിയ അശാസ്ത്രീയമായി മൽസ്യബന്ധന നയമാണ്. കോൺഗ്രസ് സർക്കാർ നടപ്പിലാക്കിയ ആഴക്കടൽ മൽസ്യബന്ധനനയം മൽസ്യമേഖലയ്ക്ക് ഗുണകരമായെന്ന്

നെഞ്ചത്ത് കൈവച്ച് ഏതെങ്കിലും കോൺഗ്രസുകാരന് പറയാൻ സാധിക്കുമോ? പരമ്പരാഗത മൽസ്യത്തൊഴിലാളികൾ കടലിൽ പോയാൽ മൽസ്യം ലഭിക്കുന്നില്ല. അത്തരമൊരു നയം നടപ്പിലാക്കിയ അന്നത്തെ കേന്ദ്ര സർക്കാരിന്റെ വക്താക്കളാണ് ഇന്ന് ഇത്തരം ആക്ഷേപകരമായ മുദ്രാവാക്യം മുഴക്കി സമരം നടത്തുന്നത്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് സർക്കാർ വളരെ ശ്രദ്ധേയമായ കാര്യങ്ങളാണ് നടപ്പിലാക്കിയത്. സംസ്ഥാന സർക്കാർ 20 ലക്ഷം രൂപയാണ് നൽകിയത്. നേരത്തെയുള്ള ഏതെങ്കിലും ഒരു സർക്കാരിന്റെ കാലത്ത് അത്തരത്തിലൊരു സഹായം നൽകിയിട്ടുണ്ടോ; സുനാമി ദുരന്തമുണ്ടായപ്പോൾ സമാശ്വാസമായി എത്ര രൂപയാണ് നൽകിയത് തുടങ്ങിയ കാര്യങ്ങളെല്ലാം നമ്മുടെ മുന്നിലുണ്ട്. പക്ഷെ തെറ്റായ പ്രചരണം നടത്തി സർക്കാരിനെ ആക്ഷേപിക്കാനാണ് ശ്രമിക്കുന്നത്. തീരദേശത്തെ ആശുപത്രികൾക്കും സ്കൂളുകൾക്കുമായി ബഡ്ജറ്റിലൂടെ നടത്തിയ പ്രഖ്യാപനം സ്വാഗതാർഹമാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആശുപത്രികളുടെ നവീകരണവും 250 കുട്ടികളുള്ള സ്കൂളുകളുടെ നവീകരണവും നടപ്പാക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. തീരദേശത്തിനായി കിഫ്ബിയിൽ നിന്നും 900 കോടി രൂപയുടെ പദ്ധതിയാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിട്ടുള്ളത്. അതെല്ലാം നടപ്പിലാക്കേണ്ടത് സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും ആവശ്യമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ ഒട്ടേറെ ക്ഷേമപദ്ധതികൾ പറഞ്ഞിട്ടുണ്ട്.

പ്രവാസികളുടെ പുനരധിവാസം സംസ്ഥാന സർക്കാർ നേരിടുന്ന വലിയൊരു പ്രശ്നമാണ്. പ്രവാസിക്ഷേമ പദ്ധതികൾക്കായി ക്ഷേമനിധി വെൽഫെയർ ഫണ്ട് ബോർഡിന് 9 കോടി രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന് അത്രയേ നൽകാൻ സാധിക്കൂ. പക്ഷെ ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള പുതിയ നിർദ്ദേശങ്ങളുണ്ടാക്കാൻ കഴിയണം. എല്ലാ മേഖലയിലെയും ഉന്നമനത്തിനായി ലോട്ടറി നടപ്പിലാക്കുന്നുണ്ട്. പ്രവാസി ക്ഷേമനിധിയിൽ കുറച്ചുകൂടി വരുമാനം ഉണ്ടാക്കത്തക്ക നിലയിൽ പ്രവാസി ലോട്ടറികൂടി പരിഗണിക്കണമെന്ന നിർദ്ദേശം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ എല്ലാ മേഖലയിലെയും ആളുകൾക്ക് ക്ഷേമ പെൻഷനുകൾ നൽകുകയാണ്. ക്ഷേമപെൻഷനുകൾ കുറച്ചുകൊണ്ടുവരാൻ എൽ.ഡി.എഫ്. സർക്കാർ ശ്രമിക്കുകയാണെന്ന് ബഹുമാനപ്പെട്ട പി. ജെ. ജോസഫ് ആശങ്ക പ്രകടിപ്പിച്ചു. അങ്ങനെ കരുതേണ്ട യാതൊരു കാര്യവുമില്ല. ഈ സർക്കാരിന്റെ കമ്മിറ്റ്മെന്റ്

വളരെ വ്യക്തമാണ്. 600 രൂപയുണ്ടായിരുന്ന പ്രവാസി പെൻഷൻ 1,100 രൂപയാക്കി വർദ്ധിപ്പിക്കുകയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായ പെൻഷൻ പൂർണ്ണമായും നൽകുകയും ചെയ്ത ഒരു സർക്കാരിനെ എന്തിനാണ് ശ്രീ. പി. ജെ. ജോസഫ് ഇങ്ങനെ ആശങ്കയോടെ കാണുന്നത്; അത് അടിസ്ഥാനരഹിതമാണെന്നാണ് എന്റെ നിരീക്ഷണം. ഈ സർക്കാർ കൂടുതലാളുകൾക്ക് പ്രവാസി പെൻഷൻ നൽകാൻ പ്രതിബദ്ധതയോടെ പ്രവർത്തിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ നാടിന്റെ വിമോചനത്തിനുവേണ്ടി, സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ മഹാന്മാരായ നേതാക്കളുടെ ശവക്കല്ലറകൾ തേടി നടന്ന് അവരെ കളങ്കപ്പെടുത്താൻ ശ്രമിക്കുന്നത് ഈ നാടിനുവേണ്ടി പോരാടിയവരോടുള്ള അനാദരവാണ്. എ.കെ.ജി., മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ഇ.എം.എസ്. നമ്പൂതിരിപ്പാട് തുടങ്ങിയവരൊക്കെ ഈ നാടിനുവേണ്ടി പോരാടിയവരാണ്. നമ്മൾ പുതിയ തലമുറയിലെ പൊതു പ്രവർത്തകരാണ്. ഈ നാടിനുവേണ്ടി പോരാടിയ ആളുകളെ ആക്ഷേപിക്കുന്നത് രാഷ്ട്രീയ മാന്യതയാണോ? തങ്ങളാണ് ബുദ്ധിജീവികളെന്ന് മറ്റുള്ളവർ പറയാൻവേണ്ടി സാമൂഹ്യമാധ്യമങ്ങളിലൂടെ ചിലർ ശ്രമിക്കുകയാണ്. നമ്മുടെ നാടിനുവേണ്ടി പോരാടിയ, വിമോചനത്തിനുവേണ്ടി പോരാടിയ സഖാവ് എ.കെ.ജി. ഗുരുവായൂരിലുള്ള ആളാണ്. ഞാനും ഗുരുവായൂരിലെ പ്രതിനിധിയാണ്. ഗുരുവായൂർ ക്ഷേത്രപ്രവേശന സമരത്തിനുവേണ്ടി ഇതിഹാസോജ്ജ്വലമായ പോരാട്ടം നടത്തിയ സഖാവ് എ. കെ. ഗോപാലൻ അവിടെ നിരാഹാരം കിടന്നപ്പോൾ അന്നത്തെ സാമൂതിരിയുടെ ഗുണ്ടകൾ അദ്ദേഹത്തിനെതിരായി ആക്രമണം നടത്തി. എ.കെ.ജി.-യെ ആക്രമിക്കാൻ ശ്രമിച്ചയാളുകളുടെ പാരമ്പര്യമുള്ള ചിലയാളുകൾ മഹാത്മാഗാന്ധി ഗുരുവായൂർ ക്ഷേത്ര പ്രവേശന സമരവുമായി ബന്ധപ്പെട്ട് ഗുരുവായൂരിൽ വന്നപ്പോൾ അദ്ദേഹത്തെയും കൂകിവിളിച്ചു. അവരുടെ പ്രേതം പുതിയ രീതിയിൽ ആവാഹിച്ചുവെന്നുവേണം സഖാവ് എ.കെ.ജി.-യെ ആക്ഷേപിച്ചതിലൂടെ നാം മനസ്സിലാക്കേണ്ടത്. അത് ഈ നാട്ടിൽ വിലപ്പോകില്ല. കാരണം, ഈ നാടിനെ സ്നേഹിക്കുന്ന, ഈ നാടിന്റെ സ്വാതന്ത്ര്യ പോരാട്ടത്തെ അംഗീകരിക്കുന്ന ആർക്കും ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ അംഗീകരിക്കാനാകില്ല. അത്തരത്തിൽ കാര്യങ്ങൾ ചെയ്തിട്ട് തങ്ങളെല്ലാം വലിയ ബുദ്ധിജീവികളാണെന്ന് പറയുന്നത് ഏറ്റവും തരംതാഴ്ന്നതാണ്, ധിക്കാരമാണ് എന്നുമാത്രമേ പറയാനുള്ളൂ. ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഒരിക്കൽകൂടി പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. അനിൽ അക്കര</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കേന്ദ്രത്തിൽ ബി.ജെ.പി സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിന്റെ തുടർച്ചയാണ് കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റ്. കേന്ദ്രത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചത് സീനിയർ ഐസക്കും കേരളത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചത് ജൂനിയർ ജെയ്റ്റിലിയുമാണെന്ന ഒരു വ്യത്യാസം മാത്രമേയുള്ളൂ. ഈ ബഡ്ജറ്റിലെ 153, 154 എന്നീ രണ്ട് പേജുകൾ ഒഴിച്ചുനിർത്തിയാൽ ഒരു ഗ്രാമീണ വായനശാലയുടെ പ്രതിവാര ചർച്ചയ്ക്ക് ഉപകാരപ്രദമായൊരു ബഡ്ജറ്റാണ്, പ്രസംഗമാണ്, കാവ്യമാണ്, പ്രബന്ധമാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. കോഴി വളർത്തൽ പദ്ധതിയും സ്മാരകം അല്ലെങ്കിൽ പ്രതിമകൾ നിർമ്മിക്കുന്ന പദ്ധതികളുമാണ് ഇതിൽ പ്രധാനമായും വരുന്നത്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് പ്ലാനിംഗ് ബോർഡ് മെമ്പറായിരുന്നപ്പോൾ കേരളത്തിൽ നടപ്പിലാക്കിയ മുട്ടക്കോഴി വളർത്തൽ പദ്ധതിയെയാണ് കോഴി വളർത്തൽ പദ്ധതിയെക്കുറിച്ച് വായിച്ചപ്പോൾ എനിക്ക് ഓർമ്മ വന്നത്. മുട്ട കഴിച്ചാൽ കേരളത്തിലെ പ്രശ്നങ്ങൾ മുഴുവൻ തീരുമെന്നുപറഞ്ഞ മുൻമന്ത്രി ശ്രീ. സി. ദിവാകരൻ ഇവിടെ ഇരിപ്പുണ്ട്. മുട്ടക്കോഴി വളർത്തൽ പദ്ധതിയുടെ മാതൃകയിലാണോ ഈ കോഴിവളർത്തൽ പദ്ധതിയുമെന്നത് സംശയകരമായി നിൽക്കുകയാണ്. ഞാൻ ഓർക്കുകയാണ്..... (ബഹളം).... ബഹുമാന്യനായ കെ. എം. മാണി അവതരിപ്പിച്ച ബഡ്ജറ്റിൽ ഭൂനികുതിയും ...ബഹളം ... xxx*

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. സഭയിലെ ബഹുമാന്യനായ ഒരംഗം ഒരു പ്രശ്നത്തിൽ ഇടപെട്ടപ്പോൾ xxx എന്നുപറഞ്ഞത് ശരിയായ കാര്യമല്ല. അത് രേഖയിലുണ്ടാകാൻ പാടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അത് പരിശോധിക്കാം.

<u>ശ്രീ. അനിൽ അക്കര</u>: സർ, അത് നീക്കണം. ഞാൻ ബഹുമാന്യനായ ശ്രീ. സി. ദിവാകരനെക്കുറിച്ച് അങ്ങനെ പറഞ്ഞിട്ടില്ല. അത് രേഖയിൽ നിന്നും നീക്കണം. എനിക്കതിൽ പ്രശ്നമില്ല. യു.ഡി.എഫ്. സർക്കാർ ഭൂനികുതിയും കെട്ടിട നികുതിയും വർദ്ധിപ്പിച്ചപ്പോൾ ഇനി ഒരാളും നികുതി അടയ്ക്കരുതെന്നും അടുത്ത തെരഞ്ഞെടുപ്പിൽ നമ്മുടെ സർക്കാർ അധികാരത്തിൽ വരുമെന്നും അന്ന്

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 786/ഇ.ബി./2018/നി.സെ. തീയതി 5-2-2018) രേഖയിൽനിന്നും നീക്കംചെയ്തു.

ഈ നികുതി പിൻവലിക്കുമെന്നുമാണ് അന്നത്തെ പാർട്ടി സെക്രട്ടറി ശ്രീ. പിണറായി വിജയൻ പറഞ്ഞത്. അന്ന് പറഞ്ഞ പാർട്ടിസെക്രട്ടറി കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അതേ നയം ഇവിടെ നടപ്പിലാക്കുകയാണ്. എനിക്കത് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. അന്ന് പറഞ്ഞതിൽനിന്നും വളരെ വ്യത്യസ്തമായിട്ടാണ് തോന്നുന്നത്. അതോ ശ്രീ. കെ. എം. മാണിയുടെ നയം ഇപ്പോൾ തുടരുകയാണോ; അന്ന് എൽ.ഡി.എഫ്. പറഞ്ഞപ്പോൾ പിൻവലിച്ചതാണ്. ഈ ബഡ്ജറ്റിൽ പെൻഷനുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയുന്നുണ്ട്. 40 ലക്ഷത്തോളം ആളുകൾക്ക് പെൻഷൻ കിട്ടുന്നുണ്ട്. പെൻഷൻ വാങ്ങുന്നവരിൽ അനർഹരായ ധാരാളം ആളുകളുണ്ടെന്നാണ് പറയുന്നത്. അനർഹരായ ആളുകളെ നീക്കംചെയ്യുന്നതിനുള്ള മാനദണ്ഡം എന്താണ്; രണ്ടേക്കറിൽ കൂടുതൽ ഭൂമിയുള്ളയാളുകളെയും 1200 സ്ക്വയർ ഫീറ്റിൽ കൂടുതൽ കെട്ടിടമുള്ളവരെയും പെൻഷനിൽനിന്നും മാറ്റുമെന്നാണ് ഇപ്പോൾ പറയുന്ന മാനദണ്ഡം. ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമ വികസന പരിപാടി വളരെ മാതൃകാപരമായിട്ടാണ് കേരളം ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിക്ക് എന്റെ മണ്ഡലത്തിൽ വലിയ സ്വീകാര്യത ലഭിച്ചിട്ടുണ്ട്. പക്ഷെ ഈ പെൻഷൻ നയം നടപ്പാക്കിക്കഴിഞ്ഞാൽ സംഭവിക്കാൻ പോകുന്നതെന്താണ്; കേരളത്തിലെ ആദിവാസികളുടെ കയ്യിൽ ഭൂമിയുണ്ടോ ഇല്ലയോയെന്നത് മറ്റൊരു വശം, കേരളത്തിൽ ആദിവാസികളുടെ കയ്യിലുള്ള ഭൂമിയുടെയോ അവർക്ക് കൃഷി ചെയ്യാൻ കൊടുത്തിട്ടുള്ള ഭൂമിയുടെയോ കണക്കെടുത്താൽ രണ്ടേക്കർ മുതൽ അഞ്ചേക്കർ വരെ ഭൂമിയുള്ള 70-80 ശതമാനം ആദിവാസികൾ കേരളത്തിലുണ്ടെന്ന് കാണാൻ സാധിക്കും. അവരുടെ കയ്യിൽ ഭൂമി ഉണ്ടോയെന്ന കാര്യത്തിൽ തർക്കമുണ്ടാകാം. ഇവരെല്ലാം ക്ഷേമപെൻഷനിൽ നിന്നും പുറത്താകുകയാണ്. ബഹുമാന്യനായ പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി ഇതിനെ അനുകൂലിക്കുന്നുണ്ടോ; കേരളത്തിലെ പഞ്ചായത്തുകളും പിന്നോക്കക്ഷേമ കോർപ്പറേഷനും പട്ടികജാതി ഡെവലപ്മെന്റ് കോർപ്പറേഷനും പട്ടികജാതിക്കാർക്ക് രണ്ടേക്കർ ഭൂമി വാങ്ങാൻ ലോൺ നൽകിയിരുന്നതാണ്. ഇവർ മുഴുവൻ ഇതിൽനിന്നും പുറത്താകില്ലേ?

പാലക്കാട് ജില്ലയിലെ കർഷകത്തൊഴിലാളികൾ, ഇടുക്കി ജില്ലയിലെ കർഷകർ, തൃശ്ശൂർ ജില്ലയിലെ കോൾ കർഷകർ എന്നിവരൊക്കെ രണ്ടേക്കറിൽ കൂടുതൽ ഭൂമിയുള്ളവരാണ്. അവരൊക്കെ ഈ പട്ടികയിൽ നിന്നൊഴിവാകില്ലേ;

എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു തീരുമാനം കൊണ്ടുവന്നതെന്നാണ് എനിക്ക് രണ്ട് മന്ത്രിമാരോടും ചോദിക്കാനുള്ളത്, രണ്ടേക്കറിൽ കൂടുതലുള്ള കർഷകത്തൊഴിലാളികൾ ഇതിൽനിന്നും ഒഴിവാകും. കേരളത്തിലെ ബഹുഭൂരിപക്ഷം പട്ടികജാതിക്കാരും 90 ശതമാനത്തോളം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും ഇതിൽ നിന്നൊഴിവാകുമോ; ബഹുമാന്യനായ എ. കെ. ബാലൻ, ഈ വകുപ്പിന്റെ മന്ത്രിയായിരിക്കുമ്പോഴെങ്കിലും ഇങ്ങനെ ചെയ്യരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇവിടെ ലൈഫ് മിഷനുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞു. ഞാൻ സഭാംഗമായി വന്ന അന്നുമുതൽ പറയുന്നതാണ്. 2019-20 സാമ്പത്തിക വർഷം കഴിയാതെ ഗ്രാമപഞ്ചായത്തിൽ നിന്നും ലോണെടുക്കാൻ കഴിയുകയില്ല. എന്താണ് കാരണം? 2008-ൽ ഇ.എം.എസ്. ഭവനപദ്ധതി നടപ്പിലാക്കിയ സമയത്ത് ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. ആ സമയത്ത് സർക്കാർ പറഞ്ഞത്, നിങ്ങളെല്ലാവരും സഹകരണ ബാങ്കിൽനിന്നും വായ്പയെടുക്കണമെന്നാണ്. സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്തു. പക്ഷെ പഞ്ചായത്തുകളിലെ തിരിച്ചടവ് ഈ വർഷത്തിലാണ് കഴിയുന്നത്. 2019 സാമ്പത്തിക വർഷത്തിൽ മാത്രമേ ലോൺ എടുക്കാനും വീട് വയ്ക്കാനും കഴിയൂ. അതാണ് ലൈഫ് പദ്ധതിയുടെ സ്ഥിതി. ഇതൊക്കെ മനസ്സിലാക്കിക്കൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നത്.

യു.ഡി.എഫ്.-ന് ധാർമ്മികത നഷ്ടപ്പെട്ടുവെന്ന് ഇവിടെ ഒരംഗം പറയുകയുണ്ടായി. തൊലിക്കട്ടിക്ക് ജി.എസ്.ടി. അനുവദിച്ചാൽ എന്താണ് സ്ഥിതിയെന്ന് മറ്റൊരംഗം പറഞ്ഞു. എനിക്ക് സൂചിപ്പിക്കാനുള്ളത്, ഇന്ന് സർക്കാരിന്റെ ധാർമ്മികതയുടെ മുഖമാണോ ശ്രീ. എ. കെ. ശശീന്ദ്രൻ? അദ്ദേഹത്തിന്റെ തൊലിക്കട്ടിയുടെ ജി.എസ്.ടി. അനുവദിച്ചാൽ കിഫ്ബിയിൽ എല്ലാ പദ്ധതികളും നടപ്പാക്കാൻ കഴിയുന്ന രീതിയിലേക്ക് കാര്യങ്ങൾ പോകുമെന്നതിൽ യാതൊരു തർക്കവുമില്ല. അദ്ദേഹത്തിനെതിരെ കേസ് കൊടുത്തിട്ടുള്ള മഹാലക്ഷ്മി എന്ന സ്ത്രീ ആരാണെന്ന് പറയണം.

ഇവിടെ പ്രവാസികളുടെ വലിയ സമ്മേളനം നടത്തിയല്ലോ; പ്രവാസികളായ നിരവധിയാളുകൾ വന്നല്ലോ; ഇനിയൊരു പ്രവാസിയും ഇങ്ങോട്ട് വരില്ല. കാരണം, ശ്രീ. ബിനീഷ് കോടിയേരിയെ ഇന്ന് ദുബായ് വിമാനത്താവളത്തിൽ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടു. ഇനി ഏത് പ്രവാസി വരും; ബിനീഷ് കോടിയേരിക്ക് ദുബായിലേയ്ക്ക് പോകാൻ കഴിയില്ല. .....(ബഹളം)......രണ്ടാമത്തെ മകന് അവിടെ

അറസ്റ്റ് വാറണ്ടാണ്. ഇവിടെ ഞാൻ പ്രവാസിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പറയുന്നത്. ഈ നിയമസഭയിലെ അംഗങ്ങളായ രണ്ടുപേരുടെ മക്കൾക്ക് ദുബായിലേക്ക് പോകാൻ കഴിയില്ല. ജിതിൻ രാജിനും ബിനീഷ് കോടിയേരിക്കും ഇനി ദുബായിലേക്ക് പോകാൻ കഴിയില്ല. ബിനോയ് കോടിയേരിക്ക് അവിടെ നിന്നും തിരിച്ചുവരാനും കഴിയില്ല എന്നതാണ് സ്ഥിതി. ഇവരാണ് കോൺഗ്രസ്സിന്റെ സാമ്പത്തിക നയത്തെക്കുറിച്ച് പറയുന്നത്. കോൺഗ്രസ്സാണ് ഇവിടത്തെ മുഴുവൻ കുഴപ്പങ്ങൾക്കും കാരണമെന്ന് നേരത്തെ ഇവിടെ പറഞ്ഞു. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മക്കളുടെ സാമ്പത്തികനയവുമായി മുന്നോട്ടുപോയാൽ ഈ പാർട്ടിതന്നെ ഭൂമിയിലുണ്ടാകാത്ത സ്ഥിതി വരും. അതുകൊണ്ട് കേന്ദ്രസർക്കാരിന്റെ ബഡ്ജറ്റുപോലെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ പൂർണ്ണമായും ഞാൻ എതിർക്കുകയാണ്.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. രാവിലെ മുതൽ നടന്ന ചർച്ചയിലും ഇവിടെ പലരും നടത്തിയിട്ടുള്ള വിമർശനങ്ങളിലും പ്രധാനവിഷയം കിഫ്ബിയാണ്. കിഫ്ബിയെപ്പറ്റി വലിയ വിമർശനങ്ങളായിരുന്നു. ഇപ്പോൾ നടന്ന ചർച്ചയിൽ കിഫ്ബിയെ ഏതാണ്ട് അംഗീകരിച്ച നിലയിലേക്ക് പ്രതിപക്ഷം മാറിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കിഫ്ബി നടപ്പാകില്ല എന്ന രീതിയിലുള്ള പ്രസംഗങ്ങളായിരുന്നു ഇവിടെ നടന്നിരുന്നത്. ഇത്തരം സംശയം മാറ്റാൻവേണ്ടി കിഫ്ബി എ.എസ്. കൊടുത്ത പട്ടിക ഞാൻ പരിശോധിച്ചു. ഇതിൽ കൂടുതലും പ്രതിപക്ഷ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിൽ എ.എസ്. കിട്ടിയ വർക്കുകളും ടെണ്ടർ ചെയ്ത വർക്കുകളുമാണ്. ഏറ്റവും വലിയ വർക്ക് വൈറ്റില മേൽപ്പാലമാണ്. അതേത് മണ്ഡലമാണെന്ന് എല്ലാവർക്കുമറിയാം. കിഫ്ബിയെ സംബന്ധിച്ച് ഒരു വലിയ വാദം നടത്തി 'അമ്പുപോയ ഭടന്മാരുടെ' അവസ്ഥയിൽ നമ്മുടെ മാന്യന്മാർ അപ്പുറത്തിരിക്കുന്നത് കാണുമ്പോൾ എനിക്കും വളരെയധികം ഖേദം തോന്നുന്നു. ഈ ബഡ്ജറ്റ് മാത്രമല്ല, കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകൾ പരിശോധിച്ചാൽ ഈ സർക്കാർ എവിടേയ്ക്കാണ് പോകുന്നതെന്നതിനെ സംബന്ധിച്ച് ഒരു രൂപം നമ്മുടെ മുമ്പിൽ തെളിഞ്ഞുവരികയാണ്. പല കാര്യങ്ങളിലും കേരളം മുന്നിലാവുകയാണ്. 'ടൈംസ് നൗ' നടത്തിയ ഒരു ചർച്ചയിലെ ചില കാര്യങ്ങൾ അവരുടെ ഫെയ്സ് ബുക്ക് പേജിലുണ്ട്. അവരെന്താണ് പറയുന്നത്; 'മാനവ വികസന സൂചികയിൽ കേരളത്തെ താരതമ്യപ്പെടുത്താൻ കഴിയുന്നത് ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനങ്ങളുമായിട്ടല്ല. മലേഷ്യ, റഷ്യ, ബഹ്റിൻ അടക്കമുള്ള രാജ്യങ്ങളുമായിട്ടാണ്. സാക്ഷരതയുടെ കാര്യത്തിൽ കേരളത്തെ താരതമ്യപ്പെടുത്താൻ കഴിയുന്നത് പോർച്ചുഗൽ, സ്പെയിൻ എന്നീ രാജ്യങ്ങളുമായിട്ടാണ്' എന്നാണ്. അതാണ് കേരളം. അതിനെ

ശക്തിപ്പെടുത്താനാണ് ഡോ. ടി. എം. തോമസ് ഐസക് 970 കോടി രൂപകൂടി വിദ്യാഭ്യാസത്തിന് മാറ്റിവച്ചത്. ഇന്ത്യാരാജ്യത്ത് എവിടെയെങ്കിലും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ സ്മാർട്ടാക്കിയിട്ടുണ്ടോ; എവിടെയെങ്കിലും ഡിജിറ്റലാക്കിയിട്ടുണ്ടോ; ഇന്ത്യാരാജ്യത്ത് കേരളം ഒരു മാതൃകയായി മാറിയിരിക്കുകയാണ്. നല്ല കാര്യങ്ങൾ ചെയ്താൽ അത് നല്ലതാണെന്ന് അംഗീകരിക്കാനുള്ള മനസ്സുണ്ടാകണ്ടേ; ശിശുമരണ നിരക്ക് കുറവുള്ള രാജ്യങ്ങളിൽ നമ്മൾ ലോകത്ത് ഒന്നാമതാണ്. താരതമ്യപ്പെടുത്താൻ കഴിയുന്ന രാജ്യങ്ങൾ ലോകത്ത് അപൂർവ്വമാണ്. വികസിതരാജ്യങ്ങൾ ചിലപ്പോഴുണ്ടാകും. ശിശുമരണ നിരക്കിന്റെ കാര്യത്തിൽ ഏറ്റവും കുറവുള്ള പട്ടികയിലേക്ക് കേരളം മാറുന്നത് വെറുതെയല്ല. ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽത്തന്നെ ആർദ്രം പദ്ധതി പ്രഖ്യാപിക്കുകയും അതിനാവശ്യമായ ഫണ്ട് നൽകുകയും ചെയ്തു. എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രം മാതൃകയായി മാറി. പ്രഖ്യാപിച്ച സ്ഥലങ്ങളിലൊക്കെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ഇറക്കിയ ഒരു ഓർഡറുണ്ട്. 100 കോടി രൂപയിൽ ആരംഭിച്ച പ്രവൃത്തി അവസാനിച്ചത് 150 കോടി രൂപയിലാണ്. 100-ഉം 200-ഉം കോടി രൂപയ്ക്ക് ആരംഭിക്കുന്ന പ്രവൃത്തികൾ അവസാനിക്കുന്നത് 200-ഉം 300-ഉം കോടി രൂപയായിട്ടാണ്. ഈ കൊള്ള കേരളത്തിൽ വേണ്ട, കോസ്റ്റ് എസ്കലേഷൻ അവസാനിപ്പിക്കണം. അതിനാണ് ഡി.പി.ആർ.; അതുകൊണ്ടാണ് അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഉറച്ചുനിന്നത്. ഡി.പി.ആർ. വേണമെന്നുള്ളതുകൊണ്ട് അതിനുവേണ്ടി 10 കോടി രൂപ മാറ്റിവച്ചു. അതൊരു ചെറിയ കാര്യമൊന്നുമല്ല. ആ നിലയിൽ കേരളത്തിന്റെ വികസനത്തിൽ ഒരു പുതിയ ദിശാബോധം ഉണ്ടായിരിക്കുകയാണ്. മാതൃഭൂമി പത്രത്തിൽ പറയുന്നത്, 'കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി വമ്പൻ പ്രഖ്യാപനങ്ങളും മോഹനവാഗ്ദാനങ്ങളുമില്ലാത്ത ഈ ബഡ്ജറ്റ് സമകാലിക പരാധീനതകളെക്കുറിച്ചുള്ള യാഥാർത്ഥ്യബോധം പ്രകടിപ്പിക്കുന്നതാണ്' എന്നാണ്. മലയാള മനോരമ എന്താണ് പറഞ്ഞിരിക്കുന്നത്; 'ഓഖി ദുരന്തം ഇരുന്നൂറോളം പേരുടെ ജീവൻ കവർന്നെടുത്ത തീരത്തിരുന്നായിരുന്നു ധനമന്ത്രി ബഡ്ജറ്റ് എഴുതിയത്. തീരദേശത്തിന് നൽകുന്ന 2000 കോടി രൂപയുടെ പാക്കേജ് ബഡ്ജറ്റിലെ ഏറ്റവും തിളക്കമുള്ള പ്രഖ്യാപനമായിരിക്കും.' നമ്മുടെ പ്രിയപ്പെട്ട സുഗതകുമാരി ടീച്ചർ എന്താണ് പറഞ്ഞിരിക്കുന്നത്; 'സമൂഹത്തിൽ തഴയപ്പെട്ട, ഒറ്റപ്പെട്ട് കഴിയുന്ന സ്ത്രീകൾക്കുവേണ്ടി ശബ്ദമുയർത്താനും അവരെ കൈപിടിച്ചുയർത്താനും മുമ്പിലെത്തിയ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെ കേരളത്തിലെ സ്ത്രീകൾ കയ്യടിച്ച് അംഗീകരിക്കും' എന്നാണ്. ഇതാണ് കേരളം. വ്യവസായ മേഖലയിൽ വീണ്ടും പാക്കേജ് പ്രഖ്യാപിച്ചു. 250 കോടി രൂപ കൊടുത്തപ്പോൾ

യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നഷ്ടത്തിലായിരുന്ന വ്യവസായ സ്ഥാപനങ്ങൾ ആദ്യഘട്ടത്തിൽ തന്നെ 34 കോടി രൂപയുടെ ലാഭത്തിലെത്തിയിരിക്കുകയാണ്.

3.00 പി. എം.)

15 കോടി രൂപ മാത്രം ലാഭമുണ്ടായിരുന്ന കെ.എം.എം.എൽ. 150 കോടി രൂപയിലേറെ ലാഭമുള്ള സ്ഥാപനമായി മാറി. കേരളത്തിൽ വന്നിരിക്കുന്നതൊരു ചെറിയ മാറ്റമല്ല. യു.ഡി.എഫ്. ഭരണകാലത്ത് വ്യവസായമേഖല ഒരു ശവപ്പറമ്പായിരുന്നു. കേരളത്തിൽ വ്യവസായങ്ങളുണ്ടാകുമെന്ന് ചുരുങ്ങിയ കാലഘട്ടംകൊണ്ട് ഇപ്പോൾ തെളിയിച്ചിരിക്കുകയാണ്. നിരവധി കാര്യങ്ങളിൽ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞു. ഇവിടെ പാർക്കുകളെ സംബന്ധിച്ച് സൂചിപ്പിച്ചു. അതൊരു ദിവസംകൊണ്ട് ചെയ്യാൻ കഴിയില്ല. വ്യവസായ വകുപ്പുമന്ത്രിതന്നെ പത്തനംതിട്ട റബ്ബർ പാർക്കിനെപ്പറ്റി മൂന്ന് ചർച്ചകളാണ് നടത്തിയത്. ഇനി റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തണം. ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള നടപടികൾ ഓരോന്നും ഘട്ടംഘട്ടമായി നടക്കും. മലബാർ കാൻസർ സെന്ററിനെ ആർ.സി.സി.-യുടെ നിലവാരത്തിലേയ്ക്കുയർത്താൻ തീരുമാനിക്കുകയും കണ്ണൂർ വിമാനത്താവളവും ഗെയിൽ പദ്ധതിയും കമ്മീഷൻ ചെയ്യുമെന്ന് പ്രഖ്യാപിച്ചിരിക്കുകയും ചെയ്തിരിക്കുകയാണ്. യാഥാർത്ഥ്യബോധമുൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഒരു സർക്കാരാണിത്. മാത്രമല്ല, തുച്ഛവേതനത്തിൽ പണിയെടുക്കുന്ന ലൈബ്രേറിയന്മാർ, നഴ്സറി ടീച്ചർമാർ എന്നിവർക്കുണ്ടായിരുന്ന ഓണറേറിയം 2,050 രൂപയിൽനിന്നും 12,000 രൂപയായി വർദ്ധിപ്പിച്ചു. ആശാ വർക്കർമാരുടെ ഓണറേറിയം 1,400 രൂപയിൽ നിന്നും 8,000 രൂപയായി വർദ്ധിപ്പിക്കുകയും രണ്ടായിരത്തിലധികം തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. അങ്കണവാടി ടീച്ചർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമപെൻഷൻ യഥാക്രമം 1,000 രൂപ, 600 രൂപ വീതം വർദ്ധിപ്പിച്ചു. വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതിനുവേണ്ടി മാത്രം 900 കോടി രൂപ നീക്കിവച്ച ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. മദ്രസ അദ്ധ്യാപകർക്ക് പെൻഷൻ അനുവദിച്ചു. കൺസ്യൂമർഫെഡിനെ ലാഭത്തിലാക്കാനുള്ള നടപടി ആരംഭിച്ചു. ലൈഫ് മിഷൻ പദ്ധതിയിലൂടെ 77000 പണി തീരാത്ത വീടുകൾ പുനർനിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഒന്നേകാൽ ലക്ഷത്തോളം വീടുകളുടെ പണി തുടങ്ങി, വീടില്ലാത്തതും ഭൂമിയില്ലാത്തതുമായ പാവപ്പെട്ടവർക്ക് 10 ലക്ഷം രൂപയുടെ ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്നു. ലൈഫ് പദ്ധതി നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയാണ്.

ഓഖിദുരന്തത്തിൽ കേന്ദ്ര സർക്കാരിന്റെ സമീപനമെന്താണ്; കേവലം 10,000 കോടി രൂപ ഇന്ത്യയിലെ മുഴുവൻ കടൽത്തീരങ്ങൾക്കുംവേണ്ടി മാറ്റിവച്ചപ്പോൾ സംസ്ഥാന സർക്കാർ 2,000 കോടി രൂപ മാറ്റിവച്ചെങ്കിൽ കേരളം കേന്ദ്രത്തിനപ്പുറം പോയിരിക്കുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. നികുതി വരുമാനം 20 ശതമാനത്തിൽനിന്നും 4 ശതമാനമായി കുറഞ്ഞു. എങ്കിലും അത്ഭുതം കാണിക്കാനും ഉള്ള വരുമാനം ക്രിയാത്മകമായി ചെലവഴിക്കാനുമാണ് ഇത്തരത്തിലുള്ള സമീപനം സ്വീകരിച്ചിരിക്കുന്നത്. സാമൂഹിക സുരക്ഷയുടെ കാര്യത്തിൽ കേരളം മാതൃകയാണ്. ഭിന്നശേഷിയുള്ളവരെ പരിചരിക്കുന്നതിനും ബഡ്സ് സ്കൂളുകളുടെ എണ്ണം 200 പഞ്ചായത്തുകളിൽക്കൂടി വർദ്ധിപ്പിക്കാനും 290 സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കാനും ഭിന്നശേഷിക്കാരെ പരിചരിക്കുന്നവരുടെ അലവൻസ് വർദ്ധിപ്പിക്കാനും ഭിന്നശേഷിക്കാരെ പരിശീലിപ്പിക്കുന്ന ആളുകൾക്കു വേണ്ടിയും തുക മാറ്റിവച്ചിരിക്കുകയാണ്. വിധവകൾ, ഉപേക്ഷിക്ക പ്പെട്ട സ്ത്രീകൾ, മുന്നോക്കക്കാരിലെ ദരിദ്രരായുള്ള ആളുകൾ എന്നിവർക്കുവേണ്ടി 42 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഒരു ക്ഷേമപെൻഷനും ലഭിക്കാത്ത ആളുകളെ പരിഗണിക്കാൻ വേണ്ടി കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

സാമൂഹിക സുരക്ഷയുടെ കാര്യത്തിൽ കേരളം രാജ്യത്തിനുതന്നെ ഒരു മാതൃകയാവുകയാണ്. ശൗചാലയമില്ലാത്ത വലിയ സംസ്ഥാനങ്ങളുടെ കാര്യം വന്നപ്പോൾ കേരളത്തെ എങ്ങനെയാണ് മാതൃകയാക്കിയത്; ഫിൻലാൻഡെന്ന യൂറോപ്യൻ രാജ്യത്തോടാണ് കേരളത്തെ ഉപമിച്ചത്. എല്ലാവർക്കും ശൗചാലയമുള്ള ഒരു നാടായും എല്ലാ വീടുകളും വൈദ്യുതീകരിച്ചവയായും മാറിയത് നല്ല ബഡ്ജറ്ററി സപ്പോർട്ടുകളുള്ളതുകൊണ്ടാണ്. അങ്ങനെ മാറിയപ്പോൾ കേരളത്തെ താരതമ്യ പ്പെടുത്തിയത് ജപ്പാനോടും യൂറോപ്യൻ രാജ്യങ്ങളോടുമാണ്; അത് നമുക്ക് അഭിമാനകരമാണ്. അത്തരം കാര്യങ്ങളെ നാം ഒറ്റക്കെട്ടായി പിന്തുണയ്ക്കണം. സാമ്പത്തിക പരാധീനതകൾക്കിടയിലും വരുമാനം കുറഞ്ഞപ്പോഴും കേന്ദ്ര സർക്കാർ നമുക്ക് തരാനുള്ള പണം തരാതിരുന്നപ്പോഴും സ്വന്തം കാലിൽനിന്നുകൊണ്ട് വികസന ത്തിന്റെ, മാറ്റത്തിന്റെ മഹാത്ഭുതത്തിന് തുടക്കമിടാൻ ഡോ. ടി. എം. തോമസ് ഐസക്കിന്റെ ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടിന് കഴിഞ്ഞുവെന്നതിൽ നമുക്കഭിമാനിക്കാം. റബ്ബറിന് ഉത്തേജക പാക്കേജില്ലെന്ന രീതിയിൽ തെറ്റിദ്ധാരണ പരത്തുന്ന ചില പ്രചരണങ്ങൾ ഇവിടെയുണ്ടായി. അത് ശരിയില്ലെന്ന് അദ്ദേഹം ഇവിടെ വ്യക്തമാക്കിയതാണ്. ഉത്തേജക പാക്കേജുമായി ബന്ധപ്പെട്ട സംശയം ദൂരീകരിക്കണം. എല്ലാ വർഷവും ശബരിമല അനുബന്ധ പാതകൾക്ക് 150 കോടി

രൂപയും 200 കോടി രൂപയും കൊടുക്കാതെ ഒറ്റത്തവണയായി അഞ്ചോ പത്തോ വർഷം ഗ്യാരണ്ടിയോടുകൂടി തുക നൽകുവാനുള്ള പദ്ധതി രൂപീകരിക്കണം. ചുരുങ്ങിയ സമയത്തിനുള്ളിൽ ലോകത്തിലേറ്റവും കൂടുതൽ ആളുകളെത്തുന്ന ഒരു തീർത്ഥാടനകേന്ദ്രമെന്ന നിലയിൽ, ആ സന്ദർഭത്തിലാണ് കേരളത്തിന്റെ നികുതി വരുമാനത്തിൽ വലിയ വർദ്ധനവുണ്ടാകുന്നതെന്നുകൂടി മനസ്സിലാക്കി ശബരിമല അനുബന്ധ പാതകൾ പുനരുദ്ധരിക്കുന്ന കാര്യംകൂടി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്........ പ്ലീസ്......

ശ്രീ. രാജു എബ്രഹാം: സർ, ഇന്ത്യയ്ക്കുപ്പുറമായി കേരളത്തെ മാറ്റിക്കൊണ്ടുവരാനും ലോകത്തെ എല്ലാ രാജ്യങ്ങളും കീഴടക്കിയ മലയാളികളുടെ സാങ്കേതിക വിദ്യാഭ്യാസനിലവാരം ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് ഉയർത്തുവാനും വേണ്ടിയുള്ള ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ..... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ഫെബ്രുവരി 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.06-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.